
www.malankaralibrary.com



# ബഥനി

സിസ്റ്റർ ഹെലേന എസ്.ഐ.സി.

www.malankaralibrary.com

# ബഥനി

(ബഥനി സന്ന്യാസിനി സമൂഹചരിത്രം)

സിസ്റ്റർ ഹെലേന എസ്.ഐ.സി.

ബഥനി സന്ന്യാസിനി സമൂഹം ജനറലേറ്റ്
കോട്ടയം

www.malankaralibrary.com

(Malayalam)

**Bethany**

(History of the Bethany Sisters - Sisters of the Imitation of Christ)

by

Rev. Sr. Helena S.I.C.

First Published in July 2003

Cover Design : Bhattathiri


Type setting & Printing : St. Joseph's Press, Thiruvananthapuram - 695 014

Published by

Rev. Mother Philomina S.I.C.

Mother General, Bethany Sisters' Generalate

Vadavathoor, Kottayam - 686 010



‘‘ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു’’

www.malankaralibrary.com



പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ

www.malankaralibrary.com



പരിശുദ്ധ പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പ

www.malankaralibrary.com



ബഥനി സ്ഥാപകൻ
അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി

www.malankaralibrary.com



അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനി
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് മലങ്കര ഹയരാർക്കി

www.malankaralibrary.com



മദർ ഫിലോമിന എസ്.ഐ.സി.
സുപ്പീരിയർ ജനറൽ

www.malankaralibrary.com

# അവതാരിക

മലങ്കരസഭയിൽ ജനിച്ചുവളർന്ന് സന്ന്യാസ ജീവിതത്തോട് ആഭിമുഖ്യം പുലർത്തിയ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി തന്റെ പ്രാർത്ഥനയുടെയും പരിചിന്തനത്തിന്റെയും ഫലമായി ബഥനി മിശിഹാനുകരണ സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുകയുണ്ടായി. മലങ്കര സഭാനവീകരണമായിരുന്നു അതിലൂടെ വന്ദ്യതിരുമേനി ലക്ഷ്യമാക്കിയത്. മലങ്കരസഭയുടെ ദൈവദത്തമായ സുവിശേഷപ്രഘോഷണ ദൗത്യം നിർവഹിക്കുന്നതിന് സഭയെ പ്രാപ്തമാക്കുകയെന്ന ആത്യന്തിക നിയോഗമാണ് അദ്ദേഹത്തിനുണ്ടായ പ്രേരകശക്തി. മാർ ഈവാനിയോസ് തിരുമേനി മലങ്കരസഭാനവീകരണ പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചത് മലങ്കരസഭയ്ക്ക് കൈമോശം വന്ന സാർവ്വത്രിക സഭാകൂട്ടായ്മ പുനഃപ്രതിഷ്ഠിച്ചുകൊണ്ടാണ്. അങ്ങനെ സഭാപുനരൈക്യം എന്ന പ്രസ്ഥാനത്തിലൂടെ മലങ്കരസഭയെ ശക്തമാക്കുന്നതിന് അതു വഴിതെളിച്ചു. അപ്രകാരം മലങ്കരസഭ, മലങ്കര കാത്തോലിക്കാസഭയായി പുനരാവിഷ്കരിക്കപ്പെടുന്നതിനും അതിന്റെ അപ്പസ്തോലികാടിസ്ഥാനത്തിലും സാർവ്വത്രിക കൂട്ടായ്മയിലും പുലരുന്നതിനും ദൈവം അനുഗ്രഹിക്കുകയും ചെയ്തു. മലങ്കരസഭയുടെ ഈ നവോത്ഥാനത്തിന് ഗണ്യമായ സംഭാവന ചെയ്തത്, മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച ബഥനി ആശ്രമവും ബഥനി മഠവുമാണെന്നുള്ളത് ചരിത്രപരമായ ഒരു സത്യമാണ്. ഈ രണ്ട് സ്ഥാപനങ്ങളും മലങ്കര പുനരൈക്യ പ്രസ്ഥാനവുമായും മലങ്കര കാത്തോലിക്ക സഭയുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അവയുടെ ചരിത്രവും അപ്രകാരം തന്നെ.

ഈ പശ്ചാത്തലത്തിൽ, ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ സംക്ഷിപ്തമായ ഒരു ചരിത്രം പ്രസിദ്ധീകരിക്കുവാൻ ബഥനി സന്ന്യാസിനികൾ തീരുമാനിച്ചതു വളരെയേറെ അഭിനന്ദനാർഹമാണ്. അതിന്റെ പ്രസക്തിയും പ്രയോജനവും എടുത്തുപറയേണ്ടതില്ലല്ലോ. ചരിത്രാന്വേഷികളായ എല്ലാവർക്കും പ്രത്യേകിച്ച് മലങ്കരസഭാമക്കൾക്കും അനുഗ്രഹപ്രദമായ ഒരു മുതൽകൂട്ടാണത്.

ബഥനി സന്ന്യാസിനീ സമൂഹം സ്ഥാപിക്കപ്പെട്ടിട്ട് ഇനിയും ഒരു നൂറ്റാണ്ട് ആയിട്ടില്ല. അതിന്റെ കൃത്യമായ, പൂർണ്ണമായ ഒരു ചരിത്രാവലോകനം ഇതു

www.malankaralibrary.com

വരെയും ഉണ്ടായിട്ടില്ലെന്നുള്ളത് സത്യമാണ്. നമ്മുടെ സമൂഹത്തിന് പൊതുവായി ചരിത്രത്തോടുള്ള അവഗണന, ശാസ്ത്രീയ സമീപനങ്ങളോടുള്ള വിമുഖത, കേട്ടുകേൾവികളോടുള്ള മമത, വിശകലനവിദ്യയിലുള്ള അപര്യാപ്തത മുതലായ പ്രവണതകൾ നമ്മുടെ അലംഭാവത്തിന്റെ നീതീകരണത്തിനായിട്ട് എപ്പോഴും നമ്മോടുകൂടിയുണ്ട്.

ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ചരിത്ര നിർമ്മിതി വിഷമകരമാക്കുന്ന ചില പ്രത്യേക സാഹചര്യങ്ങളുമുണ്ട്. സമൂഹ സ്ഥാപകനും സമൂഹത്തിലെ ആദ്യകാല അംഗങ്ങൾ എല്ലാവരും തന്നെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞു. സമൂഹത്തെപ്പറ്റിയുള്ള ആധികാരിക രേഖകൾ അധികമൊന്നും സംലഭ്യവുമല്ല. ചിലരുടെ അന്ത്യകാല സ്വരങ്ങളായി നിലകൊണ്ടിരുന്ന ചില 'വാമൊഴികൾ' മാത്രമാണ് പലപ്പോഴും ചരിത്രത്തിന് ആധാരമായിട്ടുള്ളത്. അവതന്നെ പൊതുവേ വികലവും വിഭിന്നവുമാണ്. ചരിത്രാഭിമുഖ്യമുള്ള വ്യക്തികൾ രേഖപ്പെടുത്തിയിട്ടുള്ള 'ഡയറി' കുറിപ്പുകൾ സഹായകരമാണെങ്കിലും വിമർശന ബുദ്ധ്യാ അവ പരിശോധിക്കുന്നതിനുള്ള ഉപോൽബലക തെളിവുകൾ തുലോം പരിമിതമാണ്. ഇപ്രകാരമുള്ള പരിമിതികൾ നന്നായി മനസ്സിലാക്കിക്കൊണ്ടുതന്നെ, ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ചരിത്രനിർമ്മിതിക്ക് ഒരുമ്പെട്ടിറങ്ങിയ ബ. സിസ്റ്റർ ഹെലേന ഒരു സാഹസത്തിനു തന്നെയാണ് തുനിഞ്ഞത്. സിസ്റ്ററിന്റെ അന്വേഷണ ചാതുരിയും വിശകലന വൈദഗ്ദ്ധ്യവും അപാരമായ ക്ഷമയും നിസ്തന്ദ്രജാഗ്രതയും എല്ലാമാണ് ഈ സംരംഭം പൂർണ്ണമാക്കുന്നതിന് സിസ്റ്ററിനെ സഹായിച്ചത് എന്നുള്ളതിൽ രണ്ടു പക്ഷമില്ല. സമൂഹത്തിന്റെ പൊതുവായ ചരിത്രനിർമ്മിതിയെന്ന നിലയ്ക്ക് സമൂഹാംഗങ്ങളുടെയെല്ലാവരുടെയും സഹകരണവും സഹായവും ഈ സംരംഭത്തിന് ഉണ്ടായിട്ടുണ്ട് എന്നത് സ്വാഭാവികം മാത്രമാണ്. ഒരുപക്ഷേ, അതു തന്നെയാണ് ഇതിന്റെ വിജയാടിസ്ഥാനവും.

സമൂഹത്തിലെ അംഗങ്ങളുടെ, പ്രത്യേകിച്ച് ആദ്യകാല അംഗങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന ചില അനുസ്മരണങ്ങളും അവരുടേതായ ചില സ്വകാര്യകുറിപ്പുകളും കൂട്ടിയിണക്കി തുടർക്കഥയുള്ള ഒരു ചരിത്രമാക്കാനുള്ള സി. ഹെലേനയുടെ പരിശ്രമം ശ്ലാഘനീയമായി വിജയിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ട്. സംഭവങ്ങളുടെ വിവരണങ്ങൾ എന്ന നിലയിൽ ചിലതെല്ലാം വിട്ടുപോയിട്ടുണ്ടെന്നും പരിഗണനാ പ്രാമുഖ്യക്രമം തെറ്റിയെന്നും മറ്റും ചിലർക്കൊക്കെ അഭിപ്രായമുണ്ടാകാം. അതിന് പ്രത്യേക നീതീകരണമൊന്നും ഉന്നയിക്കാതെ കൂടുതൽ മെച്ചമായ ചരിത്രനിർമ്മിതിക്ക് ഇനിയും സാദ്ധ്യതയുണ്ടെന്ന് അനുസ്മരിക്കുകയായിരിക്കും അഭികാമ്യം. ഏതായാലും ബഥനി സന്ന്യാസിനീ സമൂഹത്തെപ്പറ്റി സംക്ഷിപ്തമായും സമ്യക്കായും വിരചിതമായ ആദ്യത്തെ ചരിത്രകൃതിയെന്നുള്ള സ്ഥാനം ഈ ഗ്രന്ഥം സ്വന്തമാക്കിക്കഴിഞ്ഞു.

ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ആദ്യകാല ചരിത്രം ആ സമൂഹാംഗങ്ങൾക്ക് അത്യന്തം വിലപ്പെട്ടതാണ്. സമൂഹത്തിന്റെ ആദ്യകാല ചൈതന്യവും അതിൽപുലർത്തിയിരുന്ന സന്ന്യാസജീവിതശൈലിയുമൊക്കെ ബഥനി സന്ന്യാസ ജീവിതത്തിന് അനുപേക്ഷണീയമാണ്. അവയെല്ലാം സമൂഹാംഗങ്ങൾ മനസ്സിലാക്കുന്നതിനും സർവ്വാത്മനാ ഹൃദിസ്ഥമാക്കി അനുഷ്ഠാനവിധേയമാക്കുന്നതിനുമുള്ള ഒരാഹ്വാനം ഈ ചരിത്രനിർമ്മിതിയിൽ ഉൾക്കൊണ്ടിട്ടുണ്ട്. സന്ന്യാസജീവിത നവീകരണത്തിന് സുപ്രസിദ്ധമായ വത്തിക്കാൻ സൂന്നഹദോസ് നിർദ്ദേശിക്കുന്ന പ്രധാനോപാധി ഓരോ സന്ന്യാസ സമൂഹവും അതിന്റെ ആദ്യകാല ചൈതന്യത്തിലേക്കും അംഗീകൃതമായ പുരാതന ശൈലികളിലേക്കും മടങ്ങിപ്പോവുകയും സ്ഥലകാലങ്ങൾക്കനുസൃതമായി അവ പുനരാവിഷ്കരിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ബഥനിയുടെ പൂർവ്വകാല ചരിത്രം അതിന് ഏറ്റം ഉപയുക്തമാകുമെന്നതിൽ സംശയമൊന്നുമില്ല.

അതുകൊണ്ട് ബഥനിയുടെ ജീവിതമുന്നേറ്റത്തിൽ ഈ ചരിത്രഗ്രന്ഥം അതുല്യമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. ഈ സമൂഹത്തിലെ ആദ്യകാല അംഗങ്ങളോടൊത്ത് സഹവസിക്കുകയും അടുത്തിടപഴകി പ്രവർത്തിക്കുകയും ചെയ്ത സന്ന്യാസിനികളാണ് ഈ ചരിത്ര രചനയിൽ പ്രത്യേകം ഉൾപ്പെട്ടത്. 'ആദ്യകാല ശ്രേഷ്ഠത്തികൾ' എന്ന ബഹുമതി അവർക്കില്ലെങ്കിലും 'ആദ്യകാല ശിഷ്യകൾ' എന്ന പദവി അവർക്ക് അവകാശപ്പെടാവുന്നതാണ്. അതുതന്നെ ഈ ഗ്രന്ഥത്തിന്റെ ആധികാരികത ഏറെ എടുത്തുകാട്ടുകയും വർദ്ധിപ്പിച്ചിരിക്കുകയും ചെയ്യുന്നു.

ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ചരിത്രം മലങ്കരസഭയിൽ നടന്ന പുനരൈക്യസംഭവത്തിന്റെയും പുനരൈക്യപ്രസ്ഥാനത്തിന്റെയും ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്നത് മലങ്കരസഭാമക്കൾക്ക് എല്ലാവർക്കും അറിവുള്ളതാണ്. അതുകൊണ്ട് മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയ്ക്കും പ്രവർത്തന മുന്നേറ്റത്തിനും ഈ ചരിത്ര സാക്ഷ്യങ്ങൾ ഉപയോഗപ്രദമാണ്. അങ്ങനെ ബഥനി സന്ന്യാസിനീ സമൂഹത്തിനുമാത്രമല്ല മലങ്കരസഭയ്ക്ക് മൊത്തമായി ഈ ചരിത്രകൃതി പ്രയോജനപ്രദവും ഉത്തേജനഹേതുവുമാണെന്ന് പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ട്. ഈ ഗ്രന്ഥരചനയിൽ ഉൾപ്പെട്ട എല്ലാവർക്കും പ്രത്യേകിച്ച് അതിന്റെ നിർമ്മിതിയിൽ വ്യക്തിഗതമായ എല്ലാ പരിശ്രമങ്ങളും നടത്തി ഈ ഗ്രന്ഥം പൂർണ്ണമായി

www.malankaralibrary.com

എഴുതി തയ്യാറാക്കിയ ബഹു. സി. ഹെലേനയ്ക്കും സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട് ഈ സൽഗ്രന്ഥം അവതരിപ്പിച്ചുകൊള്ളട്ടെ.

മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്ത

തിരുസന്നിധി
25.3.2003
മംഗലവാർത്ത തിരുന്നാൾ.

# ആമുഖം

യോഗീവര്യനും പുണ്യശ്ലോകനുമായ മാർ ഇവാനിയോസ് തിരുമേനി മലങ്കര ഓർത്തഡോക്സു സഭയിൽ ഒരു വൈദികനായിരിക്കുമ്പോൾ പ്രസ്തുത സഭയുടെ ആദ്ധ്യാത്മിക പുരോഗതി, വിശിഷ്യ, സ്ത്രീകളുടെ ആദ്ധ്യാത്മിക ഉന്നമനം ലക്ഷ്യമാക്കി ബഥനി സന്ന്യാസിനീ സമൂഹത്തിനു രൂപം കൊടുത്തു. 1915-ൽ കേരളക്കരയിൽ നിന്നും, കുലീന കുടുംബങ്ങളിൽപെട്ട ഏതാനും പെൺകുട്ടികളെ തെരഞ്ഞെടുത്ത് ബാരിസോളിൽ ഉണ്ടായിരുന്ന ആംഗ്ലിക്കൻ സഭാംഗങ്ങളായ എപ്പിഫനി സിസ്റ്റേഴ്സിന്റെയും കൽക്കട്ട ഡയോസിസൻ ഹൈസ്ക്കൂൾ, കോളജ് എന്നിവ നടത്തിയിരുന്ന ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെയും കീഴിൽ പരിശീലനത്തിനായി അയച്ചു. 1920 മുതൽ തിരുമൂലപുരത്തു എപ്പിഫനി സമൂഹാംഗങ്ങളായ മദർ ഈഡിത്ത്, സിസ്റ്റർ ഹെലൻ എന്നിവരുടെ മേൽനോട്ടത്തിൽ പരിശീലനം തുടർന്നു. 1925 സെപ്റ്റംബർ 21 ാം തീയതി ദൈവമാതാവിന്റെ ജനനത്തിരുനാളിൽ ബഥനിയിലെ ആദ്യ അംഗങ്ങളിൽ മൂന്നുപേർ തങ്ങളെത്തന്നെ ദൈവത്തിന് സമ്പൂർണ്ണ സമർപ്പണം ചെയ്തു, പ്രതിഷ്ഠാകർമ്മം നടത്തി. ഇന്ന് മാതാവിന്റെ ജൻമദിനമായ സെപ്റ്റംബർ 8, സമൂഹസ്ഥാപനദിനമായി ആചരിച്ചു വരുന്നു.

1925-ൽ ആരംഭിച്ച ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ വളർച്ചയും പുരോഗതിയും അദ്ഭുതാവഹമാണ്. അഗ്രാഹ്യങ്ങളായ വഴിത്താരകളിലൂടെ ദൈവപിതാവ് ഈ ചെറു ചെടിയെ നട്ടുനനച്ചു വളർത്തി പരിപാലിച്ചുപോരുന്നു. ബഥനി സന്ന്യാസിനീ സമൂഹത്തിന് ഒരു ചരിത്ര ഗ്രന്ഥം ഉണ്ടായിക്കാണുവാനുള്ള അദമ്യമായ ആഗ്രഹം ഉന്നയിച്ചത് 1992-ലെ ജനറൽ സിനാക്സിസാണ്. ആയതു ഫലപ്രപ്തിയിലെത്താൻ കാലതാമസം നേരിട്ടു. 2000 -ാമാണ്ട് മഹാജൂബിലിയോടനുബന്ധിച്ച് സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷാവസരത്തിൽ സമൂഹത്തിന്റെ ചരിത്രം പ്രകാശനം ചെയ്യണമെന്ന് കരുതിയെങ്കിലും സാദ്ധ്യമായില്ല. 2000-ാമാണ്ട് ജൂലൈ മാസം മുതൽ 3 വർഷക്കാലത്തെ നിരന്തരമായ പ്രാർത്ഥനയുടെയും പഠനത്തിന്റെയും അത്യധ്വാനത്തിന്റെയും ഫലമായിട്ടാണ് ഇങ്ങനെയൊരു ചരിത്ര ഗ്രന്ഥം ബഥനിക്കു കരഗതമായത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് സി.ഹെലേന S.I.C. ആണ്, എന്ന് നന്ദിപൂർവ്വം രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥരചനക്ക് ആധികാരികത നൽകുന്നത് ബഥനി സമൂഹത്തിന്റെ ആദ്യ അംഗങ്ങളായ മദർ സൾഗ എഴുതിയ ബഥനിയുടെ ആദ്യകാല ചരിത്രത്തിന്റെ കൈയെഴുത്തു ഗ്രന്ഥവും ബഥനി സമൂഹത്തെ സംബന്ധിച്ചുള്ള മദർ മാക്സയുടെ കൈയ്യെഴുത്തു ഗ്രന്ഥവും ബഥനിയുടെ നാലു പ്രോവിൻസുക

www.malankaralibrary.com

ളിലെ വിവിധ മഠങ്ങളിൽ നിന്നു ലഭിച്ച സംക്ഷിപ്ത ചരിത്രങ്ങളും ഡയറിക്കുറിപ്പുകളുമാണ്. മേല്പറഞ്ഞവയെല്ലാം പരിശോധിച്ച് ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ചരിത്ര ഗ്രന്ഥം ക്രോഡീകരിക്കുന്നതിന് സിസ്റ്റർ ഹെലേന സഹിച്ച ത്യാഗം സ്തുത്യർഹമാണ്. നാലു പ്രോവിൻസിലുമുള്ള മദർ പ്രോവിൻഷ്യൽസും പരിചയസമ്പന്നരായ സിസ്റ്റേഴ്സും ഇതിന്റെ കൈയെഴുത്തു പ്രതി വായിച്ചു നോക്കി വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി എന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ ചരിത്ര ഗ്രന്ഥം ബഥനി സന്ന്യാസിനീ സമൂഹത്തിലെ ഓരോ അംഗത്തിനും അറിവും ചൈതന്യവും പകരുന്നതോടൊപ്പം സന്ന്യാസ സമർപ്പണത്തിന്റെ ആഴവും അർത്ഥവും ഗ്രഹിച്ച് ആത്മീയ യാത്രയിൽ ദൈവോന്മുഖമായി മുന്നേറുന്നതിന് പ്രചോദനമായിത്തീരട്ടെ എന്നാശംസിക്കുന്നു.

ബഥനിയുടെ പുരോഗതിക്ക് മാർഗ്ഗദർശനം നല്കുകയും മലങ്കര കത്തോലിക്കാസഭയെ വികസനത്തിന്റെ വഴിയിൽ മുന്നോട്ട് നയിക്കുകയും ചെയ്യുന്ന സഭയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അധിപനുമായ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനി ഈ ചരിത്ര ഗ്രന്ഥത്തിന് അവതാരിക എഴുതി അനുഗ്രഹിച്ചു. അഭിവന്ദ്യ പിതാവിന് ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ഭക്ത്യാദരപൂർവ്വമായ നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കി ഭംഗിയായ രീതിയിൽ എഡിറ്റു ചെയ്ത് സഹായിച്ച ഡോ. ജോർജ് ഓണക്കൂറിനോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച സെന്റ് ജോസഫ്സ് പ്രസ്സിനും പ്രത്യേകിച്ച് മാനേജർ ബ്രദർ ജേക്കബ് കോരാക്കലിനും ബഥനിയുടെ കൃതജ്ഞത.

മലങ്കര കത്തോലിക്കാസഭയുടെ പ്രഥമാദ്ധ്യക്ഷനും ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപക പിതാവുമായ മാർ ഇവാനിയോസ് പിതാവിന്റെ 50-ാം ചരമവാർഷികം ആചരിക്കുന്ന ധന്യമുഹൂർത്തത്തിൽ ഈ ഗ്രന്ഥം ആ പുണ്യാത്മാവിന്റെ 50-ാം ചരമവാർഷികത്തിന്റെ സ്മരണയ്ക്കായി അഭിവന്ദ്യപിതാവിന്റെ പാദാരവിന്ദങ്ങളിൽ ബഥനി സവിനയം സമർപ്പിച്ചുകൊള്ളുന്നു.

മദർ ഫിലോമിന
മദർ ജനറൽ

ബഥനി സന്ന്യാസിനി സമൂഹം

കോട്ടയം
20.4.2003

## മുഖവുര

മലങ്കര സഭാസമൂഹത്തിന്റെ നവോത്ഥാനം ലക്ഷ്യംവച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച മിശിഹാനുകരണ സന്ന്യാസിനീ സമൂഹം 2000-ാമാണ്ട് പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയുണ്ടായി. 1925-ലെ ഔദ്യോഗികാരംഭത്തിനു പത്തുവർഷംമുമ്പ് കൽക്കട്ടയിലെ ബാരിസോളിൽ നിലമൊരുക്കി വിത്തു വിതച്ച് മുളപ്പിച്ച് കേരളത്തിൽ, തിരുവല്ലയിലേക്കു പറിച്ചു നട്ട് വളർത്തിയ വടവൃക്ഷമാണ് ബഥനി. അനിശ്ചിതത്വത്തിന്റെയും അസ്വസ്ഥതകളുടെയും പാതയിൽക്കൂടി തളരാതെ വളർന്ന ബഥനി 'ഐക്യത്തിന്റെയും ദൈവസമ്പാദനത്തിന്റെയും' ശാന്തിദൂതുമായി ഇന്നത്തെ സ്ഥിതിയിൽ ശാഖോപശാഖകളുടെ സമൃദ്ധിയിൽ എത്തിയിരിക്കയാണ്. ഈ തണൽമരത്തിന്റെ കഴിഞ്ഞ '75' വർഷത്തെ ചരിത്രം രേഖയായി പുറത്തു വന്നിട്ടില്ല. ബഥനിയുടെ ചരിത്രം ഏതുവിധത്തിലും വളരെ പ്രത്യേകതകൾ നിറഞ്ഞതാണ്. സാധാരണ സന്ന്യാസസമൂഹങ്ങൾ രൂപപ്പെടുന്നത് സഭയിലാണ്. എന്നാൽ ബഥനി മിശിഹാനുകരണ സന്ന്യാസത്തെ സംബന്ധിച്ചിടത്തോളം ഈ സന്ന്യാസം അടിസ്ഥാനമാക്കി 'മലങ്കര കത്തോലിക്കാസഭ' രൂപപ്പെടുകയായിരുന്നു.

ഇത്രയും വ്യത്യസ്തത നിറഞ്ഞ കാലഘട്ടങ്ങളുടെ അടയാളമായി ഉയിർകൊണ്ട ഈ ഐക്യകൂട്ടായ്മയുടെ സവിശേഷചരിത്രം മലങ്കര സഭാമക്കളും ബഥനിയിൽ ഇന്നുള്ളവരും ഇനി വരുന്നവരും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ഇങ്ങനെയൊരു ചരിത്രം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യവും അതിന് ബഥനി മക്കൾക്കുള്ള കടമയും മനസ്സിലാക്കാൻ താമസിച്ചുപോയി എന്ന മനഃക്ലേശത്തോടെയാണ് ഞാനിത് എഴുതാൻ ആരംഭിച്ചത്. ഇവിടെ ഒരു ചോദ്യചിഹ്നം എന്നെ അലട്ടാതിരുന്നില്ല. ഇതെഴുതാനുള്ള യോഗ്യത എനിക്ക് എന്തുമാത്രമുണ്ട്? ഈ ചിന്ത എന്നെ പുറകോട്ടു വലിക്കുകയും താമസത്തിനു ദൈർഘ്യമുണ്ടാക്കുകയും ചെയ്തു. എന്റെ ഉൾഭയത്തിനു മറുപടി എന്നവണ്ണം ബഥനിയുടെ ഇന്നത്തെ സുപ്പീരിയർ ജനറൽ മദർ ഫിലോമിന എന്നെ ധൈര്യപ്പെടുത്തി എന്നു മാത്രമല്ല "സിസ്റ്റർ തന്നെ ഈ ജോലി നിർവഹിക്കണം" എന്ന് തറപ്പിച്ചു പറയുകയും ചെയ്തു. പുസ്തകരചന ഇന്നോളം സ്വപ്നത്തിൽപോലും എത്തി

www.malankaralibrary.com

യിട്ടില്ലാത്ത എനിക്ക് ബഥനിയുടെ അതിവിശിഷ്ടമായ 'ചരിത്രം' പുസ്തകത്തിലാക്കുക എന്നത് ഒരു സാഹസമായി തോന്നി. എന്നാൽ ഇന്നോളമുള്ള എന്റെ ജീവിതത്തിൽ വല്ലപ്പോഴും ഒരു ചെറുപ്രസംഗമോ ക്ലാസ്സോ കലാസാഹിത്യവേദികളോ കൈകാര്യം ചെയ്യേണ്ടിവന്നപ്പോഴൊക്കെയും ഞാനർഹിക്കുന്നതിലും പ്രതീക്ഷിക്കുന്നതിലും അപ്പുറം അത് തൃപ്തികരമാക്കിത്തീർക്കുന്നതിന് ദൈവംതമ്പുരാൻ ശക്തിയും ജ്ഞാനവും പകർന്നിരുന്നു എന്നത് എന്റെ അനുഭവമാണ്. ഈ അനുഗ്രഹം ചരിത്രമെഴുത്തിലും ഉണ്ടാകുമെന്ന ഉറച്ചബോദ്ധ്യത്തിലാണ് ഞാനിതിന് ആരംഭംകുറിച്ചത്. ലഭ്യമായ പുസ്തകങ്ങൾ, കൈയെഴുത്തുപ്രതികൾ, ഡയറിക്കുറിപ്പുകൾ എന്നിവയെല്ലാം വായിച്ചുപഠിച്ചതിനു പുറമേ ഞാൻ നേരിട്ടു കേൾക്കുകയും കാണുകയും അനുഭവിക്കുകയും ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളവയും ഈ ചരിത്രം പൂർത്തിയാക്കാൻ എന്നെ സഹായിച്ചു. ഇത് നൂറുശതമാനം കുറ്റമറ്റതും പൂർണ്ണവും എന്ന് ഒരിക്കലും ഞാൻ അർത്ഥമാക്കുന്നില്ല. എന്റെ വളരെ പരിമിതമായ അറിവിലും കഴിവിലും ഒതുങ്ങുന്നവിധം പൂർത്തിയാക്കാൻ ശ്രമിച്ചു എന്ന അഭിമാനം മാത്രമേയുള്ളൂ.

ഈ പുസ്തകത്തിനു രണ്ടു ഭാഗങ്ങളാണുള്ളത്.

1. ആദ്യഭാഗം ബഥനിയുടെ പൊതുചരിത്രം. 1915 -ലെ ഒരുക്കംമുതൽ 1956-ലെ സമൂഹസംയോജനം വരെ.
2. രണ്ടാംഭാഗം 1956-ലെ സംയോജനശേഷമുള്ള ജനറലേറ്റും പ്രൊവിൻസുകളും മന്ദിരങ്ങളുമടങ്ങുന്ന ഇന്നുവരെയുള്ള ചരിത്രം.

ഓരോ പ്രൊവിൻസിന്റെയും ചരിത്രം എഴുതുന്നതിന് അതാതു പ്രൊവിൻസിലെ സിസ്റ്റേഴ്സ് പലരും വലിയ സഹായം നല്കിയിട്ടുണ്ട്. എന്നാൽ തിരുവല്ല പ്രൊവിൻസിന്റെ ചരിത്രം പൂർത്തിയാക്കുന്നതിന് സിസ്റ്റർ ഫിലോമിനയുടെ സഹായം എടുത്തുപറയേണ്ടതാണ് എഴുതിയ വിവരണങ്ങൾ വായിക്കുകയും ആവശ്യമായ തിരുത്തലുകളും നിർദ്ദേശങ്ങളും തരികയുംചെയ്ത ജനറൽ പ്രൊവിൻഷ്യൽസ് ബോഡി തലത്തിൽനിന്ന് ലഭിച്ച സഹായങ്ങളും മറക്കാവതല്ല. കൂടാതെ പ്രോത്സാഹനവും പ്രാർത്ഥനയും നൽകി സഹായിച്ച ഓരോരുത്തരെയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

കൈയെഴുത്തുപ്രതി വായിക്കുകയും ആവശ്യമായ തിരുത്തലുകളും ക്രമീകരണങ്ങളും യഥാവിധി നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്ത അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിക്കും വന്ദ്യരായ പ്രൊഫ. മാത്യു ഉലകംതറ സാറിനും പ്രൊഫ. ജോർജ്ജ് ഓണക്കൂർ സാറിനും ഹൃദയപൂർവ്വം ഞാൻ നന്ദിയർപ്പിക്കുന്നു. ഈ ചരിത്രഗ്രന്ഥം തയ്യാറാക്കുന്നതിന് ആദ്യവസാനം എനിക്കു പ്രചോദനവും ധൈര്യവും പകർന്നുതന്നും ആവശ്യവിവരങ്ങൾ ശേഖരിച്ചുതന്നും സഹായിക്കുകയും ഇതിന്റെ പ്രിന്റിംഗ് സ്വന്തം ചുമതലയിൽ ഏറ്റെടുത്തു നിർവ്വഹിക്കുകയും ചെയ്തത് ബഥനിയുടെ ഇന്നത്തെ സുപ്പീരിയർ ജനറൽ മദർ ഫിലോമിനയാണെന്ന് എടുത്തുപറയാൻ സന്തോഷമുണ്ട്. മദറിന് ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു.

ബഥനിയുടെ സ്ഥാപകപിതാവും മലങ്കര സഭാസൂര്യനുമായ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനും ആ പുണ്യതാതന്റെ സന്നിധിയിൽ വച്ചുതന്നെ ദൈവപിതാവിനും ബഥനിക്കും വേണ്ടി സ്വയം സമർപ്പിക്കുന്നതിനും ദൈവകൃപ ലഭിച്ച എനിക്ക് ബഥനിയുടെ ഈ ചരിത്രം കുറിക്കുവാനുള്ള അസുലഭാവസരമുണ്ടായത് മഹാഭാഗ്യമായി ഞാൻ കണക്കാക്കുന്നു. ഇവിടെ ഞാൻ പ്രത്യേകം സ്മരിക്കുന്നത് എന്റെ സ്വന്തം പിതാവിനെയാണ്. മലങ്കര കത്തോലിക്കാസഭയോട് സ്വയം അലിഞ്ഞുചേർന്ന ഒരു അൽമായപ്രമുഖനായിരുന്ന എന്റെ അപ്പച്ചൻ ഓരോരോ സന്ദർഭങ്ങളിലായി ബഥനിയെ എനിക്കു സ്വന്തമാക്കി തന്നതാണ് ബഥനിയിലേക്കുള്ള എന്റെ സന്ന്യാസദൈവവിളി. "നീ സന്ന്യാസം ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ പിതാവ് (മാർ ഈവാനിയോസ്) സ്ഥാപിച്ച 'ബഥനി'യിൽ വേണം പോകേണ്ടത്. കത്തോലിക്കാസഭയുടെ മറ്റു മഠങ്ങളിലെല്ലാം സേവനംചെയ്യുന്നതിന് ധാരാളം സിസ്റ്റേഴ്സുണ്ട്. നമ്മുടെ 'ബഥനി'യിൽ വളരെ പേരെ ആവശ്യമുണ്ട്" എന്നുള്ള നിർദ്ദേശത്തിന് എതിരുനിൽക്കാൻ ദൈവം എന്നെ അനുവദിച്ചില്ല. ബഥനിയോട് ഹൃദയപൂർവ്വം പറ്റിച്ചേർന്ന് മാർ ഈവാനിയോസ് പിതാവിനെ സ്വന്തമായി കരുതിയ എന്റെ അപ്പച്ചനെയും ഞാൻ ഓർക്കുന്നു.

നിത്യതയിൽ സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്ന പുണ്യതാതനെ നിത്യം സ്മരിച്ചുകൊണ്ട് ഈ ഗ്രന്ഥം ഒരു 'ചെറുസൂനമായി' അവിടുത്തെ തൃപ്പാദത്തിൽ സമർപ്പിക്കുന്നു.

കോട്ടയം
01.07.03

സിസ്റ്റർ ഹെലേന
ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്

www.malankaralibrary.com

## ഉള്ളടക്കം

### ഭാഗം ഒന്ന്

**അദ്ധ്യായം 1** പുറം 21

തനിമയ്ക്കുവേണ്ടിയുള്ള പോരാട്ടം

ദൈവം വഴിയൊരുക്കുന്നു

സ്ഥാപകപിതാവ് ചരിത്രത്തിലൂടെ

സഭാജീവിതം

വഴി തെളിയുന്നു

ദൈവം കളമൊരുക്കുന്നു

**അദ്ധ്യായം 2** പുറം 31

ബാരിസോളിലേക്ക്

ബാരിസോളിലേക്ക് അടുത്ത ബാച്ച്

രണ്ടാം ഗണം ബാരിസോൾ എന്ന അദ്ഭുതലോകത്തിൽ

പുതിയ ഭവനത്തിൽ

പുതിയ സംവിധാനം

ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഴ്സ്

കൂടുതൽ അംഗങ്ങൾ ബാരിസോളിലേക്ക്

**അദ്ധ്യായം 3** പുറം 42

എപ്പിഫനി സിസ്റ്റേഴ്സിന്റെ കേരളസന്ദർശനം

ചിന്തകളെ ഉറപ്പിക്കുന്നു

സന്ന്യാസ സമൂഹങ്ങൾ

സന്ന്യാസ ഭവനങ്ങൾക്കു നാമകരണം

സ്ഥലനിർണ്ണയനം

**അദ്ധ്യായം 4** പുറം 48

ബാരിസോളിൽ ബഥനിമഠം

ഹൂഗ്ലിനദിയിലൂടെ ഒരു യാത്ര

പ്രതീക്ഷ പൂവണിയുന്നു

പുതിയ സംരംഭം

മഠത്തിനുള്ള സ്ഥലം ഒരുങ്ങുന്നു

ബാരിസോളിൽനിന്ന് തിരുവല്ലയിലേക്ക്

www.malankaralibrary.com

**അദ്ധ്യായം 5** പുറം 56
ആശ്വാസത്തിന്റെ വാതിൽ തുറക്കുന്നു
പ്രവർത്തനപാതയിൽ ബഥനി
ഒരു പ്രൈമറി സ്കൂൾ
മലങ്കര സുറിയാനിസഭയിൽ സ്ത്രീസന്യാസം എളുപ്പമോ?
അർത്ഥിനിപദത്തിലേക്കു പുതിയ അംഗങ്ങൾ
ദൈവപിതാവ് തെരഞ്ഞെടുക്കുന്നു
ദൈവം വഴിതെളിക്കുന്നു.
"മക്കളേ നിങ്ങൾക്കുവേണ്ടി"

**അദ്ധ്യായം 6** പുറം 65
അടുത്ത ഒരുക്കം
കാത്തിരിപ്പിന് അന്ത്യം
സന്ന്യാസ പ്രതിഷ്ഠ
അതിശ്രേഷ്ഠമായ പ്രതിഷ്ഠ
പ്രതിജ്ഞാപത്രം
സന്ന്യാസവസ്ത്രം

**അദ്ധ്യായം 7** പുറം 72
മിശിഹാനുകരണം : ആദർശവും ലക്ഷ്യവും
സമൂഹത്തിന്റെ ഭരണഘടനയും പ്രവർത്തനപരിപാടികളും
ബഥനി വളർച്ചയുടെ ആദ്യപടിയിൽ
പുനരൈക്യശ്രമങ്ങളും ബഥനിയും
ബന്ധങ്ങൾ ബന്ധനങ്ങളായിക്കൂടാ

**അദ്ധ്യായം 8** പുറം 84
എതിർപ്പിന്റെ കൊടുങ്കാറ്റ്
ഒരമ്മ പ്രയോഗിച്ച വിദ്യ
പ്രാർത്ഥനയിൽ ആശ്രയിക്കുന്നു
ബന്ധങ്ങൾ വിച്ഛേദിക്കപ്പെടുന്നു
ആകാംക്ഷാഭരിതമായ നിമിഷങ്ങൾ
മലങ്കരസഭാചരിത്രത്തിൽ സ്ഥാനംപിടിച്ച മഹത്സംഭവം
ബഥനി പുതിയമണ്ണിലേക്ക്

**അദ്ധ്യായം 9** പുറം 94
പ്രതീക്ഷ ഫലമണിയുന്നു
ആദ്യസഭാംഗങ്ങൾ പുനരൈക്യക്രമം അനുസരിച്ച്
ബഥനിയും മലങ്കര കത്തോലിക്കാസഭയും
എതിർപ്പുകളുടെ പാതയിലൂടെ ബഥനി
ആദരിക്കപ്പെട്ട ബഥനി

**അദ്ധ്യായം 10** പുറം 102
ബഥനിയും ഗ്രേമൂർ സന്ന്യാസസമൂഹവും
ബഥനി വീണ്ടും ആസ്ഥാനം മാറുന്നു
ബഥനി രണ്ടു രൂപതാസമൂഹമാകുന്നു

**അദ്ധ്യായം 11** പുറം 111
ബഥനി സമൂഹങ്ങളുടെ സംയോജനം
ഭരണഘടനയും ഘടകങ്ങളും
ജനറൽ സിനാക്സിസ്സ്, കൗൺസിലുകൾ
പരിശീലനവും പരിശീലനഘട്ടങ്ങളും
"മലങ്കര സന്ന്യാസജീവിതസഹായി"-സംക്ഷേപം
പരിശീലനഘട്ടങ്ങൾ അന്നുമിന്നും

**അദ്ധ്യായം 12** പുറം 122
ബഥനിക്ക് ഒരു മഹാദാനം
ബഥനിയുടെ പ്രവർത്തനമണ്ഡലങ്ങൾ
ബഥനി സന്ന്യാസിനീ സമൂഹം ഇന്ന്

## ഭാഗം രണ്ട്

ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ് പുറം 127
തിരുവനന്തപുരം പ്രൊവിൻസ് പുറം 145
തിരുവല്ല പ്രൊവിൻസ് പുറം 213
ബത്തേരി പ്രൊവിൻസ് പുറം 269
പത്തനംതിട്ട പ്രൊവിൻസ് പുറം 313

www.malankaralibrary.com

# ഭാഗം ഒന്ന്

www.malankaralibrary.com

## അദ്ധ്യായം 1

### "എല്ലാം പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനുവേണ്ടി"

ദൈവനിയോഗങ്ങൾ നടപ്പാക്കുന്നതിന് കാലാകാലങ്ങളിൽ നിയുക്തരാകുന്ന വ്യക്തികൾ, സാഹചര്യങ്ങൾ, സംഭവങ്ങൾ എന്നിവയാണ് ചരിത്രഏടുകളിൽ സ്ഥാനംപിടിക്കുക. അതു ചിലപ്പോൾ നൂതനമായ ഒന്നിന്റെ ആരംഭമാകാം, വളർച്ചയാകാം, തളർച്ചയാകാം, ക്ഷയിക്കലാകാം, ഇല്ലാതാകുന്നതിൽനിന്നുള്ള ഒരു പുതിയതിന്റെ ഉദ്ഭവമാകാം, പുനരുദ്ധരിക്കപ്പെടലുമാകാം.

"നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷമറിയിക്കുവിൻ" എന്ന യേശുവിന്റെ ആഹ്വാനം സ്വീകരിച്ച് ക്രിസ്തുശിഷ്യനായ മാർ തോമ്മാശ്ലീഹ എ.ഡി. 52 ൽ കേരളത്തിലെത്തി സുവിശേഷം പ്രസംഗിച്ചു. അദ്ദേഹം പ്രഘോഷിച്ച സുവിശേഷത്തിൽ ഈശ്വരാവിഷ്കാരം ബോധ്യപ്പെട്ട ഏതാനും പുരാതനകുടുംബാംഗങ്ങൾ അദ്ദേഹത്തിന് അനുയായികളായി. അവരെ ക്രൈസ്തവജീവിതശൈലി പഠിപ്പിച്ചതും ജീവിച്ചു കാണിച്ചുകൊടുത്തതും മാർ തോമ്മാശ്ലീഹാ തന്നെയാണ്. അങ്ങനെ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരള ക്രൈസ്തവ സഭയ്ക്ക് ആരംഭഘട്ടത്തിൽ ഇവിടത്തെ രാജാക്കന്മാരും പ്രഭുകുടുംബക്കാരുമാണ് ഒത്താശകൾ ചെയ്തിരുന്നത് എന്നത് ചരിത്രസത്യമാണ്. ഏകദൈവവിശ്വാസത്തിലും സഹോദരസ്നേഹത്തിലും മതഐക്യത്തിലും വളർന്നുവന്ന കേരളക്രൈസ്തവസമൂഹത്തിന് തനതായ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും വളർത്തുന്നതിനും ഭരണാധികാരികൾ വേണ്ടത്ര സഹായങ്ങൾ നല്കിയിരുന്നു. ശിഷ്യസമൂഹത്തിന്റെ തലവനായി യേശുവിനാൽ നിയമിതനായ വി. പത്രോസ്ശ്ലീഹായുമായുള്ള അഭേദ്യബന്ധം കാത്തുസൂക്ഷിച്ചിരുന്ന മാർ തോമ്മാശ്ലീഹായിലൂടെ സാർവത്രികസഭാതലവന്റെ പരമാധികാരം കേരളക്രൈസ്തവസഭയ്ക്കും ഏറെ പരിചിതമായിരുന്നു. കേരളത്തിൽ വേരൂന്നിയ ക്രൈസ്തവ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും വളർത്തുന്നതിനും ഇതരസഭകളുമായി കേരളസഭ പുലർത്തിയ ബന്ധങ്ങൾ പ്രയോജനപ്പെട്ടിരുന്നു. എന്നാൽ കാലക്രമത്തിൽ കേരളത്തിൽ അനുഷ്ഠിച്ചുവന്ന വിശ്വാസാചാരങ്ങളും ആരാധനാക്രമവും തെറ്റിദ്ധരിക്കപ്പെടുകയും സഭാജീവിതത്തിൽ സംഘർഷങ്ങൾ ആവിർഭവിക്കുകയും ചെയ്തു.

www.malankaralibrary.com



## തനിമയ്ക്കുവേണ്ടിയുള്ള പോരാട്ടം

ഇന്ത്യയുമായി കച്ചവടബന്ധത്തിൽ ഏർപ്പെട്ട പാശ്ചാത്യർ മുഖേന ഇന്ത്യയിലെത്തിയ ക്രിസ്ത്യൻമിഷനറിമാരും വണിക്ക് പ്രഭൃതികളും തങ്ങളുടെ ആധിപത്യം മലങ്കരയിൽ സ്ഥാപിക്കുന്നതിന് പരിശ്രമം ആരംഭിച്ചു. ക്രിസ്തുമതപ്രചരണാർത്ഥം മഹത്തരങ്ങളായ പരിപാടികൾക്ക് അവർ രൂപം കൊടുത്തു. എങ്കിലും കേരളത്തിൽ മലങ്കരസഭാമക്കളുടെ വിശ്വാസാചാരങ്ങളും ആരാധനാക്രമങ്ങളും മനസ്സിലാക്കാൻ പാശ്ചാത്യരായ പോർച്ചുഗീസ് മതാധികാരികൾക്ക് സാധിച്ചിരുന്നില്ല. തന്മൂലം തദ്ദേശമെത്രാന്മാരെ വാഴിക്കുന്നതിന് അവസരംനല്കാതെ പോർച്ചുഗീസ് മെത്രാന്മാരുടെ ഭരണത്തിൽ മലങ്കരസഭാമക്കളെ ഒതുക്കുന്നതിനുള്ള ശ്രമം നടന്നു. പാശ്ചാത്യനാടുകളിൽ അനുഷ്ഠിച്ചിരുന്ന വിശ്വാസാചാരങ്ങളും ലത്തീൻ ആരാധനാക്രമങ്ങളും മലങ്കരസഭാമക്കളിൽ നിർബന്ധപൂർവ്വം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും വ്യാപകമായി.

കേരളത്തിലെ മലങ്കര സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയൻ വിശ്വാസികളാണെന്ന കുപ്രചാരണം നടത്തുന്നതിന് അവർ മടിച്ചില്ല. ഇങ്ങനെ പലവിധത്തിൽ പാശ്ചാത്യാധിപത്യം മലങ്കര സഭാമക്കളെ അസ്വസ്ഥരാക്കി. ഈ അവസരത്തിൽ ഒത്തുതീർപ്പിനുവേണ്ടിയെന്നവണ്ണം 1599 ൽ ഉദയംപേരൂർ എന്ന സ്ഥലത്തുവച്ച് ഒരു സൂനഹദോസ് നടന്നു. ഇവിടെ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ മലങ്കര സുറിയാനി സഭാമക്കളെ തെല്ലും തൃപ്തരാക്കിയില്ല. തുടർന്നും വിദേശാധിപത്യം ഭരണക്രമത്തിലും ആരാധനാക്രമങ്ങളിലും കടന്നുകൂടിക്കൊണ്ടിരുന്നു. സുറിയാനിക്കാരുടെ ഇടയിൽ ആരംഭംമുതൽ നിലനിന്നിരുന്ന പ്രാദേശികാചാരങ്ങളും ക്രമങ്ങളും ക്രമേണ പുറംതള്ളപ്പെട്ടാൻ തുടങ്ങി. എന്നുമാത്രമല്ല പൗരസ്ത്യസഭകളുമായി മലങ്കരസഭയ്ക്കുണ്ടായിരുന്ന ബന്ധം വിച്ഛേദിക്കാനും വിദേശാധിപത്യം ഇടയാക്കി.

ഇതിൽ സഹികെട്ട കേരളക്രൈസ്തവർ പലവിധത്തിലും എതിർപ്പുകൾ പ്രകടിപ്പിച്ചു. ഈ എതിർപ്പിന് ആക്കം കൂട്ടാനെന്നവണ്ണം സംഭവിച്ച മറ്റൊന്നാണ് അന്ത്യോക്യായിൽനിന്നുവന്ന 'അഹത്തള്ള' എന്ന മെത്രാനെ കേരളത്തിൽ എത്തുംമുമ്പുതന്നെ പറങ്കികൾ കടലിൽ മുക്കിക്കൊന്നു എന്നൊരു വാർത്ത - വ്യാജമായിരുന്നെങ്കിലും - പരന്നത്. കോപാകുലരായിത്തീർന്ന ജനങ്ങൾ 1653 ജനുവരി 3 -ാം തീയതി കൊച്ചിയിലെ മട്ടാഞ്ചേരിയിലുള്ള കൽക്കുരിശിൽ ആലാത്തുകെട്ടി അതിൽപിടിച്ച് 'സന്തതിയുള്ള കാലത്തോളം ഈ പറങ്കിമെത്രാന്മാർക്കു ഞങ്ങൾ കീഴ്വഴങ്ങുകയില്ല" എന്ന് സത്യം ചെയ്തു. "കൂനൻകുരിശുസത്യം"[1] എന്ന പേരിൽ ഈ സംഭവം അറി

1 'ആർച്ചുബിഷപ്പ് മാർ ഇവാനിയോസ്' ഒന്നാം ഭാഗം. ഫാദർ ഇഞ്ചലക്കോടി-204



യപ്പെടുന്നു. റോമ്മാ മാർപ്പാപ്പായ്ക്കു കീഴ്വഴങ്ങുന്നില്ല എന്ന നിർഭാഗ്യകരമായ തെറ്റിദ്ധാരണയിലേക്കാണ് കൂനൻകുരിശുസത്യം ഒരുപറ്റം ജനങ്ങളെ നയിച്ചത്. തന്നെയുമല്ല ചില തത്പര കക്ഷികളുടെ വ്യാജപ്രസ്താവനകളും തെറ്റായ മാർഗ്ഗങ്ങളിലേക്ക് ജനങ്ങളെ തിരിച്ചുവിട്ടു. കേരളത്തിലെ ഈ കലുഷിതാന്തരീക്ഷം കണക്കിലെടുത്ത് അന്ത്യോക്യൻ യാക്കോബായ പാർത്രിയർക്കീസ് നിയോഗിച്ച മാർ ഗ്രിഗോറിയോസ് എന്നൊരു മെത്രാൻ 1665 ൽ കേരളത്തിലെത്തി അഭിപ്രായഭിന്നതയുള്ളവരെ ഒരുമിച്ചുചേർത്തു. അങ്ങനെ യാക്കോബായ സഭയുമായുള്ള സമ്പർക്കം കൂടുതൽ ദൃഢതരമായി. 16-ാം നൂറ്റാണ്ടുവരെ വി. പത്രോസിന്റെ പിന്തുടർച്ചക്കാരായ മാർപ്പാപ്പാമാരുടെ അധീനതയിൽ ഐക്യത്തോടെ, സ്നേഹത്തോടെ, ഒരേ വിശ്വാസത്തിൽ, ഒരേ കീഴ്വഴക്കത്തോടെ ഒന്നിച്ചുവളർന്ന കേരളക്രൈസ്തവസമൂഹത്തിൽ പിളർപ്പുണ്ടായി.

## ദൈവം വഴിയൊരുക്കുന്നു

"അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു." (ഹെബ്രാ: 10:20)

വളരാനും പുഷ്ടിപ്പെടാനും വ്യഗ്രതപ്പെട്ടുകൊണ്ടിരുന്ന മലങ്കരസഭാസമൂഹം കത്തോലിക്കാകൂട്ടായ്മയെന്ന തായ്ത്തടിയിൽനിന്നും വെട്ടിമാറ്റപ്പെട്ട ശിഖരം കണക്കെ, ജീവന്റെ ഉറവയിൽനിന്നും ജീവജലം ലഭിക്കാതെ അനുദിനം അരക്ഷിതാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. ഓരോരോ കാലങ്ങളിൽ ഓരോരോ കാരണങ്ങളാൽ അഭിപ്രായഭിന്നതകളും, കക്ഷിവഴക്കുകളും അധികാര വടംവലിയുമെല്ലാം മലങ്കരസഭയുടെ ആദ്ധ്യാത്മികതയെ ഒന്നിനൊന്ന് തളർത്തുകയും, ഭിന്നിപ്പിക്കുകയും ചെയ്തു. സഭയിൽ പിളർപ്പുണ്ടായപ്പോഴെല്ലാം ഐക്യത്തിനുള്ള ശ്രമങ്ങളും നടന്നിരുന്നു എന്ന് സഭാചരിത്രം പഠിപ്പിക്കുന്നു.

കാലത്തിന്റെ മുന്നേറ്റത്തിൽ സംഭവങ്ങളുടെ സമ്മർദ്ദത്തിൽപ്പെട്ട് നഷ്ടപ്പെട്ടുപോയ ഐക്യവും സമാധാനവും വീണ്ടെടുക്കുന്നതിനും വിശ്വാസവും ദൈവൈക്യവും പുനഃസ്ഥാപിക്കുന്നതിനും ആരംഭം മുതലേ നടന്നിരുന്ന പരിശ്രമങ്ങളും അതിനു നിയുക്തരായിട്ടുള്ള വ്യക്തികളും സഭാചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നു. അങ്ങനെ ദൈവത്താൽ നിയോഗിതനായ കർമ്മധീരനായിരുന്നു മലങ്കരസഭാതനയനായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത. അന്നത്തെ മലങ്കരസഭയുടെ തകർച്ചയ്ക്കുള്ള കാര്യകാരണങ്ങൾ സസൂക്ഷ്മം പഠനവിഷയമാക്കി സഭാസൗധത്തിന്റെ പുനരുദ്ധാരണത്തിനും നിലനില്പിനും പരിരക്ഷയ്ക്കും വേണ്ടി താനെന്താണു ചെയ്യേണ്ടതെന്ന് നിത്യപിതാവിനോടുള്ള നിരന്തരപ്രാർത്ഥനയിലൂടെ കണ്ടെത്തി ഏറ്റെടുത്ത ദൗത്യനിർവഹണമായിരുന്നു ബഥനി സന്ന്യാസസമൂഹങ്ങളുടെ സ്ഥാപനം.

www.malankaralibrary.com



## സ്ഥാപകപിതാവ്: ചരിത്രത്തിലൂടെ

മാവേലിക്കരയിൽ പുതിയകാവു ഗ്രാമത്തിൽ സുപ്രസിദ്ധമായ പണിക്കരുവീട്ടിൽ 1882 സെപ്തംബർ 21 (മലയാളം 1057 കന്നി 8) ന് ചരിത്രപുരുഷൻ ജനിച്ചു. ശ്രീ തോമ്മാ പണിക്കരും ശ്രീമതി അന്നമ്മയുമായിരുന്നു മാതാപിതാക്കൾ. ദൈവമാതൃഭക്തയും ദൈവവിശ്വാസത്തിൽ അടിയുറച്ചവളുമായിരുന്ന അന്നമ്മ ഒരു പുരുഷസന്താനത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിച്ചിരുന്നു. അങ്ങനെ ഒരു കുഞ്ഞു ജനിച്ചാൽ ദൈവമാതാവിന് പ്രതിഷ്ഠിക്കുമെന്നും ആ അമ്മ ഉറച്ചിരുന്നു. തൽഫലമായി പരിശുദ്ധമാതാവിന്റെ ജന്മനാളിൽ ജനിക്കാൻ ഭാഗ്യം സിദ്ധിച്ച ഓമനസന്താനമാണ് കഥാപുരുഷൻ. കീവറീച്ചൻ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ബാലൻ അസാധാരണ ബുദ്ധിവൈഭവമുള്ളവനും ധൈര്യശാലിയുമായി വളർന്നുവന്നു. "മുളയിലെ അറിയാം മുളക്കരുത്ത്" എന്ന ചൊല്ല് പ്രസ്തുതബാലനെ സംബന്ധിച്ച് അന്വർത്ഥമായിട്ടുള്ള ധാരാളം സംഭവങ്ങളുണ്ട്. വലിപ്പമുള്ള തിളക്കമാർന്ന കണ്ണുകളും വിശാലമായ നെറ്റിത്തടവും ഉയർന്ന നാസികയും പൗരുഷത്തിന്റെയും മഹത്ത്വത്തിന്റെയും അടയാളമായിരുന്നിരിക്കണം!

ഗ്രാമപരിശുദ്ധിയുടെ പ്രതീകമായിരുന്ന ആശാൻ പള്ളിക്കൂടത്തിൽ ദാവീദാശാന്റെ ശിഷ്യനായിട്ടാണ് കൊച്ചു കീവറീച്ചൻ എഴുത്താരംഭിച്ചതും സാമാന്യവിദ്യാഭ്യാസം പൂർത്തിയാക്കിയതും. പഠനത്തിൽ അതീവതാത്പര്യവും സാമർത്ഥ്യവും കാണിച്ചിരുന്ന കീവറീച്ചന്റെ പഠനഘട്ടങ്ങൾ ദൈവനിയോഗിതങ്ങളായിരുന്നു. മാവേലിക്കരയിൽ ഉപരിപഠനസൗകര്യങ്ങളില്ലാഞ്ഞതിനാൽ മകനെ കാർഷികകാര്യങ്ങളിൽ ഏർപ്പെടുത്തുന്നതിന് പിതാവ് ആഗ്രഹിച്ചെങ്കിലും അദ്ധ്യാപകരുടെയും ബന്ധുജനങ്ങളുടെയും നിർബന്ധപ്രകാരം മാവേലിക്കര C.M.S. സ്കൂളിലും ഗവൺമെന്റ് സ്കൂളിലുമായി ഫോർത്ത് ഫോം വരെ കീവറീച്ചന് പഠിക്കുവാൻ സാധിച്ചു. തുടർന്നുള്ള പഠനം അദ്ഭുതകരമായിരുന്നു. മലങ്കര യാക്കോബായ സഭാസാരഥിയായിരുന്ന പുലിക്കോട്ടു ദിവന്നാസിയോസ് തിരുമേനിവഴി കീവറീച്ചന് കോട്ടയത്ത് പഴയ സെമിനാരിയിൽ താമസിച്ചുകൊണ്ട് എം.ഡി. സെമിനാരി ഹൈസ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം ദൈവം ഒരുക്കിക്കൊടുക്കുകയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സെമിനാരി വിദ്യാർത്ഥി ദൈവപരിപാലനവൈഭവത്താൽ ശെമ്മാശനായി, വൈദികനായി, സുറിയാനിസഭയിൽ ആദ്യത്തെ എം.എ.ക്കാരനായി, എം.എ. അച്ചൻ എന്ന് അറിയപ്പെട്ടു.



## സഭാജീവിതം

ജനിച്ചുവളർന്ന സഭയിലുണ്ടായിക്കൊണ്ടിരുന്ന അസ്വസ്ഥതകൾ സഭയ്ക്കു നിർബന്ധമായുണ്ടായിരിക്കേണ്ട ആദ്ധ്യാത്മിക ജീവനെയും വളർച്ചയെയും താറുമാറാക്കുന്നു എന്ന അറിവ് എം.എ. അച്ചനെ നൊമ്പരപ്പെടുത്തിയിരുന്നു. അടിയുറച്ച ദൈവവിശ്വാസിയും സഭാസ്നേഹിയും ആദർശധീരനും സത്യാന്വേഷിയുമായിരുന്ന അദ്ദേഹം സഭാകാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. അതിനാൽ അന്നത്തെ സഭാധികാരികൾ ഏതിനും അച്ചന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചിരുന്നു. തന്റെ പ്രിയപ്പെട്ട സഭയ്ക്കുവേണ്ടി, സഭാപുനരുദ്ധാരണത്തിനുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ അദ്ദേഹം സന്നദ്ധനായിരുന്നു. സഭയെക്കുറിച്ചും സഭയിൽ നിവർത്തിക്കപ്പെടുന്ന കൂദാശകളെക്കുറിച്ചും സഭാതനയരെ പഠിപ്പിക്കുകയും കേരളത്തിന്റെ നാനാഭാഗങ്ങളിലുംപോയി പ്രസംഗിക്കുകയുംചെയ്യുക അദ്ദേഹത്തിന്റെ പതിവായിരുന്നു. ശെമ്മാശനായിരുന്നപ്പോൾപോലും ഇതു നിർവഹിച്ചിരുന്നതിനാലാണ് 'കൂദാശാ ശെമ്മാശൻ' എന്ന ഓമനപ്പേര് അദ്ദേഹത്തിനു ലഭിച്ചത്. ദൈവവും മനുഷ്യനും, സൃഷ്ടികൾ, ദൈവസ്ഥാപിത മതം, ആത്മാവും ശരീരവും, പുനരുത്ഥാന ജീവനും ശരീരവും, മൗതികശരീരവും കൂദാശകളും – എന്നിത്യാദി അടിസ്ഥാനപരമായ വിഷയങ്ങളായിരുന്നു പ്രസംഗവിഷയങ്ങൾ. പഠിക്കുകയും പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന വേളകളിലെല്ലാം എം.എ. അച്ചന്റെ സത്യാന്വേഷണപാത ഒരു പ്രത്യേകദിശയിലേക്ക് അദ്ദേഹത്തെ നയിക്കുന്നുണ്ടായിരുന്നു.

ചെറുപ്പത്തിൽതന്നെ തന്നിൽ മൊട്ടിട്ടുവളർന്നുകൊണ്ടിരുന്ന ദൈവസമർപ്പണാഭിമുഖ്യം വൈദികനായപ്പോൾ പൂർണത കൈവരിച്ചു എന്നു കരുതാൻ അദ്ദേഹം തയ്യാറായിരുന്നില്ല. എന്നാൽ സഭയുടെ വളർച്ചയ്ക്ക് തന്നാലാവുംവിധം പരിശ്രമിക്കുന്നതിനും സാദ്ധ്യമായ ഏതുജോലിയും ത്യാഗപൂർവ്വം ഏറ്റെടുക്കുന്നതിനും അദ്ദേഹം തയ്യാറായിരുന്നു എന്നതിന്റെ തെളിവാണ് കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പാളായി നിയമനം സ്വീകരിച്ചത്. ദിവസത്തിൽ നാലു മണിക്കൂർമാത്രം ഉറങ്ങാനും ബാക്കിസമയം മുഴുവൻ താനേറ്റെടുത്തിരിക്കുന്ന കടമ നിർവഹിക്കാനുമായി വിനിയോഗിച്ചിരുന്ന എം.എ. അച്ചൻ ഭാവിയിലെ തന്റെ വ്രതനിഷ്ഠാജീവിതത്തിന് ആരംഭം കുറിച്ചതാവാം. തന്നെയുമല്ല സുറിയാനി സഭയിലെ ഉത്തമനും ഉന്നതനുമായിരുന്ന അദ്ദേഹം തന്റെ അദ്ധ്യാപനജോലിക്കാലത്ത് എല്ലാ ദിവസവും രാവിലെ ഉണർന്നാലുടൻ പതിനഞ്ചു മിനിട്ടുസമയം വിശുദ്ധ തോമസ് അക്കമ്പീസിന്റെ 'ക്രിസ്ത്വനുകരണം' (Imitation of Christ) വായിക്കുമാ

www.malankaralibrary.com



യിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം തന്റെ പ്രത്യേക പ്രാർത്ഥനകളും കൃത്യമായി നടത്തിയിരുന്നു. മാതാപിതാക്കളിൽ നിന്നും പൈതൃകമായി ലഭിച്ച ഗാഢമായ ദൈവവിശ്വാസവും അതിലുപരി അമ്മയിൽനിന്നു പകർന്നുകിട്ടിയ ദൈവമാതൃഭക്തിയും സഭാജീവിതത്തിൽ ഉറച്ച കൽപ്പടവുകളായിരുന്നു. ഉയരത്തിൽനിന്ന് ഉയരത്തിലേക്ക്, സത്യത്തിന്റെ ഉന്നതഗോപുരത്തിലേക്കു പിടിച്ചുകയറുന്നതിനുള്ള ശക്തമായപ്രേരണയും മറ്റൊന്നായിരുന്നില്ല.

ലളിതജീവിതം ഇഷ്ടപ്പെട്ട പരിശ്രമശാലിയായ എം.എ. അച്ചൻ സഭയുടെ സംഘർഷാവസ്ഥ മാത്രമല്ല, സാമ്പത്തികക്ലേശങ്ങളും വ്യക്തമായി മനസ്സിലാക്കിയിരുന്നു. കൽക്കട്ടയിൽ സെറാംപൂർ കോളജിൽ പ്രൊഫസറായി ഉദ്യോഗം സ്വീകരിക്കാനുണ്ടായ കാരണവും ഇതുതന്നെയായിരുന്നു. ഉന്നത വിദ്യാഭ്യാസവും അതിലുപരി ആദ്ധ്യാത്മികചൈതന്യവും കർമധീരതയുമുള്ള അംഗങ്ങൾ സഭയിൽ ധാരാളമുണ്ടാകണമെന്ന് മനസ്സിലുറച്ച ആ കർമ്മധീരൻ മലങ്കരസഭയുടെ ഭാവിവാഗ്ദാനങ്ങളാകേണ്ട ഏതാനും വൈദിക വിദ്യാർത്ഥികളെയും ശെമ്മാശന്മാരെയും കൽക്കട്ടയിൽ താമസിപ്പിച്ചു പഠിപ്പിക്കുന്നതിനു കളമൊരുക്കി. കൂടാതെ സഭയിലും സമൂഹത്തിലും സ്ത്രീകളുടെ പങ്ക് വളരെ വലുതും അത്യാവശ്യവുമാണെന്നു മനസ്സിലാക്കിയ അദ്ദേഹം തീരുമാനിച്ചുറപ്പിച്ച പ്രത്യേക വിഷയങ്ങളാണ് സ്ത്രീവിദ്യാഭ്യാസവും അതുവഴിയുള്ള കുടുംബനവീകരണവും. അതിനായി ആദ്യംതന്നെ മലങ്കരസമൂഹത്തിലെ ഉന്നതകുടുംബങ്ങളിൽനിന്നുള്ള ഏതാനും യുവതികൾക്ക് കൽക്കട്ടയിൽ താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി. ഉപരിപഠനത്തിനായെത്തിയ ശെമ്മാശന്മാർക്കും യുവതീയുവാക്കൾക്കും എം.എ. അച്ചൻ താങ്ങും തണലുമായിരുന്നു. 1913 മുതൽ 1919 വരെ അദ്ദേഹം അവിടെ പ്രൊഫസർ സ്ഥാനം അലങ്കരിച്ചു. ഈ കാലയളവിൽ മലങ്കരസഭാനവീകരണം ഒരു തീക്കനൽപോലെ ഹൃദയത്തിൽ നീറിത്തെളിഞ്ഞിരുന്നു. ഇതിനു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുകയെന്നത് തന്റെ ദൗത്യമാണെന്നും അതാണ് ദൈവം തന്നോടാവശ്യപ്പെടുന്നതെന്നുമുള്ള ബോദ്ധ്യത്തിലേക്ക് അദ്ദേഹം വളരുകയായിരുന്നു.

## വഴി തെളിയുന്നു

കാഷായവസ്ത്രധാരികളായ ഹിന്ദുസന്ന്യാസിമാരെ ചിലപ്പോഴൊക്കെ വഴിയിൽ കണ്ടിട്ടുള്ള കൊച്ചു കീവറീച്ചന് വളരെ ചെറുപ്പത്തിൽതന്നെ സന്ന്യാസത്തോടും സന്ന്യാസിമാരോടും ഒരു പ്രത്യേക മമത ഉണ്ടായിരുന്നു. അതുപോലെ സ്കൂളിലേക്കു പോകുമ്പോഴും, തിരിച്ചുവരുമ്പോഴും



മാവേലിക്കര പുതിയകാവു പള്ളിയിൽ കയറി അല്പനേരം പ്രാർത്ഥിക്കുകയും പതിവായിരുന്നു. ദൈവാശ്രയത്തിന്റെയും പ്രാർത്ഥനാചൈതന്യത്തിന്റെയും തെളിവായിരുന്നു അവ. ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയിൽ നിർബന്ധമായും സംബന്ധിച്ചിരുന്നതും പള്ളിയിൽ വൈദികർക്കു സഹായിയായിരിക്കാൻ താത്പര്യപ്പെട്ടിരുന്നതും അമ്മയിൽനിന്നു കിട്ടിയ പരിശീലനമായിരുന്നു. ഇങ്ങനെ സമപ്രായക്കാരായ ബാലന്മാർക്കില്ലാത്ത ശുഷ്ക്കാന്തിയും ഭക്തിയും പ്രദർശിപ്പിച്ചുപോന്നതിനോടൊപ്പം വിരക്തജീവിതത്തോടുള്ള താല്പര്യവും ബാലനിൽ വളർന്നുവന്നു. അതാണ് പിൽക്കാലങ്ങളിൽ കൽക്കട്ടയിലും മറ്റുസംസ്ഥാനങ്ങളിലുമുള്ള സന്ന്യാസാശ്രമങ്ങളും സ്ഥാപനങ്ങളും സന്ദർശിക്കുന്നതിന് വൈദികനായശേഷവും അദ്ദേഹത്തിന് പ്രേരണയായത്. കൽക്കട്ടയിലെ ഓക്സ്ഫോർഡ് മിഷ്യൻ ഫാദേഴ്സിന്റെ എപ്പിഫനി ആശ്രമം, ഗാന്ധിജിയുടെ സബർമതി, വിശ്വമഹാകവി ടാഗോറിന്റെ ശാന്തിനികേതനം, ദൈവസ്നേഹപ്രവർത്തനങ്ങൾക്കും പ്രാർത്ഥനയ്ക്കും മുൻതൂക്കം നല്കുന്ന കത്തോലിക്കാസഭയുടെ സന്ന്യാസഭവനങ്ങൾ മുതലായവ ഈ സന്ദർശനങ്ങളിൽപ്പെടുന്നു.

സഭാസമൂഹത്തിൽ മാറാരോഗമായിത്തീർന്നിരുന്ന ഭൗതികതയ്ക്ക് ശമനം വരുത്താൻ ദൈവപിതാവുമായുള്ള തീവ്രബന്ധത്തിനേ സാധിക്കൂ എന്നദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. ദൈവത്തെ പിതാവായി അംഗീകരിക്കുകയും സ്നേഹിക്കുകയും അവിടുത്തെ ഹിതാനുസാരംമാത്രം ഈ ലോകവുമായി ബന്ധംസ്ഥാപിച്ച് പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നതാണ് ആദ്ധ്യാത്മികതയുടെ കാതൽ. ഈ ഉറച്ച ദൈവമനുഷ്യബന്ധം സഭയിലുണ്ടാകണം. കർത്താവിന്റെ മലയിലെ പ്രസംഗം (വി. മത്താ. 5:3 ) സഭാധികാരികളും സഭാംഗങ്ങളും മനസ്സിലാക്കണം. ഇത് കുടുംബങ്ങളിലും സഭയിലും കൃത്യമായും വ്യക്തമായും പഠിപ്പിക്കുന്നതിന് സ്വയംസമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് എളുപ്പമാകും. ഈ തിരിച്ചറിവ് എം.എ. അച്ചനിൽ പ്രബലപ്പെട്ടു. താൻ തന്നെ ഈ സമർപ്പണജീവിതം പ്രായോഗികമാക്കിയാൽ മറ്റുള്ളവരെ ഇതിലേക്കാകർഷിക്കാൻ അതൊരു മാർഗ്ഗവും പ്രേരണയുമാകുമെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി.

## ദൈവം കളമൊരുക്കുന്നു

കോട്ടയത്ത് എം.ഡി. സെമിനാരിയിൽ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ട എം.എ. അച്ചൻ ദിവസത്തിന്റെ ഏറിയ സമയവും ദൗത്യനിർവഹണത്തിൽ ബദ്ധശ്രദ്ധനായിരുന്നു. എങ്കിലും തന്റെ പ്രിയപ്പെട്ട മലങ്കരസഭ അധികാരത്തർക്കങ്ങളിൽനിന്നു മുക്തിനേടുകയില്ലെന്നും ആദ്ധ്യാത്മികതയിൽ വളരു

www.malankaralibrary.com



കയില്ലെന്നുമുള്ള അറിവ് മനസ്സിനെ തളർത്തിയിരുന്നു. വഴിയും സത്യവുമായ ദൈവം തന്നിലാശ്രയിക്കുന്ന പുത്രനുവേണ്ടി ഒരു കളമൊരുക്കാൻ തിരുമനസ്സായി. കൽക്കട്ടായ്ക്കടുത്ത് സെറാംപൂർ എന്ന സ്ഥലത്ത് ക്രൈസ്തവ യുവജനങ്ങൾക്കായി ഒരു സമ്മേളനം, ആദ്ധ്യാത്മികോന്നമനം ലക്ഷ്യമാക്കി പ്രോട്ടസ്റ്റന്റു മിഷനറിസംഘം സംഘടിപ്പിക്കുന്നതിൽ സംബന്ധിക്കുന്നതിനും പ്രതിനിധികളെ അയയ്ക്കുന്നതിനുമുള്ള ക്ഷണം അഭിവന്ദ്യ വട്ടശ്ശേരിൽ മെത്രാപ്പോലീത്തയ്ക്കു ലഭിച്ചു. വട്ടശ്ശേരിൽത്തിരുമേനിയോടൊപ്പം എം.എ. അച്ചനും അതിൽ സംബന്ധിക്കാനെത്തി. ധാരാളം പ്രശസ്ത വ്യക്തികളുമായി പരിചയപ്പെടുന്നതിനും, ബന്ധം സ്ഥാപിക്കുന്നതിനും ഈ യാത്ര ഉപകരിച്ചു. പരിചയപ്പെട്ടവരിൽ ഒരാളായിരുന്നു സെറാംപൂർ കോളജ് പ്രിൻസിപ്പാൾ ഡോ. ഹവ്വൽസ്. എം.എ. അച്ചനെ നന്നേ ഇഷ്ടപ്പെട്ട മിസ്റ്റർ ഹവ്വൽസ് അദ്ദേഹത്തെ സെറാംപൂർ കോളേജിൽ പ്രൊഫസറായി കിട്ടണമെന്ന ആഗ്രഹത്തോടെ എം.എ. അച്ചന്റെയും വട്ടശ്ശേരിൽ തിരുമേനിയുടെയും അഭിപ്രായം ആരാഞ്ഞു. മനസ്സിലെ സംഘട്ടനങ്ങൾ ഒതുക്കിവച്ച് "ആലോചിച്ച് പുറകെ അറിയിക്കാം" എന്ന മറുപടിയോടെ തിരുമേനിയും അച്ചനും നാട്ടിലെത്തി.

തന്നെ പ്രൊഫസറായി കിട്ടാൻ മിസ്റ്റർ ഹവ്വൽസ് വളരെയധികം ആഗ്രഹിക്കുന്നു എന്നു മനസ്സിലാക്കിയ എം.എ. അച്ചന് പലവിധ ചിന്തകളുടെ വേലിയേറ്റത്തിൽ ഒരു തീരുമാനമെടുക്കാൻ ബുദ്ധിമുട്ടായി. സഭാസംബന്ധമായി വലിയ പ്രതിസന്ധിയിലായിരുന്ന തന്റെ ഗുരുവിനെ തനിച്ചാക്കിയിട്ട് ദൂരേക്കുപോകുക പ്രയാസം. സെറാംപൂർ കോളജിൽ ജോലികിട്ടുക സഭയ്ക്കും സമുദായത്തിനും മുതൽക്കൂട്ടായേക്കാമെങ്കിലും തന്റെ ഭാവിപരിപാടികൾക്കും ആശയാഭിലാഷങ്ങൾക്കും അതു വിലങ്ങുതടിയായേക്കുമോ എന്ന ശങ്ക! എന്നാൽ പ്രസിദ്ധമായ സെറാംപൂർ കോളജിൽ ജോലി ലഭ്യമാകുന്നതുകൊണ്ട് കുറെപ്പേരെ അവിടെകൊണ്ടുപോയി പഠിപ്പിച്ചു പ്രഗത്ഭരാക്കിയാൽ എം.ഡി. സെമ്മിനാരിസ്കൂളിന്റെ ഭാവി ശോഭനമാക്കാം; അതുമല്ല സാമ്പത്തിക ബുദ്ധിമുട്ടിൽ നിന്ന് തന്റെ സഭയെ അല്പമെങ്കിലും മുക്തയാക്കാം; എല്ലാറ്റിനുമുപരി കലുഷിതമായ, സമാധാനം ലവലേശമില്ലാത്ത സഭയുടെ ഇപ്പോഴത്തെ അന്തരീക്ഷത്തിൽനിന്ന് ഒന്നു മാറിനില്ക്കുന്നത് തനിക്ക് നല്ലതാണ്; എന്നിങ്ങനെ വിചാരവീചികളുടെ നിലയില്ലാക്കയത്തിൽ മുങ്ങിത്താഴുമ്പോൾ ഊണും ഉറക്കവുംപോലും വഴിമാറി.

ഇവിടെയും ദൈവതിരുച്ചിത്തം അന്വേഷിക്കുന്നതിന് അച്ചനും വ്യക്തമായ ഒരുറച്ച തീരുമാനം നല്കുന്നതിൽ ദൈവവും കാലതാമസം വരുത്തിയില്ല. ഒരു നല്ലസമയം തെരഞ്ഞെടുത്ത് കാര്യങ്ങൾ വ്യക്തമായി ഗുരുഭൂതനെ ധരിപ്പിച്ച് തിരുമേനിയുടെ അനുവാദം വാങ്ങുന്നതിന് അച്ചന് സാധിച്ചു.



1913 ൽ എം.ഡി. സെമിനാരിയിൽ നിന്നും മെട്രിക്കുലേഷൻ ജയിച്ച സമർത്ഥനും സഭാസ്നേഹിയുമായിരുന്ന യാക്കോബു ശെമ്മാശനുമൊന്നിച്ചാണ് എം.എ. അച്ചൻ സെറാംപൂരിലെത്തിയത്. സന്തോഷപൂർവ്വം എം.എ. അച്ചനെയും ശെമ്മാശനെയും സ്വീകരിച്ച മിസ്റ്റർ ഹവ്വൽസ് അച്ചനെ പ്രൊഫസറായി നിയമിക്കുകയും ശെമ്മാശന് പഠനത്തിന് സൗകര്യം നല്കുകയും ചെയ്തു. കൽക്കട്ടയിൽ മിഷ്യനറി ജോലിചെയ്തിരുന്ന ഓക്സ്ഫോർഡ് മിഷ്യൻ എപ്പിഫനി ഫാദേഴ്സുമായും അതുവഴി എപ്പിഫനി ആംഗ്ലിക്കൻ സിസ്റ്റേഴ്സുമായും പരിചയം സമ്പാദിക്കാൻ എം.എ. അച്ചന് വളരെവേഗം സാധിച്ചു. ഓക്സ്ഫോർഡ് മിഷ്യനുകളുടെ സ്ഥാപകരായ ഫാദർ സ്ട്രോംഗും മദർ ഈഡിത്തും ക്രമേണ എം.എ. അച്ചന്റെ ഉറ്റസുഹൃത്തുക്കളായിത്തീർന്നു.

സെറാംപൂരിൽ ഫാദർ പി.റ്റി. ഗീവറുഗീസ് എന്നാണ് എം.എ. അച്ചൻ അറിയപ്പെട്ടിരുന്നത്. തന്നിൽ വേരൂന്നി വളർന്നുവന്നിരുന്ന സന്ന്യാസാഭിമുഖ്യത്തിന് പ്രായോഗികത കൈവന്നത് സെറാംപൂർ ജീവിതകാലത്താണ്. വന്ദ്യനായ ഫാ. പി.റ്റി. ഗീവറുഗീസിന്റെ സന്ന്യാസാഭിമുഖ്യം, ശ്രേഷ്ഠമായ പെരുമാറ്റശൈലി തുടങ്ങിയവ ഫാദർ സ്ട്രോംഗിനെയും മദർ ഈഡിത്തിനെയും മറ്റും ഹഠാദാകർഷിച്ചു. ഒരിക്കൽ അദ്ദേഹം തന്റെ ഹൃദയാഭിലാഷമായ സ്ത്രീജനോദ്ധാരണാർത്ഥമുള്ള ആശ്രമസ്ഥാപനത്തെക്കുറിച്ച് മദർ ഈഡിത്തിനോട് സംസാരിക്കുകയും കേരളത്തിൽ വന്ന് പെൺകുട്ടികളെ സന്ന്യാസത്തിന് പരിശീലിപ്പിക്കണമെന്ന് മദറിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ ദൈവഹിതം മറ്റൊന്നായിരുന്നു. കേരളത്തിലെത്തി സന്ന്യാസം പരിശീലിപ്പിക്കാനുള്ള ബുദ്ധിമുട്ട് അറിയിച്ചശേഷം മദർ സന്തോഷത്തോടെ പറഞ്ഞു: "ആഗ്രഹമുള്ള പെൺകുട്ടികളെ ബാരിസോളിൽ എത്തിച്ചുതന്നാൽ ഇവിടെ അവർക്കു പരിശീലനം നല്കാം." ഇതിനുള്ള സാദ്ധ്യതകളെക്കുറിച്ച് അതുവരെ ഒന്നും ചിന്തിച്ചിരുന്നില്ലെങ്കിലും ഈ വാഗ്ദാനം ദൈവനിയോഗമായി അച്ചൻ ദർശിച്ചു.

1915 ലെ കോളജവധിക്കാലത്ത് മനസ്സിൽ കുറെ പദ്ധതികളും പ്രതീക്ഷകളുമായി നാട്ടിലെത്തിയ എം.എ. അച്ചൻ ഏതാനും പെൺകുട്ടികളെ ഇതിനായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. അങ്ങനെ തന്റെ ഹൃദയാഭിലാഷമായിരിക്കുന്ന സന്ന്യാസസമൂഹത്തിന്റെ - ബഥനി മിശിഹാനുകരണ സന്ന്യാസിനീ സമൂഹമാകുന്ന വടവൃക്ഷത്തിന്റെ - വിത്ത് ബാരിസോളിൽ പാകുന്നതിനുള്ള കളമൊരുങ്ങിക്കഴിഞ്ഞു. ഇനി വിത്തുകൾ ശേഖരിക്കണം. തനിക്കേറ്റം വിശ്വസ്തരായ സ്നേഹിതരുമായി അതിനെക്കുറിച്ച് ആലോചനയാരംഭിച്ചു.

www.malankaralibrary.com



കത്തോലിക്കാസഭയിൽ അനായാസം മുളച്ചുവരുന്ന സന്ന്യാസസമൂഹങ്ങളുടെ കെട്ടുറപ്പ്, ശാന്തിനികേതനിൽ നിറഞ്ഞുനില്ക്കുന്ന ഭാരതീയ ദൈവദർശനം, സബർമതിയിലെ ദൈവൈക്യവും ലാളിത്യവും, ബാരിസോളിൽ എപ്പിഫനിസിസ്റ്റേഴ്സിന്റെ മഠത്തിൽ കണ്ട ത്യാഗോജ്ജ്വലമായ ശുശ്രൂഷാജീവിതം ഇവയുടെയെല്ലാം സാരാംശങ്ങൾ കൂട്ടിച്ചേർത്ത് തനി ഭാരതീയശൈലിയിലും ഈശ്വരസാക്ഷാത്ക്കാരത്തിലും ഒരു സന്ന്യാസകൂട്ടായ്മ - അർപ്പിതസമൂഹം - മലങ്കര സഭാസമൂഹത്തിന്റെ പുനരുദ്ധാരണത്തിനും ശക്തമായ ആദ്ധ്യാത്മിക വളർച്ചക്കുംവേണ്ടി ഉണ്ടാകണം. ഈ അഭിവാഞ്ഛയുടെ മുമ്പിൽ ഉണ്ടാകാവുന്ന എല്ലാ വിലങ്ങുതടികളെയും തൃണവൽഗണിച്ചുകൊണ്ട് അദ്ദേഹം പ്രവർത്തനമാരംഭിച്ചു.

# അദ്ധ്യായം 2

## ബാരിസോളിലേക്ക്

ബാരിസോളിലേക്കു പെൺകുട്ടികളെ കൊണ്ടുപോകുന്നതിന് എം.എ. അച്ചന് ഏറ്റംവലിയ തുണയായിനിന്നത് സെറാംപൂരിലുണ്ടായിരുന്ന ശൂരനാട്ടു കോശി ശെമ്മാശൻ ആയിരുന്നു. എം.എ. അച്ചന്റെകൂടെ അവധിക്കു നാട്ടിലെത്തിയതായിരുന്നു അദ്ദേഹം. ശെമ്മാശന്റെ പിതൃസഹോദരപുത്രി ശൂരനാട്ടു കുറ്റിയിൽ കുറിയാക്കോസ് കത്തനാരുടെ മകൾ മറിയാമ്മയാണ് ആദ്യം മുന്നോട്ടുവന്നത്. എം.എ. അച്ചന്റെ വിശ്വസ്തസ്നേഹിതനായ മാവേലിക്കര ഈപ്പച്ചന്റെ മകൾ കുഞ്ഞമ്മ (13)യും സന്നദ്ധയായി. മാവേലിക്കര പുത്തൻപുരയ്ക്കൽ പീലിപ്പോച്ചൻ എന്ന ഒരു നല്ല സുഹൃത്ത് എം.എ. അച്ചനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൾ സന്നിപാതജ്വരം ബാധിച്ച് ആസന്നമരണാവസ്ഥയിലെത്തിയിരുന്നു. അദ്ദേഹത്തിന്റെ രണ്ടു പെൺമക്കൾ ഇതേ രോഗത്താൽ ഒന്നുരണ്ടു വർഷംമുമ്പ് മരിച്ചുപോയിരുന്നു. മൂന്നാമത്തെ മകളായ അന്നമ്മയും മരിച്ചുപോയേക്കുമോ എന്ന ഭയത്താൽ പീലിപ്പോച്ചൻ മകളെ തൊട്ടുകൊണ്ട് കുട്ടി രക്ഷപ്പെട്ടാൽ ദൈവത്തിനു കൊടുത്തേക്കാം എന്ന് ഹൃദയംനൊന്ത്നേർച്ച നേർന്നു. അത്ഭുതമെന്നേ പറയേണ്ടു! അന്നമ്മ ക്രമേണ സുഖംപ്രാപിച്ചു, പഠനവും ആരംഭിച്ചു. ഈ സന്ദർഭത്തിലാണ് എം.എ. അച്ചന്റെ പുതിയ പദ്ധതിയെക്കുറിച്ച് അറിയുന്നത്. പതിനൊന്നു വയസ്സുമാത്രം പ്രായമുള്ള തന്റെ മകൾ അന്നമ്മയെയും അയയ്ക്കാമെന്ന് ആ നല്ല പിതാവ് സമ്മതിച്ചു. അങ്ങനെ മൂന്നുപെൺകുട്ടികൾ ബാരിസോളിലേക്കുപോകാൻ തയ്യാറായി. സാമാന്യവിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്തവരും ബംഗാളിയോ ഇംഗ്ലീഷോ വശമില്ലാത്തവരുമായ മൂന്നു മലയാളി പെൺകുട്ടികൾ കണ്ടോ കേട്ടോ അറിവില്ലാത്ത ഒരു ലോകത്തേക്ക് പഠിക്കാനും സന്ന്യാസം പരിശീലിക്കാനും ഇറങ്ങിപ്പുറപ്പെടുന്ന സാഹസത്തെ നാട്ടുകാരും വേണ്ടപ്പെട്ടവരും എത്രവലിയ ആകാംക്ഷയോടും സംശയത്തോടും കൂടിയാണ് വീക്ഷിച്ചതെന്ന് പറയേണ്ടതില്ലല്ലോ.

ഈ മൂന്നു പെൺകുട്ടികളെക്കൂടാതെ ഉപരിപഠനാർത്ഥം കൽക്കട്ടയിലേക്കു പോകുന്നതിന് മറ്റു ചിലരെയും അച്ചൻ കണ്ടെത്തി. വെണ്ണിക്കുളത്ത് കൂടത്തുംമുറിയിൽ ദത്തുതാമസിച്ചിരുന്ന തിരുവല്ല വള്ളംകുളത്ത് മോണോത്തുകണ്ടത്തിൽ ശ്രീമാൻ വർഗീസിന്റെ മകൾ സാറാമ്മ കോട്ടയത്ത്

www.malankaralibrary.com



ബേക്കർ മെമ്മോറിയൽ ഹൈസ്കൂളിൽ ഫോർത്തുഫോമിൽ പഠിക്കുകയായിരുന്നു. എം.എ. അച്ചന്റെ നിർദ്ദേശാനുസാരം അവളെ കൽക്കട്ടയിൽ ആംഗ്ലിക്കൻ ഹൈസ്കൂളിൽ വിട്ടുപഠിപ്പിക്കുവാൻ ശ്രീമാൻ വർഗീസ് തയ്യാറായി.

1915 ജൂൺ മാസാരംഭത്തിൽ എം.എ. അച്ചനും കോശിശെമ്മാശനും കൂടി ഈ പെൺകുട്ടികളെയുംകൊണ്ട് കൽക്കട്ടായിലെത്തി. സാറാമ്മയെ ഡയോസിസൻ സ്കൂളിൽ ചേർത്തു; ഹോസ്റ്റലിൽ താമസസൗകര്യവും ഏർപ്പെടുത്തി. എന്നാൽ കൂടെയുള്ള മൂന്നുപേരെ സെറാംപൂരിൽനിന്നും ഇരുനൂറോളം മൈൽ ദൂരെ പൂർവബംഗാളിലുള്ള ബാരിസോളിലേക്ക് ഉടനെ കൊണ്ടുപോവുക സാദ്ധ്യമല്ലായിരുന്നു. തന്മൂലം കൽക്കട്ടായിൽ തന്നെ പത്തുമൈൽ അകലെ ഓക്സ്ഫോർഡ് മിഷൻ വക ബിഹാലായിലുള്ള ബാരിഷാ സിസ്റ്റേഴ്സിന്റെ (പ്രൊട്ടസ്റ്റന്റ്) സ്ഥാപനത്തിൽ കുറെ ദിവസത്തേക്ക് താമസിപ്പിച്ചു. ദൈവവേലയ്ക്കുള്ള പരിശീലനത്തിനുപോയ കുഞ്ഞുങ്ങളുടെ അന്നത്തെ അവസ്ഥ! ഭാഷ വശമില്ലാത്തതുകൊണ്ടുണ്ടായ ക്ലേശങ്ങൾ മദർ മാക്സ – അന്നത്തെ 11 വയസ്സുകാരി അന്നമ്മ – തന്റെ ഡയറിയിൽ കുറിച്ചിട്ടുള്ളത് ഇവിടെ എടുത്തു പറയട്ടെ: "കൽക്കട്ടയിലെ ഭക്ഷണരീതി ശീലമില്ലാതിരുന്ന ഞങ്ങൾ ഭക്ഷണം കിട്ടുന്ന സമയത്ത് ഒന്നും കാര്യമായി കഴിക്കില്ലായിരുന്നു. വിശന്നു പൊരിഞ്ഞ സന്ദർഭങ്ങളുണ്ട്. ഒരിക്കൽ സഹികെട്ട് ഞങ്ങളിലൊരാൾ റൊട്ടിയെന്നു മലയാളത്തിൽ പറഞ്ഞുകൊണ്ട് വിശക്കുന്നെന്ന് അവിടെയൊരു സിസ്റ്ററിനോടു ആംഗ്യം കാണിച്ചു. ആ സിസ്റ്റർ ഉടൻതന്നെ മൂവരേയും കൂട്ടിക്കൊണ്ടുപോയി റൊട്ടി തന്നു." കൽക്കട്ട പരിചയപ്പെടുംവരെ ഇങ്ങനെ രസകരമായ സംഭവങ്ങൾ പലതുണ്ടായിട്ടുള്ളത് അനുഭവസ്ഥർ പറഞ്ഞിട്ടുണ്ട്.

## ബാരിസോളിൽ ഓക്സ്ഫോർഡ് മിഷ്യൻഹൗസിൽ

...ഷ്യട്ടുപത്തു ദിവസത്തെ ബിഹാലാവാസം കഴിഞ്ഞ് എം.എ. അച്ചൻ കുട്ടികളെയുംകൂട്ടി ബാരിസോളിലേക്കു പുറപ്പെട്ടു. ഇവരെ തനിച്ചു ബാരിസോളിൽ താമസിപ്പിച്ചാലുണ്ടാകാവുന്ന ബുദ്ധിമുട്ടു മനസ്സിലാക്കിയ അച്ചൻ തന്നോടൊപ്പം സെറാംപൂരിലുണ്ടായിരുന്ന മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശനെയും കൂടെ കൊണ്ടുപോയിരുന്നു. എം.എ. അച്ചനെയും കുട്ടികളെയും പ്രതീക്ഷിച്ചിരുന്ന മദർ ഈഡിത്ത് ഹാർദ്ദമായി നവാഗതരെ സ്വീകരിച്ച് പരിചരിച്ചു. വാത്സല്യപൂർവമായ മദറിന്റെ പെരുമാറ്റം കുട്ടികൾക്കെന്നപോലെ എം.എ. അച്ചനും ആശ്വാസമായി. കുട്ടികളുടെ താമസത്തിനായി ക്രമീകരിച്ചിരുന്ന പ്രത്യേക ഭവനത്തിൽ സിസ്റ്റർ എലിയനോർ O.M.S.E. യുടെ ചുമതലയിൽ കുട്ടികളെ താമസിപ്പിച്ചു. മദർ ഈഡിത്ത് അവരുടെ എല്ലാക്കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 'സിറിയൻ ഗേൾസ്' എന്നാണ് അവർ അവിടെ അറിയപ്പെട്ടിരുന്നത്.



എം.എ. അച്ചനോടൊപ്പം ബാരിസോളിലെത്തിയ മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശന് ഓക്സ്ഫോർഡ് മിഷ്യൻ ഫാദേഴ്സിന്റെ ഭവനത്തിൽ താമസിച്ചുകൊണ്ട് ദൈവശാസ്ത്രപഠനത്തിനുള്ള ഏർപ്പാടുകൾ ചെയ്തു. കൂടാതെ കുട്ടികളെ ഇംഗ്ലീഷും മലയാളവും പഠിപ്പിക്കുന്നതിനും ശെമ്മാശനെത്തന്നെ എം.എ. അച്ചൻ ഏർപ്പെടുത്തി. സൗകര്യം കിട്ടുമ്പോഴെല്ലാം എം.എ. അച്ചൻ തന്നെ ബാരിസോളിലെത്തി കുട്ടികളുടെ ആത്മീയകാര്യങ്ങൾ നിർവഹിച്ചുകൊടുക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. കുട്ടികൾ അവിടെ അടുത്തുള്ള ഹൈചർച്ച് ദേവാലയത്തിൽ ആരാധനയിൽ സംബന്ധിച്ചിരുന്നെങ്കിലും വിശുദ്ധകുർബാന കൈക്കൊണ്ടിരുന്നില്ല.

## ബാരിസോളിലേക്ക് അടുത്ത ബാച്ച്

1916-ലെ മദ്ധ്യവേനൽ അവധിക്കാലത്ത് എം.എ. അച്ചൻ കുട്ടികളുമൊത്ത് കേരളത്തിലെത്തിയ വാർത്ത പരന്നുകഴിഞ്ഞു. മലങ്കരസമൂഹത്തിൽ ഒരു നവജീവൻ പ്രസരിച്ചു എന്നുതന്നെപറയാം. പല പെൺകുട്ടികളും അച്ചൻ ആരംഭിച്ചിരുന്ന പദ്ധതിയിൽ ചേരാനാഗ്രഹിച്ചു. എന്നാൽ മലങ്കര സുറിയാനി സഭയിൽ പതിവില്ലാത്ത ഒരു പുരോഗമനപദ്ധതിയിലേക്ക് മക്കളെ അയയ്ക്കാൻ മിക്കവർക്കും താത്പര്യം ഇല്ലായിരുന്നു.

തന്റെ രക്ഷാകരപദ്ധതി ഭൂമിയിൽ തുടർന്നുകൊണ്ടുപോകുന്നതിന് യേശു അനുയായികളെ വിളിച്ചടുപ്പിച്ച രീതി പുതിയ നിയമഗ്രന്ഥം മനോഹരമായി പ്രതിപാദിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. ശിഷ്യത്വത്തിനു തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം യേശു കല്പിച്ചരുളിയത് വിശുദ്ധ മത്തായിയുടെ സുവിശേഷം 10, 11 അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഇളകിമറിയുന്ന കടലിനോട് ഇണങ്ങിയും മറുതലിച്ചും വിജയം വരിച്ചിരുന്ന വലിയ മുക്കുവനും അപ്പനോടൊന്നിച്ച് അദ്ധ്വാനത്തിൽ കഴിഞ്ഞിരുന്ന സെബദിപുത്രന്മാരും ചുങ്കസ്ഥലത്ത് അതിസാമർത്ഥ്യത്തോടെ മനുഷ്യമനസ്സുകളെ വേർതിരിച്ചറിഞ്ഞ് ചുങ്കം പിരിച്ച് സമ്പാദ്യമുണ്ടാക്കിയിരുന്ന മത്തായിയും എന്നുവേണ്ടാ സമുദായത്തിൽ സ്വന്തമായി നിലയും വിലയും ലഭിക്കാൻ ബുദ്ധിമുട്ടുള്ള അദ്ധ്വാനികളെ മുഴുവൻ യേശു സ്നേഹപൂർവം വിളിച്ചടുപ്പിച്ച് അവർക്ക് പരിശീലനം നല്കുകയായിരുന്നു. ഒരു കാര്യം വളരെ വ്യക്തമാണ്. വിളിച്ചവനിൽനിന്ന് അലിഖിതമായി മനസ്സിൽ പതിഞ്ഞുകിടക്കുന്ന ധർമ്മങ്ങളും നന്മകളും ദൈവം നല്കിയിരിക്കുന്ന ദൗത്യമാണെന്ന് സ്വയം തിരിച്ചറിയുന്ന മനുഷ്യമക്കൾക്കാണ് തങ്ങൾക്കു ലഭിക്കുന്ന വിളിയിൽ വിശ്വസ്തരായിരിക്കാൻ എളുപ്പം. ഇങ്ങനെയുള്ളവർ അനുദിന ജീവിതാനുഭ

www.malankaralibrary.com



വങ്ങളിൽ കണ്ടുമുട്ടുന്ന ദൈവത്തെ തിരിച്ചറിയുന്നതിന് ദൈവംതന്നെ സംഗതിയാക്കുന്നു. അവരതിൽ വിശ്വസിക്കുന്നു; ബോദ്ധ്യം സ്വന്തമാക്കുന്നു; പ്രാവർത്തികമാക്കുന്നു.

കേരളത്തിൽ എന്നല്ല ഭാരതത്തിൽതന്നെ സ്ത്രീകൾ പണ്ടുമുതലേ പൂജ്യരും ബഹുമാനിതരുമായി കരുതപ്പെട്ടിരുന്നു. എന്നിരുന്നാലും സ്ത്രീവിദ്യാഭ്യാസം ഒരാവശ്യമായി അന്നു കണക്കാക്കപ്പെട്ടിരുന്നില്ല. ക്രൈസ്തവസമൂഹവും ഈ കാര്യത്തിൽ വിഭിന്നമായിരുന്നില്ല. ഇങ്ങനെയൊരു കാലഘട്ടത്തിലാണ് നമ്മുടെ കഥാപുരുഷൻ കുടുംബനവീകരണത്തിനും അതുവഴി സഭാനവീകരണത്തിനുമായി സ്ത്രീജനോദ്ധാരണവും സ്ത്രീവിദ്യാഭ്യാസവും അനിവാര്യമെന്ന് ബോദ്ധ്യപ്പെട്ട് അതു ദൈവം തന്നെ ഏല്പിച്ചിരിക്കുന്ന ഒരു വലിയ ദൗത്യമായി സ്വീകരിച്ചതെന്നോർക്കണം. താൻ ജീവനോളം സ്നേഹിക്കുന്ന സഭാഗാത്രത്തെ രക്ഷിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും വളർത്തുന്നതിനും അങ്ങനെ ഭാരതത്തെ സുവിശേഷീകരിക്കുന്നതിനും ദൈവതിരുമുമ്പിൽ സ്വയം സമർപ്പിതരായ മനുഷ്യരുണ്ടാകണം. ആ സമർപ്പണം സന്ന്യാസജീവിതശൈലിയിലൂടെയാണ് സുഗമമാവുക. ഈ ബോദ്ധ്യമാണ് അദ്ദേഹത്തിന്റെ സന്ന്യാസാഭിമുഖ്യത്തിന്റെ വളർച്ചയ്ക്കു കാരണം. അതിനുള്ള നടപടികൾ അവധിക്കാലപരിപാടിയിലൂടെ അദ്ദേഹം തുടർന്നു.

ദൈവപിതാവുമായി നിരന്തരം പര്യാലോചനകളിൽ ഏർപ്പെട്ടിരുന്ന എം.എ. അച്ചൻ തന്റെ അധികാരമുപയോഗിച്ചോ നിർബന്ധിച്ചോ ആരെയും ഇതിനു പ്രേരിപ്പിച്ചിട്ടില്ല. പ്രത്യുത ദൈവപിതാവ് തന്റെ പരിപാലനപദ്ധതികൾ അച്ചനിലൂടെ പൂർത്തീകരിക്കയായിരുന്നു. തുടർന്നുള്ള സംഭവപരമ്പരകൾ ഇതു വ്യക്തമാക്കുന്നു. അച്ചന്റെ ഈ നവോത്ഥാനപദ്ധതി മലങ്കര സുറിയാനി സഭയ്ക്ക് ഒരു പുതിയ കാൽവയ്പാണെന്നും അത് വിമർശനാത്മകമാണെന്നും അതു വിജയിച്ചാൽ ശ്രേഷ്ഠമാണെന്നും വിജയിപ്പിക്കാൻ അദ്ദേഹം പ്രാപ്തനാണെന്നും തിരിച്ചറിഞ്ഞ ഏതാനും നല്ല വ്യക്തികൾ സമുദായത്തിലുണ്ടായിരുന്നു. അങ്ങനെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികളിൽ ചിലർ ആത്മധൈര്യത്തോടെ ബുദ്ധിമുട്ടുകളോർത്തുതളരാതെ വന്ദ്യനായ എം.എ. അച്ചന്റെ കാലടികളെ പിന്തുടരാൻ തയ്യാറായി.

എം.എ. അച്ചന്റെ നേതൃത്വത്തിൽ സെറാംപൂരിൽ ഉപരിപഠനാർഥം പോയിരുന്നവരിൽ ഒരാളായിരുന്നു തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ എം.പി. പത്രോസ് ശെമ്മാശൻ. അദ്ദേഹത്തിന്റെ മൂത്തസഹോദരി കുഞ്ഞിളച്ചി ബാല്യകാലത്തുതന്നെ (എട്ടാം വയസ്സിൽ) അന്നത്തെ നാട്ടുനടപ്പനുസരിച്ച് വിവാഹിതയായി; അധികം താമസിയാതെ വൈധവ്യം സംഭവിച്ചവളായിരുന്നു.



പിന്നീടുണ്ടായ എല്ലാ വിവാഹാലോചനകളും നിരസിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും ദൈവൈക്യത്തിൽ കഴിഞ്ഞിരുന്ന കുഞ്ഞിളച്ചി സ്വസഹോദരനിൽനിന്ന് ഈ പുതിയ വർത്തമാനം ഗ്രഹിച്ചിരുന്നു. എം.എ. അച്ചനെ ഒന്നു നേരിൽ കാണുന്നതിനും സംസാരിക്കുന്നതിനും അവസരം പാർത്തിരുന്ന സ്വസഹോദരിയെക്കുറിച്ച് ശെമ്മാശൻ എം.എ. അച്ചനെയും അറിയിച്ചിരുന്നു.

തന്നെ ഒരുനോക്കു കാണാനാഗ്രഹിച്ച സക്കേവൂസിന് ആഗ്രഹിച്ചതും അതിനപ്പുറവും കനിഞ്ഞുനല്കിയ കരുണാമയനായ യേശു കുഞ്ഞിളച്ചിയുടെ ആഗ്രഹം നൂറിരട്ടിയായി സഫലമാക്കിയെന്ന് തുടർസംഭവങ്ങളിലൂടെ നമുക്കു മനസ്സിലാക്കാം. കൊച്ചിയിൽ മാന്തുരുത്തി എന്ന സ്ഥലത്ത് ഒരു പുലയകോളനിയുണ്ടായിരുന്നു. അക്ഷരാഭ്യാസമില്ലാത്തവരും അധഃകൃതരെന്ന് മുദ്രകുത്തപ്പെട്ടിരുന്നവരുമായ ഈ ദളിതരുടെ കഥ അവധിക്കാലത്ത് നാട്ടിൽ വന്നിരുന്ന പത്രോസ് ശെമ്മാശ്നിൽനിന്നും അറിഞ്ഞ എം.എ. അച്ചൻ ഒരവധിക്കാലം കുറച്ചുദിവസങ്ങൾ അവർക്കായി ചെലവഴിക്കാനും അവരുടെ കൂടെയായിരിക്കാനും ആഗ്രഹിച്ച് ശെമ്മാശനുമൊത്ത് മാന്തുരുത്തിയിലേക്കു തിരിച്ചു. പത്രോസ് ശെമ്മാശൻ കരുതിക്കൂട്ടി സംഘടിപ്പിച്ചതല്ലെങ്കിലും ഈ മിഷ്യൻയാത്ര കുഞ്ഞിളച്ചിയെ സംബന്ധിച്ചിടത്തോളം ഒരു ദൈവനിയോഗമായി. സ്വസഹോദരനുമൊത്ത് യാദൃച്ഛികമായി ഭവനത്തിലെത്തിയ എം.എ. അച്ചനോട് തന്റെ ആഗ്രഹങ്ങളെല്ലാം ഉണർത്തിക്കുന്നതിന് അതൊരു സുവർണാവസരമായി കുഞ്ഞിളച്ചി കണ്ടു. തൽഫലമായി ബാരിസോൾ യാത്രയ്ക്കു കുഞ്ഞിളച്ചി തയ്യാറായി. സഹോദരനൊഴിച്ച് ബാക്കി കുടുംബാംഗങ്ങൾക്ക് ഈ പുത്തൻ പദ്ധതി അത്ര സ്വീകാര്യമായിരുന്നില്ല.

കായംകുളത്ത് പൊൻവാണിഭം വീട്ടിൽ ശ്രീ ഇടിച്ചാണ്ടിയുടെ മകൾ ആച്ചിയമ്മ ഈ പ്രസ്ഥാനത്തെക്കുറിച്ചു കേട്ടിരുന്നു. എട്ടു വയസ്സു പ്രായമുള്ളപ്പോൾ ഊഞ്ഞാലിൽനിന്നു വീണ് കൈ ഒടിഞ്ഞ് സ്കൂൾ ജീവിതമവസാനിപ്പിച്ച് വീട്ടിൽ കഴിയുകയായിരുന്ന ഭക്തയായ ആച്ചിയമ്മ മലങ്കരസഭയിൽ പ്രശസ്തനായിക്കഴിഞ്ഞിരുന്ന എം.എ. അച്ചന്റെ പ്രസംഗങ്ങളിലും പുതിയ ജീവിതശൈലിയിലും ആകൃഷ്ടയായി. യൗവ്വനത്തിലേക്കു കടന്നിരുന്ന മകളെ വിവാഹം കഴിപ്പിച്ചയയ്ക്കാനായിരുന്നു മാതാപിതാക്കളുടെ ഉദ്യമം. പക്ഷേ ആച്ചിയമ്മ ഒന്നിലും സഹകരിക്കുന്നമട്ടില്ല. ആച്ചിയമ്മയുടെ ഇംഗിതങ്ങൾ മനസ്സിലാക്കിയ മാതാപിതാക്കളും ബന്ധുക്കളും എതിർപ്പിന്റെ വഴിയിലേക്കു തിരിഞ്ഞു. മലങ്കരസഭയിൽ നിലവിലില്ലാത്ത ഒരു പുതിയ പദ്ധതി! സ്ത്രീകൾ അവിവാഹിതരായി ജീവിതകാലം മുഴുവൻ കഴിഞ്ഞാൽ കുടുംബത്തിനുണ്ടാകുന്ന അപമാനം! ഈ തടസ്സവാദങ്ങളൊന്നും ആച്ചിയമ്മയുടെ തീരുമാന

www.malankaralibrary.com



ത്തിന് വ്യതിയാനം വരുത്തുവാൻ പര്യാപ്തമായില്ല. ബാരിസോളിലേക്കു പോകാൻ തന്നെ ആച്ചിയമ്മ തീരുമാനിച്ചു. ദൈവഹിതത്തിനു തടസ്സംനില്ക്കാൻ ആർക്കു സാധിക്കും?

എം.എ. അച്ചന്റെ ആദ്ധ്യാത്മികനവോത്ഥാന സന്ദേശവുംപേറി മലങ്കര സഭാമണ്ഡലത്തിൽ ചലനം സൃഷ്ടിച്ചുകൊണ്ടിരുന്ന മന്ദാനിലൻ കറ്റാനത്ത് ആന്നിയിൽ കുടുംബത്തിലും എത്തി. ബൈബിളിലെ സ്ത്രീകളെ പുരസ്കരിച്ച് വന്ദ്യ പുന്നൂസ് റമ്പാൻ രചിച്ചിരുന്ന ഒരു ചെറുഗ്രന്ഥം കറ്റാനത്ത് ആന്നിയിൽ വീട്ടിലെ അന്നമ്മ എന്ന പതിമൂന്നുകാരി വായിക്കാനിടയായി. ഈ സ്ത്രീകളെപ്പോലെ ദൈവത്തിനുവേണ്ടി ജീവിക്കാൻ സാധിച്ചിരുന്നെങ്കിൽ എന്ന ഒരു അഭിനിവേശം നിരന്തരം അന്നമ്മയെ അലട്ടിയിരുന്നു. ഈ സമയത്താണ് പിതൃസഹോദരിപുത്രിയായ ആച്ചിയമ്മ വഴി ബാരിസോൾ വിവരങ്ങളെല്ലാം അന്നമ്മ അറിയാനിടയായത്. ദൈവവിളിയുടെ നിഗൂഢരഹസ്യങ്ങൾ ആരറിയുന്നു? അന്നമ്മ അവളുടെ ആഗ്രഹം അമ്മയെ അറിയിക്കാൻ താമസിച്ചില്ല. എതിർപ്പും ഭീഷണികളും അമ്മയിൽനിന്നു മാത്രമല്ല അടുത്ത ബന്ധുക്കളിൽനിന്നും ശരവർഷംപോലെ ഉയർന്നു. "കൊന്നു കാട്ടിലെറിഞ്ഞാൽപോലും ഇങ്ങനെയുള്ള കെട്ടുറപ്പില്ലാത്ത ജീവിതത്തിനയക്കുകയില്ല" എന്ന അമ്മയുടെ അയവില്ലാത്ത പ്രഖ്യാപനം ഒരു പിടിവാശിയായി അന്നമ്മ കണക്കാക്കി. പിടിവാശിയിലും ഉദ്ദേശ്യസാധ്യത്തിലും അമ്മയെക്കാൾ ഒരുപടികൂടി കടന്നവളാണ് താനെന്നു ബോദ്ധ്യപ്പെടുത്തുമാറ് അന്നമ്മ തന്റെ നിശ്ചയം നിർഭയം അമ്മയെ അറിയിച്ചു. "ബാരിസോളിലേക്ക് ദൈവവേല പരിശീലനത്തിനായി എന്നെ അയയ്ക്കുകയില്ലെങ്കിൽ നാളെ മുതൽ ഞാൻ സ്കൂളിൽ പോകുന്നില്ല." വെറും പതിമൂന്നു വയസ്സുകാരിയുടെ താദൃശ്യ ദുശ്ശാഠ്യങ്ങൾക്ക് എന്തുവില? എന്നാൽ സൈന്യങ്ങളുടെ കർത്താവായ ദൈവം കുടുംബത്തിൽ ചിലരെത്തന്നെ അന്നമ്മയുടെ ഒറ്റയാൾ പട്ടാളത്തിനു കരുത്തേകാൻ നിയോഗിച്ചു. ആഴ്ചകളോളം നീണ്ടുനിന്ന ശീതസമരത്തിൽ അന്നമ്മ വിജയിയായി. ബാരിസോളിലേക്കു പോകാനുള്ള അനുവാദം അവൾ നേടിയെടുത്തു.

ബാരിസോളിലേക്കു പോകാനുള്ള കുട്ടികളുടെ കാര്യങ്ങൾ നോക്കുന്നതിനും യാത്ര ക്രമീകരിക്കുന്നതിനുമായി എം.എ. അച്ചൻ ഏർപ്പെടുത്തിയിരുന്നത് ബാരിസോളിൽ നിന്നും അവധിക്കു നാട്ടിലെത്തിയിരുന്ന അലക്സാണ്ടർ ശെമ്മാശനെയായിരുന്നു. പോകാൻ തീരുമാനിച്ചിരിക്കുന്നവർ മൂന്നു പേരുണ്ടെന്നും അതിൽ മൂന്നാമത്തെയാൾ തേർഡ് ഫോമിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിയാണെന്നും ആന്നിയിൽ കുടുംബത്തിൽ നിന്നാണെന്നും ശെമ്മാശൻ എം.എ. അച്ചനെ അറിയിക്കുകയുണ്ടായി. "ആ ക്ലാസ്സുകൂടി പൂർത്തിയാക്കിയിട്ടു വന്നാൽ പോരേ"യെന്ന് എം.എ. അച്ചൻ എഴുതിച്ചോദിച്ചതിന് "അവൾ വളരെയധികം ആഗ്രഹിക്കുന്നു, ഒരു വലിയ യുദ്ധത്തിനുശേഷം കിട്ടിയ അനുവാദമാണ്, തടഞ്ഞാൽ അവൾ മരിച്ചുപോകും" എന്നായിരുന്നു ശെമ്മാശന്റെ മറുപടി.



## രണ്ടാം ഗണം ബാരിസോൾ എന്ന അദ്ഭുതലോകത്തിൽ

അവധി കഴിഞ്ഞ് അലക്സാണ്ടർ ശെമ്മാശന്റെ നേതൃത്വത്തിൽ രണ്ടാമത്തെ ഗണവും 1917 ൽ ബാരിസോളിലേക്കു യാത്രയായി. മൂക്കഞ്ചേരിൽ കുഞ്ഞിളച്ചി, പൊൻവാണിഭം ആച്ചിയമ്മ, ആന്നിയിൽ അന്നമ്മ; ഇവർ ജീവിതത്തിൽ ആദ്യമായിട്ടാണ് ട്രെയിനിൽ യാത്രചെയ്യുന്നത്. കുടുംബത്തിൽ നിന്നുള്ള വേർപാട് ദുഃഖഹേതു ആയിരുന്നെങ്കിലും ഒരു പുതിയ ജീവിതത്തിനായി പുതിയ ലോകത്തേക്കുള്ള യാത്ര അവർക്കു സന്തോഷകരമായിരുന്നു. കിതച്ചും കുതിച്ചും ചൂളംവിളിച്ചും രാപകൽ ഓടിക്കൊണ്ടിരുന്ന തീവണ്ടിയിൽ ഇരുന്നും കിടന്നും ഉറങ്ങിയും നാലാം പ്രഭാതത്തിൽ കൽക്കട്ടയിലെ ഹൗറാസ്റ്റേഷനിൽ അവർ എത്തി. പ്ലാറ്റ്ഫോമിലേക്കിറങ്ങിയ അവരുടെ കണ്ണുകൾ ആദ്യം കണ്ടത് തങ്ങൾ പിതൃതുല്യം സ്നേഹിക്കുകയും ആദരിക്കുകയും തങ്ങളെ ഒരു പുത്തൻജീവിതത്തിലേക്കു നയിക്കുകയും ചെയ്യുന്ന പ്രിയങ്കരനായ എം.എ. അച്ചനെയാണ്. അന്നമ്മയും ആച്ചിയമ്മയും അച്ചനെ ക്കണ്ട സന്തോഷത്തിമിർപ്പിൽ കണ്ണുമിഴിച്ചപ്പോൾ കുഞ്ഞിളച്ചിയുടെ കൺകോണുകളിൽനിന്ന് കണ്ണുനീർ അടർന്നുവീഴുകയായിരുന്നു. തോളിൽതട്ടിയും തലയിൽ തഴുകിയും സ്നേഹവായ്പോടെ മുമ്പിൽ നടന്ന് സ്റ്റേഷന് പുറത്തേക്കു വഴിതെളിച്ച വന്ദ്യതാതനെ എവിടേയ്ക്കെന്നറിയാതെ അവരും അനുഗമിച്ചു. അന്നുതന്നെ ബാരിസോളിലെത്താൻ കഴിഞ്ഞില്ല. മുൻഗണത്തെ താമസിപ്പിച്ചപോലെതന്നെ സെറാംപൂർ കോളജിനടുത്ത സെക്കന്റ് സർക്കുലർ റോഡിൽ ഉള്ള ഡയോസിസൻ ഹോസ്റ്റലിന്റെ മുകളിലത്തെ നിലയിൽ തത്ക്കാലം അവരെ താമസിപ്പിച്ചു.

1917 ജൂൺ അവസാനത്തിൽ മട്ടയ്ക്കൽ ശെമ്മാശനുമൊന്നിച്ച് എം.എ. അച്ചൻ കുട്ടികളെയുംകൂട്ടി ബാരിസോളിനു പുറപ്പെട്ടു. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽപെട്ട ഉന്നതകുടുംബങ്ങളിൽ ജനിച്ചുവളർന്നവരെങ്കിലും തീവണ്ടിയാത്രയും തുടർന്ന് ഹുഗ്ലീ നദിയിലൂടെയുള്ള സ്റ്റീമർ യാത്രയുമെല്ലാം ഇവർക്കു പുതുമയായിരുന്നു. കൽക്കട്ടയിൽനിന്നും ട്രെയിനിൽ മണിക്കൂറുകൾ യാത്രചെയ്ത് 'കുഴ്ന' സ്റ്റേഷനിലിറങ്ങി വീണ്ടും ജലയാത്ര ചെയ്താണ് ബാരിസോളിലെത്തേണ്ടത്. ട്രെയിനിലും സ്റ്റീമറിലുമെല്ലാം സാധാരണക്കാരായ തദ്ദേശവാസികൾ യാത്രചെയ്യുന്ന മൂന്നാംക്ലാസ്സ് കമ്പാർട്ടുമെന്റാണ്

www.malankaralibrary.com



എം.എ. അച്ചൻ എപ്പോഴും തെരഞ്ഞെടുത്തിരുന്നത്. കുഴ്നയിൽ നിന്നും സ്റ്റീമറിൽ യാത്രചെയ്തിരുന്ന അഞ്ചംഗസംഘം പുലർച്ചയായപ്പോൾ കരയ്ക്കിറങ്ങി. ശെമ്മാശൻ ഏർപ്പാടാക്കിക്കൊണ്ടുവന്ന കുതിരവണ്ടിയിൽ അച്ചനും ശെമ്മാശനുമൊപ്പം തെല്ലദ്ഭുതത്തോടെ മൂവരും കയറിയിരുന്നു. താളാത്മകമായ കുതിരക്കുളമ്പടിശബ്ദം അതുവരെയുള്ള യാത്രാക്ഷീണം മറക്കുന്നതിനു സഹായകമായി. ഏകദേശം ഒരു മണിക്കൂർ യാത്ര കഴിഞ്ഞപ്പോഴേക്കും ബാരിസോളിലെ കന്യകാലയത്തിൽ അവരെത്തിച്ചേർന്നു. നവാഗതരെയും സ്നേഹധനരായ അച്ചനെയും ശെമ്മാശനെയും മദർ ഈഡിത്തും സിസ്റ്റേഴ്സും സ്നേഹപൂർവ്വം സ്വീകരിച്ച് അകത്തേക്കാനയിച്ചു.

## പുതിയ ഭവനത്തിൽ

1915 ൽ ബാരിസോളിൽ സിറിയൻ ഗേൾസിനായി ക്രമപ്പെടുത്തിയിരുന്ന ചെറുഭവനം പര്യാപ്തമല്ല എന്നു മനസ്സിലാക്കിയ മദർ ഈഡിത്ത് മഠത്തോടനുബന്ധിച്ച്, സാമാന്യം മെച്ചപ്പെട്ട ഒരു കെട്ടിടവും അതിനോടുചേർത്ത് ഒരു ചാപ്പലും പണികഴിപ്പിച്ചിരുന്നു. തനി സുറിയാനി മലങ്കര യാക്കോബായ ക്രമത്തിൽ വിശുദ്ധ കുർബാനയും യാമനമസ്കാരങ്ങളും നടത്തുന്നതിനുള്ള സൗകര്യംകൂടി കരുതിയാണ് മദർ അതു ചെയ്തിരുന്നത്. കൂടാതെ പരിശീലിതരുടെ പഠനരീതികളും മറ്റും മെച്ചപ്പെടുത്തുന്നതിനും പ്രത്യേകം അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുമായി സിസ്റ്റർ ഹെലൻ എന്നു പിന്നീടു വിളിക്കപ്പെട്ടിരുന്ന സിസ്റ്റർ ഹെലൻ ഹെറോൺ ഡയ്ക്നെയും ഏർപ്പെടുത്തി.

അപരിചിതസ്ഥലം, ആളുകൾ, ഇതുവരെ കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത വേഷം, ഭാഷ, ഭക്ഷണം എല്ലാം നവാഗതരുടെ മനസ്സിൽ ആശങ്കകൾ ഉണർത്തിയെങ്കിലും സിസ്റ്റേഴ്സിന്റെ സ്നേഹപൂർവ്വമായ പെരുമാറ്റവും വാത്സല്യത്തോടെയുള്ള പരിചരണവും അവരെ ആശ്വസിപ്പിച്ചു. തന്നെയുമല്ല അപ്പോഴേക്കും നേരത്തെ എത്തിയിരുന്ന മൂന്നുപേരും ഓടിയെത്തിയത് കൂടുതൽ ആശ്വാസമായി. മദർ ഈഡിത്തും സിസ്റ്റർ ഹെലനും എം.എ. അച്ചനെയും ശെമ്മാശനെയും കുട്ടികളെയും കൂട്ടി പുതിയ കെട്ടിടത്തിലെത്തി എല്ലാം പരിചയപ്പെടുത്തിക്കൊടുത്തു.

## പുതിയ സംവിധാനം

1915 ലെത്തിയ ബാച്ചിലെ മറിയാമ്മ, കുഞ്ഞമ്മ, അന്നമ്മ, 1917 ലെത്തിയ രണ്ടാം ബാച്ചിലെ കുഞ്ഞിളച്ചി, ആച്ചിയമ്മ, അന്നമ്മ എന്നീ ആറുപേരെയും ഒന്നിച്ചിരുത്തി എം.എ. അച്ചൻ ചില നിർദ്ദേശങ്ങൾ നല്കി. ആറുപേരിൽ പ്രായംകൊണ്ടു മുതിർന്ന മുക്കഞ്ചേരി കുഞ്ഞിളച്ചിയെ കൂടെയുള്ളവർ



ഇളയമ്മ എന്നുവിളിക്കണമെന്നുള്ള നിർദ്ദേശം വലിയ പുതുമയായി. ഭാവി സന്ന്യാസകൂട്ടായ്മയിലുണ്ടായിരിക്കേണ്ട കുടുംബഭാവനയുടെയും പരസ്പര ആദരവിന്റെയും സഹോദരസ്നേഹത്തിന്റെയും അനുഭവം ഇവിടം മുതലായിരിക്കട്ടെയെന്നായിരിക്കാം ദീർഘവീക്ഷണപടുവായ എം.എ. അച്ചൻ കരുതിയത്. അതുപോലെ രണ്ടാമതും ഒരു 'അന്നമ്മ' കൂടെയെത്തിയതിനാൽ ആന്നിയിൽ അന്നമ്മയ്ക്ക് പേരുമാറി കൊടുക്കാനും ബ. അച്ചൻ മറന്നില്ല. 'എലിശുബാ' എന്നു വിളിക്കുന്നത് ആന്നിയിൽ അന്നമ്മയും സന്തോഷത്തോടെ അംഗീകരിച്ചു. സന്ന്യാസപരിശീലനത്തിൽ സ്വന്തമായതെന്തും ത്യജിക്കണമെന്ന ഗുരുനിർദ്ദേശം അനുസരിക്കുംപോലെ!

ആറുപേരുടെയും പഠനവും പരിശീലനപദ്ധതിയുമെല്ലാം ക്രമപ്പെടുത്തി. എല്ലാ ആഴ്ചയിലും ബാരിസോളിലെത്തി സുറിയാനിക്രമത്തിൽ വിശുദ്ധ കുർബാന ഒരു ദിവസം അർപ്പിക്കാമെന്നും കുമ്പസാരം കേൾക്കാമെന്നും അച്ചൻ പറഞ്ഞത് അവർക്കു വലിയ സന്തോഷവും സമാധാനവുമായി. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനും ആത്മീയകാര്യങ്ങളുടെ (പ്രാർത്ഥന, പഠനം) നടത്തിപ്പിനുമായി മട്ടയ്ക്കൽ ശെമ്മാശനെ ഏർപ്പെടുത്തി. അദ്ദേഹത്തെ ബാരിസോളിൽ എപ്പിഫനിമിഷ്യൻ സ്ഥാപകനായ ഫാദർ സ്ട്രോംഗിന്റെകൂടെ താമസിപ്പിച്ചു. എല്ലാ ദിവസവും ശെമ്മാശൻ എത്തി പഠനനിലവാരം അനുസരിച്ച് ഇംഗ്ലീഷും മലയാളവും പഠിപ്പിക്കുന്നതിന് സജ്ജീകരണങ്ങൾ ചെയ്തു. അതിനുശേഷം ദൈവഹിതം പ്രാവർത്തികമാക്കുന്നതിനുള്ള കളമൊരുക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെ അച്ചൻ സെറാംപൂരിലേക്കു മടങ്ങി.

## ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഴ്സ്

കൽക്കട്ടയിൽ നിന്ന് 200 മൈലോളം വടക്കുകിഴക്കുമാറി സ്ഥിതിചെയ്യുന്ന ഗ്രാമപ്രദേശമാണ് ബാരിസോൾ. ഗംഗ, ബ്രഹ്മപുത്ര നദികളുടെ വിശാലമായ ഡൽറ്റാപ്രദേശം ഒട്ടനേകം പോഷകനദികൾ ചേർന്നുണ്ടായതാണ്. ഗംഗ, ബ്രഹ്മപുത്ര നദികളിലൊന്നിന്റെ പോഷകനദിയായ സ്റ്റീമർ സ്ട്രീമിന്റെ തീരമാണ് ബാരിസോൾ. എക്കൽ നിറഞ്ഞ ഒരു ചതുപ്പുനിലമെന്നതിലുപരി വർഷത്തിൽ ഏതാണ്ടു ഏഴെട്ടുമാസത്തോളം ഈ പ്രദേശം വെള്ളത്തിനടിയിലാണ്. തോടുകളും കനാലുകളും ധാരാളമുള്ള ഈ പ്രദേശത്ത് ഹിമാലയസാനുക്കളിൽ നിന്നും ഉരുകിയൊലിക്കുന്ന മഞ്ഞുകട്ടകൾ മൂലം വേനൽക്കാലത്തുപോലും ഓർക്കാപ്പുറത്ത് വെള്ളപ്പൊക്കം പതിവാണ്.

ആണ്ടിൽ ചില മാസങ്ങളിൽ മാത്രം നെല്ലും ചണവും കൃഷിചെയ്തു ജീവിക്കുന്ന അർദ്ധപട്ടിണിക്കാരായ കൃഷിക്കാരാണ് സാധാരണ ജനങ്ങളില

www.malankaralibrary.com



ധികവും. ഹൈന്ദവരും എണ്ണത്തിൽ വളരെ പരിമിതരായ ക്രിസ്ത്യാനികളും മാത്രമാണ് അല്പം വിദ്യാഭ്യാസമുള്ളവർ. കൂടുതൽ പേരും മുസ്ലീം വംശജരാണ്. (ഇന്ന് ഇവിടത്തെ സ്ഥിതി വളരെ വ്യത്യാസപ്പെട്ടിട്ടുണ്ട്.) ചെറുവഞ്ചികളും മുളച്ചങ്ങാടങ്ങളുമാണ് പ്രധാന യാത്രാവാഹനങ്ങൾ. ചെളിപിടിച്ചു പൊക്കിയുണ്ടാക്കിയിട്ടുള്ള കരപ്രദേശങ്ങൾ തമ്മിൽ മുളകളോ പലകകളോ കൊണ്ടു ചെറുപാലങ്ങളുണ്ടാക്കിയാണ് ബന്ധം സ്ഥാപിച്ചിരിക്കുന്നത്. പരിചയമില്ലാത്തവർക്ക് ഈ പാലങ്ങൾ ഭയംകൂടാതെ കടക്കാനാവില്ല. ഇമ്മാതിരി സാഹചര്യങ്ങൾ ജനജീവിതത്തെ ഒരു പ്രത്യേക സംസ്കാരത്തിലെത്തിച്ചിരുന്നു. ദാരിദ്ര്യം അവർക്ക് പുതുമയായിരുന്നില്ല.

ആംഗ്ലിക്കൻ സഭയിലെ ഫാദർ സ്ട്രോംഗും കൂട്ടരും മിഷ്യനറിമാരായി ഇവിടെയെത്തി സേവനം ചെയ്യാനാരംഭിച്ചു. ഇദ്ദേഹത്തിന്റെ പ്രബോധനത്തിന്റെയും സേവനതത്പരതയുടെയും ഫലമായി സ്ത്രീകൾക്കും ഇവിടെയൊരു ധർമ്മസ്ഥാപനമുണ്ടാക്കാൻ ഇടയായി. അങ്ങനെ തുടങ്ങിയതാണ് മദർ ഈഡിത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച എപ്പിഫനി സിസ്റ്റേഴ്സിന്റെ മഠം. മദർ ഈഡിത്ത്, സിസ്റ്റർ ഹെലൻ, സിസ്റ്റർ ആഗ്നസ്, സിസ്റ്റർ എലിയനോർ, സിസ്റ്റർ രൂഥ് എന്നിങ്ങനെ ഏതാനും സിസ്റ്റേഴ്സ് ഇവിടെ താമസിച്ച് ബാരിസോളിൽ പുനരുദ്ധാരണപരിപാടികൾ ആരംഭിച്ചിരുന്നു. ദുരിതമനുഭവിച്ചിരുന്ന സാധുക്കളായ മനുഷ്യരുടെയിടയിൽ വേലചെയ്ത് അവരെ മാനുഷിക മൂല്യങ്ങളിൽ ഉറപ്പിക്കുന്നതിനും ക്രിസ്തുമത തത്ത്വങ്ങൾ പഠിപ്പിച്ച് ജീവിതം സന്തോഷപ്രദമാക്കുന്നതിനും നേതൃത്വം നല്കുകയായിരുന്നു ലക്ഷ്യം.

സ്കൂളുകൾ, കോളജുകൾ, അനാഥാലയങ്ങൾ മുതലായവ ഈ ഉദ്ദേശ്യത്തോടെ അവർ നടത്തിയിരുന്നു. ജീവിതത്തിന്റെ അർത്ഥവും ആഴവും മനസ്സിലാക്കാതെ അറിവില്ലായ്മയുടെയും അടിമത്തത്തിന്റെയും ബലിഷ്ഠകരങ്ങളിൽ അമർന്ന് സ്വയം നശിച്ചിരുന്ന സ്ത്രീകൾ അന്നു കൽക്കട്ടയിൽ സർവസാധാരണമായിരുന്നു. സ്ത്രീകൾ നാടിന്റെ ഐശ്വര്യമാണെന്നും സ്ത്രീ നന്നായാൽ കുടുംബവും കുടുംബം നന്നായാൽ ദേശവും തുടർന്ന് രാജ്യവും ധാർമ്മിക സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളർച്ച പ്രാപിക്കുമെന്നുമുള്ള അടിസ്ഥാനതത്ത്വത്തിന്റെ വെളിച്ചത്തിൽ സ്ത്രീജനോദ്ധാരണപ്രവർത്തനങ്ങളിൽ മദർ ഈഡിത്തും സിസ്റ്റേഴ്സും ശ്രദ്ധപതിപ്പിച്ചിരുന്നു. അതിനായി മദർ പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് സ്കൂളും അനാഥാലയവും ഉണ്ടാക്കിയിരുന്നു. കൂടാതെ അസന്മാർഗികതയിൽ മുഴുകി നിരാശ്രയരായിത്തീരുന്ന സ്ത്രീകളുടെ ഉദ്ധാരണാർത്ഥം ഒരു പ്രത്യേകസങ്കേതവും (Relief Settlement) നടത്തിയിരുന്നു.



ബാരിസോളിലെ ഈ ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ ത്യാഗോജ്ജ്വലമായ ലളിതജീവിതവും നിസ്വാർത്ഥസേവനവും സ്ത്രീജനോദ്ധാരണ പ്രവർത്തനശൈലിയും മനസ്സിലാക്കിയാണ് എം.എ. അച്ചൻ ഈ സമൂഹവുമായി ബന്ധപ്പെടാൻ പ്രേരിതനായത്. സ്ത്രീജനോദ്ധാരണം മലങ്കരയിൽ അത്യാവശ്യമെന്നും അതിനായി അർപ്പിതരായ സ്ത്രീകളെ പരിശീലിപ്പിക്കുന്നതിന് മദർ ഈഡിത്തിന്റെതന്നെ മേൽനോട്ടം വേണമെന്നും ആവശ്യപ്പെട്ടത് ഇക്കാരണത്താൽ തന്നെയായിരുന്നു.

## കൂടുതൽ അംഗങ്ങൾ ബാരിസോളിലേക്ക്

സഭാസ്നേഹിയും ശ്രേഷ്ഠാചാര്യനുമായ എം.എ. അച്ചൻ മലങ്കരസഭയിൽ ഒരു പുതിയ ജീവിതശൈലിക്കു രൂപംകൊടുക്കുന്നെന്നും അതിനുബാരിസോളിൽ തുടക്കം കുറിച്ചു എന്നുമുള്ള വാർത്ത നാട്ടിലെങ്ങും സംസാരവിഷയമായി. മലങ്കരസുറിയാനി സഭയിൽ സ്ത്രീസന്ന്യാസം കേട്ടുകേൾവിപോലുമില്ലായിരുന്നു. അതിനായി ആരും മുൻകൈ എടുത്തിട്ടുമില്ല. ഇത്തരം ന്യായവാദങ്ങളുടെ മറവിൽ അച്ചന്റെ കാൽവയ്പിനെ എതിർക്കുന്നവരും സംശയദൃഷ്ട്യാ വീക്ഷിക്കുന്നവരും മലങ്കരയിൽ ധാരാളമായിരുന്നെങ്കിലും അച്ചന്റെ പുതിയ സംരംഭം ധൈര്യത്തിന്റെയും ദൈവിക പദ്ധതിയുടെയും പ്രത്യക്ഷതയായി കണക്കാക്കിയവരും സഭയിലും സമുദായത്തിലുമുണ്ടായിരുന്നു. ഈ വിവരം അറിഞ്ഞതുമുതൽ തങ്ങൾക്കും പോകണമെന്ന ചിന്തയിൽ കഴിഞ്ഞിരുന്ന ഏതാനും പെൺകുട്ടികൾ അച്ചന്റെ അടുത്ത ആഗമനം കാത്തിരുന്നു. അടുത്ത അവധിക്കാലം അച്ചൻ നാട്ടിൽ എത്തിയില്ല. 1918 ഏപ്രിൽ അവധിക്ക് അലക്സാണ്ടർ ശെമ്മാശനും ചെങ്ങന്നൂർ മാമ്പുഴക്കാട്ടിൽ എം.സി. ജോർജ് ശെമ്മാശനുമാണ് എത്തിച്ചേർന്നത്. അവർക്കു ലഭിച്ചിരുന്ന നിർദ്ദേശമനുസരിച്ച് ബാരിസോളിലേക്കു പോകാനാഗ്രഹിക്കുന്ന പെൺകുട്ടികളെ കൊണ്ടുപോകാൻ ശെമ്മാശന്മാർ തയ്യാറായി.

ചെങ്ങന്നൂർ പുത്തൻകാവിൽ പീടികയിൽ ശോശാമ്മ, മാവേലിക്കര കല്ലുംപുറത്തു തോമാശെമ്മാശന്റെ സഹോദരി കൊച്ചുമറിയാമ്മ, റാന്നിയിൽ ഇടശ്ശേരിൽ ഇക്കോച്ചന്റെ ഇളയസഹോദരി റിബേക്ക, മാമ്പുഴക്കാട്ടിൽ ജോർജ്ജുശെമ്മാശന്റെ സഹോദരി അന്നമ്മ, ശൂരനാട്ടു കുറ്റിയിൽ കുറിയാക്കോസ് കത്തനാരുടെ മകൾ റാഹേൽ എന്നിങ്ങനെ അഞ്ചു പേരുകൂടി ബാരിസോളിലെത്തി. അംഗസംഖ്യ പതിനൊന്ന് ആയപ്പോൾ കൊട്ടാരക്കര തെക്കടത്തു സ്കറിയാ കത്തനാരെക്കൂടെ എം.എ. അച്ചൻ ബാരിസോളിലേക്കയച്ചു. അദ്ദേഹം യാക്കോബുശെമ്മാശനുമൊത്ത് ഫാദർ സ്ട്രോംഗിന്റെകൂടെ താമസിച്ച് സിറിയൻ പെൺകുട്ടികൾക്കുവേണ്ടി നിർമ്മിച്ചിരുന്ന ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ആത്മീയകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തു.

www.malankaralibrary.com

## അദ്ധ്യായം 3

### എപ്പിഫനി സിസ്റ്റേഴ്സിന്റെ കേരള സന്ദർശനം

ബാരിസോളിൽ പരിശീലനത്തിനെത്തിയവരുടെ പരിശീലനം കൂടുതൽ ഫലപ്രദവും സുഗമവുമാക്കുന്നതിന് അവർ ജനിച്ചുവളർന്ന സാഹചര്യങ്ങളും ദേശകാല സാമൂഹിക സാംസ്കാരിക സാമ്പത്തിക നിലകളും പ്രത്യേകതകളും മനസ്സിലാക്കുക അനിവാര്യമെന്ന് മദർ ഈഡിത്തിന് ബോദ്ധ്യപ്പെട്ടിരുന്നു. മാത്രമല്ല എം.എ. അച്ചൻ അതിന് മദർ ഈഡിത്തിനെയും സിസ്റ്റർ ഹെലനെയും കേരളത്തിലേക്കു പലവുരുക്ഷണിക്കയും ചെയ്തിരുന്നു. അതിൻപ്രകാരം 1917-ലും 1918-ലും രണ്ടുപേരുംകൂടി കേരളത്തിലെത്തി, മാവേലിക്കര, തിരുവല്ല, കോട്ടയം മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. പെരുനാട്ടിൽ ആശ്രമത്തിനു പറ്റിയ സ്ഥലം നോക്കുന്നതിനും തിരുമൂലപുരത്ത് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള പണിയിച്ച് ഉപയോഗിക്കാതെ കിടന്നിരുന്ന കെട്ടിടം സ്കൂളിന് ഉപയുക്തമെന്നുകണ്ടു മനസ്സിലാക്കുന്നതിനും ഈ യാത്രകൾ ഉപകരിച്ചു. കൂടാതെ തിരുവിതാംകൂറിൽ അന്നുണ്ടായിരുന്ന ക്രിസ്തീയ അകത്തോലിക്കാസ്കൂളുകളും ബോർഡിംഗുകളും അവർ സന്ദർശിക്കയുണ്ടായി. ബാരിസോളിൽ പരിശീലനത്തിലായിരുന്ന ആന്നിയിൽ ഏലിശുബായുടെയും മാവേലിക്കര അന്നമ്മയുടെയും പഠനത്തിന് കോട്ടയം ബേക്കർ മെമ്മോറിയൽ സ്കൂളിലും ബോർഡിംഗിലും ഏർപ്പാടാക്കി.

ബാരിസോളിലുള്ള സിറിയൻ പെൺകുട്ടികൾക്കുവേണ്ടി മലയാളം പഠിക്കണമെന്നുള്ള സിസ്റ്റർ ഹെലന്റെ വലിയ ആഗ്രഹവും 1918-ലെ രണ്ടാം യാത്രയിൽ സഫലമാവുകയായിരുന്നു. കോട്ടയത്ത് ശ്രീ എ. ഫിലിപ്പോസ് വക്കീലിന്റെ വീട്ടിൽ താമസിച്ച് മലയാളം പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. അവിടെ വീട്ടിൽവന്നു മലയാളം പഠിപ്പിക്കാമെന്ന് എം.എ. അച്ചന്റെ ഒരു സുഹൃത്തും മലയാളം അദ്ധ്യാപകനുമായിരുന്ന ശ്രീ പി. കെ. വർക്കിസാർ സമ്മതിച്ചു. അങ്ങനെ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തശേഷം മദർ ഈഡിത്ത് 1918 ഓഗസ്റ്റിൽ ബാരിസോളിലേക്ക് തിരിച്ചുപോയി. തിരുവിതാംകൂറിന്റെ പ്രകൃതിഭംഗിയും സന്ദർശിച്ചസ്ഥലങ്ങളുടെ മനോഹാരിതയും സമ്പത്സമൃദ്ധിയും മദറിനെയും സിസ്റ്റർ ഹെലനെയും സന്തുഷ്ടചിത്തരാക്കി. പരിശീലനത്തിനു ബാരിസോളിലെത്തിയ സിറിയൻ പെൺകുട്ടികളെ കുറിച്ചുള്ള മതിപ്പും വർദ്ധിക്കുകയായിരുന്നു. ഈ സമയം ബാരിസോളിൽ സിസ്റ്റർ ഹെലന്റെ ജ്യേഷ്ഠസഹോദരി സിസ്റ്റർ ആഗ്നസായിരുന്നു പെൺകുട്ടികളുടെ ചുമതല നിർവഹിച്ചിരുന്നത്.



മൂന്നുമാസങ്ങൾകൊണ്ട് മലയാളം അത്യാവശ്യം എഴുതാനും വായിക്കാനും പഠിച്ചുകഴിഞ്ഞ സിസ്റ്റർ ഹെലൻ 1918 ഡിസംബർ 15 ന് ബാരിസോളിൽ തിരിച്ചെത്തി സിസ്റ്റർ ആഗ്നസിൽനിന്നും ചുമതല ഏറ്റുവാങ്ങി. കൂടുതൽ ഊർജ്ജസ്വലതയോടെ സേവനം തുടർന്നു.

### ചിന്തകളെ ഉറപ്പിക്കുന്നു

നിരവധിയായ വൈതരണികളിൽ കുടുങ്ങിക്കിടക്കുന്ന ജീവനുതുല്യം താൻ സ്നേഹിക്കുന്ന സഭാസമൂഹത്തെ രക്ഷിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് സെറാംപൂർവാസകാലങ്ങളിൽ എം.എ. അച്ചൻ ഗാഢമായി ചിന്തിക്കുകയും മനോവേദനയോടെ പ്രാർത്ഥിക്കയും ചെയ്തിരുന്നു. ഇതിന് ഏറ്റം ഫലപ്രദമായ രക്ഷാമാർഗ്ഗം നിത്യപിതാവുമായി നിരന്തര സംസർഗ്ഗത്തിൽ കഴിയുന്നതിനും അവിടുത്തെ പദ്ധതികളോട് ആത്മാർത്ഥമായും സമ്പൂർണമായും സഹകരിക്കുന്നതിനും സ്വയം സമർപ്പിതരായ സ്ത്രീപുരുഷന്മാരുടെ കൂട്ടായ്മകൾക്കു രൂപം നല്കുന്നതാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. അതനുസരിച്ച് ഒരു മിഷ്യനറിസമൂഹത്തിനു രൂപം കൊടുക്കാനുള്ള പദ്ധതിയുടെ ഗുണദോഷങ്ങളെക്കുറിച്ച് ദൈവസന്നിധിയിൽ വിചിന്തനം നടത്തിക്കൊണ്ടിരുന്നു. "സഭയ്ക്കുള്ളിൽ വേല ചെയ്യാനുള്ളവർ അങ്ങനെയും വിദ്യാഭ്യാസവിഷയത്തിൽ താത്പര്യമുള്ളവർ അങ്ങനെയും ഇറങ്ങട്ടെ എന്നു നിശ്ചയിക്കാം"[1] എന്നിങ്ങനെ നാനാവശങ്ങളെക്കുറിച്ച് ആഴമായി ചിന്തിക്കുന്തോറും മിഷ്യനറി സമൂഹത്തിനുണ്ടാകാവുന്ന അപര്യാപ്തതകളാണ് ചിന്തയിൽ തെളിഞ്ഞുവന്നത്.

ഇതേ കുറിച്ച് 'ഗിരിദീപം' പറയുന്നതിപ്രകാരമാണ്. "മിഷനറി സമൂഹരൂപീകരണത്തെ സംബന്ധിച്ചിടത്തോളം ദൈവഹിതം എന്തെന്നു വിശദപ്പെടുവാൻവേണ്ടി തീവ്രങ്ങളായ പല വ്രതങ്ങളും നിഷ്ഠകളും പാലിച്ചുവന്നതിന്റെ ഫലമായിട്ടോ എന്തോ അക്കാലം നമ്മുടെ മനസ്സ് 'മിഷനറി സമൂഹ' ചിന്തയെന്ന പരിധിക്കുള്ളിൽ കറങ്ങിക്കൊണ്ടിരിക്കുക തന്നെയായിരുന്നു. അദൃശ്യമായ ഒരു പരാശക്തി നമ്മുടെ മനസ്സിനെ തൂക്കിപ്പിടിച്ചുകൊണ്ട് മിഷനറി സമൂഹചിന്തയാകുന്ന വഴിയിലൂടെ വലിച്ചിഴച്ചുകൊണ്ട് പോകുന്നതുപോലെ നമുക്കു തോന്നിയിട്ടുണ്ട്. അപ്പോൾ ബലംപ്രയോഗിച്ചുകൊണ്ട് നാം നമ്മുടെ മനസ്സിനെ ഒരിടത്തു കുറ്റിതറച്ചുറപ്പിക്കാതെ യഥേഷ്ടം അതിനെ അയച്ചുവിട്ടുകൊണ്ട് എവിടെയാണ് അതു സ്വയമേവ ചെന്നുറയ്ക്കുന്നതെന്ന് പ്രാർത്ഥനയോടുകൂടി നാം സശ്രദ്ധം വീക്ഷിച്ചുവന്നു."[2]

അങ്ങനെ ദൈവഹിതാന്വേഷണം തന്റെ വിജയരഹസ്യമായി അനുഭവിച്ചറിഞ്ഞ ആ സത്യാന്വേഷിക്ക് ജ്ഞാനത്തിന്റെ വഴി യഥേഷ്ടം

1. ഗിരിദീപം പേജ് 57
2. ഗിരിദീപം പേജ് 58

www.malankaralibrary.com



തുറന്നുകൊടുക്കാൻ ദൈവം തിരുമനസ്സായി. വിജ്ഞാനത്തിന്റെ മിഴികൾ തുറന്ന് അദ്ദേഹം കണ്ടു: മിഷനറി സമൂഹാംഗങ്ങൾ പലതട്ടുകളിൽനിന്നു പ്രവർത്തിക്കുമ്പോൾ ആരംഭശൂരത്വം ഉണ്ടായെന്നുവരാം. കാലാന്തരത്തിൽ ഈ ശുഷ്ക്കാന്തിക്കും ജീവശക്തിക്കും കോട്ടംവരത്തക്കവണ്ണമുള്ള ഭൗതികതയും മത്സരബുദ്ധിയും തെറ്റിദ്ധാരണകളും ദുരഭിമാനചിന്തകളും കടന്നുകൂടാനും എളുപ്പമുണ്ട്. കെട്ടുറപ്പും സംഘടനാബലവും അർപ്പണബോധവും നിറഞ്ഞുനിൽക്കുന്ന കൂട്ടായ്മയ്ക്കു സാധിക്കുന്നത്ര സുവിശേഷപ്രചരണവും സത്ഫലപ്രാപ്തിയും ഒരു മിഷനറിസമൂഹത്തിലെ സ്വതന്ത്രവ്യക്തികൾക്കു സാധിച്ചെന്നുവരില്ല. ഇങ്ങനെയുള്ള കാര്യകാരണചിന്തകൾ അദ്ദേഹത്തെ മറ്റൊരു വഴിയിലേക്കുനയിച്ചു എന്നുപറയാം.

സെറാംപൂർ അദ്ധ്യാപനകാലത്ത് താൻ സന്ദർശിച്ചിട്ടുള്ള കത്തോലിക്കാ സന്ന്യാസിസന്ന്യാസിനീ സമൂഹങ്ങളും തനിക്കു പ്രചോദനവും ശക്തിയും പകരുന്ന ബാരിസോളിലെ ഹൈചർച്ചുകാരുടെ എപ്പിഫനി ആംഗ്ലിക്കൻ സന്ന്യാസിനീസമൂഹവും ഫാദർ സ്ട്രോംഗ് തുടങ്ങിയ പ്രൊട്ടസ്റ്റന്റ് വൈദികരുടെ സന്ന്യാസജീവിതശൈലിയും താൻ കൂടെക്കൂടെ സന്ദർശിച്ചിരുന്ന രവീന്ദ്രനാഥടാഗോറിന്റെ കൽക്കട്ടയിലെ ശാന്തിനികേതനവും ഗാന്ധിജിയുടെ സബർമതിയും എല്ലാം മനസ്സിൽ നൂതനരൂപങ്ങൾ സൃഷ്ടിച്ചു. തന്നിൽ തെളിഞ്ഞുവന്ന ഈ രൂപങ്ങൾ ദൈവതിരുമുമ്പിൽ സമർപ്പിക്കാനുള്ള വേദികളായിരുന്നു വിശുദ്ധ കുർബാന, ധ്യാനം, പ്രാർത്ഥന എന്നിവയെല്ലാം. മനസ്സിന് ഇഷ്ടപ്പെട്ടതോ ശ്രേഷ്ഠമെന്ന് താൻ കണ്ടതോ എന്തായാലും ദൈവഹിതാനുസാരമല്ലെന്നു ബോദ്ധ്യമായാൽ അതിന്റെ രൂപം മാറ്റുന്നതിനോ തച്ചുടച്ച് ഇല്ലായ്മപ്പെടുത്തി മറ്റൊന്നു സ്വീകരിക്കുന്നതിനോ എപ്പോഴും തയ്യാറായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവിതം തെളിയിക്കുന്നു.

നിയമസംഹിതയുടെയും ശരിയായ നേതൃത്വശക്തിയുടെയും കെട്ടുറപ്പിൽ കത്തോലിക്കാസഭ ലോകമെമ്പാടും സുവിശേഷ പ്രഘോഷണം നടത്തുന്നു; മിഷ്യനറിമാരെയും സന്ന്യാസസമൂഹങ്ങളെയും ഏർപ്പെടുത്തി ഫലം കൊയ്യുന്നു. പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരും ധാരാളം മിഷ്യനറിവേലകൾ ചെയ്യുന്നു. തന്റെ സഭ മാത്രം ഇമ്മാതിരി സഭാശുശ്രൂഷകൾക്ക് സ്ഥാനം കല്പിക്കുന്നില്ല. സ്വന്തം ദൈവത്വംപോലും മറച്ചുവെച്ച് മനുഷ്യരൂപംപൂണ്ട് മനുഷ്യന്റെകൂടെ ജീവിച്ച് മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വയം ബലിയായിത്തീർന്ന യേശുവിനോടുചേർന്ന് സ്വയം ബലിയായിത്തീരാൻ, അങ്ങനെ സമുദായരക്ഷ സാധിക്കാൻ, യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരെ ചേർത്ത് ഒരു സന്ന്യാസസമൂഹത്തിനു രൂപംനല്കുക എന്നതുമാത്രമാണ് കരണീയം എന്ന തീരുമാനത്തിൽ അദ്ദേഹം ചെന്നെത്തി. അങ്ങനെ സെറാംപൂരിലെ



ഭവനത്തിൽ തന്നോടൊപ്പം താമസിക്കുന്ന ശെമ്മാശന്മാരുമായി ആലോചന നടത്തി സന്ന്യാസത്തിന്റെ നിഷ്ഠകളോടുകൂടിയ ജീവിതം അവിടെ ആരംഭിച്ചു. ഒന്നിച്ചു പ്രാർത്ഥിക്കുക, ഉപവസിക്കുക, പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്യുക, കാവിവസ്ത്രം ധരിക്കുക എന്നിങ്ങനെ പുതിയ ഒരു ജീവിതശൈലിയിലേക്ക് മുന്നേറാൻ ശ്രമിച്ചുനോക്കി, ആ ശ്രമം ഫലിക്കുന്നതായി കണ്ടറിഞ്ഞു.

## സന്ന്യാസസമൂഹങ്ങൾ

സെറാംപൂരിൽ സന്ന്യാസജീവിതത്തിന് ആരംഭംകുറിച്ചെങ്കിലും സമൂഹരൂപീകരണത്തിനും, താനുദ്ദേശിക്കുന്ന ഫലപ്രാപ്തി കൈവരുത്തുന്നതിനും സെറാംപൂർജീവിതം പര്യാപ്തമല്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. തന്നെയുമല്ല ഏതു ലക്ഷ്യത്തോടെയാണോ താൻ തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ജീവിതം ആഗ്രഹിച്ചത്, ആ ലക്ഷ്യത്തിലെത്തിച്ചേരുന്നതിന്, സ്വന്തം നാട്ടിൽ – തന്റെ പ്രിയപ്പെട്ട മലങ്കര സഭയിൽ സ്വജന മദ്ധ്യത്തിലേക്കു പോകണമെന്നും അതിലേക്കു താനിന്നു കാര്യമായി ഗണിക്കുന്ന പ്രവർത്തന മണ്ഡലം ഉപേക്ഷിച്ചേമതിയാവൂ എന്നും ബോദ്ധ്യമായി. സെറാംപൂരിലെ ഉന്നതമായ പ്രൊഫസർസ്ഥാനം രാജിവയ്ക്കുവാനും നാട്ടിൽ മടങ്ങിയെത്തി ആശ്രമത്തിനായി ഒരു പർണ്ണശാല കെട്ടിയുണ്ടാക്കി അതിന്റെ ഏകാന്തതയിലും പരിശുദ്ധിയിലും ദൈവത്തെ കണ്ടെത്തി സഭയെയും സഭാമക്കളെയും ആദ്ധ്യാത്മികനവീകരണത്തിലേക്കു നയിക്കുവാനും അദ്ദേഹം തീരുമാനിച്ചു.

താമസിയാതെതന്നെ അന്നു കോളജ് പ്രിൻസിപ്പാളായിരുന്ന മിസ്റ്റർ ഹവ്വൽസിനെ വിവരമറിയിച്ചു. തന്റെ ഉറ്റ സുഹൃത്തും കോളജിന്റെ ജീവനാഡിയുമായിരുന്ന ഫാദർ പി.റ്റി. ഗീവറുഗീസിന്റെ ഈ തീരുമാനം മിസ്റ്റർ ഹവ്വൽസിന് ഉൾക്കൊള്ളാനായില്ല. എങ്കിലും ഉന്നതമായ ഒരു ലക്ഷ്യത്തിനുവേണ്ടിയുള്ള പുറപ്പാടായി ഈ തീരുമാനത്തെ മനസ്സിലാക്കിയ അദ്ദേഹം ഇതിനു തടസ്സംനില്ക്കാനും ഇഷ്ടപ്പെട്ടില്ല. രാജിക്കത്തു സ്വീകരിച്ച മിസ്റ്റർ ഹവ്വൽസ് ഇരുകരങ്ങളും ഉയർത്തി ഇപ്രകാരം പറഞ്ഞു: "അങ്ങയുടെ തീക്ഷ്ണമായ വലിയ ലക്ഷ്യത്തെ ദൈവം അനുഗ്രഹിക്കട്ടെ. അവിടുന്ന് ഉന്നതനാണ്. വിജയം അവിടുത്തേക്ക് അന്യമല്ല. സെറാംപൂർ കോളജിന്റെ വാതായനങ്ങൾ അങ്ങേയ്ക്കുവേണ്ടി എപ്പോഴും തുറന്നുകിടക്കും."[3] ഇതിനകം ആശ്രമ ത്തിനുള്ള സ്ഥലം കണ്ടുപിടിക്കുന്നതിന് തന്റെ അനുജൻ മത്തായി പണിക്കരെയും ഉറ്റ സുഹൃത്തായ ഇലഞ്ഞിക്കൽ ജോൺ വക്കീലിനെയും കത്തുമൂലം എം.എ. അച്ചൻ അറിയിച്ചിരുന്നു. ഏകാന്തമായ ഏതെങ്കിലും

3. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് – ഫാദർ ഇഞ്ചക്കലോടി

www.malankaralibrary.com



പ്രദേശത്തായിരിക്കണം അതെന്നും നിർദ്ദേശിച്ചിരുന്നു. ഔദാര്യവാനും സമുദായസ്നേഹിയുമായിരുന്ന ജോൺ വക്കീൽ ഉടൻ മറുപടിനല്കി; വടശ്ശേരിക്കര മുണ്ടൻമലയിൽ തനിക്കു സ്വന്തമായി കുറെ സ്ഥലമുണ്ടെന്നും അതിൽനിന്നു ആവശ്യമുള്ളത്രയും ആശ്രമത്തിനെടുക്കുന്നത് സന്തോഷ മാണെന്നുമായിരുന്നു മറുപടി.

## സന്ന്യാസഭവനങ്ങൾക്കു നാമം

സന്ന്യാസാശ്രമങ്ങൾ എവിടെ എങ്ങനെ നിർമ്മിക്കണമെന്ന നിഗമന ത്തിലെത്തിയെങ്കിലും ഏതു നാമത്തിൽ അതറിയപ്പെടണമെന്നതായി അടുത്ത ആലോചന. എം.എ. അച്ചന്റെ ജീവിതത്തിൽ വിശുദ്ധ ഗ്രന്ഥത്തിനുള്ള സ്ഥാനം വളരെ വലുതായിരുന്നു. യേശുവുമായി അടുത്ത ബന്ധത്തെ സൂചി പ്പിക്കുന്നതും താൻ കണ്ടും കേട്ടും മനസ്സിലാക്കിയിരുന്ന വിവിധങ്ങളായ സന്ന്യാസാദർശങ്ങൾ ഉൾക്കൊള്ളുന്നതും സാധാരണവും ലളിതവും ഭാരത ത്തിനു ചേർന്നതുമായ ഒരു നാമം നിർദ്ദേശിച്ചു തരണേയെന്ന പ്രാർത്ഥന യോടെ വിശുദ്ധഗ്രന്ഥനിഘണ്ടു തുറന്നു. അപ്പോൾ ദൃഷ്ടിയിൽപെട്ടത് 'ബഥനി' എന്നാണ്. "Six days before the passover Jesus came to 'Bethany' (St. Jn. 12:1).

'ബഥനി'! വിശുദ്ധഗ്രന്ഥത്തിൽ തന്നെ ആകർഷിച്ചിട്ടുള്ള പദം! അർത്ഥപുഷ്ടിയും ആദർശസമ്പത്തുമുള്ള ഒരു ഭവനനാമം! യേശു സ്നേഹിച്ചിരുന്ന മൂന്നംഗങ്ങളുള്ള ആ ഭവനം പലപ്പോഴും യേശുവിന് ആശ്വാസമായിരുന്നു. യേശു സ്വന്തമാക്കിയിരുന്ന ആ നല്ല ഭവനത്തിൽ ജീവിച്ചിരുന്ന ലാസ്സർ, മാർത്ത, മറിയം എന്നിവർ അനുഗൃഹീതരായിരുന്നു. ലാസ്സറിനെ മരണത്തിൽനിന്നും ജീവനിലേക്കുയർത്തിയത് യേശുവാണ്. അദ്ദേഹം വീണ്ടും ഓർത്തു. 'ബഥനി' ആശ്വാസത്തിന്റെ ഭവനം! ഇതുതന്നെ അനുയോജ്യമായ നാമം! ഇത് നിത്യപിതാവ് തെരഞ്ഞെടുത്തു തന്നതുതന്നെ എന്ന ബോദ്ധ്യത്തോടെ 'ബഥനി' എന്ന നാമം ഉറപ്പിച്ചു. 'ബഥനി' ഭവനങ്ങളിൽ താമസിക്കുന്ന അർപ്പിതർ - പുരുഷന്മാരും സ്ത്രീകളും' രക്ഷകനായ മിശിഹായെ അടുത്തനുഗമിക്കുന്നവരും അനുകരിക്കുന്നവരുമായിരിക്കണം. അതിനാൽ തന്നെ ബഥനിആശ്രമസ്ഥരും ബഥനിമഠാംഗങ്ങളും "മിശിഹാനുകരണ" സന്ന്യാസിനി സന്ന്യാസികൾ എന്നപേരിൽ അറിയപ്പെടണം എന്നു തീരുമാനത്തിലെത്തി. അങ്ങനെ കൽക്കട്ടയിൽ വച്ചുതന്നെ തനിഭാരതീയ സംസ്കാരത്തിലുള്ള ഒരു സന്ന്യാസാശ്രമവും മഠവും തന്റെ സമുദായത്തിൽ ആത്മനാ ദർശിച്ചു.



## സ്ഥലനിർണ്ണയനം

സെറാംപൂരിലെ പ്രൊഫസർ ഉദ്യോഗം രാജിവച്ച് 1919 ൽ നാട്ടിലെത്തിയ കാഷായവസ്ത്രധാരിയായ ആബോ ഗീവറുഗീസിന്റെ ചിന്ത ആശ്രമ-മഠസ്ഥാപനങ്ങളെ ചുറ്റിപ്പറ്റി നിന്നിരുന്നു. ശ്രീ ജോൺ വക്കീൽ സൗജന്യമായി വാഗ്ദാനം ചെയ്ത 100 ഏക്കറിനോടുതൊട്ട് മുന്നൂറോളം ഏക്കർ ഗവർമെന്റ് സ്ഥലം ഉണ്ടെന്നും അതുകൂടി വാങ്ങുന്നതാണുചിതമെന്നും സുഹൃത്തുക്കൾ അഭിപ്രായപ്പെട്ടു. അതിനുള്ള ശ്രമത്തിൽ പ്രധാനമായും ശ്രീ കെ.സി. മാമ്മൻ മാപ്പിള, ശ്രീ കെ.കെ. ലൂക്കോസ് എന്നീ സമുദായസ്നേഹികളിൽനിന്നും ലഭിച്ച സഹായം അവിസ്മരണീയമാണ്. പെരുനാടിനടുത്ത മുണ്ടൻമലയിൽ അങ്ങനെ നാനൂറ് ഏക്കർ സ്ഥലം[4] വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ ആശ്രമത്തിനുവേണ്ടി സ്വരൂപിക്കാൻ കഴിഞ്ഞു. മുന്നൂറേക്കറിന്റെ വിലയായ ആയിരത്തിയഞ്ഞൂറു രൂപ സ്വസഹോദരൻ മത്തായി പണിക്കർ വഴി ആബോയ്ക്ക് സ്വപിതാവിൽ നിന്നു ലഭിച്ച കുടുംബസ്വത്താണ്.

അങ്ങനെ തന്റെ മനസ്സിൽവച്ചു താലോലിക്കുന്ന ബഥനിക്കുവേണ്ടി വാങ്ങിയ സ്ഥലം ഒന്നുകാണുന്നതിനും ആശ്രമത്തിനു സ്ഥാനനിർണയം നടത്തുന്നതിനുമായി ശ്രീ കെ.സി. ചെറിയാൻ, ശ്രീ ഐ.എം. ഇടിക്കുള എന്നീ സുഹൃത്തുക്കളും സ്വസഹോദരൻ ശ്രീ മത്തായി പണിക്കരുമൊത്ത് ആബോ ഗീവറുഗീസ് മുണ്ടൻമലയിൽ ചുറ്റിനടന്നു. പത്തനംതിട്ട ജില്ലയിൽ, റാന്നി-പെരുനാട്ടിൽ സാമാന്യം ഉയർന്ന മനോഹരമായ വനപ്രദേശമാണ് മുണ്ടൻമല. കുറ്റിക്കാടുകളും പുൽമേടുകളും വൃക്ഷലതാദികളും ഇട തൂർന്നുള്ള മനോഹരമായ ഭൂപ്രദേശം. ഫലഭൂയിഷ്ടമായ മണ്ണ്. തോട്ടം പിടിപ്പിക്കുന്നതിനും കൃഷി നടത്തുന്നതിനും പറ്റിയ ഇടങ്ങൾ ധാരാളം. ധ്യാനമനനങ്ങൾക്കു പര്യാപ്തമായ ഏകാന്തതയുടെ മടിത്തട്ടെന്ന് വിശേഷി പ്പിക്കാവുന്ന ശാന്തിദമായ പ്രദേശമാണിത്. പമ്പയുടെയും കക്കാട്ടാറിന്റെയും ദാനമെന്നവണ്ണം പച്ചപ്പാർന്ന ഈ 'മുണ്ടൻമല' ആശ്രമ സ്ഥാപനത്തിനു പറ്റിയതുതന്നെയെന്ന് ആബോ മനസ്സിലാക്കി. എങ്കിലും മനുഷ്യവാസം എന്തെന്നറിയാത്ത സ്ഥലമാണിത്. കാട്ടുമൃഗങ്ങളുടെ സങ്കേതം. എന്തായാലും പ്രകൃതിഭംഗിയാർന്ന ഈ മലമ്പ്രദേശത്ത് ഭാരതീയതനിമയിൽ പർണാ ശ്രമങ്ങൾ കെട്ടിയുണ്ടാക്കി സന്ന്യാസിമാർ താമസത്തിനെത്തുമ്പോൾ വന്യമൃഗശല്യമുണ്ടാകാതെ ദൈവം സംരക്ഷിച്ചു കൊള്ളുമെന്ന ദൃഢ വിശ്വാസത്തോടെ ആശ്രമം കെട്ടിയുണ്ടാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. സന്ന്യാസിമാർക്കുള്ള ആശ്രമത്തിൽനിന്ന് അധികം ദൂരത്തല്ലാതെ മുണ്ടൻമലയിൽതന്നെ മഠവും നിർമ്മിക്കണമെന്നായിരുന്നു ആബോയുടെ ആഗ്രഹം.

4. ഏക്കറിന് അഞ്ചു രൂപ വില അന്ന്.

www.malankaralibrary.com

## അദ്ധ്യായം 4

### ബാരിസോളിൽ ബഥനിമഠം

1915 മുതൽ 1919 വരെയുള്ള കാലഘട്ടങ്ങളിൽ ബാരിസോളിലെത്തി പരിശീലനം നടത്തിയിരുന്ന പതിനൊന്നുപേരിൽ മൂന്നുപേർ (പുത്തൻകാവിൽ പീടികയിൽ കെ.ജി. ചെറിയാന്റെ മകൾ ശോശാമ്മ, മാവേലിക്കര കല്ലുമ്പുറത്ത് സി.എം. തോമ്മാശെമ്മാശന്റെ സഹോദരി കൊച്ചുമറിയാമ്മ, റാന്നി ഇടശ്ശേരിൽ ചാക്കോച്ചന്റെ മകൾ കുഞ്ഞന്നാമ്മ) വിവിധ കാരണങ്ങളാൽ പരിശീലനംനിർത്തി പിരിഞ്ഞുപോയി. ഡയോസിസൻ കോളജിൽ ഉപരിപഠനം നടത്തിയിരുന്ന നിരണത്ത് ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ മകൾ അച്ചാമ്മയും വെണ്ണിക്കുളത്തു കുടത്തുംമുറിയിൽ കീവറീച്ചന്റെ മകൾ സാറാമ്മയും അവിടെ സ്കൂൾപഠനം പൂർത്തിയാക്കിയ കണിയാന്ത്ര ഏലിയാമ്മ തോമസും 1918 ൽ കൽക്കട്ടയിൽനിന്ന് ബാരിസോളിലെത്തി പരിശീലനാർത്ഥികളോടൊപ്പം ചേർന്നിരുന്നു. ഇവരിൽ ശരിയായ സന്ന്യാസാഭിമുഖ്യവും അഭിരുചിയുമുള്ളവരെ തെരഞ്ഞെടുത്ത് സന്ന്യാസമഠത്തിനാരംഭം കൊടുക്കണമെന്നുള്ള ആഗ്രഹത്തോടെ ഫാദർ പി.റ്റി. ഗീവറുഗീസ് 1918 മാർച്ച് അവസാനത്തിൽ പെൺകുട്ടികളെ കണ്ടുസംസാരിച്ചു. പ്രായത്തിൽ മുതിർന്നവരും പക്വത പ്രാപിച്ചവരുമായ രണ്ടുപേരെ സന്ന്യാസത്തിന്റെ ആദ്യപടിയായ അർത്ഥിനിപദ (Postulancy) ത്തിലേക്കു പ്രവേശിപ്പിക്കണമെന്നു നിശ്ചയിച്ചുകൊണ്ടാണ് അച്ചൻ എത്തിയത്. അതിനുള്ള ക്രമങ്ങളെല്ലാം മദർ ഈഡിത്തിന്റെ സഹായത്തോടെ എഴുതിയുണ്ടാക്കിയിരുന്നു. എന്നാൽ ദൈവത്തിന്റെ ക്രമീകരണം വേറൊന്നായി. കൂട്ടത്തിൽ മുതിർന്നവളും നേതൃസ്ഥാനത്തേക്ക് അച്ചൻ കരുതിയിരുന്നവളുമായ മൂക്കഞ്ചേരി ശോശാമ്മ (ഇളയമ്മ) ചികിൽസാർത്ഥം കേരളത്തിലായിരുന്നു. തന്മൂലം കായംകുളം പൊൻവാണിഭം ആച്ചിയമ്മക്കും ശൂരനാട്ടു മറിയാമ്മക്കുമാണ് അർത്ഥിനിപദത്തിലേക്കു ആദ്യം പ്രവേശിക്കാൻ കഴിഞ്ഞത്. എന്നാൽ 1918 ജൂൺ മാസമായപ്പോഴേക്കും ശോശാമ്മ തിരിച്ചെത്തി. ആ സമയത്ത് ബാരിസോളിൽ സുറിയാനിക്കാർക്കായി പ്രത്യേകമുണ്ടാക്കിയ ചാപ്പലിന്റെ ഔദ്യോഗിക കൂദാശാകർമ്മത്തിന് ജൂൺ 16-ാം തീയതി (സുറിയാനിക്കണക്കിൽ മാർതോമ്മാശ്ലീഹായുടെ ദുക്റാനാ തിരുനാൾ കർക്കിടകം-3) പി.റ്റി. ഗീവറുഗീസച്ചൻ എത്തിച്ചേർന്നു. കൂദാശചെയ്ത ചാപ്പലിൽവച്ച് ശോശാമ്മ(ഇളയമ്മ)യെയും കെ.സി.



ശോശാമ്മയെയുംകൂടി അർത്ഥിനിപദത്തിലേക്കു പ്രവേശിപ്പിച്ചു. അങ്ങനെ നാല് അർത്ഥിനികൾ ഉൾപ്പെട്ട ബാരിസോളിലെ മലങ്കര സന്ന്യാസാരംഭ സമൂഹത്തിന് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പ്രതീതിയായിരുന്നു. ഈ ആദ്യ കൂട്ടായ്മയിലുണ്ടായ രസകരവും, അദ്ഭുതാവഹവുമായ അനുഭവങ്ങൾ കുറിക്കട്ടെ.

### ഹൂഗ്ലീ നദിയിലൂടെ ഒരു യാത്ര

ഇന്ന് പഠനത്തിനും വിനോദത്തിനുമായി നടത്തുന്ന ചെറുതും വലുതുമായ യാത്രകൾ സർവസാധാരണമാണ്. എന്നാൽ കഴിഞ്ഞ നൂറ്റാണ്ട് ആരംഭത്തിൽ, സന്ന്യാസാർത്ഥിനികൾക്ക് വിനോദയാത്ര അസാധാരണമായിരുന്നു. അർത്ഥിനിപദത്തിൽ പ്രവേശിച്ചവരും അതിനായി ഒരുങ്ങുന്നവരുമുൾപ്പെട്ട പതിനൊന്നു പേരടങ്ങുന്ന ശിഷ്യഗണം! സിസ്റ്റർ ഹെലനും സിസ്റ്റർ ആഗ്നസും ഉല്ലാസയാത്രയ്ക്ക് ഗുരുശിഷ്യവൃന്ദത്തോടൊപ്പമുണ്ടായി. ബാരിസോളിലെ ജീവിതാനുഭവങ്ങളുടെ ഓർമ്മ നിലനിർത്താൻ ഇതുപകരിക്കുമെന്നും ഏതു ജീവിതാവസ്ഥയിലും ഇങ്ങനെയുള്ള മാനസികോല്ലാസപരിപാടികൾ അനിവാര്യമെന്നും ജീവിക്കുന്ന ചുറ്റുപാടുകൾക്കപ്പുറമുള്ള ലോകവുമായി ബന്ധപ്പെടുന്നതും പരിചയപ്പെടുന്നതും മനസ്സിനെയും ഹൃദയത്തെയും അതിലുപരി ചിന്തകളെയും വിശാലമാക്കുന്നതിനു സഹായിക്കുമെന്നും ലോകപരിജ്ഞാനവും പരിചയവുമുള്ള ഗുരു കരുതി. അതിന് അദ്ദേഹം തെരഞ്ഞെടുത്തത് കൽക്കട്ടയിലെ പ്രസിദ്ധിയാർജിച്ച ഹൂഗ്ലിനദിയിലൂടെ ഒരു ബോട്ടുയാത്രയാണ്.

പതിവുപ്രകാരം ഉല്ലാസയാത്രാവേളയിൽ കരുതാറുള്ള ഭക്ഷണപ്പൊതികൾ തയ്യാറായി കഴിഞ്ഞു. കൂട്ടത്തിൽ ഒരു കുട്ട നിറയെ മധുരമുള്ള പപ്പായപഴവും (ഓമയ്ക്ക). തിന്നാൻ ബഹുരസമെങ്കിലും ഭാരത്തിൽ പപ്പായ കേമൻ തന്നെയാണ്. ഇതാരു ചുമക്കും എന്നൊരു ചോദ്യചിഹ്നം യാത്രക്കാർക്കിടയിൽ. ഒട്ടും താമസിച്ചില്ല ഗുരു തിരുവായ് മൊഴിഞ്ഞു, മുഴങ്ങുന്ന ശബ്ദത്തിൽ! "സാറാമ്മ പപ്പായ എടുത്തു നടക്കട്ടെ." കെട്ടിലും മട്ടിലും നടപ്പിലുമെല്ലാം തറവാടിത്തം നിറഞ്ഞുനില്ക്കുന്ന വിദ്യാസമ്പന്നയായ ഒരു യുവതി കൽക്കട്ടാത്തെരുവിലൂടെ ഓമയ്ക്കാക്കൂടയും തലയിലേറ്റി ബോട്ടുജട്ടിവരെ നടക്കുന്ന കാഴ്ച.! ഇളയമ്മ മുതൽ കുഞ്ഞനുജത്തി അന്നമ്മവരെ മുഖത്തോടുമുഖം നോക്കി. ചിലരൊക്കെ കണ്ണുമിഴിച്ചു. സിസ്റ്റർ ഹെലനും സഹോദരി ആഗ്നസിനും നേരിയ ചിരി. കൂടെയുണ്ടായിരുന്ന അച്ചന് സാറാമ്മ ഇതെടുക്കുമോ എന്ന ആകാംക്ഷ. പക്ഷേ ഗുരുശബ്ദം കേട്ട നിമിഷത്തിൽ അടുത്തുനിന്ന ഗുരുവിന്റെ സഹായത്തോടെ

www.malankaralibrary.com



ഓമയ്ക്കാക്കൂട സാറാമ്മയുടെ തലയിൽ സ്ഥാനം പിടിച്ചു. സാറാമ്മ നടന്നുകഴിഞ്ഞു. ലാളിത്യത്തിനും വിനയത്തിനും ത്യാഗമനോ ഭാവത്തിനും എല്ലാറ്റിലുമുപരി അനുസരണത്തിനും ഇതിനെക്കാൾ വലിയ തെളി വെന്തുവേണം? ധൈര്യപൂർവ്വം താഴ്ചയിലേക്കിറങ്ങാൻ തയ്യാറായ സാറാമ്മയെ വാത്സല്യത്തോടെനോക്കി ഗുരു പുഞ്ചിരിതൂകി. വ്യക്തിത്വ ത്തിന്റെ ആഴവും അർത്ഥവും സമ്പത്തിലോ ഉന്നത വിദ്യാഭ്യാസത്തിലോ മേന്മനിറഞ്ഞ തറവാടിത്തത്തിലോ കഴിവിലോ മാത്രം ഒതുങ്ങുന്നതല്ല എന്ന വലിയ മാതൃക സ്വശിഷ്യയിൽ ദർശിച്ച ഗുരുനാഥൻ അഭിമാനപുളകിതനായി, ശിഷ്യരോടൊപ്പം ബോട്ടുജട്ടിയിലേക്കു നടന്നു.

യാത്രയിൽ മറ്റൊരു വലിയ പാഠംകൂടി അവർ പഠിച്ചു. സാമാന്യം സൗകര്യമുള്ള ബോട്ടുകൾ കിട്ടാവുന്ന ബോട്ടുജട്ടിയിൽ ആബോ അവർക്കായി ക്രമീകരിച്ചത് അത്രയും പേർക്കിരിക്കാവുന്ന ഒരു വള്ളമാണ്. വെള്ളത്തിൽ സഞ്ചരിക്കേണ്ടിവരുമ്പോഴൊക്കെയും എം.എ. അച്ചൻ സാധാരണജനങ്ങൾ സഞ്ചരിക്കാറുള്ള വള്ളത്തിൽ മാത്രമേ സഞ്ചരിക്കാറുള്ളുഎന്ന് അനുഭവ സ്ഥർക്കറിയാം. ഹൂഗ്ലി നദിയുടെ മനോഹാരിത, ശാന്തത, ഇരുകരകളുടെ പ്രകൃതിസൗന്ദര്യം ഇവയെല്ലാം ആസ്വദിച്ച് ദൈവസ്തുതി കീർത്തന ങ്ങളാലപിച്ചും സന്തോഷം പങ്കുവച്ചും സഞ്ചരിച്ചിരുന്ന വേളയിൽ പെട്ടെ ന്നാണതു സംഭവിച്ചത്! എതിരേവന്ന ഒരു സ്റ്റീം ബോട്ടിന്റെ ജൈത്രയാത്രയിൽ വള്ളം ആടിയുലയാൻ തുടങ്ങി. വലിയ ഓളത്തിൽ വള്ളം മുങ്ങുമെന്ന നില! "ദൈവമേ" എന്ന നിലവിളി! അലകൾക്കിടയിൽ മുങ്ങിത്താഴാൻ പോകുന്ന ഭയാനകമായ ആ നിമിഷം ആശങ്കാഭരിതമായിരുന്നു.

എന്തെല്ലാം വലിയ പ്രതീക്ഷകളാണ് ഇവിടെ ആടിയുലഞ്ഞു താഴാവുന്നത്? വള്ളത്തിന്റെ കാലുകളിൽ തൂങ്ങിക്കിടന്ന് രക്ഷയ്ക്കുവേണ്ടി ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന 'ബഥനിയുടെ ഭാവി വാഗ്ദാനങ്ങൾ'! ദൈവമേ! പിതാവേ! അലകടലിൽ വള്ളത്തിൽ യാത്രചെയ്ത ശിഷ്യഗണത്തിനുവേണ്ടി കടലിനെ ശാസിച്ച ക്രിസ്തുനാഥനെ പി.റ്റി. ഗീവറുഗീസച്ചൻ ഹൃദയം നൊന്തുവിളിച്ചു. നഷ്ടധൈര്യനാകാതെ ദൈവാശ്രയത്തികവോടെ കണ്ണുകളുയർത്തി നിശ്ചലനായിരുന്നു.

ദൈവാശ്രയത്തിൽ അടിയുറച്ച അദ്ദേഹം തന്റെ അജഗണത്തെ ധൈര്യപ്പെടുത്തി, പിതൃസന്നിധിയിൽ സമസ്തവും സമർപ്പിച്ചു. അല്പ സമയത്തിനുള്ളിൽ ഓളംനിലച്ചു. വള്ളം നേരെയായി. തുടർന്നുള്ള യാത്ര സന്തോഷപ്രദമായി. സ്തോത്രഗീതങ്ങൾ ദൈവസന്നിധിയിലേക്കുയർന്നു.

ദൈവപിതാവ് അവിടുത്തെ ദൗത്യനിർവഹണത്തിനായി തെരഞ്ഞെ ടുക്കുന്നവരെ ഇതുപോലെയുള്ള അനുഭവങ്ങളിൽക്കൂടെ കടത്തിക്കൊണ്ടു



പോയി ആശ്രയബോധമുള്ളവരും ധൈര്യമുള്ളവരുമാക്കിത്തീർക്കുന്നു. കൂടാതെ അവിടുന്നാഗ്രഹിക്കുന്ന ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്നതിന് നമ്മെത്തന്നെ നാം വിട്ടുകൊടുക്കണമെന്ന അറിവ് വിനോദയാത്രയുടെ ഫലമായി അർത്ഥിനികൾക്കനുഭവപ്പെട്ടു എന്ന് അവരുടെ ഡയറിക്കുറിപ്പിൽ കാണുന്നു.

## പ്രതീക്ഷ പൂവണിയുന്നു

മിസ്റ്റർ ഹൗവ്വൽസിനു രാജിക്കത്തു നല്കി ഉദ്യോഗത്തിൽനിന്ന് സ്വതന്ത്രനായിത്തീർന്ന ഫാദർ ഗീവറുഗീസിനെ രാജി പിൻവലിപ്പിച്ച് വീണ്ടെടുക്കാനാവുമോ എന്ന് മിസ്റ്റർ ഹൗവ്വൽസ് ഒരു അവസാന പരീക്ഷണം നടത്തി. സർവപ്രധാനമായ ഒരു കാര്യത്തിലേക്ക് അച്ചന്റെ ശ്രദ്ധക്ഷണിച്ചു. "ഫാദറിന്റെ മേൽനോട്ടത്തിൽ ബാരിസോളിലും മറ്റും പഠിക്കുകയും പരിശീലനം നേടുകയുംചെയ്യുന്ന യുവതികളുടെ കാര്യം എങ്ങനെയാണ്?" മറുപടിക്ക് അധികസമയം വേണ്ടിവന്നില്ല. ബാരിസോളിൽ മദർ ഈഡി ത്തിന്റെയും സിസ്റ്റർ ഹെലന്റെയും നേതൃത്വത്തിൽ കാര്യക്ഷമമായി പരിശീലനം നടക്കുന്നുണ്ടെങ്കിലും താനുദ്ദേശിക്കുന്ന രീതിയിൽ ഒരു മഠം ബാരിസോളിൽ ഉണ്ടാകുന്നതുകൊണ്ട് തന്റെ സഭയ്ക്കോ ക്ലേശമനുഭവിക്കുന്ന സഭാമക്കൾക്കോ അതിൽനിന്നു കാര്യമായ നേട്ടം ഉണ്ടാകാനില്ല എന്ന് നേര ത്തേ മുതൽ ചിന്തിച്ചുറപ്പിച്ചിരുന്ന ഗീവറുഗീസച്ചൻ മിസ്റ്റർ ഹൗവ്വൽസിനോടു പറഞ്ഞു: "നാട്ടിൽ എത്തിക്കഴിഞ്ഞാലുടൻ അവരെക്കുറിച്ചുള്ള എന്റെ തീരുമാനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അവരെക്കൂടെ ഞാൻ നാട്ടിലേക്കു കൊണ്ടുപോവുകയാണ്."[1]

ആറുവർഷത്തെ സേവനം മതിയാക്കി ശെമ്മാശന്മാരോടൊപ്പം 1919-ൽ കേരളത്തിലെത്തിയ പ്രൊഫസർ പി.റ്റി. ഗീവറുഗീസച്ചനെ സ്നേഹാദര ങ്ങളോടെ സഭാധികാരികൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആഗ്രഹവും ആദർ ശങ്ങളും സംശുദ്ധമാണെന്നും അത് സഭയ്ക്കു മുതൽക്കൂട്ടാണെന്നും ബോദ്ധ്യ പ്പെട്ട സഭാധികാരികൾ ആശ്രമം നിർമ്മിക്കുന്നതിനുള്ള അച്ചന്റെ പുറപ്പാടിന് എതിരുനിന്നില്ല. എന്നുതന്നെയല്ല താൻ രൂപീകരിക്കുന്ന ആശ്രമം സഭയ്ക്കു ള്ളിൽ ഒരു സ്വതന്ത്രസ്ഥാപനമായിരിക്കണം എന്ന അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തെ മാനിക്കയും ചെയ്തു. അതും ദൈവനിയോഗമെന്നു കണ ക്കാക്കാം. ഫാദർ പി.റ്റി. ഗീവറുഗീസ് സെറാമ്പൂരിൽ ആയിരിക്കുമ്പോൾ തന്നെ മുണ്ടൻമലയിൽ തടിയും മുളയും മറ്റുമുപയോഗിച്ച് ലാളിത്യമാർന്ന പർണ്ണാ ശ്രമവും അതിനോടു ചേർന്ന് ചാപ്പലും പൂർത്തിയാക്കിയിരുന്നു. താമസ യോഗ്യമായിത്തീർന്ന ആശ്രമത്തിൽ 1919 ഓഗസ്റ്റ് 15 ന് പി.റ്റി. ഗീവറുഗീസ് അച്ചൻ ഉൾപ്പെടെ പത്തുപേർ താമസമാക്കി.

1. ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് - ഫാ. ഇഞ്ചക്കലോടി ഒന്നാംഭാഗം പുറം 152

www.malankaralibrary.com



1. ഫാദർ പി. റ്റി. ഗീവറുഗീസ് (മാർ ഈവാനിയോസ്)
2. യാക്കോബു ശെമ്മാശൻ (മാർ തിയോഫിലോസ്)
3. ഫാദർ അലക്സിയോസ്, നിരണം (മാർ തെവോദോസ്യോസ്)
4. കോശി ശെമ്മാശൻ, ശൂരനാട് (റവ. സാമുവൽ T.O.C.D.)
5. ഗീവറുഗീസ്, ചെങ്ങന്നൂർ മാമ്പുഴക്കാട്ടിൽ (ഫാ. ഗീവറുഗീസ് O.I.C)
6. യാക്കോബ്, മാവേലിക്കര (ഫാ. ബർശ്ലീബാ O.I.C.)
7. ഉമ്മൻ ശൂരനാട്ട് (ബസ്കീപ്പാ റമ്പാൻ)
8. ഏബ്രഹാ കല്ലുപ്പാറ (ഫാ. ഏബ്രഹാം O.I.C.)
9. ഇസഹാക്ക് മാവേലിക്കര (ഫാ. ഇസഹാക്ക്)
10. വറുഗീസ്പുളിക്കീഴ് (ഫാ. വറുഗീസ്)

**പുതിയ സംരംഭം**

ഏകാന്തജീവിതത്തിന് കൂടുതൽ സൗകര്യമുള്ള പെരുനാട്ടിൽ തന്നെ മറ്റൊരു കുന്നിൽ സ്ത്രീകൾക്കുള്ള മഠവും സ്ഥാപിക്കണമെന്ന് ഫാദർ പി.റ്റി. ഗീവറുഗീസ് മനസ്സിലുറച്ചിരുന്നു. എന്നാൽ തിരുവല്ലയിൽ തിരുമൂലപുരത്ത് താൻ കണ്ടുവച്ചിരുന്ന കെട്ടിടവും സ്ഥലവും ഓർമ്മയിലെത്തി. സ്ത്രീ വിദ്യാഭ്യാസത്തിനു വിലകല്പിക്കാതിരുന്ന അക്കാലത്ത് സമുദായ സ്നേഹിയും ഔദാര്യവാനുമായിരുന്ന കണ്ടത്തിൽ ശ്രീ വറുഗീസ് മാപ്പിള സ്ത്രീജനോദ്ധാരണാർത്ഥം ഒരു പെൺപള്ളിക്കൂടം മനസ്സിൽകണ്ട് പണി കഴിപ്പിച്ചതാണ് പ്രസ്തുത കെട്ടിടം. കാര്യം ഫലപ്രാപ്തിയിൽ എത്തുംമുമ്പ് അദ്ദേഹം ഈ ലോകത്തോടു യാത്രപറഞ്ഞിരുന്നു. വർഷങ്ങളായി ആരും ശ്രദ്ധിക്കാതെ കാടനും കൂമനും കയറിയിറങ്ങി ഏതാണ്ടൊരു കാട്ടുപ്രദേശം പോലെയായിത്തീർന്ന സ്ഥലവും കെട്ടിടവും 'ആബോ'[2] ഗീവറുഗീസിനെ ചിന്തിപ്പിച്ചു. ദൈവസമർപ്പിതമായ തന്റെ മനസ്സിലേക്കും ഹൃദയത്തിലേക്കും വിരുന്നുവരുന്ന പുതിയ പദ്ധതികൾ ചെറുതായാലും വലുതായാലും ഫല പ്രാപ്തിയിലെത്തിക്കുക, അതിന് ഏത് സാഹചര്യത്തെയും പ്രശ്നത്തെയും നേരിടുക ഇതൊന്നും ആബോയ്ക്ക് പുത്തനല്ലല്ലോ. ഈ കെട്ടിടനിർമാതാവിന്റെ സ്വപ്നം സഫലമാക്കാനുള്ള മാർഗ്ഗങ്ങൾ അച്ചൻ സ്വരുക്കൂട്ടി. ഇതിന് ആദ്യം സഹായഹസ്തവുമായി എത്തിയത് കൽക്കട്ടയിലെ ഡയോസിസൻ കോളജ് പ്രിൻസിപ്പാളായിരുന്ന ആംഗ്ലിക്കൻ സഭാംഗം സിസ്റ്റർ മേരി വിക്ടോറിയ എന്ന സ്ത്രീരത്നമായിരുന്നു. കൽക്കട്ടയിൽ കോളജുപഠനം കഴിഞ്ഞു വരുന്ന പെൺകുട്ടികളോടൊപ്പം താനുംകൂടെ പോരാമെന്ന് ഈ സാധ്വി നേരത്തെ പറഞ്ഞിരുന്നതാണ്. എങ്കിൽ ഇതൊരു നല്ല വിദ്യാഭ്യാസ

2. 1919 ൽ പെരുനാട്ടിൽ ആശ്രമം സ്ഥാപിച്ചതു മുതൽ പി.റ്റി. ഗീവറുഗീസ് അച്ചനെ ആബോ ഗീവറുഗീസ് എന്നു വിളിച്ചിരുന്നു. 'ആബോ' എന്നു ചുരുക്കത്തിലും വിളിച്ചു.



സ്ഥാപനമാക്കി അതിനോടനുബന്ധിച്ച് സ്ത്രീകൾക്കുള്ള സന്ന്യാസഭവനവും (മഠം) ഉണ്ടാക്കിയാൽ നന്നായിരിക്കുമെന്ന ഉൾപ്രേരണ ആബോയെ കൂടുതൽ ഉത്സാഹിയാക്കി.

മലങ്കര സുറിയാനിസഭയിൽ ധാരാളം കഴിവുറ്റ സ്ത്രീപ്രതിഭകളെ വാർത്തെടുക്കുന്ന ഒരു നല്ല വിദ്യാലയം മനസ്സിൽ വളർത്തിക്കൊണ്ടുവന്ന ശ്രീ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ സഹധർമ്മിണിയും ഏകമകനും എം.എ. അച്ചന്റെ ഈ സംരംഭത്തിന് വലിയ സഹായവും പിന്തുണയുമായിരുന്നു. കെട്ടിടം എത്രയും പെട്ടെന്ന് ഒരു നല്ല സ്കൂളിന് ഉപയുക്തമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു. ഈ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് തിരുമൂലപുരം ഇടവകയുടെ നേതൃത്വത്തിൽ ഒരു എൽ.പി. സ്കൂൾ നടത്തിയിരുന്നു. എന്നാൽ പുതിയ പദ്ധതിപ്രകാരം ഒരു റസിഡൻഷ്യൽ സ്കൂളായി നടത്താനുള്ള അനുവാദമാണ് ഗവൺമെന്റിൽനിന്നു ലഭിച്ചത്. മഠത്തോടനുബന്ധിച്ചു നടത്താനുദ്ദേശിക്കുന്ന സ്കൂൾ എന്ന നിലയ്ക്ക് 'ബാലികാമഠം സ്കൂൾ' എന്ന പേരാണ് ആബോ സ്കൂളിന് നിർദ്ദേശിച്ചത്. സ്കൂൾ നടത്തിപ്പിന് എല്ലാ ഒത്താശകളും സിസ്റ്റർ മേരി വിക്ടോറിയ ചെയ്തുതരുമെന്നിരുന്നാലും അവിടെ താമസിച്ച് സ്കൂളിൽ ജോലി ചെയ്യുന്നതിനുള്ള അദ്ധ്യാപകർ ഉണ്ടാകേണ്ടിയിരുന്നു. ബാരിസോളിലെ മദർ ഈഡിത്തിന്റെ ആത്മാർത്ഥമായ സഹായഹസ്തം ഇവിടെയും എം.എ. അച്ചനു തുണയായി.

മദർ ഈഡിത്തിന്റെ ഉറ്റ മിത്രങ്ങളായിരുന്ന ഇംഗ്ലണ്ടുകാരായ മിസ് ഹോംസ്, മിസ് പി.ഡി. ബ്രൂക്സ്മിത്ത് എന്നിവരെ ബാരിസോളിൽ വരുത്തി മദർ ഈഡിത്ത് അച്ചന്റെ ആവശ്യം അവരെ അറിയിച്ചു. അദ്ധ്യാപനത്തിൽനിന്നും വിരമിച്ച് സ്വസ്ഥമായി കഴിഞ്ഞിരുന്ന മിസ് ഹോംസിനും വിദ്യാഭ്യാസയോഗ്യത സമ്പാദിച്ചെങ്കിലും അതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാതിരുന്ന മിസ് ബ്രൂക്സ്മിത്തിനും ഇതൊരു സന്തോഷവാർത്തയായി. എന്നാൽ കേരളത്തിലെത്തി എന്തു നന്മയാണു ചെയ്യാനാവുക? ഭാഷ അവർക്കു വലിയ തടസ്സമായിത്തോന്നി. എന്നാൽ അവർതന്നെ പരിഹാരവും കണ്ടുപിടിച്ചു. ബാരിസോളിൽ പരിശീലനം നടത്തുന്ന സിറിയൻ പെൺകുട്ടികൾ കൂടെയുണ്ടെങ്കിൽ തങ്ങൾ കേരളത്തിലേക്കു പോരാമെന്ന സന്നദ്ധത മദർ ഈഡിത്ത് ഉടനെതന്നെ എം.എ. അച്ചനെ അറിയിച്ചു.

എം.എ. അച്ചൻ കേരളത്തിലെത്തിയതുമുതൽ പെൺകുട്ടികളെ കൊണ്ടുവരുന്ന കാര്യം ചിന്തയിൽ കൂടുകെട്ടിയിരുന്നു. 'മുണ്ടൻ മല'യെക്കാൾ തത്ക്കാലം അഭികാമ്യവും ഉപയുക്തവുമായിരിക്കുന്നത് തിരുമൂലപുരം തന്നെയെന്നും അതിനുള്ള കാലം ദൈവഹിതാനുസാരം സമാഗതമായിരി

www.malankaralibrary.com



ക്കുന്നു എന്നുമുള്ള ബോദ്ധ്യത്തോടെ മിസ് ഹോംസിന്റെ അഭിപ്രായത്തെ അച്ചൻ സർവാത്മനാ അംഗീകരിച്ചു.

## മഠത്തിനുള്ള സ്ഥലം ഒരുങ്ങുന്നു

മഠത്തിനുള്ള സ്ഥലം കണ്ടുപിടിക്കാനും മഠം പണിയാനും ചിറ്റയ്ക്കാട്ട് മാത്യൂസ് അച്ചനെ ആബോ ചുമതലപ്പെടുത്തി. കൊമ്പുകളുടക്കി മുൾപ്പടർപ്പിൽകിടന്ന ആട്ടുകൊറ്റനെ ദൈവദൂതൻ അബ്രഹാമിനു കാട്ടിക്കൊടുത്തതുപോലെ മഠത്തിനുള്ള സ്ഥലം ആബോയുടെ മനോമുകുരത്തിൽ ദൃശ്യമായി. പുതുതായി ആരംഭിച്ചിരിക്കുന്ന ബാലികാമഠം സ്കൂൾ പറമ്പിനു തൊട്ടു പടിഞ്ഞാറു ഭാഗത്ത് കൊച്ചുമാലിൽ കുടുംബാംഗങ്ങളുടെ വക കുറെ തരിശുഭൂമി പെട്ടെന്നാണ് ആബോയുടെ മനസ്സിലെത്തിയത്. വിവരം ചിറ്റയ്ക്കാട്ടച്ചനെ അറിയിച്ചിട്ട് എത്രയും വേഗം അതു വിലയാധാരം ചെയ്ത് മഠത്തിനു സ്വന്തമാക്കണമെന്ന നിർദ്ദേശവും നല്കി. ഏതു കാര്യത്തിനും എം.എ. അച്ചന്റെ വലംകൈയായി നിന്നുവർത്തിച്ചിരുന്ന 'ബലവാനച്ചൻ' എന്ന് അപരനാമമുള്ള ചിറ്റയ്ക്കാട്ടച്ചൻ സ്ഥലം എഴുതിക്കുന്നതിനുള്ള ശ്രമമായി. വസ്തു എഴുതിക്കുന്നു എന്ന വാർത്തയറിഞ്ഞ് ബന്ധുക്കളിൽ ഒരാൾ വലിയ എതിർപ്പുമായി പ്രത്യക്ഷപ്പെട്ടു. എതിർപ്പൊന്നും വകവയ്ക്കാതെ ചിറ്റയ്ക്കാട്ടച്ചനും കൊച്ചുമാലിൽ സഹോദരങ്ങളും കുടി ആധാരമെഴുതിക്കാൻ കച്ചേരിയിൽ ചെന്നപ്പോൾ അവിടെയുംഎത്തി ഇയാൾ തടസ്സം സൃഷ്ടിച്ചു. ദൈവഹിതം ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ എത്ര വലിയ കാറ്റിനെയും കോളിനെയും ദൈവാശ്രയത്തോടെ നേരിടാനും മറികടക്കാനും തയ്യാറാവുന്ന സഹജമായ ധൈര്യത്തോടെ വിദഗ്ധമായ രീതിയിൽ കരുക്കൾനീക്കി. ചിറ്റയ്ക്കാട്ടച്ചനും ആബോയോടൊപ്പം നിന്നു. ഏതാനും ദിവസങ്ങൾക്കകം വസ്തു എഴുതിച്ച് സ്വന്തമാക്കി. താമസിയാതെ മഠം പണിയും ആരംഭിച്ചു.

## ബാരിസോളിൽ നിന്നു തിരുവല്ലയിലേക്ക്

1920 മെയ് മാസാവസാനത്തിൽ പുതിയ സ്കൂൾ ആരംഭിക്കുന്നതോടുകൂടിത്തന്നെ മഠവും ആരംഭിക്കണമെന്ന ആഗ്രഹം നടന്നില്ല. എങ്കിലും ബാരിസോളിൽനിന്നും യാത്ര പുറപ്പെട്ടുകഴിഞ്ഞ സംഘത്തെ സുരക്ഷിതമായി പാർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞിരുന്നു. ബാരിസോളിൽവച്ച് അർത്ഥിനിപദത്തിലെത്തിയ നാലുപേരുൾപ്പെട്ട പത്തംഗസംഘം, സിസ്റ്റർ ഹെലൻ, സിസ്റ്റർ ഡൊറീൻ എന്നീ ആംഗ്ലിക്കൻ സിസ്റ്റേഴ്സും മിസ് ബ്രൂക്സ്മിത്ത്, മിസ് ഹോംസ് എന്നീ മദാമ്മമാരും ഒന്നിച്ച് 1920 മെയ് മാസം പതിനാറാം തീയതി തിരുവല്ലയിലെത്തി. സിറിയൻ ബാലികമാരുടെ



കൂട്ടത്തിലുണ്ടായിരുന്ന ഏലിശുബ ആന്നിയിൽ, പി.പി. അന്നമ്മ മാവേലിക്കര എന്നിവരെ 1919 ജൂണിൽത്തന്നെ ബാരിസോളിൽനിന്നും വരുത്തി കോട്ടയം മിസ് ബേക്കർ സ്കൂളിൽ ഒരാളെ ഫോർത്തു ഫോമിലും മറ്റെയാളെ തേർഡ് ഫോമിലും ചേർത്ത് സ്കൂളിനോടനുബന്ധിച്ചുള്ള ബോർഡിംഗിൽ താമസിപ്പിച്ചിരുന്നു. ബാക്കിയുണ്ടായിരുന്നവരെ, മിസ് ഹോംസിനെയും മിസ് ബ്രുക്സ്മിത്തിനെയും ബാലികാമഠം സ്കൂൾ കെട്ടിടത്തിലും പെൺകുട്ടികളെ ആച്ചിയമ്മ പൊൻവാണിഭത്തിന്റെ ഒരു ബന്ധുവും എം.എ. അച്ചന്റെ സുഹൃത്തുമായ പോളച്ചിറയ്ക്കൽ ശ്രീ പി.കെ. ഉമ്മന്റെ വീട്ടിലും തത്ക്കാലം താമസിപ്പിച്ചു.

www.malankaralibrary.com

## അദ്ധ്യായം 5

### ആശ്വാസത്തിന്റെ വാതിൽ തുറക്കുന്നു

ബാരിസോൾ സംഘം തിരുവല്ലയിൽ എത്തിയതിന്റെ നാലാംനാൾ, 1920 മെയ്മാസം 20 -ാം തീയതി കാട്ടുതടികളും മുളംകൂട്ടും ചേർത്തുകെട്ടി, പലക ഭിത്തിതീർത്ത് പുല്ലുമേഞ്ഞ ബഥനിയുടെ കവാടം തുറന്നു. പ്രതീക്ഷയുടെ തിരിനാളങ്ങളുമേന്തി സന്ന്യാസ ദൈവവിളിക്ക് കാതോർത്തുകൊണ്ട് വെള്ള വസ്ത്രധാരിണികളായ സന്ന്യാസാർത്ഥിനികൾ ഉൾപ്പെട്ട ചെറുസംഘത്തെ യോഗീവര്യനായ ആബോ ഗീവറുഗീസ് തന്റെ സഹസന്ന്യാസികളുടെയും സഭാസ്നേഹികളുടെയും സാന്നിദ്ധ്യത്തിൽ ഭവന പ്രവേശനം ചെയ്യിച്ച് പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടു. മുക്കൻചേരിൽ ശോശാമ്മ, പൊൻവാണിഭം ആച്ചിയമ്മ, കുറ്റിയിൽ മറിയാമ്മ, കല്ലുമ്പുറത്ത് കൊച്ചുമറിയാമ്മ, സൂസമ്മ, റാഹേലമ്മ ഇത്രയും പേരാണ് അന്നു താമസത്തിനെത്തിയവർ. മാമ്പുഴക്കാട്ട് സാറാമ്മ, മിസ് ബേക്കറിൽ പഠിച്ചിരുന്ന മാവേലിക്കര അന്നമ്മ, കല്ലറയ്ക്കൽ കുഞ്ഞമ്മ എന്നിവരെ ബാലികാമഠം സ്കൂളിൽ ചേർത്ത് അവിടെ താമസിപ്പിച്ചു. ആന്നിയിൽ അന്നമ്മ മിസ് ബേക്കറിൽ പഠനം തുടർന്നു.

ബാരിസോളിൽ പരിശീലനം നല്കിയിരുന്ന സിസ്റ്റർ ഹെലനും സഹായിയായ സിസ്റ്റർ ഡൊറീനും പരിശീലനം തുടർന്നുനല്കുന്നതിന് എത്തിയിരുന്നു. 1920 ഓഗസ്റ്റിൽതന്നെ മദർ ഈഡിത്തും കേരളത്തിലെത്തി പരിശീലനം തുടർന്നു. ആദ്ധ്യാത്മികകാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും എം.എ. അച്ചൻ സമയം കണ്ടെത്തി. അതിനായി മഠത്തിനു അധികം ദൂരെയല്ലാതെ തിരുമൂലപുരത്തുതന്നെ ഒരു ചെറിയ കെട്ടിടം ഉണ്ടാക്കി. അച്ചൻ കൂടെക്കൂടെ അവിടെ വന്നു താമസിച്ചിരുന്നതുകൂടാതെ ആവശ്യാനുസരണം ആശ്രമത്തിലുള്ള സന്ന്യാസിമാരെ അതിനു നിയോഗിക്കയും ചെയ്തു. അങ്ങനെ ഗംഗാ ബ്രഹ്മപുത്രാനദീസംഗമ സ്ഥാനത്തുള്ള ബാരിസോൾ പട്ടണത്തിൽ മുളച്ചു വന്ന 'ബഥനി' കേരളത്തിന്റെ ഇടനാടു മലമ്പ്രദേശത്ത് സ്വന്തനാട്ടിലേക്ക് പറിച്ചുനടപ്പെട്ടു. സന്ന്യാസപാരമ്പര്യം അവകാശപ്പെടാനില്ലാത്ത മലങ്കര സുറിയാനി സഭാസമൂഹമദ്ധ്യത്തിൽ ഒരു അപൂർവവൃക്ഷമെന്നപോലെ അതു വേരുറപ്പിച്ചു വളരാൻതുടങ്ങി. പരിത്യാഗജീവിതപാതയിലൂടെ തപസ്സും പ്രായശ്ചിത്തവും യാമങ്ങൾ തോറുമുള്ള നമസ്കാരവും ജീവിതശൈലിയാക്കുന്നതിനുള്ള പരിശീലനം കുറെക്കൂടെ തീവ്രമായി തിരുമൂലപുരത്ത് തുടരുകയായിരുന്നു.



### പ്രവർത്തനപാതയിൽ - ബഥനി

സ്വഭവനത്തെയും മാതാപിതാക്കളെയും വിട്ട് ബാലികാമഠം റസിഡൻഷ്യൽ സ്കൂളിൽ വിദ്യാസമ്പാദനാർത്ഥം എത്തിയിരുന്ന കൊച്ചുപെൺകുട്ടികൾക്ക് ബഥനിയിലെ സന്ന്യാസാർത്ഥിനികൾ അത്താണിയായി. അവരെ വേദപാഠം പഠിപ്പിക്കുന്നതിനും കുമ്പസാരത്തിനും കുർബാനാനുഭവത്തിനും ഒരുക്കുന്നതിനും സന്മാർഗക്ലാസ്സുകൾ എടുക്കുന്നതിനും ഇവർ നിയോഗിക്കപ്പെട്ടിരുന്നു. സ്കൂൾകുട്ടികൾ ആബോയുടെ നിർദ്ദേശാനുസരണം മഠാംഗങ്ങളെയും റ്റീച്ചേഴ്സിനെയും സുറിയാനി മലയാളിപാരമ്പര്യമനുസരിച്ച് 'കൊച്ചമ്മ' എന്നു സംബോധന ചെയ്തിരുന്നു. സ്കൂളും മഠവും തമ്മിലുള്ള ആഴമായ സ്നേഹബന്ധവും കുടുംബഭാവനയും എത്ര വിലമതിക്കത്തക്കതായിരുന്നു എന്ന് ഇതിൽനിന്നനുമാനിക്കാം. അടുത്തകാലംവരെയും ബാലികാമഠം സ്കൂളിൽ ഈ പാരമ്പര്യം നിലനിന്നിരുന്നു.

വിദ്യാഭ്യാസസൗകര്യങ്ങൾ ലഭ്യമാക്കാതെയും അധമരെന്ന് മറ്റുമനുഷ്യരാൽ വിധിക്കപ്പെട്ട് താഴ്ന്ന ജീവിതനിലവാരങ്ങളിലേക്ക് തള്ളപ്പെട്ടും സ്വയം താഴ്ന്നും കഴിഞ്ഞിരുന്ന പുലയ, പറയ വംശത്തിൽപ്പെട്ട കുടുംബാംഗങ്ങൾ അന്ന് തിരുവല്ലാപ്രദേശങ്ങളിൽ ഉണ്ടായിരുന്നു. അങ്ങനെയുള്ള കുടിലുകൾ സന്ദർശിച്ച് അവരെ ബോധവത്ക്കരിക്കുകയും അവരുടെ കുട്ടികളെ കുട്ടിക്കൊണ്ടുവന്ന് പ്രാരംഭവിദ്യാഭ്യാസം നല്കുകയും ചെയ്യുന്നതിന് അർത്ഥിനികൾ ശ്രദ്ധിച്ചിരുന്നു.

തിരുമൂല ഇടവകാംഗങ്ങളായ സ്ത്രീകൾക്ക് ആഴ്ചതോറും മഠത്തിൽ വച്ച് സിസ്റ്റർ ഹെലൻ ക്ലാസ്സ് നടത്തിയിരുന്നു. അർത്ഥിനികളിലാരെങ്കിലും അത് തർജുമ ചെയ്തുകൊടുത്തിരുന്നു. അങ്ങനെ മതപഠനക്ലാസ്സുകൾക്കും വീടു സന്ദർശനത്തിനുംവേണ്ട പരിശീലനം സിസ്റ്റർ ഹെലൻ അർത്ഥിനികൾക്കു നല്കിയിരുന്നു, മലങ്കര യാക്കോബായസമൂഹത്തിൽ മാത്രമല്ല മറ്റു സ്ത്രീജനങ്ങളുടെ ഇടയിലും ജാതിമതഭേദമെന്യേ മഠത്തെക്കുറിച്ചുള്ള സദ്വാർത്ത ഉണർവുണ്ടാക്കി.

### ഒരു പ്രൈമറി സ്കൂൾ

കണ്ടത്തിൽ ശ്രീ വറുഗീസ് മാപ്പിള പണിയിച്ചിട്ടിരുന്ന സ്കൂൾ കെട്ടിടത്തിന്റെ ഒരുഭാഗത്തായി തിരുമൂല പള്ളിയിടവകക്കാരായ പോളച്ചിറയ്ക്കൽകാരുടെയും പെരുമ്പള്ളിക്കാട് ശ്രീ പി.കെ. ഏബ്രഹാമിന്റെയും പരിശ്രമഫലമായി ഒരു എൽ.പി.സ്കൂൾ നടത്തിയിരുന്നതായി സുചിപ്പിച്ചിരുന്നല്ലോ. ചെങ്ങന്നൂർ കൊട്ടാരത്തിൽ ചാണ്ടിസാറായിരുന്നു അവിടത്തെ പ്രഥമാദ്ധ്യാ

www.malankaralibrary.com



പകൻ. ബാലികാമഠം സ്കൂൾ എന്ന പേരിൽ ഹൈസ്കൂൾ ആരംഭിക്കുവാനുള്ള ആബോയുടെ ആഗ്രഹവും പരിശ്രമവും അവർ സന്തോഷത്തോടെയാണ് സ്വീകരിച്ചത്. മേൽപറഞ്ഞ പ്രൈമറിസ്കൂൾ മഠത്തിനടുത്ത് ഷെഡ്ഡുകെട്ടി അവിടേക്കു മാറ്റി. മഠത്തിനുള്ള പുതിയ കെട്ടിടത്തിൽ അർത്ഥിനികൾ 1920 ൽ താമസം ആരംഭിച്ചതോടെ പ്രൈമറിസ്കൂളിന്റെ മുഴുവൻചുമതലയും അവരെ ഏല്പിച്ചു. അധികം താമസിയാതെ സിസ്റ്റർ ഹെലന്റെ മേൽനോട്ടത്തിൽ വേറൊരു സ്കൂൾകെട്ടിടം സൗകര്യപ്രദമായ രീതിയിൽ അവിടെയുണ്ടാക്കി. സ്കൂൾകെട്ടിടത്തിനാവശ്യമായ തടിയും മറ്റും എത്തിച്ചുകൊടുക്കുന്നതിനും ചെലവിനുള്ള പണം കണ്ടെത്തുന്നതിനും ആബോയും സഹായികളും നിർലോപം സഹായിച്ചു എന്നതും ഓർക്കേണ്ടതുണ്ട്. 'തിരുമൂലവിലാസം യു.പി.സ്കൂൾ' എന്ന പേരിൽ ഇന്നും മഠം വകയായിത്തന്നെ സ്കൂൾ നിലനില്ക്കുന്നു.

## മലങ്കരസുറിയാനിസഭയിൽ 'സ്ത്രീ സന്ന്യാസം' എളുപ്പമോ?!

തിരുമൂലപുരത്ത് മഠം ആരംഭിച്ചു എന്ന സദ്വാർത്ത ഇതിനകം സഭാസമൂഹത്തിൽ പരക്കെ അറിഞ്ഞുകഴിഞ്ഞു. പഠനത്തിനും സഭാസേവന പരിശീലനത്തിനുമായി പെൺകുട്ടികൾ കൽക്കട്ടയിലേക്കും ബാരിസോളിലേക്കും പോയെന്നറിഞ്ഞതുമുതൽ ജിജ്ഞാസുക്കളായി കൂടുതൽവിവരങ്ങൾ അറിയാനും കൂട്ടത്തിൽപോകാനും പെൺകുട്ടികൾ ആഗ്രഹിച്ചുതുടങ്ങിയിരുന്നു. തിരുമൂലപുരത്ത് മഠമായിത്തീർന്നു എന്ന അറിവ് പെൺകുട്ടികൾക്ക് ഉത്സാഹംവളർത്തി. എന്നാൽ മാതാപിതാക്കളും ബന്ധുക്കളും സഭാവിശ്വാസികൾപോലും ചില ചോദ്യങ്ങൾ ഉന്നയിച്ച് അവരെ നിരുത്സാഹപ്പെടുത്തിയതുകൊണ്ട് അംഗസംഖ്യ കാര്യമായി വർദ്ധിച്ചില്ല.

ആരെ കണ്ടുകൊണ്ട് കുട്ടികളെ ഈ നൂതന സംരംഭത്തിലേക്കയയ്ക്കും? എം.എ. അച്ചന്റെ കാലശേഷം ഈ പരിപാടിയുടെ നില എന്തായിത്തീരും? ഇതു നിലനില്ക്കുമെന്നുള്ളതിനെന്താണുറപ്പ്? കെട്ടുറപ്പുള്ള റോമാക്കാർ സന്ന്യാസസമൂഹങ്ങളുണ്ടാക്കി, പണം ചെലവഴിച്ച് സ്ഥാപനങ്ങളുണ്ടാക്കി നടത്തുന്നതുപോലെ മലങ്കരയിൽ സന്ന്യാസം ഉണ്ടാക്കാൻ പറ്റുമോ? എന്നിങ്ങനെ മാനുഷികവും സർവ സാധാരണവുമായ ചോദ്യങ്ങൾക്കുത്തരം പിൽക്കാല സംഭവങ്ങളിലൂടെ അവർക്കു വ്യക്തമാവുകയായിരുന്നു.

സദാ ദൈവപിതാവുമായി തുറന്ന ആലോചനകൾ നടത്തി സ്വാർത്ഥത കലരാത്ത ആവശ്യമുന്നയിച്ച് ഉത്തരം ശ്രവിച്ച് അപ്പോഴപ്പോൾ പ്രാവർത്തികമാക്കുന്നതിന് ബദ്ധശ്രദ്ധനായിരുന്ന എം.എ. അച്ചന് നിശ്ചയമായും



അറിയാം 'ബഥനി സന്ന്യാസിനീസമൂഹം' ദൈവമാഗ്രഹിക്കുന്ന ഒരു പദ്ധതിയാണെന്നും, 'തന്നെ'യാണ് ആ ദൗത്യനിർവഹണത്തിന് തെരഞ്ഞെടുത്തിരിക്കുന്നതെന്നും. ഇന്നുവരെയുള്ള ഇതിന്റെ പ്രവർത്തനത്തിന് തന്നെ കൈപിടിച്ചുനടത്തിയത് പിതാവായ ദൈവം തന്നെയെന്ന് അച്ചന് ദൃഢവിശ്വാസമുണ്ടായിരുന്നു. തന്റെ ഹിതമല്ല പ്രത്യുത അവിടുത്തെ തിരുഹിതമാണിതെന്നും അവിടെ മാത്രമാണ് തന്റെ ആശ്രയമെന്നും അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു.

## അർത്ഥിനിപദത്തിലേക്കു പുതിയ അംഗങ്ങൾ

മിസ് ബേക്കർ ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കിയ ആന്നിയിൽ ഏലിശുബ, കെ.കെ. റയ്ച്ചൽ എന്നിവരെ 1923 മാർച്ച് 7-ാം തീയതി തിരുമൂലപുരം യാക്കോബായ പള്ളിയിൽവച്ച് ആബോ ഗീവറുഗീസ് അർത്ഥിനിപദത്തിലേക്ക് പ്രവേശിപ്പിച്ചു. കൽക്കട്ട ഡയോസിസൻ കോളജിൽനിന്നു ബി.എ. പാസ്സായി ബാരിസോൾ സംഘത്തിൽചേർന്ന് തിരുവല്ലയിൽ തിരിച്ചെത്തിയ കുടത്തുംമുറി സാറാമ്മയെ ബാലികാമഠം ഹൈസ്കൂളിൽ അദ്ധ്യാപികയായി നിയമിച്ചിരുന്നു. രണ്ടു വർഷത്തെ അദ്ധ്യാപനശേഷം മാതാപിതാക്കളുടെ എതിർപ്പുകളൊന്നും കാര്യമാക്കാതെ സാറാമ്മ തിരുമൂലമഠത്തിലെത്തി സന്ന്യാസപരിശീലനം നടത്തിയിരുന്നു. 1924 ജൂൺ പതിനാറിന് മഠം ചാപ്പലിൽ വച്ച് സാറാമ്മയും അർത്ഥിനിപദത്തിലേക്കു സ്വീകരിക്കപ്പെട്ടു.

എം.എ. അച്ചന്റെ ഉറ്റസുഹൃത്തും എല്ലാ സംരംഭങ്ങളിലും വലംകൈയായി പ്രവർത്തിച്ചിരുന്ന ആളുമായിരുന്നു കോട്ടയം ഒളശ്ശയിൽ കളപ്പുരയ്ക്കൽ യാക്കോബു ശെമ്മാശൻ. എം.എ. അച്ചന്റെ ബഥനി സന്ന്യാസപ്രസ്ഥാനത്തിലും യാക്കോബു ശെമ്മാശൻ പ്രഥമഗണനീയനായിരുന്നു. പെരുനാടു മുണ്ടൻമലയിലെ ക്രമീകരണങ്ങളിലെല്ലാം അക്ഷീണം യത്നിക്കുകയും ബഥനിയിൽ സന്ന്യാസം വരിക്കുകയും ചെയ്തിരുന്ന ശെമ്മാശന്റെ സഹോദരി കെ.എ. ഏലിയാമ്മ സന്ന്യാസത്തെക്കുറിച്ചുള്ള എല്ലാക്കാര്യങ്ങളും ശെമ്മാശനിൽനിന്നും ഗ്രഹിച്ചിരുന്നു. 1918 മുതൽ ഈ നൂതന സംഘടനയുമായി ചേരാൻ ഏലിയാമ്മ അത്യധികം ആഗ്രഹിച്ചിരുന്നു. എന്നാൽ വീട്ടിൽനിന്നുള്ള കഠിനമായ എതിർപ്പുമൂലം സാധിച്ചിരുന്നില്ല. 1920 ൽ തിരുമൂലപുരത്ത് മഠം ആരംഭിച്ചെന്ന് സ്വസഹോദരനിൽ നിന്നറിഞ്ഞ ഏലിയാമ്മ എങ്ങനെയും അവിടെയെത്തിച്ചേരാനുള്ള പ്രാർത്ഥനയും പരിശ്രമവുമായി പല അടവുകൾ പ്രയോഗിച്ചെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ സഹോദരനിലൂടെ ദൈവം ഏലിയാമ്മയ്ക്ക് വഴിതുറന്നുകൊടുത്തു. 1924 ജൂൺ

www.malankaralibrary.com



21-ാം തീയതി തിരുമൂലമഠത്തിൽ എത്തിച്ചേരാൻ ഏലിയാമ്മയ്ക്കു കഴിഞ്ഞു. ബാരിസോൾ പരിശീലനം ലഭിച്ചിട്ടില്ലാത്ത ആദ്യത്തെ 'ആയാത' (aspirant) ഏലിയാമ്മയായിരുന്നു എന്നത് സ്മരണീയമാണ്. മലങ്കരസഭയിൽ സന്ന്യാസം ഒരു പുതുമയും, ചോദ്യചിഹ്നവുമായി മാറിയ ദുഷ്ക്കരമുഹൂർത്തത്തിൽ ധൈര്യപൂർവമുള്ള ഏലിയാമ്മയുടെ തിരഞ്ഞെടുപ്പ് അർത്ഥിനികളെ ആഹ്ളാദചിത്തരാക്കി.

## ദൈവപിതാവ് തെരഞ്ഞെടുക്കുന്നു

"നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തത്, പ്രത്യുത ഞാനാണ് നിങ്ങളെ തെരഞ്ഞെടുത്തത്." (വി. ജോൺ 15:16) ദൈവത്തിന്റെ ഈ തെരഞ്ഞെടുപ്പു മനസ്സിലാക്കുന്നതിനും അതു സ്വതന്ത്രമായി സ്വീകരിക്കുന്നതിനും പ്രത്യേക കൃപാവരം ആവശ്യമാണെന്ന് മുൻസംഭവങ്ങൾ വ്യക്തമാക്കുന്നു. "വരംലഭിച്ചവനല്ലാതെ എല്ലാവരും ഈ കാര്യത്തിൽ ശക്തരല്ല" (വി. മത്താ: 19:11). ഈ കൃപാവരത്തോടു സഹകരിക്കാനും ദൈവഹിതമറിഞ്ഞ് അതിൽ ഉറച്ചുനിൽക്കാനും ദൈവം തന്നെ ഇടവരുത്തുന്നു.

മഠാംഗങ്ങളായി സന്ന്യാസസമൂഹത്തിലേക്കു വരാനാഗ്രഹിക്കുന്നവരെ സ്വീകരിക്കുന്നതിനും വന്നതിനുശേഷം അപ്രാപ്തരെന്നു കാണുന്നവരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി തിരിച്ചയയ്ക്കുന്നതിനും ആബോ ശ്രദ്ധിച്ചിരുന്നു. ഒരു കാരണവശാലും ആബൂനാ സന്ന്യാസത്തിലേക്ക് ആരെയും പ്രേരിപ്പിക്കുകയോ ഹേമം ചെലുത്തുകയോ ചെയ്തിട്ടില്ല എന്നു മാത്രമല്ല, വേണ്ടുംവിധം ആലോചിച്ച് പ്രാർത്ഥിച്ച് സ്വയം തീരുമാനമെടുക്കാൻ പ്രോത്സാഹിപ്പിക്കയും അവസരം നല്കുകയുമാണ് ചെയ്തിട്ടുള്ളതെന്ന് അനുഭവസ്ഥർ പറഞ്ഞിട്ടുണ്ട്.

ബാരിസോളിൽനിന്ന് തിരുവല്ലയിലെത്തിയ പതിനൊന്നുപേരിൽ ആറുപേർ 1921-1925 വരെ കാലങ്ങളിൽ പിരിച്ചയയ്ക്കപ്പെടുകയോ സ്വയം തീരുമാനമെടുത്ത് സ്വഭവനങ്ങളിലേക്കു പോവുകയോ ചെയ്തു. ബാരിസോൾ പരിശീലനത്തിനുപോയ ആദ്യാംഗങ്ങളിൽ ഒരാളായിരുന്ന മാവേലിക്കര പി.പി. അന്നമ്മ സന്ന്യാസത്തെക്കുറിച്ചോ ദൈവവിളിയെക്കുറിച്ചോ എന്തെങ്കിലും ഗ്രഹിക്കുന്നതിനുള്ള പ്രായവും പക്വതയും എത്തിയിട്ടില്ലാത്ത ഒരു കൊച്ചുകുട്ടിയായിരുന്നു. 1919 ൽ ബാരിസോളിൽനിന്നും തിരിച്ചെത്തി കോട്ടയം മിസ് ബേക്കറിലും തുടർന്ന് 1920 മുതൽ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിലും പഠിച്ച് നാലുവർഷം കൊണ്ട് E.S.L.C. പൂർത്തിയാക്കിയിരുന്നു. അന്നമ്മയുടെ മാതാപിതാക്കൾ 1924 ൽ തന്നെ അടുത്തടുത്ത സമയങ്ങളിൽ ദിവംഗതരായി. രണ്ടു സഹോദരന്മാർ വീട്ടിലുണ്ടായിരുന്നെങ്കിലും ഉപരിപഠനാർത്ഥം അവരും മാറിത്താമസിക്കേണ്ടിവന്നു. ഏതാണ്ടൊരു അനാഥാവസ്ഥയിൽ അവശേഷിച്ച അന്നമ്മ മൂത്തജ്യേഷ്ഠത്തിയുടെകൂടെ കോഴഞ്ചേരിയിൽ താമസിക്കേണ്ടിവന്നു. ഇതോടെ അന്നമ്മയുടെ സന്ന്യാസദൈവവിളി ഒരു പ്രതിസന്ധിയിലായി എന്നുപറയാം.



ഒരു കാരണവശാലും ജ്യേഷ്ഠത്തിയും കുടുംബവും അന്നമ്മയെ സന്ന്യാസത്തിനയയ്ക്കുകയില്ലെന്ന ശാഠ്യം തുടർന്നു. ഉറപ്പിച്ച് ഒന്നുംപറയാനോ പ്രവർത്തിക്കാനോ അറിഞ്ഞുകൂടാത്ത അന്നമ്മയ്ക്ക് ധൈര്യവും ഉണ്ടായിരുന്നില്ല (സ്വന്തം ഡയറിക്കുറിപ്പിൽ നിന്ന്). വിദ്യാഭ്യാസശേഷം തന്റെ നിയന്ത്രണത്തിലായ അന്നമ്മയുടെ ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ ജ്യേഷ്ഠത്തി അതീവ ഉത്സുകയായി. യുവത്വത്തിലേക്കു കടന്നുകഴിഞ്ഞ അനുജത്തിക്ക് ഒരു നല്ല വിവാഹം തരപ്പെടുത്തണം; അതിനുമുമ്പായി അല്പം ഹോം സയൻസുകൂടി പഠിപ്പിച്ച് ഒരു നല്ല കുടുംബിനിക്കുവേണ്ട പാചക അറിവുകൾ നല്കാനായി പിന്നത്തെ ശ്രമം. "മനുഷ്യൻ ഒന്നു കണക്കുകൂട്ടുന്നു - എന്നാൽ ദൈവം മറ്റൊന്നു തീരുമാനിക്കുന്നു" എന്ന ചൊല്ല് അന്വർത്ഥമാകുമാറ് സംഭവങ്ങൾനീങ്ങി. അന്നമ്മയുടെ ഒരാഗ്രഹം പലപ്പോഴും ജ്യേഷ്ഠത്തി സാധിച്ചുകൊടുത്തിരുന്നു. അതായത് എം.എ. അച്ചന്റെ പ്രസംഗങ്ങൾ കോഴഞ്ചേരിയിലോ സമീപപ്രദേശത്തോ നടക്കുന്നെന്നറിഞ്ഞാൽ അന്നമ്മ ചേച്ചിയെ വേണ്ടുംവിധം പ്രേരിപ്പിച്ച് രണ്ടുപേരുംകൂടെ പ്രസംഗം കേൾക്കാൻ പോകുമായിരുന്നു. "റോസാച്ചെടിക്ക് ജൈവവളം മാതിരി" അന്നമ്മയിൽ മുളച്ചുവളർന്നുകൊണ്ടിരുന്ന സന്ന്യാസാർപ്പണചിന്തകൾക്ക് ഈ പ്രസംഗങ്ങൾ പുഷ്ടിനല്കിക്കൊണ്ടിരുന്നു. ഈയവസരത്തിലാണ് 1923 ൽ ഹോം സയൻസ് പഠിക്കുന്നതിനായി അന്നമ്മയെ തിരുമൂലപുരം ബാലികാമഠം സ്കൂളിൽ കൊണ്ടാക്കിയത്. ആ ദിവസങ്ങളിൽ ആബൂനായെ കണ്ട് ഹൃദയം തുറന്നുസംസാരിക്കുന്നതിന് അന്നമ്മയ്ക്കു അവസരം ലഭിച്ചു. ദൈവവിളിയെക്കുറിച്ചും സന്ന്യാസത്തെക്കുറിച്ചും സമർപ്പണത്തിന്റെ ആവശ്യം, ലക്ഷ്യം, മാഹാത്മ്യം എന്നിവയെക്കുറിച്ചും ആബൂനായിൽനിന്നു വ്യക്തമായി മനസ്സിലാക്കിയ അന്നമ്മ ധൈര്യവതിയായി, ഒരു നിശ്ചയത്തിലെത്തി. ഒരു തരത്തിലും നിഷേധിക്കാനാവാത്ത നിശ്ചയമായി അന്നമ്മയുടെ ആഗ്രഹം ബോദ്ധ്യപ്പെട്ട സഹോദരങ്ങളുടെ സമ്മതത്തോടെ 1925 ആരംഭത്തിൽ അന്നമ്മ തിരുമൂലമഠത്തിലെത്തി പരിശീലനം ആരംഭിച്ചു. "തനിക്കു തിരുവുള്ളമായവരെ താൻ വിളിച്ചു" (വി. മാർക്കോ. 3:13).

www.malankaralibrary.com



## ദൈവം വഴി തെളിക്കുന്നു

പൗരസ്ത്യ സഭാനിയമപ്രകാരം മെത്രാന്മാർക്കു മാത്രമേ സന്ന്യാസ വ്രതവാഗ്ദാനം സ്വീകരിക്കുന്നതിന് അധികാരമുള്ളൂ. മലങ്കരസഭയിൽ പുരുഷന്മാർക്ക് വ്രതവാഗ്ദാനംചെയ്ത് സന്ന്യാസം ജീവിതശൈലിയാക്കാൻ തടസ്സമില്ല. എന്നാൽ സ്ത്രീകൾക്ക് അതനുവദിച്ചിരുന്നില്ല. എം.എ. അച്ചന്റെ ഏതഭിപ്രായവും ഏറ്റമധികം വിലമതിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന പ്രിയങ്കരനായ ഗുരുഭൂതനായിരുന്നു വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി. തിരുമേനിയോട് ആലോചനനടത്താതെ എം.എ. അച്ചൻ ഒരു സംരംഭത്തിലും ഏർപ്പെടാറില്ല. എന്നാൽ ബാരിസോളിലെ പരിശീലനംകഴിഞ്ഞ് തിരുവല്ലയിലെത്തി അതുതുടരുന്ന അർത്ഥിനികളെ സന്ന്യാസ പദവിയിലേക്കു പ്രവേശിപ്പിക്കുവാനുള്ള എം.എ. അച്ചന്റെ അപേക്ഷ അദ്ദേഹം കർശനമായി നിരോധിച്ചു. പെൺകുട്ടികളെ കൽക്കട്ടയിലേക്കും ബാരിസോളിലേക്കുമെല്ലാം അയച്ചുപഠിപ്പിക്കുന്നതിന് അനുവാദം നല്കിയതും തിരുമേനി തന്നെയാണെന്നോർക്കണം. ഒരിക്കൽ ഈ പെൺകുട്ടികളെ സന്ന്യാസ പദവിയിലേക്കു പ്രവേശിപ്പിക്കുന്നതിനുള്ള അപേക്ഷയുമായി വിശ്വസ്തനും സ്നേഹിതനുമായ പാറേട്ടച്ചനെ എം.എ. അച്ചൻ ഗുരുസന്നിധിയിലേക്കയച്ചു. "അദ്ദേഹം എത്രനാൾകൊണ്ട് ആവശ്യപ്പെടുന്നു, ആ പെൺകുട്ടികളെ സന്ന്യാസപ്രതിഷ്ഠയ്ക്കു സമ്മതിക്കുന്നതല്ലേ നല്ലത്?" എന്നദ്ദേഹം മെത്രാപ്പോലീത്തായോട് ചോദിച്ചു. അതിന് അദ്ദേഹം "കഴുത്തു പോയാലും സമ്മതിക്കില്ല" എന്ന് ആംഗ്യം കാണിച്ചുകൊണ്ട് മറുപടിപറഞ്ഞതായി 'ഗിരിദീപ' ത്തിൽ കാണുന്നു.

അപ്രതീക്ഷിതമായ ഈ നിരസനം എം.എ. അച്ചന് ഹൃദയഭേദകമായിരുന്നു. എങ്കിലും ഇതുകൊണ്ടൊന്നും അദ്ദേഹം നഷ്ടധൈര്യനാവുകയോ തളരുകയോ ചെയ്തില്ല. ദൈവപിതാവ് ഇതാഗ്രഹിക്കുന്നു എങ്കിൽ തന്റെ ഉൾപ്രേരണ, പ്രചോദനം ഇതുവരെയുണ്ടായ സംഭവങ്ങൾ എല്ലാം ദൈവഹിതമായിരുന്നെങ്കിൽ തുടർന്നുള്ള കാര്യങ്ങളും വേണ്ടപോലെ അവിടുന്നുതന്നെ നടത്തിക്കൊള്ളും എന്ന ദൃഢമായ വിശ്വാസം അച്ചനെ ധൈര്യപ്പെടുത്തിയിരുന്നു. 1915 മുതൽ പത്തുവർഷത്തോളം ഉത്തരമില്ലാത്ത ചോദ്യംപോലെ മുന്നിൽക്കാണുന്ന സന്ന്യാസപ്രതിഷ്ഠ സാദ്ധ്യമാകാത്തതിൽ അർത്ഥിനികൾക്കും ദുഃഖമുണ്ടായിരുന്നു. വട്ടശ്ശേരിൽത്തിരുമേനിയുടെ ഈ വിധമുള്ള കടുംപിടിത്തത്തിന് അയവുവരുന്നതിനും ഗുരുഭൂതന്റെ ഹൃദയവ്യഥ മാറിക്കിട്ടുന്നതിനും ദൈവഹിതം നിറവേറുന്നതിനും അർത്ഥിനികൾ കണ്ണീരോടെ പ്രാർത്ഥിച്ചിരുന്നു.



ദൈവഹിതം സർവാത്മനാ നിർവഹിക്കുന്നതിനുവേണ്ടി സ്വയം പ്രതിഷ്ഠിതരാകാനാഗ്രഹിക്കുന്ന മക്കളുടെ വിളി ദൈവം കേൾക്കാതിരിക്കുമോ? എം.എ. അച്ചനിലൂടെത്തന്നെ അതു സാധിതമാക്കാൻ അവിടുന്നു തിരുമനസ്സായി.

വളരെ നാളുകൾക്കുമുമ്പുമുതൽതന്നെ മലങ്കര സുറിയാനിസഭയിൽ മെത്രാനാകുന്നതിനുള്ള ആഹ്വാനം എം.എ. അച്ചന് പലപ്പോഴായി ഉണ്ടായിട്ടുണ്ട്. എന്നാൽ മെത്രാൻപദവി തന്റെ സന്ന്യാസദർശനത്തിനു മങ്ങലേല്പിക്കയോ സന്യാസാനുഷ്ഠാനങ്ങൾക്ക് വിഘാതമാവുകയോ ചെയ്തേക്കാമെന്ന ചിന്ത അതു നിരസിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു. തന്നെയുമല്ല അബ്ദുള്ള പാർത്രിയർക്കീസിന്റെ അധികാരപ്രമത്തതയിൽനിന്നു രക്ഷപ്പെടുന്നതിന് ഓർത്തഡോക്സ് ചിന്താഗതിക്കാരായ മെത്രാൻമാരും അവരുമായി യോജിച്ചുനിന്ന വൈദികരും ദൈവജനവുമായി 'ഓർത്തഡോക്സ്' എന്നപേരിൽ ഒരു സ്വതന്ത്രസഭാസമൂഹമായിത്തീരുകയും ചെയ്തിരുന്നു. വട്ടിപ്പണക്കേസിലും മറ്റും ഈ മെത്രാൻകക്ഷിക്കു തോൽവി സംഭവിച്ചിരുന്ന സമയവും ആയിരുന്നു അത്. ഈ സന്ദർഭത്തിൽ ഓർത്തഡോക്സ് സഭയ്ക്ക് കൂടുതൽ മെത്രാന്മാരെ വാഴിക്കേണ്ടിവന്നു. ശ്രേഷ്ഠനായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ സൂനഹദോസ് ഏറ്റം യോഗ്യനായികണ്ടത് എം.എ. അച്ചനെയാണ്.

വഴക്കിലും വ്യവഹാരങ്ങളിലും പെട്ട് മുങ്ങിത്താഴുന്ന മലങ്കരസഭയിൽ വിശ്വസ്തനും കാര്യപ്രാപ്തിയുള്ളവനുമായ തന്റെ പ്രിയശിഷ്യൻ മെത്രാൻപദവിയിലെത്തുന്നത് ഒരു വലിയ സഹായമായിരിക്കുമെന്ന ചിന്ത വട്ടശ്ശേരിൽത്തിരുമേനിക്ക് ആശ്വാസമായിരുന്നു. തന്മൂലം മെത്രാൻപദവി സ്വീകരിക്കുന്നതിന് അദ്ദേഹം തന്റെ ഉത്തമ ശിഷ്യനെ പ്രേരിപ്പിച്ചു. എന്നാൽ മൺചട്ടിയും കാവിവസ്ത്രവും അഭികാമ്യമായികരുതി ഉന്നതപദവികളും സ്ഥാനമാനങ്ങളും തൃണവൽഗണിച്ച് സന്ന്യാസജീവിതം നയിക്കുന്ന സന്ദർഭത്തിൽ ഇങ്ങനെയൊരു ഉന്നതസ്ഥാനം തന്റെ പ്രിയപ്പെട്ട സഭയ്ക്കു വേണ്ടിയായാൽപോലും സ്വീകരിക്കുകയോ? എം.എ. അച്ചൻ ചിന്താധീനനായി. ദൈവാശ്രയബോധം മുതൽക്കൂട്ടായിരിക്കുന്ന അദ്ദേഹത്തിന്റെ ചിന്തകൾ രണ്ടുതട്ടിലായി.

അർപ്പണബോധത്തോടെ ശിരസ്സുനമിച്ചുനിൽക്കുന്ന ഒരുവൃന്ദം ശിരോവസ്ത്രധാരികളെ ആബോ തന്റെ മനക്കൺമുമ്പിൽ കണ്ടു. തന്റെ ചിന്തയുടെ ത്രാസ്സിൽ ദൈവനിയോഗത്തട്ട് ഭാരക്കൂടുതലുള്ളതായി. ഈ ദൈവഹിതം ശിരസ്സാവഹിക്കുന്നതിന് ഇനി തടസ്സമുണ്ടാകേണ്ട കാര്യമില്ലെന്ന്

www.malankaralibrary.com



അദ്ദേഹത്തിനു ബോദ്ധ്യമായിക്കഴിഞ്ഞു. അദ്ദേഹം ഇമകൾപൂട്ടി ഉച്ചത്തിൽ പറഞ്ഞു: "കർത്താവേ! അവിടുത്തെ ഹിതം."

1925 ജനുവരി 28 ന് റമ്പാൻ പട്ടം സ്വീകരിച്ചു. 1925 മെയ് മാസം 1 ന് നിരണം യാക്കോബായ പള്ളിയിൽവച്ച് ആ പുണ്യകർമ്മം നടന്നു. ആബോ ഗീവറുഗീസ് 'മാർ ഈവാനിയോസ്' (സ്വർണനാവുകാരൻ) എന്ന നാമത്തിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

## "മക്കളേ, നിങ്ങൾക്കുവേണ്ടി"

സന്ന്യാസത്തെ മുന്നിൽ കണ്ടുകൊണ്ട് 1915 മുതൽ പരിശീലന പാതയിലൂടെ പ്രയാണം ആരംഭിച്ചിട്ട് നീണ്ട പത്തുവർഷങ്ങൾ പിന്നിട്ടു. ഇതിനിടെ പെൺകുട്ടികൾ ചിലരൊക്കെ വന്നുചേരുകയും ചിലരൊക്കെ തുടരാനാവാതെ പിന്മാറുകയും ചെയ്തിരുന്നു. തികഞ്ഞ ദൈവാശ്രയ ബോധത്തോടെ പ്രതീക്ഷാപൂർവം കാത്തിരുന്ന സന്ന്യാസാർത്ഥികൾക്ക് ദൈവപരിപാലനയുടെ തിരിവെട്ടം കാണാറായി. അവർക്കുവേണ്ടി ദൈവ പിതാവ് കല്പിച്ചയച്ച വഴികാട്ടി, മാർ ഈവാനിയോസ് പിതാവിന്, ഇനി ആരുടെയും അനുവാദം ആവശ്യമില്ല. അർത്ഥിനികളുടെ ഗുരുനാഥരായിരുന്ന എപ്പിഫനി സിസ്റ്റേഴ്സിന് പ്രത്യേകിച്ച് മദർ ഈഡിത്തിനും സിസ്റ്റർ ഹെലനും ആബോ ഗീവറുഗീസിനു ലഭിച്ച സ്ഥാനപദവി ഏറ്റം സന്തോഷദായകമായിരുന്നു. തങ്ങൾ പരിശീലിപ്പിച്ച അർത്ഥിനികളുടെ സന്ന്യാസപ്രതിഷ്ഠ നടക്കാതെ വരുന്നതിൽ അത്യധികം ഖേദിച്ചതും അവരായിരുന്നു എന്നു പറയാം. ഇനി താമസംവിനാ പ്രതിഷ്ഠാകർമ്മം നിർവഹിക്കുന്നതിന് അഭിനവ മെത്രാനും മനസ്സിലുറച്ചു. സന്തോഷം പങ്കുവയ്ക്കുന്നതിനും ഭാവികാര്യങ്ങൾ ആലോചിച്ചു ക്രമീകരിക്കുന്നതിനുമായി മഠത്തിലെത്തിയ പിതാവിനെ അർത്ഥിനികളും മദർ ഈഡിത്തും സിസ്റ്റർ ഹെലനും സ്നേഹാദരങ്ങളോടെ സ്വീകരിച്ച് അഭിനന്ദനങ്ങൾ അറിയിച്ചു. സംഭാഷണമദ്ധ്യേ മുൻപ് പല പ്രാവശ്യം താൻ നിരസിച്ച മെത്രാൻസ്ഥാനം ഈ സന്ദർഭത്തിൽ സ്വീകരിക്കുന്നതിനിടയാക്കിയ കാരണങ്ങൾ വിശദീകരിക്കുകയുണ്ടായി. അക്കൂട്ടത്തിൽ ധന്യനായ പിതാവ് "മക്കളേ, നിങ്ങളെപ്രതി ഞാനീ കുരിശുവഹിക്കാൻ സമ്മതിച്ചു" എന്ന് പറഞ്ഞതായി അന്നത്തെ അർത്ഥിനികളിലൊരാളായ മദർ സൾഗയുടെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# അദ്ധ്യായം 6

## അടുത്ത ഒരുക്കം

സന്ന്യാസപ്രതിഷ്ഠയ്ക്കുവേണ്ടി അർത്ഥിനികളെ തയ്യാറാക്കുന്നതിനുള്ള ഒരുക്കത്തിന്റെ ധൃതിയിലായി മദർ ഈഡിത്തും സിസ്റ്റർ ഹെലനും. സന്ന്യാസിനികൾക്കാവശ്യമായ സന്ന്യാസവസ്ത്രം, അവശ്യം വേണ്ട നിയമസംഹിത, ക്രമചട്ടങ്ങൾ - എല്ലാം തയ്യാറാക്കുന്നതിന് പിതാവിന്റെ വലംകൈയായി പ്രവർത്തിച്ചത് മദർ ഈഡിത്തായിരുന്നു. വിശുദ്ധ ബസ്സേലിയോസ്സിന്റെ നിയമപുസ്തകം അടിസ്ഥാനമാക്കി നിയമങ്ങൾ ക്രോഡീകരിക്കാനാണ് പിതാവാഗ്രഹിച്ചത്. ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ടിരുന്ന പ്രസ്തുത പുസ്തകങ്ങൾ പരിശോധിച്ച് ഗ്രീക്കുപണ്ഡിതകൂടിയായിരുന്ന മദർ ഈഡിത്ത് പ്രസക്തഭാഗങ്ങൾ ഇംഗ്ലീഷിൽ തർജ്ജമചെയ്ത് പിതാവിനെ ഏല്പിച്ചു. അതിൽനിന്ന് ആനുകാലിക പ്രസക്തിയുള്ളവ സ്വീകരിച്ച് ബഥനിക്ക് അവശ്യം വേണ്ട നിയമങ്ങളും നിർദ്ദേശങ്ങളും എഴുതി തയ്യാറാക്കിയിരുന്നു. വേഷത്തെ സംബന്ധിച്ച ചർച്ചയിൽ ഇന്ത്യൻ സംസ്കാരമനുസരിച്ച് സാരി ആയാലോ എന്ന മദറിന്റെ നിർദ്ദേശം പിതാവു സ്വീകരിച്ചില്ല. സാധാരണ ആളുകളിൽനിന്നും വേർതിരിക്കപ്പെട്ടവർ എന്ന നിലയിലും ലോകത്തിൽ ജീവിക്കുന്നവരെങ്കിലും ലോകാഡംബരങ്ങൾക്കധീനരല്ലെന്ന് ബോദ്ധ്യപ്പെടുന്നതിനുവേണ്ടിയും ഒരു പ്രത്യേകവേഷമാണ് ഉചിതം എന്ന പിതാവിന്റെ അഭിപ്രായത്തിനു മുൻതൂക്കമുണ്ടായി. മദർ ഈഡിത്തും സിസ്റ്റർ ഹെലനുംകൂടി വസ്ത്രത്തിനു രൂപംനല്കി തയ്ച്ചുതയ്യാറാക്കി. പൗരസ്ത്യ സന്ന്യാസപ്രതിഷ്ഠാശുശ്രൂഷകളെ അടിസ്ഥാനപ്പെടുത്തി ആബോതന്നെ സുറിയാനിയിൽ എഴുതിയുണ്ടാക്കിയ ശുശ്രൂഷാക്രമം ഇംഗ്ലീഷിലാക്കി മദർ ഈഡിത്തിനു മനസ്സിലാക്കാനായി നല്കിയിരുന്നു.

സന്ന്യാസ പ്രതിഷ്ഠയ്ക്കുവേണ്ടി സ്വയം ഒരുങ്ങുന്നതിന് വന്ദ്യപിതാവു തന്നെ അർത്ഥിനികൾക്ക് കൂടെക്കൂടെ ക്ലാസ്സുകളും നിർദ്ദേശങ്ങളും നല്കിയിരുന്നു. സന്ന്യാസപ്രതിഷ്ഠയ്ക്കുള്ള തീരുമാനവും സമയവും മദർ ഈഡിത്തിനെയും സിസ്റ്റർ ഹെലനെയും പിതാവ് അറിയിച്ചിരുന്നു. സെപ്തംബർ ഒന്നു മുതൽ എട്ടുവരെ ദിനങ്ങൾ മലങ്കരസഭ ദൈവമാതാവിനോടുള്ള ഭക്തിയാചരണദിനങ്ങളായി, നോമ്പും പ്രാർത്ഥനയുമായി കഴിയുന്ന ദിവസങ്ങളായിരുന്നു.

www.malankaralibrary.com



## കാത്തിരിപ്പിന് അന്ത്യം

ദൈവമാതാവിനു പ്രത്യേകമായി പ്രതിഷ്ഠിക്കപ്പെട്ടിരുന്ന സെപ്തംബർ ഒന്നു മുതൽ എട്ടുവരെ പ്രത്യേക ഉപവാസ, പ്രായശ്ചിത്ത, പ്രാർത്ഥനാ ദിനങ്ങളായി അർത്ഥിനികൾ ആചരിച്ചു. ഒരുക്കം പൂർത്തിയാക്കിയ നാലു പേരാണ് പ്രതിഷ്ഠയ്ക്ക് അനുവദിക്കപ്പെട്ടത്. എങ്കിലും ദൈവഹിതം അവിടെയും മറ്റൊന്നായി. സെപ്തംബർ 10-ാം തീയതി വൈകിട്ടു മുതൽ ധ്യാനത്തിൽ പ്രവേശിക്കേണ്ടിയിരുന്ന അർത്ഥിനികളിൽ എലിശുബ ആന്നിയിൽ ജ്വരബാധിതയായി കിടപ്പിലായി. ബാക്കി മൂന്നുപേർ - ശോശാമ്മ മൂക്കഞ്ചേരി, ആച്ചിയമ്മ പൊൻവാണിഭം, സാറാമ്മ കൂടത്തുംമുറി എന്നിവർ ധ്യാനത്തിൽ പ്രവേശിച്ചു. വന്ദ്യപിതാവുതന്നെയാണ് ഇവരുടെ ധ്യാനംനയിച്ചത്. സ്വയം കണ്ടെത്തി ഹൃദയപരിവർത്തനം സാധിച്ച് യേശുസ്നേഹംനിറഞ്ഞ ഹൃദയത്തോടെ പിതാവിൻപക്കലേക്ക് അടുത്തുചെല്ലുന്നതിനും ആ പാദാന്തികത്തിലിരുന്ന് ദൈവസ്വരം ശ്രവിക്കുന്നതിനും തങ്ങളുടെ സമർപ്പണം പൂർണവും പരിശുദ്ധവും, ദൃഢവുമായിരിക്കുന്നതിനും വേണ്ടി വന്ദ്യഗുരുഭൂതൻ ശ്രദ്ധാപൂർവ്വം അവരെ ഒരുക്കിക്കൊണ്ടിരുന്നു. മഠാംഗങ്ങളായിരുന്ന മറ്റു സഹോദരങ്ങൾ ഈ സന്ദർഭങ്ങളിലെല്ലാം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലും കാര്യങ്ങൾ ക്രമീകരിക്കുന്നതിലും മദർ ഈഡിത്തിനോടും സിസ്റ്റർ ഹെലനോടുംചേർന്ന് ശ്രദ്ധാലുക്കളായി വ്യാപരിച്ചു.

1925 സെപ്റ്റംബർ 20. ബഥനിയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായംതുറക്കുന്ന സുദിനം! സന്ന്യാസാർത്ഥിനികളെ സ്വീകരിക്കുന്ന പ്രാരംഭകർമ്മം നടക്കുന്ന ആകാംക്ഷാഭരിതമായ പുണ്യമുഹൂർത്തം. പ്രതിഷ്ഠയ്ക്കുള്ളവരുടെ മാതാപിതാക്കളും സഹോദരങ്ങളുമായി ചുരുക്കംപേർമാത്രം എത്തിയിട്ടുണ്ട്. അർത്ഥിനികളായി അന്നുള്ളവരും ബഥനിപ്രസ്ഥാനത്തോടുകൂറുള്ള സഭാംഗങ്ങളായ ഏതാനും വ്യക്തികളും സന്നിഹിതരായിട്ടുണ്ട്. മഠത്തോടനുബന്ധിച്ച ചെറിയ ചാപ്പൽ ലളിതസുന്ദരമായി ഒരുക്കിയിരിക്കുന്നു. തിരുവസ്ത്രങ്ങളണിഞ്ഞ് ബഥനിയുടെ മെത്രാൻ മാർ ഈവാനിയോസ് നന്ദി നിറഞ്ഞ ഹൃദയത്തോടെ ചാപ്പലിൽ ഉപവിഷ്ടനായി. സമയം അഞ്ചുമണി, ശാന്തസുന്ദരമായ സായാഹ്നം! ചാപ്പലിന്റെ പടിഞ്ഞാറുഭാഗത്തുള്ള പ്രധാന വാതിൽ അടഞ്ഞു.

അടഞ്ഞ വാതിലിനു തൊട്ടടുത്ത് പുറത്തായി പ്രവേശനം കാംക്ഷിച്ച് ധ്യാനനിരതരായി ശിരസ്സുനമിച്ച് വെള്ളശിരോവസ്ത്രധാരികളായ മൂന്നു യുവതികൾ! സങ്കീർത്തനാലാപനങ്ങളും യാചനാത്മക പ്രാർത്ഥനകളും കഴിഞ്ഞ് അർത്ഥിനികൾ ഓരോരുത്തരായി അടഞ്ഞുകിടന്ന വാതിലിൽ മുട്ടി "കർത്താവേ അവിടുത്തെ വാതിൽ എനിക്കു തുറന്നു തരേണമേ"യെന്ന വികാരസാന്ദ്രമായ അപേക്ഷ ആവർത്തിച്ചു. മൂന്നാം പ്രാവശ്യം വാതിൽ അല്പം തുറക്കപ്പെട്ടു. ഘനഗംഭീരമായ ചോദ്യം! "നീയാര്, എവിടെ നിന്നു വരുന്നു?" അർത്ഥിനി സ്വയംവെളിപ്പെടുത്തുന്ന മനോഹരമായ അർത്ഥന! അനന്തരം വാതിൽ തുറന്ന് അർത്ഥിനിയുടെ കരം ഗ്രഹിച്ച് ദേവാലയത്തിലേക്കു പ്രവേശിപ്പിക്കുന്ന കാഴ്ച! അത് ഏതുഹൃദയത്തെയും തരളിതമാക്കും. ദൈവസാമീപ്യത്തിന്റെ അനുഭൂതിനിർഭരമായ ഈ ചടങ്ങിനു ശേഷം എല്ലാവരും ചാപ്പലിൽ പ്രവേശിക്കുകയായി. തുടർന്ന് പ്രാർത്ഥനാശുശ്രൂഷയുടെമദ്ധ്യേ അർത്ഥിനികളെ സന്ന്യാസനാമം നല്കി ധന്യരാക്കുകയായിരുന്നു.



| | | |
|---|---|---|
| ശോശാമ്മ മൂക്കഞ്ചേരി | - | ശൈന (സമാധാനം) |
| ആച്ചിയമ്മ പൊൻവാണിഭം | - | ഹൂബ (സ്നേഹം) |
| സാറാമ്മ കൂടത്തുംമുറി | - | ദനഹ (ഉദയം) |

എന്നിങ്ങനെ അർത്ഥമുള്ള സുറിയാനിനാമങ്ങളാണ് അവർക്കു ലഭിച്ചത്. ആശീർവാദത്തോടുകൂടി പ്രാരംഭചടങ്ങുകൾ അവസാനിപ്പിച്ചു.

## സന്ന്യാസപ്രതിഷ്ഠ

1925 സെപ്തംബർ 21. (മലയാളം കന്നി 8). മാതാവിന്റെ ജനനത്തീയതിയായി മലങ്കര യാക്കോബായക്കാർ ആചരിച്ചിരുന്ന കന്നി '8' എന്നു പറഞ്ഞ ദിവസം 1925 ൽ സെപ്തംബർ 21 ആയിരുന്നു. ഈ ദിവസംതന്നെ പ്രതിഷ്ഠാദിനമായി പിതാവ് തെരഞ്ഞെടുത്തത് ദൈവമാതാവിനോടുള്ള ഭക്തിയുടെ പ്രകടനമായിരുന്നു.

ബഥനിയുടെ നൂതനാദ്ധ്യായത്തിലെ ആദ്യപേജിൽ സ്വർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ട മഹാസംഭവം! ദൈവനിയോഗിതമായ ഒരു വലിയ സംരംഭത്തിന്റെ ആദ്യപരിപാടി! സന്ന്യാസപ്രതിഷ്ഠ! ദൈവപിതാവിന്റെ തിരുമുമ്പിൽ പേരുചൊല്ലി വിളിച്ചു വേർതിരിക്കപ്പെട്ട മൂന്നു വ്യക്തികൾ! നിത്യഹോമയാഗാർപ്പണത്തിനായി സന്നദ്ധരായി സർവസംഗ പരിത്യാഗികളായി നില്ക്കുന്ന 'ശൈന', 'ഹൂബ', 'ദനഹ'! അവരുടെ ഹൃദയതന്ത്രികളിൽ മീട്ടുന്ന രാഗം ഒന്നേയുള്ളൂ. "പിതാവേ, ഞാനെന്നെത്തന്നെ മുഴുവനായി അങ്ങേക്കായി സമർപ്പിക്കുന്നു." ഈ പ്രതിഷ്ഠാവാഗ്ദാനം പരസ്യമായി സഭാസമൂഹത്തിൽ മുഴങ്ങികേൾക്കണം. സഭ അതിനു സാക്ഷിയാകണം! അതിനായി അഭിവന്ദ്യ മെത്രാപ്പോലീത്ത - മാർ ഈവാനിയോസ് തന്റെ മുമ്പിൽ മുട്ടിന്മേൽ നമ്രശിരസ്കരായി നില്ക്കുന്ന മക്കളോട് "മക്കളെ, നിങ്ങൾ

www.malankaralibrary.com



എന്തുദ്ദേശ്യത്തിനായി ഇവിടെ വന്നു...."എന്നിത്യാദി ചോദ്യങ്ങൾ (മലങ്കര സന്ന്യാസവ്രതവാഗ്ദാന ശുശ്രൂഷാക്രമം) വാത്സല്യത്തോടെ എന്നാൽ ആധികാരികതയോടെ ചോദിച്ച്, വ്യക്തമായി ഉത്തരം പറയിച്ച് ഉറപ്പിക്കുകയാണ് ചെയ്തത്. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതത്രയം വാഗ്ദാനം ചെയ്തുകൊണ്ടാണ് സന്ന്യാസസമർപ്പണം കത്തോലിക്കാസഭയിൽ നടക്കുന്നതെന്ന് വന്ദ്യപിതാവിന് അറിവുണ്ടായിരുന്നെങ്കിലും പൗരസ്ത്യപാരമ്പര്യത്തിൽ വളർന്നപിതാവ് പരിപൂർണനിത്യസമർപ്പണമായിട്ട് ഈ പ്രതിഷ്ഠ അംഗീകരിക്കുകയായിരുന്നു. പ്രതിഷ്ഠിതരെ സംബന്ധിച്ച് ദീർഘകാലത്തെ പരിശീലനവും കാത്തിരിപ്പും നടന്നതല്ലാതെ ഇന്നത്തെ രീതിയിലുള്ള പരിശീലനഘട്ടങ്ങളോ തത്ക്കാല വ്രതവാഗ്ദാനമോ നടന്നില്ല. പ്രത്യുത തങ്ങളെ മുഴുവനായും ഹോമയാഗമായി പരിപൂർണ സമർപ്പണംചെയ്യുന്ന നിത്യവാഗ്ദാനമായിരുന്നു അത്. ശുശ്രൂഷാക്രമങ്ങളെല്ലാം പൗരസ്ത്യസഭാപാരമ്പര്യമനുസരിച്ച് സുറിയാനി പ്രതിഷ്ഠാക്രമത്തിൽ ആദ്യവസാനം നടത്തിയെന്നത് അതിന്റെ ശ്രേഷ്ഠത വ്യക്തമാക്കി.

### പട്ടംവെട്ട്

സ്വയപ്രതിഷ്ഠയുടെ അടയാളമായി പട്ടംകൊടയുടെ സമയത്ത് ശെമ്മാശൻമാർ, വൈദികർ എന്നിവരുടെ പട്ടം വെട്ടുക പൗരസ്ത്യക്രമപ്രകാരം ഒരു പ്രധാനചടങ്ങാണ്. ജഡസംബന്ധമായ സകലവ്യാപാരങ്ങളെയും പരിത്യജിക്കുന്നതിന്റെയും വിരക്തജീവിതത്തിനായുള്ള സന്ന്യാസപ്രതിഷ്ഠയുടെയും അടയാളമായി അർപ്പിതരാകുന്ന സന്ന്യാസിനികളുടെ ശിരസ്സിൽ കുരിശാകൃതിയിൽ നാലുദിശയിൽ നിന്നും അല്പാല്പം മുടി ഛേദിച്ച് അതു കടലാസിൽ പൊതിഞ്ഞ് പേരെഴുതി സൂക്ഷിച്ചിരുന്നു; ഇന്നും സൂക്ഷിക്കുന്നു.

### അതിശ്രേഷ്ഠമായ പ്രതിഷ്ഠ

സന്ന്യാസപ്രതിഷ്ഠ ഒരു വലിയ യാഗമാണെന്ന് അഭിവന്ദ്യപിതാവ് സ്ഥിരീകരിച്ചിരുന്നു. "യാഗങ്ങൾ പലവിധമുണ്ടെങ്കിലും അതിൽ അതിശ്രേഷ്ഠമായത് 'സർവാംഗഹോമയാഗ'മത്രെ. സർവാംഗഹോമയാഗത്തിൽ എല്ലാം ദൈവത്തിനു മാത്രമായി ഹോമിക്കപ്പെടുന്നു. അതത്രെ സന്ന്യാസം." (മാർ ഈവാനിയോസിന്റെ മഹത് സൂക്തങ്ങൾ. P. 60 IV-138) നിത്യകാലത്തേക്കായി ചെയ്യുന്ന ആദ്യപ്രതിഷ്ഠതന്നെ പരിശീലനശേഷവും 25 വയസ്സു പൂർത്തിയായശേഷവും വേണമെന്നും സമർപ്പിതയ്ക്ക് 40 വയസ്സു പൂർത്തിയായശേഷം മഹത്പ്രതിഷ്ഠ (Solemn Vows) ചെയ്യണമെന്നുമായിരുന്നു വന്ദ്യപിതാവിന്റെ



തീരുമാനം. തന്മൂലം ബഥനിമന്ദിരങ്ങൾ മഹത്പ്രതിഷ്ഠയുടെ ഭവനങ്ങളായിരിക്കണമെന്നും ഭവനാംഗങ്ങൾ മഹത്പ്രതിഷ്ഠയ്ക്ക് ഒരുങ്ങി അതു നിർവഹിക്കണമെന്നും പിതാവ് നിർദ്ദേശിച്ചിരുന്നു. ഈ തീരുമാനവും നിർദ്ദേശവുമനുസരിച്ച് നിത്യപ്രതിഷ്ഠ നടത്തിയ ആദ്യ മൂന്നംഗങ്ങളിൽ 40 വയസ്സു പൂർത്തിയായിരുന്ന സിസ്റ്റർ ശൈന 1926 സെപ്റ്റംബർ 21 ന് മഹത്പ്രതിഷ്ഠ നിർവഹിച്ചു. മഹത്പ്രതിഷ്ഠ ചെയ്തതിന് അടയാളമായി കറുത്ത ശിരോവസ്ത്രമാണ് നല്കിയത്. നിത്യപ്രതിഷ്ഠചെയ്ത രണ്ടുപേർക്ക് വെള്ള ശിരോവസ്ത്രവും.

### പ്രതിജ്ഞാപത്രം

സന്ന്യാസപ്രതിഷ്ഠയ്ക്ക് തയ്യാറായി എത്തുന്ന വ്യക്തിയുടെ പേര്, ജനനത്തീയതി, സ്ഥലം, മാതാപിതാക്കളുടെ പേര് ഇവയും പ്രതിജ്ഞാവാചകവും ചേർത്ത് സ്വന്തംകൈപ്പടയിൽ ധ്യാനാവസരത്തിലെഴുതി ചാപ്പലിൽ സൂക്ഷിച്ചിരിക്കുന്നു. പട്ടംവെട്ടലിനുശേഷം ഈ പ്രതിജ്ഞ ഓരോരുത്തരായി ഉച്ചത്തിൽ വായിച്ച് അവിടെ വച്ചുതന്നെ മുദ്രകുത്തി ഒപ്പിടുന്നു. റജിസ്റ്ററായി അതതു പ്രൊവിൻസിന്റെ ആർക്കയ്‌വ്സിൽ സൂക്ഷിക്കുന്നു.

### സന്ന്യാസവസ്ത്രം

വന്ദ്യപിതാവിന്റെ നിർദ്ദേശമനുസരിച്ച് സന്ന്യാസപ്രതിഷ്ഠിതർക്കുവേണ്ടി ഒരു പ്രത്യേകരീതിയിലുള്ള വസ്ത്രം രൂപീകരിച്ചു എന്ന് മുൻ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ.

വഞ്ചനയുടെയും ഭൗതികതയുടെയും മോഹവലയങ്ങളിൽ കുടുങ്ങാതെ ദൈവസ്നേഹത്തിന്റെയും പരിപക്വതയുടെയും പുണ്യസമ്പാദനത്തിന്റെയും ചിഹ്നമായ സന്ന്യാസവസ്ത്രങ്ങളെ ധരിക്കുന്നതിനുമുള്ള ഒരു ദൈവാഹ്വാനത്തോടെയാണ് പുതുവസ്ത്രങ്ങൾ ആശീർവദിക്കപ്പെടുന്നത്. സന്ന്യാസവസ്ത്രമാകുന്ന നീലയങ്കി (ളോഹ) പുണ്യജീവിതത്തിനുള്ള നിഷ്ഠയും വിശ്വാസവും സൂചിപ്പിക്കുന്നതാണ്.

**എസ്സാറ** (ഇടക്കെട്ട്): ആത്മാവിൽ ഉണർവോടെ സ്വർഗ്ഗീയമണവാളനായ മിശിഹാതമ്പുരാന്റെ തിരുവിഷ്ടം നിറവേറ്റുന്നതിന് പരിപൂർണ്ണമായ ശുശ്രൂഷ ചെയ്യുവാൻ ഏതുസമയത്തും കാലത്തും ഒരുക്കമുള്ളവളാണെന്നു വ്യക്തമാക്കുന്നതാണ് ഇടക്കെട്ട് (എസ്സാറ).

**ഒപ്പീസ**: സുകൃതനടപടികളാൽ മിശിഹാതമ്പുരാനെ പ്രീതിപ്പെടുത്തുവാൻ തക്കവണ്ണം കർത്താവുമാത്രം സ്നേഹവിഷയമാകുന്നതിന് ഭൗതി

www.malankaralibrary.com



കമായവയെല്ലാം വിട്ടൊഴിയുന്നു എന്നുകാണിക്കുന്ന ശക്തിയുടെയും മഹത്വത്തിന്റെയും നിഷ്കർഷയുടെയും വിരിവസ്ത്രമാണ് ഒപ്പീസ.

**കുബ് ഊന:** പരീക്ഷയിൽനിന്നു കാത്തുകൊള്ളുന്നതിനും പുണ്യജീവിതത്തിനെതിരായി യുദ്ധംചെയ്യുന്ന സാത്താനെ ലജ്ജിപ്പിക്കുന്നതിനുമുള്ള പരിചയെന്ന നിലയിൽ മുൾക്കിരീടം ധരിച്ച യേശുവിനെ അനുഗമിക്കുന്നതിനു തയ്യാറായി എന്നുകാണിക്കുന്നതിന് ശിരസ്സിൽ ധരിക്കുന്നതാണ് കുബ് ഊന.

**ദീദാ:** പുണ്യത്തിന്റെയും പരിപാകതയുടെയും അടക്കമൊതുക്കത്തിന്റെയും പ്രശാന്തതയുടെയും വിശുദ്ധിയുടെയും മാലാഖയ്ക്കടുത്ത ജീവിതത്തിന്റെ സൂക്ഷിപ്പിനായി ശിരോവസ്ത്രമായിട്ടാണ് ദീദാ (വെയിൽ) ഉദ്ദേശിക്കുന്നത്.

ഇത്രയുമാണ് മലങ്കരയിൽ ജന്മമെടുത്ത ആദ്യത്തെ ബഥനി സന്ന്യാസിനികൾക്ക് ക്രമീകരിച്ചെടുത്ത സന്ന്യാസവസ്ത്രങ്ങൾ. ശിരോവസ്ത്രമായിരുന്ന കുബ് ഊന ആദ്യകാലത്ത് എങ്ങനെയെന്നറിയുന്നത് കൗതുകമായിരിക്കുമെന്നു കരുതുന്നു. മലങ്കര മെത്രാന്മാരും റമ്പാന്മാരും ധരിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായിരുന്നില്ല കുബ് ഊന. എന്നാൽ സിസ്റ്റേഴ്സിന് അതാവശ്യമില്ലെന്നും അത്രയും തുന്നൽപ്പണി ശ്രമകരമെന്നും കണ്ടതിനാൽ 'കുബ് ഊന'യുടെ ഇരുവശങ്ങളിലും തലയിൽ ചെറിയ കുരിശുകളുടെ രൂപംമാത്രം ഒറ്റവരിയിൽ + തയ്ക്കുകയും പുറകുവശത്തുള്ള വലിയ കുരിശിന്റെ ആകൃതി ഭേദപ്പെടുത്തി ‡ ഈ രൂപത്തിൽ തയ്ക്കുകയും ചെയ്യുന്നതിന് സിസ്റ്റർ ഹെലനെ പിതാവു ചുമതലപ്പെടുത്തി.

ആദ്യകാലങ്ങളിൽ പുറത്തേക്കു പോകുമ്പോൾ മാത്രമേ 'ദീദാ' ധരിച്ചിരുന്നുള്ളു. സിസ്റ്റേഴ്സ് അകത്തിരുന്നു ജോലി ചെയ്യുകയോ ഭവനത്തിനുള്ളിലായിരിക്കുകയോ ചെയ്യുമ്പോൾ 'കുബ് ഊന' മാത്രമാണ് 1926 അവസാനം വരെയും ധരിച്ചിരുന്നത്. 1927 ആരംഭം മുതൽ 'മഹത്പ്രതിഷ്ഠ'യെടുത്തിരുന്ന മദർ ശൈനായ്ക്ക് കുബ് ഊനായിൽ '12+1 കുരിശുകളും 'നിത്യപ്രതിഷ്ഠ' യെടുത്തവർക്ക് 6+1 കുരിശുകളും തയ്ചിരുന്നു. 1942 വരെയും ഇതു നിലവിലിരുന്നു. ഇന്ന് കുബ് ഊനായിൽ പുറകിലുള്ള ഒരു കുരിശു മാത്രമായി മാറ്റിയിട്ടുണ്ട്.

ഇവ കൂടാതെ കഴുത്തിൽ ധരിക്കുന്നതിന് കറുത്ത ചരടിൽ കൊരുത്ത ഒരു കറുത്ത തടിക്കുരിശും (തൂങ്ങപ്പെട്ട രൂപമില്ലാത്തത്) സന്ന്യാസ വസ്ത്രത്തോടൊപ്പം നല്കപ്പെട്ടു. "അനുദിനം നിന്റെ കുരിശുമെടുത്ത് എന്നെ



അനുഗമിക്കൂ" എന്ന കർത്താവിന്റെ ആഹ്വാനത്തെ മുൻനിർത്തിയും "എന്റെ നുകം ലഘുവും ചുമടു ഭാരംകുറഞ്ഞതുമാണ്" (വി. മത്താ. 11:30) എന്നരുളിച്ചെയ്ത കർത്താവിന്റെ തിരുഹിതം സ്നേഹത്തോടും സ്വയം ത്യാഗത്തോടുംകൂടി അനുസരിക്കാൻ വേണ്ടിയുമാണ് അനുസരണചിഹ്നമായ കുരിശ് കഴുത്തിൽ ധരിക്കുന്നത്. പ്രതിഷ്ഠാവാഗ്ദാനശേഷം സന്ന്യാസവസ്ത്രവും കഴുത്തിലെ കുരിശും ധരിച്ചുകഴിഞ്ഞാൽ സിസ്റ്റർ കിഴക്കോട്ടു തിരിഞ്ഞുനിന്ന് വന്ദ്യപിതാവു ചൊല്ലിക്കൊടുക്കുന്ന പ്രാർത്ഥനഏറ്റുചൊല്ലി മുട്ടുകുത്തി കുമ്പിടുന്നു. "ദൈവമായ കർത്താവേ, എന്നെ കൈക്കൊണ്ടതിനായുള്ള എന്റെ കൃതജ്ഞത സ്വീകരിക്കേണമേ." അതുകഴിഞ്ഞ് കാർമ്മികൻ ചൊല്ലിക്കൊടുക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലിക്കൊണ്ട് യഥാക്രമം പടിഞ്ഞാറേക്കും വടക്കോട്ടും തെക്കോട്ടും മുട്ടുകുത്തി കുമ്പിടുന്നു. "എന്നെ കൈക്കൊണ്ടതിനായുള്ള എന്റെ കൃതജ്ഞത സ്വീകരിക്കേണമേ." തുടർന്ന് സാമാന്യം വലിപ്പമുള്ള ഒരു തടിക്കുരിശ്[1] വന്ദ്യപിതാവ്തന്നെ ഓരോ വ്രതസ്ഥയ്ക്കും ഇടതെതോളിൽ വച്ചുകൊടുക്കും. "എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നവർ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. (വി. ലൂക്ക. 9:23) എന്നു മൊഴിഞ്ഞ യേശുവിനെ അനുഗമിക്കയും അനുകരിക്കുകയും ചെയ്യാൻ വിളിക്കപ്പെട്ടവളാണ് ബഥനി സന്ന്യാസിനി എന്ന് ഈ കുരിശു സൂചിപ്പിക്കുന്നു. പ്രകാശം തന്നെയായ മിശിഹായെ ലോകത്തിനു വെളിപ്പെടുത്തുന്നതിനും പ്രകാശത്തിൽനിന്നും യേശുവിനെ പങ്കുവയ്ക്കുന്നതിനും ബഥനി സന്ന്യാസിനിക്ക് കടമയുണ്ട് എന്നു സൂചിപ്പിക്കുമാറ് കത്തിച്ച ഒരു മെഴുകുതിരിയും പ്രതിഷ്ഠിതയ്ക്കു നല്കുന്നു.

തുടർന്ന് വിശുദ്ധ കുർബാന പൂർത്തിയാക്കുന്നു. അതിനുശേഷം പ്രതിഷ്ഠിതർ വന്ദ്യപിതാവിന്റെ സ്ലീബാ മുത്തി നിരയായി നില്ക്കുന്നു. സമൂഹാംഗങ്ങൾ മൂപ്പുമുറയ്ക്ക് സ്ലീബാ മുത്തുന്ന ക്രമമനുസരിച്ച് നിരയായി നില്ക്കുന്ന പ്രതിഷ്ഠിതർക്ക് കൈകസൂരി നല്കുന്നു. പിന്നീട് തോളിൽ കുരിശും കൈയിൽ കത്തിച്ച തിരിയുമായി പ്രതിഷ്ഠിതരും അവർക്കു പിന്നാലെ കത്തിച്ച തിരികളുമായി സമൂഹാംഗങ്ങളും "പറുദൈസാതന്നെ......" എന്ന ഗാനമാലപിച്ചുകൊണ്ട് നേരത്തെ ക്രമീകരിച്ചിരിക്കുന്ന സ്ഥലത്തേക്ക് പ്രദക്ഷിണമായി നീങ്ങുന്നു. എല്ലാവരും നിർദ്ദിഷ്ടസ്ഥലത്ത് എത്തിക്കഴിഞ്ഞ് ഒരു ചെറുപ്രാർത്ഥനയോടുകൂടി പ്രതിഷ്ഠാകർമ്മത്തിന് അവസാനം കുറിക്കുന്നു. ഇന്നും പ്രതിഷ്ഠാകർമ്മം ഈ രീതിയിൽത്തന്നെ നടക്കുന്നു എന്നത് അന്നത്തെ പ്രതിഷ്ഠയുടെ ആഴവും പൂർണ്ണതയും വ്യക്തമാക്കുന്നു.

1. പ്രതിഷ്ഠാവാഗ്ദാനത്തിനു മുന്നുദിവസം മുമ്പ് ഈ കുരിശ് ത്രോണോസിൽ വച്ചിരിക്കും.

www.malankaralibrary.com

## അദ്ധ്യായം 7

### മിശിഹാനുകരണം: ആദർശവും ലക്ഷ്യവും

മലങ്കര സുറിയാനിസഭ അന്നുവരെ കണ്ടിട്ടില്ലാതിരുന്ന സന്ന്യാസിനി സമൂഹത്തിന് അനുകരിക്കുന്നതിനോ പകർത്തുന്നതിനോ മുൻപാരമ്പര്യങ്ങളോ ക്രമചട്ടങ്ങളോ ഇല്ലായിരുന്നു. ദൈവപരിപാലനയിൽ മാത്രം ആശ്രയം വച്ചിരുന്ന സ്ഥാപകപിതാവ് ഇതു സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. “ദൈവതിരുമുമ്പിൽ കളിമണ്ണിനെയെന്നപോലെ കുഴച്ചുവയ്ക്കപ്പെട്ടിരുന്ന നമ്മുടെ ഹൃദയത്തിന് ആദർശമാകുന്ന ആകൃതിയും ആശയമാകുന്ന ഭംഗിയും ഉണ്ടായിവരുന്നു. അവിടുന്ന് അതിനു രൂപംകൊടുക്കാതിരിക്കയില്ല. സ്വതന്ത്രമായിരുന്ന നമ്മുടെ ഹൃദയത്തെ അവിടെത്തന്നെ പ്രതിഷ്ഠിച്ചു വച്ച് നാം മാറിയിരുന്നു.” (ഗിരിദീപം പുറം.60) സന്ന്യാസിനി സന്ന്യാസ സമൂഹങ്ങളുടെ രൂപീകരണവേളകളിൽ ഓരോ ഘട്ടത്തിലും അഭിവന്ദ്യ പിതാവ് ഇതുതന്നെയാണ് ചെയ്തത്. വെറും മൂന്നംഗങ്ങളെക്കൊണ്ട് ആരംഭംകുറിച്ച ബഥനി സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപനോദ്ദേശ്യവും മിശിഹാനുകരണമല്ലാതെ മറ്റൊന്നല്ല എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിട്ടുള്ളതാണ്. “ദൈവസ്നേഹത്തേക്കാൾ അത്യുത്തമമല്ലയോ ദൈവസമ്പാദനം” എന്ന ഉൽകൃഷ്ടമായ മനോബോദ്ധ്യം ബഥനി മക്കൾക്ക് പ്രമാണമായിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ദൈവ സമ്പാദനാർത്ഥം അവിടുത്തെ അനുഗമിക്കയും അനുകരിക്കുകയുംചെയ്യുന്ന ബഥനിമക്കൾ മിശിഹാനുകരണം ലക്ഷ്യമാക്കിക്കൊണ്ട് ‘മിശിഹാനുകരണ സന്ന്യാസിനി സമൂഹം’ എന്നറിയപ്പെടാനാണ് പിതാവാഗ്രഹിച്ചത്.

മിശിഹാനുകരണ സന്ന്യാസിനീസമൂഹാംഗങ്ങൾക്ക് അനുകരിക്കാൻ മിശിഹായും മാതൃകയായിരിക്കാൻ ഋഷിവര്യനായ പിതാവിന്റെ ജീവിതാദർശങ്ങളും കാലാനുസൃതമായ ആവശ്യങ്ങളെ മുൻനിർത്തിയുള്ള സഭാനിർദ്ദേശങ്ങളുമാണുള്ളത്. യേശു സ്നേഹിച്ച, യേശുവിനെ സ്നേഹിച്ച ‘ബഥനി’യിലെ മാർത്ത, മറിയം, ലാസർ എന്നിവരാണ് മലങ്കരയിലെ ബഥനിക്ക് പിതാവ് നിർദ്ദേശിച്ച സംരക്ഷകവിശുദ്ധർ. തന്നെ ഏറ്റവുമധികം ആകർഷിച്ച ബഥനിയിലെ മറിയത്തിന്റെ പ്രാർത്ഥനാജീവിതവും മാർത്തായുടെ ശുശ്രൂഷാജീവിതവും ലാസറിന്റെ ഉത്ഥാനജീവിതവും വേദപ്രചരണോദ്യമവും ബഥനിക്ക് ജീവിതാദർശങ്ങളായിരിക്കണമെന്നും പിതാവു നിർദ്ദേശിച്ചു. ഈ



ആദർശങ്ങളെ മുൻനിർത്തി മിശിഹാനുകരണസന്ന്യാസിനീസമൂഹത്തിലെ അംഗങ്ങൾ ബഥനി സിസ്റ്റേഴ്സെന്നും അവരുടെമന്ദിരങ്ങൾ ബഥനിമഠങ്ങളെന്നും അറിയപ്പെടണമെന്ന് സ്ഥാപകപിതാവ് തീരുമാനിച്ചു.

സന്ന്യാസപ്രതിഷ്ഠയിലൂടെ മലങ്കരസഭയുടെ ആദ്ധ്യാത്മികനവീകരണവും ഭാരതത്തിന്റെ സുവിശേഷവത്കരണവും ലക്ഷ്യംവച്ചുകൊണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്ന ബഥനിയുടെ അപ്പൊസ്തോലിക പ്രവർത്തനങ്ങൾക്ക് ഭാരതത്തിന്റെ അപ്പൊസ്തോലനായ മാർത്തോമ്മാശ്ലീഹ മദ്ധ്യസ്ഥനായിരിക്കുന്നത് ഉചിതമെന്നു കണ്ട പിതാവ് മാർത്തോമ്മാശ്ലീഹായെയും സ്നേഹത്തിന്റെ ശ്ലീഹായായ വി. യോഹന്നാനെയും ബഥനിയുടെ പ്രത്യേക മദ്ധ്യസ്ഥരായി നിർദ്ദേശിച്ചു. കൂടാതെ കന്യകകളുടെ രാജ്ഞിയും വത്സല മാതാവുമായ മറിയം, വിശുദ്ധ യൗസേപ്പ്, സന്ന്യാസശ്രേഷ്ഠനും സഭാപിതാവുമായ വിശുദ്ധ ബസ്സേലിയോസ് ഇവരും ബഥനിയുടെ സംരക്ഷക വിശുദ്ധരാണ്.

### സമൂഹത്തിന്റെ ഭരണഘടനയും പ്രവർത്തനപരിപാടികളും

സഭയിലായാലും സന്ന്യാസസമൂഹത്തിലായാലും അതിന്റെ നിലനില്പിനും സുഗമമായ വളർച്ചയ്ക്കും നിശ്ചിതമായ ഒരു ഭരണഘടനയും നിയമസംഹിതയും പ്രവർത്തന ശൈലികളും ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ബഥനി മിശിഹാനുകരണ സന്ന്യാസിനിസമൂഹത്തിന്റെ ഔദ്യോഗികാരംഭം വെറും മൂന്നംഗങ്ങളെക്കൊണ്ടായിരുന്നു. 1925-ലെ മൂന്നുപേരുടെ പ്രതിഷ്ഠയ്ക്കു മുമ്പും അതിനു പിൻപുമായി മഠത്തിൽവന്ന് അർത്ഥിനികളായ ശേഷവും ആയാതയായിരിക്കുമ്പോൾതന്നെയും തിരികെ പോയിട്ടുള്ളവർ പലരുണ്ട്. എന്നാൽ പ്രതിഷ്ഠയുടെ സമയം ഏലിശുബ ആന്നിയിൽ, അന്നമ്മ മാവേലിക്കര എന്നു രണ്ടു നോവിസ്സസ്സും സാറാമ്മ എം.സി. മാമ്പുഴക്കാട്ടിൽ, മറിയാമ്മ ഡാനിയേൽ പൊൻവാണിഭം, ഏലിയാമ്മ കെ.എ. ഒളശ്ശ, അച്ചാമ്മ കറ്റോട്ട് എന്നു നാലു അർത്ഥിനികളും, മറിയാമ്മ ഈപ്പൻ കൂടത്തുംമുറി, അന്നമ്മ ഐപ് വേങ്കിടത്ത് എന്നു രണ്ടു ആയതകളുമുൾപ്പെടെ എട്ട് അംഗങ്ങൾകൂടെ മഠത്തിലുണ്ടായിരുന്നു. അവരിൽ അച്ചാമ്മ കറ്റോട്ട് 1929 ൽ തിരിച്ചുപോയി.

ബാരിസോളിൽനിന്നുള്ള മദർ ഈഡിത്തും സിസ്റ്റർ ഹെലനും ഇതര സിസ്റ്റേഴ്സും അവരെ പരിശീലിപ്പിക്കുകയും നയിക്കുകയും ചെയ്തിരുന്നു. എങ്കിലും ബഥനി സ്വയംവളരാൻ ആരംഭിക്കേണ്ട സമയമായി. തന്മൂലം സന്ന്യാസപ്രതിഷ്ഠ നടത്തിയവരിൽ മുതിർന്നയാളായിരുന്ന സിസ്റ്റർ

www.malankaralibrary.com



ശൈനായെ കൂട്ടായ്മയുടെ നേതൃത്വം വഹിക്കുന്നതിന് വന്ദ്യപിതാവു തന്നെ നിയമിച്ചു. സ്വതവേ ശാന്തശീലയും സമാധാനകാംക്ഷിയുമായിരുന്ന സിസ്റ്റർ ശൈന ദൈവതൃക്കരങ്ങളിൽ നിന്നെന്നവണ്ണം ആ ചുമതല ശിരസ്സാവഹിച്ചു. വിശുദ്ധ ബസ്സേലിയോസിന്റെ സന്ന്യാസ നിയമസംഹിത അടിസ്ഥാനമാക്കി വന്ദ്യപിതാവ് എഴുതിയുണ്ടാക്കിയിരുന്ന നിയമപുസ്തകം സന്ന്യാസ പ്രതിഷ്ഠാദിനത്തിൽതന്നെ സിസ്റ്റേഴ്സിനു നല്കിയിരുന്നു.

ഇതിനകം മലയാളം നന്നായി കൈകാര്യം ചെയ്യാൻ പഠിച്ചുകഴിഞ്ഞ സിസ്റ്റർ ഹെലൻ പ്രതിഷ്ഠിതരായ സിസ്റ്റേഴ്സിനും അർത്ഥിനികൾക്കും (postulants) ആയാതകൾക്കും (aspirants) ക്ലാസ്സുകൾ എടുക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കാനും നിയുക്തയായി. തിരുമൂലപുരത്തുണ്ടായിരുന്ന യാക്കോബായ ഇടവകപ്പള്ളിയിലെ കുട്ടികളുടെ മതപഠനം, സ്ത്രീസമാജം എന്നിവയുടെ നടത്തിപ്പും സിസ്റ്റേഴ്സിന്റെ ചുമതലയായി. ചുറ്റുപാടുമുള്ള ഭവനസന്ദർശനം - (ജാതിമതഭേദം കൂടാതെ) മഠാംഗങ്ങളുടെ പ്രത്യേക പ്രവർത്തനങ്ങളിൽപ്പെട്ടിരുന്നു. ദളിത് കുട്ടികളുടെയും കുടുംബങ്ങളുടെയും വിദ്യാഭ്യാസം സാമ്പത്തിക, സാംസ്കാരിക വികസന പരിപാടികൾ എന്നിവയും സിസ്റ്റേഴ്സിന്റെ പ്രത്യേക പ്രവർത്തനരംഗങ്ങളായി. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് ഏതൊന്നിനുവേണ്ടി സന്ന്യാസം, പ്രത്യേകിച്ച് സ്ത്രീസന്ന്യാസം മലങ്കരയിൽ ഉണ്ടാകണമെന്നാഗ്രഹിച്ചുവോ അവയൊക്കെയും കാലക്രമത്തിൽ ബഥനിയുടെ കർമ്മവേദികളായി. സഭയ്ക്കും സഭാമക്കൾക്കും എന്നല്ല കുടുംബങ്ങൾ, ദേശങ്ങൾ, രാജ്യങ്ങൾ എല്ലാറ്റിനും ശക്തിപകരുന്ന സ്രോതസ്സായി ബഥനി മാറണമെന്ന് പിതാവ് അങ്ങേയറ്റം ആഗ്രഹിച്ചിരുന്നു.

പ്രവർത്തനങ്ങളോടൊപ്പം നിഷ്ഠാപരമായ ജീവിതത്തിലൂടെ ആദ്ധ്യാത്മികവളർച്ച സാധിതമാകുന്നതിനുള്ള സംവിധാനങ്ങളും മഠത്തിലുണ്ടായിരുന്നു. മലങ്കര സുറിയാനി സമുദായപാരമ്പര്യത്തിൽ ആരാധനാക്രമത്തിന് വളരെയധികം പ്രാധാന്യം കല്പിച്ചിരുന്നു. എന്നാൽ വിശുദ്ധ കുർബാനയുടെ സാന്നിദ്ധ്യം സദാ ഉണ്ടായിരിക്കുക എന്നതും അനുദിനം വിശുദ്ധ കുർബാന അർപ്പിക്കുക എന്നതും പതിവായിരുന്നില്ല. ആരാധനാക്രമത്തിൽ വിശുദ്ധ ബലിക്കുള്ള സ്ഥാനവും ആവശ്യവും നന്നായി അറിയുകയും അനുഭവപ്പെടുകയും ചെയ്തിരുന്ന അഭിവന്ദ്യപിതാവ് മഠത്തിൽ എല്ലാ ദിവസവും വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും വിശുദ്ധ കുർബാന സൂക്ഷിച്ചുവയ്ക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തി. വിശുദ്ധ കുർബാനയുടെ സന്നിധിയിൽ നിരന്തരം പ്രാർത്ഥിക്കുന്നതിനും പ്രവർത്തനങ്ങൾക്കെല്ലാം ശക്തി സംഭരിക്കുന്ന സ്രോതസ്സായി ബലിയർപ്പണത്തിൽ



ദിവസവും പങ്കെടുക്കുന്നതിനും മഠാംഗങ്ങൾക്ക് ഇത് ഏറെ സൗകര്യമായി. അങ്ങനെ രക്ഷകനായ യേശുവോടൊന്നിച്ച് യേശുവിനുവേണ്ടി ജീവിച്ച് മിശിഹാനുകരണം സുഗമമാക്കാൻ മഠാംഗങ്ങൾ ഉത്സുകരായിരുന്നു.

യാമങ്ങൾതോറുമുള്ള പ്രാർത്ഥനകൾ (യാമനമസ്കാരം), ഉപവാസം, ഇതര തപാനുഷ്ഠാനങ്ങൾ, മലങ്കരസഭ നിഷ്കർഷിക്കുന്ന നോമ്പുകൾ എല്ലാമെല്ലാം അവർക്ക് വിശുദ്ധീകരണമാർഗ്ഗങ്ങളായിരുന്നു. സന്ന്യാസനിഷ്ഠാജീവിതത്തിന് ഏറ്റവുമുപകരിക്കുന്ന മൗനവും ലളിതജീവിതവും അദ്ധ്വാനശീലവും ബഥനിയുടെ മുഖമുദ്രയാണ്. ഉള്ളായ്മയിലും ഇല്ലായ്മയിലും സമചിത്തതയോടെ യേശുസ്നേഹത്തിന് സാക്ഷിയാകുന്നതാണ് ലളിതജീവിതത്തിന്റെ കാതൽ. നിയമപരമായി നിർബന്ധിക്കപ്പെട്ടതും ബാഹ്യവുമായ ഒരു മൗനമായിരുന്നില്ല അന്നു ബഥനിക്ക് പിതാവ് നിർദ്ദേശിച്ചത്. പ്രത്യുത, "സന്ന്യാസിയുടെ ആത്മാവ് ദൈവത്തോടൊത്ത് വിശുദ്ധ സംസർഗ്ഗത്തിൽ വിശ്രമിക്കുന്നതിനുള്ള ആത്മീയവ്യായാമം സന്ന്യാസപരമായ മൗനമാകുന്നു. മൗനത്തിന്റെ പരമസാദ്ധ്യതയും ഇതത്രെ" എന്നാണ്. ഏകാന്തതയിലും മൗനത്തിലുമാണ് ദൈവത്തിന്റെ നേർത്തസ്വരം നമുക്കു ശ്രവിക്കാൻ സാധിക്കുക. തന്മൂലം പ്രശാന്തമായ മൗനാന്തരീക്ഷത്തിൽ അത്യാവശ്യത്തിനുമാത്രം പതിഞ്ഞ സ്വരത്തിൽ ആശയവിനിമയം ചെയ്തിരുന്നതിനെ ലഘുമൗനമെന്നും രാത്രി യാമനമസ്കാരശേഷം പിറ്റേന്നു വി. കുർബാന കഴിയുംവരെ പൂർണമൗനം പാലിച്ചിരുന്നതിനെ ദൃഢമൗനമെന്നുമാണ് പറഞ്ഞിരുന്നത്. സാധാരണയായി ഹാശാ ആഴ്ചയിൽ സിസ്റ്റേഴ്സ് (മഠാംഗങ്ങൾ) പെരുനാട്ടിൽ മുണ്ടൻമല ചാപ്പലിൽ തീർത്ഥാടനമായെത്തി കഷ്ടാനുഭവനാളുകൾ പ്രാർത്ഥനയ്ക്കും തപസിനും പ്രായശ്ചിത്തത്തിനുമായി മാറ്റിവെച്ചിരുന്നു. ആ ദിവസങ്ങളിൽ എല്ലാവരും പരിപൂർണ മൗനം പാലിച്ചിരുന്നു. ഒരു ചെറിയ സംഭവത്തിലൂടെ ഈ മൗനനിഷ്കർഷ വിവരിക്കുക രസകരമായിരിക്കും.

1929 ഏപ്രിൽ മാസത്തിലെ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി മഠാംഗങ്ങൾ മുണ്ടൻമലയിലെത്തി. 28-ാം തീയതി ഓശാന ഞായറാഴ്ച. വൈകിട്ട് സന്ധ്യാനമസ്കാരവും തുടർന്ന് പിതാവിന്റെ ധ്യാനപ്രസംഗവും. "തുറമുഖത്തു വന്നടുത്തു" എന്നർത്ഥം വരുന്ന 'വാദേദ് തൽമീനോ' എന്നു പറയപ്പെടുന്ന ഒരു ശുശ്രൂഷയും കഴിഞ്ഞാണ് എല്ലാവരും പോകുന്നത്. ചാപ്പലിൽ നിന്നിറങ്ങി കാട്ടുവഴിയിലൂടെ നടന്ന് അടിവാരത്തുള്ള സത്രത്തിലെത്തണം. (മഠാംഗങ്ങൾക്കും സ്ത്രീകൾക്കും താമസിക്കാനുണ്ടാക്കിയിരുന്നതാണ് സത്രം). ആറും ഏഴും പേർ വീതമുള്ള ഗ്രൂപ്പുകളായി നടന്നിരുന്നവർക്ക് വെളിച്ചം കാട്ടിക്കൊടുക്കാനായി സിസ്റ്റർ ദനഹ വഴിയോരത്ത് ഒരുയർന്ന സ്ഥലത്ത് വിളക്കുമായി നിന്നു. എന്തോ ഒന്ന് സിസ്റ്ററിനെ

www.malankaralibrary.com



കടിച്ചതായി അനുഭവപ്പെട്ടു. കടികൊണ്ടഭാഗം കാണിച്ചുകൊടുത്തതല്ലാതെ സിസ്റ്റർ ഒന്നും സംസാരിച്ചില്ല. സത്രത്തിലെത്തി വിവരം മനസ്സിലാക്കിയ സുപ്പീര്യർ ആശ്രമത്തിൽ ഒരു കുറിപ്പു കൊടുത്തയച്ച് അറിയിച്ചു. ഉടൻതന്നെ വിഷഹാരിയെത്തി ആവശ്യമായ പച്ചമരുന്നു കൊടുത്തു. ഇതുപോലെയുള്ള വിഷമഘട്ടങ്ങളിൽ പോലും ഭജനത്തിനോ മൗനത്തിനോ ലംഘനം വരുത്തിയിരുന്നില്ല എന്ന് അനുഭവസ്ഥർതന്നെ പറഞ്ഞിട്ടുണ്ട്. ബഥനിയിലെ സന്ന്യാസത്തിന്റെ അന്നത്തെ കർശന നിഷ്ഠകൾ ബുദ്ധിമോശമായോ അറിവില്ലായ്മയായോ ഇന്നുള്ളവർ - അർപ്പിതർ പോലും വ്യാഖ്യാനിച്ചേക്കാം. എന്നാൽ സന്ന്യാസജീവിതനിഷ്ഠ, സർവസംഗപരിത്യാഗം, ദൈവസ്നേഹത്തെ പ്രതിയുള്ള മൗനപാലനം, ലാളിത്യം ഇവയെല്ലാം സന്ന്യാസത്തിന് അലങ്കാരമാണ്; അന്നും ഇന്നും എന്നും.

ദിവസത്തിന്റെ യാമങ്ങളെ ശുദ്ധീകരിക്കുന്നതിനും സ്വർഗ്ഗവാസികളുടെയും ദൂതഗണങ്ങളുടെയും ഇടവിടാതെയുള്ള ദൈവാരാധനയിൽ പങ്കുചേരുന്നതിനുമായി സന്ന്യാസപ്രതിഷ്ഠ ചെയ്തവർ - ചെയ്യുന്നവർ ഏഴു യാമങ്ങളിലെ നമസ്കാരം നടത്തുന്നതിന് അന്നു ക്രമീകരണമുണ്ടായിരുന്നു. യാമങ്ങളെ സംയോജിപ്പിച്ച് ദിവസത്തിൽ നാല് യാമങ്ങളിലായി ബഥനിയിൽ യാമനമസ്കാരം നിഷ്ഠയോടെ നടത്തിവരുന്നു.

സന്ന്യാസനിഷ്ഠാജീവിതത്തെ പരിപോഷിപ്പിക്കുന്നതിനും ദുർമോഹങ്ങളിൽനിന്നും പൈശാചികപരീക്ഷകളിൽനിന്നും അകന്നു നില്ക്കുന്നതിനുമുള്ള ശക്തി സംഭരിക്കുന്നതിനുമായി ഉപവാസവും നോമ്പാചരണങ്ങളും അതീവതീക്ഷ്ണതയോടെ നിർവഹിക്കുന്നതിന് സിസ്റ്റേഴ്സ് നിഷ്കർഷിക്കപ്പെട്ടിരുന്നു. എല്ലാറ്റിലുമുപരിയായി മലങ്കരസഭ നിഷ്കർഷിച്ചിട്ടില്ലാത്ത ദിനംപ്രതിയുള്ള വിശുദ്ധ ബലിയർപ്പണവും ദിവ്യകാരുണ്യ സ്വീകരണവും മലങ്കരയുടെ ആദ്യകന്യകാലയത്തിൽ സൗകര്യപ്പെടുത്തിയിരുന്നു എന്നത് ഒരു വലിയ പ്രത്യേകതയായിരുന്നു. നിഷ്ഠാപരമായ സന്ന്യാസജീവിതത്തിനുള്ള ശക്തി സംഭരിക്കുന്നതിനും അർപ്പണം അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നതിനും ദിനംപ്രതി ബലിയർപ്പിക്കുകയും അതിൽനിന്ന് ഭക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന് പിതാവ് പഠിപ്പിച്ചിരുന്നു. ആഴ്ചതോറുമുള്ള കുമ്പസാരവും അദ്ദേഹം നിർദ്ദേശിച്ചിരുന്നു.

സന്ന്യാസിനിയുടെ ആത്മാവ് ദൈവസംസർഗ്ഗമാധുര്യം അനുഭവിക്കുന്നതിനുതകുന്ന അനുദിനധ്യാനം, മതപഠനം, വേദപഠനം ഇവ മുടങ്ങാതെ നടത്തുന്നതിനും വി. നിയമപുസ്തക വായന, പ്രതിഷ്ഠാജീവിതം പ്രായോഗികമാക്കുന്നതിനുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നിഷ്ഠയോടും സ്നേഹത്തോടുംകൂടി നിർവഹിക്കുന്നതിനും സന്ന്യാസിനി ശുഷ്ക്കാന്തിയുള്ളവളായിരിക്കണമെന്ന് വന്ദ്യപിതാവ് നിഷ്കർഷിച്ചിരുന്നു.



മാസത്തിലൊരിക്കൽ ശാന്തിദിനമായി ആചരിക്കണം. കഴിഞ്ഞ മാസത്തെ ജീവിതത്തെ പരിശോധിക്കുന്നതിനും അടുത്തുവരുന്ന മാസത്തേക്കുള്ള ആത്മശക്തി സംഭരിക്കുന്നതിനും സുകൃതാഭ്യാസപദ്ധതി തയ്യാറാക്കുന്നതിനും ഈ ശാന്തിദിനം ബഥനിസിസ്റ്റേഴ്സിന് ഉപകരിക്കേണ്ടതാണ്. സന്ന്യാസിനിക്ക് പ്രത്യേകമായി നല്കപ്പെടുന്ന ലാളിത്യമാർന്ന മുറി 'തൗന' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. തൗനായുടെ പ്രത്യേകതകളെ സംബന്ധിച്ച് അഭിവന്ദ്യ പിതാവ് ഇപ്രകാരം പറയുന്നു: "ദേവാലയംപോലെ 'തൗന'യെ കരുതണം, ശുചിയായി സൂക്ഷിക്കണം, സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ യേശുതമ്പുരാൻ അവിടെ പാർക്കുന്നു. യേശുമിശിഹായുടെ നിരന്തരസാന്നിദ്ധ്യം സൂചിപ്പിക്കുന്നതിന് ഒരു കുരിശ് അവിടെ ഉണ്ടായിരിക്കണം. സന്ന്യാസിനി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ദൈവസംസർഗ്ഗമാണ്. എന്നാലും പുറംലോകത്തിൽനിന്നു വേർപെട്ട് യേശുവോടൊരുമിച്ച് ഏകാന്തവാസം ചെയ്യുന്നതിന് സന്ന്യാസിനിക്കുള്ള ഇടം തൗനയാണ്." [1]

(ബഥനി സിസ്റ്റേഴ്സ് കാത്തുസൂക്ഷിക്കേണ്ട നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും വന്ദ്യപിതാവു രചിച്ച സംക്ഷിപ്ത നിയമപുസ്തകത്തിലും 'സന്ന്യാസജീവിത സഹായി' എന്ന പുസ്തകത്തിലും വിവരിച്ചിട്ടുണ്ട്.)[2]

## ബഥനി വളർച്ചയുടെ ആദ്യപടിയിൽ

1925-ലെ മൂന്നംഗ ഗണത്തിലുൾപ്പെടാനാവാതെ അസുഖത്തിലായിപ്പോയ ഏലിശുബ ആന്നിയിൽ സുഖം പ്രാപിച്ച് പ്രതിഷ്ഠയ്ക്കൊരുങ്ങി. 1926 ഡിസംബർ 27 ന് തിരുമൂലപുരത്ത് ബഥനി ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നിത്യപ്രതിഷ്ഠ നടത്തി, സമൂഹത്തിൽ നാലാമത്തെ അംഗമായിത്തീർന്നു. "പ്രകാശരശ്മി" എന്നർത്ഥമുള്ള 'സൾഗ' എന്ന പേരാണ് ഏലിശുബായ്ക്കു ലഭിച്ചത്.

ഈ സന്ദർഭത്തിൽ അർത്ഥിനികളായിരുന്ന പി.പി. അന്നമ്മ മാവേലിക്കര, കെ.എ. ഏലിയാമ്മ ഒളശ എന്നിവരെ 1928 മെയ് മാസം 28 ന് നൊവീഷ്യേറ്റിൽ പ്രവേശിപ്പിച്ചു. മലങ്കര ബഥനിയിലെ ആദ്യത്തെ നൊവീഷ്യേറ്റാണ് 1928 ൽ ആരംഭംകുറിച്ചത്. ആദ്യത്തെ നൊവിസ്സ് മിസ്ട്രസായി സിസ്റ്റർ ദനഹായെ അഭിവന്ദ്യപിതാവ് നിയമിച്ചു. ഏലിയാമ്മ ഒളശ്ശയ്ക്ക് ഒരസുഖം

1. സന്ന്യാസ ജീവിതസഹായി - മാർ ഈവാനിയോസ് പുറം. 48
2. സംക്ഷിപ്ത നിയമം', സന്ന്യാസജീവിത സഹായി - മാർ ഈവാനിയോസ്

www.malankaralibrary.com



പിടിപെട്ടതിനാൽ നോവീഷ്യേറ്റ് വിഘ്നപ്പെട്ടു ചികിത്സാർത്ഥം സ്വഭവനത്തിലേക്കു പോയി. അതുകൊണ്ട് 1929 മെയ്മാസം 29 ന് തിരുമൂലപുരത്തുവച്ച് പി.പി. അന്നമ്മയുടെ മാത്രം പ്രതിഷ്ഠാവാഗ്ദാനം നടന്നു. സൗമ്യത (Meekness) എന്നർത്ഥമുള്ള 'മാക്സ' എന്ന സുറിയാനി പദം സന്ന്യാസനാമമായി അന്നമ്മയ്ക്കു ലഭിച്ചു. മുമ്പ് പ്രതിഷ്ഠ നടത്തിയ നാലുപേരും നിത്യപ്രതിഷ്ഠ നടത്തിയതിനാൽ അവർക്കു കറുത്ത കുബ് ഊനായും കറുത്ത വെയിലും നല്കി. എന്നാൽ അഞ്ചാമത്തെയാളിന് (മദർ മാക്സായ്ക്കു) തത്ക്കാല വ്രതമായിരുന്നതിനാൽ വെള്ള കുബ് ഊനായും (പുറകിൽ ഒരു കുരിശു മാത്രം) വെള്ളവെയിലു(ദ്രീദാ)മാണ് നല്കിയത്. തന്നെയുമല്ല കത്തോലിക്കാ സന്യാസസമൂഹങ്ങളിലേതുപോലെ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുവിശേഷ പുണ്യങ്ങളെ വ്രതങ്ങളായി സ്വീകരിച്ചുകൊണ്ട് ഒരു വർഷത്തേക്കാണ് ആദ്യവ്രതവാഗ്ദാനം (തത്ക്കാല വ്രതം) ചെയ്തത്. ഇത് ബഥനിക്ക് പുതിയപടിയിലേക്കുള്ള ഒരു കാൽ വയ്പായിരുന്നു.

1930 മെയ് 13 ന് എം.സി. സാറാമ്മയും, മറിയാമ്മ ഡാനിയേലും ഒരു വർഷത്തെ നൊവീഷ്യേറ്റിനു ശേഷം (സിസ്റ്റർ ദനഹാ തന്നെയായിരുന്നു മിസ്ട്രസ്) ആദ്യ വ്രതവാഗ്ദാനം നടത്തി യഥാക്രമം 'കൃപ' (grace) എന്നർത്ഥമുള്ള 'തൈബൂസ്' എന്നും നന്മ (goodnesss) എന്നർത്ഥമുള്ള 'ബാസിം' എന്നും സന്ന്യാസനാമങ്ങൾ സ്വീകരിച്ചു. ഇങ്ങനെ 1925 മുതൽ 30 വരെയുള്ള വർഷങ്ങളിൽ മഠത്തിലേക്ക് ഒന്നും രണ്ടും അംഗങ്ങൾ വീതം വന്നുകൊണ്ടിരുന്നു. ഇവരുടെയെല്ലാം പരിശീലനത്തിൽ ബാരിസോളിലെ സിസ്റ്റേഴ്സ് പ്രത്യേകിച്ച് സിസ്റ്റർ ഹെലൻ മേൽനോട്ടം വഹിച്ചുപോന്നു. ഇക്കാലങ്ങളിലെല്ലാം അഭിവന്ദ്യപിതാവ് കൂടെക്കൂടെ മഠം സന്ദർശിച്ചിരുന്നു. ആവശ്യമായ നിർദ്ദേശങ്ങളും ക്ലാസ്സുകളും നല്കിപ്പോന്നതിനു പുറമെ ആശ്രമത്തിൽനിന്നും അച്ചന്മാരെ അയച്ച് ക്ലാസ്സുകളും ആത്മീയ സഹായങ്ങളും നല്കിയിരുന്നു.

സിസ്റ്റേഴ്സിന്റെ പ്രയാസങ്ങളും സംശയങ്ങളും പിതാവിന്റെയടുത്തു നേരിട്ടു വെളിപ്പെടുത്തുന്നതിന് പൂർണസ്വാതന്ത്ര്യം നല്കി യിരുന്നു. ഒരു നല്ല പിതാവിന്റെയും മാതാവിന്റെയും സ്ഥാനം മഠാംഗങ്ങൾക്ക് അനുഭവവേദ്യമാകത്തക്കവണ്ണം അവരുടെ ആരോഗ്യകാര്യങ്ങളിലും ഭക്ഷണകാര്യങ്ങളിൽ പോലും പിതാവ് അതീവ ശ്രദ്ധാലുവായിരുന്നുവെന്നാണ് അനുഭവസ്ഥർ പറഞ്ഞിട്ടുള്ളത്.



## പുനരൈക്യപരിശ്രമങ്ങളും ബഥനിയും

മലങ്കര യാക്കോബായ (സുറിയാനി) സഭാസമൂഹത്തിൽ ആദ്ധ്യാത്മിക നവീകരണവും ഭാരതത്തിന്റെ സുവിശേഷീകരണവും സാധിക്കുന്നതിനു വേണ്ടി കുടുംബനവീകരണവും സ്ത്രീജനോദ്ധാരണവും സുഗമമായി നടത്തുന്നതിന് ദൈവസ്നേഹത്തെ പ്രതി സ്വയംസമർപ്പിച്ചുപ്രവർത്തിക്കുക എന്ന വലിയ ദൈവാഹ്വാനത്തിന്റെ പ്രത്യുത്തരമായിരുന്നു മിശിഹാനുകരണ സന്ന്യാസിനീസമൂഹം. ആദ്ധ്യാത്മികതയുടെ വളക്കൂറുള്ള മണ്ണിൽ മാത്രമേ സന്ന്യാസവടവൃക്ഷം വളർന്നു പന്തലിക്കൂ എന്ന സത്യം മറക്കാനാവതല്ല. വ്യവഹാരങ്ങളും അധികാരവടംവലിയും പരസ്പരം അംഗീകരിക്കാത്ത മനോഭാവവും ഒന്നിനു പുറകെ ഒന്നായി അരങ്ങേറുന്ന ഊഷരഭൂമിയായി മലങ്കരസഭ മാറിക്കൊണ്ടിരിക്കുന്നത് ഏറെനാളായി ആശ്രമശ്രേഷ്ഠനെ വേദനിപ്പിച്ചുകൊണ്ടിരുന്നു. സഭയിൽ സമാധാനവും ശാന്തിയും കൈവരുത്തുന്നതിന് ദൈവനിയോഗമായി താൻ ആവിഷ്കരിച്ച ഒരു കർമ്മ പദ്ധതിയാണ് മലങ്കരയിലെ സന്ന്യാസം. എന്നാൽ സമാധാനത്തിന്റെയും ത്യാഗത്തിന്റെയും സത്ഫലങ്ങൾ ഈ ഊഷരഭൂമിക്ക് എങ്ങനെ സ്വീകരിക്കാനാവും? ആരംഭംമുതൽതന്നെ ഹൃദയതലത്തിൽ ചെറുതായി തെളിഞ്ഞ് വലുതായിക്കൊണ്ടിരുന്ന ആ ചോദ്യചിഹ്നം ഇനി വളരാനാവാത്ത വിധം വലുപ്പം നേടിക്കഴിഞ്ഞു.

മുന്നിൽ തെളിയുന്ന നിവൃത്തിമാർഗ്ഗം സാർവത്രിക സഭാമടിത്തട്ടിലേക്കു തിരിച്ചെത്തി സമാധാനം കൈവരിക്കുക എന്നതാണ്. 1652 ലെ കൂനൻ കുരിശുസത്യത്തിന്റെ മറവിൽ ക്രൈസ്തവസഭയിൽ നേരിട്ട പിളർപ്പും ആ നാളുകൾ മുതൽ ഐക്യത്തിനായുള്ള പിതാക്കന്മാരുടെ പരിശ്രമങ്ങളും എല്ലാം വ്യക്തമായി അറിയാവുന്നതാണ്. അന്ന് പിതാക്കന്മാരോടുചേർന്നു പ്രവർത്തിക്കുന്നതിനോ അതിനു പ്രാർത്ഥനാപിൻബലം നല്കുന്നതിനോ ആരുംതന്നെ ഉണ്ടായിരുന്നില്ല.

പുരാതന സാർവ്വത്രികസഭയുമായുള്ള അടുപ്പവും അതിലേക്ക് കൂടുതൽ കൂടുതലായുണ്ടായ ആകർഷണവും ദൈവംതന്നെ നല്കിയ പ്രചോദനമായിരുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. അതിൽ ഒരു കാര്യം ഇവിടെ വെളിപ്പെടുത്തുന്നത് ഉചിതമെന്നു കരുതുന്നു. തന്റെ ഗുരുഭൂതനും അന്നത്തെ സഭാശ്രേഷ്ഠനുമായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ മുടക്കു തീർക്കാനായി 1923 ൽ അദ്ദേഹം അന്ത്യോക്യയിലെത്തി പാത്രിയർക്കീസിനെ കണ്ടു. ഫലമുണ്ടാകാതെ തിരിച്ചെത്തിയ ഗുരുഭൂതനെ ആബോ ഗീവറുഗീസ് (അന്നു മെത്രാനായിരുന്നില്ല) ബോംബെയിലെത്തി സ്വീകരിച്ച്

www.malankaralibrary.com



തിരിച്ചുപോരുന്നു. താമസിയാതെ ആബോ തിരുവല്ലയിൽ തിരിച്ചെത്തിയത് നാലുജപമാല(കൊന്ത)യുമായിട്ടാണ്. ജന്മനാമാതൃഭക്തനും കത്തോലിക്കാ സഭയുടെ ദൈവമാതൃഭക്തിയിൽ സംപ്രീതനുമായ ആബൂന ജപമാല വാങ്ങിയതിന്റെ പൊരുൾ അന്ന് ആർക്കും മനസ്സിലായിട്ടുണ്ടാവില്ല. അദ്ദേഹം തിരുവല്ലയിലെത്തി ജപമാല മഠാംഗങ്ങളെ ഏല്പിച്ചു. എങ്ങനെ ഇതു പ്രാർത്ഥനയ്ക്കുപയോഗിക്കണമെന്ന് അറിവില്ലാതിരുന്ന മഠാംഗങ്ങൾ അതുപയോഗിച്ച് നിമിഷപ്രാർത്ഥനകൾ ഉരുവിട്ടിരുന്നു എന്ന് അനുഭവസ്ഥർതന്നെ പറഞ്ഞു രസിച്ചിട്ടുണ്ട്.

ആശ്രമത്തിലെയും മഠത്തിലെയും അംഗങ്ങൾ സ്ഥാപകപിതാവിന്റെ ചിന്താഗതികൾ മനസ്സിലാക്കുന്നുണ്ടായിരുന്നു എങ്കിലും എല്ലാം പൂർണ്ണമായി വ്യക്തമായിരുന്നില്ല. ഇതിനകം യാക്കോബായ സഭാസമൂഹംതന്നെ രണ്ടായി പിരിയേണ്ടിവന്ന ചരിത്രസംഭവം കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കി. വട്ടശ്ശേരിൽ തിരുമേനിക്കു മുടക്കു കല്പിച്ച അബ്ദുള്ള പാത്രിയർക്കീസും അദ്ദേഹത്തോടു ചേർന്നുനിന്നവരും ഒരുവശത്ത്. മുടക്ക് അന്യായവും അനീതിയും നിയമവിരുദ്ധവുമെന്ന് വാദിച്ച് മെത്രാനോടു ചേർന്നു നിന്നവർ മറുവശത്ത്. ആദ്യത്തേതു പാത്രിയാർക്കീസു കക്ഷിയും രണ്ടാമത്തേത് മെത്രാൻ കക്ഷിയും (Orthodox). വിഷമംപിടിച്ച കക്ഷിവഴക്കും തുടർന്നുണ്ടായ വട്ടിപ്പണക്കേസും വ്യവഹാരങ്ങളും (വട്ടിപ്പണക്കേസ് – ഇഞ്ചക്കലോടിയച്ചന്റെ 'ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്) ആബൂനായെ തളർത്തിയെങ്കിലും സഭൈക്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ഛ കൂടുതൽ ശക്തമാവുകയായിരുന്നു.

സ്നേഹവിരുദ്ധമായ ഇത്തരം കേസുകളും നടപടികളും സഭയുടെ വളർച്ചയ്ക്കും ആദ്ധ്യാത്മികതയ്ക്കും വെല്ലുവിളിയാണെന്നും കർത്താവു സ്ഥാപിച്ച, പിന്തുടർച്ചയും അപ്പൊസ്തോല പാരമ്പര്യവുമുള്ള സഭ കത്തോലിക്കാസഭയാണെന്നും ആ സഭയുമായി ഐക്യത്തിലും സ്നേഹത്തിലും ഒന്നുചേരുകയല്ലാതെ മറ്റുരക്ഷാമാർഗ്ഗമില്ലെന്നും മാർ ഈവാനിയോസിന് പൂർണബോദ്ധ്യമായി. താനുൾപ്പെടുന്ന മെത്രാൻകക്ഷി ഒന്നടങ്കം മാതൃസഭയുമായി പുനരൈക്യപ്പെടുന്നതാണ് ഉത്തമമെന്ന അഭിപ്രായത്തിൽ ഓർത്തഡോക്സ് വിഭാഗം കരുനീക്കുന്ന വിവരം മഠാംഗങ്ങളും അറിഞ്ഞുകൊണ്ടിരുന്നു. തന്മൂലം ദൈവഹിതാനുസാരം സംഭവങ്ങൾ പരിസമാപ്തിയിലെത്തുന്നതിന് സിസ്റ്റേഴ്സ് തപസ്സനുഷ്ഠിച്ച് പ്രാർത്ഥിച്ചിരുന്നു.

മദർ സൾഗയുടെ ഡയറിക്കുറിപ്പിൽ നിന്നാണ് ഈ വിഷയം സംബന്ധിച്ച വ്യക്തമായ ഒരറിവ് ലഭിച്ചത്. "1928 ഏപ്രിൽ 19-ാം തീയതി കഷ്ടാനുഭവ



ആഴ്ചയിലെ ശുശ്രൂഷകളിൽ പങ്കുകൊള്ളാനായി സിസ്റ്റർ ശൈനാ, സിസ്റ്റർ ഹൂബാ, സിസ്റ്റർ ദനഹ എന്നിവർ ഞാനും ഒന്നിച്ച് പെരുനാട്ടിലേക്കു പോകുവാൻ ഒരുങ്ങികാത്തിരിക്കുകയായിരുന്നു. നാലുമണിയോടുകൂടി വന്ദ്യപിതാവ് മഠത്തിലേക്കെഴുന്നെള്ളി. സിസ്റ്റേഴ്സിനെ നാലുപേരെയും മഠത്തിന്റെ കിഴക്കുവശത്ത് മുറ്റത്തുവിളിച്ചിരുത്തി. കസേരയിൽ ഉപവിഷ്ടനായ പിതാവ് ശാന്തനായി അക്ഷോഭ്യനായി സംസാരിക്കാൻ തുടങ്ങി. യാക്കോബായസഭയിൽ നിലനില്ക്കുന്ന അശാന്തിയും അസംതൃപ്തിയും സംസാരത്തിൽ വ്യക്തമായി. ആദ്ധ്യാത്മികവളർച്ചയ്ക്ക് വിഘാതമായി നില്ക്കുന്ന ഇത്തരം സംഭവങ്ങൾ ഒരിക്കലും ദൈവഹിതമല്ലെന്നും ഇങ്ങനെ ഈ സഭയിൽ നിലനില്ക്കാൻ സാദ്ധ്യമല്ലെന്നും അവിടുന്ന് ഖേദപൂർവം അറിയിച്ചു. പരിഹാരമായി ഏതെങ്കിലും പുരാതനസഭയോട് യോജിക്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം ദൃഢസ്വരത്തിൽ പറഞ്ഞു. എന്നാൽ എവിടേക്ക്, എപ്പോൾ എന്നത് ദൈവ പിതാവുതന്നെ തീരുമാനിക്കണമെന്നും, ആ തീരുമാനം വെളിപ്പെടുത്തിക്കിട്ടാൻ പ്രാർത്ഥിക്കണമെന്നും വന്ദ്യപിതാവ് രഹസ്യമായിപറഞ്ഞു.

ഇതുപോലെ ഓരോരോ സന്ദർഭങ്ങളിലായി പഠനത്തിനും ആലോചനയ്ക്കുമായി പുനരൈക്യ ചിന്തകൾ പിതാവ് പങ്കുവച്ചിരുന്നു. എന്നാൽ ഒരിക്കലും തന്റെ ആദർശങ്ങളും പഠനവിഷയങ്ങളും മറ്റുള്ളവരെ അടിച്ചേൽപ്പിക്കുന്നതിനോ തന്റെ നിലയും വിലയും കഴിവുകളും ഉപയോഗിച്ച് അവരെ തനിക്ക് അധീനപ്പെടുത്തി, അടിമത്തത്തിന്റെ നിഴലിലേക്കു നയിക്കുന്നതിനോ അദ്ദേഹം ശ്രമിച്ചിരുന്നില്ല. മഠത്തിലെത്തി ഇമ്മാതിരി വിഷയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ 'ചരിത്രം' പഠനവിഷയമാക്കണമെന്നും നിഷ്പക്ഷമായി ചിന്തിക്കുകയും വെളിച്ചത്തിലേയ്ക്കുനയിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യണമെന്നും മാത്രമാണ് സിസ്റ്റേഴ്സിനോട് വന്ദ്യപിതാവ് നിർദ്ദേശിച്ചിരുന്നതെന്നാണ് ആദ്യാംഗങ്ങൾ പറഞ്ഞിട്ടുള്ളത്.

പിതാവിന്റെ വഴികളിലെല്ലാം ദൈവകൃപ ധാരാളമായുണ്ടാകുവാനും ദൈവഹിതമെന്താണെന്ന് അദ്ദേഹത്തിനുബോദ്ധ്യപ്പെടുത്തിക്കൊടുക്കാനുമായി ഈ നാളുകളിലെല്ലാം സിസ്റ്റേഴ്സും മഠാംഗങ്ങളും മനംനൊന്തു പ്രാർത്ഥിച്ചിരുന്നു. മാത്രമല്ല തങ്ങളെ സംബന്ധിച്ച ഭാവി എന്തെന്നും എങ്ങനെയെന്നും അവ്യക്തതകൾ മുറ്റിനില്ക്കുന്ന ഈ വേളകളിൽ വ്യക്തമാക്കിത്തരണേയെന്നും സിസ്റ്റേഴ്സ് മുട്ടിപ്പായി പ്രാർത്ഥിച്ചിരുന്നു. ഇതിനിടെ ബഥനിക്കാർ റോമായിലേക്കു പോകുന്നു എന്നൊരു വാർത്തയും അവിടവിടെ കേൾക്കാറായി.

www.malankaralibrary.com



## ബന്ധങ്ങൾ ബന്ധനങ്ങളായിക്കൂടാ

ബഥനി മഠാംഗങ്ങൾക്ക് സന്ന്യാസപരിശീലനം നല്കിക്കൊണ്ടിരിക്കുന്ന ആംഗ്ലിക്കൻ എപ്പിഫനി സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം തീർച്ചയായും, സ്വതന്ത്രവും നിരുപാധികവുമായ ചിന്തകൾക്കും തീരുമാനത്തിനും തിരഞ്ഞെടുപ്പിനും വിഘാതം സൃഷ്ടിച്ചേക്കാമെന്ന് ബുദ്ധിമാനായ പിതാവു മനസ്സിലാക്കി. തന്റെ ഇംഗിതങ്ങളെ യഥോചിതം പരിഗണിച്ച് സമുദായത്തിനുവേണ്ടി ത്യാഗോജ്ജ്വലമായ സേവനം അനുഷ്ഠിച്ചവരാണ് മദർ ഈഡിത്തും, സിസ്റ്റർ ഹെലനും മറ്റ് എപ്പിഫനി സിസ്റ്റേഴ്സും എന്നതും മാർ ഈവാനിയോസ് മറന്നതല്ല. മഠാംഗങ്ങളും വ്രതവാഗ്ദാനംവരെയും അതു കഴിഞ്ഞും അവർക്കാവശ്യമായ ഏതു സഹായവും സ്വസഹോദരങ്ങൾക്കെന്ന പോലെ ചെയ്തു വളർത്തിവലുതാക്കിയ എപ്പിഫനി സിസ്റ്റേഴ്സ് പ്രത്യേകിച്ചും മദർ ഈഡിത്തും സിസ്റ്റർ ഹെലനും പിതാവിന്റെ ഉറ്റ മിത്രങ്ങളും മാറ്റി നിർത്താൻ പാടില്ലാത്തവിധം സ്നേഹാദരങ്ങൾ അർഹിക്കുന്നവരുമായിരുന്നു. സിസ്റ്റേഴ്സിനും ഇവരോട് ഗുരുശിഷ്യബന്ധം മാത്രമല്ല, കുടുംബാംഗങ്ങളെപോലെ വേർപിരിയാനാവാത്ത സ്നേഹബന്ധമാണുണ്ടായിരുന്നത്. എന്നാൽ 'ബന്ധങ്ങൾ ഒരിക്കലും ബന്ധനമാകാൻ പാടില്ല' എന്ന തത്ത്വം ഇവിടെ പ്രായോഗികമാക്കേണ്ടിവന്നു. ഒരു പ്രത്യേക സാഹചര്യം സൃഷ്ടിച്ച് മദർ ഈഡിത്തിനെയും അധികം താസിയാതെ സിസ്റ്റർ ഹെലൻ, സിസ്റ്റർ രൂഥ് എന്നിവരെയും 1926 ഡിസംബർ 13 ന് ബാരിസോളിലേക്ക് സസ്നേഹം യാത്രയാക്കി. സിസ്റ്റർ ഹെലനും പോയിക്കഴിഞ്ഞ് മഠത്തിന്റെ ചുമതല പൂർണ്ണമായും സിസ്റ്റർ ശൈനായെ ഏല്പിച്ചു. എപ്പിഫനി സിസ്റ്റേഴ്സ് തിരുവല്ലയിൽനിന്നും വിടപറഞ്ഞുവെങ്കിലും നിരന്തരമായി കത്തുകൾ മുഖേന അവരുടെ സ്നേഹൈക്യം 1930 വരെയും പുലർത്തിയിരുന്നു.

1929 അവസാനത്തിൽ എപ്പിഫനി സിസ്റ്റേഴ്സുമായുള്ള ബന്ധം പുതുക്കുന്നതിനുള്ള മറ്റൊരവസരമുണ്ടായി. സിസ്റ്റർ സൾഗ, സിസ്റ്റർ മാക്സ എന്നിവരെ അദ്ധ്യാപക പരിശീലനത്തിനായി (T.T.C.) ബാരിസോളിലേക്ക് അയക്കുന്നത് നല്ലതാണെന്ന് സിസ്റ്റർ ഹെലൻ അറിയിച്ചതനുസരിച്ച് പോകാനുള്ള എല്ലാ ഏർപ്പാടുകളും നടന്നു. 1920 ജനുവരി അവസാനം പോകാനാണ് പ്ലാൻ ചെയ്തത്. സിസ്റ്റർ ഹൂബായുടെ സഹോദരൻ സൗത്ത് ഇന്ത്യൻ റയിൽവേയിൽ ജോലിയുണ്ടായിരുന്നയാൾ രണ്ടുപേർക്കും സൗജന്യടിക്കറ്റും തരപ്പെടുത്തിയിരുന്നു. പക്ഷേ ദൈവഹിതം മറ്റൊന്നായിരുന്നു. ജനുവരി 27-ാം തീയതി പെരുനാട്ടിൽനിന്നും വന്ദ്യപിതാവിന്റെ ഒരു കല്പനയുമായി ബ. ഏബ്രഹാം ഒ.ഐ.സി. അച്ചൻ മഠത്തിലെത്തി. സിസ്റ്റേഴ്സിനെ ഉടനെ



ബാരിസോളിലേക്ക് അയയ്ക്കേണ്ടതില്ലെന്ന കല്പനയിലെ ഉള്ളടക്കം ബാരിസോൾ യാത്രയ്ക്ക് ഒരുങ്ങിയിരുന്നവരെയും അവരെ സ്വീകരിക്കാൻ കാത്തിരുന്നവരെയും വളരെയേറെ ദുഃഖിപ്പിച്ചു എന്നുപറയേണ്ടതില്ലല്ലോ. സ്ഥാപകപിതാവിന്റെ കല്പനകളും നിർദ്ദേശങ്ങളും ദൈവഹിതമാണെന്നും അതു നിർവഹിക്കുമ്പോൾ ക്രിസ്ത്വനുകരണമാണ് പ്രാവർത്തികമാക്കുന്നതെന്നും ഗ്രഹിക്കാനും സ്നേഹപൂർവം ആ കുരിശിനെ ആശ്ലേഷിക്കാനും പരിശീലനം നേടിക്കഴിഞ്ഞിരുന്ന സിസ്റ്റേഴ്സിന് ഈ സംഭവം ദുസ്സഹമായില്ലെന്നു മാത്രമല്ല സുകൃതസായുജ്യം കൂടിയായിരുന്നു.

www.malankaralibrary.com

## അദ്ധ്യായം 8

### എതിർപ്പിന്റെ കൊടുങ്കാറ്റ്

നന്മ മാത്രമായി കരുതാവുന്ന സിസ്റ്റേഴ്സിന്റെ പഠനത്തിന് വന്ദ്യപിതാവ് എതിരുനിന്നതെന്തിനെന്ന ചോദ്യം സ്വാഭാവികംമാത്രം. ഈ കാലയളവിൽ ബഥനിപ്രസ്ഥാനത്തിനുവേണ്ടി പണശേഖരണാർത്ഥം ഫാദർ അലക്സിയോസ്[1] സിംഗപ്പൂർ, മലയ ഭാഗങ്ങളിലേക്ക് പോയിരിക്കയായിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ വലംകൈയായി ഏതു കാര്യത്തിലും പ്രവർത്തിച്ചിരുന്ന ഉറ്റ സ്നേഹിതരിൽ ഒരാളായിരുന്നു ഫാദർ അലക്സിയോസ്[1]. ഇദ്ദേഹം മടക്കയാത്രയിൽ മദ്രാസിലെത്തി ബാരിസോളിലേക്കുപോകുന്ന സിസ്റ്റേഴ്സുമൊന്നിച്ച് ബാരിസോളിനു പോകാനാണ് ഏർപ്പാടുചെയ്തിരുന്നത്. അലക്സിയോസച്ചൻ പുനരൈക്യശ്രമങ്ങൾക്ക് അനുകൂലിയല്ല എന്നു മനസ്സിലാക്കിയ വന്ദ്യപിതാവ് അറിഞ്ഞുതന്നെ സിസ്റ്റേഴ്സിന്റെ ഈ യാത്ര മുടക്കുകയായിരുന്നു. (സിസ്റ്റേഴ്സ് കാരണം അറിഞ്ഞിരുന്നില്ല). സിസ്റ്റേഴ്സും ആശ്രമസ്ഥരുമെല്ലാം 'ആബൂന'- കൊച്ചുപിതാവ് എന്നു വിളിച്ചാദരിച്ചിരുന്ന ഒരു സ്നേഹധനനായിരുന്നു അലക്സിയോസച്ചൻ.

സിംഗപ്പൂരിൽ നിന്നും തിരിച്ചെത്തിയ അലക്സിയോസച്ചൻ മാർ ഈവാനിയോസിന്റെ പുനരൈക്യശ്രമങ്ങളുടെ പുരോഗതി പല വഴികളിലൂടെ അറിയാനിടയായി. ഇതെന്തെന്നും എന്തിനെന്നും അന്വേഷിക്കാതെ മാർ ഈവാനിയോസിന്റെ ഈ നീക്കത്തെ എങ്ങനെയും വിഘ്നപ്പെടുത്തണമെന്നും സ്വതന്ത്രബഥനിഭദ്രാസനത്തെ നിലനിർത്തണമെന്നുമാണ് അലക്സിയോസച്ചൻ തീരുമാനിച്ചത്. മഠത്തെയും സിസ്റ്റേഴ്സിനെയും 'അബദ്ധ'ത്തിലേക്കു ചാടാൻ അനുവദിക്കില്ലെന്ന് തീർച്ചപ്പെടുത്തിക്കൊണ്ട് അതിനുള്ള പ്രവർത്തനമാരംഭിച്ചു. അച്ചന്റെ ഇംഗിതത്തിന് അനുകൂലമായ ഒരിളംകാറ്റ് ബഥനി മഠത്തിലൂടെയും മൂളിപ്പറക്കാതിരുന്നില്ല. സുപ്പീര്യറായിരുന്ന സിസ്റ്റർ ശൈനക്കും പിൻഗാമി സിസ്റ്റർ ഹൂബായ്ക്കും കത്തോലിക്കാസഭയോട് വളരെ ചെറുപ്പം മുതലെ ഉണ്ടായിരുന്ന അവജ്ഞ അലക്സിയോസച്ചനും കൂടെയുള്ളവർക്കും അറിയാമായിരുന്നു. അവസരം പാഴാക്കാതെ അച്ചൻ സിസ്റ്റർ ശൈന, ഹൂബാ എന്നിവരെ പ്രത്യേകം പ്രത്യേകമായും ഒന്നിച്ചുംകണ്ട് സംസാരിച്ചിരുന്നു. റോമാവലയിൽ പെട്ടുപോയാലുണ്ടാകുന്ന വരുംവരായ്കകളും മലങ്കരസഭക്കുണ്ടാകാവുന്നനഷ്ടങ്ങളുംപൂർവ പിതാക്കന്മാരുടെ കൂനൻ

1. ഫാദർ അലക്സിയോസ്, പിന്നീട് മാർ തെവോദോസിയോസ് എന്ന പേരിൽ മെത്രാനായി.



കുരിശു സത്യത്തോടുണ്ടാകാവുന്ന ലംഘനവും എല്ലാം വ്യക്തമാക്കാൻ ആവുംവിധം ശ്രമിച്ചു എന്ന് അനുഭവസ്ഥർ പറഞ്ഞുകേട്ടിട്ടുണ്ട്.

സിസ്റ്റേഴ്സ് ദനഹാ, സൾഗ എന്നിവരെ കാണുന്നതുകൊണ്ട് ഫലമില്ലെന്നും, ബാക്കിയുള്ളവർ നോവിസ്സസും അർത്ഥിനികളുമാകയാൽ സിസ്റ്റർ ശൈനായുടെ ചൊൽപ്പടിയിൽ നിന്നുകൊള്ളുമെന്നുമുള്ള സങ്കല്പമായിരുന്നു അലക്സിയോസച്ചന്. തന്മൂലം നിവർത്തിയുള്ളിടത്തോളം സിസ്റ്റേഴ്സ് ദനഹ, സൾഗ എന്നിവരിൽനിന്ന് സിസ്റ്റേഴ്സ് ശൈന, ഹൂബ എന്നിവരെ അകറ്റിനിർത്താനും ഒരു പുതിയ മഠം തുടങ്ങുന്നതിന് ഇവരെ ആയുധമാക്കാനുമുള്ള പരിശ്രമം അച്ചൻ ആരംഭിച്ചിരുന്നു എന്ന് ചില കത്തുകളിൽനിന്ന് വ്യക്തമാകുന്നു. പുനരൈക്യവാർത്ത ശക്തമായതോടെ അതുവരെ മഠത്തിനു നല്കിയിരുന്ന സാമ്പത്തികാനുകൂല്യങ്ങളും പിടിയരി പിരിവും മുടക്കുമെന്ന ഭീഷണിയുമുണ്ടായി.

ബഥനി സിസ്റ്റേഴ്സിനെ അത്യധികം സ്നേഹിക്കയും ആദരിക്കയും ചെയ്തിരുന്ന തിരുമൂലപുരം ബാലികാമഠത്തിലെ കുട്ടികളും അദ്ധ്യാപകരും 'ബഥനിക്കാർ റോമായിലേക്ക്' പോകുന്നു എന്നുകേട്ട് അത്യധികം ദുഃഖിതരായിരുന്നു. അവരിൽ ചിലർ മഠത്തിലെത്തി അവരുടെ ആകുലതകൾ അറിയിക്കയും ഒരിക്കലും തങ്ങളെവിട്ട് പോകരുതേയെന്ന് കരഞ്ഞപേക്ഷിക്കുകയും ചെയ്യുകയുണ്ടായി. പഠനംകഴിഞ്ഞ് മഠത്തിൽ ചേരണമെന്നാഗ്രഹിച്ചവർ നിരാശരായി. രസകരങ്ങളായ പല അനുഭവങ്ങളും സിസ്റ്റേഴ്സിനുണ്ടായി. ഒരു ദിവസം ബാലികാമഠം സ്കൂൾ ചുമതല വഹിച്ചിരുന്ന മിസ് ബ്രൂക്സ്മിത്ത് മഠത്തിലെത്തി സിസ്റ്റേഴ്സിന്റെ നീക്കങ്ങളെക്കുറിച്ച് രഹസ്യത്തിൽ അന്വേഷിച്ചു. എന്തോ ദുരുദ്ദേശ്യമുണ്ടെന്നു മനസ്സിലാക്കിയ സിസ്റ്റേഴ്സ് തക്കതായ മറുപടിനല്കി. മിസ് ബ്രൂക്സ്മിത്ത് പറഞ്ഞതിതാണ്: "നിങ്ങൾ റോമായിലേക്കു പോകുന്നെന്നു കേട്ടല്ലോ. ഇനി ഞാനെന്തു ചെയ്യും?" "ഞങ്ങൾ ഇവിടംവിട്ട് എങ്ങും പോകുന്നില്ല" എന്ന് മദർ ശൈന മറുപടിനല്കി. അല്പം കൂടെകഴിഞ്ഞ് "നിങ്ങൾ പോകുന്നെങ്കിൽ ഈ സ്ഥലം ഞങ്ങൾക്കു തരണം" എന്നു തുറന്നടിച്ചുപറഞ്ഞപ്പോഴാണ് മിസ്സിന്റെ മനസ്സിലൊളിഞ്ഞിരിക്കുന്നത് സ്ഥലത്തിന്മേലുള്ള നോട്ടമാണെന്നു വ്യക്തമായത്.

മഠാംഗങ്ങളുടെ ബന്ധുക്കളും ആശ്രിതരും വന്നുകണ്ടും കത്തുകൾ മുഖേനയും സിസ്റ്റേഴ്സിനെയും അർത്ഥിനികളെയും ഉപദേശനിർദ്ദേശങ്ങൾ നല്കിയും ഭയപ്പെടുത്തിയും യാതൊരു കാരണവശാലും മാർ ഈവാനിയോസിനെ പിന്തുടരാതിരിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. പല സുഹൃത്തുക്കളും ബഥനിയെ ആത്മാർത്ഥമായി സ്നേഹിക്കയും, ബഥനിവഴി സമുദായ നന്മ ആഗ്രഹിക്കുകയും ചെയ്തിരുന്നവരാണ്. ചിലയാളുകൾ ദീർഘയാത്ര

www.malankaralibrary.com



ചെയ്തുപോലും തിരുവല്ലായിലെത്തി പിന്തിരിപ്പിക്കാൻ ശ്രമങ്ങൾ നടത്തുകയുണ്ടായി. ശ്രുതികളും അപശ്രുതികളും കേട്ട് സത്യാവസ്ഥ ഗ്രഹിക്കാനായി ഒളശയിൽ നിന്നും തെയോഫിലോസ് തിരുമേനിയുടെയും നോവിസ് കെ. എ. ഏലിയാമ്മയുടെയും അമ്മാച്ചനും തിരുമേനിയുടെ അനുജൻ മാത്തുക്കുട്ടിയും മഠത്തിലെത്തി. പല കാര്യങ്ങൾ പറഞ്ഞുപറഞ്ഞ് തർക്കംമൂത്ത് ഭീഷണിവരെയായി. തിരുമേനിയോടും അവർ വാദമുഖങ്ങളുന്നയിച്ചു. കുടുംബക്കാരെല്ലാം കൂടെ മഠത്തിനുമുമ്പിൽ സത്യാഗ്രഹമിരിക്കും എന്നുവരെ ഭീഷണി മുഴക്കി.

തിരുമൂലപുരം ബാലികാമഠം സ്കൂളിലെ പൂർവവിദ്യാർത്ഥിനീയോഗം 1930 മെയ് 1-ാം തീയതി നടന്നതിൽ പ്രധാന വിഷയം 'റോമാ പോക്ക്' ആയിരുന്നു. അവരിൽ കുറെപ്പേർ ഒന്നിച്ചു മഠത്തിലെത്തി അവരുടെ ദുഃഖവും പ്രതിഷേധവും നേരിട്ടറിയിച്ചു. മാർ ഈവാനിയോസ്പിതാവുതന്നെ അവരോടുസംസാരിച്ച് സംഗതി വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി. ഇതിനിടെ ഇടവകയിൽ മതപഠനത്തിനെത്തിയിരുന്ന കുട്ടികൾ "റോമാ-വെന്തിങ്ങ" എന്നിങ്ങനെ വിളിച്ചുപറഞ്ഞ് പരിഹസിക്കാനും മടിച്ചില്ല. സൺഡേസ്കൂൾ ക്ലാസ്സുകഴിഞ്ഞ് മടങ്ങിപ്പോവുകയായിരുന്ന സിസ്റ്റേഴ്സിനോടു ബാലികാമഠം ഹെഡ്മിസ്ട്രസ് മിസ്. ബ്രൂക്സ്മിത്ത് പറയുകയുണ്ടായി, "റോമാക്കാർ നിങ്ങളെ ചതിക്കും" എന്ന്. തുടർന്ന് ബഥനിക്കാരെക്കുറിച്ചോ റോമാക്കാരെക്കുറിച്ചോ മേലിൽ സ്കൂളിൽവച്ച് ഒന്നും സംസാരിക്കാൻ പാടില്ലെന്ന് കുട്ടികൾക്കൊരു താക്കീതും.

## ഒരു അമ്മ പ്രയോഗിച്ച വിദ്യ

ബഥനി മെത്രാനച്ചൻ റോമായിലേക്കു പോകുന്നു എന്ന വാർത്ത സമുദായസ്നേഹികളെയും പിടിച്ചുകുലുക്കാതിരുന്നില്ല. മഠാംഗങ്ങളുടെ വീട്ടുകാർ തങ്ങളുടെ മക്കൾ വേണ്ടാത്ത ഏടാകൂടങ്ങളിൽ ചെന്നകപ്പെടുമല്ലോ എന്നു ഭയന്നു. മക്കളെ എങ്ങനെയെങ്കിലും തിരിച്ചു കൊണ്ടുപോരണമെന്ന് പലരും ചിന്തിച്ചു, എങ്കിലും പുറത്തുള്ളവരാരും അറിയാതെ കാര്യം സാധിക്കാനായിരുന്നു ശ്രമം.

അന്ന് നോവിസ്സായിരുന്ന മറിയാമ്മ ഡാനിയൽ പൊൻവാണിഭത്തിന്റെ അമ്മ മകൾക്കൊരു കത്തയച്ചു. അപ്പന് (ശ്രീ ഡാനിയേലിന്) നല്ല സുഖമില്ലെന്നും മകൾ അത്യാവശ്യമായിവന്ന് അപ്പനെ കാണണമെന്നും മകളെ കാണാൻ അപ്പൻ അതിയായി ആഗ്രഹിക്കുന്നെന്നും മകൾക്ക് തിരികെ പോകുന്നതിനും സിസ്റ്ററാകുന്നതിനുമൊക്കെ വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്നും കത്തിൽ വളരെ ഹൃദ്യമായരീതിയിൽ എഴുതിയിരുന്നു.



അങ്ങനെ 1930 ഫെബ്രുവരി 25 ന് മറിയാമ്മ ഡാനിയൽ വീട്ടിലെത്തി. അപ്പന് കാര്യമായ അസ്വസ്ഥതകളൊന്നും ഇല്ലെന്ന് മനസ്സിലാക്കിയ മറിയാമ്മയ്ക്ക് അപകടം മനസ്സിലായി. ഒന്നുമറിയാത്തമട്ടിൽ തിരിച്ചുപോകേണ്ട ദിവസം ഒരുങ്ങി യാത്രചോദിക്കാൻ അപ്പനെ സമീപിച്ചു. അനുവാദം ലഭിച്ചില്ല. മറിയാമ്മ കൃത്യസമയത്തെത്താത്തതിൽ സിസ്റ്റേഴ്സിനും ഉത്കണ്ഠയായി. മറിയാമ്മയുടെ വിവരങ്ങളടങ്ങിയ കത്തു ലഭിച്ച സിസ്റ്റേഴ്സ് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. വേറൊരിടത്തു പോയി വരുംവഴി കൊയ്പള്ളിക്കാരായ്മ എന്ന സ്ഥലത്തുള്ള പൊൻവാണിഭം വീട്ടിൽ കയറി. സിസ്റ്റേഴ്സ് ശൈന, ഹൂബ, ദനഹ, മാക്സ - നാലുപേരുമുണ്ടായിരുന്നു. സുഹൃത് സംഭാഷണങ്ങൾ കഴിഞ്ഞ് ഇറങ്ങുമ്പോൾ മറിയാമ്മ ഡാനിയൽ മുന്നിലിറങ്ങി വണ്ടിയിൽ കയറിയിട്ട് "ഞാനും പോകുകയാണ്" എന്നു പറഞ്ഞിരിപ്പായി. എന്തുചെയ്യണമെന്നറിയാതെ മാതാപിതാക്കൾ. ധൈര്യം കൈവെടിയാതെ മറിയാമ്മ വീണ്ടും പറഞ്ഞു: "എന്തായാലും ഞാനും പോകയാണ്, തിരിച്ചിറങ്ങില്ല" - വണ്ടി വിടുകയും ചെയ്തു.

എതിർപ്പിന്റെ മറ്റൊരു അനുഭവവും വിവരിക്കുന്നത് ഉചിതമെന്നു കരുതുന്നു. 1920 മുതൽ എല്ലാവർഷവും കഷ്ടാനുഭവ ആഴ്ചയിൽ മഠാംഗങ്ങൾ പെരുനാട്ടിൽ പോയി സത്രത്തിൽ താമസിച്ച് ശുശ്രൂഷയിൽ പങ്കുകൊണ്ടിരുന്നു. 1930 ലെ കഷ്ടാനുഭവആഴ്ച ഈ പതിവിനു തടസ്സംനേരിട്ടു. മലയായിൽ പണപ്പിരിവിനു പോയിരുന്ന അലക്സിയോസച്ചൻ 1930 ഫെബ്രുവരി 17 നു തിരിച്ചെത്തി. മാർ ഈവാനിയോസിന്റെ പുനരൈക്യ ശ്രമങ്ങൾ അദ്ദേഹത്തെ ദുഃഖിപ്പിക്കുന്നുണ്ടായിരുന്നല്ലോ. അദ്ദേഹം ഉണ്ടാക്കിയ എതിർപ്പിന്റെ അടിയൊഴുക്കിൽപെട്ട ശക്തിയേറിയ ഒന്നായിരുന്നു ഈ തടസ്സപ്പെടുത്തൽ. പരാജയം പാടില്ലല്ലോ എന്നുറച്ച മാർ ഈവാനിയോസ് തിരുമേനി വളരെ പെട്ടെന്നാണ് ചേപ്പാടു ഫിലിപ്പോസ് റമ്പാച്ചനുമായി ആലോചിച്ച് പരിഹാരം കണ്ടത്.

1930 ആരംഭകാലത്ത് ഹരിപ്പാട്ടടുത്ത് നണ്യാർകുളങ്ങര എന്ന സ്ഥലത്ത് കുറച്ചു സ്ഥലം വാങ്ങുന്നതിന് യാദൃച്ഛികമായി സൗകര്യം ലഭിച്ചു. (സാഹചര്യവും സ്ഥലത്തെ സംബന്ധിച്ച വിവരവും പുറകെ വിശദീകരിക്കുന്നതാണ്) അവിടെ ചാപ്പലിനായി ഒരു ഷെഡ്ഡുണ്ടാക്കി. ആളുകൾക്ക് വന്നു സംബന്ധിക്കുന്നതിനും താമസിക്കുന്നതിനുമുള്ള സൗകര്യമുണ്ടാക്കി. കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകളും പ്രാർത്ഥനായോഗവും സുവിശേഷ പ്രസംഗവും നടത്താനുള്ള ക്രമീകരണങ്ങൾ എത്രയും പെട്ടെന്നുണ്ടാക്കുന്നതിന് റമ്പാച്ചനെയും അനുജൻ മത്തായി പണിക്കരെയും ഏർപ്പെടുത്തി. മഠാംഗങ്ങളും

www.malankaralibrary.com



ധാരാളം വിശ്വാസികളും സംബന്ധിച്ച 1930 ലെ കഷ്ടാനുഭവ ആഴ്ച അങ്ങനെ കൂടുതൽ അനുഗ്രഹപ്രദമായി പര്യവസാനിച്ചു.

സുപ്പീര്യറായിരുന്ന സിസ്റ്റർ ശൈനയ്ക്കു നേരിട്ട വിഷമം ഏറെ വലുതായിരുന്നു. തീരുമാനം നന്മയാണെന്നും ദൈവഹിതമാണെന്നും ബോദ്ധ്യപ്പെട്ടാൽ അതിൽ ഉറച്ചുനിന്ന് അതു പ്രാവർത്തികമാക്കാൻ സർവാത്മനാ പരിശ്രമിക്കുന്ന ബഥനി സ്ഥാപകപിതാവിനെ സിസ്റ്റർ ശൈനയ്ക്ക് വിശ്വാസമാണ്. അദ്ദേഹത്തെ ഇതിനകം നന്നായി മനസ്സിലാക്കിയിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ തീരുമാനവും മുമ്പുള്ളവ പോലെതന്നെ, അബദ്ധമാകാൻ സാദ്ധ്യതയുമില്ല. പക്ഷേ വീട്ടുകാരിൽനിന്നും ബന്ധുമിത്രാദികളിൽനിന്നുമെല്ലാം വന്നുകൊണ്ടിരിക്കുന്ന കത്തുകൾ, താക്കീതുകൾ, ഭീഷണികൾ എല്ലാം മനഃചാഞ്ചല്യമുണ്ടാക്കുന്നു. എന്നു മാത്രമല്ല പല ചിന്തകളിലേക്കും ആകാംക്ഷയിലേക്കും തന്നെ വലിച്ചിഴയ്ക്കുകയും ചെയ്യുന്നു. സ്വസഹോദരപുത്രനും ഉത്തമ സഭാസ്നേഹിയുമായിരുന്ന കെ.സി. വർക്കി സ്നേഹപൂർവ്വം കാര്യകാരണങ്ങൾ പറഞ്ഞുകൊണ്ടയച്ച കത്തുകൾ ഒരുവിധത്തിൽ സിസ്റ്ററിനെ പിന്തിരിപ്പിക്കാൻ പോന്നവയായിരുന്നു. നിരീശ്വരവാദിയായിരുന്ന സ്വന്ത സഹോദരൻ എം.പി. വർക്കിയും സ്വസഹോദരീ ഭർത്താവും നിശിതവും രൂക്ഷവുമായ ഭാഷയിൽ സിസ്റ്ററിന് കത്തുകൾ അയച്ചു എന്നുമാത്രമല്ല മാർ ഈവാനിയോസിനെ നിശിതമായി വിമർശിക്കുകയും പഴിക്കുകയും ചെയ്തു. ഇതെല്ലാം സിസ്റ്ററിനെ പരിഭ്രാന്തയാക്കി.

ലളിതമനസ്കയും ശാന്തശീലയുമായ സിസ്റ്റർ ശൈന വ്യക്തമായ ഒരു തീരുമാനമെടുക്കാനാവാതെ തളർന്നെങ്കിലും നഷ്ടധൈര്യയായില്ല. തന്റെ ബുദ്ധിമുട്ടുകൾ മഠത്തിലെ സഹോദരികളോടു പങ്കുവയ്ക്കുവാനും അങ്ങനെ അവരുടെയും തന്റെയും വിഷമഘട്ടത്തെ മറികടക്കാനും തീരുമാനമെടുത്തു. സിസ്റ്ററിന്റെ തന്നെ വാക്യങ്ങളിൽ അതിവിടെ ഉദ്ധരിക്കാം.

"ധൃതിയായി നമ്മൾ ഒന്നും ചെയ്യരുത്. ബാവായും വട്ടശ്ശേരിൽ മെത്രാച്ചനും ആബൂനാ (അലക്സിയോസച്ചൻ)യും ഇവരെല്ലാംകൂടെ ഒന്നിച്ചാണ് കത്തോലിക്കാസഭയിലേക്കെങ്കിൽ തരക്കേടില്ലായിരുന്നു. വട്ടശ്ശേരിൽ മെത്രാച്ചന്റെ മനമെന്തെന്നറിഞ്ഞുകൂടാ. മെത്രാച്ചൻ ഒരാംഗ്യം കാണിച്ചാൽ ദുഷ്ടരായ കേഡികൾ പിതാവിനെ (മാർ ഇവാനിയോസിനെ) എന്തുംചെയ്യും. കുറെക്കൂടെ കാത്തിരിക്കാൻ എന്റെ ഉള്ളിൽ എന്തോ ഒന്ന് എന്നെ നിർബന്ധിക്കുന്നു. അത് ദൈവത്തിൽ നിന്നോ പിശാചിൽ നിന്നോ? എനിക്കറിഞ്ഞുകൂടാ. എന്റെ മനസ്സ് ഉറപ്പില്ലാത്തതാണെന്ന് പിതാവിനോട് പലവട്ടം ഞാൻ പറഞ്ഞി



ട്ടുണ്ട്. പിതാവിന്റെ പ്രാർത്ഥനയിൽ എത്രയോപേരെ സുഖമാക്കിയിട്ടുണ്ട്. എനിക്കും പിതാവിന്റെ പ്രാർത്ഥനയാൽ സുഖംകിട്ടീട്ടുണ്ട്. അതുകൊണ്ട് എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ പിതാവിനോട് അപേക്ഷിച്ചു. നമ്മൾ ധൃതിവച്ച് വല്ലതുംചെയ്താൽ തീർച്ചയായും ആപത്തുണ്ടാകും. കൂടെ ചേരാമെന്നു പറഞ്ഞവരിൽ എത്രപേർ സമയത്തുകാണും എന്നെനിക്കറിഞ്ഞുകൂടാ. "ഞാൻ ഇടയനെ അടിക്കും ആടുകൾ ചിതറിപ്പോകും" എന്നു പറയുംപോലെ വല്ലതും സംഭവിച്ചാൽ എന്തുചെയ്യും? നമ്മുടെ കൊച്ചുതിരുമേനി (മാർ തിയോഫിലോസ്) ഇവിടെ വന്നപ്പോൾ എന്റെ ഭയമെല്ലാം ഞാനദ്ദേഹത്തോടും പറഞ്ഞു. ഇതിനെല്ലാം പുറമെ നമ്മുടെ ആബൂന (ഫാ. അലക്സിയോസ്), പിതാവിന്റെ വലംകൈ, ഇതിനോടൊട്ടും അനുകൂലവുമല്ല. "ധൃതിയിൽ ഒന്നും ചെയ്യാതിരിക്കാൻ പെൺമക്കൾവേണം പിതാവിനെ നിർബന്ധിക്കേണ്ടത്. എല്ലാവരുംകൂടെ ഒന്നിച്ചാണെങ്കിൽ ചേരുന്നതുകൊള്ളാം" എന്നെല്ലാം അദ്ദേഹം എഴുതിയിരുന്നു എന്നുപറഞ്ഞുകൊണ്ട് ആ കത്തിന്റെ പ്രസക്ത ഭാഗങ്ങളും വായിച്ചുകേൾപ്പിച്ചു. സിസ്റ്റർ ദനഹ, സിസ്റ്റർ സൾഗ, സിസ്റ്റർ മാക്സ എന്നിവരോടു സംസാരിച്ചശേഷം സിസ്റ്റർ ശൈന എല്ലാവരുടെയും പ്രാർത്ഥന അപേക്ഷിച്ചു. ഏകദേശം മുക്കാൽമണിക്കൂർ സമയത്തെ പരിദേവനം സിസ്റ്റേഴ്സിനെയെല്ലാം ആകുലചിത്തരാക്കിയതിൽ അദ്ഭുതത്തിനവകാശമില്ല. ഈ കേട്ട വിവരങ്ങളെല്ലാം വന്ദ്യപിതാവിനെ അറിയിക്കുന്നതിന് സിസ്റ്റേഴ്സ് ഒട്ടും താമസിച്ചില്ല.

### പ്രാർത്ഥനയിൽ ആശ്രയിക്കുന്നു

മാർ ഈവാനിയോസിനെ സംബന്ധിച്ച് പുറമെനിന്നുള്ള എതിർപ്പുകൾ, മർദ്ദനങ്ങൾ, പരാതികൾ, ഒറ്റപ്പെടുത്തലുകൾ, വിലക്കുകൾ, ഭീഷണികൾ എല്ലാമെല്ലാം പുനരൈക്യത്തെ സംബന്ധിച്ച തീരുമാനം കൂടുതൽ ദൃഢതരമാക്കുന്നതിനാണുപകരിച്ചത്. സിസ്റ്റേഴ്സിനെ സംബന്ധിച്ച് അവർ തന്നെ ത്താൻ ആലോചിച്ചു തീരുമാനമെടുക്കട്ടെയെന്നതാണ് പിതാവിന്റെ ആദർശമെങ്കിലും പിതാവിന്റെ സഹായം അവരാവശ്യപ്പെടുന്നതനുസരിച്ച് നല്കിക്കൊണ്ട് ഉറപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും ആവശ്യമായ പഠനങ്ങളും നിർദ്ദേശങ്ങളും നല്കുന്നതിനും ശ്രദ്ധിച്ചിരുന്നു. 1930 ജൂൺ ആറുമുതൽ ആഴ്ചയിൽ ഒരു ദിവസം ഭജനം അനുഷ്ഠിക്കുന്നതിനും അതുസാധിക്കാത്തവർ ആഴ്ചയിൽ രണ്ടുദിവസമായി പകുതിദിവസം വീതം ഭജനമിരിക്കുന്നതിനും പിതാവു നിർദ്ദേശിച്ചു. ദൈവമഹത്വത്തിനായും ദൈവഹിതാനുസാരം നമ്മെ മുഴുവനായി വിനിയോഗിക്കുന്നതിനായും വിശുദ്ധ കുർബാനയ്ക്കു മുൻപും പിൻപും പ്രാർത്ഥിക്കുക, മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുക എന്നിത്യാദി

www.malankaralibrary.com



അനുഷ്ഠാനങ്ങൾ ത്യാഗപൂർവം ഈ ഉദ്ദേശ്യത്തോടെ നിർവഹിക്കുന്നതിന് പിതാവു നിർദ്ദേശിച്ചു. ആശ്രമസ്ഥർക്കും ഈ നിർദ്ദേശംതന്നെ നല്കി.

## ബന്ധങ്ങൾ വിച്ഛേദിക്കപ്പെടുന്നു

1920 ൽ ബാരിസോളിൽ നിന്നെത്തിയതു മുതൽ കുട്ടികളുടെ മതപഠന ക്ലാസ്സുകളും പുലയക്കുട്ടികൾക്കു വേണ്ടി നടത്തിയിരുന്ന പ്രത്യേക ക്ലാസ്സുകളും വീടുസന്ദർശനങ്ങളും കുടുംബനവീകരണപദ്ധതികളും മഠാംഗങ്ങൾ സ്തുത്യർഹമായ വിധം നടത്തിയിരുന്നു. ബാലികാമഠം സ്കൂൾ തുടങ്ങിയതു മുതൽ അദ്ധ്യാപികജോലിയും കുട്ടികളുടെ ആദ്ധ്യാത്മിക കാര്യങ്ങളും ചുമതലാബോധത്തോടെ സ്നേഹപൂർവം ഏറ്റെടുത്തുനടത്തുന്നതിൽ സിസ്റ്റേഴ്സ് ഉത്സുകരായിരുന്നു. സ്കൂളിന്റെ ആരംഭത്തിൽ സിസ്റ്റേഴ്സില്ലാതിരുന്ന സാഹചര്യത്തിലാണ് സ്കൂളിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി മിസ്സ് ബ്രൂക്സ്മിത്തിനെയും മറ്റും വരുത്തിയത്. ബഥനി മെത്രാനച്ചന്റെ പുനരൈക്യശ്രമങ്ങൾ ശക്തമായതോടെ സിസ്റ്റേഴ്സിനെ കുറിച്ചുള്ള സംശയങ്ങളും വർദ്ധമാനമായിക്കൊണ്ടിരുന്നു. തന്മൂലം മിസ് ബ്രൂക്സ്മിത്ത് ഒരു കത്തു മുഖേന താഴെ പറയുന്ന കാര്യങ്ങൾ പിതാവിനെ അറിയിച്ചു. "സിസ്റ്റേഴ്സ് സ്കൂളിലെ മതാദ്ധ്യാപനം നിർത്തുമെന്നുണ്ടെങ്കിൽ അതിപ്പോൾ തന്നെ നിർത്തിയേക്കുന്നതാണ് നല്ലത്." വിവരം പിതാവിൽ നിന്നറിഞ്ഞ സിസ്റ്റേഴ്സ് "സ്കൂൾജോലി നിർത്തുന്നതിന് തടസ്സമൊന്നുമില്ലെന്നും പുനരൈക്യംവരെ ചാപ്പലിന്റെ ജോലികൾ നിർവഹിക്കാമെന്നും പിതാവിനെ അറിയിക്കുകയുണ്ടായി മിസ് ബ്രൂക്സ്മിത്തിനേയും വിവരം അറിയിച്ചു. എന്നാൽ "സ്കൂൾ ചാപ്പലിന്റെ കാര്യങ്ങളൊക്കെ ഞാനേർപ്പാടു ചെയ്തിട്ടുണ്ട്" എന്ന് അമർഷത്തോടെ പറഞ്ഞ് അവർ ഉള്ളിൽ നിറഞ്ഞുനിന്ന വിരോധം പ്രകടിപ്പിക്കയാണുണ്ടായത്. ജൂലായ് മാസം സ്കൂൾ ചാപ്പലിൽ നടക്കുന്ന ദുക്റാനാപ്പെരുന്നാൾ ശുശ്രൂഷയ്ക്കു സംബന്ധിക്കുന്നതിനും സ്കൂൾജോലി ആ ടേം തീരുംവരെ തുടരുന്നതിനും വന്ദ്യപിതാവു കല്പിച്ചതനുസരിച്ച് മനസ്സില്ലാമനസ്സോടെയെങ്കിലും സിസ്റ്റേഴ്സ് ജോലിതുടർന്നു. 1930 ഓഗസ്റ്റ് 21 ന് മാർ ഈവാനിയോസ് തിരുമേനിയും ആശ്രമസ്ഥരും മുണ്ടൻമല വിട്ടിറങ്ങുമെന്ന വാർത്ത മഠത്തിലുമെത്തി. അതിനുശേഷം ബാലികാമഠം സ്കൂളിലേക്കോ ചാപ്പലിലേക്കോ മഠാംഗങ്ങൾ ആരുംതന്നെ പോയില്ല. ഒരുവിധത്തിൽ പറഞ്ഞാൽ വളരാൻ ആരംഭമിട്ട് മുന്നേറിയ ബഥനി വടവൃക്ഷത്തിന്റെ വേരുകൾ മലങ്കര യാക്കോബായസഭാമണ്ണിൽ വേരുറപ്പിക്കാനാവാതെ ബന്ധമറ്റ് ആടിയുലയുകയായിരുന്നു.



## ആകാംക്ഷാഭരിതമായ നിമിഷങ്ങൾ

മാതൃസഭയുമായുള്ള പുനരൈക്യശ്രമം ഫലപ്രാപ്തിയുടെ വക്കോളമെത്തിയെന്നും പിതാവ് അതിനുള്ള എല്ലാ പദ്ധതികളും ഒരുക്കിക്കഴിഞ്ഞു എന്നും സിസ്റ്റേഴ്സിനു ബോദ്ധ്യമായി. യാക്കോബായ സഭാസമൂഹത്തിൽ നിന്നുംമാറിനില്ക്കുന്ന മെത്രാൻകക്ഷിയിൽപെട്ടവരിൽ ഒരു നല്ലഭാഗം സഭാധികാരികളുൾപ്പെടെ - വട്ടശ്ശേരിൽതിരുമേനി സഹിതം - ഉള്ളവരാണല്ലോ ഇതിനു ബഥനിയോടൊപ്പം തയ്യാറായത്. റോമുമായുള്ള എഴുത്തുകുത്തുകൾക്കുള്ള ചുമതലയാണ് മാർ ഈവാനിയോസ് പിതാവിനുള്ളതെന്നാണ് മഠാംഗങ്ങൾ അറിഞ്ഞിരുന്നത്. ആകാംക്ഷാഭരിതരായി ദിനങ്ങൾ തള്ളിനീക്കവേയാണറിയുന്നത് വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷി വിജയിച്ചു എന്ന്. സഭാ ഐക്യത്തിനായി പിതാവിനോടൊത്തുനിന്നവരും പ്രോത്സാഹനം നല്കിയവരുമായ ഏതാനും വിശിഷ്ട വ്യക്തികൾ - മെത്രാന്മാരും പട്ടക്കാരും വിശ്വാസികളും - ഈ വിജയാഹ്ളാദത്തിന്റെ ഫലമായി സഭാഐക്യം വേണ്ടെന്നു വയ്ക്കുകയായിരുന്നു. ഇത് സിസ്റ്റേഴ്സിനും സന്നിഗ്ദ്ധാവസ്ഥ ഉളവാക്കിയെന്നത് അദ്ഭുതമല്ല. എന്നാൽ ദൈവഹിതം നിറവേറ്റുന്നതിൽ ആകസ്മികസംഭവങ്ങൾക്കു വിലകല്പിക്കാത്ത പിതാവിന് താൻ സഞ്ചരിക്കുന്ന മാർഗ്ഗങ്ങൾ നേരായതെന്ന് ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ അതിൽ നിന്നുപിന്മാറുന്ന സ്വഭാവമില്ലെന്ന് സിസ്റ്റേഴ്സിനു ബോദ്ധ്യമുണ്ട്. നിശ്ചയദാർഢ്യത്തിന്റെയും സ്ഥിരചിത്തതയുടെയും ഉടമയായ പിതാവിന്റെ തീരുമാനങ്ങളെയും അനന്തരനടപടികളെയും പിന്തുടരാൻതന്നെ അവർ ഉറച്ചുകഴിഞ്ഞിരുന്നു.

1930 സെപ്റ്റംബർ ആദ്യം വന്ദ്യപിതാവ് മഠത്തിലെത്തി, സിസ്റ്റേഴ്സിനെയും മഠാംഗങ്ങളെയും ഒന്നിച്ചുവിളിച്ചു. ഒന്നും സംസാരിക്കാനാവാത്തവിധം എല്ലാവരും ചിന്താധീനരായിരുന്നു. ആ അവസരത്തിലെ അവരുടെ മാനസികാവസ്ഥ നന്നായി മനസ്സിലാക്കിയിട്ടെന്നവണ്ണം പിതാവു ചോദിച്ചു: "നിങ്ങളിൽ ആർക്കൊക്കെ ദുഃഖമുണ്ട്?" "ആർക്കുമില്ല" എന്ന ഉത്തരം ഒന്നിച്ചുണ്ടായെങ്കിലും സിസ്റ്റർ സുപ്പീര്യർ എടുത്തുപറഞ്ഞു: "എനിക്ക് ആദ്യം മാത്രമെ ദുഃഖമുണ്ടായിരുന്നുള്ളൂ" എന്ന്. കൂടുതൽ വിശദീകരണത്തിനു സമയമെടുക്കാതെ പിതാവു പോകുംമുമ്പ് പറയുകയുണ്ടായി, "മാതൃസഭയുമായി പുനരൈക്യത്തിനു സമ്മതമുള്ളവർ നിങ്ങളുടെ സമ്മതം രേഖപ്പെടുത്തി നമ്മെ ഏല്പിക്കണം."

"1930 സെപ്റ്റംബർ 7 ന് ഉച്ചയ്ക്ക് 1.30 ന് വീണ്ടും വന്ദ്യപിതാവ് മഠം ചാപ്പലിലെത്തി സിസ്റ്റേഴ്സിനെ ചാപ്പലിലേക്കു വിളിച്ചു. സിസ്റ്റേഴ്സും മറ്റ്

www.malankaralibrary.com



അംഗങ്ങളും തങ്ങളെഴുതിയിരുന്ന രേഖയിൽ ഒരോരുത്തരായി പള്ളിയിൽ വച്ചുതന്നെ ഒപ്പിട്ട് വന്ദ്യപിതാവിനെ ഏല്പിച്ചു. ആരൊക്കെ എന്തൊക്കെ (സമ്മതമോ, വിസമ്മതമോ) എഴുതിയെന്ന് ആർക്കും, സുപ്പീരിയറിനുപോലും അറിവുണ്ടായിരുന്നില്ല." (മദർ സൾഗയുടെ ഡയറിക്കുറിപ്പിൽ നിന്ന്)

## മലങ്കരസഭാചരിത്രത്തിൽ സ്ഥാനംപിടിച്ച മഹത്സംഭവം

വർഷങ്ങളായി വേദനയിലൂടെയും യാതനയിലൂടെയും പഠനത്തിലൂടെയും ചർച്ചകളിലൂടെയും മുന്നേറിക്കൊണ്ടിരുന്ന പുനരൈക്യശ്രമം 1930 സെപ്റ്റംബർ 20 ശനിയാഴ്ച ഫലമണിയുകയായിരുന്നു. അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി, അഭിവന്ദ്യ മാർ തിയോഫിലോസ് തിരുമേനി, ആശ്രമാംഗങ്ങളായിരുന്ന ബ. ജോൺ, ഒ.ഐ.സി. അച്ചൻ, ബ. അലക്സാണ്ടർ ഒ.ഐ.സി. ശെമ്മാശൻ, കിളീലേത്തു ചാക്കോ എന്ന അല്മായൻ ഇവരൊന്നിച്ച് കൊല്ലം ബിഷപ്പ് അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ അരമനയിലെത്തി. മൂന്നുമണിവരെ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച ശേഷം അരമനചാപ്പലിൽവച്ച് അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ തിരുമേനിമാർ രണ്ടുപേരും വിശ്വാസപ്രഖ്യാപനം ചെയ്തു കത്തോലിക്കാസഭാ പുനരൈക്യം നേടി. കൂടെയുണ്ടായിരുന്ന മൂന്നുപേരുടെ വിശ്വാസപ്രഖ്യാപനം മാർ ഈവാനിയോസു സ്വീകരിക്കണമെന്നു ബൻസിഗർ തിരുമേനി അഭിപ്രായപ്പെട്ടു. എന്നാൽ ബൻസിഗർ തിരുമേനി തന്നെ അവരെയും സ്വീകരിക്കണമെന്ന പിതാവിന്റെ അഭ്യർത്ഥന ഒടുവിൽ ആദരിക്കപ്പെട്ടു. 20 ന് അഞ്ചുമണിക്ക് മൂന്നുപേരുടെയും പ്രതിജ്ഞ സ്വീകരിച്ചുകൊണ്ട് അവരെയും ചേർക്കുകയുണ്ടായി.

അങ്ങനെ ദീർഘകാലം വഴിമാറി ഒഴുകിക്കൊണ്ടിരുന്ന മലങ്കരസഭ അതിന്റെ പാരമ്പര്യവും സംസ്കാരവും നിലനിർത്തിക്കൊണ്ട് അതായത് മലങ്കര സുറിയാനിത്തനിമയ്ക്കു കോട്ടംതട്ടാതെതന്നെ 1930 സെപ്റ്റംബർ 20 ന് അഞ്ച് അംഗങ്ങളോടുകൂടി 'മലങ്കര സുറിയാനി കത്തോലിക്കാസഭ' എന്ന നാമത്തിൽ മാതൃസഭയുമായി വീണ്ടും കൂട്ടായ്മ സ്ഥാപിച്ചു.

തികഞ്ഞ ആശ്രയബോധത്തോടെ പിതാവിൻപക്കലേക്കു തിരിച്ചെത്തിയ 'ധൂർത്തപുത്രനെ' അതീവവാത്സല്യത്തോടെ ചേർത്തണച്ച ദൈവപിതാവിന്റെ സ്ഥാനപതിയായ പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടാണ് ആഗോളസഭാമടിത്തട്ടിലേക്ക് തിരിച്ചെത്തിയ മാർ ഈവാനിയോസിനെ വാത്സല്യപൂർവ്വം സ്വീകരിച്ചത് എന്ന് ബഥനിമക്കൾ നന്ദിയോടെ ഓർക്കുന്നു.



പുനരൈക്യശേഷം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി 48-ാം ജന്മദിനമായ 1930 സെപ്റ്റംബർ 21 ന് (ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് സെപ്റ്റംബർ 8) കൊല്ലം അരമന ചാപ്പലിൽവച്ച് മലങ്കര ആരാധനാക്രമമനുസരിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വിശുദ്ധ കുർബാനയിൽ അഭിവന്ദ്യ ബൻസിഗർ തിരുമേനി ആദ്യവസാനം സംബന്ധിച്ചു എന്നത് സ്മരണീയമാണ്. അതിനുശേഷം അന്നുതന്നെ മാവേലിക്കരയിലെത്തി തന്റെ സ്നേഹധനരായ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ എന്നിവരെ പുതിയകാവിലുള്ള ബഥനിപ്പള്ളിയിൽവച്ച് പുനരൈക്യപ്പെടുത്തി. അന്നുതന്നെ വൈകിട്ട് തിരുമൂലപുരത്തെത്തി സന്ധ്യാനമസ്കാരത്തിനുശേഷം ചേപ്പാട്ടു ഫിലിപ്പോസ് റമ്പാച്ചനെയും പുലിക്കോട്ട് ജോസഫ് റമ്പാച്ചനെയും ചേർക്കുകയുണ്ടായി.

## 'ബഥനി' പുതിയ മണ്ണിലേക്ക്

1930 സെപ്റ്റംബർ 20 നു നടന്ന മഹാസംഭവം അറിഞ്ഞ സിസ്റ്റേഴ്സ് ആകാംക്ഷാഭരിതരായിരുന്നു. തിരുമൂലപുരം മഠംചാപ്പലിൽ പ്രാർത്ഥനാനിരതരായിരുന്ന അവരുടെ ചേതോവികാരങ്ങൾ! രേഖാമൂലമായി അഭിപ്രായം പിതാവിനു നല്കിയിട്ടുണ്ടെങ്കിലും തീരുമാനം എന്തെന്ന് അറിഞ്ഞിട്ടില്ലല്ലോ. പിതാവിന്റെ ഇതുവരെയുള്ള വഴികൾ അവരോർത്തു. അദ്ദേഹം ചവിട്ടിക്കയറിയ പടികളെല്ലാം കൂർത്തുമൂർത്ത കല്ലുകൾ നിറഞ്ഞവയായിരുന്നു. സന്ന്യാസജീവിതശൈലിയുടെ അനന്യതയിൽ എത്തുന്നതിന് അവർക്കും പിന്നിടേണ്ടിവന്നത് പരുപരുത്ത കൽപടവുകൾ തന്നെയായിരുന്നു. ഓരോ പടി കയറുമ്പോഴും മുന്നിൽ അവ്യക്തതയുടെ നിറക്കൂട്ടാണ്. വളർന്നു പന്തലിച്ച് മലങ്കരസഭയ്ക്ക് ആശ്വാസവും സമാധാനവും സന്തോഷവുമായി ത്തീരേണ്ട വടവൃക്ഷമാണ് ബഥനി. എന്നാൽ അതിനു വേരുറച്ചു വളരാനാവാത്ത അവസ്ഥ. വളരാൻ യോജിച്ച മണ്ണിലല്ല നില്ക്കുന്നതെന്ന അനുഭവം. ദൈവഹിതാനുസാരം ബാരിസോളിൽ പാകിമുളപ്പിച്ച്, തിരുവല്ലാ തിരുമൂലയിൽ പറിച്ചു നട്ട ശൈശവം പിന്നിട്ടിട്ടില്ലാത്ത ഈ മഹീരുഹത്തെ സ്ഥാപക പിതാവ് അവഗണിക്കുമോ? ചിന്തകൾ ദൈവതിരുസന്നിധിയിൽ അവർ നിരത്തിവച്ചു.

www.malankaralibrary.com

## അദ്ധ്യായം 9

### പ്രതീക്ഷ ഫലമണിയുന്നു.

1930 സെപ്റ്റംബർ 22.

കാറ്റും കോളുംകൊണ്ട് പ്രക്ഷുബ്ധമായ കടലിൽ നേർവഴിതേടി അലയുന്ന കപ്പൽ പ്രതിബന്ധങ്ങൾ തരണം ചെയ്ത് എത്തേണ്ട തുറമുഖത്ത് എത്തുമ്പോൾ ഒരു നാവികന് ഉണ്ടാകുന്ന സമാധാനത്തോടെയെങ്കിലും മനസ്സിൽ പലതരം സംഘർഷങ്ങൾ അനുഭവിച്ചുകൊണ്ടാണ് 1930 സെപ്റ്റംബർ 22 തിങ്കളാഴ്ച രാവിലെ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് തിരുമൂല ബഥനിമഠത്തിലെത്തിയത്. ബ. ജോൺ. ഒ. ഐ. സി. അച്ചനും കൂടെയുണ്ട്. എല്ലാം പരിത്യജിച്ച് സഭയ്ക്കും സഭാമക്കൾക്കുമായി ഇറങ്ങിത്തിരിച്ച തങ്ങൾക്ക് വഴികാട്ടിയും ഇടയനും പിതാവുമായ തിരുമേനിയുടെ ഇപ്പോഴത്തെ സാന്നിദ്ധ്യം വ്യത്യസ്തമായ നിയോഗം പേറുന്നതാണ്. പിതാവിന്റെ അടുത്ത നടപടി എന്താണെന്ന് രൂപമില്ല. മനസ്സ് സ്വസ്ഥമാണെങ്കിലും തീരുമാനങ്ങൾ ഉറച്ചതാണെങ്കിലും ഈ ഉറപ്പ് മഠാംഗങ്ങൾ പരസ്പരം വേണ്ടുംവണ്ണം കൈമാറിയിട്ടില്ല. അതുകൊണ്ടുതന്നെ എല്ലാവരും ആകംക്ഷാഭരിതരായിരുന്നു.

സിസ്റ്റർ സുപ്പീര്യർ (സി. ശൈന) സിസ്റ്റേഴ്സ് ഹൂബ, ദനഹ, സൾഗ, മാക്സ, തൈബൂസ്, ബാസിം എന്നീ ഏഴുപേരും, ഒളശയിൽ ഏലി യാമ്മ (നോവിസ്സ്) കുടത്തുംമുറിപടിഞ്ഞാറ്റയിൽ മറിയാമ്മ, തിരുവഞ്ചൂർ വേങ്കടത്ത് മറിയാമ്മ (അർത്ഥിനികൾ) ഇങ്ങനെ പത്തുപേരാണ് മഠാംഗങ്ങൾ. നിറഞ്ഞ സന്തോഷത്തോടെ പിതാവിനെയും ജോണച്ചനെയും സ്വീകരിച്ച ബഥനി മക്കൾ കൊല്ലത്തുവച്ചും അതിനുശേഷവും നടന്ന എല്ലാ വിവരങ്ങളും വ്യക്തമായി മനസ്സിലാക്കി. “ഇപ്പോൾ പിതാവും അച്ചനും റോമാക്കാരും ഞങ്ങൾ മലങ്കരക്കാരുമാണെന്ന” സിസ്റ്റർ ദനഹായുടെ പ്രസ്താവന കൂട്ടച്ചിരിക്കു കാരണമായി. അതിനു മറുപടിയെന്നോണം പിതാവു പറഞ്ഞു: “നിങ്ങൾക്ക് കത്തോലിക്കാസഭാവിശ്വാസം സ്വീകരിക്കുന്നതിനും സ്വീകരിക്കാതിരിക്കുന്നതിനും പൂർണ്ണസ്വാതന്ത്ര്യമുണ്ട്. ഞാനാരെയും നിർബന്ധിക്കുകയില്ല”. പരസ്പരനോട്ടമില്ലാതെതന്നെ പത്തുപേരും ഒരേ സ്വരത്തിൽ “പിതാവിന്റെ വഴികൾ ഞങ്ങളുടേതാണ്, അതുതന്നെ ഞങ്ങളും സ്വീകരിക്കും. അതിനുമാറ്റമില്ല എന്നുപറഞ്ഞു.” നിശ്ചയദാർഢ്യത്തിന്റെ പ്രതിധ്വനി



നിറഞ്ഞുനിന്ന സാഹചര്യം: കണക്കിലെടുത്ത് ബ. ജോണച്ചൻ പറയുകയുണ്ടായി, “സിസ്റ്റേഴ്സിനു താത്പര്യമെങ്കിൽ ഇനി താമസിച്ചിട്ടു കാര്യമില്ല.”

“എന്നാൽ നമുക്കു പള്ളിയിലേക്കു പോകാം” എന്നുപറഞ്ഞ പിതാവിനെ അനുഗമിച്ച് എല്ലാവരും ചാപ്പലിലെത്തി. പ്രാർത്ഥനയ്ക്കുശേഷം വന്ദ്യ പിതാവ് സിസ്റ്റേഴ്സിന് ഒരുപദേശം നല്കി. അതിനുശേഷം പ്രതിജ്ഞാവാചകം ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിരുന്നത് പിതാവ് സിസ്റ്റേഴ്സിനെ വായിച്ചുകേൾപിച്ചു. പിന്നീട് പിതാവ് എഴുന്നേറ്റ് സിസ്റ്റർ ഹെലന്റെ കെട്ടിടം എന്നു പറയപ്പെട്ടിരുന്ന കെട്ടിടത്തിലേക്കുപോയി. സിസ്റ്റേഴ്സിനെ ഓരോരുത്തരായി അവിടേക്കു വിളിച്ചുകണ്ടു. “നിർബന്ധമില്ല” എന്ന വസ്തുത വീണ്ടും അവരെ മനസ്സിലാക്കി. പൂർണ്ണസ്വാതന്ത്ര്യത്തോടെവേണം തീരുമാനിക്കാനെന്ന് ഓർമപ്പെടുത്തി. എല്ലാവരെയും ഓരോരുത്തരായി കണ്ടശേഷം പിതാവ് ചാപ്പലിൽ മടങ്ങിയെത്തി. സിസ്റ്റേഴ്സിനെ ഏഴുപേരെയും രണ്ടു വരികളിലായി നിർത്തി. പിതാവു ചൊല്ലിക്കൊടുത്ത പ്രതിജ്ഞാവാചകം മലയാളത്തിൽ സിസ്റ്റേഴ്സ് ഏറ്റുചൊല്ലി.

“(പേര്) ആയ ഞാൻ ഒരു യാക്കോബായക്കാരിയായി വളർന്നു എങ്കിലും ഇപ്പോൾ കാതോലിക്കാസത്യം അറിവാൻ സംഗതിയായിരിക്കുന്നതിനാൽ വിശുദ്ധവും കാതോലികവും ഏകവും അപ്പൊസ്തോലികവുമായ തിരുസ്സഭ പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന സകലത്തെയും ഞാൻ ഉറപ്പായി വിശ്വാസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. അവൾ ഉപേക്ഷിക്കയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന സകലത്തെയും ഞാൻ ത്യജിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ഈ തിരുസ്സഭയ്ക്ക് ഭൂമിയിൽ മിശിഹായുടെ വികാരിയും പരമാദ്ധ്യക്ഷനും ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസിന്റെ അനന്തരഗാമിയായ മാർപ്പാപ്പാ ആകുന്നു.” സിസ്റ്റേഴ്സ് പ്രതിജ്ഞാവാചകം ഏറ്റുചൊല്ലി വേദപുസ്തകം ചുംബിച്ച് ഒപ്പിട്ടശേഷം നോവിസ്സും അർത്ഥിനികളും അങ്ങനെതന്നെ ചെയ്ത് മാതൃസഭാംഗങ്ങളായിത്തീർന്നു.

ഒരു സവിശേഷതകൂടി ഈ പുനരൈക്യത്തിലുണ്ടായിരുന്നു. അന്നു സിസ്റ്റേഴ്സിനു സഹായികളായി മഠത്തിലുണ്ടായിരുന്ന കോട്ടയം, പുതുപ്പള്ളിക്കാരി മാർത്ത, ഓമല്ലൂർശോശാമ്മ (പിന്നീട് ശലോമി എന്നാണു വിളിച്ചിരുന്നത്), കാട്ടൂർക്കാരി ശോശാമ്മ എന്നീ മൂന്നുപേരെയും പിതാവ് വിളിച്ചുസംസാരിച്ചു. ശലോമി, ശോശാമ്മ ഇവർ വന്നിട്ട് അധികം നാളായില്ല എന്ന കാരണത്താൽ അവരെ ഉടനെ ചേർത്തില്ല. മാർത്തായെ അന്നുതന്നെ കൂട്ടായ്മയിലേക്കു ചേർത്തു. അതിനുശേഷം പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. അങ്ങനെ പത്തുമഠാംഗങ്ങൾ ഉൾപ്പെട്ട ‘ബഥനി’ സമൂഹം സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ ആയിത്തീർന്നു.

www.malankaralibrary.com



## ആദ്യമലങ്കര കത്തോലിക്ക സഭാംഗങ്ങൾ-പുനരൈക്യക്രമം അനുസരിച്ച്.

**1930 സെപ്റ്റംബർ 20**

അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത

അഭിവന്ദ്യ മാർ തിയോഫിലോസ് എപ്പിസ്ക്കോപ്പ

ബ. ഫാദർ ജോൺ O. I. C.

ബ. അലക്സാണ്ടർ ശെമ്മാശൻ O. I. C. (ഫാദർ സെറാഫിയോൻ O.I.C.)

ശ്രീ കിളിലേത്തു ചാക്കോ

**1930 സെപ്റ്റംബർ 21**

വന്ദ്യരായ ചേപ്പാടു ഫിലിപ്പോസ് റമ്പാച്ചൻ, പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ

ശ്രീ തര്യതു തോമ്മാ പണിക്കർ, ശ്രീമതി അന്നമ്മ (അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മാതാപിതാക്കൾ)

ശ്രീ മത്തായി പണിക്കർ (പിതാവിന്റെ അനുജൻ)

ശ്രീ തോമസ്സ്, ശ്രീമതി ആച്ചിയമ്മ (മത്തായിപണിക്കരുടെ മകനും ഭാര്യയും)

ശ്രീമതി ശോശാമ്മ തോമസ് (പിതാവിന്റെ മൂത്ത സഹോദരി)

**1930 സെപ്റ്റംബർ 22**

സിസ്റ്റേഴ്സ് ശൈന, ഹൂബ, ദനഹ, സൾഗ, മാക്സ, തൈബൂസ്, ബാസിം (7 പേർ)

നോവിസ്-ഒളശയിൽ ഏലിയാമ്മ (സിസ്റ്റർ സൈബാർ)

അർത്ഥിനികൾ - കൂടത്തുംമുറി പടിഞ്ഞോറ്റേതിൽ മറിയാമ്മ

വേങ്ങടത്തു മറിയാമ്മ (2)

അൽമായ പെൺകുട്ടി - പുതുപ്പള്ളി മാർത്ത.

**1930 സെപ്റ്റംബർ 23.**

ബഥനി ആശ്രമസ്ഥർ - വെണ്ണിക്കുളത്തുവച്ച്



### ബഥനിയും മലങ്കര കത്തോലിക്കസഭയും

മലങ്കരസഭയെ വിട്ടുകളഞ്ഞ് റോമായിൽപോയ മാർ ഈവാനിയോസിനെ പിന്തുടർന്ന ആക്ഷേപങ്ങളും അപവാദങ്ങളും അദ്ദേഹത്തെ അനുഗമിച്ച ബഥനിയെയും വെറുതെവിട്ടില്ല. അതുവരെ സ്വന്തമെന്നും ബന്ധമെന്നും കരുതിയിരുന്നവർപോലും ശത്രുഭാവംപൂണ്ടു. സ്വന്തം മാതാപിതാക്കളോ ബന്ധുക്കളോപോലും സിസ്റ്റേഴ്സിന്റെ വ്രത വാഗ്ദാനത്തിനോ മറ്റുപരിപാടികൾക്കോ സംബന്ധിക്കാൻ താത്പര്യപ്പെട്ടില്ല. ചില തെറ്റിദ്ധാരണകളായിരുന്നു ഈ വെറുപ്പിനും വിദ്വേഷത്തിനും കാരണം."മാർ ഈവാനിയോസും അദ്ദേഹത്തിന്റെ പിന്നാലെ ബഥനിക്കാരും റോമായിലേക്കു കാലു മാറി" എന്ന അപവാദപ്രസ്താവന ഇതിനകം എവിടെയും പരന്നു കഴിഞ്ഞിരുന്നു.

ഇതേക്കുറിച്ച് വന്ദ്യപിതാവ് ശ്രീ മാമ്മൻ മാപ്പിളയ്ക്കെഴുതിയ കത്തിലെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും. "ഞാൻ റോമായിൽ പോകാൻ നിശ്ചയിച്ചിട്ടില്ല. എന്നാൽ മാർപ്പാപ്പയും പാത്രിയർക്കീസും നമ്മുടെ തിരുമേനി മാർ ദിവന്നാസിയോസും എല്ലാവരുംകൂടെ യോജിച്ച് ഏകസഭയായിത്തീരണം. ഈ വഴക്കും ഭിന്നതയുമൊന്നും ദൈവികമല്ല. നമ്മുടെ ആചാരാനുഷ്ഠാനങ്ങളും ആരാധന ക്രമങ്ങളും അംഗീകരിച്ചും സംരക്ഷിച്ചും നമ്മുടെ പട്ടത്വത്തിന്റെയും മെത്രാഭിഷേകത്തിന്റെയും സാധുത്വം സ്വീകരിച്ചും കൊണ്ടുള്ള പുനരൈക്യത്തിനുവേണ്ടിയാണ് ഞാനാവശ്യപ്പെട്ടിട്ടുള്ളത്. അവയെല്ലാം ഇപ്പോൾ റോമിൽനിന്ന് അംഗീകരിച്ചുലഭിച്ചുകഴിഞ്ഞു. കാതോലിക്കാസിംഹാസനത്തിന്റെ തുടർച്ചയായുള്ള നിലനില്പും മെത്രാൻ കക്ഷിയുടെ ഒന്നടങ്കമുള്ള യോജിപ്പുമാണ് നാം ഉദ്ദേശിച്ചിരുന്നത്. അങ്ങനെ പഴയകൂർ പുത്തൻകൂർ സുറിയാനിക്കാരായ സകലരുടെയും യോജിപ്പിനുള്ള ഒരു മാർഗ്ഗം തുറന്നിടണമെന്നത്രേ ഞാനാഗ്രഹിച്ചത്."[1]

മാർപ്പാപ്പ തിരുമനസ്സിലെ പരമാധികാരം യേശുക്രിസ്തുവിൽനിന്നും വിശുദ്ധ പത്രോസ്വഴി ഇടമുറിയാതെ കത്തോലിക്കാസഭയ്ക്കു കൈവന്നിട്ടുള്ള അവകാശമാണെന്നും ഈ സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ ഉൾപ്പെട്ട ഒരു പ്രത്യേക സഭയാണ് പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാക്കൂട്ടായ്മയെന്നും ഇതിനകം സിസ്റ്റേഴ്സിന് നന്നായി ബോദ്ധ്യപ്പെട്ടിരുന്നു. ഇതഃപര്യന്തം തങ്ങൾ ഉപയോഗിച്ചുവന്നിട്ടുള്ള ആരാധനരീതികളും പ്രാർത്ഥന ക്രമങ്ങളും മതകർമ്മങ്ങളു(കൂദാശകൾ)മെല്ലാംഅതേപടി തുടർന്നുകൊണ്ടുപോകുന്നതിനുള്ള അവകാശവും അനുവാദവുമാണ് വന്ദ്യപിതാവ് നേടിത്തന്നിരിക്കുന്നതെന്ന പൂർണബോദ്ധ്യമാണ് സിസ്റ്റേഴ്സിനെ ധൈര്യപ്പെടുത്തിയത്. പുനരൈക്യത്തിനെതിരെ ഏതു പ്രതിസന്ധിയെയും തരണം ചെയ്യുന്നതിന് ശക്തിപ്പെടുത്തിയതും അതുതന്നെ.

1. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്: ഫാ. ഇഞ്ചക്കലോടി ഭാഗം 1 പുറം. 409

www.malankaralibrary.com



മലങ്കര കത്തോലിക്കസഭയുടെ അടിസ്ഥാനം ബഥനി സന്യസ്തരുൾപ്പെട്ട ഒരു കൂട്ടായ്മയാണ്. ഒരുവിധത്തിൽ പറഞ്ഞാൽ ആദ്യ മലങ്കര കത്തോലിക്കസഭാംഗങ്ങൾ മിശിഹാനുകരണസഭാ സന്ന്യാസിനീസന്ന്യാസിമാരാണ്. തന്മൂലം സഭയുടെ സംസ്കാരത്തിന്റെയും പ്രവർത്തനശൈലികളുടെയും അടിസ്ഥാനവും വളർച്ചയും എല്ലാം മിശിഹാനുകരണം തന്നെയാണ്, ആയിരിക്കണം. മലങ്കര കത്തോലിക്കാ സഭയ്ക്ക് മാതൃരാജ്യമായ ഭാരതത്തിനു നല്കാനുള്ള ഏറ്റം വലിയ സംഭാവനയും; ഭാരതസംസ്കാരത്തിൽ നിന്നുടലെടുത്ത ഒരു ക്രൈസ്തവസന്ന്യാസ ജീവിതരീതിയല്ലാതെ മറ്റൊന്നല്ല. അതുപോലെ സാർവ്വത്രികസഭയ്ക്ക് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നല്കിയ ഏറ്റം വലിയ പാരിതോഷികമാണ് മിശിഹാനുകരണ സന്ന്യാസസമൂഹങ്ങൾ എന്നതും മറക്കാനാവില്ല. മലങ്കരസഭയിൽ ബഥനിയുടെ സ്ഥാനവും ദൗത്യവുമെന്തെന്ന് അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചിട്ടുള്ളത് സ്മരണീയമാണ്. "സാർവ്വത്രിക കൂട്ടായ്മയിൽ കടന്നുവന്നപ്പോൾ ക്രൈസ്തവജീവിതശൈലി എന്താണെന്നു ജീവിക്കുന്നതിനുള്ള ഒരു സമൂഹമായിരുന്നു ബഥനി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മലങ്കര സഭയുടെ ജീവിതനിയമം ഈ സമൂഹങ്ങളായിരുന്നു. മലങ്കര കത്തോലിക്കാസഭയുടെ ക്രൈസ്തവജീവിത ഭാഷ്യത്തിന്റെ സംക്ഷിപ്തവും ആധികാരികവുമായ മിഴിവുറ്റ അടിസ്ഥാനമുൾക്കൊണ്ട ഒരു ജീവിതശൈലി നിയമമായി ജീവിക്കുന്നതിന് – ജീവിത നിയമമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹമാണ് ബഥനി മിശിഹാനുകരണ- സന്യാസി-സന്ന്യാസിനീ സമൂഹം."[2]

## എതിർപ്പുകളുടെ പാതയിലൂടെ ബഥനി

പുനരൈക്യപ്പെട്ടു എന്ന കാരണത്താൽതന്നെ എല്ലാം വിട്ടുപേക്ഷിക്കേണ്ടിവന്ന പിതാവിനു നേരിടേണ്ടിവന്ന എതിർപ്പുകളെല്ലാം മഠാംഗങ്ങളെയും ബാധിച്ചു. എന്നാൽ മഠത്തിൽ ആരുംതന്നെ വിഘടിച്ചുനില്ക്കാഞ്ഞതിനാൽ മഠവും പ്രവർത്തനരംഗങ്ങളും അവരുടേതുതന്നെയായി നിലനിന്നു. എന്നിരുന്നാലും യാക്കോബായ സഹോദരങ്ങൾ നല്കിക്കൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും നിർത്തൽ ചെയ്യുകയുണ്ടായി. ഏതു സമയവും മഠവുമായി ബന്ധപ്പെട്ട് എല്ലാം നിർവഹിച്ചിരുന്ന ബാലികാമഠം റ്റീച്ചേഴ്സിനും കുട്ടികൾക്കും ലഭിച്ച മുടക്കുകല്പന, സിസ്റ്റർ ഹെലന്റെയും മറ്റും താമസത്തിനായി മദർ ഈഡിത്തുതന്നെ ഉണ്ടാക്കിയിരുന്ന കെട്ടിടം കൈവശമാക്കാനുള്ള ശ്രമം, സ്കൂളിൽ സിസ്റ്റേഴ്സ് ചെയ്തിരുന്ന എല്ലാ സേവനങ്ങളുടെയും നിരോധനം ഇതെല്ലാം പുനരൈക്യത്തോടുള്ള വെറുപ്പിന്റെയും വിദ്വേഷ

2. സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത : ആബോ ഗീവർഗ്ഗീസ് - "മലങ്കരയിൽ ബഥനിയുടെ സ്ഥാനവും ദൗത്യവും"- .പുറം. 81.



ത്തിന്റെയും പ്രതിഫലനമായിരുന്നു. ചുറ്റുപാടുമുള്ള മിഷ്യൻ പ്രവർത്തനങ്ങൾ സിസ്റ്റേഴ്സ് തുടർന്നു. ജാതിമതഭേദമെന്യേ സമീപ പ്രദേശങ്ങളിലെ കുടുംബങ്ങൾക്കുവേണ്ടി സേവനംചെയ്യുന്നതിൽ സിസ്റ്റേഴ്സ് കൂടുതൽ ഉത്സുകരായി.

തിരുമൂലയിലുള്ള പ്രൈമറി സ്കൂളിന്റെയും നല്ലിടയൻ സ്കൂളിന്റെയും (പുലയ കുട്ടികൾക്കുവേണ്ടി) ചുമതല സിസ്റ്റേഴ്സിനു തന്നെയായി. ഒരു വിധത്തിൽ നിർബന്ധിത വിദ്യാഭ്യാസംപോലെ നടത്തിയിരുന്ന സേവനം, അതായത്, പാഠപഠനങ്ങൾക്കു പുറമെ പാചകവൃത്തി, തയ്യൽ, നെയ്ത്, കരവേലകൾ എന്നിവയും സ്ലേറ്റ്, പുസ്തകങ്ങൾ, വസ്ത്രം, ഭക്ഷണം തുടങ്ങിയവയും കൊടുത്തു നടത്തിയിരുന്ന വിദ്യാഭ്യാസപ്രവർത്തനവും വളരെ കഷ്ടത്തിലായി. മഠാംഗങ്ങളുടെയും അനാഥശാലയിലെ കുട്ടികളുടെയും നിത്യച്ചെലവിനുപോലും മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടിവന്നു.

ബഥനി സിസ്റ്റേഴ്സിനുവേണ്ടി ഒരു അമേരിക്കൻ വനിത സമ്മാനിച്ച പ്രസ് ബഥനി പ്രസ്സ് എന്ന പേരോടുകൂടി തിരുവല്ലയിലുണ്ടായിരുന്നു. അത് ആശ്രമത്തിലുള്ള ബ. അലക്സാണ്ടർ ശെമ്മാശൻ–പിൽക്കാലത്ത് ഫാദർ സെറാഫിയോൻ – ആണ് നടത്തിയിരുന്നത്. മാസംതോറും 51 രൂപ മഠത്തിനു വീതാംശം (divident) നല്കിയിരുന്നു. ഈ പ്രസ്സും പിൻവലിക്കുന്നതിനുള്ള വലിയ ശ്രമം നടന്നെങ്കിലും അതു സംഭവിക്കാൻ ദൈവം ഇടയാക്കിയില്ല. 1997 വരെയും 55/- രൂ വീതമാണെങ്കിലും അഭിവന്ദ്യ പിതാവിന്റെ കരുതലിന്റെ പൈതൃകമായി ബഥനി സ്വീകരിച്ചിരുന്നു.

സ്ത്രീവിദ്യാഭ്യാസവും അതുവഴിയുള്ള സ്ത്രീജനോദ്ധാരണവും മനസ്സിലുറപ്പിച്ച് അതിനുവലിയ പ്രാധാന്യം കല്പിച്ച് പടുത്തുയർത്തിയ ബാലികാമഠം സ്കൂളും അതിലെ പ്രവർത്തനങ്ങളും കൈവിടേണ്ടിവന്നതിൽ വന്ദ്യപിതാവിനും അതുപോലെ സിസ്റ്റേഴ്സിനും വലിയ ദുഃഖമുണ്ടായിരുന്നു. എന്നാൽ ഒട്ടും അധൈര്യപ്പെടാതെ സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടി മറ്റൊരു സ്ഥലം കണ്ടുപിടിക്കാൻ കഴിഞ്ഞു,

ഒരിക്കൽ വന്ദ്യപിതാവും കോർഎപ്പിസ്കോപ്പായും ഒന്നിച്ചുചെയ്ത ഒരു യാത്രാമദ്ധ്യേ നങ്യാർകുളങ്ങരയിൽ ഒരു സ്ഥലം ദൃഷ്ടിയിലെത്തി. ഈ സ്ഥലത്തെക്കുറിച്ച് മുൻഅദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അടുത്തെങ്ങും ആൾതാമസമില്ലെന്നു വ്യക്തമാക്കുന്ന ശ്മശാനമൂകത തളംകെട്ടിനിന്ന ആ സ്ഥലത്ത് ഒരു വീടും ഉണ്ടായിരുന്നു. അന്വേഷണത്തിൽ അത് നീലാർമഠം പോറ്റിമാരുടെ ഇല്ലവും സ്ഥലവുമാണെന്നു മനസ്സിലായി. അവിടെ കയറി ചുറ്റി നടന്ന് 'ഇല്ലം' കണ്ട പിതാവ് അതിന്റെ ഭിത്തിയിലെ കൊത്തുപണികൾക്കിടയിൽ ഒരു കുരിശാകൃതി കണ്ടുപിടിച്ചു. ഭാവിയിൽ ഈ പറമ്പും 'ഇല്ല' വും എന്തായി

www.malankaralibrary.com



ത്തീരണമെന്ന് ദീർഘവീക്ഷണപടുവായ തിരുമേനി അന്നേ മനസ്സിൽ കോറിയിട്ടിട്ടുണ്ടായിരിക്കണമെന്ന് അനന്തരസംഭവങ്ങൾ വ്യക്തമാക്കുന്നു. പുനരൈക്യശേഷം മുണ്ടൻമലയിൽ നടത്താൻ സാധിക്കാതെവന്ന കഷ്ടാനുഭവആഴ്ച പരിപാടികൾ ഈ സ്ഥലത്താണു നടത്തിയത്.

യാത്രകഴിഞ്ഞ് തിരിച്ചെത്തിയ പിതാവ് ഒട്ടുംതാമസിക്കാതെ വസ്തുവിനെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിക്കുന്നതിനം മുന്നോട്ടുള്ള കാര്യ നടത്തിപ്പിനും അനുജൻ മത്തായി പണിക്കരെത്തന്നെ ഏല്പിച്ചു. വസ്തുവും 'ഇല്ല'വും പോറ്റിമാരുടേതായിരുന്നെങ്കിലും അത് മുട്ടത്ത് കമ്മാറകിഴക്കേതിൽ കുടുംബം വാങ്ങിയിരിക്കുന്നതാണെന്നു മനസ്സിലായി. പോറ്റികുടുംബത്തിന്റെ വക കാവുകളും വിഗ്രഹങ്ങളുമൊക്കെയുമായി ആൾപാർപ്പില്ലാതെ വർഷങ്ങളായി കിടക്കുന്ന വീട്ടിൽ താമസം പന്തിയല്ലെന്ന് അവിടെയുള്ളവർ തീർത്തും വിശ്വസിച്ചിരുന്നു. തന്നെയുമല്ല രാത്രികാലങ്ങളിൽ അവിടെ പ്രേതസഞ്ചാരമുണ്ടെന്ന വാർത്തയും ശക്തമായി പരന്നിരുന്നു. ഈ വിവരങ്ങളെല്ലാമറിഞ്ഞ പിതാവ് എത്രയുംവേഗം ആ സ്ഥലം വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. കമ്മാറ കിഴക്കേതിൽ ശ്രീ ഉമ്മൻ ജഡ്ജിയുടെ വല്യപ്പന്റെ (അമ്മയുടെ അപ്പൻ) പക്കൽനിന്നും ഭൂമി എഴുതിവാങ്ങുന്നതിന് മുൻപറഞ്ഞകാരണങ്ങളാൽ ഒരു ബുദ്ധിമുട്ടുമുണ്ടായില്ല. ഭൂതപ്രേതാദികളുടെ വിഹാരരംഗമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന നണ്യാർകുളങ്ങരയിലെ ഈ ഭൂമി മനുഷ്യവാസയോഗ്യമാക്കുന്നതിന് നിയോഗിക്കപ്പെട്ടത് ചേപ്പാട് ഫീലിപ്പോസ് റമ്പാച്ചനും മത്തായിപ്പണിക്കരുമാണ്. ഈ സ്ഥലം തന്നെ ഒരു പെൺപള്ളിക്കൂടത്തിന് ഉപകരിക്കണമെന്നും തിരുമൂലയിൽ നഷ്ടപ്പെട്ട സ്കൂളിനു പകരം ഇത് സിസ്റ്റേഴ്സിന് പ്രവർത്തനരംഗമാകണമെന്നും വന്ദ്യപിതാവ് മനസ്സിലുറപ്പിച്ചു.

## ആദരിക്കപ്പെട്ട ബഥനി

മാർ ഈവാനിയോസിന്റെ കത്തോലിക്കാപുനരൈക്യത്തെ കത്തോലിക്കാലോകം അങ്ങേയറ്റം ആദരിച്ചു, പ്രകീർത്തിച്ചു. സിസ്റ്റേഴ്സിനെയും അവർ അഭിനന്ദിച്ചു. പുനരൈക്യപ്പെട്ടു എന്നിരുന്നാലും കത്തോലിക്കാസഭയുടെ ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും പാടെഎതിർക്കുന്ന അംഗങ്ങളും ഉണ്ടാ യിരുന്നു. തിരുഹൃദയപ്രേഷിതനായ ഫാദർ മത്തേയോ ക്രൗളി പ്രതിഷ്ഠ ക്കുള്ള കുറെയധികം തിരുഹൃദയപടങ്ങളും മെഡലുകളും മാർ ഈവാനി യോസ് തിരുമേനിക്ക് അയച്ചുകൊടുത്തിരുന്നു. അതിൽ കുറെയെണ്ണം സിസ്റ്റേഴ്സിനു കൊടുത്തയച്ചു. പടം പ്രതിഷ്ഠിക്കുന്നതിനോ മെഡലുകൾ ഭക്തിപൂർവ്വം ഉപയോഗിക്കുന്നതിനോ സിസ്റ്റർ ശൈനയും



സിസ്റ്റർ ഹൂബായും സമ്മതിച്ചില്ല. സിസ്റ്റേഴ്സ് ദനഹ, സൾഗ എന്നിവർ കൊല്ലം ഹോളിക്രോസ് മഠത്തിൽ ഒരുവർഷത്തെ നൊവീഷ്യേറ്റു പരിശീലനം കഴിഞ്ഞ സമയമായിരുന്നു ഇത്. അവിടത്തെ നല്ലതെന്ന് തോന്നിയ ആചാരങ്ങളിലൊന്നായിരുന്നു തിരുഹൃദയ ഭക്തിയും തിരുഹൃദയ പ്രതിഷ്ഠയും. എന്നാൽ കൊച്ചിരാജ്യത്തെ പഴയ യാക്കോബായ മാമൂലിൽ ഉറച്ചു വളർന്നുവന്നിരുന്ന സിസ്റ്റർ ശൈനായ്ക്ക് ഇത്തരം ഭക്തികൾ താങ്ങാനാവുന്നതായിരുന്നില്ല. തന്മൂലം തിരുഹൃദയ പ്രതിഷ്ഠ വേണ്ടെന്നു വച്ചു. ഹോളി ക്രോസിൽ നിന്നും മടങ്ങിയെത്തിയ സിസ്റ്റേഴ്സ് ദനഹയും സൾഗയും വെന്തിങ്ങ (Scapular) ധരിച്ചു വന്നതും ഈ പുത്തൻ കൂറ്റുകാർക്ക് ഹിതമായില്ല. അതുപോലെ കൊന്ത ചൊല്ലുന്നതിൽനിന്നും കാശുരൂപം ധരിക്കുന്നതിൽ നിന്നും സിസ്റ്റേഴ്സിനെ അവർ വിലക്കിയിരുന്നു. ഇത്തരം വിലക്കുകളൊന്നും ഇന്നു നിലനിൽക്കുന്നില്ല എങ്കിലും പൗരസ്ത്യ പാരമ്പര്യങ്ങൾആരാധനാ രീതികൾ എല്ലാം തന്നെ നിഷ്ഠയായി സൂക്ഷിക്കുന്നതിൽ ബഥനി ശ്രദ്ധിക്കുന്നു.

1930 ഡിസംബറിൽ ചങ്ങനാശ്ശേരി പ്രസിദ്ധമായ പാറേൽ പള്ളി പെരുനാളിന് പുനരൈക്യപ്പെട്ട മലങ്കര മക്കൾ - സിസ്റ്റേഴ്സ് - ക്ഷണിക്കപ്പെട്ടിരുന്നു. ചങ്ങനാശ്ശേരി അരമന, അവിടെയുള്ള മഠങ്ങൾ എല്ലാം സന്ദർശിച്ച ബഥനി സിസ്റ്റേഴ്സിന് അതൊരു വലിയ അനുഭവമായിരുന്നു; കത്തോലിക്കാസഭയുടെ സന്ന്യാസകൂട്ടായ്മയിലെ ഐക്യവും അംഗീകാരവും കെട്ടുറപ്പും അവർക്കു അനുഭവവേദ്യമായി.

1930 ലെ ക്രിസ്സ്മസ്സ് വേളയിൽ പരിശുദ്ധ പിതാവ് പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പ, ബഥനിസിസ്റ്റേഴ്സിന് ഓരോരുത്തർക്കും നല്കാനായി അദ്ദേഹത്തിന്റെ ഹസ്തലിഖിതം (autograph) ഉള്ള പടങ്ങൾ മാർ ഈവാനിയോസ് പിതാവുവഴി അയച്ചുകൊടുത്തത് പരിശുദ്ധപിതാവിന് സിസ്റ്റേഴ്സിനോടുള്ള വാത്സല്യം തെളിയിക്കുന്നതാണ്.

www.malankaralibrary.com

## അദ്ധ്യായം 10

### ഗ്രേമൂർ സന്ന്യാസസമൂഹവുമായുള്ള ബന്ധം

അമേരിക്കൻ ഐക്യനാടുകളിൽ ഗ്രേമൂർ എന്ന സ്ഥലത്ത് ഒരു പ്രോട്ട സ്റ്റന്റ് മഠം ഉണ്ടായിരുന്നു. ഫാദർ പോൾ ഫ്രാൻസിസ്, മദർ ലുറാന എന്നിവരാ യിരുന്നു സഭാസ്ഥാപകർ. ഫ്രാൻസിസ്ക്കൻ രീതിയിൽ രൂപംകൊണ്ട സമൂഹ ത്തിലെ അംഗങ്ങൾ 1925 ൽ നടന്ന ചർച്ച് യൂണിറ്റി ഒക്ടേവ് (Church Unity Octave) എന്നൊരു പ്രാർത്ഥനായജ്ഞത്തിൽ പങ്കുചേർന്നു. ഈ പ്രാർത്ഥനാ യജ്ഞപരിപാടിയോടുകൂടി അവർ കത്തോലിക്കാസഭയിൽ ചേരുന്നതിനിട യായി. 1930 ൽ ബഥനിപ്രസ്ഥാനം മാർ ഈവാനിയോസും അനുയായികളും ബഥനിസിസ്റ്റേഴ്സും – തങ്ങളെപ്പോലെ പുനരൈക്യപ്പെട്ടു എന്ന വാർത്ത ഫാദർ പോൾ ഫ്രാൻസിസിനെയും മദർ ലുറാനയെയും വളരെയധികം സന്തോഷിപ്പിച്ചു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുമായും സിസ്റ്റേഴ്സുമായും അവർ ബന്ധപ്പെട്ടു. ബഥനിയുടെ ശൈശവ പ്രാരാബ്ധ ത്തിൽ സഹായമെത്തിക്കാനും അവർ മറന്നില്ല. ബഥനിയുമായി ആദ്ധ്യാത്മിക ബന്ധമുണ്ടാകണമെന്നും ആ ബന്ധം തുടരണമെന്നുമുള്ള ഫാദർ പോൾ ഫ്രാൻസിസിന്റെയും മാർ ഈവാനിയോസ് പിതാവിന്റെയും ആഗ്രഹപ്രകാരം സിസ്റ്റേഴ്സും അതിനു തയ്യാറായി.

1931 സെപ്റ്റംബർ 20 ന് ഒന്നാം പുനരൈക്യവാർഷികത്തിൽ സിസ്റ്റേഴ്സ് ശാന്തിദിനം ആചരിച്ച് ഒരുങ്ങി. സെപ്റ്റംബർ 21 ന് വന്ദ്യപിതാവ് മഠം ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വിശുദ്ധ ബസ്സേലിയോസിന്റെ തക്സായാണ് അന്ന് പിതാവ് ഉപയോഗിച്ചത്. വിശുദ്ധ കുർബാനയുടെ അവസാനത്തിൽ ഗ്രേമൂർ സന്ന്യാസ സഭകളുമായി പിതാവ് ബഥനിയെ ബന്ധപ്പെടുത്തുന്ന തായി പ്രഖ്യാപിച്ചു. മേലിൽ വെള്ളിയാഴ്ചതോറും വിശുദ്ധ കുർബാനയുടെ കണ്ടിപ്പിന്റെ ശുശ്രൂഷസമയം മറയിടുമ്പോൾ "സ്രാപ്പികളെ കണ്ടേശായാ" എന്ന ഗീതം ചൊല്ലണമെന്നും മദ്ബഹായിൽ പുരോഹിതൻ തിരുശരീര രക്തങ്ങൾ സമ്മിശ്രപ്പെടുത്തുന്ന സമയം ഗ്രേമൂർമഠം, ആശ്രമം, ബഥനിമഠം, ആശ്രമം എന്നിവയിലെ അംഗങ്ങളെ തിരുക്കാസായിൽ ആക്കി പ്രാർത്ഥിക്ക ണമെന്നും മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ഗ്രേമൂർ സമൂഹങ്ങളെ ഉൾപ്പെടുത്തി പ്രാർത്ഥിക്കണമെന്നും പിതാവു കല്പിച്ചു. ഇന്നും ഇതു തുടരുന്നു. 1948 ൽ മാർ ഈവാനിയോസ് പിതാവ് അമേരിക്കൻ പര്യടനവേളയിൽ ഗ്രേമൂറിലെത്തി



ഫാദർ ഫ്രാൻസിസ് പോളിന്റെ കബറിടം സന്ദർശിച്ച് അവിടെ ദിവ്യബലി അർപ്പിച്ചു. ഇന്നും മഠവും ആശ്രമവും അവിടെ സ്ഥിതിചെയ്യുന്നു.

പൗരസ്ത്യപാരമ്പര്യങ്ങളും ഭാരതീയ സന്ന്യാസരീതികളും സംയോ ജിപ്പിച്ച് 'തനിമ' നിലനിർത്തുന്ന സന്ന്യാസസമൂഹമായിരിക്കണം ബഥനി യെന്ന് സ്ഥാപകപിതാവിനു നിർബന്ധമുണ്ടായിരുന്നു. ബാരിസോളിലും തുടർന്ന് കേരളത്തിൽ തിരുവല്ലയിലും നടത്തിയ പരിശീലനത്തിൽ ഇക്കാര്യം മദർ ഈഡിത്തും സിസ്റ്റർ ഹെലനും പ്രത്യേകം ശ്രദ്ധിച്ചു എന്നും പിതാവിനറി യാമായിരുന്നു. അതിൽ തൃപ്തിയുമുണ്ടായിരുന്നു. എന്നാൽ കത്തോലിക്കാ സഭയുമായി യോജിച്ചശേഷം കത്തോലിക്കാപാരമ്പര്യങ്ങൾകൂടി സിസ്റ്റേഴ്സ് അറിഞ്ഞിരിക്കുന്നതും സ്വീകരിക്കാവുന്ന അടിസ്ഥാനകാര്യങ്ങൾ മനസ്സി ലാക്കുന്നതും നല്ലതാണെന്ന ബൻസിഗർ തിരുമേനിയുടെ നിർദ്ദേശം പിതാവിനും സ്വീകാര്യമായി. അതിനായി 1932 ജനുവരി 12 മുതൽ 19 വരെ കൊല്ലം ഹോളിക്രോസ്സ് കോൺവെന്റിൽ നടന്ന ധ്യാനത്തിൽ സംബന്ധി ക്കുന്നതിനും തുടർന്ന് ഒരുവർഷം അവിടെ നൊവീഷ്യേറ്റിൽ താമസി ക്കുന്നതിനുമായി സിസ്റ്റർ ദനഹ, സിസ്റ്റർ സൾഗ എന്നിവരെ വന്ദ്യപിതാവ് അനുഗ്രഹിച്ചയച്ചു. സിസ്റ്റർ സ്റ്റനിസ്ലാവ്സ് എന്നൊരു സ്വിസ്സ് ജർമൻ സിസ്റ്ററാ യിരുന്നു ഇവർക്കു നേതൃത്വം നല്കിയത്. സന്ന്യാസപരമായ ഒരു ഉന്നത പരിശീലനമായിരുന്നു ഹോളിക്രോസ്സിൽ ലഭിച്ചതെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ കുർബാനയോടും പരിശുദ്ധ മാതാവിനോടും പരിശുദ്ധാന്മാരോടുമുള്ള ഭക്തി ആഴമാക്കുന്നതിനും സന്ന്യാസനിഷ്ഠകൾ അതിന്റെ അർത്ഥവും ആഴവും ആവശ്യവും കൂടുതൽ മനസ്സിലാക്കി ജീവിക്കുന്നതിനും ഈ പരിശീലനം ഏറെ സഹായിച്ചു എന്ന് മദർ സൾഗയുടെ ഡയറിക്കുറിപ്പിൽ കാണുന്നു. സ്ലീബാപാത, ജപമാലഭക്തി, ഉത്തരീയഭക്തി എന്നിവയും കൊല്ലത്തുള്ള ഹോളിക്രോസ് സിസ്റ്റേഴ്സിൽ നിന്നാണ് അഭ്യസിച്ചത്. ആരംഭകാലത്തുലഭിച്ച ഈ പരിശീലനം ഏറെ പ്രയോജനകരമായി എന്ന് നന്ദിപൂർവ്വം ബഥനി സ്മരിക്കുന്നു.

1931 മെയ്മാസം മുതൽ 1932 മാർച്ചുവരെ സിസ്റ്റർ മാക്സ, സിസ്റ്റർ ബാസിം എന്നിവർ തൃശ്ശൂർ കർമലീത്താമഠത്തിൽ താമസിച്ച് റ്റീച്ചേഴ്സ് ട്രെയ്നിംഗ് (T. T. C.) കോഴ്സ് നടത്തി. കത്തോലിക്ക സന്ന്യാസനിഷ്ഠകളും ആചാരാനുഷ്ഠാനങ്ങളും മനസ്സിലാക്കുന്നതിനും തങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെ ആഴപ്പെടുത്തുന്നതിനും ഈ താമസം ഏറെ ഉപകരിച്ചു എന്ന് മദേഴ്സ് പലപ്പോഴും പറഞ്ഞിട്ടുണ്ട്. മുകളിൽപറഞ്ഞ രണ്ടുമഠങ്ങളും ബഥനിയോടുള്ള സ്നേഹാദരങ്ങൾ കണക്കിലെടുത്ത് താമസവും പഠനവു മെല്ലാം സൗജന്യമായി നല്കിയതും ബഥനി നന്ദിയോടെ സ്മരിക്കുന്നു.

www.malankaralibrary.com



1930 നവംബർ 11. അഭിവന്ദ്യപിതാവ് തനിക്കു ചെയ്തുതീർക്കേണ്ട ഒരുപിടിക്കാര്യങ്ങൾ നിറച്ചുവച്ച മനസ്സുമായി തിരുമൂലമഠത്തിലെത്തി മഠം ചാപ്പലിൽ വിശുദ്ധ കുർബാനയർപ്പിച്ചു. വിശുദ്ധ കുർബാനാവസാനത്തിൽ തിരുവസ്ത്രങ്ങൾ അണിഞ്ഞുകൊണ്ടുതന്നെ ചാപ്പലിൽ തന്റെ മക്കളെ ഒന്നിച്ചുകൂട്ടി അവരുടെ തത്ക്കാലസ്ഥിതി ബോദ്ധ്യപ്പെടുത്തി. മദർ സുപ്പീര്യർ എന്നും മറ്റുമുള്ള സ്ഥാനവും സംബോധനയും അന്നുവരെ അവർക്ക് അജ്ഞാതമായിരുന്നു. അവരിൽ മുതിർന്നയാൾ കാര്യങ്ങൾ നിർവഹിച്ചിരുന്നു എന്നുമാത്രം. ഇളയമ്മയെന്നും കൊച്ചമ്മയെന്നുമൊക്കെ സംബോധന ചെയ്തിരുന്നു എന്ന് മുൻഅദ്ധ്യായങ്ങളിൽ നിന്നും വ്യക്തമാണല്ലോ. അഭിവന്ദ്യപിതാവ് അവരോടായി പറഞ്ഞു: "ഇനിമുതൽ സിസ്റ്റർ ശൈന നിങ്ങൾക്ക് 'മദർ സുപ്പീര്യർ' ആയിരിക്കും. സിസ്റ്ററിനെ നിങ്ങൾ 'മദർ' എന്നു വിളിക്കണം." പറഞ്ഞശേഷം സിസ്റ്റർ ശൈനയെ മുമ്പിലേക്കുവിളിച്ച് അനുഗ്രഹിച്ച് മദർ സ്ഥാനത്തെ ആദരിച്ചു. പിതാവിന്റെ നിർദ്ദേശാനുസരണം സിസ്റ്റേഴ്സും അർത്ഥിനികളും മുമ്പോട്ടുചെന്ന് മദറിന് കൈകസൂരി (സമാധാനചുംബനം) നല്കി സ്നേഹപൂർവം വിധേയത്വം പ്രകടിപ്പിച്ചു. പിതാവുതുടർന്നു: "പെൺകുട്ടികൾക്കായി ഒരു സ്കൂൾകെട്ടിടം പണി ആരംഭിച്ചുകഴിഞ്ഞു. അതിന്റെ പൂർണ്ണഉത്തരവാദിത്വം സിസ്റ്റേഴ്സിനാണ്. ഇങ്ങനെയൊരു സ്കൂൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യം പണസമ്പാദനമല്ല. പ്രത്യുത പെൺകുട്ടികളുടെ വിദ്യാഭ്യാസവും അറിവിലും സ്വഭാവത്തിലും സംസ്കാരത്തിലുമുള്ള വളർച്ചയായിരിക്കണം. ഇതിന്റെ നടത്തിപ്പിനുവേണ്ടി നിയോഗിക്കപ്പെടുന്നവർ പ്രാർത്ഥിച്ച് ഒരുങ്ങണമെന്നും, ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിക്കണമെന്നും മിശിഹാനുകരണം അവിടെ ഫലപ്രദമാക്കണമെന്നും" പിതാവ് ബോധ്യപ്പെടുത്തി. തുടർന്ന് പിതാവു കല്പിച്ചു:"ഈ സ്കൂളിന്റെ പേര് 'ബഥനി ബാലികാമഠം സ്കൂൾ' എന്നായിരിക്കും". സന്തോഷാധിക്യത്താൽ, അതിലുപരി വന്ദ്യപിതാവിന്റെ തികഞ്ഞ കരുതലിൽ മനംകുളിർത്ത സിസ്റ്റേഴ്സ് കണ്ണീർപൊഴിച്ചു.

സ്ത്രീജനോദ്ധാരണമെന്ന വലിയ ലക്ഷ്യത്തോടെ തിരുമൂലപുരത്ത് രൂപപ്പെടുത്തിയ പെൺപള്ളിക്കൂടവും ബോർഡിംഗും സമചിത്തതയോടും ദൈവസ്നേഹനിറവിലും ത്യാഗബുദ്ധിയോടെ വിട്ടുപേക്ഷിക്കയായിരുന്നു. ഇത് ബഥനിയുടെ സ്ഥാപകപിതാവിന്റെയും അവിടെ ആത്മാർത്ഥമായി സേവമനുഷ്ഠിച്ചിരുന്ന സിസ്റ്റേഴ്സിന്റെയും സന്ന്യാസമനോഭാവമാണ് പ്രത്യക്ഷപ്പെടുത്തിയത്. "സർവവുമുപേക്ഷിച്ച് എന്നെ അനുഗമിക്കൂ" എന്ന ക്രിസ്ത്വാഹ്വാനത്തിനുള്ള പ്രത്യുത്തരവും.



ദൈവഹിതാനുസാരം ഏകമകനെപ്പോലും ബലികഴിക്കുന്നതിന് വാളോങ്ങിയ അബ്രഹാമിന് വള്ളികളിൽ കുടുങ്ങിയ മേഷത്തെ മകനുപകരം ബലിവസ്തുവായി ചൂണ്ടിക്കാട്ടിയ ദൈവംതന്നെ നണ്യാർ പറമ്പു ചൂണ്ടിക്കാട്ടിക്കൊടുത്തു. ഒരു പെൺപള്ളിക്കൂടത്തിനും ബോർഡിംഗിനും മറ്റുമുള്ള സ്ഥലം ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചതിനു ലഭിച്ച സമ്മാനം! അതാണ് നണ്യാർകുളം മഠവും സ്കൂളും.

1931 മെയ്മാസം 18-ാം തീയതി ആരംഭിച്ച കെട്ടിടംപണി ഒരുവർഷം കൊണ്ടുപൂർത്തിയായി. പണിയുടെ മേൽ നോട്ടവും നടത്തിപ്പും വന്ദ്യ ചേപ്പാട്ടു ഫീലിപ്പോസ് റമ്പാച്ചനും ബ. കലേക്കാട്ടിലച്ചനുംകൂടെ നിർവഹിച്ചു എങ്കിലും ശ്രീ മത്തായി പണിക്കരുടെ അവസരോചിതസഹായവും സഹകരണവും മറക്കാവതല്ല. കാടനും കാട്ടുമാക്കാനും കൂമനും കുരങ്ങുമെല്ലാം വിഹരിച്ചിരുന്ന, കാടും കാവുകളുമായി മനുഷ്യൻ തിരിഞ്ഞുനോക്കാൻ ഭയപ്പെട്ടിരുന്ന ഇല്ലപ്പറമ്പ് സ്കൂൾ കെട്ടിടം പണിതീർന്നപ്പോഴേക്കും മനോഹരമായിത്തീർന്നു. നാടിന്റെ പ്രതീക്ഷയായി ഉയർന്ന പെൺപള്ളിക്കൂടം 1932 മെയ്മാസം 16-ാം തീയതി കൂദാശചെയ്ത് നിത്യപിതാവിന് സമർപ്പിക്കപ്പെട്ടു. പിതാവ് ഈ സമയം റോമായാത്രയിലായിരുന്നതിനാൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയാണ് കൂദാശ നിർവഹിച്ചത്.

സ്കൂളിനോടനുബന്ധിച്ച് പരിമിതമായ സൗകര്യങ്ങളോടെ ഒരു ഓലക്കെട്ടിടം തത്ക്കാലത്തേക്കു നിർമ്മിച്ചത് അന്നുതന്നെ കൂദാശചെയ്ത് സിസ്റ്റേഴ്സിനു താമസിക്കുന്നതിനു സജ്ജമാക്കി. സിസ്റ്റർ മാക്സ, സിസ്റ്റർ ബാസിം എന്നിവരാണ് അവിടെ സ്ഥിരതാമസത്തിനെത്തിയ ആദ്യത്തെ സന്യാസിനിമാർ. എന്നാൽ സ്കൂൾ ഹെഡ്മിസ്ട്രസ്സ് സ്ഥാനത്തേക്ക് അദ്ധ്യാപനപരിശീലനം സിദ്ധിച്ചിരുന്ന ചേന്നങ്കരി വെള്ളൂർ ശ്രീമതി അന്നമ്മയാണു നിയമിതയായത്. അന്നത്തെ ക്രമമനുസരിച്ച് ഇംഗ്ലീഷ്സ്കൂൾ പ്രാരംഭമായ 'പ്രിപ്പയാററ്ററി' ക്ലാസ്സാണ് ആരംഭിച്ചത്. സ്കൂൾ തുടങ്ങുന്നതിനുള്ള നിയമാനുസൃത ഒത്താശകളെല്ലാം അന്നത്തെ സ്കൂൾ ഇൻസ്പെക്ട്രസായിരുന്ന ശ്രീമതി റോസ് മേരി ചെയ്തുതന്നു എന്നത് നന്ദിപൂർവ്വം സ്മരിക്കട്ടെ.

1933 ജൂൺ 4 ന് ഫസ്റ്റ് ഫോം ആരംഭിച്ചു. സിസ്റ്റർ ദനഹ, സിസ്റ്റർ തൈബൂസ് (മാമ്പുഴക്കാട്ട്), സിസ്റ്റർ സൈബാർ എന്നിവർകൂടി മഠാംഗങ്ങളായെത്തി. മഠത്തിന്റെ സുപ്പീര്യറായും സ്കൂൾ ഹെഡ്മിസ്ട്രസ്സായും സിസ്റ്റർ ദനഹയെ നിയമിച്ചു. അങ്ങനെ സിസ്റ്റേഴ്സിന്റെ കൂട്ടത്തിലെ ആദ്യഹെഡ്മിസ്ട്രസ്സായിത്തീർന്നു സിസ്റ്റർ ദനഹ. ചുറ്റുപാടുമുണ്ടായിരുന്ന

www.malankaralibrary.com



ഹൈന്ദവസഹോദരങ്ങൾക്ക് അവർ ഒരിക്കലും കണ്ടുംകേട്ടും പരിചയമില്ലാത്ത സിസ്റ്റേഴ്സ്! അവരുടെ വേഷം, ജീവിതരീതി എല്ലാമെല്ലാം അത്ഭുതമായിരുന്നു. സ്കൂളിലും അതിനോടനുബന്ധിച്ച് ആരംഭിച്ച ബോർഡിംഗിലും കുട്ടികളുടെ എണ്ണം ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. സിസ്റ്റേഴ്സിന്റെ ലളിത ജീവിതവും പ്രാർത്ഥനാചൈതന്യവും ബാലികാമഠം സ്കൂൾ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും, സംസ്കാരസമ്പന്നവും ദൈവ പ്രചോദന പരവും നിഷ്ഠാപരവുമായ ഒരു ജീവിതശൈലിയിലേക്കുള്ള ആഹ്വാനവുമായി അനുഭവപ്പെട്ടു.

## ബഥനിമഠത്തിന്റെ ആസ്ഥാനം മാറുന്നു.

സാർവ്വത്രികസഭയിൽ സ്വതന്ത്രഭരണാധികാരമുള്ള ഒരു പ്രത്യേക സഭാവിഭാഗമാണ് മലങ്കര കത്തോലിക്കാസഭ. പുനരൈക്യത്തോടുകൂടി അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി നേടിയെടുത്തതും ഇതാണ്. ഈ സഭാവിഭാഗത്തിന് ഒരു അതിരൂപതയും ഹൈരാർക്കിയും അനുവദിച്ചുകിട്ടേണ്ടത് അതിന്റെ വളർച്ചയ്ക്കും നിലനില്പിനും അത്യാവശ്യം തന്നെ. അതിനായി തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരമാണ് കുശാഗ്രബുദ്ധിയായ മാർ ഈവാനിയോസിന്റെ മനോമുകുരത്തിൽ തെളിഞ്ഞുവന്നത്. എന്നാൽ സ്വന്തമായി ഒരു പള്ളിയോ പുനരൈക്യപ്പെട്ട ആളുകളോ അന്നു തിരുവനന്തപുരത്തുണ്ടായിരുന്നില്ല. എന്തായാലും തിരുവനന്തപുരം ആസ്ഥാനമാക്കിക്കൊണ്ടുള്ള തിരുവനന്തപുരം അതിരൂപതയും തിരുവല്ല ആസ്ഥാനമാക്കിയുള്ള തിരുവല്ലരൂപതയും അടങ്ങിയ മലങ്കര സിറിയൻഹൈരാർക്കിക്കുവേണ്ടിയുള്ള അനുവാദാഭ്യർത്ഥന 1932 മേയ് രണ്ടാം തീയതി വന്ദ്യപിതാവ് പരിശുദ്ധപിതാവായിരുന്ന 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേക്ക് നേരിട്ടുനല്കുകയായിരുന്നു.[1]

ദൈവഹിതം നിറവേറ്റുന്നതിൽ അതീവ ശ്രദ്ധാലുവായ മാർ ഈവാനിയോസിന്റെ സത്യമാർഗ്ഗത്തിൽ സംപ്രീതനായ 'സർവ്വശക്തൻ' ഒരു വലിയ കൃപാദാനം എന്നനിലയിൽ തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തനം തുടരുന്നതിനുള്ള അനുമതി ലഭ്യമാക്കി. അഭിവന്ദ്യപിതാവ് 1932 ജൂൺ 11 ന് അയർലണ്ടിലായിരിക്കുമ്പോഴാണ് വന്ദ്യ മോൺസിഞ്ഞോർ ചിക്കോഞ്ഞാനിയിൽനിന്ന് ഈ സദ്വാർത്ത സ്ഥിരീകരിക്കപ്പെട്ടതായി അറിഞ്ഞത്. 1932 ഒക്ടോബർ 30 ന് അഭിവന്ദ്യ പിതാവിന് തിരുവനന്തപുരത്ത് എത്താൻ കഴിഞ്ഞു. എങ്കിലും ഹൈരാർക്കിയുടെ ഔദ്യോഗിക ഉദ്ഘാടനം 1933 മാർച്ച് 12 നാണു നടന്നത്. ഈ കാലങ്ങളിലെല്ലാം വിദേശത്തും തുടർന്ന് തിരുവനന്തപുരത്തും തന്റെ സാന്നിദ്ധ്യം അത്യാവശ്യമായിരുന്നു. പുന

1. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് - ഫാദർ ഇഞ്ചക്കലോടി - 11-ാം അദ്ധ്യായം പുറം 129.



രൈക്യം മൂലം സംഭവിച്ചിരിക്കുന്ന അകൽച്ചയും വെറുപ്പും നേരിട്ടുകൊണ്ട് ശൈശവത്തിന്റെ പ്രാരബ്ധങ്ങൾ കടക്കാൻ ശ്രമിക്കുന്ന ബഥനിമക്കൾക്ക് പിതാവിന്റെ അസാന്നിദ്ധ്യംമൂലമുണ്ടായ അനാഥത്വം അവർണനീയമായിരുന്നു. ഇതിനകം ആശ്രമസ്ഥർക്ക് തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ കുറച്ചുസ്ഥലവും ഒരു കെട്ടിടവും തയ്യാറായി അവരും അവിടേക്കു മാറിക്കഴിഞ്ഞിരുന്നു. സാമ്പത്തിക പരാധീനത നിമിത്തം അനുദിനജീവിതത്തിന് - ഭക്ഷണത്തിനുപോലും നന്നേ വിഷമിക്കേണ്ടിവന്നു. സിസ്റ്റേഴ്സിന്റെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ ആരും തയ്യാറായില്ല എന്ന ഖേദം വന്ദ്യപിതാവിനെയും ഖിന്നനാക്കിയിരുന്നു. അവിടെയും ദൈവം മുൻകൈയെടുത്തു എന്നുവേണം കരുതാൻ. തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ ആശ്രമക്കുന്നിന് എതിർവശത്തായി ഏതാനും ഏക്കർ ഭൂമി ആദായവിലയ്ക്കു വാങ്ങാൻ കഴിഞ്ഞു. ഇതിന് എല്ലാവിധത്തിലുമുള്ള സഹായസഹകരണങ്ങൾ ചെയ്തത് മലഞ്ചരുവിൽ മത്തായി സാറാണെന്നുള്ളത് മറക്കാവുന്നതല്ല.

പുനരൈക്യപ്രസ്ഥാനത്തെ ശക്തിയായി എതിർത്തിരുന്നയാളും 1931 ആദ്യംതന്നെ ഒരു ദൈവനിയോഗംപോലെ മാർ ഈവാനിയോസ് പിതാവിന്റെ നവീനപ്രസ്ഥാനത്തിൽ എത്തിച്ചേർന്ന ഒരു യുവഓർത്തഡോക്സ് വിശ്വാസിയുമായിരുന്നു മത്തായി സാർ (ഇന്നത്തെ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസിന്റെ പിതാവ്; ഈ ലേഖികയുടെയും). 1936 ൽ ഈ സ്ഥലം സ്വന്തമാക്കി അവിടെയൊരുകെട്ടിടവും പെട്ടെന്നു തയ്യാറാക്കി. അന്നു തിരുമൂലമഠത്തിൽ ഒരുവിധത്തിൽപറഞ്ഞാൽ നിരാലംബരായിക്കഴിഞ്ഞ പന്ത്രണ്ടു സിസ്റ്റേഴ്സിനെയും രണ്ട് അർത്ഥിനികളെയും മാർത്ത, ശലോമി, കാട്ടൂർ ശോശാമ്മ എന്നിവരെയും തിരുവനന്തപുരത്തേക്കു കൊണ്ടുപോരികയായിരുന്നു. 1936 ഏപ്രിൽ 23 ന് അവരെ നാലാഞ്ചിറയിൽ പുതിയ ഭവനത്തിലാക്കിയശേഷം അഭിവന്ദ്യപിതാവ് പറയുകയുണ്ടായി, "മക്കളേ, ഇനിമുതൽ ഇതാണ് നിങ്ങളുടെ ഭവനം" എന്ന്. അങ്ങനെ ബാരിസോളിൽ വിത്തുപാകി, തിരുമൂലപുരത്ത് മുളച്ചുപൊങ്ങി, തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ പറിച്ചുനടപ്പെട്ട 'ബഥനി' അവിടെ വേരുറപ്പിക്കയായിരുന്നു, അതുമുതൽ ബഥനിയുടെ ആസ്ഥാനം തിരുവനന്തപുരമായി പരിഗണിക്കപ്പെട്ടു.

## ബഥനി രണ്ടു ഡയോസിസൻ സമൂഹങ്ങളാകുന്നു

തിരുവല്ലയിൽനിന്നും'ബഥനി' ശൈശവത്തിൽതന്നെ വേരോടെ പറിച്ചുമാറ്റപ്പെട്ട സംഭവം അവിടെ അതുവരെ നടന്നിരുന്ന സഭാപ്രവർത്തനത്തെ സാരമായി ബാധിക്കാൻതുടങ്ങി. മലങ്കര സിറിയൻ ഹൈരാർക്കി സ്ഥാപിതമായതോടുകൂടി തിരുവനന്തപുരം അതിരൂപതയും തിരുവല്ല രൂപതയും

www.malankaralibrary.com



നിലവിൽവന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ വലംകൈയായിരുന്ന അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയെ രൂപതാമെത്രാനായി നിയമിച്ചിരുന്നു. അതിരൂപത, രൂപത, സന്ന്യാസസന്ന്യാസിനീ സമൂഹങ്ങൾ; സദാ സഹായഹസ്തങ്ങൾ നീട്ടുന്ന സമീപരൂപതകൾ എന്നിങ്ങനെ സന്തോഷത്തിമിർപ്പിനുള്ള സാഹചര്യത്തിൽ എത്തിനില്ക്കുന്ന മലങ്കര കത്തോലിക്കാ സഭ എന്ന് അഭിമാനിക്കാവുന്ന സന്ദർഭം. എന്നാൽ ഇനിയും സമയമായിട്ടില്ല എന്നുവ്യക്തമാക്കുമാറ് വിഷമപ്രശ്നങ്ങൾ തലപൊക്കി.

ശാന്തനും ഭക്തനും വിശ്വാസതീക്ഷ്ണതയുള്ളവനുമായ അഭിവന്ദ്യ തെയോഫിലോസ് തിരുമേനി രോഗബാധിതനായി എന്ന അറിവ് മലങ്കര സഭാശിശുവിനെ ദുഃഖത്തിലാഴ്ത്തി. മാർ ഈവാനിയോസ് തിരുമേനിക്ക് ഈ സന്ദർഭത്തിൽ തിരുവല്ലയിലേക്ക് ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കാനുമായില്ല. തെയോഫിലോസ് തിരുമേനിയെ ഭരണത്തിൽ സഹായിക്കാൻ അഡ്മിനിസ്ട്രേറ്ററായി നിയോഗിതനായത് ഗീവറുഗീസ് മാമ്പുഴക്കാട്ടിൽ ഒ. ഐ. സി. അച്ചനായിരുന്നു. രൂപതയിൽ വിവിധതുറകളിൽ സേവനം അർപ്പിച്ചിരുന്ന സിസ്റ്റേഴ്സിന്റെ അഭാവംമൂലമുണ്ടായ ബുദ്ധിമുട്ട് സിസ്റ്റേഴ്സിനെ തിരികെ വിളിക്കാനുള്ള പ്രേരണയായി. സിസ്റ്റേഴ്സിനെ കുറേപ്പേരെയെങ്കിലും തിരുവല്ലയിലേക്കയ്ക്കണമെന്ന ആഗ്രഹം രോഗാവസ്ഥയിലായിരുന്നെങ്കിലും തെയോഫിലോസ് തിരുമേനി മാർ ഈവാനിയോസ് പിതാവിനെ അറിയിച്ചുകൊണ്ടിരുന്നു. സഹായിക്കേണ്ടത് അനിവാര്യമെന്ന് പിതാവിനും ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ ആരെ അയയ്ക്കും എന്നചിന്ത പിതാവിനെ അലട്ടി. ആരോടാണ് തിരുവല്ലയിലേക്ക് തിരിച്ചുപോകുന്നതിനു പറയുക? പിതാവ് സിസ്റ്റേഴ്സിനെ സമീപിച്ച് വിഷയം അവതരിപ്പിച്ചു. ആരും മനസ്സുവയ്ക്കുന്ന ഭാവം കണ്ടില്ല. “ദൈവാശ്രയം” എന്ന വജ്രായുധവുമായി പിതാവ് വീണ്ടും നാലാഞ്ചിറയിലെത്തി, സിസ്റ്റേഴ്സിനെ കാര്യം ഗ്രഹിപ്പിച്ചു. വന്ദ്യപിതാവിന്റെ മനോഗതം മനസ്സിലാക്കിയിട്ടെന്നവണ്ണം സിസ്റ്റർ ഹൂബ മുന്നോട്ടു വന്ന് “പിതാവേ, തിരുവല്ലയിലേക്ക് ഞാൻ പോകാം” എന്നു സന്ദേഹം കൂടാതെ പറയുകയുണ്ടായി. ഈ സുദൃഢമായ തീരുമാനം പിതാവിനെ ആശ്വസിപ്പിക്കുകതന്നെ ചെയ്തു. സിസ്റ്റർ ഹൂബയോടൊപ്പം തിരുവല്ലയിലേക്കു പോകാൻ നിയോഗിതയായത് 1935 ഏപ്രിൽ രണ്ടിന് വ്രതവാഗ്ദാനം നടത്തിയ സിസ്റ്റർ ബ്രുക്ക്സയായിരുന്നു. ആദ്യകാലങ്ങളിൽ മഠത്തിലെ എല്ലാക്കാര്യങ്ങളും ഒരു സുപ്പീര്യർ ജനറൽ എന്നപോലെ വന്ദ്യപിതാവുതന്നെയാണ് നിർവഹിച്ചിരുന്നത്.

തന്റെകൂടെ തിരുവല്ലയിലേക്ക് വേറെ ചിലരെയും സിസ്റ്റർ ഹൂബ പ്രതീക്ഷിക്കുന്നു എന്നറിഞ്ഞ പിതാവ് വാത്സല്യപൂർവ്വം സിസ്റ്ററിനോടു



പറഞ്ഞതായി സിസ്റ്ററിന്റെ ഡയറിക്കുറിപ്പിൽ കാണുന്നു: “എന്റെ മകളുടെ കൂടെ ഞാൻ വിടുന്നവരെ കൊണ്ടുപോയാൽ എന്റെ മകൾക്ക് അനുഗ്രഹമേ ഉണ്ടാകൂ. ഒട്ടും ഭയപ്പെടേണ്ടാ” എന്ന്. മറുപടിയിൽ ദൈവഹിതം ദർശിച്ച സിസ്റ്ററിന്റെ പ്രതികരണം ഡയറിക്കുറിപ്പിൽ കാണുന്നത് ശ്രദ്ധേയമാണ്. “ഞാനെന്റെ സർവ്വഭാരങ്ങളും നീക്കി പ്രാർത്ഥിച്ചൊരുങ്ങി വിശ്വസിച്ചു പുറപ്പെട്ടു”. തിരുവല്ലയിലേക്കു പുറപ്പെടുംമുമ്പ് വന്ദ്യപിതാവിന്റെ ആശീർവാദം സ്വീകരിച്ച സിസ്റ്ററിനോട് പിതാവു പറഞ്ഞു: “നിങ്ങൾക്ക് എപ്പോൾ ഇങ്ങോട്ടു വരണമെന്നു തോന്നുന്നുവോ അപ്പോൾ തടസ്സം കൂടാതെ വന്നുകയറുവാൻ വാതിൽ എപ്പോഴും തുറന്നാണു കിടക്കുന്നത്: ഒട്ടും വിഷമിക്കേണ്ട”.

1936 ജൂൺ 16 ന് സിസ്റ്റർ ഹൂബയും സിസ്റ്റർ ബ്രുക്സയും തിരുവല്ലയിലെത്തി, തിരുമൂലപുരത്തുണ്ടായിരുന്ന പഴയ ഭവനത്തിൽ തന്നെ താമസമാരംഭിച്ചു. അന്ന് തിരുവല്ല രൂപത വികാരി ജനറലായിരുന്ന ബ. ഗീവറുഗീസ് ഒ. ഐ. സി. അച്ചന്റെ താത്പര്യപ്രകാരം അദ്ദേഹത്തിന്റെ സ്വന്തം സഹോദരിയായിരുന്ന സിസ്റ്റർ തൈബൂസിനെക്കൂടെ അധികം താമസിയാതെ തിരുവല്ലയിലേക്ക് അയയ്ക്കുകയുണ്ടായി. സിസ്റ്റർ നല്ല ആരോഗ്യമുള്ളവളായിരുന്നില്ല. തന്നെയുമല്ല ഇംഗ്ലീഷ് ഭാഷ വശമുള്ള ഒരു സിസ്റ്ററിനെക്കൂടെ സിസ്റ്റർ ഹൂബയുടെ സഹായത്തിന് തിരുവല്ലയിലേക്ക് അയയ്ക്കണമെന്ന ആലോചനാഫലമായി സിസ്റ്റർ ത്രീസ്സൂസിനെ വന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം തിരുമൂലയ്ക്ക് അയയ്ക്കുകയായിരുന്നു. മുതിർന്നവർ രണ്ടുപേർ ചെന്നതിനാൽ സിസ്റ്റർ ബ്രുക്സായെ തിരുവന്തപുരത്തേക്കു തിരികെ വിളിച്ചു. തിരുവല്ലയിലെ പ്രേഷിത രംഗങ്ങളെല്ലാം സുപരിചിതമായിരുന്നതിനാൽ സിസ്റ്റേഴ്സ് താമസമന്യേ സേവനങ്ങൾ പുനരാരംഭിക്കയും കൂട്ടത്തിൽ മുതിർന്നയാളെന്ന നിലയ്ക്ക് സിസ്റ്റർ ഹൂബയെത്തന്നെ മദർ സുപ്പീരിയറായി നിയമിക്കയുംചെയ്തു.

അങ്ങനെ ബഥനി മിശിഹാനുകരണ സന്ന്യാസിനികൾ, തിരുവനന്തപുരം അതിരൂപതയിലും തിരുവല്ല രൂപതയിലുമായി അവരുടെ സ്നേഹാധിഷ്ഠിത സേവനങ്ങൾ നിർവഹിച്ചുകൊണ്ട് രണ്ടു സമൂഹങ്ങളെന്ന രീതിയിൽ വളരാൻ തുടങ്ങി.

അംഗസംഖ്യ, ശാഖാമന്ദിരങ്ങൾ, സന്ന്യാസപരിശീലനവേദികൾ സ്ഥാപനങ്ങൾ ഇവയൊക്കെയും സമൂഹത്തിന്റെ ബാഹ്യവളർച്ചയായിട്ടാണല്ലോ കണക്കാക്കുക. തിരുവല്ലയിലും തിരുവനന്തപുരത്തും അർത്ഥിനികളെ സ്വീകരിച്ച് പരിശീലനം നടന്നു. മന്ദിരങ്ങൾ പുതുതായി സ്ഥാപിക്കപ്പെട്ടു. മദർ ജനറൽമാരും ഭരണച്ചുമതലക്കാരും രണ്ടു സ്ഥലത്തും ഉണ്ടായി. അതിരൂപതാ, രൂപതാതിർത്തികൾക്കുള്ളിൽ ആവശ്യമായിവന്ന സേവനശുശ്രൂഷകളുടെ നടത്തിപ്പിൽ ബഥനി രണ്ടു സ്വതന്ത്രസമൂഹങ്ങളായി വളരുകയാണുണ്ടായത്.

www.malankaralibrary.com



രണ്ടുരൂപതകളിലും വന്നിട്ടുള്ള പിതാക്കന്മാരുടെയും വൈദികരുടെയും ഇടവകകളുടെയും പൊതുവിൽ ദൈവജനത്തിന്റെയും പരിലാളനയിൽ എല്ലാ കാര്യങ്ങളിലും ഉൾച്ചേർന്നുകൊണ്ട് ബഥനി വളർച്ചയിൽ നിന്നു വളർച്ചയിലേക്ക് നീങ്ങുകയായിരുന്നു. സ്ഥാപകപിതാവുമൊത്ത് മാതൃസഭാമടിത്തട്ടിലേക്ക് ധൈര്യപൂർവ്വം എത്തിച്ചേർന്ന ബഥനിയുടെ ദൈനംദിന വളർച്ചയെ റോം സശ്രദ്ധം വീക്ഷിച്ചിരുന്നു.

1953 ൽ പൗരസ്ത്യതിരുസംഘത്തിന്റെ തലവനും മലങ്കരകത്തോ ലിക്കാ സഭയുടെ ഉറ്റസ്നേഹിതനുമായിരുന്ന അത്യുന്നത കർദ്ദിനാൾ എവു ജീൻ തിസ്സരാംങ് തിരുമേനി പരിശുദ്ധപിതാവിന്റെ പ്രതിനിധിയെന്ന നിലയിൽ കേരളം സന്ദർശിക്കുകയുണ്ടായി. തിരുവനന്തപുരത്തും തിരുവല്ലയിലും ബഥനിമഠങ്ങൾ അദ്ദേഹത്തിന് ഊഷ്മളവരവേല്പു നൽകി ആദരിച്ചു. തിരുവനന്തപുരം സന്ദർശനവേളയിൽ മദർ സൾഗ (അന്ന് തിരുവനന്തപുരം മദർജനറൽ ആയിരുന്നു) അദ്ദേഹത്തിന് വാമൊഴിയായി ഒരപേക്ഷ സമർപ്പിച്ചു: "അവിടുന്ന് റോമിലെത്തുമ്പോൾ കോൺഗ്രിഗേഷനിൽ പറഞ്ഞ് ഞങ്ങളുടെ മഠം പൊന്റിഫിക്കൽ ആക്കിത്തരണം."വളരെ വാത്സല്യത്തോടെയാണ് അദ്ദേഹം ആ അപേക്ഷ സ്വീകരിച്ചത്. ബഥനി സമൂഹത്തിന്റെ രണ്ടെന്ന ഭാവത്തോടെയുള്ള ഈ നില തുടർന്നാൽ അതിന്റെ വളർച്ചയ്ക്കുള്ള സാദ്ധ്യതകൾ തുലോം കുറവാണെന്ന് മദർ സൾഗ മനസ്സിലാക്കിയിരുന്നു.

## അദ്ധ്യായം 11

### ബഥനിസമൂഹങ്ങളുടെ സംയോജനം.

1930 മുതൽ 1956 വരെയുള്ള കാലയളവിൽ രണ്ടുസമൂഹത്തിനും അംഗസംഖ്യവർദ്ധിച്ചു, വസ്തുവകകൾ കരഗതമായി, പ്രവർത്തനമണ്ഡലങ്ങളും വർദ്ധിപ്പിക്കുകയുണ്ടായി. പൗരസ്ത്യ തിരുസംഘം ബഥനിയുടെ ആവശ്യം കണക്കിലെടുത്തതിൽനിന്നും റോമിന് ബഥനിയോടുള്ള വാത്സല്യം വ്യക്തമാകുന്നു. ഒരു സ്ഥാപകന്റെ സിദ്ധിയിൽനിന്നുളവായി, നാമ, നിയമ, വേഷങ്ങളും പ്രവർത്തനവേദികളും എല്ലാം ഒന്നായിരിക്കുന്ന രണ്ടു സമൂഹം കത്തോലിക്കാ സഭയുടെ കാനൻനിയമം അനുവദിക്കുന്നില്ല എന്ന് അറിവായി.

ഈ വസ്തുതകൾ അന്വേഷിക്കുന്നതിനും, പഠിക്കുന്നതിനും, സമൂഹാംഗങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമായി പരിശുദ്ധപിതാവ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പതിരുമേനി 1956 ജൂലായ് 3 ന് വന്ദ്യനായ പ്ലാസിഡ് സി. എം. ഐ. അച്ചനെ കേരളത്തിലേക്കയച്ചു. പണ്ഡിതനും പരിശുദ്ധനും സഭാസ്നേഹിയുമായിരുന്ന ബ. പ്ലാസിഡച്ചനെ 1952 മുതൽ റോമിൽ പൗരസ്ത്യ തിരുസ്സംഘത്തിന്റെ ആലോചനക്കാരനായി നിയമിച്ചിരുന്നു. തന്നെയുമല്ല 1953 ൽ അത്യുന്നത കർദ്ദിനാൾ തിസ്സരാംങ് തിരുമേനിയുടെ സെക്രട്ടറിയായും സഹയാത്രികനായും കേരളത്തിൽ എത്തിയിരുന്നതും അദ്ദേഹമായിരുന്നു. ബ. പ്ലാസിഡച്ചൻ തിരുവനന്തപുരത്തും തിരുവല്ലായിലും മഠങ്ങൾ സന്ദർശിച്ച് സിസ്റ്റേഴ്സിനെ ഓരോരുത്തരായും ഗ്രൂപ്പായും കണ്ട് ചർച്ചകൾ നടത്തുകയും നിർദ്ദേശങ്ങൾ നല്കി ബോധവതികളാക്കുകയും ചെയ്തു. സമൂഹസംയോജനം അഭികാമ്യമെന്നു ബോദ്ധ്യപ്പെട്ട സിസ്റ്റേഴ്സ് അതിനു സന്തോഷത്തോടെ സന്നദ്ധരായി.

1956 ഓഗസ്റ്റ് 19 ന് ബ. പ്ലാസിസ് അച്ചന്റെ അദ്ധ്യക്ഷതയിൽ ചെങ്ങന്നൂർ ബഥനി മഠത്തിൽവച്ച് ഒരു പൊതുസമ്മേളനം ആരംഭിച്ചു. ജനറൽ സിനാക്സിസ്സിന്റെ രൂപത്തിൽ നടന്ന പ്രസ്തുത സമ്മേളനത്തിൽ നിത്യവ്രതസ്ഥരായ മുഴുവൻ സിസ്റ്റേഴ്സും തത്ക്കാല വ്രതസ്ഥരുടെ പ്രതിനിധികളും 5 ന് ഒരാൾ എന്ന കണക്കിൽ സംബന്ധിച്ചു.

തിരുവനന്തപുരം നിത്യവ്രതസ്ഥർ - '29'; തത്ക്കാലവ്രതസ്ഥർ - '6'
തിരുവല്ല നിത്യവ്രതസ്ഥർ - '43'; തത്ക്കാലവ്രതസ്ഥർ - '5'

www.malankaralibrary.com



അങ്ങനെ '83' സിസ്റ്റേഴ്സ് സംബന്ധിച്ച 19-ാം തീയതിയിലെ മീറ്റിംഗിന്റെ ആരംഭത്തിൽ ഒരു വലിയ സദ്വാർത്ത അറിയിച്ചുകൊണ്ടാണ് ബ. പ്ലാസിഡച്ചൻ മീറ്റിംഗ് പരിപാടിയിലേക്കു പ്രവേശിച്ചത്. അത് അതേപടി ചേർക്കുന്നു.

Very Rev. Father Placid, C. M. I. -appointed visitor on July 3rd 1956 by Sacred Congregation for Oriental Rites.
3 Decisions by the Same Decree No. 75/49-Dicretum Laudis-
Signed by Cardinal Tisserant & Assessor Acacius Coussa.
Made Pontifical on August 6, 1956
Carried out on August 21, 1956

ആഗോളകത്തോലിക്ക സഭാചരിത്രത്തിലും മലങ്കരകത്തോലിക്കസഭയുടെ പ്രത്യേകചരിത്രത്തിലും ബഥനിക്കുള്ള വ്യക്തിത്വവും സവിശേഷതകളും ദൈവപിതാവ് അംഗീകരിക്കുന്നു എന്നതിന്റെ പ്രകടമായ തെളിവാണ് ഈ പൊന്തിഫിക്കൽ പദവി. ഈ പദവിയിലേക്കുയർത്തുന്നതിന് പരിഗണിക്കേണ്ടതായ നിബന്ധനകളൊന്നും മലങ്കരയിലെ ഈ ചെറിയ സന്ന്യാസിനീസമൂഹത്തിന് ഇല്ലാതിരിക്കെയാണ് പരിശുദ്ധ പിതാവ് ഈ പുതുസമൂഹത്തിന് ഉന്നതപദവി നല്കിയനുഗ്രഹിച്ചത്.

അങ്ങനെ 1956 ഓഗസ്റ്റ് 6 ന് പൊന്തിഫിക്കൽ പദവിയിലേക്ക് 'ബഥനി' മിശിഹാനുകരണസന്ന്യാസിനീ സമൂഹം ഉയർത്തപ്പെട്ടിരിക്കുന്നു എന്നും 1956 ഓഗസ്റ്റ് 21 മുതൽ അതു പ്രാബല്യത്തിൽ വരുമെന്നുമുള്ള സദ്വാർത്ത ബ. പ്ലാസിഡ് അച്ചൻ പ്രഖ്യാപിച്ചു.

പൊന്തിഫിക്കലായി ഉയർത്തപ്പെട്ട മിശിഹാനുകരണസന്ന്യാസിനീ സമൂഹത്തിന് ഒരു ഉന്നതാധികാര സമിതിയും (Generalate) രണ്ടു ശാഖാഘടകങ്ങളും (Provinces) എന്ന് സ്ഥിരീകരിച്ചതും ഈ സമ്മേളനത്തിൽ വച്ചായിരുന്നു. സുപ്പീരിയർ ജനറൽ, കൗൺസിലേഴ്സ്, സെക്രട്ടറി ജനറൽ, പ്രൊക്കുറേറ്റർ ജനറൽ എന്നിവരെ തിരഞ്ഞെടുക്കുക, സമൂഹത്തെ സംബന്ധിച്ച പൊതുനയങ്ങൾക്ക് രൂപം നല്കുക, നിയമാവലി തയ്യാറാക്കുക, പരിഷ്കരിക്കുക, സന്ന്യാസപരിശീലനപദ്ധതി (Syllabus) തയ്യാറാക്കുക, കാലത്തിന്റെ അടയാളങ്ങൾ കണക്കിലെടുത്ത് സമൂഹത്തെ ആനുകാലികമായി വളർത്തുന്നതിനും ലക്ഷ്യപ്രാപ്തിലെത്തിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കുക എന്നതെല്ലാം ഇതുപോലെയുള്ള പൊതുസമ്മേളനത്തിന്റെ - ചാപ്റ്ററിന്റെ കടമകളാണ് പൊതുസമ്മേളനത്തിന് 2000-വരെയും ജനറൽ



ചാപ്റ്റർ എന്നാണ് പറഞ്ഞിരുന്നത്. തിരുസ്സഭാധികാരത്തിനു വിധേയമായിട്ടാണ് ഇവയെല്ലാം നിർവഹിക്കേണ്ടത്. ജനറൽ ചാപ്റ്റർ സമൂഹത്തിന്റെ ഉന്നതാധികാരമുള്ള സംഘമാണ്. ആർട്ടിക്കിൾസ് വി. നിയമം 262, 263.

പ്രോവിൻസിൽ ഇതിന് പ്രൊവിൻഷ്യൽ ചാപ്റ്റർ എന്നുപറയും. ഓഗസ്റ്റ് 19, 20 തീയതികളിലെ പ്രാരംഭ സമ്മേളനങ്ങളിൽ സമൂഹത്തെക്കുറിച്ചും സമൂഹഭരണത്തെക്കുറിച്ചുമുള്ള ബോധവത്ക്കരണമാണ് നടന്നത്. 21-ാം തീയതി ജനറൽ, പ്രൊവിൻഷ്യൽ സമിതികളുടെ തിരഞ്ഞെടുപ്പു നടന്നു.

ജനറൽ തിരഞ്ഞെടുപ്പിൽ മദർ മാക്സ (ആദ്യാംഗങ്ങളിൽ അഞ്ചാമത്തെയാൾ) മദർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ കൗൺസിൽ ഭാരവാഹികളെയും ബ. പ്ലാസിഡച്ചന്റെ അദ്ധ്യക്ഷതയിൽതന്നെ തിരഞ്ഞെടുക്കുകയായിരുന്നു. സിസ്റ്റർ റോസ്, സിസ്റ്റർ സൾഗ, സിസ്റ്റർ ആഗ്നസ്, സിസ്റ്റർ സെമഹ എന്നിവർ കൗൺസിലേഴ്സായും സിസ്റ്റർ മേരി ജത്രൂദ് പ്രൊക്കുറേറ്റർ ജനറലായും തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാം കൗൺസിലറായിരുന്ന സിസ്റ്റർ സൾഗ സെക്രട്ടറി ജനറലായി നിയോഗിക്കപ്പെട്ടു. അന്നുതന്നെ പ്രൊവിൻസ് ഭരണ സമിതികളുടെ തിരഞ്ഞെടുപ്പും നടന്നു.

**തിരുവനന്തപുരം പ്രൊവിൻസ്**

മദർ ബാസിം (ആദ്യാംഗങ്ങളിൽ ഏഴാമത്തെയാൾ) പ്രൊവിൻഷ്യൽ സുപ്പീരിയറായും സിസ്റ്റർ ദനഹ, സിസ്റ്റർ ശ്ലോമ്മോ എന്നിവർ ഒന്നും രണ്ടും കൗൺസിലേഴ്സായും തിരഞ്ഞെടുക്കപ്പെട്ടു. പ്രൊവിൻഷ്യൽതലത്തിൽ രണ്ടു കൗൺസിലേഴ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. സിസ്റ്റർ ഹഫീത്ത പ്രൊവിൻഷ്യൽ പ്രൊക്കുറേറ്ററുമായി.

**തിരുവല്ല പ്രൊവിൻസ്**

മദർ ഹൂബ (ആദ്യാംഗങ്ങളിൽ രണ്ടാമത്തെയാൾ) പ്രൊവിൻഷ്യൽ സുപ്പീരിയറായും സിസ്റ്റർ വെറോനിക്ക, സിസ്റ്റർ ദബഹ, ഒന്നും രണ്ടും കൗൺസിലേഴ്സായും സിസ്റ്റർ തെയോഫിൻ പ്രൊവിൻഷ്യൽ പ്രൊക്കുറേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

*പ്രൊവിൻസുകളെ സംബന്ധിച്ച വിശദവിവരങ്ങൾ*
*രണ്ടാംഭാഗത്തു ചേർക്കുന്നു.*

www.malankaralibrary.com



## തത്ക്കാല ഭരണക്രമങ്ങൾ

കത്തോലിക്ക സഭയുടെ സന്ന്യാസസമൂഹങ്ങളെ സംബന്ധിച്ച കാനൻനിയമങ്ങൾ അവശ്യം വേണ്ടവ ബ. പ്ലാസിഡച്ചൻ സമൂഹാംഗങ്ങളെ ബോദ്ധ്യപ്പെടുത്തിയിരുന്നു. സഭയുടെ പൊതുനിയമങ്ങൾക്കു കോട്ടംവരാതെ ബഥനിയുടെ അതുവരെയുള്ള നിയമങ്ങളും ക്രമചട്ടങ്ങളും നിബന്ധനകളും തുടർന്നുപോകുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ബഥനിയുടെ സംയോജനശേഷമുള്ള ആദ്യത്തെ ജനറലേറ്റുമന്ദിരം തിരുവല്ലയിൽ എന്നു തീരുമാനിക്കപ്പെട്ടപ്പോൾ സന്ന്യാസരൂപീകരണത്തിന്റെ പ്രധാനഘട്ടമായ നൊവീഷ്യേറ്റ് ഒന്നിച്ച് തിരുവനന്തപുരത്തെന്ന് തീരുമാനിക്കുകയായിരുന്നു. പരിശീലനഘട്ടത്തിന്റെ ആദ്യഘട്ടം അർത്ഥിനിപരിശീനം ഒന്നിച്ച് തിരുവല്ലയിലെന്നും നിശ്ചയിക്കുകയുണ്ടായി. 1968 വരെയും ഈ ക്രമം നിലവിലിരുന്നു. അർത്ഥിനികളുടെ അംഗസംഖ്യ വർദ്ധിച്ചപ്പോൾ പരിശീലനം അതാതു പ്രോവിൻസിൽ നടത്തുന്നതാണ് സൗകര്യം എന്നുകണ്ട് ആദ്യ പതിവുമാറ്റി.

ജനറലേറ്റു തിരുവല്ലയിലെന്നു നിശ്ചയിച്ചെങ്കിലും തിരഞ്ഞെടുക്കപ്പെട്ട മദർ മാക്സ അന്നു ചെങ്ങന്നൂർ മഠത്തിൽ സുപ്പീര്യർ ആയിരുന്നതിനാലും മദറും കൗൺസിലേഴ്സിൽ ചിലരും അദ്ധ്യാപകരായിരുന്നതിലും തിരുവല്ലയിലേക്കു താമസം മാറ്റുന്നതിന് അല്പം കാലതാമസമുണ്ടായി. 1957 മെയ് മാസം 24 ന് മദർ ജനറൽ മദർ മാക്സയും രണ്ടാം കൗൺസിലറും സെക്രട്ടറിയുമായിരുന്ന സിസ്റ്റർ സൾഗയും പ്രൊക്കുറേറ്റർ ജനറൽ സിസ്റ്റർ മേരി ജത്രൂദും തിരുവല്ലയിൽ സജ്ജീകരിച്ച ജനറലേറ്റുമന്ദിരത്തിൽ താമസത്തിനെത്തി. 1975 ൽ കോട്ടയത്ത് ജനറലേറ്റിനു പുതിയ ഭവനം ഉണ്ടാകും വരെയ്ക്കും തിരുവല്ലയിൽ തിരുമൂലപുരത്തു തന്നെയായിരുന്നു ജനറലേറ്റ്.

മദർ ജനറലിന്റെയും കൗൺസിലേഴ്സിന്റെയും ഭരണകാലാവധി ആറു വർഷവും പ്രൊവിൻഷ്യൽ ബോഡിയുടേത് മൂന്നുവർഷവും എന്നുനിശ്ചയിച്ചിരുന്നു, എങ്കിലും അടുത്ത ഒരു ടേം കൂടെ തിരഞ്ഞെടുക്കപ്പെടാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. തന്മൂലം മദർ മാക്സാ തുടർച്ചയായി പന്ത്രണ്ടു വർഷം ബഥനിയുടെ മദർ ജനറലായിരുന്നു.

കത്തോലിക്കസഭയുമായി പുനരൈക്യപ്പെട്ട ബഥനിക്ക് അതിന്റെ തനിമ കാത്തുസൂക്ഷിക്കുന്നതിനുള്ള എല്ലാ അവകാശാധികാരങ്ങളുമുണ്ടെന്ന് അഭിവന്ദ്യ സ്ഥാപകപിതാവ് വ്യക്തമാക്കിയിരുന്നു. എന്നാൽ വളർന്നുവരുന്ന സമൂഹത്തിന് കത്തോലിക്കസഭയുടെ കാനൻ നിയമങ്ങളും കെട്ടുറപ്പും



അതിന്റെ സുഗമമായ വളർച്ചയ്ക്ക് സഹായിക്കുന്നു. 1956 ൽ മിശിഹാനുകരണസന്ന്യാസിനീ സമൂഹം പൊന്തിഫിക്കലായി എങ്കിലും സ്ഥലത്തെ സഭാതലവന് സമൂഹം വിധേയമാണ്; പ്രത്യേകിച്ചും ആരാധനാക്രമ പരിപാലനത്തിലും സന്ന്യാസിനികൾക്കായുള്ള കാനൻ നിയമം അനുശാസിക്കുന്ന ഇതരകാര്യങ്ങളിലും.

## ഭരണഘടനയും ഘടകങ്ങളും

### നിയമസംഹിത

വിശുദ്ധ ബസ്സേലിയോസിന്റെ നിയമസംഹിത അടിസ്ഥാനപ്പെടുത്തി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് ക്രോഡീകരിച്ച 'സംക്ഷിപ്ത വിശുദ്ധനിയമം' ആയിരുന്നു 1930 ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുംവരെ ബഥനിസിസ്റ്റേഴ്സ് ഉപയോഗിച്ചിരുന്നത്. പുനരൈക്യത്തിനുശേഷം അത് കുറേക്കൂടെ കാലാനുസൃതമാക്കി വന്ദ്യപിതാവുതന്നെ ഒരു കൈയെഴുത്തുപ്രതിയെന്നവണ്ണം സിസ്റ്റേഴ്സിനു നല്കിയിരുന്നു. 1956-ലെ സയോജനത്തിനുശേഷം അന്നത്തെ ജനറൽ ചാപ്റ്റർ അപേക്ഷപ്രകാരം ലത്തീനിൽ എഴുതപ്പെട്ട നിയസംഹിത 1959 മെയ് 14 ന് സമൂഹത്തിനു ലഭ്യമായി (Prot. No. 75/49). ഇംഗ്ലീഷിലും, തുടർന്ന് മലയാളത്തിലും അതിന്റെ തർജ്ജമ ലഭ്യമാക്കിയിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ സൂന്നഹദോസിന്റെ ആഹ്വാനപ്രകാരമുള്ള നവീകരണം അനുസരിച്ച് ആവശ്യമായ ആനുകാലിക വ്യതിയാനങ്ങളോടുകൂടി സമർപ്പിച്ച നിയമസംഹിത 1980 ജനുവരി 6 ന് ലഭിക്കുകയുണ്ടായി. അതുകഴിഞ്ഞ് പൗരസ്ത്യ സന്ന്യാസസഭകൾക്കായുള്ള കാനൻനിയമം പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി 1992 ലെ ജനറൽ ചാപ്റ്റർ സമർപ്പിച്ച പുസ്തകം Prot. No. 322/70-എന്ന പ്രമാണരേഖവഴി 1994 സെപ്റ്റംബർ 24 നു ലഭിക്കുകയുണ്ടായി. ഈ നിയമസംഹിതയാണ് ബഥനിയിൽ ഇപ്പോൾ നിലവിലുള്ളത്.

## ജനറൽ സിനാക്സിസ്സ്

സമൂഹത്തിൽ ഉന്നതാധികാരമുള്ള ഒരു സംഘമാണ് ജനറൽ സിനാക്സിസ്സ്. മലങ്കര സുറിയാനിസഭയിൽ രൂപം കൊണ്ട ബഥനിക്ക് ഇങ്ങനെയൊരു ഉന്നതാധികാരസംഘമൊന്നും ഉണ്ടായിരുന്നില്ല. എല്ലാക്കാര്യങ്ങളും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നത് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവുതന്നെയായിരുന്നു. 1930 ലെ പുനരൈക്യം മുതൽ സമൂഹസംയോജനം നടന്ന 1956 വരെയും നിയമാധിഷ്ഠിതമായി ഇങ്ങനെയൊരു ഉന്നതാധികാരസംഘം ഉണ്ടായിരുന്നില്ല എന്നതും ഓർക്കേണ്ടതുണ്ട്.

www.malankaralibrary.com



1956 ൽ നടന്ന സമ്മേളനത്തിലെ തീരുമാനനുസരിച്ചാണ് 1962 മുതൽ ഇന്നത്തെ രീതിയിലുള്ള ജനറൽ സിനാക്സിസ്സ് രൂപംകൊണ്ടതും പ്രാവർത്തികമായതും.

## ജനറൽ സിനാക്സിസ്സ് അംഗത്വം

1. ജനറൽ ബോഡി (മദർ ജനറൽ & കൗൺസിലേഴ്സ്, സെക്രട്ടറി ജനറൽ, പ്രൊക്കുറേറ്റർ ജനറൽ)
2. പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന മദർ ജനറലും കൗൺസിലേഴ്സും; സെക്രട്ടറി ജനറൽ, പ്രൊക്കുറേറ്റർ ജനറൽ.
3. പ്രൊവിൻഷ്യൽസ്
4. ഓരോ പ്രൊവിൻസിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ.

ആറുവർഷത്തിന്റെ അവസാനത്തിലാണ് സാധാരണയായി ജനറൽ സിനാക്സിസ്സ് നടക്കുന്നത്. അവശ്യഘട്ടങ്ങളിൽ അസാധാരണ (Special) സിനാക്സിസ്സ് നടത്താമെങ്കിലും ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തണമെന്നില്ല. സമ്മേളനം സമാപിച്ചു കഴിഞ്ഞാൽ പിന്നെ ഈ സംഘത്തിലേക്കു തിരഞ്ഞടുക്കപ്പെട്ടവരുടെ അധികാരം നിലനില്ക്കുന്നില്ല.[1]

## ജനറൽ കൗൺസിൽ

മദർ ജനറലും നാലു കൗൺസിലേഴ്സും സെക്രട്ടറി ജനറലും ഉൾപ്പെടുന്ന സമൂഹത്തിന്റെ പൊതുഭരണ സമിതിയാണ് ജനറൽ കൗൺസിൽ. സമൂഹത്തിന്റെ സ്ഥാവരജംഗമ വസ്തുക്കൾ, അക്കൗണ്ടു സംബന്ധിച്ച ചർച്ചകൾ എന്നിവയുടെ ആലോചനയ്ക്കു മാത്രമേ പ്രൊക്കുറേറ്റർ ജനറൽ കൗൺസിലിൽ സാധാരണയായി സംബന്ധിക്കുന്നുള്ളൂ. ആറുവർഷമാണ് ഇവരുടെ ഭരണകാലാവധിയെങ്കിലും ഒരുഗഡു കൂടി തിരഞ്ഞെടുക്കപ്പെടാവുന്നതാണ്. നിത്യവ്രതസ്ഥർക്കുമാത്രമെ കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളൂ.

സമൂഹത്തിന്റെ പൊതുനന്മ, സ്നേഹൈക്യം, നിയമാനുഷ്ഠാനം ഇവയൊക്കെയും സുദൃഢമാക്കുന്നതും പ്രൊവിൻസുകളിൽ ആദർശൈക്യം ബഥനിസന്ന്യാസചൈതന്യം എന്നിവ എല്ലാതലത്തിലും ഒന്നിപ്പിക്കുന്നതും ജനറൽ കൗൺസിലിന്റെ ധർമ്മമാണ് (കൗൺസിൽ നടപടികളുംപ്രത്യേകം പ്രത്യേകം ചുമതലകളും വി. നിയമം 93-ാം പേജുമുതൽ ചേർത്തിട്ടുണ്ട്.)

1 പ്രതിനിധികളുടെ എണ്ണം, തിരഞ്ഞെടുപ്പുരീതി എല്ലാം മുൻ ജനറൽ സിനാക്സിസ്സിൽ തീരുമാനിക്കുന്നു



## പ്രൊവിൻഷ്യൽ സിനാക്സിസ്സ്

പ്രൊവിൻസിനെ സംബന്ധിച്ച് സ്വതന്ത്രഭരണാധികാരമുള്ള ഒരു ഉന്നത സമിതിയാണ് പ്രൊവിൻഷ്യൽ സിനാക്സിസ്സ്.

മദർ പ്രൊവിൻഷ്യൽ, കൗൺസിലേഴ്സ്, പ്രൊവിൻഷ്യൽ സെക്രട്ടറി, പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ, പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ എന്നിവരാണ് ഇതിലെ അംഗങ്ങൾ. സിനാക്സിസ്സ് സമാപനത്തോടെ ഈ സംഘത്തിന്റെയും അധികാരം ഇല്ലാതാകുന്നു (സിനാക്സിസ്സ് നടപടികളും, തിരഞ്ഞെടുപ്പും എല്ലാം ജനറൽ സിനാക്സിസ്സിൽ നിശ്ചയിക്കുന്നതുപോലെയായിരിക്കും)

## പ്രൊവിൻഷ്യൽ കൗൺസിൽ

മദർ പ്രൊവിൻഷ്യൽ, കൗൺസിലേഴ്സ്, സെക്രട്ടറി എന്നിവരുൾപ്പെടുന്ന സംഘമാണ് പ്രൊവിൻഷ്യൽ കൗൺസിൽ. ഇത് പ്രൊവിൻസിന്റെ ഭരണത്തെ സംബന്ധിച്ച് ഉന്നതാധികാര സമിതിയാണ്. ഇവരുടെ ഭരണകാലാവധി മൂന്നു വർഷമാണ്. ആവശ്യമെങ്കിൽ ഒരു ടേം കൂടെ തിരഞ്ഞെടുക്കപ്പെടാം. പ്രൊവിൻസിൽപ്പെട്ട എല്ലാ മന്ദിരങ്ങളുടെയും ആദ്ധ്യാത്മിക ഭൗതിക കാര്യങ്ങളിലെല്ലാമുള്ള സുസ്ഥിതി പ്രൊവിൻഷ്യൽ കൗൺസിലിന്റെ ധർമ്മമാണ്.

## ലോക്കൽ സിനാക്സിസ്

മന്ദിരത്തിലെ വ്രതസ്ഥരായ എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന കൂട്ടായ്മയാണ് ലോക്കൽ സിനാക്സിസ്സ്. മന്ദിരത്തിലെ പൊതു ആവശ്യങ്ങൾക്കായി ഇത് ആവശ്യാനുസരണം സമ്മേളിക്കുന്നു.

## ലോക്കൽ കൗൺസിൽ

വ്രതസ്ഥരായ ആറ് അംഗങ്ങളുള്ള മന്ദിരങ്ങളെ പൂർണ്ണമന്ദിരങ്ങളായും അതിൽ കുറവുള്ളവയെ അപൂർണ്ണമന്ദിരങ്ങളായുമാണ് പരിഗണിക്കുന്നത്. ആറംഗങ്ങളുള്ള മന്ദിരങ്ങളിൽ സാധാരണയായി സിസ്റ്റർ സുപ്പീര്യറും രണ്ടു കൗൺസിലേഴ്സും സെക്രട്ടറിയും പ്രൊക്കുറേറ്ററും ഉണ്ടായിരിക്കാവുന്നതാണ്. ഈ ആലോചനാസംഘത്തെയാണ് ലോക്കൽ കൗൺസിൽ എന്നു പറയുന്നത്.

## സന്ന്യാസപരിശീലനം (Formation)

1915 മുതൽ ബഥനിയുടെ പരിശീലനം ബാരിസോളിൽ ഓക്സ്ഫോർഡ് മിഷ്യൻ (പ്രൊട്ടസ്റ്റന്റ്) സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലായിരുന്നെങ്കിലും സ്ഥാപക പിതാവിന്റെ നിയന്ത്രണവും നിർദ്ദേശവും അനുസരിച്ചാണ് നടത്തി

www.malankaralibrary.com



യിരുന്നത്. മലങ്കര സുറിയാനിസഭയുടെ ആരാധനാക്രമത്തെ അധിഷ്ഠിതമാക്കി ഭാരത സന്ന്യാസമുറകൾക്ക് സ്ഥാനം നൽകി ഈശ്വരസാക്ഷാത്ക്കാരത്തിനായി സർവ്വസംഗപരിത്യാഗവും തപോനുഷ്ഠാനങ്ങളും സ്വായത്തമാക്കി ദൈവ സമ്പാദനം സാധിക്കുക എന്നതായിരുന്നു പരിശീലനലക്ഷ്യം. ഇൻഡ്യൻ സംസ്കാരത്തിൽ അലിഞ്ഞുചേർന്ന് ഭാരതജനതയ്ക്കു വേണ്ടി ജീവിതം സമർപ്പിച്ച എപ്പിഫനി സിസ്റ്റേഴ്സായിരുന്ന മദർ ഈഡിത്തും സിസ്റ്റർ ഹെലനും ആയിരുന്നു ഇതിനു നേതൃത്വം നല്കിയിരുന്നത്. ബാരിസോളിൽ നിന്നും 1920 ൽ തിരുവല്ലയിലെത്തിയപ്പോഴും ഈ രീതി തന്നെ തുടർന്നു.

1925 ലെ സന്ന്യാസപ്രതിഷ്ഠയ്ക്കുശേഷം 'മിശിഹാനുകരണം' അതായത് പരസ്യജീവിതകാലത്ത് നന്മ ചെയ്തു ജീവിച്ച യേശുവിനെ അനുകരിക്കയും അനുഗമിക്കയും ചെയ്യുന്നതിനുള്ള പരിശീലനമാണ് വന്ദ്യപിതാവ് നിർദ്ദേശിച്ചത്. സ്വയംസമർപ്പണത്തിന്റെ ആത്യന്തികലക്ഷ്യം അതാണെന്ന് സിസ്റ്റേഴ്സിനെ ബോദ്ധ്യപ്പെടുത്തിയിരുന്നു. 1931 ഓഗസ്റ്റിലാണ് 'സംക്ഷിപ്ത നിയമങ്ങൾ' എന്ന തലക്കെട്ടോടുകൂടി ഒരു ചെറുപുസ്തകം തയ്യാറാക്കി സുപ്പീര്യറായിരുന്ന മദർ ശൈനയെ ഭരമേല്പ്പിച്ചത്. ഇതോടുകൂടി പിതാവ് മദറിന് എഴുതിയിരുന്ന കത്ത് താഴെചേർക്കുന്നു.

കർത്താവിൽ നമ്മുടെ പ്രിയ മകളെ,

ദൈവത്തിന്റെ മുമ്പാകെയും ദൈവജനനിയുടെയും സകല വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും വിശുദ്ധമാലാഖമാരുടെയും മുമ്പാകെയും വി. മദ്ബാഹയുടെയും മുമ്പാകെയും ബലഹീനനായ നമ്മുടെയും റവറന്റ് മദറിന്റെയും മിശിഹാനുകരണ സഭയുടെയും മുമ്പാകെയും മഹത്വമേറിയ സന്ന്യാസപ്രതിജ്ഞകൾ ചെയ്യുന്നതിന് ദൈവം നിന്നെ അനുഗ്രഹിച്ചിരിക്കെ, നീ ആ പ്രതിജ്ഞകൾ പാലിച്ച് ദൈവത്തെ സർവ്വോപരി മഹത്വപ്പെടുത്തുകയും പൂർണ്ണത സമ്പാദിക്കുകയും ചെയ്യണമെന്നുള്ളത് നിന്റെ ദൈവവിളിയും, ആ വിഷയത്തിൽതന്നെ മുമ്പോട്ടു നടത്തണമെന്നുള്ളത് ദൈവമുമ്പാകെ നമ്മുടെ കടമയുമാകുന്നു. അതിനാൽ നീ ഇതുവരെ പാലിച്ചുവന്നിരുന്ന സന്ന്യാസ നിയമങ്ങൾ കൂടുതൽ ശുഷ്കാന്തിയോടെ ആചരിപ്പാനും അവ നിരന്തരമായി നിന്റെ ശ്രദ്ധയിൽ പതിയുവാനുംവേണ്ടി താഴെപറയുന്ന സംക്ഷിപ്ത നിയമങ്ങൾ നിന്നെ നാം ഭരമേല്പിക്കയും ദൈവസ്നേഹം നിമിത്തം ഇവ അനുഷ്ഠിച്ചുകൊള്ളണമെന്ന് നിന്നെ കടപ്പെടുത്തുകയും ചെയ്യുന്നു. ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവിന്റെയും സകല ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

മിശിഹാനുകരണ സഭാദ്ധ്യക്ഷനായ,

തിരുവല്ല — മാർ ഈവാനിയോസ് മെത്രാപ്പോലീത്ത
30-8-1931 — ആർച്ചുബിഷപ്പ് ഓഫ് ബഥനി



(സംക്ഷിപ്ത വിശുദ്ധ നിയമത്തെ സംബന്ധിച്ച് വിശദീകരണം മാർ ഈവാനിയോസ് "മലങ്കര സന്ന്യാസ ജീവിതസഹായി" എന്ന പുസ്തകത്തിൽ)

**സംക്ഷേപം ചുവടെ ചേർക്കുന്നു.**

"സ്വർഗ്ഗസ്ഥനായ എന്റെ പിതാവു പൂർണ്ണനായിരിക്കുന്നപ്രകാരം നിങ്ങളും പൂർണ്ണരായിരിക്കുവിൻ" (വി. മത്താ. 5:48). പൂർണ്ണതയിലേക്കു വളർന്ന് ദൈവഹിതം നിറവേറ്റുക എന്നതാണ് സന്ന്യാസത്തിന്റെ അന്ത:സത്ത. ആ വളർച്ചയ്ക്കു പരിശ്രമിക്കുന്ന സന്ന്യാസി എപ്രകാരം ദിനചര്യ ക്രമീകരിക്കണമെന്ന് സ്ഥാപകപിതാവ് നിർദ്ദേശിച്ചിട്ടുണ്ട്.

മൗനനിഷ്ക്കർഷ, യാമനമസ്കാരങ്ങൾ, ഉപവാസം, വിശുദ്ധ കുർബാന വിശുദ്ധ കുർബാനാനുഭവം, കുമ്പസാരം, ജീവിതശോധന, ധ്യാനം, മതപഠനം, വേദപഠനം, മദ്ധ്യസ്ഥപ്രാർത്ഥന, അനുശാസനസംഘം, ശാന്തിദിനം, (ഭജനം) വ്രതങ്ങൾ-പഠനം, ഭക്തിവായന, ചിന്താസംയമനം ഇത്രയും കാര്യങ്ങൾ സംക്ഷിപ്ത വിശുദ്ധനിയമത്തിൽ ഓരോന്നിനെക്കുറിച്ചും ചെറുവിവരണത്തോടെ സിസ്റ്റേഴ്സിനു നല്കിയിരുന്നു.

വായനയ്ക്കും പഠനത്തിനും വന്ദ്യപിതാവ് പ്രാധാന്യം കല്പിച്ചിരുന്നതുപോലെ ചിന്തയ്ക്കും ചിന്താസംയമനത്തിനും പ്രാധാന്യം നല്കിയിരുന്നു. വിശുദ്ധനിയമവും ഭക്തിവായനയ്ക്കുള്ള ഒരു പുസ്തകവും നമസ്കാര പുസ്തകവും കൂടാതെ സന്ന്യാസിനി പുറത്തുതാമസിക്കരുതെന്ന് പിതാവ് നിഷ്കർഷിച്ചിരുന്നു.

വിശുദ്ധചിന്ത മനസ്സിനെ സംസ്കരിക്കുന്നു.

വിശുദ്ധചിന്ത വിശുദ്ധപ്രവൃത്തിയെ ഉളവാക്കുന്നു.

വിശുദ്ധപ്രവൃത്തി വിശുദ്ധ തഴക്കത്തെ നൽകുന്നു.

വിശുദ്ധതഴക്കം വിശുദ്ധ ജീവിതത്തെ ഉളവാക്കുന്നു.

വിശുദ്ധജീവിതം നിത്യഭാഗ്യത്തെ വരുത്തുന്നു.

നിത്യഭാഗ്യം ദൈവത്തിന്റെ സൗജന്യദാനമാകുന്നു.

എന്നിങ്ങനെ ഒരു സംഗ്രഹകുറിപ്പോടുകൂടിയാണ് സംക്ഷിപ്തവിശുദ്ധ നിയമപുസ്തകം പിതാവ് നല്കിയത്. ഈ സംക്ഷിപ്ത നിയമങ്ങളെ ആധാരമാക്കി ആനുകാലിക വിശദീകരണം നല്കിക്കൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനമനുസരിച്ച് നവീകരിക്കപ്പെട്ടുമാണ് ഇപ്പോൾ ബഥനിയിൽ നിലവിലിരിക്കുന്ന 'വിശുദ്ധ നിയമസംഹിത'.

www.malankaralibrary.com



## പരിശീലന ഘട്ടങ്ങൾ അന്നും ഇന്നും

സ്ത്രീസന്ന്യാസം അനുവദനീയമല്ലാതിരുന്ന മലങ്കര സുറിയാനി സഭയിൽ ആരംഭിച്ച ബഥനിക്ക് അന്ന് പരിശീലനകാലങ്ങൾ ഘട്ടങ്ങളായൊന്നും തിരിച്ചിരുന്നില്ല എന്ന് മുൻഅദ്ധ്യായങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

ആദിമ ക്രൈസ്തവസമൂഹം പോലെ ക്രിസ്തുദൗത്യം സ്വീകരിച്ചത് ജീവിതപ്രമാണമാക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള ശ്രമമാണ് അഭിവന്ദ്യപിതാവ് ചെയ്തിരുന്നത്. ഭാവിയിൽ ഉണ്ടാകാൻപോകുന്ന സന്ന്യാസസമൂഹത്തിന് ജീവിതനിയമമായിത്തീരത്തക്കവണ്ണം ക്രൈസ്തവ മൂല്യങ്ങൾക്ക് വിലകല്പിച്ച് പ്രാർത്ഥനാ, ധ്യാനങ്ങൾക്കും യേശുവിന്റെ രക്ഷാകരസന്ദേശം എല്ലാവരിലും എല്ലായിടത്തും എത്തിക്കുന്നതിനുള്ള പരിപാടികൾക്കും പരിശീലനം നല്കുക എന്നതായിരുന്നു അന്നത്തെ പരിശീലന സമ്പ്രദായം. 1925 ൽ നടന്ന സന്ന്യാസപ്രതിഷ്ഠയും ഒരു പ്രത്യേകഘട്ടമായി കണക്കാക്കപ്പെട്ടിരുന്നില്ല. പ്രത്യുത ദൈവജനത്തിനുവേണ്ടി പ്രത്യേകിച്ച് മലങ്കരസഭയ്ക്കു വേണ്ടി സ്വയംസമർപ്പിച്ച് ജീവിക്കുന്നതിനുള്ള ദൈവവിളി ദൈവത്തിൽനിന്നു ലഭിച്ച ദൗത്യമെന്നു ബോദ്ധ്യപ്പെട്ടു ജീവിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും പക്വത നേടിക്കഴിഞ്ഞ അർത്ഥിനികളുടെ പ്രതിഷ്ഠയും സമർപ്പണവുമായിരുന്നു അത്. ഈ പ്രത്യേക പ്രതിഷ്ഠമൂലം അവർ (ബഥനി) മലങ്കര സഭാസമൂഹത്തിന്റെ ഹൃദയമായി സ്വീകരിക്കപ്പെടുകയായിരുന്നു. ഈ സ്വീകരണത്തിന്റെ തിരിച്ചറിവിനായിട്ടാണ് പ്രത്യേക വേഷവും നാമവും നല്കി അവരെ അഭിഷേചിച്ചതും വേർതിരിച്ചതും.

1930 ൽ ബഥനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട് മലങ്കര കത്തോലിക്കാസഭ എന്ന കൂട്ടായ്മയിലായപ്പോൾ കത്തോലിക്കാസഭയുടെ സന്ന്യാസപരിശീലന നിബന്ധനകളുമായി ബന്ധപ്പെട്ടു. അന്നു മുതൽ സന്ന്യാസം ആഗ്രഹിച്ചുവരുന്ന ആയാതകൾക്ക് ആറു മാസത്തെ പ്രാരംഭ പരിശീലനം ആദ്യഘട്ടമായി. ആയാതഘട്ടത്തിന്റെ അവസാനത്തിൽ അടുത്ത ആറുമാസത്തേക്ക് അർത്ഥിനിപദത്തിൽ പരിശീലനം. ഈ സന്ദർഭത്തിൽ ഒരു പ്രാർത്ഥനാ ശുശ്രൂഷയോടുകൂടി വന്ദ്യപിതാവുതന്നെ ആയാതപദത്തിൽനിന്ന് അർത്ഥിനിപദത്തിലേക്കു പ്രവേശിപ്പിച്ചിരുന്നു. അർത്ഥിനിക്ക് ഒരു ചെറിയ ശിരോവസ്ത്രവും നൽകിയിരുന്നു. അർത്ഥിനിപദം പൂർത്തിയായാൽ അടുത്ത പടി നവശിഷ്യപരിശീലനമായിരുന്നു. ഒരുവർഷം (365 ദിവസം) പൂർണ്ണമാക്കുന്ന ഈ പരിശീലനത്തിന് കാനോനിക്കൽ നൊവീഷ്യേറ്റ് എന്നാണു പറയുന്നത്. നൊവിഷ്യേറ്റു പരിശീലനത്തിന്റെ നിബന്ധനകൾ വിശുദ്ധ നിയമത്തിൽ ചേർത്തിട്ടുണ്ട്. ഈ പരിശീലനം പൂർത്തിയായാൽ സുവിശേഷ



പുണ്യങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതത്രയം വാഗ്ദാനം ചെയ്തുകൊണ്ട് സന്ന്യാസവസ്ത്രങ്ങൾ, സന്ന്യാസനാമം എന്നിവ സ്വീകരിച്ച് സന്ന്യാസിനിപദത്തിൽ പ്രവേശിക്കുന്നു. സന്ന്യാസവ്രത വാഗ്ദാനത്തിന്റെ ആദ്യ ആറു വർഷങ്ങളിൽ തത്ക്കാല വ്രതസ്ഥർ എന്നാണ് സിസ്റ്റേഴ്സ് അറിയപ്പെടുന്നത്. ഈ ഘട്ടത്തിൽ സിസ്റ്റേഴ്സിന് വെള്ള ശിരോവസ്ത്രമാണ് ലഭിക്കുക. ആറു വർഷത്തിനുശേഷം നിത്യവ്രത വാഗ്ദാനം ചെയ്യുന്നു, കറുത്ത ശിരോവസ്ത്രങ്ങളും സ്വീകരിക്കുന്നു.

| | |
|---|---|
| മുകളിൽ പറഞ്ഞിരിക്കുന്ന ആയാതപദം | - 6 മാസം |
| അർത്ഥിനിപദം | - 6 മാസം |
| നവശിഷ്യപദം | - 1 വർഷം |
| തത്ക്കാലവ്രതപദം | - 6 വർഷം |
| നിത്യവ്രതം | |

ഈ ഘട്ടങ്ങൾക്ക് കാലാനുസൃതമായ നാമമാറ്റങ്ങളും കാലാവധി മാറ്റങ്ങളും നടന്നുകൊണ്ടിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഇന്ന് ബഥനിയുടെ പരിശീലന ഘട്ടങ്ങൾ താഴെപറയുംവിധമാണ്.

| | | |
|---|---|---|
| 1. പ്രീനൊവിഷ്യേറ്റ് | - 1 വർഷം | - ജൂണിയേഴ്സ് |
| 2. പ്രീനൊവിഷ്യേറ്റ് | - 1 വർഷം | - സീനിയേഴ്സ് |
| 3. നൊവിഷ്യേറ്റ് | - 1 വർഷം | - കാനോനിക്കൽ |
| 4. തത്ക്കാലവ്രതം | - 3 വർഷം; ആറുവർഷം വരെയാകാം | |
| 5. ജൂണിയറേറ്റ് | - 1 വർഷം | |
| 6. നിത്യവ്രതവാഗ്ദാനം ഒരുക്കം | - 3 മാസം | |

7. നിത്യവ്രതവാഗ്ദാനം - തത്ക്കാല വ്രതവാഗ്ദാനശേഷം 3 വർഷത്തിനും 6 വർഷത്തിനുമിടയിൽ. നിത്യവ്രതവാഗ്ദാനത്തോടുകൂടി ഒരു സിസ്റ്റർ സമൂഹത്തിന്റെ പൂർണ്ണഅംഗത്വം കൈവരിക്കുന്നു. വ്രതവാഗ്ദാന വാചകം വി. നിയമത്തിൽ കൊടുത്തിട്ടുണ്ട്.

www.malankaralibrary.com

### അദ്ധ്യായം 12

## ബഥനിക്ക് ഒരു മഹാദാനം

1956 ലെ സംയോജനശേഷം നടന്ന ബഥനിയുടെ ആദ്യജനറൽ സിനാക്സിസ്സ് ആണ് 1962 ൽ നടന്നത്. ആ സന്ദർഭത്തിൽ ബഥനിയുടെ ചരിത്രത്താളുകളിൽ സ്വർണ്ണലിപികളിൽ ചേർക്കുന്നതിനായി ഒരു മഹാദാനം ലഭിക്കുകയുണ്ടായി. മിശിഹാനുകരണസന്ന്യാസിനീസമൂഹത്തിലെ ആദ്യ പത്തംഗങ്ങൾക്ക് എന്നേക്കുമായി 'മദർസ്ഥാനം' കല്പിച്ചരുളിക്കൊണ്ട് പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള ഒരറിയിപ്പായിരുന്നു അത്. ആദ്യാംഗങ്ങളുടെ ധീരോദാത്തമായ വ്യക്തിപ്രഭാവത്തെ അംഗീകരിച്ചു കൊണ്ടും ആദരിച്ചുകൊണ്ടും തിരുസിംഹാസനത്തിൽനിന്നും കിട്ടിയ മഹാദാനം ഹർഷാരവത്തോടെ ബഥനിമക്കൾ നന്ദിപൂർവ്വം സ്വീകരിച്ചു.

**ആദ്യ പത്തംഗങ്ങളുടെ പേരും - പേരിന്റെ അർത്ഥവും.**

1. മദർ ശൈന - സമാധാനം (Peace)
2. മദർ ഹൂബ - സ്നേഹം (Love)
3. മദർ ദനഹ - ഉദയം (Epiphany)
4. മദർ സൾഗ - രശ്മി, പ്രകാശം (Ray of light)
5. മദർ മാക്സ - സൗമ്യത (Meekness)
6. മദർ തൈബുസ് - കൃപ (Grace)
7. മദർ ബാസിം - നന്മ (Goodness)
8. മദർ സൈബാർ - ദീർഘക്ഷമ (Long suffering)
9. മദർ ഹൈമന്നൂസ് - വിശ്വാസം (Faith)
10. മദർ ത്രിസ്സൂസ് - സത്യസന്ധത (Uprightness)

## ബഥനിയുടെ പ്രവർത്തനമണ്ഡലങ്ങൾ

ഭൂമിയിൽ രക്ഷയുടെ ദൗത്യം തുടരുന്നതിന് യേശു സഭയെ സ്ഥാപിച്ചു. ഈ സഭയുടെ അടിസ്ഥാനമായി അവിടുന്നു രൂപീകരിച്ചത് അപ്പൊസ്തോലസമൂഹത്തെയാണ്. ഈ അപ്പൊസ്തോലസമൂഹത്തിന്റെ പിന്തുടർച്ചയാണ് ക്രൈസ്തവർ എന്ന് നമുക്കറിയാം. ദൈവസ്നേഹവും അതോടൊപ്പം സഹോദരൈക്യവും മുഖമുദ്രയാക്കിക്കൊണ്ട് രക്ഷകനായ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയും ക്രിസ്തുസന്ദേശം ലോകമെങ്ങും എത്തിക്കുകയും ചെയ്യുന്നതിനുമുള്ള പരിശീലനമാണ് അപ്പൊസ്തോലന്മാർക്ക് ലഭിച്ചത്.



മൂന്നുവർഷത്തെ ഗുരുകുലവാസത്തിൽ ശിഷ്യന്മാർക്കു ലഭിച്ച പരിശീലനം ദൗത്യനിർവഹണത്തിന് അവരെ പ്രാപ്തരാക്കിയെന്ന് അപ്പൊസ്തോലനടപടിയിൽ നാം വായിക്കുന്നു. ഇതുതന്നെയാണ് മലങ്കരസഭയുടെ ഹൃദയമെന്നോണം രൂപീകരിക്കപ്പെട്ട ബഥനി സന്ന്യാസസമൂഹങ്ങൾക്കും നിർവഹിക്കാനുള്ളത്. നിരന്തരമായ പ്രാർത്ഥനയിലൂടെ, സാമീപ്യസഹവാസങ്ങളിലൂടെ സ്ഥാപകപിതാവായ മാർ ഈവാനിയോസ് ഏറ്റുവാങ്ങിയ ദൗത്യം പ്രവർത്തനവേദികളിലൂടെ ദൈവജനത്തിന് സംലഭ്യമാക്കാനാണ് 'ബഥനി' എന്ന നൂതന അപ്പൊസ്തോല സമൂഹം വിളിക്കപ്പെട്ടിരിക്കുന്നതെന്ന് ബോധ്യപ്പെടേണ്ടതുണ്ട്. വന്ദ്യപിതാവിന്റെ സന്ന്യാസദർശനവും ലക്ഷ്യവും ആദി ക്രൈസ്തവ സമൂഹത്തിന്റേതിൽ നിന്ന് വ്യത്യസ്തമല്ല. ആ സ്ഥിതിക്ക് ബഥനിയുടെ പ്രവർത്തനവേദികൾ ദൈവപിതാവിൻ പക്കലേക്ക് ദൈവമക്കളെ- മനുഷ്യകുലത്തെ ഒന്നടങ്കം- എത്തിക്കുന്നതിനു പര്യാപ്തമായിരിക്കണം. പ്രാർത്ഥനയും പ്രവർത്തനവും ഒന്നുചേർന്ന ദൈവജനസേവനങ്ങളിലാണ് ബഥനി ശ്രദ്ധപതിച്ചിരുന്നത്. പുനരൈക്യശേഷവും ആദർശവും ലക്ഷ്യവും കൈവിടാതെ മിശിഹാനുകരണം മുൻനിറുത്തി ജാതി മത വർണ്ണ വർഗ്ഗ വ്യത്യാസംകൂടാതെ മനുഷ്യസമൂഹത്തെ ഒന്നായി കണ്ടുകൊണ്ട് പ്രവർത്തനവേദികളെ വിപുലമാക്കുന്നതിൽ ബഥനി ശ്രദ്ധപതിപ്പിക്കുന്നു.

വിദ്യാഭ്യാസം, ആതുരസേവനം, സ്ത്രീജനോദ്ധാരണപദ്ധതികൾ, അനാഥരുടെയും അശരണരുടെയും സംരക്ഷണം, മുദ്രാലയപ്രേഷിതത്വം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, ക്രൈസ്തവരുടെ ഇടയിലുള്ള വിശ്വാസ പ്രഘോഷണം എന്നിവയ്ക്കുപുറമെ വേർപെട്ടു നില്ക്കുന്ന ക്രൈസ്തവ സഹോദരങ്ങളുടെ ഐക്യത്തിനുള്ള പ്രവർത്തനവും മലങ്കര കത്തോലിക്കാസഭയിലെ ബഥനിയുടെ കർമ്മവേദികളാണ്. കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി പ്രവർത്തനവേദികൾ വിപുലപ്പെടുത്തുന്നതിനും ലക്ഷ്യബോധത്തോടെ ആഴപ്പെടുത്തുതിനും ബഥനി ബദ്ധശ്രദ്ധയാണ്.

## ബഥനി മിശിഹാനുകരണസന്ന്യാസിനീസമൂഹം ഇന്ന്

മലങ്കരസഭയിൽ സന്ന്യാസം അനിവാര്യമെന്നും സമൂഹസ്ഥാപനം ദൈവഹിതമാണെന്നും അവിടുത്തെ പരിപാലനയിലുള്ള ഒരു പദ്ധതിയാണെന്നും തിരിച്ചറിഞ്ഞ്, ഒരുവലിയ വെല്ലുവിളിക്ക് മറുപടിയെന്നോണം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി രൂപംകൊടുത്ത മലങ്കരയിലെ പ്രഥമ സന്ന്യാസസമൂഹമാണ് 'ബഥനി' എന്നു കണ്ടുകഴിഞ്ഞു.

www.malankaralibrary.com



സാർവത്രികസഭയുടെ വളക്കുറുള്ള മണ്ണിലേക്ക് 1930 ൽ പറിച്ചു നടപ്പെട്ട ബഥനി ശാഖോപശാഖകളായി വളർന്നു പന്തലിച്ച് ഒരു 'മഹീരുഹ' മായി ത്തീർന്നിട്ടുണ്ട്. A. D. 2000 -ത്തിൽ ബഥനിക്ക് '75' വയസ്സായി, പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. തിരുവനന്തപുരം, തിരുവല്ല, ബത്തേരി, പത്തനംതിട്ട എന്ന നാലു പ്രൊവിൻസുകളും ഇവയിൽ 113 മന്ദിരങ്ങളും 20 ഉപമന്ദിരങ്ങളും ബഥനിക്കുണ്ട്. 1925 ൽ മൂന്നംഗങ്ങളിൽ തുടക്കമിട്ട ബഥനിക്ക് 2003-ൽ 800 അംഗങ്ങൾ അർപ്പിതരായുണ്ട്. 1951 ഒക്ടോബർ 10 ന് ബഥനിയുടെ പ്രഥമാംഗം മദർ ശൈനയും 1953 ജൂലായ് 15 ന് സ്ഥാപകപിതാവ് അഭിവന്ദ്യ മാർ ഈവാനിയോസും നിത്യതപൂകി. കൂടാതെ അവരോടൊപ്പം വാടാമലരുകളായി '68' അംഗങ്ങളും ഇന്ന് സ്വർഗ്ഗത്തിൽ നിത്യപിതാവിന് സ്തുതിഗീതങ്ങൾ ആലപിച്ചുകഴിയുന്നുണ്ട്.

*(ജനറലേറ്റു മന്ദിരം, പ്രൊവിൻസുകളിലെ മന്ദിരങ്ങൾ ഇവയെ സംബന്ധിച്ച വിവരങ്ങൾ അടുത്ത ഭാഗത്ത്)*

# ഭാഗം രണ്ട്

www.malankaralibrary.com



ബഥനി ജനറലേററ് സാരഥികൾ

ജനറലേററ് മന്ദിരം



www.malankaralibrary.com

## ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്

1925 സെപ്റ്റംബർ 8 ന് മൂന്നംഗങ്ങളുടെ സന്ന്യാസ പ്രതിഷ്ഠയോടുകൂടി ഔദ്യോഗികാരംഭം കുറിച്ച ബഥനി മിശിഹാനുകരണ സന്ന്യാസിനീ സമൂഹത്തിന്റെ നിയമങ്ങൾ "സംക്ഷിപ്തനിയമസംഹിത" എന്ന പേരിൽ രേഖാമൂലമായി ലഭിച്ചിരുന്നു. എന്നാൽ നിഷ്ഠകളും അനുഷ്ഠാനങ്ങളും ഭരണഘടനയുമെല്ലാം സ്ഥാപകപിതാവും ഋഷിവര്യനുമായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസിന്റെ നേതൃത്വത്തിലും നിർദ്ദേശങ്ങളിലും കല്പനകളിലും ജീവിതത്തിലുമായിരുന്നു കുടികൊണ്ടിരുന്നത്; 1930 സെപ്റ്റംബർ 22 ന് 'ബഥനി' കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടശേഷവും ഈ രീതികൾ അഭംഗുരം നിലനിന്നു. 1936 ജൂൺ മുതൽ സാഹചര്യ സമ്മർദ്ദങ്ങളും മലങ്കര കത്തോലിക്കാസഭയുടെ ആനുകാലികാവശ്യങ്ങളും 'ബഥനി സിസ്റ്റേഴ്സ്' തിരുവനന്തപുരത്തും തിരുവല്ലയിലുമായി താമസമുറപ്പിക്കാൻ പ്രേരകമായി. സേവനരംഗങ്ങൾ രണ്ടുരൂപതകളിലായിത്തീർന്നപ്പോൾ അതാതുരൂപതാദ്ധ്യക്ഷന്മാർ ബഥനിയുടെ രക്ഷാധികാരികളായിതീർന്നു. 1956 ഓഗസ്റ്റ് വരെയും ബഥനിമിശിഹാനുകരണ സന്ന്യാസിനീസമൂഹം രണ്ടു രൂപതാസമൂഹങ്ങളായി രണ്ടു മദർ ജനറൽസിന്റെ നേതൃത്വത്തിൽ വളർച്ചയിൽനിന്നും വളർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. 1956 ൽ തിരുവനന്തപുരത്ത് മദർ ബാസിമും തിരുവല്ലയിൽ മദർ ഹൂബയുമായിരുന്നു ജനറൽസ്.

1956 ഓഗസ്റ്റ് 21 ലെ സമൂഹസംയോജനവേളയിൽ ബഥനി പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെടുകയും രണ്ടു പ്രൊവിൻസുകളുള്ള ഒരു സമൂഹമായി പ്രഖ്യാപിക്കപ്പെടുകയുംചെയ്തു. ഇതോടുകൂടി ബഥനി ഒരു മദർ ജനറലിന്റെ ഭരണത്തിൽ കീഴിൽ ആവുകയും സാർവ്വത്രിക സഭാപാരമ്പര്യമനുസരിച്ചുള്ള സന്ന്യാസഭരണസംവിധാനങ്ങളും രീതികളും സ്വീകരിക്കുകയുമാണുണ്ടായത്.

1956 ൽ ചെങ്ങന്നൂരിൽ വച്ചു നടന്ന സംയുക്ത സമ്മേളന (ആദ്യത്തെ ജനറൽ സിനാക്സിസ് എന്നു പറയാം) ത്തിൽ വച്ച് പൊതുഭരണ സമിതിക്ക് (General body) രൂപം നല്കി. റോമിൽനിന്നും അയയ്ക്കപ്പെട്ട അപ്പൊസ്തോലിക് വിസിറ്റർ ബഹുമാനപ്പെട്ട പ്ലാസിഡ് സി. എം. ഐ. അച്ചന്റെ

www.malankaralibrary.com



അദ്ധ്യക്ഷതയിലാണ് തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും നടന്നത്. ജനറലേറ്റിന്റെ ആസ്ഥാനം തത്ക്കാലം തിരുവല്ലയിലെന്ന് തീരുമാനിക്കുകയുണ്ടായി. തിരഞ്ഞെടുപ്പും തീരുമാനങ്ങളും കൃത്യമായി ആദ്യഭാഗത്തു വിശദീകരിച്ചിട്ടുണ്ട്.

## ബഥനിയുടെ ആദ്യ ജനറലേറ്റ്

1920 ൽ തിരുവല്ലയിൽ നിർമ്മിച്ചിരുന്ന ചാപ്പലോടു കൂടിയ പഴയ കെട്ടിടമാണ് ആദ്യജനറലേറ്റായി ഉപയോഗിക്കാൻ തീരുമാനിച്ചത്. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് സിസ്റ്റേഴ്സിനെ പഠിപ്പിക്കുന്നതിനും സന്ദർശിക്കുന്നതിനും വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും വന്നിരുന്നത് ഈ ഭവനത്തിലായിരുന്നു എന്ന സവിശേഷത ഈ ചെറുഭവനത്തിനുണ്ട്.

1956 ഓഗസ്റ്റ് 21 നു നടന്ന തിരഞ്ഞെടുപ്പിൽ രൂപംകൊണ്ട ഭരണസമിതി അംഗങ്ങളാണ് ജനറലേറ്റിൽ സ്ഥിരതാമസത്തിനെത്തേണ്ടിയിരുന്നത്. മദർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടത് മദർ മാക്സയും, കൗൺസിലേഴ്സായി യഥാക്രമം സിസ്റ്റർ റോസ് തിരുവല്ല, സിസ്റ്റർ സൾഗ തിരുവനന്തപുരം, സിസ്റ്റർ ആഗസ് തിരുവല്ല, സിസ്റ്റർ സെമഹ തിരുവനന്തപുരം എന്നീ നാലുപേരും പ്രൊക്കുറേറ്ററായി തിരഞ്ഞെടുക്കപ്പെട്ടത് സിസ്റ്റർ മേരി ജത്രൂദ്, തിരുവല്ലയും ആണ്. രണ്ടാം കൗൺസിലർ സിസ്റ്റർ സൾഗയാണ് സെക്രട്ടറി ജനറലായി നിയോഗിക്കപ്പെട്ടത്. തിരഞ്ഞെടുക്കപ്പെട്ട കൗൺസിലേഴ്സിനെ നാലുപേരെയും 'മദർ' എന്നു സംബോധനചെയ്യാനും സമ്മേളനം നിർദ്ദേശിച്ചിരുന്നു.

തിരഞ്ഞെടുക്കപ്പെട്ടവരിൽ ഭൂരിഭാഗവും സ്കൂളുകളിൽ ടീച്ചേഴ്സായിരുന്നതിനാൽ ജനറൽ ബോഡി മുഴുവനായും ജനറലേറ്റിൽ താമസമാക്കുക ബുദ്ധിമുട്ടായിരുന്നു. തന്നെയുമല്ല മദർ ജനറലിന് 1957 മെയ് 24 നു മാത്രമെ തിരുവല്ല ജനറലേറ്റിൽ താമസമാക്കാൻ കഴിഞ്ഞുള്ളൂ. മദർ മാക്സയും രണ്ടാം കൗൺസിലറും സെക്രട്ടറിയുമായിരുന്ന മദർ സൾഗയുമാണ് ജനറലേറ്റിലെ ആദ്യതാമസക്കാർ. ഒരു ജനറലേറ്റിന് അവശ്യം വേണ്ട സൗകര്യങ്ങൾ ഒന്നും തന്നെ ഈ ചെറിയ ഭവനത്തിനുണ്ടായിരുന്നില്ല. തന്നെയുമല്ല തിരുവല്ല പ്രൊവിൻഷ്യൽമന്ദിരം ജനറലേറ്റിനോടു ചേർന്നായിരുന്നതും അസൗകര്യങ്ങൾക്ക് ഇടയാക്കി. തന്മൂലം രണ്ടു പ്രൊവിൻസിനും സൗകര്യപ്രദമായ വിധത്തിൽ ജനറലേറ്റു മാറ്റി സ്ഥാപിക്കുന്നതാണുത്തമമെന്ന് ബോദ്ധ്യമായി.

## ജനറലേറ്റിന്റെ ആസ്ഥാനം മാറുന്നു.

1968 ൽ നടന്ന ജനറൽ സിനാക്സിസ്സിൽ മദർ ജനറലായി സിസ്റ്റർ ഫിലോമിന (തിരുവല്ല) തിരഞ്ഞെടുക്കപ്പെട്ടു. 1972 ൽ കോട്ടയത്ത് വിജയപുരം



പഞ്ചായത്തിൽ വടവാതൂർ, കളത്തിപ്പടിക്കടുത്ത് 2 ഏക്കർ 50 സെന്റ് സ്ഥലം ബ. പക്കോമിയോസ് ഒ. ഐ. സി അച്ചന്റെ സഹായത്തോടെ മദർ എഴുതിച്ചു. 1972 ജൂലായ് 29- ന് കെട്ടിടംപണി ആരംഭിക്കയും ചെയ്തു. കെട്ടിടംപണിക്ക് നേതൃത്വംനല്കിയത് ബ. ജോർജ് തേവലക്കര സി. എം. ഐ. അച്ചനായിരുന്നു. കെട്ടിടംപണി ധൃതിയിൽ നടന്നെങ്കിലും 1974 ൽ ജനറൽ സിനാക്സിസ് സമയമായപ്പോഴും പണിതീർന്നിരുന്നില്ല. 1974 ലെ ജനറൽ സിനാക്സിസിൽ സുപ്പീര്യർ ജനറലായി സിസ്റ്റർ സെമഹ, തിരുവനന്തപുരം തിരഞ്ഞെടുക്കപ്പെട്ടു. പണിപൂർത്തിയായ കെട്ടിടം 1975 മാർച്ച് 31 ന് തിരുവല്ല ബിഷപ്പ് അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെട്ടു. അന്നുതന്നെ മദർ സെമഹ, മൂന്നാം കൗൺസിലർ സിസ്റ്റർ നിർമല, പ്രൊക്കുറേറ്റർ സിസ്റ്റർ ഹെലൻ എന്നിവരൊപ്പം പുതിയ ജനറലേറ്റിൽ താമസമാരംഭിച്ചു. ജനറലേറ്റിലെ സ്ഥിരാംഗങ്ങൾ ജനറൽ ബോഡിയംഗങ്ങളാണെങ്കിലും മന്ദിരത്തിന്റെ നടത്തിപ്പിനായി ഓരോ പ്രോവിൻസിൽനിന്നും മൂന്നുവർഷത്തേക്കായി ഒരു സിസ്റ്ററിനെ വീതം നിയോഗിക്കാറുണ്ട്. ഇന്നും ഈ പതിവു തുടരുന്നു.

പ്രൊവിൻസുകളുടെയും മന്ദിരങ്ങളുടെയും സുസ്ഥിതിക്കും വളർച്ചയ്ക്കും ആവശ്യമായ നേതൃത്വവും നിർദ്ദേശങ്ങളുംനല്കി പ്രൊവിൻഷ്യൽ ഭരണതലത്തെ സഹായിക്കുന്നതിലുപരി സമൂഹം മുഴുവനിലും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി പൊതുഭരണസമിതി നിലകൊള്ളുന്നു. ഭരണപരമായി പൊതുഭരണ സമിതിയുടെ കടമകളും അവകാശങ്ങളും ധർമ്മങ്ങളുമെന്തെന്ന് ബഥനിയുടെ 'വിശുദ്ധനിയമ' സംഹിതയിൽ രണ്ടാം ഭാഗം എട്ടാം അദ്ധ്യായം മുതൽ വിശദമായി ചേർന്നിട്ടുള്ളതിനാൽ ഇവിടെ വിവരിക്കുന്നില്ല.

1956 മുതൽതന്നെ ജനറലേറ്റിന്റെ പ്രവർത്തനപരിപാടികളുടെ നടത്തിപ്പിനായുള്ള സാമ്പത്തികസഹായം പ്രൊവിൻസുകളിൽനിന്നുള്ള വിഹിതമായിരുന്നു. 1971 ലെ സിനാക്സിസ്സ് തീരുമാനപ്രകാരം 1975 ജൂൺ മുതൽ ജനറലേറ്റിൽവച്ചു നടന്നിരുന്ന ജൂണിയറേറ്റ് പരിശീലനത്തിനെത്തിയിരുന്ന സിസ്റ്റേഴ്സിന്റെ ചെലവും പ്രൊവിൻസുകളിൽനിന്നും നല്കിയിരുന്നു. കൂടാതെ ജനറലേറ്റിൽവച്ചു നടക്കുന്ന പൊതുപരിപാടികളുടെയെല്ലാം ചെലവ് പ്രൊവിൻസുകൂടെ വഹിച്ചിരുന്നു. 1988 ജൂണിൽ ജനറലേറ്റിന്റെ അടുത്തുണ്ടായിരുന്ന 161/2 സെന്റു സ്ഥലം കുടി എഴുതിക്കയും അവിടെ രണ്ടുനിലയിൽ ഒരു കെട്ടിടം നിർമിച്ച് ജോലിക്കാരായ സ്ത്രീകൾക്കുള്ള ഒരു ഹോസ്റ്റൽ (Working Women Hostel) ആരംഭിക്കുക

www.malankaralibrary.com



യുമുണ്ടായി. കൂടാതെ ഹോസ്റ്റൽ കെട്ടിടത്തോടനുബന്ധിച്ച് ഒരു ഭാഗത്തായി ഒരു 'പ്ലേ'സ്കൂളും (play school) ആരംഭിച്ചു. ഇവ രണ്ടും ചെറിയതോതിൽ ജനറലേറ്റിന് വരുമാനമാർഗ്ഗവുമായി എന്നുപറയാം. 1991 ജൂലായിലും 1992 ജനുവരി യിലുമായി 19 സെന്റു സ്ഥലം കൂടി ജനറലേറ്റിനു വാങ്ങാൻകഴിഞ്ഞു.

1984 ലും 85 ലുമായി ജർമ്മനിയിലുള്ള രണ്ടു വൃദ്ധമന്ദിരങ്ങൾ ജനറലേറ്റിന്റെ നേരിട്ടുള്ള ചുമതലയിൽ നടത്താനാരംഭിച്ചിരുന്നു. അങ്ങനെ ജനറലേറ്റിന്റെ പരിപാടികളുടെയെല്ലാം ചെലവുകൾ 1992 മുതൽ ജനറലേറ്റു തന്നെ വഹിക്കുന്നു. ജനറലേറ്റു നടത്തിക്കൊണ്ടിരുന്ന സ്ത്രീകൾക്കായുള്ള ഹോസ്റ്റൽ 1993 ൽ നിർത്തലാക്കുകയുണ്ടായി. കോഴ്സുകൾക്കും സെമിനാറിനും മറ്റുമായി വരുന്ന സിസ്റ്റേഴ്സിന് താമസസൗകര്യത്തിനായി കെട്ടിടം ഉപയോഗിക്കുന്നു. 1986 ൽ പ്രൊവിൻസായി ഉയർത്തപ്പെട്ട ബത്തേരിയും 1998 ൽ രൂപം കൊണ്ട പത്തനംതിട്ട പ്രൊവിൻസും ഉൾപ്പെട്ട ബഥനി മിശിഹാനുകരണ സന്ന്യാസിനീ സമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കു നേതൃത്വം നല്കുകയും സന്ന്യാസപരിശീലന ക്രമീകരണങ്ങൾ നിർവഹിക്കുകയും ചെയ്തുകൊണ്ട് ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ് മുന്നേറുന്നു.

## ജനറലേറ്റിന്റെ പ്രവർത്തന പരിപാടികൾ.

### (a) ഫോർമേഷൻ

ഫോർമേഷന്റെ ആദ്യഘട്ടങ്ങൾ - ജൂനിയർ, സീനിയർ പ്രീനൊവീഷ്യേറ്റ്, നൊവീഷ്യേറ്റ്- എല്ലാം അതാതു പ്രൊവിൻസിൽതന്നെ നടക്കുന്നു. ഫോർമേഷന്റെ ഏകീകരണത്തിനുവേണ്ടി പൊതുസിലബസ്സ് അതാതുവർഷങ്ങളിലേക്കുള്ളത് ജനറലേറ്റിൽനിന്നു ക്രമീകരിച്ചിരിക്കയാണ്. വ്രതവാഗ്ദാനശേഷമുള്ള ആദ്യവർഷ ജൂണിയറേറ്റ് പരിശീലനം 1993 മുതൽ തുടർച്ചയായി കോട്ടയത്ത് ജനറലേറ്റിൽവച്ചാണു നടക്കുന്നത്. എല്ലാ പ്രൊവിൻസുകളിലെയും സിസ്റ്റേഴ്സ് ഒന്നിച്ച് ഒരേ ഭവനത്തിൽ, ഒരേ ശിക്ഷണത്തിൽ കഴിയുമ്പോൾ സിസ്റ്റേഴ്സെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും അതിനാൽത്തന്നെ സഹോദരങ്ങളാണെന്നുമുള്ള ഐക്യബോധം വളരുന്നതിനും ആഴപ്പെടുന്നതിനും സ്നേഹത്തിലും സഹകരണത്തിലും മുന്നേറുന്നതിനും വളരെയേറെ സഹായിക്കുന്നു. കൂടാതെ നിത്യവ്രത ഒരുക്കത്തിനായും എല്ലാ പ്രൊവിൻസുകളിൽനിന്നുമുള്ള സിസ്റ്റേഴ്സ് ജനറലേറ്റിൽ എത്തുന്നു. തത്ക്കാല വ്രതത്തിനുശേഷം ആറു വർഷം കഴിയുമ്പോഴാണ് നിത്യവ്രതവാഗ്ദാനം ചെയ്യുന്നത്. നിത്യവ്രതവാഗ്ദാനത്തിനു തൊട്ടുമുമ്പ് ആറു മാസത്തെ പരിശീലനമാണ് 1998 വരെയും



നിലനിന്നിരുന്നത്. എന്നാൽ 1998 ലെ ജനറൽ സിനാക്സിസ് ഇതു മൂന്നുമാസമാക്കി കുറയ്ക്കുകയുണ്ടായി. തന്മൂലം മൂന്നമാസത്തെ പരിശീലനമാണ് ഇപ്പോൾ നടക്കുന്നത്. ജനറൽ സിനാക്സിസ്സിൽ ആവശ്യാനുസാരം ഇതിനു സമയക്ലിപ്തി വരുത്താം.

സെമിനാറുകൾ, ക്ലാസ്സുകൾ, റിന്യൂവൽ കോഴ്സുകൾ, കോൺഫറൻസുകൾ ജനറൽപ്രൊവിൻഷ്യൽ ബോഡിമീറ്റിംഗുകൾ, ഫോർമേറ്റേഴ്സ് കോഴ്സുകൾ, സിസ്റ്റേഴ്സിന്റെ കൂട്ടായ്മകൾ, അഡ്വൈസറി കൗൺസിൽ, വാർഷികഭജനം എന്നിങ്ങനെ സിസ്റ്റേഴ്സിനെ സംബന്ധിക്കുന്ന പൊതു കർമ്മങ്ങളെല്ലാം ജനറലേറ്റിന്റെ പ്രവർത്തനപരിപാടികളാണ്. കൂടാതെ തിരുവല്ല രൂപതയുടെ കോട്ടയത്തുള്ള ഒരു രജിസ്റ്റേർഡ് ഇൻസ്റ്റിറ്റ്യൂട്ടായ സെന്റ് എഫ്രേംസ് എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ലിറ്റർജിക്കൽ തിയോളജിക്കൽ കോഴ്സ് എന്ന പേരിൽ ഒരു ദ്വിവത്സരകോഴ്സ് 1998 മുതൽ ജനറലേറ്റിൽവച്ച് നടക്കുന്നു. പഠനംപൂർത്തിയാക്കുന്ന സിസ്റ്റേഴ്സിന് 'സീറി' തന്നെ ഡിപ്ലോമ നല്കുന്നു. ദൈവശാസ്ത്ര ഉപരിപഠനത്തിന് ഈ സർട്ടിഫിക്കറ്റ് സഹായകരമാണ്.

ജനറലേറ്റിൽ ഒരുവർഷ പരിശീലനത്തിനായി എത്തുന്ന ജൂണിയർ സിസ്റ്റേഴ്സ് അവരുടെ പരിശീലനഭാഗമായി തിരുവല്ല രൂപതയുടെ കോട്ടയം ജില്ലയിലുള്ള ഇടവകപള്ളികളിൽ മിഷ്യൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു എന്നത് എടുത്തുപറയേണ്ടതാണ്. വേദപാഠക്ലാസ്സുകൾ, മാതൃസംഘങ്ങൾ, യുവജനസംഘടന, പ്രാർത്ഥനായോഗങ്ങൾ, ബാലദീപം എന്നിവയൊക്കെയും സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഇടവകകളിൽ നടക്കുന്നു. കൂടാതെ ഭവന സന്ദർശനങ്ങളിൽ സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധചെലുത്തുന്നു.

### (b) സ്ത്രീജനോദ്ധാരണം

മിശിഹാനുകരണ സന്ന്യാസിനീ സമൂഹത്തിന്റെ പ്രത്യേകലക്ഷ്യങ്ങളിലൊന്നായ സ്ത്രീജനോദ്ധാരണം ലക്ഷ്യം വച്ചുകൊണ്ട് 1989 മുതൽ ഒരു വർക്കിംഗ് വിമൻഹോസ്റ്റലും ഒരു പ്ലേ സ്കൂളും ആരംഭിച്ചു നടത്തിയിരുന്നെങ്കിലും 1992 ൽ ഹോസ്റ്റൽ നിർത്തേണ്ടതായിവന്നു. ക്രഷ് തുടരുന്നു. ജനറലേറ്റിനു സമീപമുള്ള കുടുംബങ്ങളിൽപെട്ട സ്ത്രീകളെ ജാതിമതഭേദം കൂടാതെ സംഘടിപ്പിച്ച് കുടുംബനവീകരണക്ലാസ്സുകൾ, ആരോഗ്യ സംരക്ഷണ ക്ലാസ്സുകൾ മുതലായവ ക്രമീകരിച്ചിരുന്നു. കൂടാതെ C. R. S. സഹായത്തോടെ പോഷകാഹാരവിതരണവും മിച്ചനിക്ഷേപപദ്ധതികൾ മുതലായവയും നടത്തിയിരുന്നു. ഇവയെല്ലാം 1991 ൽ ക്രമേണ നിന്നുപോയി എന്നു പറയാം.

www.malankaralibrary.com



എന്നാൽ 1992 സെപ്റ്റംബറോടുകൂടി വീണ്ടും സ്ത്രീകളെ സംഘടിപ്പിച്ച് ഒരു വനിതാസമാജത്തിന് ആരംഭം കുറിച്ചു. മാസത്തിൽ രണ്ടുപ്രാവശ്യം അവർ ജനറലേറ്റിൽ ഒന്നിച്ചുകൂടി നിശ്ചയിച്ചിരിക്കും പ്രകാരം ഒരു ദിവസം മീറ്റിംഗും ഒരുദിവസം പ്രാർത്ഥനയും നടത്തുന്നു. കുടുംബനവീകരണ ക്ലാസ്സുകൾ, ആരോഗ്യപരിപാലനക്ലാസ്സുകൾ, ആനുകാലികവിഷയങ്ങളെ സംബന്ധിച്ച ബോധവത്കരണം, മിച്ചനിക്ഷേപപദ്ധതി, പ്രാർത്ഥനാദിന ത്തിലെ പങ്കു വയ്ക്കൽ എന്നിവയെല്ലാം സ്ത്രീകളെ പ്രബുദ്ധരാക്കുന്നതാണ്. കൂടാതെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായി ഒരു തയ്യൽക്ലാസ്സ് 1995 ഒക്ടോബർ മുതൽ നടക്കുന്നു. അമ്മമാർക്ക് ഇടവേളകൾ ഫലപ്രദ മാക്കുന്നതിനും ഉപരിപഠനം സാദ്ധ്യമാകാതെ കുടുംബങ്ങളിൽ കഴിയുന്ന പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും ഈ തയ്യൽ ക്ലാസ്സ് അനുഗ്രഹമാണ്. ഇതിനും പുറമെ 2000-ാമാണ്ടുമുതൽ പെൺകുട്ടികൾക്കായി ഒരു അവധിക്കാല ക്യാമ്പ് ജനറലേറ്റിന്റെ ചുമതലയിൽ നടത്തുന്നു. ഒരാഴ്ച നീണ്ടുനിൽ ക്കുന്ന ക്യാമ്പിൽ, പാചക പരിശീലനം, ഭവന ക്രമീകരണം, പുഷ്പനിർമ്മാണം, തയ്യൽ ക്രാഫ്റ്റ് എന്നിങ്ങനെ വിവിധ പരിപാടികളുടെ പരിശീലനം നല്കുന്നു.

ഇവയുടെയെല്ലാം സുഗമമായ നടത്തിപ്പിനും കൂടുതൽ സിസ്റ്റേഴ്സ് എത്തുമ്പോൾ താമസിക്കുന്നതിനുമുള്ള സൗകര്യമുണ്ടാക്കേണ്ടതായി വന്നു. തന്മൂലം 1994 ൽ മദർ ജനറൽ മദർ ഫിലോമിനയുടെ (തിരുവനന്തപുരം) നേതൃത്വത്തിൽ കെട്ടിടനിർമ്മാണം ആരംഭിച്ചു. 1994 ഡിസംബർ 7 ന് ബ. ജറോം പീടികപ്പറമ്പിൽ, ഒ. ഐ. സി. അച്ചൻ മൂന്നു നില കെട്ടിടത്തിന് ശിലാ സ്ഥാപനം നടത്തി പണി ആരംഭിച്ചു. കെട്ടിടത്തോടൊപ്പം പഴയ ചാപ്പലും ഹാളുകളും അടുക്കളയും പുതുക്കിപ്പണിത് കൂടുതൽ സൗകര്യ പ്രദമാക്കി ത്തീർത്തു.

1997 മെയ് മാസം 25 ന് അഭിവന്ദ്യ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലി യോസ് തിരുമേനി ചാപ്പലിന്റെയും കെട്ടിടത്തിന്റെയും കൂദാശകർമ്മം നിർവ ഹിച്ചു. ജനറലേറ്റിന് ചെറിയ ലൈബ്രറി നേരത്തേ മുതലുണ്ടായിരുന്നുവെങ്കി ലും പ്രത്യേക ലൈബ്രറി റൂം ഉണ്ടായിരുന്നില്ല. എന്നാൽ 1994 മുതൽ ലൈബ്ര റിക്കുവേണ്ടി ഒരു പ്രത്യേക മുറി ക്രമീകരിക്കുകയും പുതിയ അലമാരകൾ വാങ്ങി സജ്ജീകരിക്കുകയുണ്ടായി. ഇപ്പോൾ സാമാന്യം നല്ല നിലവാരമുള്ള ഒരു 'ലൈബ്രറി' ജനറലേറ്റിലുണ്ട്.



**(c) കുരിശുമല പ്രാർത്ഥനാകേന്ദ്രം**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി പഞ്ചായത്തിൽ 2301 സർവ്വേനമ്പരിലുള്ള ഒരു നല്ല മലമ്പ്രദേശമാണ് വാഗമണ്ണിലുള്ള കുരിശുമല. ഇവിടെ തനി ഭാരതീയരീതിയിൽ മലങ്കര ആരാധനക്രമനുസരിച്ച് ജീവിക്കുന്ന ഒരു ക്രൈസ്തവ സന്ന്യാസസമൂഹം "ക്രിസ്തീയ സന്ന്യാസ സമാജ്" എന്നപേരിൽ 1956 ൽ ആരംഭിക്കുകയുണ്ടായി. തിരുവല്ല ബിഷപ്പ് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയുടെ ക്ഷണ മനുസരിച്ച് സിസ്റ്റേർഷ്യൻ ആശ്രമസ്ഥനായിരുന്ന ബൽജിയം സ്വദേശി വന്ദ്യനായ ഫ്രാൻസിസ് ആചാര്യയാണ്കുരിശുമലയിലെത്തി ഈ സമൂഹ ത്തിനാരംഭം കുറിച്ചത്. 'ആചാര്യ' യെന്നു വിളിക്കപ്പെട്ട കാഷായവസ്ത്ര ധാരിയായ അദ്ദേഹത്തിന് കേരളത്തിന്റെ പലഭാഗങ്ങളിൽനിന്നുമായി ഏതാനും അനുയായികളുണ്ടായി. സർവ്വസംഗപരിത്യാഗികളായ ആശ്രമ സ്ഥർ ഭാരതസന്ന്യാസനിഷ്ഠയുടെയും ഏകാഗ്രതയുടെയും മൗനത്തിന്റെയും പ്രവാചകരാണ്. ദൈവസാന്നിദ്ധ്യ പരിമളം വീശിനില്ക്കുന്ന കുരിശുമല ഇന്ന് ധാരാളം പേരെ ആകർഷിക്കുന്ന ഒരു ധ്യാനകേന്ദ്രമാണ്.

മിശിഹാനുകരണ സന്ന്യാസിനീസമൂഹത്തിന് ഒരു പൊതുപ്രാർത്ഥനാ മന്ദിരത്തിന്റെ ആവശ്യകതയെക്കുറിച്ച് 1986-ലെ ജനറൽ സിനാക്സിസ് ആലോചിക്കുകയും ജനറൽ കൗൺസിലിനെ ആ ജോലി ഭരമേൽപ്പിക്കയും ചെയ്തു. അന്നു മദർ ജനറലായിരുന്ന മദർ വിൻസന്റ് കൗൺസിലേഴ്സി നോടൊപ്പം ഇതിനു മുൻകൈയെടുത്തു കണ്ടുപിടിച്ചത് കുരിശുമലയായതും ദൈവനിയോഗമായിരിക്കും. ബഥനി സിസ്റ്റേഴ്സിന്റെ ആഗ്രഹം മനസ്സിലാക്കിയ ആചാര്യ കുരിശുമല ആശ്രമത്തിന് അധികം അകലെയല്ലാതെ മൂന്നേക്കർ ഭൂമി (മലമ്പ്രദേശം) പ്രാർത്ഥനാമന്ദിരത്തിനു ദാനമായി നല്കി. 1988 -ൽ തന്നെ കെട്ടിടം പണിയാരംഭിച്ചു. അന്ന് കൗൺസിലറും സെക്രട്ടറിയുമായിരുന്ന സിസ്റ്റർ അനൻസിയേറ്റായാണ് കെട്ടിടംപണിയുന്നതിനും പ്രാർത്ഥനാ മന്ദിരത്തിനായുള്ള ക്രമീകരണങ്ങൾക്കുമായി ത്യാഗപൂർവ്വം ശ്രമിച്ചത്.

1992 ൽ മദർ ഫിലോമിന (തിരുവനന്തപുരം) മദർ ജനറലായി തിരഞ്ഞെ ടുക്കപ്പെട്ടു. ഇക്കാലത്ത് കെട്ടിടം പണി പൂർത്തിയായി. 1992 ഡിസംബർ 21 ന് അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മി കത്വത്തിൽ പ്രാർത്ഥനാമന്ദിരത്തിന്റെ കൂദാശ നടന്നു. വന്ദ്യനായ ഫ്രാൻസിസ് ആചാര്യ സന്നിഹിതനായിരുന്നു. അന്നു തന്നെ പ്രാർത്ഥനാമന്ദിരമായി ഇതു പ്രഖ്യാപിക്കപ്പെട്ടു. സിസ്റ്റർ പവിത്രയാണ് അവിടെ ആദ്യമായി താമസം ആരംഭിച്ചത്.

www.malankaralibrary.com



ബഥനി സിസ്റ്റേഴ്സിനുമാത്രമായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഈ മന്ദിരത്തിൽ നിഷ്കർഷയായ മൗനവും നിരന്തരമായ പ്രാർത്ഥനയുമാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതും സിസ്റ്റേഴ്സ് അനുഷ്ഠിക്കുന്നതും. കുരിശുമല ബഥനി പ്രാർത്ഥനാമന്ദിരത്തിൽ ഏറ്റവും ലളിതമായ ജീവിതശൈലി പാലിക്കപ്പെട ണമെന്നും സിസ്റ്റേഴ്സ് സ്വയം ഭക്ഷണം പാകം ചെയ്യുകയും സസ്യാഹാരം മാത്രം ഭക്ഷിക്കുകയും ചെയ്യണമെന്നുമാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രാർത്ഥിക്കാനെത്തുന്നവർ ദൈവസംസർഗ്ഗത്തിനും ഐക്യത്തിനും തടസ്സമായേക്കാവുന്ന ഏതൊരു ജോലിവേലകളിൽ നിന്നും വിമുക്തരായിരിക്കണമെന്നും നിബന്ധനയുണ്ട്. പ്രാർത്ഥിക്കാനായെത്തുന്ന സിസ്റ്റേഴ്സിന് അതിനുള്ള പൂർണ്ണസൗകര്യം ലഭ്യമാക്കുന്നതിനായും മന്ദിരത്തിന്റെ സൂക്ഷിപ്പിനും ഇതര ക്രമീകരണങ്ങൾക്കുമായും സ്ഥിരതാമസക്കാരായ സിസ്റ്റേഴ്സ് അവിടെയുണ്ടായിരിക്കുന്നത് ഉപകാരപ്രദമെന്നു കണ്ടതിനാൽ 1998 ൽ ഓരോ പ്രോവിൻസിൽനിന്നും ഓരോ സിസ്റ്ററിനെ ഒരു വർഷത്തേക്ക് കുരിശുമലയിലേക്കു നിയോഗിക്കുന്നു.

വിശുദ്ധ കുർബാന സ്ഥാപിച്ചിട്ടുള്ള ഒരു പ്രത്യേക മുറി (ചാപ്പൽ) പ്രാർത്ഥനാമന്ദിരത്തിലുണ്ടെങ്കിലും അനുദിന വിശുദ്ധ കുർബാനയ്ക്കു സിസ്റ്റേഴ്സ് ആശ്രമചാപ്പലിലാണു പോകുന്നത്. ഞായാറാഴ്ചയും മറ്റും വിശേഷ ദിവസങ്ങളിലും (ക്രിസ്സ്തുമസ്സ്, ഉയിർപ്പ്, കടമുള്ള മറ്റു ദിനങ്ങൾ) മലങ്കര ലിറ്റർജിയാണ് അനുവർത്തിക്കപ്പെടുന്നതെങ്കിലും ഇടദിവസങ്ങളിൽ 'ഭാരതീയ പൂജയാണ്' ആശ്രമചാപ്പലിൽ നടക്കുന്നത്. ഭജനത്തിനും പ്രാർത്ഥനയ്ക്കും മറ്റുമായി ധ്യാനമന്ദിരത്തിൽ എത്തുന്ന സിസ്റ്റേഴ്സിന് ആശ്രമസ്ഥരുടെ സഹായം ലഭിക്കുന്നു എന്നത് വലിയ നന്മയാണ്. "ദൈവശുശ്രൂഷയെക്കാൾ അഭികാമ്യം ദൈവസമ്പാദനം"എന്ന ആദർശവാക്യത്തിന്റെ ഫലപ്രാപ്തിക്ക് കുരിശുമല പ്രാർത്ഥനാമന്ദിരം ഏറെ സഹായകമാണ്.

**(d) സേവനരംഗങ്ങൾ വിദേശത്ത്**

ബഥനി സിസ്റ്റേഴ്സ് ജനറലേറ്റിന്റെ ചുമതലയിൽപെട്ട രണ്ടു വൃദ്ധമന്ദിരങ്ങൾ (Alten heins) ജർമ്മനിയിലുണ്ട്.

ജർമ്മനിയിൽ സ്റ്റുട്ട് ഗാർട്ടിൽ, റോട്ടൻ ബർഗ്ഗിലുള്ള ഹൗസ് ആഡം മുള്ളർ ഗുട്ടൺ ബ്രൂൺ (Haus Adam Muller Guttten Brunn) ആണ് അതിലൊന്ന്. റോട്ടൻ ബർഗ്ഗിൽ നിന്നും ഏകദേശം മുപ്പതു കിലോമീറ്റർ തെക്കുമാറി ഹൗസ് മാർട്ടിനൂസ് (Haus Martinus) എന്ന പേരിൽ ഉള്ള വൃദ്ധമന്ദിരമാണ് രണ്ടാമത്തേത്. ജർമ്മൻ കാരിത്താസ് സംഘടനയുടെ നടത്തിപ്പിലുള്ള ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനും അവിടെ സേവനം അനുഷ്ഠി



ക്കുന്നതിനുള്ള പ്രേരണ ജനറലേറ്റിനു നല്കിയതും സഹായിച്ചതും ബഥനി ആശ്രമസ്ഥനായ ബ. ബർക്കുമാൻസ് ഒ. ഐ. സി. അച്ചനാണ്.

1984 ൽ മദർ വിൻസന്റ് മദർ ജനറലായിരുന്ന സമയത്താണ് മുൻപറഞ്ഞ ഒന്നാമത്തെ ഹൗസിലേക്ക് ആദ്യമായി പോയത്. പ്രൊവിൻസുകൾക്ക് പ്രാതിനിധ്യം നല്കികൊണ്ട് തിരുവനന്തപുരം, തിരുവല്ല, ബത്തേരി എന്നീ ഓരോ പ്രോവിൻസിൽനിന്നും രണ്ടുപേർ വീതം ആറു സിസ്റ്റേഴ്സിനെ അയച്ചു. 1985 ലാണ് രണ്ടാമത്തെ മന്ദിരം - ഹൗസ് മാർട്ടിനൂസ്- ആരംഭിച്ചത്. അവിടെയും ആറു പേരെയാണ് ആദ്യം അയച്ചത്. കാരിത്താസുമായുള്ള കോൺട്രാക്റ്റ് അനുസരിച്ച് അവിടെ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ ജോലി വ്യവസ്ഥകൾ, സേവനകാലം, താമസസൗകര്യങ്ങൾ എന്നിങ്ങനെ എല്ലാ ക്രമീകരണങ്ങളും ജനറൽ ഭരണതലം നിർവഹിക്കുന്നു. അവശരും ആലംബഹീനരും പ്രായാധിക്യത്താൽ ക്ഷീണിതരുമായവരെ പ്രത്യേകിച്ച് സ്ത്രീകളെയാണ് ഇവിടെ സിസ്റ്റേഴ്സ് ശുശ്രൂഷിക്കുന്നത്. 1998 പത്തനംതിട്ട പ്രൊവിൻസ് രൂപം കൊണ്ടതിനുശേഷം പുതിയ പ്രൊവിൻസിൽ നിന്നുള്ള സിസ്റ്റേഴ്സും ഈ മന്ദിരങ്ങളിലേക്ക് അയയ്ക്കപ്പെടുന്നു.

www.malankaralibrary.com



## 1956 മുതൽ 'ബഥനി'യെ നയിച്ച ജനറലേറ്റ് സാരഥികൾ

**1956, ആഗസ്റ്റ് 21**

| | | |
|---|---|---|
| | മദർ മാക്സ | - മദർ ജനറൽ |
| 1. | മദർ റോസ് TLA | - കൗൺസിലർ |
| 2. | മദർ സൾഗ TVM | - കൗൺസിലർ & സെക്രട്ടറി ജനറൽ |
| 3. | മദർ ആഗസ് TLA | - കൗൺസിലർ |
| 4. | മദർ സെമഹ TVM | - കൗൺസിലർ |
| | സിസ്റ്റർ മേരി ജത്രൂദ് TLA. | - ഗീസാബ്രാ (പ്രൊക്കുറേറ്റർ) |

**1962 ഏപ്രിൽ 7**

| | | |
|---|---|---|
| | മദർ മാക്സ | - മദർ ജനറൽ |
| 1. | മദർ റോസ് TLA | - കൗൺസിലർ |
| 2. | മദർ സെമഹ TVM | - കൗൺസിലർ |
| 3. | മദർ സൾഗ TVM | - കൗൺസിലർ & സെക്രട്ടറി ജനറൽ |
| 4. | മദർ തെയോഫിൻ TLA | - കൗൺസിലർ |
| | സിസ്റ്റർ മേരി ജത്രൂദ് TLA | - പ്രൊക്കുറേറ്റർ ജനറൽ |

**1968 ഏപ്രൽ 17** (കൗൺസിലേഴ്സിന്റെ മദർ സംബോധന മാറി)

| | | |
|---|---|---|
| | മദർ ഫിലോമിന TLA | - മദർ ജനറൽ |
| 1. | സിസ്റ്റർ സെമഹ TVM | - കൗൺസിലർ |
| 2. | സിസ്റ്റർ റോസ് TLA | - കൗൺസിലർ |
| 3. | സിസ്റ്റർ റഹമ്മാസ് TVM | - കൗൺസിലർ |
| 4. | സിസ്റ്റർ സ്കൊളാസ്റ്റിക്ക TLA | - കൗൺസിലർ |
| | സിസ്റ്റർ ഡൽഫീന TLA | - സെക്രട്ടറി ജനറൽ |
| | സിസ്റ്റർ നീഹ | - പ്രൊക്കുറേറ്റർ ജനറൽ |

**1971, മെയ് 15** ഒരു അസാധാരണ ജ.സിനാക്സിസ് നടന്നു. ഇലക്ഷൻ ഇല്ല

**1974 ഏപ്രിൽ 16**

| | | |
|---|---|---|
| | സിസ്റ്റർ സെമഹ | - മദർ ജനറൽ |
| 1. | സിസ്റ്റർ വിൻസന്റ് TLA | - കൗൺസിലർ |
| 2. | സിസ്റ്റർ അൽഫോൺസ TVM | - കൗൺസിലർ |
| 3. | സിസ്റ്റർ നിർമല TLA | - കൗൺസിലർ & സെക്രട്ടറി ജനറൽ |
| 4. | മദർ മാക്സ TVM | - കൗൺസിലർ |
| | സിസ്റ്റർ ഹെലൻ TLA | - പ്രൊക്കുറേറ്റർ ജനറൽ |



**1977, ഏപ്രിൽ 12** അസാധാരണ ജനറൽ സിനാക്സിസ്.

**1980, ഏപ്രിൽ 11**

| | | |
|---|---|---|
| | മദർ വിൻസന്റ് | - മദർ ജനറൽ |
| 1. | സിസ്റ്റർ ഫിലോമിന TVM | - കൗൺസിലർ |
| 2. | സിസ്റ്റർ റീത്താമേരി TVM | - കൗൺസിലർ & സെക്രട്ടറി ജനറൽ |
| 3. | സിസ്റ്റർ അൽഫോൺസ TVM | - കൗൺസിലർ |
| 4. | സിസ്റ്റർ മേരി മാഗ്ദലിൻ. TLA | - കൗൺസിലർ |
| | സിസ്റ്റർ നീഹ | - പ്രൊക്കുറേറ്റർ ജനറൽ |

**1986, ഏപ്രിൽ 10**

| | | |
|---|---|---|
| | മദർ വിൻസന്റ് | - മദർ ജനറൽ |
| 1. | സിസ്റ്റർ ഫിലോമിന TVM | - കൗൺസിലർ |
| 2. | സിസ്റ്റർ അനൻസിയേറ്റ TLA | - കൗൺസിലർ & സെക്രട്ടറി ജനറൽ |
| 3. | സിസ്റ്റർ പവിത്ര BTY | - കൗൺസിലർ |
| 4. | സിസ്റ്റർ വിജയ TVM | - കൗൺസിലർ |
| | സിസ്റ്റർ നീഹ TVM | - പ്രൊക്കുറേറ്റർ ജനറൽ |

**1992**

| | | |
|---|---|---|
| | മദർ ഫിലോമിന | - മദർ ജനറൽ |
| 1. | മദർ ജിയോവാനി TLA | - കൗൺസിലർ |
| 2. | സിസ്റ്റർ ഹെലേന BTY | - കൗൺസിലർ & സെക്രട്ടറി ജനറൽ |
| 3. | സിസ്റ്റർ വിജയ TVM | - കൗൺസിലർ |
| 4. | സിസ്റ്റർ പേഷ്യൻസ് TLA | - കൗൺസിലർ |
| | സിസ്റ്റർ ഇഗ്നേഷ്യസ് TLA | - പ്രൊക്കുറേറ്റർ ജനറൽ |

**1998**

| | | |
|---|---|---|
| | മദർ ഫിലോമിന | - മദർ ജനറൽ |
| 1. | സിസ്റ്റർ പേഷ്യൻസ് TLA | - കൗൺസിലർ |
| 2. | സിസ്റ്റർ ഹെലേന BTY | - കൗൺസിലർ & സെക്രട്ടറി ജനറൽ |
| 3. | സിസ്റ്റർ ശ്ബീഹ TVM | - കൗൺസിലർ |
| 4. | സിസ്റ്റർ മേരി ലോറൻസ് TLA | - കൗൺസിലർ |
| | സിസ്റ്റർ ഇഗ്നേഷ്യസ് TLA | - പ്രൊക്കുറേറ്റർ ജനറൽ |

www.malankaralibrary.com



## ബഥനിയിലെ പൊതുആഘോഷപരിപാടികൾ

ആഗോള കത്തോലിക്കാസഭാതലത്തിലും മലങ്കരകത്തോലിക്കാസഭാതലത്തിൽ പ്രത്യേകമായും ബന്ധപ്പെട്ടിരിക്കുന്ന വിശേഷദിവസങ്ങളിൽ ബഥനി സന്ന്യാസിനീസമൂഹത്തിനും വിശേഷദിവസങ്ങൾ തന്നെയാണ്. അവയുടെ പ്രാധാന്യമനുസരിച്ച് 'എ. ബി. സി'. ക്ലാസ്സുകളായിതിരിച്ച് ആഘോഷക്രമചട്ടങ്ങളും വ്യക്തമായി ബഥനിയുടെ ആചാരക്രമത്തിൽ ചേർന്നിട്ടുണ്ട്.

ബഥനി സ്ഥാപകദിനം, ബഥനി ഫീസ്റ്റ്, മാർ ഈവാനിയോസ് ദിനം, സമൂഹസംയോജനദിനം, മദർ ജനറൽ ഫീസ്റ്റ്, മുതലായി വർഷംതോറും ഘോഷിക്കുന്നവയുണ്ട്. എന്നാൽ ബഥനിയുടെ ഒരിക്കൽമാത്രം ആഘോഷിക്കപ്പെട്ട വിശിഷ്ടദിനങ്ങളെക്കുറിച്ച് ചരിത്രത്തിൽ പ്രതിപാദിക്കുന്നത് ഉചിതമെന്നു കരുതുന്നു.

## ബഥനിയുടെ രജത ജൂബിലി (1950)

ബഥനി രണ്ടു രൂപതാസമൂഹങ്ങളായിരുന്ന കാലഘട്ടത്തിൽ 1950 സെപ്തംബറിലാണ് രജതജൂബിലി ആഘോഷിക്കുന്നത്. 1950 സെപ്തംബറിൽ ഇരുസമൂഹങ്ങളുമൊന്നിച്ച് നാലാഞ്ചിറ ബഥനിമഠത്തിൽവച്ച് സ്ഥാപകപിതാവായ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ, മദർ ഹൂബ തിരുവല്ലയിലും മദർ ബാസിം തിരുവനന്തപുരത്തും സുപ്പീര്യർ ജനറാളായിരിക്കുമ്പോഴാണ് ജൂബിലിയാഘോഷിച്ചത്. ഈരേഴ ബഥനി മഠത്തോടനുബന്ധിച്ച് നടക്കുന്ന ബാലഭവൻ രജതജൂബിലി സ്മാരകമായി ഇന്നും നിലനില്ക്കുന്നു. ജൂബിലിയവസരത്തിൽ അഭിവന്ദ്യപിതാവു നല്കിയ സന്ദേശം പിതാവിന്റെ കൈപ്പടയിൽ ഇവിടെ ചേർക്കുന്നു.

On the 8th September 1925, the first five members of the Order of the Imitation of Christ — the Sisterhood — were constituted into a Religious Order. They are Mother Edith, Mother Huba and Mother Baseeha. The silver jubilee of the Congregation is celebrated today, Sunday the 10th September, 1950 at the Bethany Madhom, Thiruvandrum. This Congregation now numbers thirty



sisters in Trivandrum and forty five in Tiruvalla. At the time of the Re-union of the Founder of this Congregation with the Catholic Church, all the then members of this Congregation followed the Founder into the Catholic Church. The Faith in the everlasting Mercy and guidance of God that was manifested at the founding of this Congregation and the subsequent transplanting of the Congregation in the Catholic Church, have been amply rewarded and many more blessings are in store. Today the foundation stone was laid at the Bethany Madhom Thiruvandrum for an orphanage called the Children's Home of the Nativity of Our Lady, to commemorate the Silver Jubilee of this Congregation.

The Merciful Lord spared me to unite in the joys of this Congregation today. This Congregation will, I very firmly believe, be at all times a willing instrument in the Hands of Our Lord to carry out His Divine Will so that the daily Prayer, "Thy Kingdom Come" be realised in its fulness.

God bless this Congregation, by the prayers of the Blessed Virgin Mary, of the Patriarchs St Basil and St John Chrysostom and of the Apostle of love St John.

+ Mar Ivanios
10th Sept. 1950.

www.malankaralibrary.com



## ബഥനിയുടെ കനകജൂബിലി (1975)

1975 ൽ നടന്ന ബഥനിയുടെ കനകജൂബിലി പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. 1950 ൽ രണ്ടുസമൂഹങ്ങൾചേർന്ന് ജൂബിലി ആഘോഷിച്ചെങ്കിൽ 1975 ൽ 'ബഥനി' യെന്ന ഏകസമൂഹത്തിന്റെ രണ്ടു പ്രൊവിൻസുകൾ ചേർന്നാണ് കനകജൂബിലി ആഘോഷിച്ചത്. അന്ന് തിരുവനന്തപുരത്ത് മദർ ശ്ലോമ്മോയും തിരുവല്ലയിൽ മദർ മോനിക്കയുമായിരുന്നു പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്.

1975 സെപ്റ്റംബർ 5 ന് തിരുമൂലപുരത്തു വച്ചുനടന്ന പ്രാർത്ഥന യോഗത്തോടുകൂടി ജൂബിലി പ്രാരംഭസമ്മേളനം ആരംഭിച്ചു. 6-ാം തീയതി രാവിലെ മലങ്കര മെത്രാപ്പോലീത്ത അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടന്ന സമൂഹബലിയും പത്തു മണിയോടുകൂടി നടന്ന പൊതുസമ്മേളനവും ഉച്ചയ്ക്കുശേഷം നടന്ന സിമ്പോസിയവും ആയിരുന്നു പ്രധാനചടങ്ങുകൾ. തിരുമൂലപുരം സ്കൂളിൽ വച്ചുനടന്ന പൊതുസമ്മേളനത്തിലെ എല്ലാ പരിപാടികളും ഹൃദ്യമായിരുന്നു. ഉച്ചയ്ക്കു നടന്ന സിമ്പോസിയം 'ബഥനി ഇന്നലെ, ഇന്ന്, നാളെ' എന്നവിഷയാവതരണവും ചർച്ചയുമായിരുന്നു. സജീവവും ഫലപ്രദവുമായ സിമ്പോസിയത്തിൽ മോഡറേറ്ററായിരുന്നത് ബ. സിറിൽ O. I. C. അച്ചനായിരുന്നു.

കനകജൂബിലിയുടെ സമാപനസമ്മേളനം 1975 സെപ്റ്റംബർ 8 ന് പത്തനംതിട്ട ജില്ലയിൽ ഓമല്ലൂർ ആര്യഭാരതി ഹൈസ്കൂളിൽ വച്ചാണു നടന്നത്. 8-ാം തീയതി രാവിലെ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന സമൂഹബലിയോടുകൂടി ആരംഭിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ പിതാവുതന്നെ ഉദ്ഘാടകനായിരുന്നു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി തിരുമേനി ആദ്ധ്യക്ഷ്യം വഹിച്ച സമ്മേളനത്തിൽ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി, ബഥനി ആശ്രമസ്ഥനായിരുന്ന ബ. സിറിൽ ഒ. ഐ. സി. അച്ചൻ (ഇന്ന് തിരുവനന്തപുരം ആർച്ചുബിഷപ്പ്) ഷെവലിയർ അഡ്വക്കേറ്റ് ശ്രീ ജോർജ്ജ് വറുഗീസ് കണ്ണന്താനം മുതലായ വിശിഷ്ട വ്യക്തികളുടെ അർത്ഥസമ്പുഷ്ടമായ ആശംസാപ്രസംഗങ്ങൾ, 'സ്നാപക യോഹന്നാൻ' ബാലെ എന്നിവ കനകജൂബിലിയുടെ മേന്മവർദ്ധിപ്പിച്ചു. ബഥനിയുടെ അതുവരെ ഉണ്ടായിട്ടുള്ള വളർച്ചയും മുന്നേറ്റവും മലങ്കര കത്തോലിക്കാസഭയിൽ ബഥനിയുടെ സ്ഥാനവും വ്യക്തമാക്കുന്ന ഒരു സുവനീറും പ്രസിദ്ധീകരിക്കയുണ്ടായി.



## പുനരൈക്യസുവർണ്ണജൂബിലി (1980)

പുണ്യശ്ലോകനായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ സത്യാന്വേഷണപാതയിലെ സുധീരമായ ഒരു ചുവടുവയ്പ്പായിരുന്നു 1930 -ലെ 'പുനരൈക്യം' എന്ന ചരിത്രസംഭവം 1980 ൽ കോട്ടയത്തുവച്ചുനടന്നത് 'മലങ്കരകത്തോലിക്കാസഭയുടെ' സുവർണ്ണ ജൂബിലിയാഘോഷമാണ്. മലങ്കര കത്തോലിക്കാ സഭയുടെ സുവർണ്ണ ജൂബിലി ബഥനി മിശിഹാനുകരണ സന്ന്യാസസമൂഹത്തിന്റെയും പുനരൈക്യസുവർണ്ണജൂബിലിയാണ്. ഈ ഉറച്ചബോധ്യത്തോടും ആഹ്ളാദത്തോടും കൂടിത്തന്നെ ബഥനിയുടെ നവജാതവൈസ്പ്രൊവിൻസായ ബത്തേരി ഉൾപ്പെടെ തിരുവനന്തപുരം, തിരുവല്ല പ്രൊവിൻസുകൾ കോട്ടയത്തു വച്ചുനടന്ന എല്ലാ ആഘോഷ പരിപാടികളിലും പങ്കാളികളായി. മാത്രമല്ല പുനരൈക്യ സുവർണ്ണജൂബിലി സ്മാരകമായി മിശിഹാനുകരണ സന്ന്യാസിനീ സമൂഹത്തിലെ നോവിസ്സസ്സിന്റെ ആദ്യവ്രതവാഗ്ദാനം ജൂബിലി പന്തലിൽവച്ചു സമംഗളം നടത്തുകയും ചെയ്തു. കൂടാതെ ബഥനിസിസ്റ്റേഴ്സിന്റെ നേതൃത്വ ത്തിൽ മിശിഹാചരിത്രം 'ബാലെ' ജൂബിലി ഉത്സവപരിപാടികൾക്കു മാറ്റുകൂട്ടി എന്നതും ശ്രദ്ധേയമാണ്.

## മഹാജൂബിലിയും ബഥനിയുടെ പ്ലാറ്റിനംജൂബിലിയും (2000)

2000-ാമാണ്ടിൽ ആഗോളവ്യാപകമായി ആഘോഷിക്കപ്പെട്ട കർത്താവേശുമിശിഹായുടെ മഹാജൂബിലി വേളയിൽത്തന്നെ ബഥനിക്ക് അവളുടെ പ്ലാറ്റിനം ജൂബിലിയും ബഥനിസിസ്റ്റേഴ്സ് ജനറലേറ്റിന്റെ രജതജൂബിലിയും ആഘോഷിക്കുന്നതിനുള്ള ഭാഗ്യം കൈവന്നത് ദൈവനിയോഗംതന്നെ.

മഹാജൂബിലിക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ 1977 ഡിസംബർ മുതൽ തന്നെആരംഭിച്ചു. പൊതുപരിപാടികൾക്കുള്ള രൂപരേഖകൾ ജനറലേറ്റിൽ നിന്നും നല്കിയിരുന്നതുകൂടാതെ ഓരോ പ്രൊവിൻസും പ്രത്യേകപരിപാടികൾക്കും രൂപംനല്കിയിരുന്നു.

1998 ൽ രൂപം കൊണ്ട പുതിയ പ്രൊവിൻസും '98 മുതൽ സജീവമായ ഒരുക്കപരിപാടികൾ ക്രമീകരിച്ചിരുന്നു. പ്രാർത്ഥനാസമ്മേളനങ്ങൾ, ആരാധന, ചെയിൻപ്രെയർ, അഖണ്ഡ വി. ഗ്രന്ഥപാരായണം, ദൈവ പിതാ, പുത്ര, പരിശുദ്ധാത്മ പഠന പരിപാടികൾ എന്നിങ്ങനെയുള്ള ത്രിവത്സരപരിപാടികൾ മഹാജൂബിലി പ്രമാണിച്ച് നടക്കുകയുണ്ടായി.

ഇക്കൂട്ടത്തിൽതന്നെ പ്ലാറ്റിനും ജൂബിലിക്കുവേണ്ടിയുള്ള ഒരുക്കങ്ങളും നടന്നു. '75' ഭവനനിർമ്മാണപദ്ധതി (ഭവനങ്ങൾ ഭാഗികമായോ പുതുക്കിപ്പണികൾക്കോ ആവശ്യമനുസരിച്ച് മുഴുവനായോ), 75 പെൺകുട്ടികൾക്ക്

www.malankaralibrary.com



വിവാഹ സഹായങ്ങൾ, മാർ ഈവാനിയോസ് പഠനസെമിനാറുകൾ, കുടംബ കൂട്ടായ്മകൾ എന്നിങ്ങനെ ആദ്ധ്യാത്മിക നവോത്ഥാനത്തിനും സാധു ജനസേവനത്തിനുമുതകുന്ന പരിപാടികൾ എല്ലാ പ്രൊവിൻസുകളും ജനറലേറ്റും ക്രമീകരിച്ചിരുന്നു.

പ്ലാറ്റിനം ജൂബിലിയുടെ പ്രാരംഭസമ്മേളനം 1999 ഒക്ടോബർ 30 ന് തിരുവല്ലയിൽ തിരുമൂലപുരം മഠത്തിൽ വച്ചാണ്നടന്നത്. മലങ്കര കത്തോലിക്കാമേലദ്ധ്യക്ഷന്മാരും ശ്രേഷ്ഠരായ ഏതാനും വൈദികരും ചേർന്നുള്ള സമൂഹബലിയോടെയാണ് ജൂബിലിയാഘോഷങ്ങൾക്ക് ആരംഭംകുറിച്ചത്. ബഥനിയുടെ ആദ്യകാലഭവനമായിരുന്ന പഴയകെട്ടിടം പുതുക്കിപ്പണിതിരുന്നത് ജൂബിലി സ്മാരകമെന്നനിലയിൽ പുതിയ പ്രൊവിൻഷ്യൽ മന്ദിരമാക്കി കൂദാശ കർമ്മം നിർവഹിക്കുകയായിരുന്നു തുടർന്ന് നടന്നത്. 11 മണിയോടെ നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി ആദ്ധ്യക്ഷ്യം വഹിച്ചു. അഭിവന്ദ്യ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയും മാർത്തോമ്മ സഭാദ്ധ്യക്ഷൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി അനുഗ്രഹ പ്രഭാഷണം നടത്തുകയുമുണ്ടായി. തുടർന്ന് ആശംസപ്രസം ഗങ്ങളാണ് നടന്നത്. അഭിവന്ദ്യരായ ഗീവറുഗീസ് മാർ ദിവന്നാസിയോസ് ബത്തേരി മെത്രാൻ, യൂഹാനോൻ മാർ ക്രിസോസ്റ്റം- മാർത്താണ്ഡം മെത്രാൻ, തോമസ് മാർ കൂറിലോസ്- തിരുവല്ല സഹായ മെത്രാൻ, ജോഷ്വ മാർ ഇഗ്നാത്തിയോസ്- തിരുവനന്തപുരം സഹായമെത്രാൻ, തോമസ് മാർ അത്താനാസ്യോസ്- ചെങ്ങന്നൂർ യാക്കോബായ മെത്രാൻ എന്നിവരും ബഥനി ആശ്രമ സുപ്പീര്യർ ജനറൽ ബ. ജോർജ്ജ് തോമസ് ഒ. ഐ. സി. വികാരി ജനറൽ ബ. ജയിംസ് ഏർത്തയിൽ സി. എം. ഐ, ബ. ഗീവറുഗീസ് പണിക്കർ-സീറി കോട്ടയം എന്നീ വൈദികരും, വിശിഷ്ടാതിഥികളായിരുന്ന ശ്രീ മാമ്മൻ മത്തായി എം. എൽ. എ, ശ്രീമതി സുശീല കുരുവിള, മുൻസിപ്പൽ ചെയർ പേഴ്സൻ തിരുവല്ല, ശ്രീ വറുഗീസ് കരിപ്പായിൽ M. C. A പ്രസിഡന്റ് എന്നിവരുമായിരുന്നു ആശംസകളർപ്പിച്ചത്. സമ്മേളനത്തിൽ ബഥനിയുടെ സംക്ഷിപ്തചരിത്രം മദർ ജനറൽ ഫിലോമിന അവതരിപ്പിച്ചത് ബഥനിയുടെ വ്യക്തിത്വത്തെ സമ്മേളനത്തിന് വ്യക്തമാക്കിക്കൊടുക്കുന്നതായിരുന്നു. ബഥനിയെ സമഗ്രമായി വിവരിച്ചുകൊണ്ട് കവിശ്രേഷ്ഠനായ പ്രൊഫ. മാത്യു ഉലകംതറ രചിച്ചിരുന്ന 'ബഥനികീർത്തനം' വളരെ മനോഹരമായി ബഥനി സിസ്റ്റേഴ്സ് പാടിയത് സമ്മേളനത്തിനു മാറ്റുകൂട്ടി. തിരുവല്ല പ്രൊവിൻഷ്യൽ സുപ്പീര്യർ മദർ സെറീനയുടെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച് ബത്തേരി പ്രൊവിൻഷ്യൽ സുപ്പീര്യർ മദർ



നിർമ്മലയുടെ നന്ദി പ്രകടനത്തോടെ അവസാനിച്ച പൊതുസമ്മേളനാനന്തരം സ്നേഹവിരുന്നും നടന്നു.

പ്ലാറ്റിനം ജൂബിലിയുടെ സമാപന സമ്മേളനം 2000-ാ മാണ്ട് ഓഗസ്റ്റു മാസം 26 ന് തിരുവനന്തപുരത്ത് നാലാഞ്ചിറ ബഥനിമഠത്തിൽ വച്ചാണു നടന്നത്. 26-ാം തീയതി രാവിലെ 7 മണിക്ക് ബഥനി സ്ഥാപകപിതാവായ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ പട്ടത്തുള്ള കബറിടത്തിലേക്കുള്ള തീർത്ഥാടനപദയാത്രയാരംഭിച്ചു. പദയാത്രയിൽ നാനൂറോളം വരുന്ന ബഥനി മക്കൾ വെള്ള വസ്ത്രധാരികളായി പ്രാർത്ഥാനമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് ശാന്തരായി നീങ്ങിയ കാഴ്ച അവിസ്മരണീയമായിരുന്നു. 8.30 ന് കബറിങ്കലെത്തിയ പദയാത്രക്കാരെ തിരുവനന്തപുരം സഹായമെത്രാൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് തിരുമേനി സ്വീകരിക്കുകയും കബറിങ്കൽ ധൂപാർപ്പണം നടത്തിയശേഷം യാത്രികരെ അനുഗ്രഹിക്കയും ചെയ്തു.

ഹൃദയസ്പർശിയായ പദയാത്രയ്ക്കുശേഷം 10 മണിക്ക് നാലാഞ്ചിറ ബഥനി മഠചാപ്പലിൽവച്ച് ജൂബിലിയുടെ നന്ദിസൂചകമായ പരിശുദ്ധ കുർബാന അർപ്പണമാണു നടന്നത്. സമൂഹബലിക്ക് മലങ്കര കത്തോലിക്കാ സഭയിൽ 2000-മാണ്ടുണ്ടായിരുന്ന 'ആറ്' വന്ദ്യപിതാക്കന്മാരും ബഥനി ആശ്രമസുപ്പീര്യർ ജനറാൾ ബ. ജോർജ്ജ് തോമസ് ഒ. ഐ. സി. അച്ചനും കാർമ്മികരായിരുന്നു എന്നത് ഒരു അസുലഭ ഭാഗ്യമായി കരുതാം. വിശുദ്ധ കുർബാനയെ തുടർന്നു നടന്ന സ്നേഹവിരുന്നിനുശേഷം 3.30 നാണ് പൊതുസമ്മേളനം നടന്നത്.

വിശിഷ്ടാതിഥികൾക്ക് സമ്മേളനസ്ഥലമായ സെന്റ് ഗൊരേറ്റിസ് ഓഡിറ്റോറിയത്തിലേക്ക് ഊഷ്മളമായ വരവേല്പു നല്കി. മലങ്കര മെത്രാപ്പോലീത്ത അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ തിരുമേനിയാണ് അനുഗ്രഹ പ്രഭാഷണം നല്കിയത്. കൊല്ലം മെത്രാൻ ഡോ. ജോസഫ് ഫർണാണ്ടസ് തിരുമേനി പ്ലാറ്റിനം ജൂബിലിസ്മാരകമായി പ്രസിദ്ധീകരിക്കാൻ തയ്യാറാക്കിയിരുന്ന സുവനീർ പ്രസാധനംചെയ്തു. തുടർന്ന് അഭിവന്ദ്യരായ സൂസൈപാക്യം തിരുമേനി- തിരുവന്തപുരം മെത്രാൻ, ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി- ബത്തേരി മെത്രാൻ, ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി - തിരുവനന്തപുരം സഹായ മെത്രാൻ എന്നിവരും ബഥനി ആശ്രമ സുപ്പീര്യർ ജനറൽ ബ. ജോർജ് തോമസ് ഒ. ഐ. സി, ബ. ഗീവറുഗീസ് പണിക്കർ സീറി കോട്ടയം എന്നീ വൈദികരും, മദർ ഫെലിക്സ്- ഡോട്ടേഴ്സ് ഓഫ്

www.malankaralibrary.com



മേരി- മദർ ജനറൽ, ശ്രീ അലക്സാണ്ടർ ജയ്ക്കബ്, ഐ. പി. എസ്- എന്നീ പ്രശസ്തവ്യക്തികളും ആശംസകളർപ്പിച്ചു തിരുവല്ല പ്രൊ.സുപ്പീര്യർ മദർ സെറീനയുടെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച്, തിരുവനന്തപുരം പ്രൊ.സുപ്പീര്യർ മദർ റഹമ്മാസിന്റെ നന്ദി പ്രകടനം, പാപ്പാമംഗളം ഇവയ്ക്കു ശേഷം ദേശീയഗാനത്തോടെ സമാപനം കുറിച്ച ജൂബിലി സമ്മേളനങ്ങൾ ബഥനിയുടെ ചരിത്രത്തിലെ ഒരു സവിശേഷ അദ്ധ്യായമാണ്.

## ജനറലേറ്റ് രജതജൂബിലി

തിരുവല്ലയിൽനിന്നും 1975 ൽ കോട്ടയത്തേക്കുമാറ്റി സ്ഥാപിച്ച ബഥനി സിസ്റ്റേഴ്സ് ജനറലേറ്റിന്റെ രജത ജൂബിലിയും 2000-മാണ്ടിൽത്തന്നെ ഘോഷിക്കുന്നതിനുള്ള ഭാഗ്യം ദൈവകല്പിതമാണ്. 2000 സെപ്റ്റംബർ 9 ന് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി- തിരുവല്ല സഹായ മെത്രാൻ ബ. ജോർജ്ജ് തോമസ്, ഒ. ഐ. സി അച്ചൻ- ബഥനി ആശ്രമം സുപ്പീരിയർ ജനറൽ എന്നിവരുടെ ആഘോഷമായ വിശുദ്ധ കുർബാനയോടുകൂടി ജൂബിലി ആരംഭിച്ചു. 11 മണിയോടെ അഭിവന്ദ്യതിരുമേനിയുടെ അദ്ധ്യക്ഷതയിൽ തന്നെ പൊതുസമ്മേളനവും നടക്കുയായിരുന്നു. 2000-ത്തിലെ പ്ലാറ്റിനം ജൂബിലി യോടനുബന്ധിച്ച് പ്രൊവിൻസുകളിൽ നടത്തിയിരുന്ന കലാ മത്സരങ്ങളുടെ ഒന്നാം സമ്മാനം - 9 ഇനങ്ങളായിരുന്നു നടന്നത്- വിജയികൾക്ക് ഈ രജത ജൂബിലിസമ്മേളനത്തിൽ വച്ച് നല്കുകയുണ്ടായി. ജൂബിലി സമ്മേളനത്തിൽ 300-ഓളം സിസ്റ്റേഴ്സ് ഉൾപ്പെടെ ഇടവകാംഗങ്ങളും ചുറ്റുപാടുമുള്ള ധാരാളം ആളുകളും പങ്കെടുക്കുകയുണ്ടായി.

ബഥനിയിൽ നടക്കുന്ന ആഘോഷ പരിപാടികൾ വെറും ആഘോഷ ങ്ങളായിമാത്രം പരിഗണിക്കപ്പെടുന്നില്ല. സമൂഹാംഗങ്ങൾ ഒന്നിച്ചുകൂടുന്ന തിനും പരസ്പരം കൂടുതൽ അറിയുന്നതിനും സൗഹൃദം പുലർത്തുന്നതി നുമുള്ള വേദികൾകൂടിയാണ് അവ. തന്നെയുമല്ല സഭയുടെ, ദേശത്തിന്റെ സാമൂഹ്യസാംസ്കാരികപൈതൃകങ്ങൾ വിലമതിക്കുന്നതിനും വ്യക്തിത്വ വളർച്ചയ്ക്കും ഇങ്ങനെയുള്ള പരിപാടികൾ സഹായകമെന്നും സന്ന്യാസ ത്തിൽ ഇവയൊന്നും നിഷിദ്ധമല്ലെന്നും സിസ്റ്റേഴ്സ് ബോദ്ധ്യപ്പെടുന്നതിന് ഉപകരിക്കുന്നു.



തിരുവനന്തപുരം പ്രോവിൻസ് സാരഥികൾ

പ്രൊവിൻഷ്യൽ മന്ദിരം



www.malankaralibrary.com

## തിരുവനന്തപുരം പ്രൊവിൻസ്

### മന്ദിരങ്ങളും സ്ഥാപനങ്ങളും, സ്ഥാപനക്രമമനുസരിച്ച്

| | | |
|---|---|---|
| 1. | നാലാഞ്ചിറ | 23-04-1936 |
| 2. | കായംകുളം | 02-10-1951 |
| 3. | കുണ്ടറ | 03-10-1960 |
| 4. | പിരപ്പൻ കോട് | 01-02-1964 |
| 5. | M.T.T.നാലാഞ്ചിറ | 18-06-1964 |
| 6. | മുഖത്തല | 26-06-1966 |
| 7. | കുറവൻകോണം | 09-07-1966 |
| 8. | പെരുമ്പുഴ | 03-08-1968 |
| 9. | കുരിയോട് | 28-05-1970 |
| 10. | അമ്പിലികോണം | 01-01-1971 |
| 11. | കല്ലുമല | 12-08-1974 |
| 12. | മദ്രാസ് | 03-11-1974 |
| 13. | കലയപുരം | 14-10-1978 |
| 14. | നാഗർ കോവിൽ | 06-04-1980 |
| 15. | പുത്തൂർ | 19-07-1980 |
| 16. | ചക്കമല | 18-02-1983 |
| 17. | കുളത്തുപ്പുഴ | 28-05-1985 |
| 18. | മുക്കംപാല | 29-07-1986 |
| 19. | കുമാരപുരം | 01-06-1988 |
| 20. | പുനലൂർ | 17-07-1988 |
| 21. | അംബർനാഥ്, ബോംബെ | 07-06-1990 |

www.malankaralibrary.com



22. വാളകം.......... 15-06-1991
23. ദുർഗ്.......... 03-07-1992
24. ബൊറിവ്‌ലി, ബോംബെ.......... 03-07-1992
25. വെളിയം.......... 27-11-1995
26. അംബൂരി.......... 27-05-1998
27. കുളപ്പട.......... 03-02-1999
28. സെക്കന്തരബാദ്.......... 09-10-1999
29. ന്യൂയോർക്ക്, അമേരിക്ക.......... 23-05-2000
30. മഞ്ഞക്കാലാ.......... 01-10-2000
31. തച്ചോട്ടുകാവ്.......... 21-05-2001
32. ചിരട്ടക്കോണം.......... 29-08-2001
33. മഞ്ചവിളാകം.......... 03-06-2002
34. കൈതക്കോട്.......... 04-08-2002
35. ഇളമാട്.......... 17-08-2002
36. കന്യാകുമാരി.......... 07-01-2003

## സ്ഥാപനങ്ങൾ

1. കന്യാകുമാരി, മലങ്കരഭവൻ.......... 01-05-1978
2. പ്രകൃതിചികിത്സാലയം, നാലാഞ്ചിറ.......... 01-05-1978
3. ചാല.......... 23-01-1979
4. ക്ലർജി ഹോം, കേശവദാസപുരം.......... 23-01-1979
5. മേജർ സെമിനാരി, നാലാഞ്ചിറ.......... 13-06-1983
6. റെയ്നാവ, ജർമ്മനി.......... 13-06-1983
7. മിലാൻ, ഇറ്റലി.......... 14-10-2000
8. ബിബിയാനോ, ഇറ്റലി.......... 14-06-2001



തിരുവനന്തപുരം പ്രൊവിൻസിൽ 1956 മുതൽ ഇന്നുവരെയുണ്ടായിട്ടുള്ള പ്രൊവിൻഷ്യൽ ഭരണസമിതികൾ.

**1956**

മദർ ബാസിം - പ്രൊവിൻഷ്യൽ സുപ്പീരിയർ
1. സിസ്റ്റർ ദനഹ - കൗൺസിലർ
2. സിസ്റ്റർ ശ്ലോമ്മോ - കൗൺസിലർ
3. സിസ്റ്റർ ഹഫീത്ത - പ്രൊക്കുറേറ്റർ

അടുത്ത ചാപ്റ്റർ പ്രത്യേകാനുവാദത്തോടെ 1960-ലാണു നടന്നത്

**1960**

മദർ ശ്ലോമ്മോ - പ്രൊവിൻഷ്യൽ സുപ്പീരിയർ
1. മദർ ഹനാനോ - കൗൺസിലർ
2. മദർ ദനഹ - കൗൺസിലർ
3. സിസ്റ്റർ ഫിലോമിന - കൗൺസിലർ & സെക്രട്ടറി
4. സിസ്റ്റർ ഹൻസോ - പ്രൊക്കുറേറ്റർ

**1962**

മദർ ശ്ലോമ്മോ - പ്രൊവിൻഷ്യൽ സുപ്പീര്യർ
1. സിസ്റ്റർ ദനഹ - കൗൺസിലർ
2. സിസ്റ്റർ ഫിലോമിന - കൗൺസിലർ & സെക്രട്ടറി
3. സിസ്റ്റർ ഹൻസോ - പ്രൊക്കുറേറ്റർ

**1965**

മദർ റസ്മ - പ്രൊവിൻഷ്യൽ സുപ്പീരിയർ
1. സിസ്റ്റർ ബാസിം - കൗൺസിലർ
2. സിസ്റ്റർ സ്കൊളാസ്റ്റിക്ക - കൗൺസിലർ & സെക്രട്ടറി
3. സിസ്റ്റർ ഹൻസോ - പ്രാക്കുറേറ്റർ

**1968** മുതൽ കൗൺസിലേഴ്സിന്റെ എണ്ണം നാലായി

മദർ മാക്സ - പ്രൊവിൻഷ്യൽ സുപ്പീരിയർ
1. മദർ ബാസിം - കൗൺസിലർ
2. സിസ്റ്റർ അൽഫോൻസ - കൗൺസിലർ

www.malankaralibrary.com



3. സിസ്റ്റർ റഹമ്മാസ് - കൗൺസിലർ
4. സിസ്റ്റർ ഫിലോമിന - കൗൺസിലർ

സിസ്റ്റർ റസ്മ - സെക്രട്ടറി
സിസ്റ്റർ ഹൻസോ - പ്രൊക്കുറേറ്റർ

**1971**

മദർ ശ്ലോമ്മോ - പ്രൊവിൻഷ്യൽ സുപ്പീര്യർ

1. സിസ്റ്റർ ഫിലോമിന - കൗൺസിലർ
2. സിസ്റ്റർ സ്തനിസ്ലാവ്സ് - കൗൺസിലർ
3. സിസ്റ്റർ അൽഫോൺസ - കൗൺസിലർ
4. സിസ്റ്റർ ഹെലേന - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ഹൻസോ - പ്രൊക്കുറേറ്റർ

**1774**

മദർ ശ്ലോമ്മോ - പ്രൊവിൻഷ്യൽ സുപ്പീര്യർ

1. സിസ്റ്റർ ഫിലോമിന - കൗൺസിലർ
2. സിസ്റ്റർ ഹെലേന - കൗൺസിലർ & സെക്രട്ടറി
3. സിസ്റ്റർ ഹാദൂസ - കൗൺസിലർ
4. സിസ്റ്റർ സൾഗ - കൗൺസിലർ

സിസ്റ്റർ ഹൻസോ - പ്രൊക്കുറേറ്റർ

**1977**

മദർ വിജയ - പ്രൊവിൻഷ്യൽ സുപ്പീരിയർ

1. സിസ്റ്റർ റഹമ്മാസ് - കൗൺസിലർ
2 സിസ്റ്റർ ശ്ലോമ്മോ - കൗൺസിലർ
3. സിസ്റ്റർ സ്തനിസ്ലാവ്സ് - കൗൺസിലർ & സെക്രട്ടറി
4. സിസ്റ്റർ ഹാദൂസ - കൗൺസിലർ

സിസ്റ്റർ ഹൻസോ - പ്രൊക്കുറേറ്റർ

**1980**

മദർ വിജയ - പ്രൊവിൻഷ്യൽ സുപ്പീര്യർ

1. സിസ്റ്റർ ശ്ലോമ്മോ - കൗൺസിലർ



2. സിസ്റ്റർ റഹമ്മാസ് - കൗൺസിലർ
3. സിസ്റ്റർ സ്തനിസ്ലാസ് - കൗൺസിലർ
4. സിസ്റ്റർ ഫെലിസിറ്റ - കൗൺസിലർ

സിസ്റ്റർ സെൽക്ക - സെക്രട്ടറി
സിസ്റ്റർ ബസിലിയ - പ്രൊക്കുറേറ്റർ

**1983**

മദർ ഫെലിസിറ്റ - പ്രൊവിൻഷ്യൽ സുപ്പീര്യർ

1. സിസ്റ്റർ വിജയ - കൗൺസിലർ
2. സിസ്റ്റർ ഹാദൂസ - കൗൺസിലർ
3. സിസ്റ്റർ സെൽക്ക - കൗൺസിലർ & സെക്രട്ടറി
4. സിസ്റ്റർ സ്കൊളാസ്റ്റിക്ക - കൗൺസിലർ

സിസ്റ്റർ ബസീലിയ - പ്രൊക്കുറേറ്റർ

**1986**

മദർ ഫെലിസിറ്റ - പ്രൊവിൻഷ്യൽ സുപ്പീര്യർ

1. സിസ്റ്റർ റഹമ്മാസ് - കൗൺസിലർ
2. സിസ്റ്റർ സ്തനിസ്ലാസ് - കൗൺസിലർ
3. സ്കൊളാസ്റ്റിക്ക - കൗൺസിലർ
4. സിസ്റ്റർ സെൽക്ക - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ബസീലിയ - പ്രൊക്കുറേറ്റർ

**1989**

മദർ റഹമ്മാസ് - പ്രൊവിൻഷ്യൽ സുപ്പീര്യർ

1. സിസ്റ്റർ അൽഫോൺസ - കൗൺസിലർ
2. സിസ്റ്റർ സ്തനിസ്ലാവ്സ് - കൗൺസിലർ
3. സിസ്റ്റർ മക്രീന - കൗൺസിലർ
4. സിസ്റ്റർ പാസ്ക്കൽ - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ബസീലിയ - പ്രൊക്കുറേറ്റർ

**1992**

മദർ റഹമ്മാസ് - പ്രൊവിൻഷ്യൽ സുപ്പീര്യർ

1. സിസ്റ്റർ അൽഫോൺസ - കൗൺസിലർ

www.malankaralibrary.com



2. സിസ്റ്റർ പാസ്ക്കൽ - കൗൺസിലർ & സെക്രട്ടറി
3. സിസ്റ്റർ ബർക്കുമാൻസ് - കൗൺസിലർ
4. സിസ്റ്റർ എയ്മാർഡ് - കൗൺസിലർ
സിസ്റ്റർ ബസീലിയ - പ്രൊക്കുറേറ്റർ

**1995**

മദർ അൽഫോൺസ - പ്രൊവിൻഷ്യൽ സുപ്പീര്യർ
1. സിസ്റ്റർ റഹമ്മാസ് - കൗൺസിലർ
2. സിസ്റ്റർ കാരുണ്യ - കൗൺസിലർ
3. സിസ്റ്റർ ബർക്കുമാൻസ് - കൗൺസിലർ
4. എയ്മാർഡ് - കൗൺസിലർ
സിസ്റ്റർ പാസ്ക്കൽ - സെക്രട്ടറി
സിസ്റ്റർ ആശിസ്സ് - പ്രൊക്കുറേറ്റർ

**1998**

മദർ റഹമ്മാസ് - പ്രൊവിൻഷ്യൽ സുപ്പീര്യർ
1. സിസ്റ്റർ ലൂമിന - കൗൺസിലർ
2. സിസ്റ്റർ കാരുണ്യ - കൗൺസിലർ
3. സിസ്റ്റർ ഏഴ്സല - കൗൺസിലർ
4. സിസ്റ്റർ ആർദ്ര - കൗൺസിലർ
സിസ്റ്റർ ധന്യ - സെക്രട്ടറി
സിസ്റ്റർ ആശിസ്സ് - പ്രൊക്കുറേറ്റർ

**2001**

മദർ ലൂമിനി - പ്രൊവിൻഷ്യൽ സുപ്പീര്യർ
1. സിസ്റ്റർ റഹമ്മാസ് - കൗൺസിലർ
2. സിസ്റ്റർ ഏഴ്സല - കൗൺസിലർ
3. സിസ്റ്റർ ഈഡിത്ത് - കൗൺസിലർ
4. സിസ്റ്റർ ബർക്കുമാൻസ് - കൗൺസിലർ
സിസ്റ്റർ ധന്യ - സെക്രട്ടറി
സിസ്റ്റർ ആശിസ്സ് - പ്രൊക്കുറേറ്റർ



## തിരുവനന്തപുരം അതിരൂപതയിൽ ബഥനി (23-4-1936)

1915 മുതൽ തടമൊരുക്കി 1925 ൽ മുളച്ച് വളരാനാരംഭിച്ച 'ബഥനി' വടവൃക്ഷത്തിന്റെ 1956 വരെയുള്ള ചരിത്രം വളരെ വിശദമായി ആദ്യഭാഗത്തു ചേർത്തിട്ടുണ്ട്. 1925 മുതൽ തിരുവല്ലയിൽ തിരുമൂലപുരത്ത് ഒറ്റത്തടിയായി വളർന്നുവന്ന ബഥനി 1936 ഏപ്രിൽ 23-ാം തീയതി തിരുവനന്തപുരത്ത് നാലാഞ്ചിറയിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു.

എന്നാൽ തിരുവല്ലരൂപതയിൽ സിസ്റ്റേഴ്സിന്റെ സേവനം തുടരേണ്ടത് അത്യാവശ്യമെന്ന് കണ്ടതിനാൽ അന്നുണ്ടായിരുന്നവരിൽ മൂന്നുപേരെ ജൂൺമാസത്തിൽ വീണ്ടും തിരുവല്ലയിലേക്കയക്കുകയായിരുന്നു. അങ്ങനെ 1936 ജൂൺ മുതൽ ബഥനി ഒന്നെങ്കിലും രണ്ടായി, രണ്ടുനേതൃത്വത്തിൽ വളരാനാരംഭിച്ചു. 20 വർഷത്തോളം രണ്ടു ഡയോസിസ്സൻ സമൂഹമായി ആ വളർച്ച തുടർന്നു.

1956 ൽ പൗരസ്ത്യ തിരുസംഘത്തിന്റെ നിർദ്ദേശാനുസരണം വന്ദ്യനായ അപ്പൊസ്തോലിക്ക് വിസിറ്റർ ബ. പ്ലാസിഡ് സി. എം. ഐ. അച്ചന്റെ സാന്നിദ്ധ്യസഹകരണത്തിൽ സമൂഹം ഒന്നാണെന്ന ബോദ്ധ്യം ആഴപ്പെടുത്തുന്ന പഠനങ്ങളും ചർച്ചകളും നടന്നു. അതിന്റെ ഫലമായി ചെങ്ങന്നൂർ ബഥനിമഠത്തിൽവച്ച് 1956 ഓഗസ്റ്റ് 21 ന് നടന്ന സമൂഹങ്ങളുടെ സംയുക്ത സമ്മേളനത്തിൽ തിരുവനന്തപുരം 'ബഥനി' യുടെ ഒരു പ്രൊവിൻസായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി.

## തിരുവനന്തപുരം പ്രൊവിൻസിന്റെ ആദ്യഭാരവാഹികളുടെ തിരഞ്ഞെടുപ്പും സംവിധാനങ്ങളും

1956 ഓഗസ്റ്റ് 22 ന് സംയുക്ത സമ്മേളനത്തിന്റെ തുടർച്ചയായിത്തന്നെ ചെങ്ങന്നൂർ മഠത്തിൽവച്ച് ബഹു. പ്ലാസിഡ് സി. എം. ഐ. അച്ചന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം പ്രൊവിൻസ് അംഗങ്ങൾ ഒന്നിച്ചുകൂടി തിരഞ്ഞെടുപ്പു നടത്തി. മദർ ബാസിം പ്രൊവിൻഷ്യൽ സുപ്പീര്യറായും മദർ ദനഹ, മദർ ശ്ലോമ്മോ എന്നിവർ യഥാക്രമം ഒന്നും രണ്ടും കൗൺസിലേഴ്സായും സിസ്റ്റർ ഹഫീത്ത ഗീസാബ്രാ (Procurator)യായും തിരഞ്ഞെടുക്കപ്പെട്ടു.

ആദ്യകാലങ്ങളിൽ മദർ പ്രൊവിൻഷ്യൽതന്നെ പ്രൊവിൻഷ്യൽ മന്ദിരത്തിന്റെ സുപ്പീര്യറായിരുന്നു. എന്നാൽ കാലക്രമത്തിൽ മന്ദിരത്തിൽ അംഗസംഖ്യ വർദ്ധിക്കുകയും പ്രവർത്തനവേദികൾ വിപുലമാവുകയും ചെയ്തപ്പോൾ മന്ദിരത്തിന്റെ തനതുകാര്യങ്ങൾക്കു നേതൃത്വംനല്കുന്നതിനായി ഒരു

www.malankaralibrary.com



ലോക്കൽ സുപ്പീര്യറിനെയും രണ്ടു ലോക്കൽ കൗൺസിലേഴ്സ്, പ്രൊക്കുറേറ്റർ എന്നിവരെയും പ്രൊവിൻഷ്യൽ കൗൺസിൽ തിരഞ്ഞെടുത്തു. അങ്ങനെ 1958 മുതൽ ഒരു ലോക്കൽ മന്ദിരത്തിന്റെ സ്വഭാവവും പ്രൊവിൻഷ്യൽ മന്ദിരത്തിനുണ്ടായി. 12 വർഷങ്ങളോളം നിലനിന്ന ഭരണഘടനയുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ലോക്കൽ ഹൗസിന്റെ സാന്നിദ്ധ്യവും ലോക്കൽ ഭരണസമിതിയും 1970 ഓടുകൂടി നിർത്തലാക്കി. മദർ പ്രൊവിൻഷ്യൽതന്നെ പ്രൊവിൻഷ്യൽ ഹൗസ് സുപ്പീര്യറായിരിക്കണമെന്നു തീരുമാനിക്കുകയും മദറിന്റെ ജോലിഭാരം കുറയ്ക്കാനായി 1970 മുതൽ ഭരണകാര്യങ്ങളിൽ മദറിന്റെ സഹായി എന്നനിലയിൽ ഒരു ഇൻ-ചാർജ്ജ് നിയമിതയാവുകയുംചെയ്തു. ആ രീതിതന്നെ ഇപ്പോഴും തുടരുന്നു.

മലങ്കരയെയും പ്രത്യേകിച്ച് ബഥനി മിശിഹാനുകരണ സന്ന്യാസിനീ സമൂഹത്തെയും സ്നേഹിക്കയും അതിന്റെ വളർച്ചയിൽ സന്തോഷിക്കയും ചെയ്തിരുന്നു ഗുണകാംക്ഷികളിൽ ഒരാളായിരുന്നു, പരേതനായ ജഡ്ജി ശ്രീ മുത്തുനായകത്തിന്റെ മകൾ മിസ് ഡെയ്സി മുത്തുനായകം. നാലാഞ്ചിറയിൽ മഠത്തിന്റെ സ്ഥലത്തോടുചേർത്ത് ഒരേക്കർ സ്ഥലവും ഒരു ഡിസ്പൻസറിയും ഒരു ഗ്രോട്ടോ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായവും മിസ് ഡെയ്സി മുത്തുനായകം നല്കുകയുണ്ടായി. മലങ്കര സഭാപരാമ്പര്യത്തിൽ ഗ്രോട്ടോയ്ക്കു വലിയ സ്ഥാനമില്ലാത്തതിനാലായിരിക്കാം അന്ന് പണി നടന്നില്ല. എങ്കിലും മഠത്തോടനുബന്ധിച്ചു ഒരു ഡിസ്പസൻസറി നടന്നിരുന്നു. 1960 വരെയും നടന്നിരുന്ന ആതുരസേവനം ക്രമേണ ഇല്ലാതാവുകയായിരുന്നു.

സമൂഹസംയോജനസമയത്ത് തിരുവനന്തപുരം പ്രൊവിൻസിന് 29 നിത്യവ്രതസ്ഥരും 30 തല്ക്കാലവ്രതസ്ഥരും '6' ശാഖാമന്ദിരങ്ങളുമാണുണ്ടായിരുന്നത്. എന്നാൽ 2001 ഡിസംബറിൽ 197 നിത്യവ്രതസ്ഥരും 48 തത്ക്കാലവ്രതസ്ഥരും ഉൾപ്പെടെ 245 സിസ്റ്റേഴ്സും 30 മന്ദിരങ്ങളും 8 സ്ഥാപനങ്ങളും ഇന്നു തിരുവനന്തപുരത്തിനുണ്ട്. ഒരു പ്രൊവിൻസിന്റെ ആദ്ധ്യാത്മികവും ബാഹ്യവുമായ വളർച്ച അംഗങ്ങളെ(സിസ്റ്റേഴ്സിനെ) ആശ്രയിച്ചാണിരിക്കുന്നതെന്ന യാഥാർത്ഥ്യം മറക്കാനാവുന്നതല്ല. അതുപോലെതന്നെ സമൂഹത്തിന്റെ വളർച്ച പ്രൊവിൻസുകളെ ആശ്രയിച്ചിരിക്കുന്നു എന്നതും ഓർക്കേണ്ടതുണ്ട്. 1956 മുതലുള്ള എല്ലാ ത്രിവത്സരങ്ങളിലും പ്രൊവിൻഷ്യൽ സിനാക്സിസ് നടന്നിട്ടുണ്ട്. സിനാക്സിസുകളിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നേതൃനിരകൾ പ്രൊവിൻസിന്റെയും



അതുവഴി സമൂഹത്തിന്റെയും സമഗ്രവളർച്ചയ്ക്ക് അക്ഷീണം യത്നിച്ചിട്ടുള്ളവരാണ്. 1959 ൽ നടക്കേണ്ടിയിരുന്ന രണ്ടാം പ്രൊവിൻഷ്യൽ സിനാക്സിസ്സ് പ്രത്യേക അനുവാദത്തോടെ 1960 ഏപ്രിൽ 19 നാണു നടന്നത്.

## പ്രൊവിൻസിന്റെ നേരിട്ടുള്ള പ്രവർത്തനങ്ങൾ

നാലാഞ്ചിറയിൽനിന്നും മൂന്നു കിലോമീറ്ററോളം അകലത്തിൽ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ തന്നെയുള്ള ഒരു ഗ്രാമപ്രദേശമാണ് അരുവിയോട്. 1936 മുതൽ ഒരു യു. പി സ്കൂൾ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. കാര്യമായ യാത്രാസൗകര്യങ്ങളോ ബസ്സ് സൗകര്യമോ ഇല്ലാതിരുന്ന അരുവിയോട് സെന്റ് റീത്താസ് യു. പി. സ്കൂളിലേക്ക് നാലാഞ്ചിറ മഠത്തിൽനിന്നും സിസ്റ്റേഴ്സ് നടന്നാണു പൊയ്ക്കൊണ്ടിരുന്നത്. സിസ്റ്റർ ഹഫീത്ത ആയിരുന്നു ആദ്യത്തെ സിസ്റ്റർ അദ്ധ്യാപിക. നാലാഞ്ചിറ മഠത്തിൽ അർത്ഥിനികളായി വരുന്നവരെയും ഗവർമെന്റു ലൈസൻസോടുകൂടെ ഇവിടെ അദ്ധ്യാപികമാരായി നിയമിച്ചിരുന്നു. ഒരു വെറും കുഗ്രാമമായിരുന്ന അരുവിയോട് സെന്റ് റീത്താസ് യു.പി സ്കൂൾ തണലിൽ വളരെയധികം വളർന്നു, ഇന്നും വളർന്നു കൊണ്ടിരിക്കുന്നു. നല്ലനിലവാരം പുലർത്തുന്ന ഒരു യു. പി. സ്കൂളായി അരുവിയോടിന്റെ ഐശ്വര്യമായി സെന്റ് റീത്താസ് നിലകൊള്ളുന്നു.

നാലാഞ്ചിറ പ്രൊവിൻഷ്യൽ മന്ദിരത്തോടനുബന്ധിച്ചു നടത്തുന്ന വളരെ പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ് സെന്റ് ഗൊരേറ്റീസ് ഹൈസ്കൂൾ, എൽ. പി. സ്കൂൾ, നഴ്സറിസ്കൂൾ, അതിനടുത്തുതന്നെയുള്ള ക്രഷ്, നഴ്സറി, കട്ടിംഗ്, ടെയ്ലറിംഗ് സെന്റർ ഇവ എല്ലാം ചേർന്ന ചെറുപുഷ്പം ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ 1955 ൽ പ്രോവിൻഷ്യൽ മന്ദിരത്തിന്റെ കോമ്പൗണ്ടിൽ തന്നെ ഇപ്പോഴത്തെ സെമിത്തേരി സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു ഷെഡ്ഡുകെട്ടി അവിടെയാണ് സെന്റ് ഗൊരേറ്റീസ് സ്കൂളിന്റെ ആരംഭ ക്ലാസ്സുകൾ നടത്തിയത്. 1956 ആയപ്പോഴേക്കും സ്കൂളിനുവേണ്ടി ഒരു രണ്ടു നിലകെട്ടിടം (ഇന്നത്തെ കെട്ടിടസമുച്ചയത്തിന്റെ ആദ്യഭാഗം) പൂർത്തിയാക്കി സ്കൂൾ അവിടേക്കുമാറ്റി. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനോടുകൂടി കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടവരിൽ ഒരുവനായ യാക്കോബു ശെമ്മാശനാണ് ഫാദർ സെറാഫിയോൻ. സെന്റ് ഗൊരേത്തിയോടനുബന്ധിച്ചുള്ള എല്ലാ കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് നേതൃത്വം നൽകിയത് അദ്ദേഹമാണ്. തിരുവന്തപുരം നഗരത്തിൽ നിന്നും വിട്ടുനിൽക്കുന്ന നാലാഞ്ചിറ കുന്നിന്റെ നെറുകയിൽ മാർ ഇവാനിയോസ് കോളേജും അതിന്റെ എതിഭാഗം കുന്നിൽ സെന്റ് ഗൊരേറ്റിയും ആയിരുന്നു നാലാഞ്ചിറ ഗ്രാമത്തിലെ ആദ്യ

www.malankaralibrary.com



വിദ്യാക്ഷേത്രങ്ങൾ. അരുവിയോട് സെന്റ് റീത്താസ് യു. പി. ക്ലാസ്സുകൾ പാസ്സായിവരുന്ന പെൺകുട്ടികൾക്കും നാലാഞ്ചിറ ഗ്രാമത്തിലെ സാധാരണക്കാരായ കുട്ടികൾക്കും ഹൈസ്കൂൾ വിദ്യാഭ്യാസം സുഗമമാക്കിക്കൊടുക്കുന്ന സെന്റ് ഗൊരേറ്റീസ് ഹൈസ്കൂൾ നാലാഞ്ചിറയുടെയും സമീപ പ്രദേശങ്ങളുടെയും അനുഗ്രഹമാണെന്നു പറയുന്നതിൽ ഒട്ടും തന്നെ അതിശയോക്തിയില്ല. ആനുകാലികമായ എല്ലാ സംസ്കാരപുരോഗതിയും കൈവരിച്ചിരിക്കുന്ന സെന്റ് ഗൊരേറ്റീസ് സ്കൂൾ ഡിസ്ട്രിക്ടിൽ ഏറ്റം നല്ല സ്കൂളുകളിൽ ഒന്നായി എണ്ണപ്പെടുകയും 1969 ൽ സ്കൂൾ ഹെഡ്മിസ്ട്രസ്സായിരുന്ന സിസ്റ്റർ ഫിലോമിന (ബഥനിയുടെ 1992 മുതൽ മദർ ജനറൽ) നാഷണൽ അദ്ധ്യാപക അവാർഡിന് അർഹയായി ത്തീരുകയും ചെയ്തു. സ്കൂളിനെ ഇന്നത്തെ നിലയിൽ എത്തിച്ചതിന്റെ പിന്നിൽ നിസ്വാർത്ഥവും ത്യാഗപൂർണവുമായ സേവനം കാഴ്ചവച്ച എല്ലാ പ്രഥമാദ്ധ്യാപികമാരും സിസ്റ്റേഴ്സുൾപ്പെട്ട അദ്ധ്യാപികമാരും അനദ്ധ്യാപകരും വിദ്യാർത്ഥികളും പ്രശംസ അർഹിക്കുന്നു.

1960 ലാണ് ക്രഷിന്റെ ആരംഭം. പ്രൊവിൻഷ്യൽ മന്ദിരത്തിനു സമീപ പ്രദേശങ്ങളിലുള്ള പാവപ്പെട്ട തൊഴിലാളിസ്ത്രീകൾക്ക് തൊഴിൽ രംഗങ്ങളിലേക്ക് സ്വതന്ത്രമായി പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക എന്നതായിരുന്നു ക്രഷിന്റെ സ്ഥാപനോദ്ദേശ്യം. മൂന്നു നാലു മാസം പ്രായമായ തൊട്ടിൽ ശിശുക്കൾ മുതൽ മൂന്നുവയസ്സുവരെയുള്ള കുഞ്ഞുങ്ങളെ രാവിലെ 8.30 മുതൽ വൈകിട്ടു 5 മണിവരെ സൂക്ഷിച്ച് സംരക്ഷിക്കുന്ന ഒരു പരിപാടിയാണ് ക്രഷ്. ഇതിനായി ആദ്യം നിയോഗിക്കപ്പെട്ടത് സിസ്റ്റർ മാർഗ്ഗരറ്റായിരുന്നു. സിസ്റ്ററിനെ സഹായിക്കുന്നതിന് ഒരു ആയയും നിയമിക്കപ്പെട്ടിരുന്നു. ക്രഷിൽ വരുന്ന കുട്ടികളുടെ ഭാവിയെ കരുതി ക്രഷിനോടനുബന്ധിച്ച് ഒരു ബാലവാടിയും 1968 ൽ ആരംഭിക്കുകയുണ്ടായി. കൂടാതെ അവിടെത്തന്നെ ഒരു തയ്യൽപരിശീലനകേന്ദ്രവും ആരംഭിച്ചു. ഇതിന്റെയെല്ലാം നടത്തിപ്പിനാവശ്യമായ സാമ്പത്തിക ഭദ്രതയും ഗവൺമെന്റ് ഗ്രാന്റും ലഭ്യമാക്കുന്നതിന് ഏറെ പരിശ്രമിക്കയും ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്തത് സിസ്റ്റർ ഫിലോമിന (ഇന്നത്തെ മദർ ജനറൽ) ആണ്. ഈ സ്ഥാപനങ്ങളുടെ ഇന്നത്തെ നിലയിലുള്ള പുരോഗമനത്തിനും വളർച്ചയ്ക്കും കാരണക്കാരായ സിസ്റ്റേഴ്സ് ചിലരുണ്ട്. ഇപ്പോൾ അതിന്റെ നിലനിൽപിനും പുരോഗതിക്കുംവേണ്ടി അക്ഷീണം യത്നിക്കുന്ന സിസ്റ്റർ എലിശുബാ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. സ്ത്രീജനോദ്ധാരണാർത്ഥം ആരംഭിച്ചിട്ടുള്ള ക്രഷും നഴ്സറിയും തയ്യൽക്ലാസ്സും നാലാഞ്ചിറയിലും സമീപ പ്രദേശങ്ങളിലുമുള്ള ധാരാളം തൊഴിലാളികൾക്കും യുവതികൾക്കും



ആലംബവും ആശ്വാസവുമായി നിലനില്ക്കുന്നു. തിരുവനന്തപുരം പ്രൊവിൻസിൽ ക്രമേണ അംഗസംഖ്യ ഉയരുകയും പ്രവർത്തനവേദികൾ വിപുലമാവുകയും ചെയ്തതനുസരിച്ച് താമസസൗകര്യങ്ങളും കെട്ടിട വിസ്തൃതിയും ആവശ്യമായിത്തീർന്നു. ഓരോരോ കാലങ്ങളിൽ കെട്ടിടം പുതുക്കിയും കൂട്ടിച്ചേർത്തും ക്രമീകരണങ്ങൾ പലതു നടന്നു. അതിൽ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ് 1960 ൽ പൂർത്തിയായ നൊവീഷ്യേറ്റു കെട്ടിടവും 1962 ൽ പണിതീർത്ത പുതിയ ചാപ്പലും ചാപ്പലിനോടുചേർന്നു നിശ്ചയിക്കപ്പെട്ടിരുന്ന സെമിത്തേരിക്ക് മതിൽ ഉണ്ടാക്കുകയും സെമിത്തേരിയുടെ പടിഞ്ഞാറുഭാഗത്ത് പുതിയ കുറെ സെല്ലുകൾ നിർമ്മിക്കുകയും ചെയ്തു. 2000-ാമാണ്ടോടുകൂടി സെമിത്തേരി കുറെക്കൂടെ പരിഷ്കരിക്കുകയും ചെയ്യുകയുണ്ടായി.

കൂടാതെ 1992 ൽ മദർ റഹമ്മാസ് പ്രൊവിൻഷ്യലായിരുന്ന കാലത്ത് പ്രൊവിൻഷ്യൽ മന്ദിരത്തോടുചേർത്ത് മൂന്നുനിലയിൽ സാമാന്യം സൗകര്യപ്രദമായ ഒരു കെട്ടിടം പണികഴിപ്പിച്ചു. പ്രായാധിക്യത്താലും ചികിത്സാനന്തര വിശ്രമത്തിനും ആവശ്യംവരുന്ന സിസ്റ്റേഴ്സിന് ശാന്തമായി വിശ്രമിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലുള്ള മുറികളിലുണ്ട്. കൂടാതെ സിസ്റ്റേഴ്സിന് സ്വസ്ഥമായിരുന്നു പ്രാർത്ഥിക്കുന്നതിനുള്ള ഒരു ചാപ്പലും ക്രമീകരിച്ചിട്ടുണ്ട്. പ്രൊവിൻഷ്യൽ മന്ദിരത്തിൽവച്ചു നടക്കുന്ന ധ്യാനം, സെമിനാറുകൾ, ക്ലാസ്സുകൾ, കോഴ്സുകൾ മുതലായവ സൗകര്യപ്രദമായി നടത്തുന്നതിനുള്ള ഹോളുകൾ, കൂടുതലായിവരുന്ന സിസ്റ്റേഴ്സിനുള്ള താമസസൗകര്യങ്ങൾ ഇവയെല്ലാം രണ്ടും മൂന്നും നിലകളിൽ ശരിയാക്കിയിട്ടുണ്ട്.

ഇവയ്ക്കെല്ലാം പുറമെ മൂന്നാംനിലയുടെ കേന്ദ്രഭാഗത്തായി പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഒരു മുറി പ്രത്യേക ശ്രദ്ധയർഹിക്കുന്നു. "സ്മരണാഞ്ജലി" എന്ന പേരിൽ വേർതിരിക്കപ്പെട്ടിരിക്കുന്ന ഈ മുറി ബഥനിയുടെ സ്ഥാപകപിതാവായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ പാവനസ്മരണ നിലനിർത്തുന്നതിനും സജീവമാക്കുന്നതിനുമായി ഒരുക്കിയിരിക്കുന്നതാണ്. വന്ദ്യപിതാവ് മഠം സന്ദർശിക്കുന്നതിനെത്തുമ്പോൾ ഉപയോഗിച്ചിരുന്ന കസേര (എന്നും അതുതന്നെ ഉപയോഗിച്ചിരുന്നു) പിതാവിന്റെ ചില നിത്യോപയോഗവസ്തുക്കൾ, പള്ളിയിലുപയോഗിച്ചിരുന്ന തിരുവസ്ത്രങ്ങൾ, മത്തങ്ങത്തൊപ്പി, പലരിൽ നിന്നും ശേഖരിച്ചിട്ടുള്ള പിതാവിന്റെ കത്തുകൾ എന്നിങ്ങനെയുള്ള പൂജ്യവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന ഇടമാണ് 'സ്മരണാഞ്ജലി'.

www.malankaralibrary.com



പ്രൊവിൻഷ്യൽ മന്ദിരാംഗങ്ങളായി നിയമിക്കപ്പെടുന്ന സിസ്റ്റേഴ്സ് വിദ്യാഭ്യാസപരിപാടികൾക്കു പുറമെ അടുത്തുള്ള ഇടവകകളിൽ മിഷ്യൻ പ്രവർത്തനത്തിലും ഏർപ്പെടുന്നു. കൂടാതെ ജയിൽ മിനിസ്ട്രിയുടെ ഭാഗമായി തിരുവനന്തപുരത്ത് മൺവിളയിലുള്ള 'സ്നേഹഭവന' മെന്ന പുനരധിവാസ കേന്ദ്രവും നടത്തുന്നുണ്ട് ഇതരജയിലുകളും മാസത്തിൽ ഒരുപ്രാവശ്യ മെങ്കിലും സന്ദർ ശിക്കുകയും ക്ലാസ്സുകൾ ക്രമീകരിക്കയും കലാപരിപാടികൾ സംഘടിപ്പിച്ച് അവർക്കു സന്തോഷം പകരുകയും ലഘുഭക്ഷണം വിതരണം ചെയ്യുകയും ചെയ്യുന്നു.

1936 മുതൽ 1956 വരെയും 1956 ൽ പ്രൊവിൻസായശേഷവും തിരുവനന്തപുരം 'ബഥനി' യിൽ അധികാരസ്ഥാനത്തെത്തിയിട്ടുള്ള എല്ലാ മദേഴ്സും കൗൺസിലേഴ്സും സിസ്റ്റേഴ്സും പ്രൊവിൻസിന്റെ ഇന്നത്തെ നിലയ്ക്ക് കാരണക്കാരാണ്. അവരുടെ ത്യാഗോജ്ജ്വലജീവിതസാക്ഷാത് ക്കാരമാണ് ഇന്നത്തെ തിരുവനന്തപുരം പ്രൊവിൻസ്.

1998 ലെ ജനറൽ സിനാക്സിൽ വച്ച് തിരുവനന്തപുരം പ്രൊവിൻസ് വിഭജിക്കപ്പെട്ട് പത്തനംതിട്ട പ്രൊവിൻസിനു രൂപംനല്കി. പ്രൊവിൻസിൽ അന്നുണ്ടായിരുന്ന നിത്യവ്രതസ്ഥരിൽ 82 സിസ്റ്റേഴ്സും തത്ക്കാലവ്രത സ്ഥരിൽ 32 പേരും ഉൾപ്പടെ 114-സിസ്റ്റേഴ്സ് പത്തനംതിട്ട പ്രൊവിൻസ് ഓപ്റ്റ് ചെയ്ത് അംഗത്വം സ്വീകരിച്ചു. മന്ദിരങ്ങളും വിഭജിക്കുകയുണ്ടായി. 20 മന്ദിരങ്ങളും രണ്ടു സ്ഥാപനങ്ങളും (working area) പത്തനംതിട്ടയ്ക്കായി വേർതിരിച്ചു.

വിഭജനശേഷം തിരുവന്തപുരത്തിനുണ്ടായിരുന്നതും തുടർന്ന് പുതു തായി സ്ഥാപിക്കപ്പെട്ടതുമായ മന്ദിരങ്ങളുടെയും സ്ഥാപനങ്ങളുടെയും സംക്ഷിപ്തചരിത്രം തുടർന്നു വായിക്കാം.

**2. കായംകുളം ബഥനിമഠം (2-10-1951)**

ആലപ്പുഴ - 690 592

ആലപ്പുഴ ജില്ലയിൽ ആലപ്പുഴ കൊല്ലം ഹൈവേയിൽ ഹരിപ്പാടുകഴിഞ്ഞ് കായംകുളത്ത് ബസ്സ് സ്റ്റേഷനുസമീപമാണ് ബഥനി മഠം. ചെട്ടികുളങ്ങര ശ്രീ. എ. എൻ. പി. നായരുടെ മാനേജ്മെന്റിൽ കായംകുളത്ത് 'കാട്ടിൽ പള്ളിക്കൂടം' എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു ഹൈസ്കൂളാണ് ഇവിടെ മഠമുണ്ടാകാൻ കാരണം എന്നുപറയാം. മാനേജ്മെന്റിന് സ്കൂൾനടത്തിപ്പ് ഭാരമായി ത്തീർന്നതോടെ അതുവില്ക്കുന്നതിന് ആലോചനയുണ്ടായി. ഇക്കാര്യം വിദ്യാഭ്യാസകാര്യങ്ങളിൽ അതീവശ്രദ്ധാലുവായിരുന്ന അഭിവന്ദ്യ



മാർ ഈവാനിയോസ് പിതാവിന്റെ ശ്രദ്ധയിലെത്തി. സ്കൂൾ വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിലായിരുന്നു. വാങ്ങിക്കഴിഞ്ഞപ്പോഴാണ് വിദ്യാഭ്യാസ നടപടികൾ അവിടെ ഒരു കുത്തഴിഞ്ഞ പുസ്തകംമാതിരിയാണെന്ന് വന്ദ്യപിതാവ് മനസ്സിലാക്കുന്നത്. ഇതൊരു പെൺപള്ളിക്കൂടമായതിനാലും നങ്ങ്യാർകുളങ്ങരമഠത്തിനടുത്തായതിനാലും സിസ്റ്റേഴ്സിന്റെ ചുമതലയിൽ ഏല്പിക്കുന്നത് അതിന്റെ പുരോഗതിക്കുപകരിക്കുമെന്നും സിസ്റ്റേഴ്സിന് അവിടെയൊരു ആസ്ഥാനമാകുമെന്നും വന്ദ്യപിതാവ് കണക്കുകൂട്ടി.

1951 ജൂൺ മാസം 6-ാം തീയതി മദർ ദനഹ, സിസ്റ്റർ റസ്മ, സിസ്റ്റർ ഹനിയ എന്നിവർ കായംകുളം സ്കൂളിലേക്കു നിയോഗിക്കപ്പെട്ടു. സിസ്റ്റേഴ്സ് വരുമ്പോൾ അവർക്കെതിരായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചിലർ കുട്ടികൾക്കു കൊടുത്തിരുന്നു. വിവരമറിയാതെ തങ്ങൾക്ക് നിർദ്ദേ ശിച്ചിരുന്ന ക്ലാസ്സുകളിലേക്ക് സിസ്റ്റേഴ്സ് ചെന്നുകയറി. വളരെ തന്മയത്വ ത്തോടെ സിസ്റ്റേഴ്സിന് സുപ്രഭാതം ആശംസിച്ച കുട്ടികൾ വരിയായി പുറത്തേക്കിറങ്ങി സിസ്റ്റേഴ്സിനെതിരായി മുദ്രാവാക്യം മുഴക്കിയപ്പോഴാണ് സംഗതി ശുഭമല്ല എന്ന് അറിയുന്നത്. സ്കൂൾ കോമ്പൗണ്ടിൽ തന്നെയുള്ള ഒരു കെട്ടിടത്തിൽ താമസിച്ചിരുന്നവർ സിസ്റ്റേഴ്സിന്റെ ചുമതലയിൽ സ്കൂൾ വിട്ടുകൊടുക്കുന്നതിന് തയ്യാറായില്ല. എന്നു മാത്രമല്ല, കടുത്ത എതിർപ്പും വിദ്വേഷവും പ്രകടിപ്പിക്കുന്നതിന് കുട്ടികളെ ദിവസവും ഒരുക്കുകയും ചെയ്തി രുന്നു എന്ന് അടുത്ത ദിവസങ്ങളിൽ നടന്ന സംഭവങ്ങൾ വ്യക്തമാക്കി. വലിയ സംഘർഷാവസ്ഥയിലേക്ക് സ്കൂളിനെ നയിക്കുന്നതിന് ഇത് ഇടയാക്കി.

ഈ അവസ്ഥയിൽ നിന്നും സ്കൂളിനെ രക്ഷിക്കുന്നതിനും സിസ്റ്റേഴ് സിന്റെ നില സുരക്ഷിതമാക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾക്കായി അന്ന് സ്കൂളിന്റെ ലോക്കൽ മാനേജരായിരുന്ന ബ. സി. റ്റി. കുരുവിളയച്ചനെയും പന്തളം മലഞ്ചരുവിൽ മത്തായി സാറിനെയും അഭിവന്ദ്യപിതാവ് നിയോഗിച്ചു. മത്തായിസാർ തന്റെ അദ്ധ്യാപകവൃത്തി രാജിവച്ച് മലങ്കരകത്തോലിക്കാ സഭയുടെ ആരംഭകാലത്തെ ശുശ്രൂഷകനായി വന്ദ്യപിതാവിന്റെ വലംകൈ യായി പ്രവർത്തിച്ചിരുന്ന അല്മായനായിരുന്നു. സിസ്റ്റേഴ്സ് നങ്ങ്യാർകുളം മഠത്തിൽ താമസിച്ചുകൊണ്ട് ദിവസവും സ്കൂളിൽ എത്തിയിരുന്നു. ജൂൺ അവസാനത്തിൽ നിവൃത്തിയില്ലാതെ മദർ ദനഹയും സിസ്റ്റർ റസ്മയും ചെങ്ങന്നൂർ മഠത്തിലേക്കും സിസ്റ്റർ ഹനിയ തിരുവനന്തപുരത്തേക്കും തിരിച്ചുപോയി. പകരം മദർ മാക്സാ, സിസ്റ്റേഴ്സ് സെമഹ, തൈബൂസ് എന്നിവർ സ്കൂളിൽ നിയമിതരായി. സെപ്റ്റംബർ അവസാനമായപ്പോഴേക്കും സ്ഥിതിഗതികൾ ശാന്തമായി.

www.malankaralibrary.com



1951 ഒക്ടോബർ 2 ന് സിസ്റ്റേഴ്സ് സ്കൂൾ കോമ്പൗണ്ടിലുള്ള കെട്ടിടത്തിൽ താമസമാക്കി. സിസ്റ്റർ ബ്രൂക്സ ഹൗസിലെ കാര്യങ്ങൾ നോക്കുന്നതിനായി എത്തിച്ചേർന്നു. സ്കൂൾ കോമ്പൗണ്ടിലുണ്ടായിരുന്ന മറ്റൊരു കെട്ടിടത്തിൽ മത്തായി സാറും സഹായികളായി മൂന്നുപേരും പ്യൂണായി നിയമിച്ചിരുന്ന ചേപ്പാട്ടുസ്വദേശി ശ്രീ ഫിലിപ്പോസ്സും താമസിച്ചിരുന്നു. വിദ്യാഭ്യാസ ഓഫീസറായിരുന്ന റിട്ടയർഡ് ഡി.ഇ.ഒ. ചേപ്പാട്ട് ഞാപ്പള്ളിൽ വറുഗീസ് സാറിനെ ഹെഡ്മാസ്റ്റർ പോസ്റ്റിലേക്ക് വന്ദ്യപിതാവു നിയോഗിച്ചു. 1951 ൽ സിസ്റ്റർ ഹെലേന ക്ലാർക്കായി നിയമിക്കപ്പെട്ടു. ക്ലാസ്സ്ബഹിഷ്ക്കരണവും അസമാധാനസാഹചര്യങ്ങളും സൃഷ്ടിക്കുന്നതിൽ മുൻകൈയെടുത്തിരുന്ന അന്നത്തെ എസ്.എസ്.എൽ.സി. കുട്ടികൾ 35 പേർ പബ്ലിക് പരീക്ഷ എഴുതിയതിൽ അഞ്ചുപേർ മാത്രമാണ് പാസ്സായത് എന്നറിയുമ്പോൾ അവിടെയുണ്ടായ വൈകൃതങ്ങൾ കുട്ടികളെ എങ്ങനെ ബാധിച്ചു എന്ന് സ്പഷ്ടമാകുന്നു.

1954 ൽ വറുഗീസ്സാർ ഹെഡ്മാസ്റ്റർ സ്ഥാനത്തുനിന്നു വിരമിക്കുകയും മദർ ദനഹ ഹെഡ്മിസ്ട്രസ്സായി നിയമിതയാവുകയും ചെയ്തു. മദർ മാക്സ സുപ്പീര്യറും സിസ്റ്റേഴ്സ് ബ്രൂക്സ, സെമഹ, തൈബൂസ്, ഹെലേന എന്നിവർ അംഗങ്ങളുമായിരുന്നു. ഒരു മഠത്തിനുണ്ടായിരിക്കേണ്ട സാമാന്യ സൗകര്യങ്ങൾ പോലും ഈ മഠത്തിനുണ്ടായിരുന്നില്ല. മൂന്നുനേരത്തെ ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടേണ്ടിവന്ന സാഹചര്യങ്ങൾ അന്നത്തെ സാമ്പത്തിക ദുഃസ്ഥിതി വെളിവാക്കുന്നു. ഇങ്ങനെയുള്ള ദരിദ്രാവസ്ഥ ബഥനിക്കു പുതുമയല്ല എന്നും തിരുവല്ലയിൽ വച്ച് പുനരൈക്യശേഷം അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങളുടെ ഓർമ്മ പുതുക്കലാണ് ഇപ്പോഴുള്ളതെന്നും ബോദ്ധ്യപ്പെട്ട സിസ്റ്റേഴ്സിന് ഈ ഇല്ലായ്മയും കുറവുകളും പരാതികൾക്കോ അസംതൃപ്തിക്കോ കാരണമായില്ല. കേരളത്തിലും ഭാരതത്തിലും ദാരിദ്ര്യമനുഭവിക്കുന്ന സഹോദരങ്ങളോട് കൂറുപുലർത്താനൊരവസരമെന്നും ദാരിദ്ര്യം ഭാഗ്യമാണെന്നും പഠിപ്പിച്ച ഗുരുനാഥനെ അനുകരിക്കുകയും അനുഗമിക്കയുംചെയ്യാൻ വ്രതമെടുത്ത സിസ്റ്റേഴ്സിന് നിറഞ്ഞ സന്തോഷവും സംതൃപ്തിയുമായിരുന്നു.

മഠമായുപയോഗിച്ചിരുന്ന വീടിന്റെ ഒരു ചാർത്താണ് ചാപ്പലാക്കിയത് ദിവ്യകാരുണ്യം അവിടെ സ്ഥിരമായുണ്ടായിരുന്നെങ്കിലും വിശുദ്ധ കുർബാന എല്ലാ ദിവസവും ഉണ്ടായിരുന്നില്ല. അധികം അകലത്തല്ലാതെയുണ്ടായിരുന്ന ലത്തീൻ പള്ളിയിൽ ദിവസവും സിസ്റ്റേഴ്സ് വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നു. ഞായറാഴ്ചതോറും അവിടെ വേദപാഠക്ലാസ്സുകളും നടത്തിയിരുന്നു. അവിടെ വികാരിമാരായിരുന്നിട്ടുള്ള ബ. വിനാംസിയച്ചനും



ബ. കശ്മീർ തോമസച്ചനും ആരംഭകാലത്ത് സിസ്റ്റേഴ്സിന് വളരെയധികം സഹായമായിരുന്നു എന്ന് ഓർക്കേണ്ടതുണ്ട്.

സ്കൂൾസംബന്ധമായ വലിയ പ്രശ്നങ്ങൾ സ്കൂളിനു വരുത്തിവച്ച കെടുതികൾ വളരെയധികമായിരുന്നു. ആദ്യവർഷങ്ങൾ സ്കൂളിൽ അഡ്മിഷനും വളരെ കുറവായി. സ്കൂൾ നിലനിർത്താനാവുമോ എന്നു സംശയിക്കേണ്ട സ്ഥിതിവിശേഷം സിസ്റ്റേഴ്സിനു നേരിടേണ്ടിവന്നു. ഹൈസ്കൂളിന്റെ നിലനില്പിനുവേണ്ടിത്തന്നെ 1954 ജൂണിൽ ഒരു നഴ്സറി ക്ലാസ്സിന് ആരംഭം കുറിച്ചു. സിസ്റ്റർ സെലിൻ ആയിരുന്നു നഴ്സറിയുടെ ആദ്യത്തെ അദ്ധ്യാപിക. അധികം താമസിയാതെ മോണ്ടിസോറി രീതിയിലുള്ള കിന്റർ ഗാർട്ടൻ സ്കൂളും ആരംഭിച്ചു. സ്കൂളിന്റെ പുരോഗമനത്തിന് ഇതു സഹായിച്ചു എന്നുതന്നെപറയാം.

ദൈവകൃപയാൽ തുടർന്നുള്ള ഓരോ വർഷവും സ്കൂൾ പ്രവർത്തനങ്ങളും മിഷ്യൻ പ്രവർത്തനങ്ങളും അതിവേഗം വളർന്നു കൊണ്ടിരുന്നു. കിന്റർഗാർട്ടൻ ഇതിനകം എൽ. പി. സ്കൂൾ ആക്കി മാറ്റിയിരുന്നു. പുതുക്കിപണിത ഹൈസ്കൂൾ കെട്ടിടവും, നഴ്സറി, എൽ.പി.സ്കൂൾ കെട്ടിടങ്ങളും ഒരു ഓപ്പൺഎയർ തിയേറ്ററും ബോർഡിംഗും ഒരു വർക്കിംഗ് വിമൻഹോസ്റ്റലും കായംകുളം മഠത്തോടനുബന്ധിച്ച് ഇന്നുണ്ട്. 1989 ൽ സ്കൂൾ ഹെഡ്മിസ്ട്രസ്സായിരുന്ന സിസ്റ്റർ ആഗ്നസ്സിനും 2000 ൽ ഹെഡ്മിസ്ട്രസ്സായിരുന്ന സിസ്റ്റർ ജോവാനായ്ക്കും അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡുകൾ ലഭിക്കുകയുണ്ടായി. ആലപ്പുഴ ഡിസ്ട്രിക്ടിലെ ബസ്റ്റ് സ്കൂൾ എന്ന സ്ഥാനത്തിന് കായംകുളം സെന്റ് മേരീസ് അർഹയായി എന്നതും അഭിനന്ദനാർഹം തന്നെ.

മഠത്തിന് സൗകര്യമായ ഒരു കെട്ടിടവും ദിവസവും വിശുദ്ധ കുർബാന അർപ്പിക്കാൻ സൗകര്യമായ ഒരു ചാപ്പലും ഇതിനകം ഉണ്ടായി. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് സ്കൂൾ വാങ്ങുമ്പോൾ അത് "കാട്ടിൽ പള്ളിക്കുടം" എന്ന പേരിലാണറിഞ്ഞിരുന്നതെങ്കിൽ ഇന്നത് സെന്റ് മേരീസ് നഴ്സറി, എൽ. പി., ഹൈസ്കൂൾ ആണ്. ആദ്യവർഷം പതിന്നാലു ശതമാനം വിജയമായിരുന്നെങ്കിൽ ഇന്നത് നൂറുശതമാനത്തോളം എത്തിനില്ക്കുന്നു. 1951 മുതൽ ഇന്നുവരെ കായംകുളം മഠത്തിൽ ആയിരുന്നിട്ടുള്ള സിസ്റ്റേഴ്സും സ്കൂളിൽ ജോലിചെയ്ത സിസ്റ്റേഴ്സുൾപ്പെടെ അദ്ധ്യാപകാനദ്ധ്യാപകരും അവിടെ പഠിച്ച ആയിരക്കണക്കിനു വിദ്യാർത്ഥിനികളും മഠത്തിന്റെയും സ്കൂളിന്റെയും വളർച്ചയ്ക്കു സഹായിച്ചവരാണ്, യത്നിച്ചവരാണ്. 2001 ൽ കായംകുളം സെന്റ് മേരീസിന്റെ സുവർണ്ണ ജൂബിലിയായിരുന്നു. ജൂബിലി സ്മാരകമായി +2 നുവേണ്ടി കെട്ടിടനിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

www.malankaralibrary.com



**3. കുണ്ടറ ബഥനി മഠം (3-10-1950)**

തൃപ്പലഴികം, പി.ഒ., കുണ്ടറ, 691 050.

കൊല്ലം ഡിസ്ട്രിക്റ്റിലുള്ള വളരെ പ്രസിദ്ധമായ ഒരു സ്ഥലമാണ് കുണ്ടറ. ഈ സ്ഥലത്തിനടുത്ത് മുഖത്തല എന്ന സ്ഥലത്ത് ഒരു കപ്പുച്ചിൻ ആശ്രമവും അവരുടെ വകയായി ഒരു ഹൈസ്കുളുമുണ്ട്. മലങ്കര കത്തോലിക്കാ സഭയുമായും ബഥനിമഠവുമായും അടുത്തബന്ധം പുലർത്തിയിരുന്ന പ്രസ്തുത ആശ്രമവൈദികരിൽ ഒരാളായിരുന്നു ബ. കത്ബർട്ട് ഒ.എഫ്.എം. അച്ചൻ.

മുഖത്തല, കുണ്ടറ സ്ഥലങ്ങളിലെ മലങ്കര കത്തോലിക്കാപള്ളികളിൽ വികാരിയായി സേവനം ചെയ്തിരുന്ന ബ. കത്ബർട്ടച്ചന്റെ ആഗ്രഹവും ആലോചനയും ഫലമണിഞ്ഞതാണ് കുണ്ടറ ബഥനിമഠവും അതിനോടനുബന്ധിച്ച ബാലഭവനവും ലിറ്റിൽ ഫ്ളവർ യു. പി. സ്കൂളും. 1960 ൽ കുണ്ടറ കഴിമതിക്കാട്ടിൽ സ്ഥലം വാങ്ങി കെട്ടിടങ്ങൾ നിർമ്മിച്ച് ഒക്ടോബർ 2 ന് വിശുദ്ധ കൊച്ചുത്രേസ്യയുടെ നാമത്തിൽ മഠവും ബാലഭവനും ആരംഭം കുറിച്ചെങ്കിലും ഔദ്യോഗിക കൂദാശാകർമ്മം നടന്നത് ഒക്ടോബർ 19 നാണ്. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിലാണ് കൂദാശ നടന്നത്, മദർ ബാസിം, സിസ്റ്റർ ബ്രൂക്സ, സിസ്റ്റർ അസുന്ത എന്നിവർ മഠത്തിലെ ആദ്യാംഗങ്ങളായി ഒക്ടോബർ രണ്ടിനുതന്നെ താമസം ആരംഭിച്ചിരുന്നു. മൂന്നാം തീയതി നല്ലിലയിൽ നിന്നുള്ള കുഞ്ഞുഞ്ഞാമ്മ എന്ന ബാലികയെ സ്വീകരിച്ചുകൊണ്ട് ബാലഭവനും ആരംഭം കുറിച്ചു.

1962 ജൂലായിൽ മനോഹരമായ ഒരു ചാപ്പലും 1964 ജൂണിൽ ബാലഭവൻ കുട്ടികളെ പ്രധാനമായി ഉദ്ദേശിച്ചുകൊണ്ട് ഒരു നഴ്സറി സ്കൂളും ആരംഭിച്ചു. 1995 ജൂണിൽ എൽ.പി. സ്കൂൾ ലക്ഷ്യംവച്ചുകൊണ്ട് ഒന്നാം ക്ലാസ്സ് ആരംഭിച്ച്, സിസ്റ്റർ ഹസിയോയെ പ്രഥമാദ്ധ്യാപികയായി നിയമിച്ചു. കുട്ടികൾക്ക് യാത്രാസൗകര്യത്തിനായി ഒരു സ്കൂൾ വാനും ഏർപ്പെടുത്തിയെന്നത് ആശ്വാസമായി. ബാലഭവനുവേണ്ടി ഗവൺമെന്റ് ഗ്രാന്റ് ലഭ്യമായെങ്കിലും കുട്ടികളുടെ മുഴുവൻ ചെലവിനും അതു പര്യാപ്തമായിരുന്നില്ല.

1965 ജൂലായ് മുതൽ സാമ്പത്തികശേഷിയുള്ള കുട്ടികൾക്കായി ഒരു ബോർഡിംഗ് ആരംഭിച്ചെങ്കിലും ബാലഭവനിലെ കുട്ടികളുടെ സ്വതന്ത്രമായ വളർച്ചയ്ക്ക് അതു ഗുണകരമല്ലെന്നു മനസ്സിലാക്കി മൂന്നുവർഷത്തിനു ശേഷം നിർത്തലാക്കുകയായിരുന്നു. 1968 ൽ പണിയാരംഭിച്ച സ്കൂൾ കെട്ടിടവും ബാലഭവൻ പുതിയ കെട്ടിടവും പണിതീർന്ന് കൂദാശ നടത്തി പ്രവർത്തനമാരംഭിച്ചത് സ്ഥാപനങ്ങളുടെ വളർച്ചയെ കാണിക്കുന്നുണ്ടെങ്കിലും 1984 ഫെബ്രുവരി 16 നു മാത്രമാണ് സ്കൂളിന് ഗവർമെന്റ് അംഗീകാരം ലഭിച്ചത്. 1989 ൽ



സ്കൂളിന്റെ രജതജൂബിലി ആഘോഷിച്ചപ്പോഴേക്കും നാടിനും നാട്ടാർക്കും ആശ്വാസത്തിന്റെയും വളർച്ചയുടെയും പാത കാണിക്കുന്ന ഉന്നതനിലവാരം പുലർത്തുന്ന ഒരു സ്ഥാപനമായിത്തീർന്നിരുന്നു കുണ്ടറയിലെ ബഥനിമഠവും അതിനോടനുബന്ധിച്ച പ്രസ്ഥാനങ്ങളും.

1992 ൽ ബ. കത്ബർട്ടച്ചൻ ഈ ലോകത്തോടു യാത്രപറഞ്ഞെങ്കിലും അച്ചന്റെ സഭാസ്നേഹത്തിന്റേയും സാധുജനസേവനത്തിന്റെയും ഔദാര്യത്തിന്റെയും കഥ പറയുന്ന സ്മാരകങ്ങളായി കുണ്ടറ മഠവും ബാലഭവനും, സ്കൂളും നിലകൊള്ളുന്നു; ഓർമ്മ സജീവമാക്കുന്നു.

സിസ്റ്റേഴ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിജയകരമാക്കുന്നതിനോടൊപ്പം അടുത്ത ഇടവകകളിൽ വേദപാഠം പഠിപ്പിക്കയും വിവിധ മിഷ്യൻ വേലകളിൽ താല്പര്യപൂർവ്വം ശ്രദ്ധിക്കയും ചെയ്യുന്നു എന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. ബാലഭവനിൽ പഠനം പൂർത്തിയാക്കുന്ന കുട്ടികളുടെ ഭാവിപരിപാടികൾ രൂപപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നു. ഉന്നത വിദ്യാഭ്യാസം നേടാൻ പ്രാപ്തിയുള്ളവരെ പഠിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതു കൂടാതെ കുട്ടികളുടെ പ്രാപ്തിക്കും കഴിവിനുമനുസരണമായി പരിശീലനം നൽകുന്നതിനുള്ള ഏർപ്പാടുകളും ചെയ്യുന്നു. കൂടാതെ ബാലഭവനിലെ കുട്ടികളെ പുനരധിവസിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി അതിരൂപതാ സോഷ്യൽ സർവ്വീസ് ഡയറക്ടറേറ്റ് സഹായത്തോടെ കുട്ടികളുടെ കുടുംബങ്ങൾക്ക് സഹായം എത്തിച്ചുകൊടുക്കുന്നു. അവരുടെ വിവാഹത്തിനും സഹായിക്കുന്നു

**4. പിരപ്പൻകോട് ബഥനി മഠം (11-2-1964)**

പിരപ്പൻകോട്. പി.ഒ., വെഞ്ഞാറമ്മൂട്, തിരുവനന്തപുരം - 695 607

"കർത്താവേ അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും." യേശു കൈനീട്ടി അവനെ തൊട്ടുകൊണ്ടുപറഞ്ഞു. "എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിയുണ്ടാകട്ടെ." (ലൂക്കോ. 5:13) കർത്താവ് അവിടുത്തെ രക്ഷയുടെ പദ്ധതികൾ പിതാവിന്റെ ഹിതാനുസാരം നിർവഹിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ പലപ്പോഴും നിഗൂഢങ്ങളും യാദൃച്ഛികങ്ങളുമാണെന്നു കാണാം. പിരപ്പൻകോട്ട് ഇന്നു കാണുന്ന കുഷ്ഠ രോഗാശുപത്രിയും ബഥനിമഠവും അവിടുത്തെ നിയോഗത്തിൽപെട്ടതാണെന്ന് ചരിത്രം വെളിപ്പെടുത്തുന്നു

തിരുവനന്തപുരം ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബനഡിക്ട്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി ആശ്രമവൈദികനായിരുന്ന കാലത്ത് ഒരു നല്ല മിഷനറിയായിരുന്നു. വെഞ്ഞാറമൂട് സ്ഥലത്തേക്കുള്ള യാത്രാമദ്ധ്യേ

www.malankaralibrary.com



അദ്ദേഹത്തെ ആകർഷിച്ചിരുന്ന മനോഹരമായ ഒരു കുന്നായിരുന്നു മാണിക്യകുന്നും അതിന്റെ പരിസരപ്രദേശങ്ങളും. ഒരിക്കൽ വെമ്പായത്തേക്ക് കാറിൽ പോകുമ്പോൾ വഴിയരികിൽ ബസ്സു കാത്തുനിന്ന സി. എസ്. ഐ. പള്ളി വികാരി ഫാ. യേശുദാസിനെ കൂടെ കാറിൽ കയറ്റി യാത്ര തുടർന്നു. സംസാര മദ്ധ്യേ സി. എസ്. ഐ. മിഷ്യൻ ആശുപത്രിയെക്കുറിച്ചും അവിടെ ജോലിചെയ്തിരുന്ന ഇംഗ്ലീഷ് വനിതയായ ഡ്യൂൺ എന്ന നഴ്സിനെക്കുറിച്ചും സംസാരിക്കാനിടയായി. കാര്യവട്ടം, ചെമ്പൂർ, കൊല്ലം എന്നിങ്ങനെയുള്ള സ്ഥലങ്ങളിലെ വീടുകൾ സന്ദർശിച്ച് 250-ഓളം കുഷ്ഠരോഗികളെ കണ്ടെത്തി അവരെ ഹോസ്പിറ്റലിലെത്തിച്ച് അവർ ശുശ്രൂഷിച്ചിരുന്നു. അവർക്ക് മധുര എന്ന സ്ഥലത്തേക്ക് ട്രാൻസ്ഫറാണെന്നും നാലുവർഷത്തോളം അവർ ശുശ്രൂഷ നല്കിയിരുന്ന ഈ രോഗികൾ അനാഥരാവുകയാണെന്നും മറ്റുമുള്ള ദുഃഖവാർത്ത ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ ചിന്താകുല നാക്കി. ദീനദയാലുവും സ്വതവേ കാര്യനടത്തിപ്പുകൾക്ക് അല്പം ധൃതി കാട്ടുന്ന സ്വഭാവക്കാരനുമായ തിരുമേനി കൂടുതൽ ചിന്തയ്ക്കൊന്നും സമയമെടുക്കാതെ കാര്യം ഏറ്റെടുത്തുകൊള്ളാമെന്നു സമ്മതിച്ചത് തീർച്ച യായും ദൈവനിയോഗം തന്നെ. അദ്ദേഹം താമസിയാതെതന്നെ നേരത്തെ കണ്ട് ആസ്വദിച്ച വിജനപ്രദേശം (മാണിക്യ കുന്ന്)വിലയ്ക്കുവാങ്ങി ആശുപത്രി കെട്ടിടം പണിയുന്നതിന് ഏർപ്പാടുചെയ്തു. സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനുമെല്ലാം വന്ദ്യപിതാവിനു സഹായിയായി പ്രവർത്തിച്ചത് ബ. സെറാഫിയോൻ ഒ. ഐ. സി. അച്ചനാണ്.

ആശുപത്രിയുടെ ഡയറക്ടറായി ബ. ലോറൻസ്, തോട്ടം അച്ചനെയും (പിന്നീട് തിരുവനന്തപുരം സഹായമെത്രാനായി; തുടർന്ന് മാർത്താണ്ഡം രൂപതയുടെ ആദ്യമെത്രാനും) ബഥനി സിസ്റ്റേഴ്സിനെയുമാണ് നിയോ ഗിച്ചത്. ആശുപത്രിയുടെ ഉദ്ഘാടനം 1964 ഫെബ്രുവരി 11 നു നടന്നു. കുഷ്ഠ രോഗശുശ്രൂഷാപരിശീലനം ബഥനി സിസ്റ്റേഴ്സിന് പരിചയപ്പെടാനായി അതിനു വശമുള്ള ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ജീസ്സസ് സമൂഹത്തിലെ മൂന്നു സിസ്റ്റേഴ്സിനെക്കൂടെ വരുത്തി അവിടെ നിയമിച്ചു. ഹോസ്പിറ്റലിലേക്ക് ആവശ്യമായ ഡോക്ടേഴ്സ്, നഴ്സസ്, മറ്റ് അറ്റൻഡേഴ്സ് എന്നിവരെയെല്ലാം ആവശ്യാനുസരണം നിയമിച്ചുകൊണ്ട് ബഥനി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലാണ് ആശുപത്രിജോലികൾ മുന്നേറിയത്. മിസ്സിസ് അഖിലാണ്ഡം എന്നൊരു ലേഡി ഡോക്ടറായിരുന്നു പ്രഥമ ഡോക്ടർ. തുടർന്ന് മെഡിക്കൽ ഓഫീസറായി ഒരു ജർമ്മൻ ഡോക്ടർ മിസ് ഹ്യൂഫർ, ഗവ. സർവീസിൽ നിന്നു വിരമിച്ചിരുന്ന ഡോക്ടർ ഉണ്ണിത്താൻ എന്നിങ്ങനെ പലരും ആശുപത്രിയിൽ സേവനം കാഴ്ചവച്ചിട്ടുണ്ട്.



1977 ൽ വന്ദ്യ ലോറൻസ് അച്ചൻ തിരുവനന്തപുരം സഹായമെത്രാനായി വാഴിക്കപ്പെടുംവരെ 14 വർഷം നിസ്തുലമായ സേവനമർപ്പിച്ചുകൊണ്ട് ഇവിടെ ഡയറക്ടറായിരുന്നു. തുടർന്ന് ധാരാളം വൈദികർ മാറി മാറി ഇതിന്റെ മേൽനോട്ടം വഹിക്കുന്നു.

40-ഓളം രോഗികളെ പാർപ്പിച്ച് ചികിത്സിക്കുന്നതിനുള്ള സൗകര്യം ഇവിടെയുണ്ട്. ആശുപത്രിയുടെ സമീപമുള്ള ഒരു കെട്ടിടത്തിലായിരുന്നു സിസ്റ്റേഴ്സ് താമസിച്ചിരുന്നതെങ്കിലും ഇപ്പോൾ കുറേക്കൂടെ സൗകര്യമായ ഒരു മഠം പണിത് സിസ്റ്റേഴ്സ് അവിടേക്കു താമസം മാറ്റി. 1989 ൽ ഈ സ്ഥാപനത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. ഇപ്പോൾ എക്സ്റേ (X'ray), ലാബ്, ഓഫീസ് വർക്ക്, ഫീൽഡ്‌വർക്ക്, സ്റ്റാഫ് നഴ്സ്- എല്ലാം സിസ്റ്റേഴ്സു തന്നെ നിർവഹിക്കത്തക്കവണ്ണം പരിശീലനം നേടിക്കഴിഞ്ഞു. വെഞ്ഞാറമൂട്, മാവേലിക്കര, തിരുവനന്തപുരം, അമ്പിലികോണം തുടങ്ങിയ സ്ഥലങ്ങളിൽ 12 മൊബൈൽ ക്ലിനിക്കുകൾ വഴി ആയിരത്തിലേറെ രോഗികൾക്ക് ചികിത്സ നല്കിയിരുന്നു എന്നുമാത്രമല്ല ധാരാളം രോഗികൾ ഈ മാരക രോഗത്തിൽ നിന്നു പൂർണ്ണ സുഖം പ്രാപിച്ച് തങ്ങളുടെ കുടുംബങ്ങളിൽ സമാധാനമായി ജീവിക്കുന്നു.

സ്റ്റേറ്റ് വെൽഫയർ ബോർഡിന്റെ സഹായത്തോടെ ഒരു നഴ്സറിസ്കൂൾ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ നടത്തുന്നു. 1965 മുതൽ തന്നെ ഹെൽത്ത് എഡ്യൂക്കേഷൻ, മെഡിക്കൽ ചെക്കപ്പ് എന്നിവ നിശ്ചയിക്കപ്പെട്ടിട്ടുള്ള പത്തു പതിനഞ്ചു ക്ലിനിക്കുകളായി നിശ്ചിത ദിവസങ്ങളിൽ നടത്തുകയും കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുകയും ചെയ്യുന്നത് സിസ്റ്റേഴ്സിന്റെ പ്രവർത്തന പദ്ധതിയിൽപെട്ടതാണ്

മഠത്തോടനുബന്ധിച്ചുള്ള ചാപ്പലിൽ ആഴ്ചയിൽ ഒരിക്കലും ആശുപത്രി ചാപ്പലിൽ ബാക്കി എല്ലാ ദിവസവങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്നു. സിസ്റ്റേഴ്സും രോഗികളിൽ സാധിക്കുന്നവരും ചാപ്പലിൽ എത്തി കുർബാനയിൽ സംബന്ധിക്കുന്നതിനുള്ള പ്രത്യേക ക്രമീകരണമുണ്ട്. ആശുപത്രി പ്രവർത്തനം കൂടാതെ അടുത്തുള്ള മിഷ്യനുകളിൽ സിസ്റ്റേഴ്സ് പ്രവർത്തിക്കുന്നുണ്ട്. പിരപ്പൻകോടു മഠവും ആശുപത്രിയും ഇന്ന് ആ നാട്ടുകാർക്കു മാത്രമല്ല, കണ്ടും കേട്ടറിഞ്ഞും ആശ്വാസം തേടിയെത്തുന്ന കുഷ്ഠരോഗികൾക്കും അടുത്തുനിന്നായാലും അകലെ നിന്നായാലും അത്താണിയാണ്.

**5. എം. റ്റി. റ്റി. സി. ഹോസ്റ്റൽ (18-6-1964)**
നാലാഞ്ചിറ പി.ഒ., തിരുവനന്തപുരം - 695 015

തിരുവനന്തപുരം പട്ടണത്തിന്റെ ബഹളങ്ങളിൽനിന്ന് അല്പം അകന്ന്

www.malankaralibrary.com



തലയുയർത്തി നിൽക്കുന്ന ഒരു കുന്നിൻ പ്രദേശമാണ് ബഥനി 'നാലാഞ്ചിറ കുന്ന്' എന്നും ഇതിന് ഓമനപ്പേരുണ്ട്. സംസ്കാരത്തിന്റെ ഈ പുണ്യഭൂമിക്ക് പ്രശസ്തിയും പ്രസിദ്ധിയും നേടിക്കൊടുത്ത ഘടകങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് മാർ തെയോഫിലോസ് ട്രെയിനിംഗ് കോളജ്. ഇവിടെ പഠനത്തിനെത്തുന്ന യുവതികൾക്ക് താമസിക്കുന്നതിന് സുരക്ഷിതമായ ഒരു വാസസ്ഥാനം അന്വേഷിച്ച് പലരും നാലാഞ്ചിറ മഠത്തിലെത്തി. ഒരു ഭവനം ഇവർക്കായി സജ്ജീകരിക്കേണ്ടത് അത്യാവശ്യമെന്ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും കോളജ് നടത്തിപ്പുകാരും സിസ്റ്റേഴ്സിനെ ഉദ്ബോധിപ്പിക്കയും പ്രേരിപ്പിക്കയും ചെയ്തു.

അതിന്റെ ഫലമായി അന്നുണ്ടായിരുന്ന സെന്റ് ഗൊരേറ്റി സ്കൂളിന്റെ രണ്ടു ക്ലാസ്സുമുറികൾ ഹോസ്റ്റലായും B.Ed. സ്റ്റുഡൻസിനു തയ്യാറാക്കി. സ്കൂൾ ഹെഡ്മിസ്ട്രസ്സായിരുന്ന സിസ്റ്റർ ഫിലോമിനയും സിസ്റ്റർ ഹെലേനയുമാണ് സ്റ്റുഡൻസിന്റെ നേതൃത്വത്തിന് നിയോഗിക്കപ്പെട്ടത്. ഒരു ലേഡീസ് ഹോസ്റ്റലിനുണ്ടായിരിക്കേണ്ട യാതൊരു സൗകര്യങ്ങളും ഈ തത്ക്കാല ഹോസ്റ്റലിന് ഇല്ലാതിരുന്നിട്ടും അഡ്മിഷൻ തിരക്കേറിയതായിരുന്നു എന്നതിൽ നിന്ന് ഒരു ഹോസ്റ്റലിന്റെ ആവശ്യം വളരെ വലുതായിരുന്നു എന്നു വ്യക്തമാണ്. പിന്നീട് മാർ തെയോഫിലോസ് ട്രെയിനിംഗ് കോളജിനു വേണ്ടി ഒരു ഹോസ്റ്റൽ കെട്ടിടം നാലാഞ്ചിറമഠം വക സ്ഥലത്ത് കോളജു ചെലവിൽ തന്നെ പണിതു.

1968 ജൂൺ 18 ന് കെട്ടിടം പണിപൂർത്തിയായി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ നടത്തി. അതുവരെ വർഷങ്ങളോളം സെന്റ് ഗൊരേറ്റി സ്കൂൾ കെട്ടിടത്തിൽ കഴിയേണ്ടിവന്ന ഹോസ്റ്റൽ അന്തേവാസികൾ പുതിയ ഹോസ്റ്റലിലേക്ക് താമസം മാറ്റി. ഹോസ്റ്റൽ നടത്തിപ്പ് സിസ്റ്റേഴ്സിനായിരുന്നെങ്കിലും മാർ തെയോഫിലോസ് ട്രെയിനിംഗ് കോളജ് ഹോസ്റ്റൽ (M. T. T. Hostel) എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. ഇവിടത്തെ ആദ്യത്തെ വാർഡൻ സിസ്റ്റർ റഹമ്മാസായിരുന്നു.

ഇത് എം.റ്റി.റ്റി. കോളജ് സ്റ്റുഡന്റ്സിനു വേണ്ടിയാണുദ്ദേശിച്ചതെങ്കിലും മാർ ഈവാനിയോസ് കോളജിലെ കുട്ടികൾക്കും പ്രവേശനം നല്കാതിരിക്കാൻ നിവൃത്തിയില്ലാതെ വന്നതിനാൽ മഠത്തിന്റേതായി വേറെ മുറികൾ നിർമ്മിക്കുകയും 1969 മുതൽ തന്നെ കുട്ടികളെ പ്രവേശിപ്പിക്കുകയും ചെയ്തു. വാർഡന്മാരായും മറ്റും നിയോഗിക്കപ്പെടുന്ന സിസ്റ്റേഴ്സ് ഹോസ്റ്റലിൽ തന്നെ താമസിക്കുന്നു. കൂടാതെ ബഥനിയുടെ വിവിധ പ്രൊവിൻസുകളിൽ നിന്നും പഠനത്തിനായി എത്തുന്ന സിസ്റ്റേഴ്സും ഇവിടെത്തന്നെ താമസിക്കുന്നു.



ഹോസ്റ്റലിനോടനുബന്ധിച്ച് ഒരു ചാപ്പൽ സൗകര്യപ്പെടുത്തിയിട്ടുണ്ട്. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും ഇവിടെ വിശുദ്ധ കുർബാനയുണ്ട്. കുട്ടികളും ടീച്ചേഴ്സും ജാതിമത വ്യത്യാസങ്ങൾക്കതീതമായി കുടുംബാന്തരീക്ഷത്തിൽ സാഹോദര്യം നിലനിർത്തി ജീവിക്കാനുള്ള സൗകര്യവും സ്വാതന്ത്ര്യവും നിലനില്ക്കുന്നു എന്നത് അനുമോദനാർഹവും സന്തോഷപ്രദവുമാണ്. വർഷംതോറും നടക്കുന്ന ഹോസ്റ്റൽഡേ, ക്രിസ്മസ്സ്, ഓണം എന്നിങ്ങ നെയുള്ള ആഘോഷവേളകൾ ഈ സഹോദര്യവും ഐക്യവും വിളിച്ചറിയിക്കുന്നു. ഹോസ്റ്റലിൽ താമസിക്കുന്ന ഇളംതലമുറക്കാരുടെ സ്വഭാവ സംസ്കരണത്തിലും സന്മാർഗജീവിതത്തിലും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുന്നു. വേണ്ട കരുതൽ നടപടികൾ ആവശ്യാനുസാരം ചെയ്യുന്നു.

**6. മുഖത്തല ബഥനി മഠം (26-6-1996)**

ആലുമൂട്പി.ഒ., മുഖത്തല, കൊല്ലം - 691 577

കൊല്ലം ജില്ലയിൽ ആലുംമൂടുദേശത്തുള്ള ഒരു ഗ്രാമപ്രദേശമാണ് മുഖത്തല. തിരുവനന്തപുരം അതിരൂപതയുടെ ഒരു പള്ളിയും കപ്പൂച്ചിൻ ആശ്രമം വക ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും മുഖത്തലയിലുണ്ട്. മലങ്കര കത്തോലിക്കാസഭയ്ക്കുവേണ്ടി സ്വയം സമർപ്പിച്ച് സഭയുടെ മിഷ്യൻ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിരുന്ന ഒരു വന്ദ്യ വൈദികനായിരുന്നു ബ. കത്ബർട്ട് ഒ. എഫ്. എം. അച്ചൻ. മുഖത്തലയിലുള്ള സെന്റ് ജുഡ് ഹൈസ്കൂൾ ഇദ്ദേഹത്തിന്റെ ശ്രമഫലമായിരുന്നു. അതിനടുത്തുള്ള മലങ്കര കത്തോലിക്കാപ്പള്ളിയുടെ വികാരിയായി ബ. കത്ബർട്ടച്ചൻ നിയോഗിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ബഥനി സിസ്റ്റേഴ്സിനുള്ള പ്രതിബദ്ധത നന്നായി മനസ്സിലാക്കിയിരുന്ന ബ. കത്ബർട്ടച്ചൻ സെന്റ് ജൂഡ് ഹൈസ്കൂളിലേക്ക് സിസ്റ്റേഴ്സിനെ ആവശ്യപ്പെടുകയുണ്ടായി. അതിൻ പ്രകാരം നാലാഞ്ചിറ മഠത്തിൽ നിന്നും സിസ്റ്റർ സബ്രായെയും സിസ്റ്റർ അനസ്താസിയായെയും മുഖത്തല സ്കൂളിലേക്കയച്ചു. മുഖത്തലയിൽ ബഥനിമഠാരംഭത്തിന് ഇതുകാരണമായി എന്നു പറയാം. മുഖത്തലയിൽ സിസ്റ്റേഴ്സിനു താമസ സൗകര്യം ആയിട്ടില്ലാതിരുന്നതിനാൽ 1966 ജൂൺ മുതൽ കുണ്ടറ മഠത്തിൽ താമസിച്ചു കൊണ്ട് അവർ സ്കൂളിൽ പോയി പഠിപ്പിച്ചിരുന്നു. ഒട്ടും താമസിയാതെ ജൂൺ 26 മുതൽ സ്കൂളിനടുത്ത് കല്ലുവെട്ടാംകുഴി എന്ന സ്ഥലത്ത് ഒരു വീടു വാടകയ്ക്ക് ലഭ്യമായി, സിസ്റ്റേഴ്സ് അവിടെ താമസിച്ചുകൊണ്ട് സ്കൂളിൽ പോയി പഠിപ്പിച്ചിരുന്നു. വീട് സൗകര്യമായി ലഭിച്ചതോടെ സ്കൂളിൽ ഹിന്ദി പഠിപ്പിക്കാനായി സിസ്റ്റർ രൂത്തിനെയുംകൂടി നിയമിക്കുകയുണ്ടായി. കൂടാതെ കുണ്ടറ ബാലഭവനിലെ നാലു കുട്ടികളെക്കൂടെ വാടകവീട്ടിൽ താമസിപ്പിച്ചുകൊണ്ട് പഠിക്കാനായി മുഖത്തല സ്കൂളിൽ ചേർത്തു.

www.malankaralibrary.com



മൂന്നുമാസത്തിനു ശേഷം കല്ലുവെട്ടാം കുഴിയിൽ, തൃക്കോവിൽവട്ടം പഞ്ചായത്തിൽ പെട്ട മൂന്നേക്കർ സ്ഥലം മഠത്തിനായി ഉദ്ദേശിച്ചു വാങ്ങിയെങ്കിലും ആധാരം എഴുതിയത് തിരുവനന്തപുരം അതിരൂപത വകയായിട്ടാണ്. 1966 സെപ്തംബർ 4-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മഠംകെട്ടിടത്തിന് ശിലാസ്ഥാപനം നിർവഹിച്ചു. പണിയാരംഭിച്ചു. 1967 ഫെബ്രുവരിയിൽ കെട്ടിടം പണിപൂർത്തിയായി. ഫെബ്രുവരി 11-ാം തീയതി ലൂർദുമാതാവിന്റെ പെരുനാൾ ദിവസം അഭിവന്ദ്യപിതാവ് മഠം കൂദാശ ചെയ്തു. 'വിമല ഹൃദയ ബഥനിമഠം എന്ന് പേരു നല്കിക്കൊണ്ടാണ് കൂദാശ നിർവഹിച്ചത്. അന്നുതന്നെ സിസ്റ്റേഴ്സും കുട്ടികളും വാടകവീട്ടിൽ നിന്നും പുതിയ ഭവനത്തിലേക്ക് മാറിത്താമസിച്ചു. പിൽക്കാലത്ത് കെട്ടിടവും സ്ഥലവും അഭിവന്ദ്യപിതാവ് മഠത്തിനായി വിട്ടുകൊടുക്കുകയായിരുന്നു. 1976 ലാണ് സ്ഥലത്തിന്റെ ദാനാധാരം സിസ്റ്റേഴ്സിനു നല്കിയത്.

പുതിയ മഠത്തിന്റെ പൊതുമുറിയുടെ ഒരു ഭാഗം തത്ക്കാലം ചാപ്പലാക്കി ക്രമീകരിച്ച് ബ. കത്ബർട്ടച്ചൻ അന്നുതന്നെ അവിടെ വിശുദ്ധ കുർബാന അർപ്പിക്കുകയും വിശുദ്ധ കുർബാന സ്ഥാപിക്കുകയും ചെയ്തു. മഠാരംഭത്തോടുകൂടി പെൺകുട്ടികൾക്കായി ഒരു ബോർഡിംഗും ആരംഭിച്ചു.

പല ഗഡുക്കളിലായി മഠത്തിനുവേണ്ടി 1 ഏക്കർ 44 സെന്റ് നിലം എഴുതിക്കുകയുണ്ടായി. 1968-ൽ മഠത്തിന്റെ കെട്ടിടം രണ്ടു നിലയാക്കി, ബോർഡിംഗിലേക്കു വന്ന കുട്ടികളെയും ടീച്ചേഴ്സിനെയും അവിടേക്ക് മാറ്റിപാർപ്പിക്കുകയും ചെയ്തു. 1971 ൽ മാത്രമാണ് ഇവിടെ വൈദ്യുതി കണക്ഷൻ ലഭ്യമായത്. മുഖത്തലമഠത്തോടു ചേർന്ന് നഴ്സറി, എൽ. പി. യു. പി. ക്ലാസ്സുകൾ എന്നിവ ഓരോരോ സമയങ്ങളിലായി രൂപീകരിക്കപ്പെടുകയും ക്രമേണ മുഖത്തല സെന്റ് ജൂഡ് ഹൈസ്കൂളിൽ നിന്ന് സിസ്റ്റേഴ്സ് പിന്മാറുകയും ചെയ്തു. എങ്കിലും അവിടെ സെന്റ് ജൂഡ് നഴ്സറിയിൽ മാത്രം ഒരു സിസ്റ്റർ അദ്ധ്യാപനം തുടരുന്നു.

1967 മുതൽ ഇന്നുവരെയുള്ള കാലഘട്ടങ്ങളിൽ സുപ്പീരിയറായും അംഗങ്ങളായും എത്തിയിട്ടുള്ള ഓരോ സിസ്റ്ററും മുഖത്തല മഠത്തിന്റെ ഇന്നത്തെ പുരോഗതിക്ക് ഓരോ വിധത്തിൽ കാരണക്കാരാണ്. മുഖത്തലയിൽ മഠം ആരംഭിച്ച വർഷം മുതൽ സിസ്റ്റേഴ്സ് അടുത്തുള്ള ഇടവകകളിൽ സൺഡേസ്കൂൾ, മാതൃസമാജം, പ്രാർത്ഥനാസമ്മേളനങ്ങൾ, ഭവന സന്ദർശനം എന്നു വേണ്ട ഇടവക ജനങ്ങളുടെ ബഹുമുഖവളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. കൂടാതെ തിരുവനന്തപുരം



പ്രൊവിൻസിലെ ഒന്നാം വർഷ അർത്ഥിനികളുടെ പരിശീലനം 1998 മുതൽ മുഖത്തല മഠത്തിൽ വച്ചായിരുന്നു മിസ്ട്രസ്സായി സിസ്റ്റർ ഗ്ലാഡിസ്സാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്.

**7. കുറവൻകോണം ബഥനി മഠം (29-6-1966)**
കുറവൻകോണം പി.ഒ., തിരുവനന്തപുരം - 695 003

തിരുവനന്തപുരം ജില്ലയിൽ ഉള്ള ഒരു പ്രദേശമാണ് കുറവൻകോണം. ഇവിടെ തിരുവനന്തപുരം അതിരൂപതയുടെ ഒരു ഇടവകപള്ളിയും പാസ്റ്ററൽ എഡ്യുക്കേഷൻ സെന്ററും ഉണ്ട്. ഈ സ്ഥലത്ത് സ്ത്രീകൾക്കും പുരുഷന്മാർക്കുമായി ഓരോ വൃദ്ധമന്ദിരം സ്ഥാപിക്കണമെന്നും, ചുമതല ബഥനി സിസ്റ്റേഴ്സിനെ ഏല്പിക്കണമെന്നും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് ആഗ്രഹിക്കയും വിവരം അന്നു പ്രൊവിൻഷ്യലായിരുന്ന മദർ റസ്മയെ അറിയിക്കയും ചെയ്തു.

ഈ കാലയളവിൽ അഭിവന്ദ്യ ഇന്റർ നുൺഷ്യോ നോക്സ് തിരുമേനി കേരളത്തിലെത്തിയിരുന്നു. 1966 മെയ് മാസം 30-ാം തീയതി തിരുവനന്തപുരത്തെത്തിയ അദ്ദേഹം കുറവൻകോണത്ത് വൃദ്ധമന്ദിരത്തിന്റെ കല്ലിടീൽ കർമ്മം നിർവഹിച്ചു. തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയും തിരുവല്ല ബിഷപ്പ് സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയും ധാരാളം വൈദികരും സിസ്റ്റേഴ്സും ഈ മംഗളകർമ്മത്തിൽ പങ്കെടുത്തു. 1966 ജൂൺ 29 ന് ബഥനി മഠത്തിന് ആരംഭം കുറിച്ചുകൊണ്ട് സിസ്റ്റർ ഗായ്യ, സിസ്റ്റർ ബസ്സിലിയ എന്നിവർ താമസം തുടങ്ങിയിരുന്നു. 1966 ജൂലായ് 6-ാം തീയതിയാണ് വൃദ്ധമന്ദിരത്തിന്റെ പണിയാരംഭിച്ചത്.

ഇതിനകം കുറവൻ കോണത്തിനടുത്ത സ്ഥലമായ പേരൂർക്കടയിൽ അതിരൂപത വക നഴ്സറി, എൽ. പി. സ്കൂളുകളിൽ പഠിപ്പിക്കുന്നതിന് സിസ്റ്റേഴ്സ് സെലിൻ. അഗാപ്പെ എന്നിവർ നിയമിതരായിരുന്നു. ഇവരും കുറവൻകോണത്തുമഠത്തിൽ താമസിച്ചുകൊണ്ടാണ് സ്കൂളിൽ പോയിരുന്നത്. കൂടാതെ കുറവൻകോണത്ത് പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന കെട്ടിടത്തിൽ വൃദ്ധന്മാർക്കായി താമസസൗകര്യം ഏർപ്പെടുത്തി. 1930 ൽ അഭിവന്ദ്യ പിതാവിനോടൊപ്പം കൊല്ലത്തു പോയി പുനരൈക്യപ്പെട്ട ആദ്യ അത്മായൻ ശ്രീ കിളിലേത്തു ചാക്കോ(സിസ്റ്റർ സെമഹയുടെ അപ്പച്ചൻ), ശ്രീ പവ്വത്തിക്കുന്നേൽ കീവറീച്ചൻ മല്ലപ്പള്ളി, ബ. കുറിയാക്കോസ് തളിയത്തച്ചൻ, ഫാദർ മത്തായി കല്ലട എന്നിവരാണ് അവിടെ താമസത്തിന് എത്തിയവർ. വൃദ്ധമന്ദിരത്തിലെ അന്തേവാസികളുടെ ഭക്ഷണക്കാര്യത്തിൽ സിസ്റ്റേഴ്സ് ശ്രദ്ധിച്ചിരുന്നു.

www.malankaralibrary.com



1969 ൽ സിസ്റ്റേഴ്സിന്റെ ഭവനത്തോടു ചേർത്ത് പണിതീർത്ത കെട്ടിടത്തിൽ വൃദ്ധസ്ത്രീകളെയും താമസിപ്പിച്ചു തുടങ്ങിയിരുന്നു. 1972 ൽ ബ. മത്തായി കല്ലടയച്ചൻ നിര്യാതനായി. മാനേജർ ചാക്കോച്ചനും ശ്രീ കീവറിച്ചനും ബ. തളിയത്തച്ചനും സ്വഭവനങ്ങളിലേക്കു തിരിച്ചുപോയി. ക്രമേണ പുരുഷന്മാർക്കായുള്ള വൃദ്ധമന്ദിരം നിന്നുപോയി. സ്ത്രീകളുടെ വൃദ്ധമന്ദിരം ഇന്നും നിലനിൽക്കുന്നു.

കുറവൻകോണം മഠത്തോടുനുബന്ധിച്ച് ഒരു സ്കൂൾ സ്ഥാപിക്കുന്നത് ഉപകാരപ്രദമെന്നു കണ്ടതിനാൽ അഭിവന്ദ്യപിതാവ് അതിരൂപത വക സ്ഥലം ഒരേക്കറോളം വേർതിരിച്ചു നല്കിഅവിടെ കെട്ടിടം പണിയാരംഭിച്ചു. 1975 മാർച്ചു മാസത്തിൽ പണിപൂർത്തിയായപ്പോൾ പേരൂർക്കടയിൽ നടത്തിയിരുന്ന സ്കൂൾ കുറവൻകോണത്തേക്കു മാറ്റി, ഇൻഫന്റ് ജീസസ്സ് എൽ. പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. 1975 ഓഗസ്റ്റ് 23 നായിരുന്നു ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നത്. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ശ്രമങ്ങൾ പലതു നടന്നെങ്കിലും ഫലപ്രാപ്തിയിലെത്തിയിരുന്നില്ല. എന്നാൽ ദൈവനിയോഗമെന്നവണ്ണം ഇൻഫന്റ് ജീസസ് എൽ. പി. സ്കൂൾ 1999-ൽ ഒരു യു. പി. സ്കൂളായി മാറുകയായിരുന്നു.

തിരുവനന്തപുരത്ത് കേശവദാസപുരത്ത് ശ്രീ എൻ. ജെ. ജോർജ്ജ് ഞായല്ലൂർ 'വിദ്യാവിഹാർ' എന്ന പേരിൽ ഒരു അംഗീകൃത ഇംഗ്ലീഷ് മീഡിയം യു. പി സ്കൂൾ നടത്തിയിരുന്നു. അത് തുടർന്നു നടത്തിക്കൊണ്ടുപോവുക ബുദ്ധിമുട്ടായി. സ്കൂൾ വിട്ടുകൊടുക്കാനുള്ള ആലോചന മനസ്സിലാക്കി കുറവൻകോണം എൽ. പി. സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ എവുജീനിയ മദർ പ്രൊവിൻഷ്യൽ മദർ റഹമാസിനെ വിവരമറിയിക്കുകയും അത് ഏറ്റെടുത്തു നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്യുകയുമായിരുന്നു. പ്രസ്തുത സ്കൂളിന്റെ അംഗീകാരം നിയമപരമായിത്തന്നെ 1999 ൽ ഇൻഫന്റ് ജീസസ് സ്കൂൾ മാനേജ്മെന്റിനു കൈമാറുകയും 1999 ജൂണിൽ കുറവൻകോണത്ത് ഇൻഫന്റ് ജീസസ് യു. പി. സ്കൂൾ എന്ന പേരിൽ 5 ഉം 6 ഉം ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. 2000-ാമാണ്ട് 7-ാം ക്ലാസ്സും ക്രമാനുഗതമായി ആരംഭിച്ചു. ഇന്ന്, 2001-ൽ മികച്ച നിലവാരം പുലർത്തുന്ന ഒരു നല്ല നഴ്സറി, എൽ. പി., യു. പി. സ്കൂളായി ഇൻഫന്റ് ജീസസ് മുന്നേറുന്നു.

1998 ജൂൺ മുതൽ കുറവൻകോണം മഠത്തിൽ ഒരു ദ്വിവർഷമിസ്സിയോളജിക്കൽ തിയോളജികോഴ്സ് സിസ്റ്റർ നമിതയുടെ മേൽനോട്ടത്തിൽ ആരംഭിച്ചു. ബഥനി സിസ്റ്റേഴ്സും മേരീമക്കൾ സിസ്റ്റേഴ്സും ഉൾപ്പെട്ട 20 പേരുടെ ആദ്യബാച്ച് 2000-ാമാണ്ട് ഏപ്രിൽ മാസത്തോടെ കോഴ്സു



പൂർത്തിയാക്കി. അടുത്ത ബാച്ച് 200 ജൂണിൽ ആരംഭിച്ചു 2001 മാർച്ചിൽ അവസാനിച്ചു. 2001 ജൂൺ മുതൽ നാലാഞ്ചിറ മഠത്തിനടുത്ത് ഒരു വീട് വാടകയ്ക്കെടുത്ത് അവിടെ ഏകവത്സരകോഴ്സായി ഇതു നടക്കുന്നു.

മഠാംഗങ്ങൾ സ്കൂൾ ജോലിയിൽ മാത്രമല്ല ശ്രദ്ധവയ്ക്കുന്നത്. അടുത്ത ഇടവകയിൽ മിഷ്യൻ പ്രവർത്തനം നടത്തുന്നതുകൂടാതെ അതിരൂപതയുടെ പാസ്റ്ററൽ എഡ്യുക്കേഷൻ സെന്ററിലും സേവനം അനുഷ്ഠിക്കുന്നു.

**8. പെരുമ്പുഴ ബഥനി മഠം (3-8-1968)**
**പെരുമ്പുഴ, കൊല്ലം - 691 504**

കൊല്ലം ജില്ലയിൽ കുണ്ടറ ദേശത്തുള്ള ഒരു ഗ്രാമമാണ് പെരുമ്പുഴ ഇവിടെ എൻ.എസ്.എസ്. വക ഒരു ചെറിയ ആശുപത്രി പ്രവർത്തിച്ചിരുന്നു. ആശുപത്രിനടത്തിപ്പ് ദുഷ്ക്കരമായി അനുഭവപ്പെട്ട ഇതിന്റെ നടത്തിപ്പുകാർ ഇതു വില്ക്കുന്നതിനുള്ള ആലോചനയുമായി സാധുജനസേവന തല്പരനായ ബ. കത്ബർട്ട് ഒ. എഫ്. എം. അച്ചനെ സമീപിച്ചു. അദ്ദേഹത്തിന് രണ്ടാമതൊന്നു ചിന്തിക്കേണ്ടിവന്നില്ല, കെട്ടിടവും ഒന്നേകാൽ ഏക്കർ സ്ഥലവും വിലയ്ക്കുവാങ്ങി.

മലങ്കരസഭയോടും, ബഥനികോൺഗ്രിഗേഷനോടും കൂറുപുലർത്തിയിരുന്ന ബ. അച്ചൻ പെരുമ്പുഴയിൽ വാങ്ങിയസ്ഥലവും കെട്ടിടവും ബഥനി സിസ്റ്റേഴ്സിനെ തന്നെ ഏല്പിക്കാൻ ഉറച്ചു. അന്നു പ്രൊവിൻഷ്യലായിരുന്ന മദർ റസ്മ ബ. അച്ചന്റെ നിർദ്ദേശങ്ങളെ അംഗീകരിക്കയും സിസ്റ്റേഴ്സിനെ അവിടേക്ക് അയയ്ക്കുകയുമായിരുന്നു. അവിടെയുണ്ടായിരുന്ന ചെറിയ കെട്ടിടം താമസത്തിനു സൗകര്യപ്പെടുത്തി 1967 ഓഗസ്റ്റ് 2-ാം തീയതി ബ. കത്ബർട്ട് അച്ചൻ തന്നെ അതിന്റെ കൂദാശ നടത്തി. സിസ്റ്റർ അംസായുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഗ്ലാഡിസ്, നാഹീർ എന്നിവർ അവിടെ താമസവും ആരംഭിച്ചു.

അടുത്തുള്ള ഇടവകകളിലും, സ്ഥലങ്ങളിലും മിഷ്യൻ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ് സിസ്റ്റേഴ്സ് ആദ്യം ചെയ്തത്. 1967 സെപ്റ്റംബർ 17 മുതൽ അവിടെ ഒരു മുറി പ്രത്യേകം സജ്ജീകരിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും കുർബാന സ്ഥാപിക്കയും ചെയ്തു. സിസ്റ്റേഴ്സിന്റെ പ്രവർത്തന ശൈലി നാട്ടുകാർക്ക് സന്തോഷമായിരുന്നു. ബ. കത്ബർട്ടച്ചന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരത്തുനിന്നും കുണ്ടറയടത്തുള്ള നല്ലില എന്ന സ്ഥലത്ത് 1967 ഒക്ടോബറിൽ ഒരു ഡിസ്പെൻസറി സിസ്റ്റേഴ്സ് ആരംഭിച്ചു നടത്തിയിരുന്നു. കൂടാതെ 1967 ൽ തന്നെ നെടുമങ്കാവ്, പള്ളിമൺ എന്നീ സ്ഥലങ്ങളിൽ മൊബയിൽ ക്ലിനിക്കുകളും ആരംഭിച്ചിരുന്നു. കുഞ്ഞുങ്ങളുടെയും

www.malankaralibrary.com



സ്ത്രീകളുടെയും ആരോഗ്യസംരക്ഷണത്തിൽ സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കയും ആവശ്യമായ ക്ലാസ്സുകൾ എടുക്കുകയും കുഞ്ഞുങ്ങൾക്കായി സി.ആർ.എസ്. ന്റെ ഭക്ഷ്യസാധനങ്ങൾ വരുത്തി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ടായിരുന്നു. ഈ പ്രവർത്തനങ്ങളെല്ലാം വലിയ നന്മകളായി നാട്ടുകാർ കണക്കാക്കിയെങ്കിലും അവിടെയൊരു ആശുപത്രിതന്നെ പുനഃസ്ഥാപിക്കണമെന്നുള്ള നാട്ടുകാരുടെ ആഗ്രഹത്തെ അവഗണിക്കാൻ ബഥനിക്കു കഴിഞ്ഞില്ല. തന്നെയല്ല ബ. കത്ബർട്ടച്ചനും അതുശരിവച്ചിരുന്നു.

അങ്ങനെ 1968 ജൂണിൽ ഒരു ചെറിയ ഡിസ്പൻസറി പെരുമ്പുഴ മഠത്തോടനുബന്ധിച്ചു തുടങ്ങി. നല്ല കാലാവസ്ഥയിൽ വളക്കൂറുള്ള മണ്ണിൽ പുഷ്ടിയോടെ ഫലവൃക്ഷം കണക്കെ വളരാനാരംഭിച്ച ഡിസ്പൻസറി ഒരാശുപത്രിയുടെ രൂപഭാവത്തിലേക്ക് വളരുകയായി. 1969 ഒക്ടോബർ 11 ന് ബ. മന്ത്രി ആർ. ബാലകൃഷ്ണപിള്ള ഔദ്യോഗികമായി ഇതിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഡോക്ടേഴ്സിന്റെ സാന്നിദ്ധ്യം കൂടുതൽ ആവശ്യമായിവന്നതോടെ ഹോസ്പിറ്റൽ കോമ്പൗണ്ടിൽ തന്നെ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് പണി കഴിപ്പിച്ചു. ഹോസ്പിറ്റലിനുവേണ്ടി സാമാന്യം വലിയ കെട്ടിടം ആവശ്യമായ സൗകര്യങ്ങളോടുകൂടി പണിപൂർത്തിയാക്കി. ഇതിനകം കൂടുതൽ സിസ്റ്റേഴ്സിനു താമസിക്കുന്നതിന് മഠത്തിന് പുതിയ കെട്ടിടമുണ്ടാക്കി. ഒരു നല്ല ചാപ്പലും നിർമ്മിക്കപ്പെട്ടു. കൂടാതെ നഴ്സസിനും ക്വാർട്ടേഴ്സ് ഉണ്ടായി. 1986 ജൂലായ് 6-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് പുതിയ കെട്ടിടങ്ങളുടെ കൂദാശ നടത്തി, ഉദ്ഘാടന കർമ്മവും നിർവഹിച്ചു.

1991 ൽ ഈ ആശുപത്രിക്ക് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനായി അംഗീകാരം ലഭിച്ചു. പ്രസിഡന്റും വൈസ് പ്രസിഡന്റും ഉൾപ്പെടെ 11 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു റജിസ്റ്റേർഡ് ബോർഡാണ് ആശുപത്രി നടത്തിപ്പിനു നിയോഗിക്ക പ്പെട്ടിരിക്കുന്നത്. ഒരു ചെറിയ ഡിസ്പൻസറിയായി ആരംഭം കുറിച്ച പെരുമ്പുഴ ആശുപത്രി ഇന്ന് മെഡിക്കൽ, ഓർത്തോ, പീഡിയാട്രിക്ക്, ഗൈനിക്ക്, ഇ.എൻ.റ്റി., സർജിക്കൽ, അനസ്തേഷ്യാ എന്നീ ഡിപ്പാർട്ടുമെന്റുകളും അവിടെയെല്ലാം വിദഗ്ദ്ധരും സേവനസന്നദ്ധരുമായ ഡോക്ടേഴ്സും, കൂടാതെ നഴ്സ്, അറ്റൻഡേഴ്സ്, സെക്യൂരിറ്റി എന്നിവരുൾപ്പെടെ നൂറിൽപരം ജീവനക്കാർ സേവനം അനുഷ്ഠിക്കുന്ന ഒരു വലിയ ആതുരാലയമായി മാറി യിരിക്കുന്നത് ദൈവകൃപയാലാണെന്ന് നിസ്സംശയം പറയാം. മൂന്നു സിസ്റ്റേ ഴ്സുമായി ആരംഭിച്ച മഠവും ഡിസ്പൻസറിയും ഇന്ന് സേവനസന്നദ്ധരായ 15-ഓളം സിസ്റ്റേഴ്സിന്റെ സേവനരംഗമാണ്. 125 കിടക്കകൾ ഉള്ള ആശുപത്രിയുടെ ഒ. പി. വിഭാഗത്തിൽ ദിനംപ്രതി ശരാശരി



400 രോഗികൾ ചികിത്സയ്ക്കെത്തുന്നു. രോഗികളുടെ ആത്മീയകാര്യങ്ങളിലും സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നു. കൂടാതെ അവർക്ക് ആശ്വാസം പകരുകയും സഹതാപത്തോടും സ്നേഹത്തോടും പെരുമാറുകയും ചെയ്യുന്നു എന്ന് അനുഭവസ്ഥർ തന്നെ സാക്ഷിക്കുന്നു. സാധുക്കളായ രോഗികൾക്ക് സൗജന്യചികിത്സയും അർഹിക്കുന്നവർക്ക് ഭക്ഷണവും നല്കുന്നു. ആശുപത്രി ജോലിക്കു പുറമെ സിസ്റ്റേഴ്സ് അടുത്ത ഇടവകളിൽ പോയി മിഷ്യൻ പ്രവർത്തനം നടത്തുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

പെരുമ്പുഴ ആശുപത്രിയുടെ ഇന്നു കാണുന്ന വളർച്ചയിലേക്ക് അതിനെ നയിച്ചവർ ധാരാളമാണ്. 2000-ാ മാണ്ട് ഡിസംബറിൽ ആശുപത്രിക്ക് ജനറൽ നഴ്സിംഗ് ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചു. 2001 ജനുവരിയിൽ 20 കുട്ടികളോടുകൂടി ക്ലാസ്സ് ആരംഭിച്ചു. വർഷങ്ങളായി ആശുപത്രിയുടെ അഡ്മിനിസ്ട്രേഷൻ വളരെ വിദഗ്ദ്ധമായി കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്ന സിസ്റ്റർ ഏഴ്സലയാണ് നഴ്സിംഗ് സ്കൂളിനു വേണ്ടി അക്ഷീണം യത്നിച്ചത്. സിസ്റ്ററിനുമുമ്പ് സിസ്റ്റേഴ്സ് അംസാ, നീഹ, ജോസഫ എന്നിവരും ആശുപത്രിയുടെ നാനാവിധപുരോഗമനത്തിനായി അക്ഷീണം പ്രവർത്തിച്ച അഡ്മിനിസ്റ്റേറ്റർമാരാണ്. അതുപോലെ ഡയറക്ടേഴ്സ് എന്ന സ്ഥാനപേരിൽ അല്ലെങ്കിലും ആശുപത്രി നടത്തിപ്പിൽ സ്വന്തമെന്നവണ്ണം നിർദ്ദേശങ്ങൾ നല്കുകയും ആശുപത്രിയെ ആത്മാർത്ഥമായി വളർത്തുകയും ചെയ്ത വന്ദ്യ ദേഹമാണ് ബ. ഒണോറിയൂസ്. ഒ. എഫ്. എം. അച്ചൻ. 1991-ൽ ആശുപത്രിക്ക് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്ന അംഗീകാരം ലഭ്യമാക്കുന്നതിന് പരിശ്രമിക്കയും അതു ലഭിച്ചു കഴിഞ്ഞ് ഡയറക്ടർ എന്ന പദവിയോടു കൂടിത്തന്നെ ആശുപത്രിയുടെ നാനാവിധമായ വളർച്ചയ്ക്കും സുഗമമായ നടത്തിപ്പിനും വേണ്ടി അക്ഷീണം യത്നിക്കയും, യത്നം തുടരുകയും ചെയ്യുന്ന ഡയറക്ടറാണ് ബ. മാത്യു കരൂർ അച്ചൻ എന്ന് ഓർക്കേണ്ടതുണ്ട്. അതുപോലെ ഇന്നോളം മാറി വന്നിട്ടുള്ള സുപ്പീരിയേഴ്സ്, സിസ്റ്റേഴ്സ്, നഴ്സസ്, ഡോക്ടേഴ്സ്, ഇതര ജോലിക്കാർ എന്നിങ്ങനെ ഓരോരുത്തരും പെരുമ്പുഴ ആശുപത്രിയുടെ ഇന്നത്തെ വളർച്ചയുടെ സജീവ പ്രവർത്തകരാണ്. എല്ലാറ്റിലുമുപരി ഈ ആശുപത്രിയുടെ സ്ഥാപകനായ വന്ദ്യ കത്ബർട്ടച്ചന്റെ നിസ്വാർത്ഥവും ഔദാര്യപൂർവകവുമായ സേവനങ്ങൾ പെരുമ്പുഴ ആശുപത്രിയിൽ നിലനില്ക്കുന്ന ജീവനുള്ള ഓർമ്മകളാണ്. ഒരു ദൈവനിയോഗം പോലെ അദ്ദേഹത്തിന്റെ ജീവിതസായാഹ്നം പെരുമ്പുഴ ആശുപത്രിയിലാണ് ചെലവഴിക്കാനിടയായത്. രോഗക്കിടക്കയിൽ പോലും ആശുപത്രിയുടെ ഉന്നമനത്തിനുതകുന്ന നിർദ്ദേശങ്ങൾ നല്കുന്നതിന് അദ്ദേഹം മറന്നിരുന്നില്ല. 1992 മാർച്ച് 5-ാം തീയതി രാവിലെ 9.15 ന് അച്ചൻ

www.malankaralibrary.com



തന്റെ പ്രിയപ്പെട്ട ആശുപത്രിക്കിടക്കയിൽ വച്ച് ചുറ്റും നിന്ന ഏവരോടും അന്ത്യയാത്ര പറഞ്ഞ് സ്വർഗ്ഗയാത്ര ആരംഭിക്കുകയായിരുന്നു. ബ. അച്ചന് ബഥനി സിസ്റ്റേഴ്സിന്റെ ആദരാഞ്ജലികൾ.

**9. കുറിയോട് – ബഥനി മഠം (28-5-1970)**

സെന്റ് ജോൺസ് ട്രയിനിംഗ് സെന്റർ ഓഫ് ദ് ഡെഫ്, കുറിയോട് പി.ഒ, ചടയമംഗലം - 691 534

കൊല്ലം ജില്ലയിൽ ചടയമംഗലത്തിനും നിലമേലിനും ഇടയ്ക്കുള്ള ഒരു ഗ്രാമപ്രദേശമാണ് കുരിയോട്. ഈഴവ സമുദായത്തിൽപെട്ട ശ്രീ സദാനന്ദൻ ഇവിടെ 'ഗുരുകുലം മെഡിക്കൽ മിഷ്യൻ' എന്ന പേരിൽ ഒരു ചെറിയ ആശുപത്രി നടത്തിയിരുന്നു. തുടർന്ന് നടത്താൻ ബുദ്ധിമുട്ടായതിനാൽ അദ്ദേഹം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെക്കണ്ട് ആശുപത്രിയെക്കുറിച്ച് സംസാരിച്ചു. രണ്ട് ഏക്കർ സ്ഥലത്തോടുകൂടിയ ആശുപത്രി അതിരൂപതയ്ക്കുവേണ്ടി പിതാവ് എഴുതിച്ചു. അന്നത്തെ പ്രൊവിൻഷ്യലായിരുന്ന മദർ മാക്സ വന്ദ്യപിതാവിന്റെ ആഗ്രഹം കണക്കി ലെടുത്ത് നാലാഞ്ചിറനിന്നും സിസ്റ്റർ ഇമെൽഡായെയും സി.വി റോസമ്മ എന്ന ഒരു സഹായിയെയും കൂട്ടി കുരിയോട്ടുപോയി കാര്യങ്ങൾ മനസ്സിലാക്കി വേണ്ടതു ചെയ്യാനായി അയച്ചു. അവർ പിരപ്പൻകോട്ടു മഠത്തിൽ താമസിച്ചു കൊണ്ട് കുരിയോടു വന്നു ജോലിചെയ്തു. അധികംതാമസിയാതെ പരിമിതമായ സൗകര്യങ്ങളോടുകൂടി സിസ്റ്റേഴ്സിനു താമസിക്കാനായി ഒരു കെട്ടിടം തയ്യാറാക്കി. 1970 മെയ് മാസം 28-ാം തീയതി വന്ദ്യ ലോറൻസ് ജെ. തോട്ടം അച്ചൻ (പിന്നീട് ലോറൻസ് മാർ അപ്രേം) മഠം കൂദാശചെയ്തു. സിസ്റ്റേഴ്സ് ഇമൽഡായും എയ്മാർഡും അവിടെ താമസമാക്കി. 1985 വരെ 15 വർഷത്തോളം വളരെ ഭംഗിയായി ആശുപത്രി നടത്തിക്കൊണ്ടുപോകുവാൻ സിസ്റ്റേഴ്സിനു കഴിഞ്ഞു. ബ. ലോറൻസ് അച്ചന്റെ നിസ്വാർത്ഥവും ഔദാര്യപൂർവ്വകവുമായ സഹായം ആശുപത്രിയുടെ നിലനില്പിന് ഏറെ സഹായിച്ചു.

എന്നാൽ ഡോക്ടേഴ്സിന്റെ കൂടെക്കൂടെയുള്ള മാറ്റവും ചിലപ്പോഴൊക്കെ ഡോക്ടേഴ്സ് ഇല്ലാത്ത അവസ്ഥയും ചില സാങ്കേതിക തടസ്സങ്ങളും ആശുപത്രിപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതിനാൽ ക്രമേണ മന്ദീഭവിച്ചു വന്ന പ്രവർത്തനങ്ങൾ 1988 ൽ പൂർണ്ണമായി നിർത്തേണ്ടി വന്നു. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശാനുസരണം സിസ്റ്റേഴ്സ് അവിടെ താമസിച്ചു കൊണ്ട് സമീപ പ്രദേശങ്ങളിൽ മിഷ്യൻ പ്രവർത്തനങ്ങൾ തുടർന്നു. മാതൃശിശു സംരക്ഷണപരിപാടികളും പോഷകാഹാര വിതരണവും (എം.സി. എച്ച്.പ്രോഗ്രാം) ആരോഗ്യ സംരക്ഷണ ക്ലാസ്സുകളും ഭംഗിയായി നടന്നു കൊണ്ടിരുന്നു.



1989 ഒക്ടോബർ 10 ന് മൂക, ബധിര സംരക്ഷണാർത്ഥം ഒരു സ്ഥാപനം അതിരൂപത ആരംഭിച്ചു. 15-ഓളം കുട്ടികളെയാണ് ആദ്യ ബാച്ചിൽ എടുത്തത്. 1991 ജൂൺ മൂന്നാംതീയതി നഴ്സറിക്ലാസ്സും ആരംഭിച്ചു. അതിരൂപത വകയായിരുന്ന സ്ഥാപനങ്ങൾ കൂടുതൽ സൗകര്യാർത്ഥം 1997 സെപ്റ്റംബർ 1-ാം തീയതി തിരുവനന്തപുരം പ്രൊവിൻസ് വിലയ്ക്കു വാങ്ങി സ്ഥാപനങ്ങളുടെ പ്രവർത്തനം 'ബത്സൈദാ റീഹാബിലിറ്റേഷൻ സെന്റർ' എന്ന പേരിൽ പുനരുജ്ജീവിപ്പിച്ചു.

ഇപ്പോൾ കുരിയോട്ടു മഠവും മൂകാബധിര, വികലാംഗ പുനരധിവാസ കേന്ദ്രവും നഴ്സറി, എൽ. പി. സ്കൂളുകളും നല്ല നിലവാരം പുലർത്തി മുന്നേറുന്നു. വികലാംഗരും ബധിരമൂകരുമായ കുട്ടികളുടെ കഴിവനുസരിച്ച് തയ്യൽ പഠനം, ക്രാഫ്റ്റ് വർക്കുകൾ, ബുക്ക് ബയന്റിംഗ് മുതലായവയും വിജയകരമായി നടക്കുന്നു.

**10. അമ്പിലികോണം ബഥനി മഠം (1-1-1971)**

അയിര പി.ഒ, അമ്പിലികോണം, പാറശാല, തിരുവനന്തപുരം - 695 502

കേരളത്തിന്റെ തെക്ക് തിരുവനന്തപുരം ജില്ലയുടെ തെക്കേ അറ്റത്ത് മദ്രാസ് സംസ്ഥാനത്തോട് തൊട്ടു കിടക്കുന്ന പാറശ്ശാലയിൽപ്പെട്ട ഒരു സ്ഥലമാണ് അമ്പിലികോണം. മലയാളതമിഴ്സംസ്കാരത്തിന്റെ സങ്കലനത്തിൽ നിന്നുരുത്തിരിഞ്ഞ ഒരു മിശ്രസംസ്കാരം ഇവിടെ നിലനില്ക്കുന്നു എന്നു പറയാം. സമ്പത്സമൃദ്ധിയോ വിദ്യാഭ്യാസമോ ആധുനിക പരിഷ്കാരങ്ങളോ ഒന്നും കാര്യമായി എത്തിനോക്കിയിട്ടില്ലാത്ത ഒരു ഭൂപ്രദേശമായിരുന്നു അമ്പിലികോണം എന്നു പറയുന്നതിൽ തെറ്റില്ല. ഇന്ന് പരിതഃസ്ഥിതികൾ കുറെയൊക്കെ മാറിയിട്ടുണ്ട്.

തിരുവനന്തപുരം അതിരുപതയുടെ ഒരു മിഷ്യൻ കേന്ദ്രമാണ് അമ്പിലികോണം. ഒരു ഇടവക ദേവാലയവും ഇവിടെയുണ്ട്. ഈ ഇടവകയുടെയും അടുത്തുള്ള മിഷ്യനുകളുടെയും വികാരിയായി നിയമിക്കപ്പെട്ടിരുന്നത് ബ. മാത്യു കൊമ്പനാൽ അച്ചനായിരുന്നു. ഇദ്ദേഹം മലങ്കര കത്തോലിക്കാ സഭയുടെ ശൈശവകാലത്ത് സഭാസേവനത്തിനായി ചങ്ങനാശ്ശേരിരൂപതയിൽ നിന്നും എത്തിയ ഒരു വലിയ മിഷ്യനറിയായിരുന്നു. ബഹുമാനപ്പെട്ട അച്ചന്റെ മിഷ്യൻ ചൈതന്യത്തിന്റെ ജീവിക്കുന്ന തെളിവാണ് അമ്പിലികോണത്ത് ഇന്നു കാണുന്ന ബഥനിമഠവും അതിന്റെ പ്രവർത്തനങ്ങളും.

1971 ജനുവരി ഒന്നിന് വന്ദ്യപിതാവു ദാനമായി നല്കിയ രണ്ട് ഏക്കർ സ്ഥലത്ത് ബ. അച്ചന്റെ സഹായത്തോടെ പണിത ഒരു ചെറിയ കെട്ടിടത്തി

www.malankaralibrary.com



ലാണ് മഠാരംഭം. ജനുവരി ഒന്നിന് വിശുദ്ധ ബസേലിയോസിന്റെ പെരുനാൾ ദിവസം വന്ദ്യ ഗ്രിഗോറിയോസ് പിതാവ് കൂദാശ ചെയ്ത കെട്ടിടത്തിൽ സിസ്റ്റേഴ്സ് താമസമാരംഭിച്ചു. സിസ്റ്റർ തൗദീസ്, സി. ബനീറ്റ, സി.ശ്രദ്ധ, സി. മംഗള എന്നിവരായിരുന്നു ആദ്യാംഗങ്ങൾ. പരിമിതമായ ഒരു മിഷ്യൻ പ്രവർത്തമായിരുന്നു ആരംഭത്തിൽ സിസ്റ്റേഴ്സിനുണ്ടായിരുന്നത്. ഭവന സന്ദർശനം, ഇടവകയിൽ മതപഠനം, കുടുംബനവീകരണത്തിനായുള്ള പരിപാടികൾ എന്നിവയിലാണ് അവർ ശ്രദ്ധവച്ചത്.

1971 മാർച്ച് മാസാരംഭത്തിൽ സിസ്റ്റർ ഫെലീഷ്യ, മദ്രാസിൽ സ്റ്റെല്ലാ മേരീസിലെ നവനിർമാണ ദ്വിവത്സര കോഴ്സ് കഴിഞ്ഞ് അമ്പിലി കോണ ത്തേക്കു നിയമിക്കപ്പെട്ടു. അതോടെ വ്യക്തിപരമായും സമൂഹപരമായുമുള്ള ഒരു സമഗ്രസമുദ്ധാരണപദ്ധതിയുടെ ആരംഭമെന്നവണ്ണം ബോധവല്ക്കരണ ക്ലാസ്സുകൾക്കും വിദ്യാഭ്യാസ പരിപാടിക്കും തുടക്കം കുറിച്ചു. അവിടവിടെ യായി നഴ്സറി സ്കൂളുകൾ സൗജന്യമായി നടത്തുവാനാരംഭിച്ചു. ഉച്ച ഭക്ഷണത്തിനായി സി.ആർ.എസ്. ഭക്ഷ്യവിഭവങ്ങൾ വിതരണംചെയ്തു. സാമാന്യവിദ്യാഭ്യാസശേഷം തൊഴിലില്ലാതെ കഴിഞ്ഞിരുന്ന യുവതികളെ ക്ലാസ്സുകൾ ഏല്പിച്ചശേഷം സിസ്റ്റേഴ്സ് ആഴ്ചയിൽ രണ്ടു ദിവസം വീതം ഓരോ ക്ലാസ്സും സന്ദർശിക്കയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. സ്ഥലത്തെ പോസ്റ്റ് ഓഫീസ് സഹായത്തോടെ ലഘുനിക്ഷേപപദ്ധതികൾ ഏർപ്പെടുത്തി. അമ്പിലികോണത്ത് ധാരാളമായുള്ള പനയോലകൊണ്ട് നെയ്തെടുക്കാവുന്ന കുട്ട, വട്ടി, ഓലപ്പെട്ടികൾ, പായ നിർമ്മാണങ്ങൾക്ക് പരി ചയമുള്ള നാട്ടുകാരെ ക്കൊണ്ടുതന്നെ പരിശീലനം നല്കി സ്ത്രീകൾക്കും പുരുഷന്മാർക്കും തൊഴിൽ സൗകര്യം വർദ്ധിപ്പിച്ചു. ചുറ്റുപാടുമുള്ള 30-ഓളം വീട്ടുകാർ പട്ടിണികൂടാതെ ജീവിക്കുവാൻ ഈ കുടിൽവ്യവസായം കാരണമായി.

ആഴ്ചയിൽ മൂന്നുദിവസം സായാഹ്നക്ലാസ്സുകൾ വയോജന വിദ്യാഭ്യാസ ത്തിന്റെ ചുവടുപിടിച്ച് ആരംഭിച്ചു. ആരംഭത്തിൽതന്നെ 50-ൽ കൂടുതൽ സ്ത്രീപുരുഷന്മാർ ഇതിൽ പങ്കെടുത്തു. എഴുതാനും വായിക്കാനും അത്യാ വശ്യം കണക്കുക്കൂട്ടാനും പഠിച്ചവർക്ക് മക്കളെ കൂടുതൽ പഠിപ്പിക്കണമെന്ന ആഗ്രഹവും ഉന്മേഷവും ഉണ്ടായി. ഇതിനായി 1972 ൽ അടുത്ത സ്ഥലമായ പുല്ലുകുഴിയിൽ ഒരു വെൽഫയർ സെന്റർ ആരംഭിച്ചു. 7 വയസ്സിനു താഴെ യുള്ള കുട്ടികൾക്കു പ്രത്യേകമായും സ്ത്രീ പുരുഷന്മാരുൾപ്പെട്ട ഗ്രൂപ്പിനു പ്രത്യേക മായും സെന്ററിൽ പരിപാടികൾ ക്രമീകരിച്ചു. കൂലിവേലയ്ക്കും മറ്റുമായി പോകുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ പകൽസമയം സംരക്ഷി



ക്കുന്നതിനായി മഠത്തോടനുബന്ധിച്ച് 1972 മെയ് മാസത്തിൽ ഒരു ക്രഷ് ('ശിശു നികേതൻ' )ആരംഭിച്ചു. തുടക്കത്തിൽ തന്നെ മൂന്നുമാസം പ്രായം മുതൽ ഉള്ള 50 കുഞ്ഞുങ്ങൾ ക്രഷിൽ ഏല്പിക്കപ്പെട്ടു.

1973 ജനുവരി മുതൽ കുളത്തൂർ ഇടവകപള്ളിയിൽ വച്ച് ആഴ്ചയി ലൊരിക്കൽ യുവതികൾക്കായി ഒരു ക്ലാസ്സ് ആരംഭിച്ചു. 1973 ഒക്ടോബർ 15 മുതൽ മൂന്നു ദിവസം നീണ്ടു നിന്ന ക്യാമ്പ് യുവജനങ്ങൾക്കായി സംഘ ടിപ്പിച്ചു. സോഷ്യൽ അവയർണസ് & ലീഡർഷിപ്പ് ട്രെയ്നിംഗ് എന്ന പേരിൽ നടന്ന ക്യാമ്പിന് അവസാനം ഒരു സംഘടന 'ഗ്രാമദീപം' എന്ന പേരിൽ രൂപീകരിച്ചു. തുടർന്നുള്ള വർഷങ്ങളിലും ഈ ക്യാമ്പ് സജീവമായി നടത്താൻ തീരുമാനവും എടുത്തു.

കൃഷിയെക്കുറിച്ച് കാര്യമായ ബോദ്ധ്യമൊന്നും ഈ നാട്ടുകാർ ക്കുണ്ടായിരുന്നില്ല. അതിനു പ്രധാന കാരണം വെള്ളത്തിന്റെ അഭാവം തന്നെ. പനകയറ്റവും ചക്കര നിർമ്മിക്കലും പ്രധാന തൊഴിലായി കരുതിയിരുന്ന ഇവർക്ക് കൃഷിയെക്കുറിച്ച് അറിവില്ലായിരുന്നു. മഠത്തോടു ചേർന്ന് 6 സെന്റ് സ്ഥലം വാങ്ങി അവിടെ ഒരു കിണറുണ്ടാക്കി മോട്ടോർ ഘടിപ്പിച്ചു. ഈ സ്ഥലത്ത് യുവാക്കളുടെ സഹായത്തോടെ സിസ്റ്റർ ഫെലീഷ്യ തെങ്ങിൻ തൈകൾ വയ്പിച്ചു. കിണറ്റിൽനിന്ന് വെള്ളം തെങ്ങിനും ആവശ്യത്തിനു നല്കി, അവിടെ പനമാത്രമല്ല തെങ്ങും വളരുമെന്ന് ബോദ്ധ്യമാക്കി ക്കൊടുത്തു. വേറെയും ചെറുകൃഷികൾ മഠത്തിന്റെ പറമ്പിൽ മാതൃക യ്ക്കായി ഉണ്ടാക്കി. അങ്ങനെ അടുത്ത വീടുകളിലും സ്ഥലങ്ങളിലും അടുക്കളതോട്ടങ്ങളും ഇതരകൃഷികളും സുലഭമായി.

ജനങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങളിലും സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിച്ചു. ഇടവകകളിൽ പ്രാർത്ഥന ഗ്രൂപ്പുകൾ, ലിറ്റിൽവേ അസ്സോസിയേഷൻ എന്നിവ ആരംഭിച്ചു. അമ്പിലികോണം, കുളത്തൂർ, ഉച്ചക്കട, കുഴിഞ്ഞാംവിള, ചെറുവാരക്കോണം, അടയ്ക്കാക്കുഴി എന്നിവിടങ്ങളിലെല്ലാം സിസ്റ്റേഴ്സിന്റെ ശ്രദ്ധ സജീവമായിരുന്നു.

1976 സിസ്റ്റർ ഫെലീഷ്യ സ്ഥലം മാറി, പകരം സ്റ്റെല്ലാമേരീസിൽ നവനിർമ്മാണ പരിശീലനം കഴിഞ്ഞ സിസ്റ്റർ കൊച്ചുത്രേസ്യ അമ്പിലി കോണത്ത് നിയമിതയായി. 1972 മുതൽ ആരംഭിച്ച് വിജയകരമായി പ്രവർത്തിപ്പിച്ചിരുന്ന എല്ലാ പരിപാടികളും കോട്ടംകൂടാതെ തുടരുന്നതിന് സിസ്റ്റർ കൊച്ചുത്രേസ്യയും കൂടെയുള്ള സിസ്റ്റേഴ്സും ശ്രദ്ധിച്ചിരുന്നു.

www.malankaralibrary.com



1976 ജൂലായ് മാസത്തിൽ സി.ആർ.എസ്. ന്റെ ഒരു പ്രത്യേക സ്കീം (Food for work scheme) അനുസരിച്ച് വിവിധ ഭാഗങ്ങളിലായി '48' ഏക്കർ സ്ഥലത്ത് 'കയ്യാല' നിർമിച്ച് മണ്ണൊലിപ്പു തടയാൻ സഹായിച്ചു. തന്മൂലം കഴിഞ്ഞ വർഷങ്ങളിൽ ആരംഭിച്ച കൃഷിപരിപാടികൾ നഷ്ടം കൂടാതെ നടത്താൻ കഴിഞ്ഞു. ഈ പ്രത്യേക പദ്ധതിവഴി ഭവനനിർമ്മാണം, റിപ്പെയറിംഗ്, ഭക്ഷ്യധാന്യവിതരണം ഇവയെല്ലാം നിയോഗിക്കപ്പെട്ടിരിക്കുന്ന ഹെൽത്തുവർക്കേഴ്സിന്റെ ആത്മാർത്ഥമായ സേവനഫലമാണ്.

1977 ൽ സി.ആർ.എസ്. കളമശ്ശേരിയിൽ സംഘടിപ്പിച്ച ഒരു മാസ കോഴ്സിൽ സിസ്റ്റർ കൊച്ചുത്രേസ്യ സംബന്ധിച്ചു.

1978-ൽ മഠത്തിന്റെ സ്ഥലത്തോടുചേർന്നു കിടന്ന 16 1/2 സെന്റു സ്ഥലം കൂടെ വാങ്ങി. 8 സെന്ററുകളിൽ മഹിളാസമാജം ഏർപ്പെടുത്തി. കൂടാതെ ക്ലിനിക്ക് ആരംഭിച്ചത് നാട്ടുകാർക്ക് ആശ്വാസമായി. ഏഴുസ്ഥലങ്ങളിൽ റജിസ്റ്റർ ചെയ്ത മഹിളാസമാജം ഇന്നും തുടരുന്നു. സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡിന്റെ സഹായത്തോടെ പത്താംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി കണ്ടൻസ്ഡ് കോഴ്സ് 1992 വരെ നടത്തിയിരുന്നു.

1992 മുതൽ തുടങ്ങിയ പദ്ധതിയാണ്, പതിനൊന്നു വാർഡുകളിൽ സർവേ നടത്തി ഡയബറ്റിക് രോഗികളെ കണ്ടുപിടിച്ച് അവർക്ക് മാസത്തിലൊരിക്കൽ സൗജന്യമായി മരുന്നു നല്കുന്നത്. കൂടാതെ തമിഴ്നാട്ടിൽ 30-ഓളം യൂണിറ്റുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും രണ്ടാഴ്ചയിലൊരിക്കൽ മെഡിക്കൽ ചെക്കപ്പ് നടത്തി മരുന്നു നൽകുകയും ആരോഗ്യപരിപാലനത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇതിനായി 30 വോളണ്ടിയേഴ്സിനെ സംഘടിപ്പിച്ച് അവർക്കു പരിശീലനം നല്കിയിട്ടുണ്ട്. മാസത്തിലൊരിക്കൽ ഈ മുപ്പതു വോളണ്ടിയേഴ്സ് അമ്പിലികോണം മഠത്തിൽ ഒന്നിച്ചുകൂടി ഇവാലുവേഷൻ (Evalution) നടത്തുകയും നിർദ്ദേശങ്ങൾ സ്വീകരിക്കയും ചെയ്തിരുന്നു.

അമ്പിലികോണം പ്രദേശങ്ങളെ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനുള്ള ലഘുനിക്ഷേപ പദ്ധതി, ക്രഡിറ്റ് യൂണിയനുകൾ മുതലായവയെല്ലാം ഭംഗിയായി തുടരുന്നു. ദാരിദ്ര്യത്തിന്റെയും വിദ്യാഭ്യാസമില്ലായ്മയുടെയും അറിവില്ലായ്മയുടെയും മുഖചരായ മാറ്റുന്നതിനും സമഗ്ര വളർച്ചയുടെ പാതയിലൂടെ മുന്നേറുന്നതിനും ഇന്ന് ഈ നാടിന് കഴിയുന്നു എന്നഭിമാനിക്കാം. മഠത്തിന്റെ ആരംഭം മുതൽ ഇന്നോളം അവിടെയെത്തി രക്ഷയുടെ സന്ദേശം എല്ലാ തുറകളിലും എത്തിക്കുന്നതിന് അക്ഷീണം യത്നിച്ച സുപ്പീരിയേഴ്സും



സിസ്റ്റേഴ്സും അതിനു സഹായവും പ്രോത്സാഹനവും നൽകിയ ബ. മാത്യു കൊമ്പനാലച്ചൻ മുതലുള്ള വികാരിമാരും തിരുവനന്തപുരം അതിരൂപതയും നന്ദിയർഹിക്കുന്നു.

**11. കല്ലുമല ബഥനി മഠം (12-8-1974)**
കല്ലുമല, മാവേലിക്കര, ആലപ്പുഴ - 690 110

'ബഥനി' സ്ഥാപകനായ അഭിവന്ദ്യ മാർ ഇവാനിയോസ് പിതാവിന്റെ അനുജൻ മത്തായിപ്പണിക്കരുടെ മകൻ ശ്രീ തോമസ് പണിക്കർക്ക് കല്ലുമലയിലുണ്ടായിരുന്ന രണ്ടര ഏക്കർ നിലം ഉൾപ്പെടെ എട്ടര ഏക്കർ ഭൂമി തിരുവനന്തപുരം പ്രൊവിൻസ് വിലയ്ക്കു വാങ്ങുകയുണ്ടായി. വന്ദ്യ പിതാവിന്റെ ജന്മഭൂമിയിൽ ബഥനിയുടെ ഒരു സ്ഥാപനം അഭികാമ്യവും ആവശ്യവുമെന്ന ബോദ്ധ്യത്തിന്റെ ഫലമായാണ് അല്പം താമസിച്ചാണെങ്കിലും ഇവിടെയൊരു മഠം 1973 ൽ സ്ഥാപിതമായത്.

1973 ഫെബ്രുവരി 18 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മഠത്തിനു കല്ലിട്ടു. ഒരുനല്ല എൻജിനീയറിന്റെ വൈഭവമുണ്ടായിരുന്ന ആശ്രമസ്ഥനായ ബ. സെറാഫിയോൻ. ഒ. ഐ. സി. അച്ചനാണ് മഠത്തിനുള്ള പ്ലാൻ തയ്യാറാക്കിയതും പണിക്കു നേതൃത്വംനല്കിയതും. കായംകുളം മഠത്തിൽ താമസിച്ചുകൊണ്ട് പണിനോക്കാനും ബ. അച്ചന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കാനും മദർ ഹൈമനൂസ് കല്ലുമലയിൽ എത്തുമായിരുന്നു.

1973 സെപ്റ്റംബർ 8 ന് അടുക്കളയും ഒരു മുറിയും പൂർത്തിയാക്കി മദർ ഹൈമനൂസ്, സിസ്റ്റർ ഹെക്മാസും കൂടെ അവിടെ താമസം ആരംഭിച്ചുകൊണ്ട് ബാക്കി പണികൾ നടത്തി. 1974 ഓഗസ്റ്റിൽ മഠം പണി പൂർത്തിയായി. 12-ാം തീയതി ബ. സി.റ്റി കുരുവിളയച്ചൻ കൂദാശാകർമം നടത്തി. തുടർന്ന് ചാപ്പലിൽ വിശുദ്ധ കുർബാനയും അർപ്പിച്ചു. മദർ ഹൈമന്നൂസിന്റെ സഹോദരൻ പാപ്പച്ചൻ സമ്മാനമായി നല്കിയ സക്രാരിയിലാണ് വിശുദ്ധ കുർബാന സ്ഥാപിച്ചത്. സ്ഥാപകപിതാവിന്റെ പേരിൽ മഠം മാത്രം പോരാ, ഒരു സ്ഥാപനം(സ്കൂൾ)കൂടിവേണമെന്ന സിസ്റ്റേഴ്സിന്റെ ആഗ്രഹവും അന്ന് ഇടവകവികാരിയായിരുന്നു ബ. ജോസഫ് കൈപ്പള്ളിയച്ചന്റെ അഭിപ്രായവും നാട്ടുകാരുടെ ആവശ്യവും കണക്കിലെടുത്ത് 1975-ൽ ഒരു നഴ്സറി സ്കൂൾ മാർ ഈവാനിയോസ് നഴ്സറി എന്ന പേരിൽ ആരംഭിച്ചു. 1977 ആയപ്പോഴേക്കും സ്കൂൾ കെട്ടിടം രണ്ടാംനിലയും പൂർത്തിയാക്കി പ്രൈമറി സ്കൂൾ ആരംഭിച്ചു. ക്രമേണ 'മാർ ഈവാനിയോസ് നഴ്സറി & എൽ. പി. സ്കൂൾ' 5-ാം സ്റ്റാൻഡേർഡുവരെയെത്തി.

www.malankaralibrary.com



സ്കൂൾ ജോലി പ്രധാനമായിരുന്നു എങ്കിലും സിസ്റ്റേഴ്സ്, കല്ലുമല, വെട്ടിയാർ, ചെന്നിത്തല, പുതിയകാവ് എന്നിവിടങ്ങളിൽ മിഷ്യൻ പ്രവർത്തനം നടത്തിവന്നു. വീടുസന്ദർശനം, ഇടവകകളിൽ വേദപഠനം, പ്രാർത്ഥനാ ഗ്രൂപ്പുകൾ, രോഗീസന്ദർശനം എന്നിവയെല്ലാം മിഷ്യൻജോലിയിൽ ഉൾപ്പെട്ടിരുന്നു. സ്കൂൾ കുട്ടികൾക്കുവേണ്ടിയുള്ള ബൈബിൾ ക്ലാസ്സും മാതൃസംഘവും കൃത്യമായി നടത്തിയിരുന്നു. L. P. സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ ഹലിയൂസ്സും നഴ്സറിയുടെ ഹെഡ് മിസ്ട്രസ്സ് സിസ്റ്റർ സെലിനും ആയിരുന്നു.

ആദ്യകാലങ്ങളിൽ നാലാഞ്ചിറയിൽ നിന്നും നിലം കൃഷിചെയ്തിരുന്നെങ്കിലും 1980 നു ശേഷം കല്ലുമല മഠത്തിൽനിന്നു തന്നെയാണ് കൃഷി ചെയ്യുന്നത്. ഇരുപ്പൂനിലമാണെങ്കിലും ഒരു പ്രാവശ്യം മാത്രമേ കൃഷി നടന്നിരുന്നുള്ളു. കൃഷിയെക്കുറിച്ചുള്ള അറിവില്ലായ്മയോ ചെയ്യിക്കാനുള്ള ബുദ്ധിമുട്ടോ കാരണം പറമ്പിൽ കാര്യമായ കൃഷിയൊന്നും നടന്നിരുന്നില്ല. 1998 നു ശേഷം ഒരു പുതിയ വഴിയിലേക്കു കല്ലുമല പ്രവർത്തനശൈലി നീങ്ങുകയുണ്ടായി.

2000–ാ മാണ്ട് മഹാജൂബിലിസ്മാരകമായും ബഥനിയുടെ പ്ലാറ്റിനം ജൂബിലി ഓർമ്മ നിലനിർത്തുന്നതിനുമായി ഒരു പദ്ധതി നടപ്പാക്കുകയായിരുന്നു. ഒരു സമഗ്ര ഗ്രാമവികസന പദ്ധതിയുടെ ആരംഭം കുറിച്ചുകൊണ്ട് 2000 നവംബറിൽ 'മാർ ഈവാനിയോസ് മെമ്മോറിയൽ ഗ്രാമവികസന പദ്ധതി' എന്ന പേരിൽ ഒരു പ്രോജക്ട് ആരംഭിച്ചു. മാവ്, പ്ലാവ്, തെങ്ങ്, കമുക്, ഇതരവൃക്ഷങ്ങൾ എന്നിവയുടെ ഒട്ടുതൈകൾ വൻതോതിൽ ഉണ്ടാക്കുക, അലങ്കാര ചെടികളുടെ നഴ്സറിയും, കോഴി, താറാവ്, മത്സ്യം, മുയൽ, പന്നി എന്നിവ വളർത്തി വിതരണം എന്നിവയായിരുന്നു ഉദ്ദേശ്യം. കൂടാതെ 2001 മുതൽ മദർ ദനഹ മെമ്മോറിയൽ എന്ന പേരിൽ പട്ടു നൂൽപുഴുക്കളെ വളർത്തി നൂൽശേഖരിക്കുന്ന ഒരു കുടിൽവ്യവസായപദ്ധതിയും ആരംഭിച്ചു. കല്ലുമലയിലും, മാവേലിക്കരയിലും ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ ഉദ്ധരിക്കുകയെന്നതാണ് ലക്ഷ്യം. ഇപ്പോൾ നാല്പതു കുടുംബങ്ങളിൽ നിന്നായി നൂറോളം സ്ത്രീപുരുഷൻമാർ ഇവിടെ ജോലിയിൽ ഉൾപ്പെടുന്നുണ്ട്. കാർഷികവിളകളെക്കുറിച്ചും ആധുനികകൃഷി സമ്പ്രദായങ്ങളെക്കുറിച്ചും മത്സ്യംവളർത്തൽ, പന്നി, കോഴി, മുയൽ, പട്ടുനൂൽപുഴു എന്നിവയുടെ ആദായകരമായ വളർത്തലിനെ സംബന്ധിച്ചുമുള്ള സെമിനാറുകൾ, ക്ലാസ്സുകൾ, ഇവയും വളരെ പ്രയോജനപ്രദമായ ഒരു വികസന പദ്ധതിയായി ഇതിനെ ഉയർത്തിയിട്ടുണ്ട്. ഗ്രാമത്തിന്റെ സമഗ്രവികസനമാണ് കല്ലുമലയിലെ ഈ പ്രസ്ഥാനം കൊണ്ടുദ്ദേശിക്കുന്നത്. സിസ്റ്റർ ബർക്ക്മാൻസിന്റെ ചുമതലയിലും മേൽനോട്ടത്തിലും നടക്കുന്ന ഈ സംരംഭങ്ങൾ സിസ്റ്റേഴ്സ് സഹകരിച്ച് വിജയപ്രദമാക്കാൻ ശ്രമിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെയും ബ്ലോക്കിന്റെയും സഹായസഹകരണങ്ങൾ ഉണ്ടെന്നുള്ളതും എടുത്തുപറയേണ്ടിരിക്കുന്നു.



ഇപ്രകാരമുള്ള സംരംഭങ്ങൾക്കു പുറമെ സിസ്റ്റേഴ്സ് അടുത്ത ഇടവകകളിൽ മിഷ്യൻ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു.

**12. മദ്രാസ് ബഥനി മഠം (3–11–1974)**
പാടി. പി.ഒ, മരിയനഗർ, ചെന്നൈ – 600 050

ബാഹ്യകേരളത്തിൽ ബഥനിക്കായി സ്ഥാപിക്കപ്പെട്ട ആദ്യത്തെ മഠമാണ് സെന്റ് തോമസ് ബഥനി മഠം. 1974 ൽ അമ്പത്തൂർ എന്ന സ്ഥലത്ത് 50 കുടുംബങ്ങൾ മലങ്കര കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ഇവിടെയൊരു മഠം ഉണ്ടാകുന്നത് വളരെ നല്ലതും ആവശ്യവുമാണെന്ന് മനസ്സിലാക്കിയ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് അന്നത്തെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ശ്ലോമ്മോയെ അറിയിക്കുകയും സഹായം ആവശ്യപ്പെടുകയും ചെയ്തു. അതിൽപ്രകാരം 1974 ഒക്ടോബർ 31–ാം തീയതി സിസ്റ്റേഴ്സ് ഐറീൻ, ജറോസ്, ജമ്മ എന്നിവരെ മദ്രാസിലേക്കയച്ചു. മഠത്തിനു ഭവനമില്ലായിരുന്നതിനാൽ ബ. ജോർജ്ജ് ജേക്കബ് അച്ചന്റെ ഔദാര്യപൂർവ്വമായ ക്രമീകരണമനുസരിച്ച് പള്ളിക്കെട്ടിടത്തിൽ തത്ക്കാലം താമസിച്ചു. കുറച്ചുദിവസങ്ങൾക്കുശേഷം വാടകയ്ക്ക് ഒരു വീട് സൗകര്യമായി ലഭിച്ചപ്പോൾ അവിടേക്കു മാറിത്താമസിച്ചു. അവിടെ അതിരൂപത വക ഒരു സ്കൂൾ ഉണ്ടായിരുന്നതിൽ ബ. അച്ചൻ രണ്ടുപേരെ ജോലിയ്ക്കു നിയമിച്ചു. സ്കൂളിന്റെ ലോക്കൽ മാനേജർ അന്നു വികാരിയായിരുന്ന ബ. ജോർജ് ജേക്കബച്ചനായിരുന്നു. 1981 ആയപ്പോഴേക്കും മദ്രാസിൽ പാടി എന്നസ്ഥലത്ത് 7 ഗ്രൗണ്ട് സ്ഥലം വാങ്ങി അവിടെ മഠം പണി ആരംഭിച്ചു. 1982 ഏപ്രിൽ അവസാനത്തോടെ പണിപൂർത്തിയായ മഠത്തിന്റെ കെട്ടിടം 1982 മേയ് മാസം 28 ന് അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി (അന്നു തിരുവനന്തപുരം സഹായ മെത്രാൻ) കുദാശ ചെയ്തു; സിസ്റ്റേഴ്സ് അവിടേയ്ക്കു മാറിത്താമസിച്ചു.

മദ്രാസിൽ മഠത്തിന്റെ ലക്ഷ്യംതന്നെ ഇടവകയുടെയും ദൈവജനത്തിന്റെയും ആദ്ധ്യാത്മിക പുരോഗതി എന്നതായിരുന്നു എങ്കിലും സാമ്പത്തിക ഭദ്രത ഒരാവശ്യഘടകമായിരുന്നു. അതിനായി അരമന വകയായി ആരംഭിച്ചിരുന്ന നഴ്സറി സ്കൂൾ (L. K. G & U. K. G) മഠത്തിന്റെ ചുമതലയിൽ

www.malankaralibrary.com



വിട്ടുകൊടുക്കുന്നതിന് ബ. ജോർജ്ജ് ജേക്കബച്ചൻ ഔദ്യാര്യപൂർവ്വം തയ്യാറായി കൂടാതെ രൂപതവക ഹയർ സെക്കണ്ടറി സ്കൂളിലും സിസ്റ്റേഴ്സ് സേവനംചെയ്യുന്നു. മഠത്തോടുചേർന്ന് ഒരു കെട്ടിടം പൂർത്തിയാക്കി 1984-ൽ നഴ്സറി അവിടേക്കു മാറ്റി. 1989 ആയപ്പോഴേക്കും സ്ഥലത്തെ കുടുംബ ങ്ങളിൽപ്പെട്ട ജോലിക്കു പോകുന്ന സാധുക്കളായ സ്ത്രീകളുടെ സഹായാർ ത്ഥം ഒരു പ്രീ-നഴ്സറി ആരംഭിച്ച് കുഞ്ഞുങ്ങളെ അവിടെ സ്വീകരിച്ചു. ഇപ്പോൾ (2001) പ്രീനഴ്സറി രണ്ടു ഡിവിഷനും, എൽ. കെ. ജി. രണ്ടു ഡിവിഷനും യു. കെ. ജി. മൂന്നു ഡിവിഷനുമായി വർദ്ധിച്ചിട്ടുണ്ട്.

ഉപരിവിദ്യാഭ്യാസത്തിനായി സിസ്റ്റേഴ്സും പ്രീ നോവിസ്സസ്സും മദ്രാസ് മഠത്തിലെത്തുന്നുണ്ട്. അങ്ങനെ ഇതൊരു സ്റ്റഡിസെന്ററായും കണക്കാ ക്കപ്പെടുന്നു. ഇതിനകം 1992 ൽ മഠത്തിന്റെ കെട്ടിടം രണ്ടു നിലയാക്കി കൂടുതൽ സിസ്റ്റേഴ്സിന് പഠനസൗകര്യമുണ്ടാക്കിയിട്ടുണ്ട്. സ്ത്രീസമാജം, സൺഡേസ്കൂൾ, തിരുബാലസഖ്യം പ്രാർത്ഥനാഗ്രൂപ്പുകൾ, ഇവയ്ക്കൊ ക്കെയും നേതൃത്വം നല്കുന്നതിൽ സിസ്റ്റേഴ്സ് പ്രത്യേകിച്ച് സിസ്റ്റർ അംസാ ശ്രദ്ധിച്ചിരുന്നു. കൂടാതെ എല്ലാ ദിവസവും സിസ്റ്റർ അംസായുടെ നേതൃത്വ ത്തിൽ ഭവനസന്ദർശനം, രോഗീസന്ദർശനം പതിവായിത്തീർന്നിരുന്നത് തുടരുന്നു. ഇവിടത്തെ ജനങ്ങൾക്ക് ഈ മഠം ഒരാശ്വാസഭവനമാണ്.

**13. കലയപുരം ബഥനിമഠം (14-10-1978)**
കലയപുരം. പി.ഒ., കൊട്ടാരക്കര, കൊല്ലം - 691 560

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കുളക്കട വില്ലേജിൽ പൂവറ്റൂർ കിഴക്കു വാർഡിൽപെട്ട ഒരു സ്ഥലമാണ് കലയപുരം. തിരുവ നന്തപുരം അതിരൂപതയുടെ ഒരു പള്ളി കലയപുരത്തുണ്ട്. ഇടവകപ്രവർ ത്തനങ്ങളും മിഷ്യൻ ജോലികളും നന്നായി നടക്കുന്നതിനും ജനങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കു സഹായിക്കുന്നതിനും സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യസഹകരണങ്ങൾ സഹായകമെന്നു കണ്ട് അന്ന് അവിടത്തെ വികാരിയായിരുന്ന ബ. സാമുവൽ തൈക്കൂട്ടത്തിലച്ചന്റെ പരിശ്രമത്താലാണ് മഠം രൂപം കൊണ്ടത്.

ഒരു ഏക്കർ 25 സെന്റ് സ്ഥലം മഠത്തിനായി വാങ്ങി. കെട്ടിടം പണി ആരംഭിച്ചു. 1978 ഒക്ടോബർ 14ന് സിസ്റ്റേഴ്സ് ശാലീത്ത, ക്ലേവർ, ദ്യോതിസ് എന്നിവർ കലയപുരത്തെത്തി ക്രമീകരിച്ചിരുന്ന ഒരു വാടകവീട്ടിൽ താമസിച്ചുകൊണ്ട് മിഷ്യൻ ജോലികൾ ആരംഭിച്ചു. പണിയാരംഭിച്ചിരുന്ന സ്കൂൾ കെട്ടിടം തീരുംവരെ മൂന്നുമാസത്തേക്ക് ഇടവകപള്ളിവക മുറിയിൽ നഴ്സറിക്ലാസ്സും നടത്തിയിരുന്നു. 1979 ജൂണിൽ സ്കൂൾ കെട്ടിടം പണിതീർന്നു.



അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് അതിന്റെ കൂദാശ നടത്തി നഴ്സറി ക്ലാസ്സ് അവിടേക്കു മാറ്റി. സിസ്റ്റേഴ്സിന്റെ താമസവും സ്കൂളിന്റെ ഒരു മുറിയിലായി. കൂടാതെ ഒന്നാം സ്റ്റാൻഡേർഡ് ആരംഭിച്ചു. ഓരോ വർഷവും ഓരോ സ്റ്റാൻഡേർഡു വീതം തുടങ്ങി ഇപ്പോൾ ഏഴാം സ്റ്റാൻഡേർഡുവരെ അംഗീകാരമുള്ള ഒരു യു. പി. സ്കൂളായിത്തീർന്നിട്ടുണ്ട്.

1980 ഓഗസ്റ്റ് 23 ന് മഠം പണി പൂർത്തീകരിക്കും മുമ്പുതന്നെ അഭിവന്ദ്യ പിതാവിനെക്കൊണ്ട് മഠം കൂദാശ ചെയ്യിച്ച് സിസ്റ്റേഴ്സ് അവിടേക്കു താമസം മാറ്റി. 1987 ൽ നഴ്സറിക്കായി ഒരു പ്രത്യേക കെട്ടിടം അതേ കോമ്പൗണ്ടിൽ ഉണ്ടാക്കി നഴ്സറിക്ലാസ്സുകൾ മാറ്റുകയുണ്ടായി. തന്മൂലം എൽ. പി., യു. പി. സ്കൂളുകളുടെ അംഗീകാരം പ്രയാസം കൂടാതെ ലഭിച്ചു. ഇതിനകം 1992 മാർച്ചു മാസത്തോടു കൂടി മഠം ചാപ്പൽ പണിപൂർത്തിയായി കൂദാശനടന്നു. ഇന്ന് സാമാന്യം സൗകര്യങ്ങളോടുകൂടി ഒരു ചെറിയ മഠവും നല്ല നിലവാരം പുലർത്തുന്ന എൽ. പി. യു .പി. നഴ്സറി സ്കൂളും കലയപുരത്ത് ശോഭി ക്കുന്നു. കൂടാതെ മറ്റുസ്ഥലങ്ങളിലും മിഷ്യൻ പ്രവർത്തനത്തിൽ സിസ്റ്റേഴ്സ് അതീവ ശ്രദ്ധചെലുത്തുന്നു.

**14. നാഗർകോവിൽ - ബഥനിമഠം (6-4-1980)**
വെട്ടൂർണിമഠം പി.ഒ., പള്ളിവിള - 629 003 നാഗർകോവിൽ

തിരുവനന്തപുരത്തിനും കന്യാകുമാരിക്കും മദ്ധ്യേ സ്ഥിതി ചെയ്യുന്ന മലനാടാണ് നാഗർ കോവിൽ എന്ന സ്ഥലം. അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി ബിഷപ്പാകും മുമ്പുമുതൽ ഒരു വലിയ മിഷ്യൻ പ്രവർത്ത കനായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനപരിപാടികളിൽപെട്ട സവിശേഷ മായ ഒന്നായിരുന്നു 'ഹെൽത്ത് ഓ മില്യൻ' (Health O' Million) പ്രോഗ്രാം. ഈ പ്രോഗ്രാമിന്റെ നടത്തിപ്പിനു വേണ്ടി അതിരൂപതാ ലവലിൽ ധാരാളം സെന്ററുകൾ അദ്ദേഹം തുടങ്ങി. അതിലൊന്നാണ് നാഗർകോവിലിൽ ഇന്നുണ്ടായിരിക്കുന്ന ബഥനി മഠം.

1980 ഏപ്രിൽ മാസം 6-ാം തീയതി നാഗർകോവിൽ രാമപുരം എന്ന സ്ഥലത്തുള്ള 'വെള്ളാള' കോളനി കേന്ദ്രമാക്കി ഒരു മിനിഹെൽത്ത് സെന്റർ ആരംഭിച്ചു. സിസ്റ്റർ മെൽക്കാ, സിസ്റ്റർ നിർലീന എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടികൾ നടന്നത്. സിസ്റ്റേഴ്സിനായി '35' സെന്റു സ്ഥലം ഇവിടെ വാങ്ങിയെങ്കിലും ആദ്യാംഗങ്ങൾ വെള്ളാള കോളനിയിൽ ഉള്ള ശാന്തിഭവനത്തിലെ ഒരു മുറി വാടയ്ക്ക് എടുത്താണ് താമസിച്ചത്.

സമഗ്രഗ്രാമവികസനം ആയിരുന്നു പ്രവർത്തനലക്ഷ്യം. അതിനായി 15-ഓളം സെന്ററുകളിൽ പെട്ട 15,00 വീടുകൾ തെരഞ്ഞെടുത്ത് പ്രത്യേകം

www.malankaralibrary.com



ശ്രദ്ധിക്കാനുള്ള ക്രമീകരണം ചെയ്തു. കൂടാതെ ലെപ്രസി കൺട്രോൾ പ്രോഗ്രാം പിരപ്പൻകോട് ലെപ്രസി ഹോസ്പിറ്റലിന്റെ ക്ലിനിക്കെന്ന നിലയിൽ ഇവിടെയും ആരംഭിച്ചു. ഏകദേശം 630 രോഗികൾ ചികിത്സയ്ക്കായി കണ്ടുപിടിക്കപ്പെട്ടു എന്നു പറയുമ്പോൾ ആ പ്രദേശത്തെ ആരോഗ്യസ്ഥിതിയും ശുശ്രൂഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും വ്യക്തമാകുന്നു. 1984 മുതൽ ലെപ്രസി കൺട്രോൾ പ്രോഗ്രാമിനോടനുബന്ധിച്ച് UNICEF സഹായത്തോടെ 15 വയസ്സിനു താഴെ അംഗവൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ചൈൽഡ് ഡിസെബിലിറ്റി പ്രിവൻഷൻ എന്ന പ്രോഗ്രാം ആരംഭിച്ചു. വികാലാംഗരായ കുട്ടികളുടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട പരിശീലനമുറകൾ, വൈദ്യ പരിശോധന, ഹെൽത്ത് എഡ്യൂക്കേഷൻ മുതലായവയും ഈ പരിപാടിയുടെ ഭാഗമാണ്. പരിശീലനത്തിലിരിക്കുന്ന വികലാംഗരെ മറ്റു പ്രത്യേക സ്കൂളുകളിൽ വിട്ടു പഠിപ്പിക്കേണ്ട അവസരങ്ങളിൽ അങ്ങനെയും ചെയ്യാൻ ശ്രദ്ധിച്ചിരുന്നു.

സ്ഥലംമാറ്റം മൂലം സിസ്റ്റേഴ്സ് മാറി വന്നാലും പ്രവർത്തനങ്ങൾക്ക് കോട്ടം വരാതിരിക്കുന്നതിനായി ഓരോ സെന്ററിലും ഹെൽത്ത് വർക്കേഴ്സിനെ പരിശീലിപ്പിച്ച് ഏർപ്പെടുത്തിയിട്ടുണ്ട്. നാടിന്റെ നന്മയ്ക്കുവേണ്ടി സിസ്റ്റേഴ്സിനോടൊപ്പം ജോലിചെയ്യാനും സേവനമനുഷ്ഠിക്കാനും സന്നദ്ധരായ യുവതീയുവാക്കൾ പ്രതിഫലേച്ഛ കൂടാതെ കിട്ടുന്നതു സ്വീകരിച്ചു തൃപ്തിപ്പെട്ട് സഹകരിച്ചുവന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നല്കിയിരുന്നത് സിസ്റ്റർ എയ്മാർഡായിരുന്നു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

1996 ഡിസംബർ 16 ന് മാർത്താണ്ഡം രൂപത രൂപംകൊള്ളുകയും അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി പ്രഥമ രൂപതാദ്ധ്യക്ഷനായി അവരോധിക്കപ്പെടുകയും ചെയ്തു. 1996 മുതൽ നാഗർകോവിൽ മഠം മാർത്താണ്ഡം രൂപതാ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നു. സമീപപ്രദേശങ്ങളിലുള്ള മിഷ്യനുകളിൽ ആവശ്യാനുസരണം സഹകരിക്കുന്നു. കൂടാതെ ചുറ്റുപാടുമുള്ള ഭവനങ്ങളിലെ പാവപ്പെട്ട പഠിക്കാൻ പിന്നോക്കം നില്ക്കുന്ന കുഞ്ഞുങ്ങൾക്ക് പഠനസൗകര്യങ്ങൾ മഠത്തിൽ സജ്ജീകരിക്കുകയും തുടർന്ന് 2000-ാമാണ്ട് അവിടെ ഒരു നഴ്സറി സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ തമിഴ്നാട്ടിലുള്ള കുഞ്ഞുങ്ങൾക്കായി ഒരു എൽ. പി. സ്കൂളും അവിടെ ആരംഭിച്ചിട്ടുണ്ട്.



**15. പുത്തൂർ ബഥനിമഠം (19-7-1980)**

പുത്തൂർ പി.ഒ., കൊല്ലം - 691 507

കൊട്ടാരക്കര താലൂക്കിൽ കുളക്കട പഞ്ചായത്തിൽ പുത്തൂർ മുറിയിലാണ് ബഥനിയുടെ ഈ മന്ദിരം. പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കും ധാരാളം ദൈവവിളികളുള്ള ഒരു ഗ്രാമപ്രദേശമാണ് പുത്തൂർ. ഇവിടെ ബഥനിയുടെ ഒരു മഠവും എന്തെങ്കിലും സ്ഥാപനവും ഉണ്ടാകണമെന്ന് ആഗ്രഹിച്ച ബ. ദാനിയേൽ കടകംപള്ളി (Senior) അച്ചന്റെയും പുത്തൂർ ദേശക്കാരായ മറ്റു വൈദികരുടെയും ഇടവക ജനങ്ങളുടെയും ആഗ്രഹഫലമാണ് പുത്തൂർ ബഥനിമഠവും സ്ഥാപനങ്ങളും.

1978 ൽ മദർ വിജയ - അന്നത്തെ പ്രൊവിൻഷ്യൽ - മഠത്തിനായി ഒരേക്കർ സ്ഥലം വാങ്ങി. ഇവിടെ കെട്ടിടം പണിയുംവരേയ്ക്ക് സിസ്റ്റേഴ്സിനു താമസിക്കാനായി സ്ഥലത്തെ ശ്രീ പാപ്പൻ മുതലാളിയുടെ ഒരു കെട്ടിടം വാടകയ്ക്കെടുത്തു. 1980 ജൂലായ് 19-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് അതിന്റെ കൂദാശ നടത്തി, അന്നുമുതൽ സിസ്റ്റേഴ്സ് അവിടെ താമസവും തുടങ്ങി. വിശുദ്ധ വിൻസെന്റ് പുണ്യവാന്റെ നാമത്തിൽ കൂദാശ ചെയ്യപ്പെട്ട ബഥനിമഠത്തിലെ ആദ്യാംഗങ്ങൾ സിസ്റ്റർ തൗദീസും സിസ്റ്റർ അഞ്ജലിയുമായിരുന്നു.

പുത്തൂർ ഇടവക വക യു. പി. സ്കൂളിലും നഴ്സറിസ്കൂളിലും സിസ്റ്റേഴ്സ് പഠിപ്പിക്കുകയും കാരിക്കൽ, തേവലപ്പുറം എന്നീ സ്ഥലങ്ങളിലെ മിഷ്യൻ പ്രവർത്തനങ്ങളിൽ വ്യാപൃതരാവുകയും ചെയ്തു. 1980 ജൂൺ 26-ന് മഠത്തിനു വേണ്ടി വാങ്ങിയ സ്ഥലത്ത് ഒരു ആശുപത്രിക്കെട്ടിടത്തിന് മദർ മാക്സാ ശിലാസ്ഥാപനം നടത്തി. ബ. മാത്യു കടകംപള്ളിയച്ചന്റെ നിർലോപമായ സഹായവും നിസ്വാർത്ഥമായ സഹകരണവും മൂലമാണ് ഇങ്ങനെയൊരാതുരാലയം 'ബഥനി ഹോസ്പിറ്റൽ' എന്ന നാമത്തിൽ രൂപം കൊണ്ടതും രണ്ടുവർഷം കൊണ്ട് പണിതീർത്തതും. കടകംപള്ളികുടുംബത്തിലെ കാരണവരും പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യ വൈദികരിൽ ഒരാളുമായിരുന്ന ബ. മത്തായി വിളയിലച്ചന്റെ ഓർമ്മയ്ക്കായി ഒരു പ്രത്യേക ബ്ലോക്ക് ബഥനി ഹോസ്പിറ്റലിൽ നിർമിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. വസ്തു വാങ്ങിയതു മുതൽ കെട്ടിടം പണിപൂർത്തിയാകുംവരെയും അതിനു നേതൃത്വം നല്കുകയും അദ്ധ്വാനിക്കുകയും ചെയ്തത് കടകംപള്ളിൽ ശ്രീ ഉമ്മൻ അവർകളാണ് എന്ന് പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ട്.

1982 ജനുവരി 18 ന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് ആശുപത്രി കെട്ടിടം കൂദാശ ചെയ്യുകയും ബ. മന്ത്രി ആർ. ബാലകൃഷ്ണപിള്ള ഉദ്ഘാടന

www.malankaralibrary.com



കർമ്മം നിർവഹിക്കുകയും ചെയ്തു. ആശുപത്രിക്കാര്യങ്ങൾ ശ്രദ്ധിക്കുന്ന തിനും ക്രമീകരിക്കുന്നതിനുമായി സിസ്റ്റർ സബീനയാണ് ആദ്യം നിയോഗിക്കപ്പെട്ടത്. കൂടാതെ ഒരു ഡോക്ടറെയും ആവശ്യമായ നഴ്സിനെയും ആരംഭത്തിൽതന്നെ നിയമിച്ചു.

ഇതിനകം പണിപൂർത്തിയായ മഠം കെട്ടിടം 1983 ഡിസംബർ 18-ാം തീയതി അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവുതന്നെ കൂദാശ ചെയ്തു. മൂന്നു വർഷത്തോളം വാടകവീട്ടിൽ താമസിച്ചിരുന്ന സിസ്റ്റേഴ്സ് പുതിയ മഠത്തിൽ താമസമായി. ഇപ്പോൾ ആശുപത്രിക്ക് 25 ൽ കൂടുതൽ രോഗികൾക്കുള്ള കിടക്കയും ഔട്ട് പേഷ്യന്റ്സ് യൂണിറ്റും എക്സറെ യൂണി റ്റുമുണ്ട്. രണ്ട് എം. ബി. ബി. എസ്സ്. ഡോക്ടേഴ്സും ഒരു ഫിസിഷ്യനുമാണ് ഇപ്പോഴുള്ളത്. സ്ഥലംമാറ്റം മൂലം സിസ്റ്റേഴ്സ് മാറിവരുന്നു എങ്കിലും ആശുപത്രി ക്കാര്യങ്ങളും മിഷ്യൻ പ്രവർത്തനങ്ങളും വിജയപ്രദമായി ഇവിടെ നടക്കുന്നു. രൂപതവക സ്കൂളിലും സിസ്റ്റേഴ്സ് സേവനം അനുഷ്ഠിക്കുന്നു.

മഠത്തിനുവേണ്ടി വാങ്ങിയിരുന്ന ഒരേക്കർ സ്ഥലത്തിൽ നിന്നും 11 സെന്റു സ്ഥലം കനാലിനുവേണ്ടി ഗവർമെന്റ് വിലയ്ക്കെടുത്തു. എന്നാൽ 17 സെന്റു സ്ഥലം ആദ്യപുരയിടത്തോടു ചേർന്നു കിടന്നത് വാങ്ങുവാൻ സാധിച്ചു.

**16. ചക്കമല ബഥനിമഠം 18-2-1983**

മൂന്നുമുക്ക്. പി.ഒ., ചക്കമല, കല്ലറ, പാങ്ങോട്, തിരുവനന്തപുരം - 695 690

തിരുവനന്തപുരത്തിനും കൊട്ടാരക്കരയ്ക്കുമിടയ്ക്ക് നാഷനൽ ഹൈവേ യിൽ നിന്നും എട്ടുപത്തുമൈൽ ഉള്ളിലേക്ക് മാറി കാട്ടുപ്രദേശം എന്ന് വിശേ ഷിപ്പിക്കാവുന്ന മലനിരകളോടു ചേർന്നുകിടക്കുന്ന ഒരു ഗ്രാമപ്രദേശമാണ് ചക്കമല. ഇഷ്ടംപോലെ പ്ലാവ്, നിറയെ ചക്കയുമായി കാണപ്പെട്ട പ്രദേശ മായതിനാലാവാം 'ചക്കമല' എന്ന പേരുവന്നത്. അധികവർഷങ്ങളൊന്നു മായിട്ടില്ല ഇവിടേക്ക് ആളുകൾ കുടിയേറാൻ തുടങ്ങിയിട്ട് എന്നു കരുതാം. കാടുവെട്ടിത്തെളിച്ച് നാടാക്കി ചെറു കുടിലുകൾ കെട്ടി പാർക്കാൻ തുടങ്ങിയ വരാണ് സ്ഥലവാസികൾ. നാനാജാതിമതസ്ഥരായ ഇവരുടെയിടയിൽ ക്രിസ് ത്യാനികൾ കൈവിരലിൽ എണ്ണാൻപോലുമില്ലെന്നുള്ളതായിരുന്നു ഒരു വിശേഷം. കഷ്ടിച്ചുള്ള ഒറ്റയടിപ്പാതകളല്ലാതെ സഞ്ചാരയോഗ്യമായ ഒരു നാട്ടുപാതപോലുമില്ലാത്ത കുഗ്രാമം ഒറ്റപ്പെട്ടു കിടക്കുന്നതിൽ അത്ഭുതത്തിന വകാശമില്ല. വേനലായാൽ കുടിവെള്ളം ലഭിക്കുക ബുദ്ധിമുട്ടാണ്. വിദ്യാഭ്യാ സത്തിനു മാർഗ്ഗമില്ലാതെ നിരക്ഷരകുക്ഷികളായി വർത്തിക്കുന്ന ഒരു സമൂഹം.



ഈ ഭൂഭാഗത്തേക്ക് ആദ്യം ശ്രദ്ധപതിച്ച മഹത് വ്യക്തിയാണ് വന്ദ്യനായ ലോറൻസ് അച്ചൻ (പിന്നീട് ബിഷപ്പായിത്തീർന്ന ലോറൻസ് മാർ അപ്രേം തിരുമേനി). സാമൂഹ്യസേവനം വഴി ദൈവജനത്തിനു സമഗ്രവികസനം വരുത്തുക, ആരോഗ്യപരിപാലനം വഴി ആയിരങ്ങളെ രക്ഷിക്കുക എന്നിങ്ങനെ ഹൃദയം നിറയെ രക്ഷകന്റെ രക്ഷാകരപദ്ധതിയുമായി ക്രിസ്തു സാക്ഷി യാകുന്നതിനു തീരുമാനമെടുത്ത ലോറൻസ് അച്ചൻ അതിന്റെ പ്രവർത്തക രായി തിരഞ്ഞെടുത്തത് ബഥനി സിസ്റ്റേഴ്സിനെയാണ്. അങ്ങനെ അച്ചന്റെ നിർദ്ദേശാനുസരണം സിസ്റ്റേഴ്സിൽ കുറെപ്പേരെയെങ്കിലും ബോധവത്ക രിക്കയും അടുത്തും അകലെയുമായി പരിശീലനത്തിനു സൗകര്യമുണ്ടാക്കു കയും ചെയ്യുകയായിരുന്നു ആദ്യം.

1983 ഫെബ്രുവരി 18-ാം തീയതി സ്വാമിമുക്ക് എന്നു പറയുന്ന സ്ഥലത്ത് ഒരു വാടക കെട്ടിടത്തിൽ താമസിച്ചുകൊണ്ടാണ് സിസ്റ്റേഴ്സ് പ്രവർത്തനം ആരംഭിച്ചത്. സിസ്റ്റർ എയ്മാർഡിന്റെ നേതൃത്വത്തിലായിരുന്നു ആരംഭം. അന്നു ചാപ്ലനായി നിയമിക്കപ്പെട്ടിരുന്ന ബ. ദാനിയേൽ കൊച്ചുവിളയച്ചന്റെ നിർദ്ദേശങ്ങളും സഹായങ്ങളും ഏറെ ഉപകരിച്ചു. അതിരൂപതയുടെ സാമൂ ഹ്യക്ഷേമ പ്രവർത്തനങ്ങളുമായി നല്ല ബന്ധമുണ്ടായിരുന്ന സിസ്റ്റർ എയ്മാർ ഡിന്റെ അർപ്പണമനോഭാവവും സേവനസന്നദ്ധതയും സർവ്വോപരി ദൈവാ ശ്രയവും ഇവിടെ ആരംഭമിട്ട സാമൂഹ്യസേവന പ്രവർത്തനങ്ങൾക്കും പ്രേ ഷിത പ്രവർത്തനങ്ങൾക്കും മുതൽകൂട്ടായിരുന്നു. ക്രമീകൃതമായ ഭവന സന്ദർശനം വഴി ജനങ്ങളുടെ അജ്ഞത, ദാരിദ്ര്യം, തൊഴിലില്ലായ്മ, മദ്യ പാനം, അസന്മാർഗ്ഗികത എല്ലാമെല്ലാം ഏകദേശം മനസ്സിലാക്കി പരിഹാരം കാണുന്നതിനുള്ള ശ്രമം നടന്നു. അങ്ങനെ രൂപം കൊടുത്ത പദ്ധതികൾ നടപ്പാക്കുന്നതിനു സിസ്റ്റേഴ്സ് അക്ഷീണം യത്നിച്ചു. ഭവനസന്ദർശനങ്ങൾ മൂലം ആളുകളുടെ സൗഹൃദം സമ്പാദിച്ചു. ക്ലാസ്സുകൾ, സെമിനാറുകൾ, എല്ലാറ്റിലുമുപരി അയൽക്കൂട്ടങ്ങൾ എന്നിവയിലൂടെ കുടുംബങ്ങളെ കൂട്ടായ്മയിൽ എത്തിച്ചു. M. C. H. ക്ലിനിക്കുകൾ, Health O' Million പ്രോഗ്രാം, ക്രഡിറ്റ് യൂണിയൻ എന്നിവ ആരംഭിച്ചു. മദ്യനിരോധനം, പോഷകാഹാര പരിപാടികൾ, പരിസ്ഥിതി സംരക്ഷണം, അനൗപചാരിക വിദ്യാഭ്യാസം എന്നിവയ്ക്ക് അതിരൂപതയുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കി പ്രവർത്തിക്കാൻ തുടങ്ങി. സന്നദ്ധതയുള്ള യുവതീയുവാക്കൾക്ക് പരിശീലനം നല്കി. ഹെൽത്ത്വർക്കേഴ്സ് എന്ന പേരിൽ അവരെ അംഗീകരിച്ച് ജോലി എളുപ്പമാക്കി.

ഇതിനകം ചക്കമലയിൽ വനം വെട്ടിത്തെളിച്ച് പതിപ്പിച്ചെടുത്ത 'അഞ്ച്' ഏക്കർ ഭൂമി മൂന്നു നാലാളുകളിൽ നിന്നായി മഠത്തിനായി എഴുതിച്ച് അവിടെ

www.malankaralibrary.com



മഠം പണി ആരംഭിച്ചിരുന്നു. നാട്ടുകാർ അത്ര നല്ല മനസ്സോടെ ആദ്യം സഹകരണം കാണിച്ചില്ല. എന്നാൽ മഠത്തിനു വാങ്ങിയ സ്ഥലത്തു നിന്നും രണ്ടര മീറ്റർ വീതിയിൽ റോഡിനുള്ള സ്ഥലം വിട്ടുകൊടുത്ത് റോഡു നിർമാണത്തിൽ സഹകരിക്കയും മറ്റു കാരുണ്യപ്രവൃത്തികൾ ചക്കമലയിൽ താമസിച്ചുകൊണ്ട് സിസ്റ്റേഴ്സിന് സുഗമമായി നടത്താനാവുമെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്തത് അവരെ ഉത്സാഹികളാക്കി.

1989 ജൂലായ് 27 ന് അഭിവന്ദ്യഗ്രിഗോറിയോസ് പിതാവ് ചക്കമല മഠം കൂദാശ ചെയ്തു. 1981 മുതൽ മുന്നുമുക്കു മഠത്തിൽ താമസിച്ചുകൊണ്ട് ചക്കമലയിൽ വന്നു സാമൂഹ്യസേവനം ചെയ്തിരുന്ന സിസ്റ്റേഴ്സ് ചക്കമലയിൽ താമസമായി. ഈ മഠം നാടിന് പ്രകാശം ചൊരിയുന്ന ഒരു കെടാവിളക്കാകട്ടെ"യെന്ന് പിതാവ് ആശംസിച്ചു. 1989 ഓഗസ്ററ് 23 ന് മഠം ചാപ്പലിൽ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി ദിവ്യബലിയർപ്പിച്ചു വിശുദ്ധകുർബാന അവിടെ സ്ഥാപിച്ചു. സിസ്റ്റർ എയ്മാർഡ്, സി. ക്ലാരിസ്സ, സി. ജയ എന്നിവരായിരുന്നു ആദ്യ അംഗങ്ങൾ. ദൂരം ഏറെ ആയതിനാലും വാഹന സൗകര്യം കുറവായതിനാലും എല്ലാ ദിവസവും ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ ബുദ്ധുമുട്ടായി. സിസ്റ്റേഴ്സ് ആദ്യകാലങ്ങളിൽ നടന്നും ജീപ്പോ ഓട്ടോയോ കിട്ടാൻ സൗകര്യപ്പെടുമ്പോൾ അങ്ങനെയും എല്ലാദിവസവും വിശുദ്ധ കുർബാനയ്ക്കായി വട്ടകരിക്ക ഇടവകപ്പള്ളിയിൽ പോയിരുന്നു. ഇപ്പോഴും അങ്ങനെ തന്നെ തുടരുന്നു.

സിസ്റ്റേഴ്സ് താമസം തുടങ്ങി അധികം താമസിയാതെ ഒരു പോസ്റ്റ് ഓഫീസ് ചക്കമലപ്രദേശത്തിനനുവദിച്ചു കിട്ടി. ഏതാണ്ടു മൂന്നു വർഷത്തിനു ശേഷം ഇലക്ട്രിസിറ്റിയും എത്തി. താമസിയാതെ ഫോൺ കണക്ഷനും ലഭിച്ചു. ബസ്സ് സർവീസ് ആരംഭിച്ചെങ്കിലും റോഡുതകരാറുമൂലം രണ്ടുമാസം കഷ്ടിച്ചേ ബസ്സ് ഓടിയുള്ളു. എന്നാൽ 2000-ാ മാണ്ട് ആയപ്പോഴേക്കും ചക്കമലറോഡിന്റെ ടാറിംഗ് പൂർത്തിയായി. തിരുവനന്തപുരത്തിനും കൊട്ടാരക്കരയ്ക്കുമുള്ള ബസ്സ് റൂട്ടുകളും അനുവദിച്ചു കിട്ടി.

1981 ൽ നിന്ന് 19 വർഷത്തെ മുന്നേറ്റത്തിൽ ചക്കമല വളരെയധികം പുരോഗമിച്ചു, ഒരു സമഗ്ര വളർച്ചയുടെ പാതയിൽ പുരോഗമിക്കുന്നു എന്നു പറയാം. സ്ത്രീപുരുഷന്മാർക്കും യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേകം പ്രത്യേകം സംഘടനകൾ, ക്ലാസ്സുകൾ, ബോധവത്ക്കരണപരിപാടികൾ എല്ലാം ക്രമമായും കൃത്യമായും നടക്കുന്നു. സാമ്പത്തിക പുരോഗതിക്കായി കൃഷിവികസനപരിപാടികൾ, മണ്ണൊലിപ്പ് തടയൽ, വിത്തുവിതരണം, കുടിവെള്ളപദ്ധതികൾ, ആടുമാടുവിതരണം, തേനീച്ച വളർത്തൽ എന്നിവയും



ബാങ്കുലോൺ, ക്രെഡിറ്റ് യൂണിയൻ എന്നിവയും നിലവിലുണ്ട്. പെൺകുട്ടികൾക്കായി ഗൃഹണികോഴ്സുകൾ, തയ്യൽ, ക്രാഫ്റ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. അയൽക്കൂട്ടം, അതിരൂപതയുടെ കീഴിലുള്ള സ്വാശ്രയസംഘം മുതലായവയും പ്രവർത്തനത്തിലുണ്ട്. 5 നും 13 നും മദ്ധ്യേപ്രായമുള്ള കുട്ടികൾക്കായി ഒരു ബാലജനസംഖ്യം റജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. 21/2 മുതൽ 4 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കായി ക്രഷിന്റെ രണ്ടു യൂണിറ്റുകൾ, ഒരു നഴ്സറി സ്കൂൾ, സോഷ്യൽ വെൽഫയർ ബോർഡിന്റെ ഒരു മിഷ്യൻ സെന്റർ എന്നിവയും സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലുണ്ട്. മഠത്തിന് ഇപ്പോൾ ഏഴ് ഏക്കർ ഭൂമി ചക്കമലയിലുണ്ട്. റബർ, പ്ലാവ്, പറങ്കിമാവ്, തെങ്ങ്, കുരുമുളക് എല്ലാം കൃഷിയുണ്ട്. നാട്ടുകാർക്കും ഇതുവലിയ സഹായമാണ്. നാട്ടുകാർ തന്നെ എല്ലാം ചെയ്യുന്നു. അങ്ങനെ ചക്കമല മഠം ഈ നാടിന് ഒരു കെടാവിളക്കായി ശോഭിക്കുന്നു.

**17. കുളത്തുപ്പുഴ ബഥനി മഠം. (28-5-1985)**

**കുളത്തുപ്പുഴ പി.ഒ., കൊല്ലം - 691 310**

തിരുവനന്തപുരം അതിരൂപതയുടെ ഒരു ഇടവകപള്ളിയും ഹൈസ്കൂളും കുളത്തുപ്പുഴയിലുണ്ട്. ബ. വികാരിയച്ചന്മാരുടെ ക്ഷണമനുസരിച്ച് 1975 മുതലുള്ള വർഷങ്ങളിൽ നാലാഞ്ചിറ മഠത്തിൽ നിന്നും സിസ്റ്റേഴ്സ് അവധിക്കാലങ്ങളിലും ശനി, ഞായർ ദിവസങ്ങളിലും കുളത്തുപ്പുഴയിലും സമീപ പ്രദേശങ്ങളിലും മിഷ്യൻ പ്രവർത്തനംനടത്താറുണ്ടായിരുന്നു. വിശുദ്ധകുർബാന സ്വീകരണത്തിനൊരുക്കുക, ആരാധന ഗീതങ്ങൾ പഠിപ്പിക്കുക, കൂദാശസ്വീകരണങ്ങൾക്കൊരുക്കുക, ബൈബിൾ ഓറിയന്റേഷൻ ക്ലാസ്സുകൾ നല്കുക, പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുക, രോഗീസന്ദർശനം എന്നിത്യാദികാര്യങ്ങളാണ് സിസ്റ്റേഴ്സ് ചെയ്തിരുന്നത്.

അന്ന് കുളത്തുപ്പുഴ വികാരിയായിരുന്ന ബ. ഹോർമിസ് പുത്തൻവീട്ടിലച്ചൻ അവിടെ ഒരു മഠം തുടങ്ങേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് പ്രൊവിൻഷ്യൽ സുപ്പീര്യർ മദർ ഫെലിസിറ്റയോട് സംസാരിക്കുകയുണ്ടായി. അതിലേക്കായി തത്ക്കാലത്തേക്ക് പള്ളി വക കെട്ടിടം നല്കാമെന്നും അച്ചൻ അറിയിച്ചു. അതിൽപ്രകാരം 1985 മെയ് മാസം 28ാം തീയതി അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് കെട്ടിടം കൂദാശ ചെയ്തു. സിസ്റ്റേഴ്സ് പൗളിൻ, കാരുണ്യ എന്നിവർ അവിടെ താമസം ആരംഭിച്ചു. ജൂൺ, ജൂലൈ മാസങ്ങളിൽ സിസ്റ്റർ ഫിദേലിസും, സിസ്റ്റർ ആർഷയും കൂടി എത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

www.malankaralibrary.com



1986 ൽ കുളത്തുപ്പുഴയിൽ നിന്നും നാലു കി. മീറ്റർ ദൂരെ ചന്ദനക്കാവ് എന്ന സ്ഥലത്ത് പച്ചയിൽ ശ്രീ കുഞ്ഞപ്പിയുടെ 56 സെന്റു സ്ഥലം എഴുതിച്ച് അവിടെ മഠം പണി ആരംഭിച്ചു. ഇതിനോടു ചേർന്നു കിടന്ന 30 സെന്റു സ്ഥലം 1991-ൽ പച്ചയിൽ ശ്രീ രാജനോടും 60 സെന്റ് സ്ഥലം വേറെയും വിലയ്ക്കു വാങ്ങുകയുണ്ടായി. അങ്ങനെ ഒരുഏക്കർ 46 സെന്റു സ്ഥലമാണുള്ളത്. 1986 ഓഗസ്റ്റ് 27 ന് പണിപൂർത്തിയായ മഠം ബ. ഹോർമിസച്ചൻ തന്നെ കൂദാശ ചെയ്തു. വി. യൗസേപ്പു പിതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ട മഠത്തിൽ സിസ്റ്റേഴ്സ് താമസമാരംഭിച്ചു. 1986 സെപ്റ്റംബർ 8 ന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് ചാപ്പൽ കൂദാശ ചെയ്തു വി. കുർബാന സ്ഥാപിക്കുകയുണ്ടായി.

കുളത്തുപ്പുഴ, തിങ്കൾകരിക്കം, സാം നഗർ, കട്ടിളപ്പാറ, ചോഴിയാക്കോട്, റോസ്മല എന്നിവയെല്ലാം മിഷ്യൻ സ്ഥലങ്ങളെങ്കിലും എല്ലായിടത്തും ചെന്നെത്താൻ സിസ്റ്റേഴ്സിന്റെ ദൗർലഭ്യം മൂലം സാധിക്കുന്നില്ല. എങ്കിലും അത്യാവശ്യ സന്ദർഭങ്ങളിൽ മുകളിൽ പറഞ്ഞ എല്ലാ മിഷ്യനുകളിലും സഹായം എത്തിക്കുന്നുണ്ട്.

ബ. ഹോർമിസച്ചൻ തുടങ്ങിയതെങ്കിലും ഇവിടെയുള്ള നഴ്സറി സ്കൂളിലും യു.പി. സ്കൂളിലും സിസ്റ്റേഴ്സാണ് ചുമതല വഹിക്കുന്നത്. സാമാന്യം നല്ല നിലവാരം പുലർത്തുന്ന സ്കൂളിലെ കുട്ടികളുടെയും ടീച്ചേഴ്സിന്റെയും ആദ്ധ്യാത്മിക വളർച്ചയിലും സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നു. വിദ്യാഭ്യാസം ഒരു നല്ല മിഷ്യനായി കണക്കാക്കി സിസ്റ്റേഴ്സ് ക്രിസ്തു സാക്ഷ്യം നിലനിർത്തുന്നു.

**18. മുക്കംപാല-ബഥനി മഠം (27-7-1986)**

ബഥനി എസ്റ്റേറ്റ്, മുക്കം പാല പി.ഒ., മണലിക്കര, കന്യാകുമാരി - 629 164

കന്യാകുമാരി ഡിസ്ട്രിക്റ്റിൽ കൽക്കുളം താലൂക്കിൽ ചോർലോഡ് വില്ലേജിലുള്ള ഒരു സ്ഥലമാണ് മുക്കംപാല. തിരുവനന്തപുരം അതിരൂപതവക അതിവിപുലവും മനോഹരവുമായ ബഥനി എസ്റ്റേറ്റ് ഇവിടെയാണ്. ഈ എസ്റ്റേറ്റ് വക ക്ലിനിക്കൽ ജോലി ചെയ്യുന്നതിനും അവിടെ ജീവിക്കുന്ന കുടുംബങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനുമായി സിസ്റ്റേഴ്സിന്റെ സേവനം ലഭിക്കണമെന്നുള്ള ആഗ്രഹത്തോടെ അന്ന് എസ്റ്റേറ്റ് മാനേജരായിരുന്ന ബ. മാത്യു കടകമ്പള്ളിൽ അച്ചൻ മദർ പ്രൊവിൻഷ്യൽ മദർ ഫെലിസിറ്റയോട് ആവശ്യപ്പെട്ടു. അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുവാദാശീർവാദത്തോടെ സിസ്റ്റർ എസ്തേർ, സിസ്റ്റർ സ്മിർത്ത എന്നിവരെ അവിടേയ്ക്കയച്ചു. മഠത്തിനു സ്ഥലമോ



കെട്ടിടമോ ഇല്ലായിരുന്നു. തന്മൂലം എസ്റ്റേറ്റ് വക കെട്ടിടത്തിൽ താമസിച്ചുകൊണ്ട് സിസ്റ്റേഴ്സ് ക്ലിനിക്കിൽ സേവനം അരംഭിച്ചു. 1986 ജൂലായ് 29 ന് ബഥനിയുടെ സംരക്ഷക വിശുദ്ധരായ മാർത്താ, മറിയം, ലാസ്സർ എന്നിവരുടെ തിരുനാൾ ദിവസമായിരുന്നു ഈ മഠത്തിന്റെ ആരംഭം. അഭിവന്ദ്യ പിതാവുതന്നെ കെട്ടിടം കൂദാശ ചെയ്തു.

സിസ്റ്റേഴ്സ് ക്ലിനിക്കിൽ സേവനം ചെയ്യുന്നതോടൊപ്പം തോട്ടം തൊഴിലാളികളുടെ വീടുകൾ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും ആദ്ധ്യാത്മിക വളർച്ചയ്ക്കുള്ള നിർദ്ദേശങ്ങൾ നല്കുകയും പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

1989 മെയ് മാസം 5-ാം തീയതി ബഥനി എസ്റ്റേറ്റിൽ നിന്നും പതിനൊന്നര ഏക്കർ തെങ്ങിൻ തോപ്പ് മഠത്തിനുവേണ്ടി വിലയ്ക്കു വാങ്ങി. ഇവിടെ കെട്ടിടമുണ്ടാക്കി. 1998 ഫെബ്രുവരിയിൽ അത് അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി കൂദാശ ചെയ്തു. സിസ്റ്റേഴ്സ് അവിടേയ്ക്കു മാറിത്താമസിച്ചു. അതിരൂപത വകയായി എസ്റ്റേറ്റിൽ ഒരു ചെഷയാർ ഹോം (Cheshire Home) 1991 ൽ തുടങ്ങിയിരുന്നു. അവിടെയും സിസ്റ്റേഴ്സു തന്നെയാണ് സേവനം അനുഷ്ഠിക്കുന്നത്.

**19. കുമാരപുരം - ബഥാനിയ റീഹാബിലിറ്റേഷൻ സെന്റർ (1-6-1988)**

കുമാരപുരം പി.ഒ, ഫിലിപ്സ് ഹിൽ, തിരുവനന്തപുരം - 695 011

തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളജിനു സമീപമുള്ള കുമാരപുരം എന്ന സ്ഥലത്ത് ഫിലിപ്സ് ഹിൽ (Philips Hill) എന്നറിയപ്പെടുന്ന മനോഹരമായ ഒരു കുന്നുണ്ട്. മേജർ ഫ്രാൻസിസ്സ് എന്ന ഒരു വലിയ മനുഷ്യന്റെ വകയാണ് ഈ കുന്ന്. തന്റെ വസ്തുവകകളുടെ വളരെ സങ്കീർണ്ണമായ വ്യവഹാരങ്ങൾ അവസാനിപ്പിച്ച് തനിക്കനുകൂലമായി ഒരു വിധി പ്രസ്താവം ഉണ്ടായതിന്റെ നന്ദി സൂചകമായി ഏതെങ്കിലും ഒരു ധർമ്മ സ്ഥാപനത്തിന് 50 സെന്റ് സ്ഥലം ഇഷ്ടദാനമായി നല്കുന്നതിന് ശ്രീ മേജർ ഫ്രാൻസിസ് നിശ്ചയിച്ചിരുന്നു. അദ്ദേഹത്തിന്റെ ഈ ആഗ്രഹം തിരുവനന്തപുരം അതിരൂപതാ വൈദികനായ ബ. ജോസഫ് ഞായല്ലൂരച്ചനെ അറിയിച്ചു. അദ്ദേഹം നാലാഞ്ചിറ മഠത്തിലെത്തി അന്നു പ്രൊവിൻഷ്യലായിരുന്ന മദർ വിജയായുമായി ആലോചിച്ചു.

1984 ൽ മിസ്സിസ്സ് ഫ്രാൻസിസ്സിന്റെ പേരിലുണ്ടായിരുന്നതിൽ നിന്ന് 50 സെന്റ് സ്ഥലം ഇഷ്ടദാനമായി മദർ വിജയയ്ക്ക് കൈമാറി. ഫിലിപ്സ് ഹിൽ എന്ന കുന്നിൻ ചരിവിലുള്ള 50 സെന്റിലാണ് ബഥാനിയ

www.malankaralibrary.com



റീഹാബിലിറ്റേഷൻ സെന്റർ (Bethania Re-Habilitation Centre) സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലം, നാലാഞ്ചിറയിലുള്ള ചെറുപുഷ്പ ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പ്രത്യേകമായി റജിസ്റ്റർ ചെയ്യുകയും വികലാംഗർക്കായി അവിടെയൊരു ധർമ്മസ്ഥാപനം ഉണ്ടാക്കുകയും ചെയ്യുകയായിരുന്നു. വികലാംഗർക്കായുള്ള ബിൽഡിംഗ് ഗ്രാന്റ് (Building Grant) ലഭിക്കുന്നതിനുവേണ്ടി 1981-മുതൽ മിനിസ്ട്രി ഓഫ് വെൽഫെയർ, ന്യൂഡൽഹി (Ministry of Welfare, New Delhi) ക്ക് ഓരോ വർഷവും അപേക്ഷ സമർപ്പിച്ചെങ്കിലും അഞ്ചുവർഷത്തിനു ശേഷം 1987-ൽ മാത്രമേ ഗ്രാന്റ് അനുവദിച്ചു കിട്ടിയുള്ളൂ. അഭിന്ദ്യ ലോറൻസ് മാർ അപ്രേം പിതാവ് ഇതിനുവേണ്ട എല്ലാ സഹായവും പ്രോത്സാഹനവും നല്കിയെന്നത് ഓർക്കേണ്ടതാണ്. ബ. മദർ ഫെലിസിറ്റ-അന്നത്തെ പ്രൊവിൻഷ്യൽ സുപ്പീര്യറിന്റെ കാലത്ത് - 1987-ൽ തന്നെ കെട്ടിടം പണിയാരംഭിച്ചു. 1988 ജൂൺ മാസം 1-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് പണിതീർന്ന കെട്ടിടത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. അന്നു തന്നെ സിസ്റ്റേഴ്സ് താമസവുമാക്കി. സിസ്റ്റേഴ്സ് ഇമൽഡ, സഖിയ, സുജയ എന്നിവരാണ് ഇവിടത്തെ ആദ്യാംഗങ്ങൾ. അർപ്പണബുദ്ധിയോടെ വളരെയധികം ത്യാഗം സഹിച്ചും ഏതു വിധേനയും ഇങ്ങനെയൊരു സ്ഥാപനം ഇവിടെ സഫലമാക്കിയെടുക്കാൻ ഏറെ പരിശ്രമിച്ച വ്യക്തിയാണ് സിസ്റ്റർ ഫിലോമിന (ഇപ്പോഴത്തെ മദർ ജനറൽ). അതുപോലെ ഇതിന്റെ ആരംഭത്തിനും നടത്തിപ്പിനും എല്ലാം ആത്മാർത്ഥമായി സഹകരിക്കുകയും, സഹായിക്കുകയും ചെയ്തുകൊണ്ട് പിൻശക്തിയായിത്തീർന്നിരുന്ന വ്യക്തി യാണ് ഡിസ്ട്രിക്റ്റ് സോഷ്യൽ വെൽഫെയർ ഡയറക്ടർ ശ്രീ പി.ഒ. വർഗ്ഗീസ് എന്നതും ഓർക്കേണ്ടതുണ്ട്.

1988 ജൂൺ മാസം രണ്ടാം തീയതി അഭിവന്ദ്യ ലോറൻസ് പിതാവാണ് ചാപ്പൽ കൂദാശ ചെയ്ത് വിശുദ്ധ കുർബാന സ്ഥാപിച്ചത്. അതിനുശേഷം വികലാംഗമന്ദിരത്തിന്റെ ശരിയായ നടത്തിപ്പിനായി ഒരു കമ്മിറ്റിയെ വന്ദ്യ ലോറൻസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചു. ആരംഭകാലങ്ങളിൽ ക്യാമ്പു നടത്തി കുട്ടികളെ ഓരോ ട്രെയിഡിലേക്ക് തെരഞ്ഞെടുത്തിരുന്നു. എന്നാൽ ഇപ്പോൾ കുട്ടികളുടെ ആവശ്യവും ആഗ്രഹവുമനുസരിച്ച് ഓരോ ഗ്രൂപ്പിലേക്ക് മാറ്റി വിട്ടു പരിശീലിപ്പിക്കുന്നു. തയ്യൽ, ടൈപ്പ്, ഷോർട്ട് ഹാൻഡ്, ബുക്ക് ബയന്റിംഗ്, ക്രാഫ്റ്റ്, മെഴുകുതിരി നിർമാണം, ഗാർഡനിംഗ്, കമ്പ്യൂട്ടർ എന്നിങ്ങനെ ഓരോരുത്തരുടെയും അഭിരുചിയ്ക്കനുസരണം അവരെ പരിശീലിപ്പിക്കുന്നു. ബ. സക്കറിയാസ് കുഴിപ്പറമ്പിൽ അച്ചന്റെ സംഭാവന യാണ് കമ്പ്യൂട്ടർ സെന്റർ.



രണ്ടുവർഷത്തേയ്ക്കാണ് പരിശീലനം. തയ്യലും ടൈപ്പും പഠിച്ച് ഗവർമ്മെന്റ് പരീക്ഷയ്ക്ക് ചേർക്കുന്നതിനുള്ള സൗകര്യവും ഏർപ്പെ ടുത്തിയിട്ടുണ്ട്. പാസ്സാകുന്നവർക്ക് ചില ചാരിറ്റി സംഘടനകളുടെ സഹായത്തോടെ തയ്യൽ മെഷീനും ടൈപ്പ് റൈട്ടറും മറ്റും സംഭാവനയായി കൊടുത്തുവിടുന്ന പതിവും ഉണ്ട്. 50 കുട്ടികൾക്കും ടീച്ചേഴ്സിനുമുള്ള ഗ്രാന്റാണ് മിനിസ്ട്രി ഓഫ് വെൽഫെയറിൽ (Ministry of Welfare) നിന്ന് അനുവദിച്ചിരിക്കുന്നത്. വികലാംഗരായ കുട്ടികൾക്ക് ഈ സ്ഥാപനം ഒരു അനുഗ്രഹമാണ്. ഈ സ്ഥാപനത്തിനു കാരണക്കാരായ മിസ്സിസ്സ് & മിസ്റ്റർ മേജർ ഫ്രാൻസിസ് 2001-ൽ ഈ ലോകത്തോടു യാത്രപറഞ്ഞു. അവരെ രണ്ടുപേരെയും അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

**20. പുനലൂർ ബഥനി മഠം (17-7-1998)**

പുനലൂർ പി.ഒ., കൊല്ലം - 691 305

കൊല്ലം ഡിസ്ട്രിക്റ്റിൽ അഞ്ചലിനടുത്ത് പുനലൂർ എന്ന സ്ഥലത്ത് ഒരു കുന്നിൻ പ്രദേശത്താണ് ബഥനി മഠം സ്ഥിതി ചെയ്യുന്നത്. മിഷ്യൻ പ്രവർത്തനവും വിദ്യാഭ്യാസ പരിപാടികളുമായിരുന്നു മഠസ്ഥാപനത്തിന്റെ പ്രധാന ഉദ്ദേശ്യം. 1988 ജൂലായ് മാസത്തിൽ ഒരു വാടകക്കെട്ടിടം മഠത്തിനായി അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ ചെയ്തു. മദർ ഫെലിസിറ്റാ ആയിരുന്നു അക്കാലത്ത് പ്രൊവിൻഷ്യൽ സുപ്പീര്യർ. 1988-നു മുമ്പുതന്നെ പുനലൂരിൽ ഒരേക്കർ സ്ഥലം മഠത്തിനുവേണ്ടി പ്രൊവിൻസിൽ നിന്നും എഴുതിച്ചിരുന്നെങ്കിലും കെട്ടിടം നിർമ്മിച്ചിരുന്നില്ല.

1988 ജൂലായ് മാസം 17-ാം തീയതി കൂദാശ കഴിഞ്ഞ അന്നുതന്നെ സിസ്റ്റേഴ്സ് ജൂലിത്തി, ആദർശ, പ്രത്യാശ എന്നിവർ താമസമാരംഭിച്ചു. ഓഗസ്റ്റ് 18-ാം തീയതി പുനലൂർ മഠാംഗമായി സിസ്റ്റർ സുജയായും എത്തിച്ചേർന്നു. പുനലൂരിന് അടുത്ത പ്രദേശമായ അഞ്ചലിൽ അതിരൂപതവക സെന്റ് ജോൺസ് കോളജിൽ ലൈബ്രേറിയനായി സിസ്റ്റർ ആദർശ നിയമിക്കപ്പെട്ടു.

1988 ൽ മഠാരംഭത്തോടെ ഒരു ക്രഷ് ആരംഭിച്ചെങ്കിലും കുട്ടികളുടെ അഭാവത്തിൽ ആ സ്ഥാപനം നിർത്തിയ ശേഷം 1989 ജൂൺ 1-ാം തീയതി മുതൽ നഴ്സറി ക്ലാസ്സ് ആരംഭിക്കുകയായിരുന്നു. ഇതിനകം മഠത്തിനായി വാങ്ങിയിരുന്ന സ്ഥലത്ത് കെട്ടിടം പൂർത്തിയായി. 1989 ജൂൺ 10-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മഠത്തിന്റെ കെട്ടിടം കൂദാശ ചെയ്തു. സിസ്റ്റേഴ്സ് അവിടേക്കു താമസം മാറ്റി നഴ്സറി ക്ലാസ്സും പുതിയ സ്ഥലത്തേയ്ക്കു മാറ്റി. കൂടാതെ മഠത്തിന്റെ കെട്ടിടത്തിൽ തന്നെ

www.malankaralibrary.com



ഒരു മുറി ലേഡീസ് ഹോസ്റ്റലിനായി ക്രമീകരിച്ചു. നാലാഞ്ചിറയിൽ നിന്നും സിസ്റ്റർ ദ്യോതിസിന് അഞ്ചൽ കോളജിലേക്ക് നിയമനം കിട്ടിയിരുന്നു. സിസ്റ്ററും പുനലൂർ മഠത്തിൽ താമസിച്ചുകൊണ്ടാണ് കോളജിൽ പോകുന്നത്.

വർഷംതോറും അടുത്ത സ്റ്റാൻഡേർഡ് എന്ന ക്രമത്തിൽ പൂർത്തിയായ എൽ.പി. സ്കൂളും നഴ്സറി സ്കൂളും നല്ല നിലയിൽ തന്നെ തുടരുന്നു. കൂടാതെ അടുത്തുള്ള പുനലൂർ, മഞ്ഞമൺകാല, കറവൂർ എന്നീ മിഷ്യനുകളിൽ സിസ്റ്റേഴ്സ് സേവനം കാഴ്ച വയ്ക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. സ്കൂളിൽ കുട്ടികൾ വർദ്ധിക്കുകയും പുതിയ കെട്ടിടം അസൗകര്യമാവുകയും ചെയ്തതിനാൽ 1993-ൽ ഹോസ്റ്റൽ നിർത്തൽ ചെയ്ത് ആ കെട്ടിടം സ്കൂളിനുപയോഗിച്ചു.

**21. ബോംബെ-ബഥനി മഠം (7-6-1990)**
201 സെക്കന്റ് ഫ്ളോർ, ക്രൈസ്റ്റ് അപ്പാർട്ട്മെന്റ്, അമ്പർനാഥ് പി.ഒ., താന,
മുംബൈ - 421 505

ഉദ്യോഗാർത്ഥികളായി ധാരാളം മലയാളികൾ കുടുംബസമേതവും തനിച്ചും കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ ഉണ്ട്. അതിരൂപതകളിൽ നിന്നും ഇങ്ങനെയുള്ളവരുടെ ആദ്ധ്യാത്മിക, മതാത്മക ജീവിതം നിലനിർത്തുന്നതിനും പുരോഗമിപ്പിക്കുന്നതിനും ബാഹ്യകേരള മിഷ്യനുകൾ നടത്തുന്നുണ്ട്. തിരുവനന്തപുരം അതിരൂപതയുടെ ഏതാനും മിഷ്യനുകൾ ബാഹ്യകേരളത്തിൽ ഉള്ളതിൽ ഒന്നാണ് ബോംബെയിലുള്ളത്. ബഥനി ആശ്രമത്തിലെ ബ. വൈദികരാണ് ബോംബെയിൽ ആദ്യം മിഷ്യൻ സെന്റർ സ്ഥാപിച്ചത്.

അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിന്റെയും ബ. ഇഗ്നേഷ്യസ് ഒ.ഐ.സി. അച്ചന്റെയും പ്രോത്സാഹനവും നിർദ്ദേശവും സ്വീകരിച്ച് ബഥനി സന്ന്യാസിനീസമൂഹത്തിനും അവിടെ ഒരു മിഷ്യൻ സെന്റർ ഉണ്ടാക്കുവാനുള്ള ശ്രമഫലമായി ബോംബെ, ഉല്ലാസ് നഗറിൽ മഠത്തിനുവേണ്ടി 1991 ഏപ്രിൽ മാസത്തിൽ 60 സെന്റ് സ്ഥലം എഴുതിച്ചു എങ്കിലും താമസസൗകര്യമൊന്നുമുണ്ടായിരുന്നില്ല.

1990 ജൂൺ മാസം 7-ാം തീയതി സിസ്റ്റർ സാലിക്ക്, സിസ്റ്റർ നൈർമല്യ, സിസ്റ്റർ പ്രകാശ് എന്നിവർ ബോംബെയിലെത്തി. ശ്രീ ആന്റണി പവ്വത്തിന്റെ ചെമ്പൂരുള്ള ഒരു ഫ്ളാറ്റിൽ സിസ്റ്റേഴ്സ് താമസിച്ചു. സിസ്റ്റർ സൗമായുടെ സഹോദരൻ കരിമ്പുംമാക്കൽ ശ്രീ കെ.എസ്സ്. ജോസഫിന്റെ വക ജെ.ജെ. അക്കാഡമി എന്ന പേരിൽ ഒരു സ്കൂൾ ബോംബെയിലുണ്ടായിരുന്നതിൽ സിസ്റ്റേഴ്സ് മൂന്നുപേരും പഠിപ്പിച്ചിരുന്നു.



1990 ജൂലൈ 3 മുതൽ ബോംബെയിൽ മുളുണ്ട് (Mulund) എന്ന സ്ഥലത്തുള്ള ഒരു ഫ്ളാറ്റിലേക്കു അവർ മാറിത്താമസിച്ചു. ഈ സന്ദർഭത്തിൽ മുളുണ്ടിൽ, മുളുണ്ട് ദർശൻ ബിൽഡിംഗ്സ് (Mulund Darsan Buildings) എന്ന പേരിൽ പുതുതായി വാങ്ങിയ ഒരു ഫ്ളാറ്റിലേക്ക് 1992 ഓഗസ്റ്റ് 18-ാം തീയതി മാറിത്താമസിക്കുകയും ഉല്ലാസ് നഗറിൽ വാങ്ങിയ സ്ഥലത്തോടു ചേർന്നുള്ള പള്ളിക്കെട്ടിടത്തിൽ ജൂനിയർ, സീനിയർ, കിന്റർ ഗാർട്ടൺ ക്ലാസ്സുകളും ഒന്നാം സ്റ്റാൻഡേർഡും ആരംഭിക്കുകയും ചെയ്തു. സിസ്റ്റർ സാലിക്ക് അവിടെ പ്രിൻസിപ്പാളും സിസ്റ്റേഴ്സ് ജോസഫ, ആർഷ എന്നിവർ റ്റീച്ചേഴ്സുമായി നിയമിക്കപ്പെട്ടിരുന്നു.

സ്കൂൾജോലിക്കു പുറമെ 10 മിഷ്യൻ കേന്ദ്രങ്ങളിൽ സിസ്റ്റേഴ്സ് നേതൃത്വം നല്കുന്നു. ബഥനി ആശ്രമവും കല്യാൺ രൂപതാവൈദികരും സിസ്റ്റേഴ്സിന് ആവശ്യമായ സഹായസഹകരണങ്ങൾ നല്കുന്നു.

**22. വാളകം ബഥനി മഠം (15-6-1991)**
വാളകം .പി.ഒ., കൊല്ലം - 691 532

കൊല്ലം ഡിസ്ട്രിക്ടിൽ, കൊട്ടാരക്കര തിരുവനന്തപുരം റൂട്ടിലാണ് വാളകം. സെന്റ് ആന്റണീസ് സിസ്റ്റേഴ്സ് എന്ന പേരിലുള്ള സിസ്റ്റേഴ്സിന്റെ ഒരു മഠമാണ് ഇവിടെ ഉണ്ടായിരുന്നത്. സിസ്റ്റേഴ്സ് മഠവും സ്ഥലവും വിറ്റുപോകുവാനുദ്ദേശിക്കുന്നു എന്നറിഞ്ഞ് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് നാലാഞ്ചിറയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ റഹമ്മാസിനോട് ഇത് ബഥനിക്കുവേണ്ടി വാങ്ങാൻ നിർദ്ദേശിച്ചു. അതിൻപ്രകാരം മഠവും അതിരിക്കുന്ന മൂന്നേകാൽ ഏക്കർ സ്ഥലവും കൂടി വാങ്ങി. 1991 ജൂൺ 15ന് അഭിവന്ദ്യ പിതാവുതന്നെ അതിന്റെ കൂദാശകർമ്മം നിർവഹിച്ചു.

സിസ്റ്റർ സൗമ, സിസ്റ്റർ രഞ്ജന, സിസ്റ്റർ ആർഷ എന്നിവരായിരുന്നു ഇവിടെ താമസിക്കാനെത്തിയത്. വാളകം ഇടവകയുടെയും അടുത്തുള്ള നാലു ഇടവകകളുടെയും മിഷ്യൻ പ്രവർത്തനങ്ങളാണ് ഈ മഠം കൊണ്ടുദ്ദേശിച്ചത്.

കൂടാതെ മഠത്തോടനുബന്ധിച്ച് 1991-ൽ തന്നെ ഒരു നഴ്സറി സ്കൂൾ ആരംഭിച്ചിരുന്നു. വർഷം തോറും ഓരോ ക്ലാസ്സ് എന്ന നിലയിൽ വളർന്ന സ്കൂൾ ഇന്ന് നല്ല നിലവാരമുള്ള ഒരു എൽ.പി. സ്കൂളായിത്തീർന്നിട്ടുണ്ട്. ഇതിനകം മാറിവന്നിട്ടുള്ള എല്ലാ സിസ്റ്റേഴ്സിന്റെയും ആത്മാർത്ഥമായ സേവനം ഈ മഠത്തിന്റെയും സ്കൂളിന്റെയും ഉന്നമനത്തിനു കാരണമായിട്ടുണ്ട്.

www.malankaralibrary.com



**23. ദുർഗ്ഗ് - ബഥനി മഠം (3-7-1992)**

ഹൗസ്. നമ്പർ:73, പാരഡൈസ് ഹൗസിംഗ് കോംപ്ലക്സ്, ബേർസി ഭാട്ട, ദുർഗ്ഗ്

മദ്ധ്യപ്രദേശിൽ ദുർഗ്ഗിൽ ബേർസി ഭാട്ട എന്ന സ്ഥലത്ത് റയ്പൂർ രൂപതയുടെ അതിർത്തിയിലുള്ള ഭിലായിലേക്ക് സിസ്റ്റേഴ്സിനെ റയ്പൂർ ബിഷപ്പ് ക്ഷണിക്കുകയായിരുന്നു. അതിൻപ്രകാരം 1992 ഏപ്രിൽ 16-ന് സിസ്റ്റേഴ്സ് സൂസൻ, അക്ഷയ എന്നിവരെ മദർ റഹമ്മാസ് (പ്രൊവിൻഷ്യൽ സുപ്പീരിയർ) ഭിലായിലേക്ക് അയച്ചു.

ഇവിടത്തെ പ്രവർത്തനരംഗം പ്രധാനമായും വിദ്യാഭ്യാസമായിരുന്നു. സിസ്റ്റേഴ്സ് ഒരാഴ്ചയോളം ഒരു ഭവനത്തിൽ താമസിച്ചുകൊണ്ട് മഠത്തിനുവേണ്ടി വാങ്ങാനുള്ള സ്ഥലം നോക്കി തിട്ടപ്പെടുത്തി. 1992 ഏപ്രിൽ മാസത്തിൽ സാമാന്യം നല്ല ഒരു കെട്ടിടത്തോടുകൂടി 2 ഏക്കർ 25 സെന്റ് സ്ഥലം എഴുതിച്ചു. 1992-ൽ ത്തന്നെ ബഥനി ആശ്രമത്തിനും അവിടെ അടുത്ത് ആസ്ഥാനമുണ്ടായി. അതുവരെ റയ്പൂർ രൂപതാ വൈദികർ സിസ്റ്റേഴ്സിന്റെ ആത്മീയകാര്യങ്ങളിൽ സഹായിച്ചിരുന്നു.

സിസ്റ്റേഴ്സിനുവേണ്ടി വാങ്ങിയിരുന്ന കെട്ടിടം രണ്ടുനിലയായിരുന്നതിനാൽ ഗ്രൗണ്ട് ഫ്ളോറിൽ ജൂൺമാസത്തിൽ തന്നെ 8 കുട്ടികളോടുകൂടി നഴ്സറി ആരംഭിച്ചു. സിസ്റ്റർ വിമൽ സ്കൂൾ പ്രിൻസിപ്പാളായി നിയോഗിക്കപ്പെട്ടിരുന്നു. ഓരോ വർഷവും ഓരോ ക്ലാസ്സ് എന്ന ക്രമത്തിന് ഒന്നാം സ്റ്റാന്റേർഡ് വരെ മഠത്തിന്റെ കെട്ടിടത്തിൽ തന്നെ തുടർന്നു. CBSE യ്ക്ക് ഗവർമ്മെന്റ് അനുവാദം കിട്ടുമോ എന്ന ഭയം കാരണം കുട്ടികളുടെ അഡ്മിഷൻ ബുദ്ധിമുട്ടായിരുന്നു എന്നു പറയാം. 1994 സ്കൂൾ കെട്ടിടം പണി പൂർത്തിയായി ബ. സാമുവൽ കിടങ്ങിൽ O.I.C. അച്ചൻ കൂദാശ നടത്തി. ക്ലാസ്സുകൾ പുതിയ സ്കൂൾ കെട്ടിടത്തിലേക്കു മാറ്റി. 2001 ഏപ്രിൽ മാസം CBSE യ്ക്കുവേണ്ടിയുള്ള ഇൻസ്പെക്ഷൻ നടന്നെങ്കിലും ജൂൺ 2-ാം തീയതിയാണ് സ്കൂളിന് രേഖാമൂലമായ അനുവാദം കിട്ടിയത്. 2001-ൽ പത്താം സ്റ്റാന്റേർഡ് വരെയെത്തിയിരിക്കുന്ന CBSE സ്കൂളിൽ ഇപ്പോൾ 286 കുട്ടികളാണ് പഠിക്കുന്നത്. സ്കൂളിന്റെ ഇതുവരെയുള്ള ഉന്നമനത്തിനും ശ്രേയസ്സിനും വേണ്ടി അക്ഷീണം പ്രയത്നിച്ചത് സിസ്റ്റർ വിമലാണ്. അതുപോലെ ഇന്നേവരെ മാറിമാറി ഇവിടെ വന്നിട്ടുള്ള സിസ്റ്റേഴ്സിനും ഇതിന്റെ വളർച്ചയിൽ നിർണ്ണായകപങ്കുണ്ട്.

CBSE സ്കൂളിന്റെ അനുവാദം വാങ്ങാനും സ്കൂളിന്റെയും മഠത്തിന്റെയും സുസ്ഥിതിക്കും വളർച്ചയ്ക്കും ത്യാഗബുദ്ധിയോടെ സിസ്റ്റേഴ്സിനെ സഹായിച്ചിരുന്നത് ആശ്രമത്തിലെ ബ. സാമുവൽ കിടങ്ങിൽ ഒ.ഐ.സി. അച്ചനായിരുന്നു. ഇപ്പോൾ സാമുവൽ അച്ചനു പകരമായി വന്നിരിക്കുന്ന സജി. ഓ.ഐ.സി. അച്ചൻ എല്ലാറ്റിലും സിസ്റ്റേഴ്സിനെ സഹായിക്കുന്നു.



സ്കൂൾ ജോലി കൂടാതെ മിഷ്യനിൽ സിസ്റ്റേഴ്സ് സമയം കണ്ടെത്തി ജോലി ചെയ്യുന്നുണ്ട്. വേദപാഠം പഠിപ്പിക്കുകയും ഭവനസന്ദർശനം, പ്രാർത്ഥനാഗ്രൂപ്പുകൾ എന്നിവയും സിസ്റ്റേഴ്സിന്റെ പ്രവർത്തന രംഗങ്ങളാണ്.

**24. ബോംബെ - ബൊറിവ്ലി ബഥനി മഠം (2-7-1993)**

ജി-102, പഞ്ചവൻ കോംപ്ലക്സ്, ബൊറിവ്ലി വെസ്റ്റ്, മുംബൈ - 410 103

1990 ൽ ബോംബെയിൽ അംബർനാഥിൽ മുളുണ്ട് എന്ന സ്ഥലത്ത് സിസ്റ്റേഴ്സ് മിഷ്യൻ പ്രവർത്തനം ആരംഭിച്ചിരുന്നതായി മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അത് കല്യാൺ രൂപതയിലായിരുന്നു. മലങ്കര കത്തോലിക്ക ഇടവകയോ മലങ്കര ആളുകളോ അവിടെയുണ്ടായിരുന്നില്ല. എന്നാൽ ബോംബെയിൽ ബൊറിവ്ലി എന്ന സ്ഥലത്ത് ഏതാനും കുടുംബങ്ങളും ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ഒരു വലിയ സ്ഥാപനവുമുണ്ട്. അവിടെ ബഥനിക്ക് ഒരു മഠം തുടങ്ങേണ്ടതായി വന്നു.

ആരംഭത്തിൽ മുളുണ്ടിൽ താമസിച്ചുകൊണ്ട് ബൊറിവ്ലിയിൽ പോയി മിഷ്യൻ പ്രവർത്തനം നടത്തുകയായിരുന്നു. യാത്രയുടെ ക്ലേശവും സമയത്തിനു തിരിച്ചെത്താനുള്ള ബുദ്ധിമുട്ടും കാരണം 1996-ൽ ബൊറിവ്ലിയിൽ പഞ്ചവൻ കോംപ്ലക്സിൽ ഒരു ഫ്ളാറ്റ്, നമ്പർ ജി/102- വിലയ്ക്കുവാങ്ങി, അവിടെ സിസ്റ്റേഴ്സ് താമസമാക്കി പ്രവർത്തനം തുടർന്നു. സിസ്റ്റേഴ്സ് സെൽക്ക, അകിന എന്നിവരാണ് ഇവിടത്തെ ആദ്യാംഗങ്ങൾ. ബൊറിവ്ലിയിൽ ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ഹൈസ്കൂളിൽ ലൈബ്രേറിയനായി സിസ്റ്റർ സെൽക്കാ നിയമിക്കപ്പെട്ടു. എന്നാൽ 2001ൽ ബ്രദേഴ്സിന്റെതന്നെ എൻജിനീയറിംഗ് കോളജിൽ ലൈബ്രേറിയനായി സിസ്റ്ററിനെ മാറ്റി നിയമിക്കുകയുണ്ടായി. ഇപ്പോഴും തുടരുന്നു. കൂടാതെ ശനി, ഞായർ ദിവസങ്ങളിൽ വേദപാഠ ക്ലാസ്സുകൾ, എം.സി.വൈ.എം.,മാതൃസമാജം, പ്രാർത്ഥനായോഗങ്ങൾ, വിശുദ്ധ കുർബാനാനുഭവഒരുക്കം, ഭവനസന്ദർശനം എന്നിവയൊക്കെയും ആവശ്യാനുസരണം മാറിമാറി ചെയ്യുന്നതിൽ സിസ്റ്റേഴ്സ് സമയം കണ്ടെത്തുന്നു.

**25. വെളിയം - ബഥനി മഠം (27-11-1995)**

മീയന്നൂർ പി.ഒ.,നാടുകുന്ന്, വെളിയം, കൊട്ടാരക്കര, കൊല്ലം - 691 537

കൊല്ലം ജില്ലയിൽ, കൊട്ടാരക്കര കൊല്ലം റൂട്ടിലാണ് വെളിയം എന്ന ഗ്രാമപ്രദേശം. തിരുവനന്തപുരം അതിരൂപതയുടെ ഒരു പള്ളി കേന്ദ്രമാക്കി

www.malankaralibrary.com



ക്കൊണ്ടുള്ള ഒരു മിഷ്യൻ സെന്ററുമാണ് ഈ പ്രദേശം. ഒരു സ്കൂളും ഡിസ്പെൻസറിയും ഈ പ്രദേശത്തെ ഒരു വലിയ ആവശ്യമായി ബോദ്ധ്യപ്പെട്ട അന്നത്തെ വികാരി ബ. ജോർജ്ജ് ജയിക്കബ് അച്ചൻ മദർ റഹമ്മാസുമായി (പ്രൊവിൻഷ്യൽ സുപ്പീരിയർ) ആലോചിച്ച് അവിടെ ഒരു മഠം സ്ഥാപിക്കാൻ തീരുമാനിക്കുകയായിരുന്നു.

1994 ൽ രണ്ടര ഏക്കർ സ്ഥലം വെളിയത്ത്, മീയന്നൂരിൽ മഠത്തിനായി എഴുതിച്ചു. അധികം താമസിയാതെ അടുത്തുകിട്ടിയ 42 സെന്റ് സ്ഥലവും കൂടിവാങ്ങിക്കാനിടയായി. ബ. അച്ചന്റെയും ഇടവകക്കാരുടെയും ഉത്സാഹ ത്തോടെ മഠം പണി പൂർത്തിയായി. 1995 നവംബർ 27 ന് അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി മഠം കൂദാശ ചെയ്തു. അന്നുതന്നെ സിസ്റ്റേഴ്സ് താമസവുമായി. സിസ്റ്റേഴ്സ് നീഹ, പൗളിൻ, സാറ എന്നിവരായിരുന്നു ആദ്യാംഗങ്ങൾ.

1995 ൽ തന്നെ നഴ്സറിയും എൽ.പി. സ്കൂളിന്റെ ഒന്നാം ക്ലാസ്സും ആരംഭിച്ചു. ഓരോ വർഷവും ഓരോ ക്ലാസ്സ് എന്ന കണക്കിന് എൽ.പി. സ്കൂൾ ഇതിനകം പൂർത്തിയായി. സ്കൂളുകൾ നല്ല നിലവാരം പുലർത്തി മുന്നേറുന്നു. സിസ്റ്റേഴ്സ് അടുത്ത ഇടവകകളിൽ മിഷ്യൻ പ്രവർത്തനവും നടത്തുന്നു. വെളിയം ഗ്രാമത്തിന് ആദ്ധ്യാത്മിക ഉണർവു നല്കുന്നതിനും ഇടവക സജീവമാക്കുന്നതിനും സിസ്റ്റേഴ്സിനു സാധിച്ചിട്ടുണ്ട്.

**26. അമ്പൂരി ബഥനി മഠം (27-5-1998)**

അമ്പൂരി പി.ഒ., വെള്ളറട, തിരുവനന്തപുരം -695 505

തിരുവനന്തപുരം ജില്ലയിൽ വെള്ളറട എന്ന സ്ഥലത്തിനടുത്തുള്ള മലമ്പ്രദേശമാണ് അമ്പൂരി. തിരുവനന്തപുരം അതിരൂപതയുടെ ഒരു മിഷ്യൻ കേന്ദ്രമായ അമ്പൂരിയുടെ അന്നത്തെ വികാരിയായിരുന്ന ബ. സാമുവൽ കുന്നുംപുറത്തച്ചൻ, കഷ്ടാനുഭവആഴ്ചയിലെ ശുശ്രൂഷകൾക്കു സഹായിക്കു ന്നതിനും ഭവന സന്ദർശനം നടത്തുന്നതിനുമായി നാലാഞ്ചിറ മഠത്തിൽ നിന്നും സിസ്റ്റേഴ്സിനെ ക്ഷണിക്കുകയുണ്ടായി. അവിടത്തെ ആവശ്യം മനസ്സി ലാക്കിയ മദർ അൽഫോൻസ (പ്രൊവിഷ്യൽ സുപ്പീരിയർ) 1998ൽ സിസ്റ്റേഴ് സിനെ അയച്ചു കൊടുത്തു. സിസ്റ്റേഴ്സ് അമ്പൂരി ഇടവകയിലും സമീപ മിഷ്യ നുകളായ മണ്ണാം കോണം, പൃത്തിപ്പാറ (കുട്ടുമല), പന്ന, കുടപ്പനമൂട് മുത ലായ സ്ഥലങ്ങളിൽ ഭവന സന്ദർശനം, B.O.C ക്യാമ്പ് മുതലായവ നട ത്തുകയും M.C.Y.M. ക്യാമ്പിനു സഹായിക്കുകയും ചെയ്തു.

ഈ പ്രദേശത്തെ അത്യാവശ്യങ്ങൾ മനസ്സിലാക്കിയ സിസ്റ്റേഴ്സിന്റെ അഭിപ്രായവും ബ. കുന്നുംപുറത്തച്ചന്റെ നിർബന്ധവും കണക്കിലെടുത്ത് 1998



മെയ് മാസം 27-ാം തീയതി മഠം തുടങ്ങാനായി സിസ്റ്റേഴ്സിനെ അമ്പൂരി യിലേയ്ക്കയച്ചു. സിസ്റ്റർ മെൽക്കായും സിസ്റ്റർ ജോയേലുമാണ് ആദ്യ അംഗ ങ്ങൾ. 1998 ജൂൺ 4-ാം തീയതിവരെ അമ്പൂരിയിൽ കുറ്റിക്കൽ ശ്രീ മോനച്ചന്റെ ഭവനത്തിൽ താമസിച്ചു. ജൂൺ ആരംഭം മുതൽ അതിരൂപതവക കുട്ടമലയിൽ ആരംഭിച്ചിരുന്ന നഴ്സറി സ്കൂളിൽ സിസ്റ്റേഴ്സ് സഹായിച്ചിരുന്നു.

1998 ജൂൺ 5-ാം തീയതി മുതൽ ശ്രീ മോനച്ചന്റെ അനുജൻ കുറ്റിക്കൽ ശ്രീ ഷാജിയുടെ വീട്ടിൽ വാടകയ്ക്കു താമസമായി. അധികം താമസിയാതെ 1999-ൽ ശ്രീ ഷാജിയുടെ വീട് 20 സെന്റ് സ്ഥലമുൾപ്പെടെ വിലയ്ക്കുവാങ്ങി. കെട്ടിടത്തിന് ചാപ്പലുൾപ്പെടെ ചില അധികപ്പണികൾ ആവശ്യമായിരുന്ന തിനാൽ സിസ്റ്റേഴ്സിന്റെ താമസവും ഭക്ഷണവും വീണ്ടും ശ്രീ മോനച്ചന്റെ വീട്ടിൽ തന്നെ ഏകദേശം ഒന്നരമാസത്തോളം ആയിരിക്കേണ്ടിവന്നു. 1999 ഡിസംബർ മാസം 13-ാം തീയതി പണിപൂർത്തിയായ ഭവനം അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി കൂദാശ ചെയ്തു. സിസ്റ്റേഴ്സ് അവിടേക്ക് മാറിത്താമസിച്ചു.

മഠത്തിലേക്ക് സിസ്റ്റേഴ്സ് മാറി വരുന്നുണ്ടെങ്കിലും അവിടെ ആരംഭിച്ച മിഷ്യൻ പ്രവർത്തനങ്ങളും അതിരൂപത വക സ്കൂൾ ജോലിയും അഭംഗുരം തുടരുന്നു.

**27. കുളപ്പട ബഥനി മഠം (3-2-1999)**

കുളപ്പട പി.ഒ., നെടുമങ്ങാട്, തിരുവനന്തപുരം - 695 442

നെടുമങ്ങാട് വൈദിക ജില്ലയുടെ മിഷ്യൻപ്രവർത്തന കേന്ദ്രമാണ് കുള പ്പട. ഇവിടെ ബഥനി ആശ്രമത്തിലെ വൈദികരാണ് മിഷ്യൻപ്രവർത്തനങ്ങൾ ക്കു ചുക്കാൻ പിടിക്കുന്നതും പ്രധാനമായി ഇടവകകൾ നടത്തുന്നതും. സിസ്റ്റേ ഴ്സിന്റെ സഹായം ഇവിടെ അനിവാര്യമെന്നു കണ്ട് ഇടവക വികാരിയായ ബ. സന്തോഷ്, ഒ.ഐ.സി. അച്ചന്റെ താല്പര്യപ്രകാരവും ഇടവക ജനങ്ങളുടെ അപേക്ഷയനുസരിച്ചും പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ അൽഫോൻസ മഠം തുടങ്ങാൻ താല്പര്യപ്പെടുകയായിരുന്നു.

1998 ജൂലായ് മാസത്തിൽ കുളപ്പടയിൽ ഒരു വീടുൾപ്പെടെ 60 സെന്റ് സ്ഥലം വാങ്ങി. വീട് മഠത്തിനായി ക്രമീകരിക്കുകയും കെട്ടിടത്തോടു ചേർത്ത് ഒരു ചാപ്പൽ കൂടി നിർമ്മിക്കുകയും മഠത്തിനാവശ്യമായ എല്ലാ ക്രമീകര ണങ്ങളും ആത്മാർത്ഥമായി, ത്യാഗബുദ്ധിയോടെ ചെയ്തു തരികയും ചെയ്തത് ബ. സന്തോഷച്ചനാണെന്ന് ഓർക്കുന്നു. പണി പൂർത്തിയായി കഴിഞ്ഞ് 1999 ഫെബ്രുവരി മൂന്നാം തീയതി അഭിവന്ദ്യ സിറൽ മാർ ബസേലി യോസ് പിതാവ് മഠം കൂദാശ നടത്തി. അന്നു തന്നെ സിസ്റ്റേഴ്സ് അവിടെ

www.malankaralibrary.com



താമസമാരംഭിച്ചു. സിസ്റ്റർ ഇമൽഡാ ആയിരുന്നു ആദ്യ സുപ്പീരിയർ. മിഷ്യൻ പ്രവർത്തനമായിരുന്നു മഠത്തിന്റെ പ്രത്യേക ലക്ഷ്യമെന്നതിനാൽ അടുത്തുള്ള എല്ലാ ഇടവകകളിലേക്കും സിസ്റ്റേഴ്സിന്റെ ശ്രദ്ധ പതിഞ്ഞു.

അവിടെ ഒരു സ്കൂൾ അത്യാവശ്യമെന്ന നാട്ടുകാരുടെ ആവശ്യവും അഭിപ്രായവും ശക്തിപ്പെട്ടതിനാൽ അതിനടുത്തുള്ള 60 സെന്റ് സ്ഥലവും കൂടി വാങ്ങി സ്കൂൾ കെട്ടിടം നിർമ്മിച്ചു. ആദ്യം നഴ്സറിയും തുടർന്ന് എൽ. പി. സ്കൂളും ആരംഭിക്കുകയായിരുന്നു. ഇപ്പോൾ അവിടെ ഒരു ക്രഷും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എൽ.പി.യിൽ സിസ്റ്റർ ആർഷയും നഴ്സറിയിൽ സിസ്റ്റർ ശാന്തിദയും ക്രഷ് സിസ്റ്റർ ഗ്ലാഡിസും ചുമതല വഹിക്കുന്നു. സ്ഥാപനങ്ങളെല്ലാം നല്ല നിലവാരം പുലർത്തുന്നു എന്നു മാത്രമല്ല മിഷ്യൻ വർക്കുകളിലും സിസ്റ്റേഴ്സ് സജീവമാണ്.

**28. സെക്കന്ദ്രബാദ്-ബഥനി മഠം (9-10-1999)**
സെക്കന്ദ്രബാദ് പി.ഒ., നാഗാരാം, കീസറ, R.R. Dist - 501 301

സെക്കന്ദ്രബാദിൽ മിഷ്യൻ പ്രവർത്തനം ആരംഭിച്ചത് ബഥനിആശ്രമമാണ്. കേരളത്തിൽ നിന്നും ജോലിക്കായും മറ്റും അവിടെ താമസമാക്കിയ മലങ്കര കുടുംബങ്ങളുടെ ആത്മീയ നടത്തിപ്പും ആ നാട്ടിലെ സാധുക്കളായ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ആളുകളുടെ സമഗ്രപുരോഗതിയും കണക്കിലെടുത്തായിരുന്നു ബഥനി ആശ്രമത്തിന്റെ കാൽവയ്പ്. ബ. സജി ജോർജ്, ഒ.ഐ.സി. അച്ചനാണ് അവിടെ നടത്തിപ്പിനായി നിയമിക്കപ്പെട്ടിരുന്നത്.

ഒരു മഠവും കൂടെയുണ്ടെങ്കിൽ പ്രവർത്തനം സുഗമമാകുമെന്ന് ബോദ്ധ്യമായതിനാൽ ബ. സജിയച്ചൻ മദർ അൽഫോൻസാ (പ്രൊവിൻഷ്യൽ സുപ്പീര്യർ) യുമായി ആലോചിച്ച് തീരുമാനത്തിലെത്തി. സെക്കന്ദ്രബാദിൽ നാഗാരം എന്ന സ്ഥലത്ത് മൂന്ന് ഏക്കർ സ്ഥലം കണ്ടെത്തി. ബ. സജിയച്ചൻ അവിടെ നിന്നും മാറി പകരമെത്തിയ ബ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി. അച്ചന്റെ ആത്മാർത്ഥമായ പരിശ്രമഫലമായി 1998 ൽ ആ സ്ഥലം മഠത്തിനായി എഴുതിച്ച് ചുറ്റുംമതിലും കെട്ടി വൃത്തിയാക്കി.

കെട്ടിടമൊന്നും ശരിയാകാഞ്ഞതിനാൽ ഉടനെ അവിടെ യെത്തി താമസിക്കാൻ കഴിഞ്ഞില്ല. എന്നാൽ 1999 ഒക്ടോബർ 9-ാം തീയതി വെസ്റ്റ് മാറേഡ്പ്പള്ളി (West Maredpally) എന്ന സ്ഥലത്ത് ചന്ദ്രഗുപ്ത അപ്പാർട്ടുമെന്റിൽ ഒരു ഫ്ളാറ്റ് വാടകയ്ക്കെടുത്ത് സിസ്റ്റേഴ്സ് അവിടെ താമസിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ചു. സിസ്റ്റേഴ്സ് ക്ഷേമ, മഹിമ എന്നിവരായിരുന്നു ആദ്യാംഗങ്ങൾ. ആശ്രമത്തിലെ ബ. അച്ചന്മാരുടെ സഹായത്തോടെ സിസ്റ്റേഴ്സ് പ്രവർത്തനം നടത്തി. 2000 ജനുവരി 19 ന് ബ. ജോൺ വട്ടപ്പറമ്പിൽ ഒ.



ഐ.സി. അച്ചൻ നാഗരാമിൽ സ്കൂൾ കെട്ടിടത്തിന് ശിലാസ്ഥാപനകർമ്മം നടത്തി പണിയാരംഭിച്ചു. കെട്ടിടത്തിന്റെ ഒരു ഭാഗം പണി പൂർത്തിയാക്കി. 2000 ജൂൺ 12 ന് ബാഹ്യകേരള മിഷ്യൻ ഡയറക്ടർ ബ. ബർക്കുമാൻസ് ഒ.ഐ.സി. അച്ചൻ ആശീർവദിച്ച് അവിടെ എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകൾ ആരംഭിച്ചു.

സെക്കന്ദ്രബാദിൽ മാറേഡ് പള്ളിയിൽ താമസിച്ചുകൊണ്ട് നാഗാരം സ്കൂളിന്റെ നടത്തിപ്പ് ദുഷ്കരമായി അനുഭവപ്പെട്ടതിനാൽ സിസ്റ്റേഴ്സ് ചന്ദ്രഗുപ്താ അപ്പാർട്ടുമെന്റിൽനിന്നു താമസംമാറ്റി നാഗാരാമിൽ പണിതീർന്ന സ്കൂളിന്റെ ഒരു ക്ലാസ്സ് മുറിയിൽ താമസിച്ചുകൊണ്ട് ജോലി സുഗമമാക്കി. ഈയവസരത്തിൽ ഡിസംബർ 22 ന് നാഗാരാമിൽ മഠത്തിനുള്ള കെട്ടിടത്തിന് ബ. ജയിംസ് മാമ്മൂട്ടിലച്ചൻ കല്ലിട്ട് പണി ആരംഭിച്ചു.

2001 മഠം പൂർത്തിയായി. സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിച്ചു. ഇവിടത്തെ സ്ഥലവാസികൾ പൊതുവെ വിദ്യാഭ്യാസം ലഭിച്ചവരല്ല. തന്മൂലം സിസ്റ്റേഴ്സ് മാതാപിതാക്കളെ സംഘടിപ്പിച്ച് സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും നല്കി മക്കളെ വിദ്യാഭ്യാസമുള്ളവരാക്കാൻ പ്രേരിപ്പിക്കുന്നു. കൂടാതെ സെക്കന്ദ്രബാദ്, ഷാംനഗർ, ബാനലനഗർ എന്നിവിടങ്ങളിലെ ഇടവകകളിൽ എം.സി.വൈ.എം., സ്ത്രീസമാജം, പ്രാർത്ഥ നായോഗങ്ങൾ, മതബോധനം മുതലായവയ്ക്ക് നേതൃത്വം നല്കുന്നു.

**29. ന്യൂയോർക്ക് - ബഥനി മഠം (23-5-2000)**
1653 ഹൈലാന്റ് അവന്യു, ന്യൂഹൈ ഡെ പാർക്ക് - 11040, ന്യൂയോർക്ക്

സേവനത്തിനായി വിദേശരാജ്യങ്ങളിലേയ്ക്കും ബഥനി സിസ്റ്റേഴ്സ് പ്രൊവിൻസുകളിൽ നിന്നും അയയ്ക്കപ്പെടുന്നുണ്ട്. എന്നാൽ സ്വന്തമായി ഒരു ഭവനം ആദ്യമായി രൂപീകരിക്കപ്പെട്ടത് അമേരിക്കയിൽ ന്യൂയോർക്കിലാണ്. തിരുവനന്തപുരം പ്രൊവിൻസാണ് ന്യൂയോർക്കിൽ മഠം സ്ഥാപിച്ചത്. അമേരിക്കൻ ഐക്യനാടുകളിലും ഇതര ഭൂപ്രദേശങ്ങളിലും പഠനത്തിനും ജോലിക്കുമായി ധാരാളം മലയാളികൾ വ്യക്തികളായും കുടുംബങ്ങളായും എത്തിച്ചേർന്നിട്ടുണ്ട്. അവരിൽ മലങ്കര കത്തോലിക്കരും കുറവല്ല. ഇവരുടെ മതാത്മക ജീവിതത്തിനും വിശ്വാസ നിലനില്പിനും വളർച്ചയ്ക്കുമായി അവരെ സഹായിക്കുന്നതിനും ഉത്സാഹിപ്പിക്കുന്നതിനും ബഥനി സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം അഭികാമ്യമെന്ന് മനസ്സിലാക്കിക്കൊണ്ട് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി എടുത്ത തീരുമാനമാണ് അവിടെ ഒരു മഠം സ്ഥാപിക്കണമെന്നത്. തിരുവനന്തപുരം രൂപതയിൽ നിന്നും ഏതാനും വൈദികർ പഠനത്തിനും അജപാലനശുശ്രൂഷയ്ക്കുമായി അമേരിക്കയിലേക്ക് അയയ്ക്കപ്പെട്ടിരുന്നു. മലങ്കര സഭാമക്കളുടെ ആദ്ധ്യാത്മിക നടത്തിപ്പിനും നേതൃത്വ

www.malankaralibrary.com



ത്തിനുമായി 1984-ൽ അഭിവന്ദ്യപിതാവ്, ബ. ജോൺ കല്ലൂർ അച്ചനെയും (ഇപ്പോൾ യൂഹാനോൻ മാർ ക്രിസോസ്റ്റം ബിഷപ് - മാർത്താണ്ഡം) അതിനുശേഷം ബ. ഗീവറുഗീസ് മണ്ണിക്കരോട്ട് അച്ചനെയുമാണ് നിയോഗിച്ചിരുന്നത്. ബ. മണ്ണിക്കരോട്ടച്ചൻ കോ-ഓർഡിനേറ്ററായിരുന്ന കാലത്ത് സിസ്റ്റേഴ്സിനെ അമേരിക്കയിലേയ്ക്കയയ്ക്കണമെന്ന് താല്പര്യപ്പെട്ടു. അഭിവന്ദ്യപിതാവും ഈ ആവശ്യം ശക്തമായി ഉന്നയിച്ചു. അതിൻപ്രകാരം 1993-ൽ അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ റഹമ്മാസ്, സിസ്റ്റേഴ്സ് ജോസഫ, അർപ്പിത എന്നിവരൊന്നിച്ച് ഓഗസ്റ്റ് 4-ാം തീയതി അമേരിക്കയിലെത്തി. ദീർഘനാളായി കുടുംബസമേതം ന്യൂയോർക്കിൽ താമസിച്ചിരുന്ന ശ്രീ ബേബി തോമസിന്റെ ബ്രൂക്ലിനിലുള്ള (Brooklyn) ഒരു ഫ്ളാറ്റിൽ സിസ്റ്റേഴ്സ് താമസിച്ച് ദേശസംസ്കാരപരിചയം സമ്പാദിച്ചു.

സിസ്റ്റർ ജോസഫ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ സർട്ടിഫിക്കറ്റുള്ളയാളും സിസ്റ്റർ അർപ്പിത ഒരു ജനറൽ നഴ്സുമായിരുന്നു. എന്നാലും അവിടത്തെ പ്രത്യേക പരിശീലനം നേടാതെ ഹോസ്പിറ്റൽ ജോലി ലഭിക്കുമായിരുന്നില്ല. തന്മൂലം ഒരു നഴ്സിംഗ് ഹോമിൽ പഠിക്കാനും പരിശീലനം നേടാനുമുള്ള സൗകര്യങ്ങളേർപ്പെടുത്തി. യാത്രാസൗകര്യത്തിനായി 1996 ഏപ്രിൽ ഒന്നിന് ന്യൂഹൈഡ്പാർക്കിൽ (New Hyde Park) ഒരു ഫ്ളാറ്റ് വാടകയ്ക്കെടുത്ത് രണ്ടുപേരും അവിടേക്കു മാറിത്താമസിച്ചു.

മന്ദിരത്തിൽ രണ്ടുപേർ മാത്രമായതിനാൽ സന്യാസത്തിന്റെ പ്രധാന ഘടകമായ കമ്മ്യൂണിറ്റി ലൈഫ് (കൂട്ടായ്മ) ശുഷ്കമായിത്തീരുന്നു എന്നു മനസ്സിലാക്കി രണ്ടുപേരെക്കൂടെ അവിടേയ്ക്കയയ്ക്കാൻ മദർ റഹമ്മാസ് തീരുമാനിക്കുകയും സിസ്റ്റേഴ്സ് മറിയം, സ്ലൂസ്സോ എന്നിവരെ ന്യൂയോർക്കിലേക്ക് അയയ്ക്കുകയും ചെയ്തു. ഇതിനകം 2000-ാമാണ്ട് മെയ് മാസത്തിൽ ഒരു കെട്ടിടം മഠത്തിനായി ലോൺ പദ്ധതി പ്രകാരം വിലയ്ക്കുവാങ്ങിയിരുന്നു. 23-ാം തീയതി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് പിതാവ് മഠത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. സിസ്റ്റേഴ്സ് നാലുപേരും കൂടി അവിടേക്കു മാറിത്താമസിച്ചു.

മലങ്കര സഭയ്ക്ക് ഇതരസ്ഥാപനങ്ങളൊന്നും സ്വന്തമായി അവിടെയില്ലാത്തതു കാരണം സഭാസംബന്ധമായ മിക്കവാറും എല്ലാ പരിപാടികളും മഠത്തിൽ വച്ചാണു നടത്തിയിരുന്നത്. ഇപ്പോൾ അമേരിക്കയിൽ മലങ്കര കത്തോലിക്കാ സഭയുടെ നാലു മിഷ്യൻ കേന്ദ്രങ്ങളുണ്ട്: ന്യൂജേഴ്സി, (Bronz) സ്റ്റെയറ്റൻ ഐലൻഡ് (Staten Island), ഗ്രീൻവിച്ച്, ഹെംസ്റ്റെഡ് (Hemstead). ഇവിടെ മതപഠനം, എം.സി.വൈ.എം., മാതൃസമാജം, പ്രാർത്ഥനായോഗങ്ങൾ



ഇവയ്ക്കെല്ലാം സിസ്റ്റേഴ്സ് നേതൃത്വം നല്കുന്നു. ഭവനസന്ദർശനത്തിനും സമയം കണ്ടെത്തുന്നു. അമേരിക്കയിൽ മലങ്കര കത്തോലിക്കസഭാ സാന്നിദ്ധ്യശക്തി വർദ്ധിപ്പിക്കുന്നതിന് ദൈവപിതാവ് ആഗ്രഹിക്കുന്നതിനാലാകാം ഒരു ദൈവനിയോഗം പോലെ അമേരിക്കയ്ക്കും യൂറോപ്പിനും വേണ്ടി അഡ്മിനിസ്ട്രേറ്ററായി 2001 ഓഗസ്റ്റ് 15 ന് വന്ദ്യ മോൺ. ഐസക്ക് തോട്ടുങ്കലച്ചൻ മെത്രാനായി വാഴിക്കപ്പെട്ടത്. ഐസക്ക് മാർ ക്ലീമ്മീസ് എന്ന് നാമധാരിയായി പുതിയ ബിഷപ് 2001 ഒക്ടോബർ 23-ാം തീയതി അമേരിക്കയിലെത്തി. വിദേശമിഷ്യനുകളിൽ സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾക്ക് വന്ദ്യ തിരുമേനിയുടെ സാന്നിദ്ധ്യവും നിർദ്ദേശങ്ങളും ശക്തിയും പ്രചോദനവുമാണ്.

**30. മഞ്ഞക്കാല - ബഥനിമഠം (1-10-2000)**

മഞ്ഞക്കാല പി.ഒ., കുന്നിക്കോട് - 691 508

കൊല്ലം ജില്ലയിൽ, കൊട്ടാരക്കര പത്തനാപുരം റൂട്ടിലാണ് മഞ്ഞക്കാല. തിരുവനന്തപുരം അതിരൂപതയുടെ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി ഇവിടെയുണ്ട്. ഇവിടത്തെ വികാരിയായിരുന്ന ബ. തോമസ് പുതുപ്പറമ്പിലച്ചന്റെയും ഇടവക ജനങ്ങളുടെയും നിരന്തരമായ അപേക്ഷ പരിഗണിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ റഹമ്മാസ് അവിടേക്ക് സിസ്റ്റേഴ്സിനെ അയയ്ക്കുകയായിരുന്നു.

മഠത്തിനായി മഞ്ഞക്കാലായിൽ പറങ്കിമാംമുകൾ എന്ന സ്ഥലത്ത് ഒരു ഏക്കർ 18 സെന്റ് സ്ഥലം വാങ്ങി. 2000 ഫെബ്രുവരി 6-ാം തീയതി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസ്സോസ്റ്റം തിരുമേനി (മാർത്താണ്ഡം മെത്രാൻ) മഠത്തിനു ശിലാസ്ഥാപനം നടത്തി. താമസിയാതെ പണിയാരംഭിച്ചു. പ്രസ്തുത വർഷംതന്നെ പണിതീർന്ന കെട്ടിടം 2001 ഒക്ടോബർ 1-ാം തീയതി അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി-തിരുവനന്തപുരം സഹായമെത്രാൻ - കൂദാശ നടത്തി. കൂദാശയ്ക്കുവേണ്ട ക്രമീകരണങ്ങളും ചെലവും ഇടവകജനങ്ങൾ തന്നെ നിർവ്വഹിക്കുകയും മഠത്തിനാവശ്യമായ ഏതാനും തടിയുപകരണങ്ങൾ സമ്മാനിക്കുകയും ചെയ്തു.

ഒക്ടോബർ ഒന്നിനു കൂദാശ നടന്നെങ്കിലും നവംബർ 15 നു മാത്രമേ സിസ്റ്റേഴ്സ് താമസത്തിനെത്തിച്ചേർന്നുള്ളു. സിസ്റ്റേഴ്സ് എസ്തേർ, മംഗള, ഐശ്വര്യ, ശാന്തിദ എന്നിവരായിരുന്നു ആദ്യാംഗങ്ങൾ. ഇടവക സ്വന്തമായി നടത്തിയിരുന്ന നഴ്സറിസ്കൂൾ അവരുടെ ആഗ്രഹമനുസരിച്ച് സിസ്റ്റേഴ്സ് ഏറ്റെടുത്തു. മഞ്ഞക്കാല, നടുത്തേരി, പിടവൂർ, ആവണീശ്വരം, പട്ടാഴി, ഇരുപ്പാക്കുഴി എന്നീ സ്ഥലങ്ങളിൽ ആവശ്യാനുസരണം സിസ്റ്റേഴ്സ് പ്രവർത്തനങ്ങളിൽ സഹായിക്കുകയും സജീവനേതൃത്വം നല്കുകയും ചെയ്യുന്നു.

www.malankaralibrary.com



**31. തച്ചോട്ടുകാവ് - ബഥനിമഠം (21-5-2001)**
പേയാട് പി.ഒ., വിമലപുരം, തച്ചോട്ടുക്കാവ്, തിരുവനന്തപുരം - 695 573

തിരുവനന്തപുരം ജില്ലയിൽ പേയാട് എന്ന സ്ഥലത്തിനടുത്താണ് തച്ചോട്ടുകാവ്. തിരുവനന്തപുരം അതിരൂപതയുടെ ഒരു പള്ളി ഇവടെയുണ്ട്. ഔവർ ലേഡി ഓഫ് ഓൾനേഷൻസ് (Our Lady of all Nations) എന്ന മാതാവിന്റെ നാമത്തിലുള്ള ഈ പള്ളി മഹാജൂബിലി വർഷത്തിൽ (2000-ൽ) ഒരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിരുന്നു. ബ. ജോസഫ് ഞായല്ലൂരച്ചനാണ് ഇവിടത്തെ വികാരി. നെയ്യാറ്റിൻകര വൈദിക ജില്ലയിൽപ്പെട്ട തച്ചോട്ടുകാവ്, പുളിയറക്കോണം ഇടവകകളിൽ മിഷ്യൻ പ്രവർത്തിനായി സിസ്റ്റേഴ്സുണ്ടായാൽ വലിയ സഹായകമാകുമെന്ന് മനസ്സിലാക്കിയ അച്ചൻ മദർ ലൂമിനാ(പ്രൊവിൻഷ്യൽ സുപ്പീരിയർ)യോട് ആവശ്യപ്പെടുകയും അതിനു നിർബന്ധിക്കുകയും ചെയ്തു.

2001 മെയ് മാസം 21 ന് സിസ്റ്റർ മനോജ്ഞ, സിസ്റ്റർ നിസ്സീമ, സിസ്റ്റർ അജയ എന്നിവരെ അവിടേക്കയച്ചു. ഇടവകപ്പള്ളിയോടടുത്ത് ഒരു വീടു വാടകയ്ക്കെടുത്ത് അവിടെ സിസ്റ്റേഴ്സ് താമസമാക്കി. ഇടവകയിൽ ആരാധനാപരിപാടികൾക്ക് നേതൃത്വം നല്കുകയും സമീപഇടവകയിൽ മിഷ്യൻ പ്രവർത്തനം നടത്തുകയുമാണ് സിസ്റ്റേഴ്സ് ചെയ്യുന്നത്. കൂടാതെ പുളിയറക്കോണത്ത് പള്ളിയോടു ചേർത്ത് ബ. വികാരിയച്ചൻ ആരംഭിച്ച ഒരു നഴ്സറി സ്കൂളിന്റെ നടത്തിപ്പും സിസ്റ്റേഴ്സ് ഏറ്റെടുത്തു.

**32. ചിരട്ടക്കോണം - ബഥനി മഠം (29-8-2001)**
തലച്ചിറ പി.ഒ., ചിരട്ടക്കോണം, കൊല്ലം - 691 546

കൊല്ലം ജില്ലയിൽ കൊട്ടാരക്കരയ്ക്കും തിരുവനന്തപുരത്തിനുമിടയ്ക്ക് സ്ഥിതി ചെയ്യുന്ന ഒരു ഉൾനാടൻ പ്രദേശമാണ് ചിരട്ടക്കോണം. പ്രശസ്തിയുടെയും പരിഷ്കാരങ്ങളുടെയും നിരയിൽ ഇന്നും എണ്ണപ്പെട്ടിട്ടില്ലാത്ത ഈ ഗ്രാമത്തിൽ തിരുവനന്തപുരം അതിരൂപതയ്ക്ക് ഒരു പള്ളിയും കുറച്ചു സ്ഥലവുമുണ്ട്. ഈ പ്രദേശത്തുള്ളവരിൽ അധികവും ഹൈന്ദവ കുടുംബങ്ങളാണ്. ബ. ജോൺസൻ കരൂരാണ് ഇവിടത്തെ ഇടവകവികാരി. എല്ലാദിവസവും വി. കുർബാനയുണ്ട് കൂടാതെ ശനിയാഴ്ച ദിവസങ്ങളിൽ വി. കുർബാനയ്ക്കു ശേഷം ആരാധനയും പരിശുദ്ധ ദൈവമാതാവിനോടുള്ള പ്രത്യേക പ്രാർത്ഥനയും ഇവിടെ പതിവായിരുന്നു. ആരാധനയിലും പ്രാർത്ഥനയിലുമെല്ലാം ധാരാളം പേർ പങ്കെടുത്തിരുന്നു.

2000-ാമാണ്ട് മെയ്മാസം 5 ന് വി. കുർബാനയ്ക്കുശേഷം ആരാധനയ്ക്കായി തിരുവോസ്തി എഴുന്നെള്ളിച്ചുവച്ചപ്പോൾ തിരുവോസ്തിയിൽ



കർത്താവിന്റെ തിരുമുഖം ക്രമേണ തെളിഞ്ഞുകണ്ടു. ആരാധനയ്ക്ക് എത്തിയിരുന്നവർ അദ്ഭുതസ്തബ്ധരായി താണുവണങ്ങിയാരാധിച്ചു. അതു കണ്ടവരിലും വിവരം കേട്ടറിഞ്ഞ് ഓടിയെത്തിയവരിലും അദ്ഭുതത്തിന്റെയും, ഭയഭക്തിവിശ്വാസത്തിന്റെയും ചിലരിൽ വിശ്വാസമില്ലായ്മയുടെയും സംശയത്തിന്റെയും വിവിധ വികാരങ്ങൾ! സംഗതി എന്താണെന്നറിയാനുള്ള ജിജ്ഞാസയോടെ ചിലരും പറഞ്ഞുകേൾക്കുന്നതിന്റെ നിജസ്ഥിതി കണ്ടു മനസ്സിലാക്കാനും പരിശോധിക്കാനും വേറെ ചിലരും തിരുമുഖം ഒരു നോക്കു കണ്ട് ആരാധിക്കാനും അനുഗ്രഹം പ്രാപിക്കാനും ചിരട്ടക്കോണത്തെ ചെറിയ പള്ളിയിലേക്ക് എത്തിക്കൊണ്ടിരുന്നു. സന്ദർശകരിൽ ജാതിമതഭേദമില്ലെന്നുള്ളത് ഒരു വസ്തുതയാണ്. രോഗശാന്തിയും മനഃശാന്തിയും ആഗ്രഹിച്ചെത്തുന്നവരും ഏറെയുണ്ട്. ഇന്ന് ചിരട്ടക്കോണം ഒരു തീർത്ഥാടനകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് വാസ്തവം.

ദൈവത്തിന്റെ നിഗൂഢവഴികൾ മനസ്സിലാക്കുക മനുഷ്യന് എളുപ്പമല്ല. സമീപപ്രദേശങ്ങളിൽനിന്നു മാത്രമല്ല, വിദൂരദേശങ്ങളിൽ നിന്നുപോലും ആളുകൾ ഇവിടെയെത്തി ആരാധനയർപ്പിക്കുന്നു. ആരാധനാകാര്യങ്ങൾ ക്രമീകരിക്കുന്നതിനും നേതൃത്വം നല്കുന്നതിനുമായി സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യസഹകരണം ആവശ്യമെന്ന് ബ. വികാരിയച്ചൻ മനസ്സിലാക്കി. ബ. വികാരിയച്ചനും അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയും ഇക്കാര്യം പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ ലൂമിനായോട് ആലോചിക്കുകയും ഒരു മഠം അവിടെ തുടങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ചിരട്ടക്കോണം പള്ളിയിൽ നിന്ന് അധികം അകലത്തല്ലാതെ ഒരു മഠം സിസ്റ്റേഴ്സ് ഓഫ് മൗണ്ട് താബോർ എന്ന പേരിൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സ്ഥാപിച്ചിരുന്നു. മൂന്നു നാലു സിസ്റ്റേഴ്സ് അവിടെ താമസിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം പള്ളിയിലെ ഈ പ്രത്യക്ഷതയ്ക്ക് മുമ്പു തന്നെ സിസ്റ്റേഴ്സ് അവിടെ നിന്നും കിളിമാനൂരിനടുത്ത് തട്ടത്തുമല എന്ന സ്ഥലത്തേക്ക് മാറിപ്പോയിരുന്നു. വില്ക്കാനുദ്ദേശിച്ചിരുന്ന ചിരട്ടക്കോണത്തെ പണിതീരാത്ത കെട്ടിടവും സ്ഥലവും തിരുവനന്തപുരം ബഥനി സിസ്റ്റേഴ്സ് വിലയ്ക്കു വാങ്ങി. കെട്ടിടം പണിപൂർത്തിയാക്കി സിസ്റ്റേഴ്സിന് താമസസൗകര്യം ഏർപ്പെടുത്തി. 2001 ഓഗസ്റ്റ് 21 മുതൽ സിസ്റ്റേഴ്സ് താമസമാരംഭിച്ചെങ്കിലും 2001 സെപ്റ്റംബർ 16 നാണ് കൂദാശ നടന്നത്.

അഭിവന്ദ്യ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി കൂദാശ നടത്തി. മഠത്തിലെ ആദ്യാംഗങ്ങൾ സിസ്റ്റേഴ്സ് സോഫിയ, രഞ്ജന,

www.malankaralibrary.com



ഉദാര എന്നിവരാണ്. ചിരട്ടക്കോണം പള്ളിയിലെ ആരാധനാകർമ്മങ്ങളിൽ വികാരിയച്ചനെ സഹായിക്കുകയും നിരന്തരമായി എത്തിക്കൊണ്ടിരിക്കുന്ന തീർത്ഥാടകർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നല്കുകയും ചെയ്യുന്നതിൽ സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നു. കൂടാതെ അടുത്ത ഇടവകകളിലെ മിഷ്യൻ ജോലികളിലും സിസ്റ്റേഴ്സ് സജീവപങ്കാളികളാണ്.

**33. മഞ്ചവിളാകം ബഥനി മഠം 3-6-2002**
ബഥനി മഠം, പാറശ്ശാല പി.ഒ., മഞ്ചവിളാകം, തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ദേശത്ത് മഞ്ചവിളാകം എന്ന ഗ്രാമപ്രദേശത്താണ് ബഥനിയുടെ ഈ മന്ദിരം. ഇവിടെ തിരുവനന്തപുരം അതിരൂപതയുടെ ഒരു ഇടവക പള്ളിയും നഴ്സറി സ്കൂളും സ്ഥിതി ചെയ്യുന്നു. 120-ഓളം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഈ ഇടവകയുടെ വികാരി ബ. ടോമി തടത്തിലച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീരിയ റായിരുന്ന മദർ റഹമ്മാസ് ഇടവകജനങ്ങൾക്ക് ബോധവത്ക്കരണത്തിനായി 1998 മെയ്മാസത്തിൽ അവിടേക്ക് സിസ്റ്റേഴ്സിനെ അയയ്ക്കുകയുണ്ടായി.

1998 മെയ് 3 ന് മഞ്ചവിളാകത്ത് കൊല്ലയിൽ ഗ്രാമത്തിൽ കുന്നവിള വീട്ടിൽ ശ്രീ ഗോപിനാഥിന്റെ വക 69 സെന്റ് സ്ഥലം മഠത്തിനായി വാങ്ങിയെങ്കിലും കെട്ടിടമൊന്നും ഇല്ലാത്തതിനാൽ മഠം സ്ഥാപനം നടന്നില്ല. പിന്നീട് ബ. സി.സി. ജോണച്ചൻ വികാരിയായി എത്തിയപ്പോൾ അവിടെ ഒരു മഠം അത്യാവശ്യമായി സ്ഥാപിക്കുന്നതിനെക്കുറിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ലൂമിനായോട് ആലോചിക്കുകയുണ്ടായി. തത്ക്കാലം സിസ്റ്റേഴ്സിനു താമസിക്കുന്നതിന് ബ. അച്ചൻ താമസിച്ചിരുന്ന കെട്ടിടം നല്കാമെന്ന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി സമ്മതിച്ചതനുസരിച്ച് കെട്ടിടം മഠത്തിനായി ക്രമീകരിച്ചു. ബ. സി.സി. ജോണച്ചൻ തന്നെ കെട്ടിടം കൂദാശ ചെയ്തു. സിസ്റ്റേഴ്സ് ശ്രദ്ധ, ജിൻസി എന്നിവരെ മദർ മഞ്ചവിളാകത്തേക്കയച്ചു. 2002 ജൂൺ 3 മുതൽ സിസ്റ്റേഴ്സ് അവിടെ താമസമാരംഭിച്ചു. മഞ്ചവിളാകത്തും അടുത്ത ഇടവകകളിലും സേവനമനുഷ്ഠിക്കുകയാണ് മഠത്തിന്റെ തത്കാല ഉദ്ദേശ്യമെങ്കിലും സിസ്റ്റർ ജിൻസി നഴ്സറി സ്കൂളിൽ പഠിപ്പിക്കുന്നുണ്ട്.

**34. കൈതക്കോട് ബഥനി മഠം (4-8-2002)**
കൈതക്കോട്. പി.ഒ., കുണ്ടറ, കൊല്ലം – 691 543

കൊല്ലം ജില്ലയിൽ കുണ്ടറയ്ക്കടുത്ത് കൈതക്കോട് എന്ന ഗ്രാമത്തിലാണ് ബഥനിയുടെ ഈ ചെറുഭവനം. തിരുവനന്തപുരം അതിരൂപതയുടെ ഒരു പള്ളിയും ഒരു ചെറിയ നഴ്സറിസ്കൂളും ഇവിടെയുണ്ട്. ആ ഗ്രാമ



പ്രദേശത്തിന്റെ സമഗ്രവളർച്ചയ്ക്ക് ഇവിടെയൊരു മഠം ഉണ്ടാകുന്നത് അഭികാമ്യമെന്നു മനസ്സിലാക്കിയ വികാരി ബ. ജയിംസ് ഇലഞ്ഞിക്കലച്ചൻ അന്നു പ്രൊവിൻഷ്യലായിരുന്ന മദർ റഹമ്മാസുമായി ആലോചിച്ചു. 1999 ൽ ഒരു ഏക്കർ 47 സെന്റു സ്ഥലം വികാരിയച്ചന്റെ സഹായത്തോടെ മദർ മഠത്തിനുവേണ്ടി എഴുതിച്ചു. ഇതിൽ ഒരു ചെറിയ കെട്ടിടവുമുണ്ടായിരുന്നെങ്കിലും ഉടനെ മഠാരംഭം നടന്നില്ല. എങ്കിലും അടുത്ത സ്ഥലമായ പുത്തൂർ മഠത്തിൽ നിന്നും സിസ്റ്റേഴ്സ് ഇവിടെയെത്തി ഇടവകയ്ക്ക് അത്യാവശ്യം വേണ്ട സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ബ. വിൻസന്റ് ചരുവിളയച്ചൻ വികാരിയായി കൈതക്കോട്ടു വന്ന ശേഷം നഴ്സറി സ്കൂൾ C.B.S.E സ്കൂളായി മാറുകയും സ്കൂളിലും ഇടവകയിലും സിസ്റ്റേഴ്സിന്റെ സേവനം അത്യാവശ്യമെന്ന് അറിയിക്കുകയും ചെയ്തു. അതിൽപ്രകാരം അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ ലൂമിന മഠംവക സ്ഥലത്തുണ്ടായിരുന്ന ചെറിയ ഭവനം അറ്റകുറ്റപ്പണികൾ ചെയ്ത് മഠത്തിനായി ക്രമീകരിക്കുന്നതിന് സിസ്റ്റർ പൗളിനെ നിയോഗിച്ചു. പുത്തൂർ മഠത്തിൽ താമസിച്ചുകൊണ്ട് സിസ്റ്റർ പൗളിൻ വീട് താമസയോഗ്യമാക്കിത്തീർത്തു. 2002 ഓഗസ്റ്റ് 4 ന് ബ. വിൻസന്റച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ഭവനം കൂദാശ ചെയ്തു. സുപ്പീര്യറായി സിസ്റ്റർ പൗളിനും അംഗങ്ങളായി സിസ്റ്റേഴ്സ് ലിൻഡ, ജോസി എന്നിവരും അന്നുതന്നെ മഠത്തിൽ താമസമാരംഭിച്ചു. മഠംമന്ദിരത്തിൽ ചാപ്പലിനു വേണ്ടത്ര സൗകര്യമില്ലാത്തതിനാൽ വിശുദ്ധ കുർബാനയ്ക്കായി ഇടവക പള്ളിയിലേക്കാണ് സിസ്റ്റേഴ്സ് പോകുന്നത്. സിസ്റ്റേഴ്സ് കൈതക്കോട്, മരുതൂർ, മുളവന എന്നീ ഇടവകകളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. കൂടാതെ സിസ്റ്റർ ലിൻഡ സ്കൂൾ ചുമതലയും ഏറ്റെടുത്തു നടത്തുന്നു. ഭവനസന്ദർശനം, രോഗീ സന്ദർശനം, വിശുദ്ധ കുർബാനാനുഭവ ഒരുക്കം, വിവാഹ കൂദാശാസ്വീകരണഒരുക്കം എന്നിവയിലും സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുന്നു.

**35. ഇളമാട് ബഥനി മഠം (17-8-2002)**
ഇളമാട്. പി.ഒ., ആയൂർ വഴി, കൊല്ലം – 691 539

കൊല്ലം ജില്ലയിൽ ആയൂരിനടുത്തുള്ള ഒരു നല്ല ഗ്രാമപ്രദേശമാണ് ഇളമാട്. തിരുവനന്തപുരം അതിരൂപതയുടെ ഒരു പള്ളിയും വികാരി ബ. സ്റ്റീഫൻ കുളത്തുംകരോട്ടച്ചന്റെ നേതൃത്വത്തിൽ നടത്തുന്ന നഴ്സറി, എൽ.പി. സ്കൂളുകളും ഇവിടെയുണ്ട്.

സിസ്റ്റേഴ്സിന്റെ സേവനം ഇടവകയ്ക്കും സ്കൂളുകൾക്കും ആവശ്യമെന്നു കണ്ട ബ. അച്ചന്റെ ആവശ്യപ്രകാരം 1991 ജുലായ് 31 ന് ഇളമാട്

www.malankaralibrary.com



തെങ്ങു വിള പുത്തൻവിളയിൽ ശ്രീമതി അമ്മിണി ജോണിൽ നിന്നും ഒരു ഏക്കർ 10 സെന്റ് സ്ഥലം അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ റഹമ്മാസ് മഠത്തിനുവേണ്ടി എഴുതിച്ചു. എങ്കിലും മഠം പണിയോ സ്ഥാപനമോ ഉടനെ നടന്നില്ല. എന്നാൽ 1991 മുതൽതന്നെ സിസ്റ്റേഴ്സിനെ അയയ്ക്കുകയുണ്ടായി. കരിയോടു മഠത്തിൽ താസിച്ചുകൊണ്ട് സിസ്റ്റർ ഗ്രാസിയ സ്കൂളിലും വെളിയം മഠത്തിൽ താമസിച്ചുകൊണ്ട് സിസ്റ്റർ പ്ലാസിഡ ഇടവകയിലും സേവനം അനുഷ്ഠിച്ചുവന്നു. ഈ കാലയളവിൽ ഇളമാട് ഇടവകാംഗമായ മാമ്മൂട്ടിൽ ശ്രീ ഫിലിപ്പും കുടുംബവും കുവൈറ്റിലേക്കു പോവുകയാണെന്നും അദ്ദേഹത്തിന്റെ വീട് 'പ്രിൻസ്‌വില്ല' വാടക കൂടാതെ തല്ക്കാലത്തേക്ക് സിസ്റ്റേഴ്സിനു താമസത്തിനു നല്കാമെന്നും അന്നത്തെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലൂമിനായെ വികാരിയച്ചൻ മുഖേന അദ്ദേഹം അറിയിച്ചു.

2002 ഓഗസ്റ്റ് 17 ന് ബ. സ്റ്റീഫനച്ചന്റെയും ശ്രീ ഫിലിപ്പിന്റെയും കുടുംബാംഗങ്ങളുടെയും സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ വെളിയം ഇടവക വികാരി ബ. തോമസ് ആലുനില്ക്കുന്നതിൽ അച്ചൻ ഭവനം കൂദാശ ചെയ്ത് സിസ്റ്റേഴ്സിനു നല്കി. സിസ്റ്റർ പ്ലാസിഡായുടെ നേതൃത്വത്തിൽ സിസ്റ്റർ ഗ്രാസിയായും ഏതാനും ദിവസങ്ങൾക്കു ശേഷം സിസ്റ്റർ അനസ്താസ്സിയായും ആദ്യാംഗങ്ങളായി മന്ദിരത്തിൽ താമസമാരംഭിച്ചു. വീടിന്റെ സൗകര്യപ്രദമായ ഒരു മുറി പ്രാർത്ഥനാ മുറിയായി ക്രമീകരിച്ചെങ്കിലും അവിടെ വിശുദ്ധ കുർബാന അർപ്പിക്കുന്നില്ല. വിശുദ്ധ കുർബാനയ്ക്കായി എല്ലാ ദിവസവും സിസ്റ്റേഴ്സ് ഇടവക പള്ളിയിലെത്തുന്നു. ഇളമാട്, ചെറുവയ്ക്കൽ, വാളിയോട് എന്നീ ഇടവകകളിൽ മാതൃസംഘടന, ലീജിയൻ ഓഫ് മേരി എന്നിവയ്ക്ക് സിസ്റ്റേഴ്സ് നേതൃത്വം നല്കുന്നു. വീടുസന്ദർശനത്തിനും സിസ്റ്റേഴ്സ് സമയം കണ്ടെത്തുന്നു.

**36. കന്യാകുമാരി ബഥനി മഠം (7-1-2003)**

താമരക്കുളം പി.ഒ., പരമാർത്ഥലിംഗപുരം, കന്യാകുമാരി

കന്യാകുമാരി ജില്ലയിൽ അതിരൂപത വക മലങ്കരഭവൻ മലങ്കര സഭാരംഭം മുതലേ ഉണ്ടായിരുന്നത് 1977 മുതൽ ബഥനി സിസ്റ്റേഴ്സാണ് ചുമതല വഹിച്ചിരുന്നത്. ആ പ്രദേശങ്ങളിൽ ആവുംവിധം മിഷ്യൻ വേലകൾ നടത്തുകയും ഒരു നഴ്സറി സ്കൂൾ അവിടെയുള്ള നിർദ്ധനരായ കുഞ്ഞുങ്ങളെ ഉദ്ദേശിച്ച് നടത്തുകയും ചെയ്തിരുന്നു.

എന്നാൽ ബഥനിക്ക് അവിടെ മഠം ഉണ്ടാവുക എന്ന ചിരകാലാ ഭിലാഷം നിറവേറിയത് 2003 ൽ മാത്രമാണ്. 2001 ൽ മദർ ലൂമിന പ്രൊവിൻഷ്യൽ



സുപ്പീര്യറായിരിക്കുമ്പോൾ കന്യാകുമാരി ജില്ലയിൽ അഗസ്തീശ്വരം താലൂക്കിൽ പരമാർത്ഥലിംഗപുരത്ത് ശ്രീ കണ്ണപ്പൻ വക നമ്പർ 8/ II 44-ൽ 67 സെന്റു സ്ഥലവും അതിനോടു ചേർന്ന നമ്പർ 11/25 ബിയിൽ ശ്രീ എസ്സ്. പെരുമാൾ നാടാരുടെ 46 സെന്റ് സ്ഥലവും ഉൾപ്പെടെ ഒരു ഏക്കർ 13 സെന്റ് സ്ഥലം മഠത്തിനായി വാങ്ങുകയുണ്ടായി.

മലങ്കരഭവനടുത്ത് സിസ്റ്റേഴ്സ് നടത്തിയിരുന്ന നഴ്സറി സ്കൂൾ പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിനും അത് വികസിപ്പിക്കുന്നതിനും സാമൂഹ്യ സേവനപരമായ ചില പദ്ധതികൾ നടപ്പാക്കുന്നതിനും സാധുജനസേവനപരമായ ചില പരിപാടികൾ (Community development programme) ഉദ്ദേശിച്ചുമാണ് ഇവിടെ മഠം സ്ഥാപിക്കണമെന്ന് തീരുമാനിച്ചത്. അതിനായി മഠത്തിനും സ്കൂളിനും മറ്റുമുള്ള അത്യാവശ്യ കെട്ടിടങ്ങളുടെ പണി 2002 ജൂണിൽത്തന്നെ ആരംഭിച്ചു. അഭിവന്ദ്യ യുഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി ശിലാസ്ഥാപനം നടത്തി ആരംഭിച്ച കെട്ടിടംപണിയുടെ നടത്തിപ്പിന് സിസ്റ്റർ എയ്മാർഡ് ആണ് നിയുക്തയായത്. മലങ്കരഭവനിൽ താമസിച്ചുകൊണ്ട് സിസ്റ്റർ പണികൾക്കു മേൽനോട്ടം വഹിച്ചു.

പണി പൂർത്തിയായ കെട്ടിടങ്ങളുടെ കൂദാശാകർമ്മം 2003 ജനുവരി 7 ന് അഭിവന്ദ്യ ആർച്ചു ബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ യുഹാനോൻ മാർ ക്രിസ്സോസ്റ്റം തിരുമേനിയുടെ സാന്നിദ്ധ്യത്തിലും ഉചിതമായ രീതിയിൽ നടന്നു. പുതിയ മഠാംഗങ്ങളായി താമസമാരംഭിച്ചത് സിസ്റ്റർ എയ്മാർഡും സിസ്റ്റർ ബസ്മായുമാണ്. ദൈവമഹത്വത്തിനും തദ്ദേശവാസികളായ ജനസമൂഹത്തിനും കന്യാകുമാരിയിലെ ബഥനി അത്താണിയാകുമെന്ന പ്രതീക്ഷ നിലനിർത്തിക്കൊണ്ട് ഇവിടെ പ്രവർത്തനം നടത്തുന്നു.

## പ്രൊവിൻസിന്റെ സ്ഥാപനങ്ങളും, പ്രവർത്തനവേദികളും

**1. കന്യാകുമാരി - മലങ്കരഭവൻ (2-9-1977)**

തിരുവനന്തപുരം അതിരൂപതവക ഒരു ടൂറിസ്റ്റു ഹോം കന്യാകുമാരിയിലുണ്ട്. 'മലങ്കര ഭവൻ' എന്നറിയപ്പെടുന്ന ഈ ഭവനത്തിന്റെ ചുമതല വഹിക്കുന്നത് ബഥനി സിസ്റ്റേഴ്സാണ്. ഈ ടൂറിസ്റ്റ് ഹോം ഇവിടെ ഉണ്ടാകുംമുമ്പുതന്നെ, അതായത്, അതിരൂപതാരംഭകാലങ്ങളിൽത്തന്നെ അതിരൂപതയ്ക്ക് കുറച്ചു സ്ഥലവും ഒരു ഇരുനില കെട്ടിടവും കന്യാകുമാരിയിലുണ്ടായിരുന്നു. ബംഗാൾ ഉൾക്കടൽ, ഇൻഡ്യൻ മഹാസമുദ്രം, അറേബ്യൻ കടൽ എന്നിവയുടെ സംഗമസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ ഭവനത്തിൽ

www.malankaralibrary.com



അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് വിശ്രമത്തിനായി ഏതാനും ദിവസത്തേക്ക് താമസത്തിനെത്തുമായിരുന്നു എന്നത് ഈ കെട്ടിടത്തെ ധന്യമാക്കുന്നു. കടൽക്കാറ്റിന്റെ ശാന്തശീതളമായ തലോടലേറ്റ് നില്ക്കുന്ന ഈ ഭവനത്തിന്റെ ടെറസ്സിൽനിന്നാൽ സൂര്യോദയവും അസ്തമയവും അതാതു സമയത്ത് ദർശിക്കാമെന്നത് ഒരു വലിയ വിശേഷമാണ്. തന്മൂലം വിനോദയാത്രക്കാർക്കും കേരളത്തിന്റെ വിവിധ ഭാഗത്തുനിന്നെത്തുന്ന സ്കൂൾകുട്ടികൾക്കും വിദേശ സ്വദേശ ടൂറിസ്റ്റുകൾക്കും ഈ ഭവനം ഒരഭയകേന്ദ്രമാണ്.

1977 സെപ്റ്റംബർ 2 മുതലാണ് സിസ്റ്റേഴ്സ് ഇവിടെ സ്ഥിരതാമസമാക്കിയത്. ഇവിടെ പഴയ കെട്ടിടത്തിനടുത്തുതന്നെ ഒരു ഇരുനിലകെട്ടിടംകൂടി നിർമ്മിച്ച് ടൂറിസ്റ്റുകൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സിസ്റ്റേഴ്സ് മാറിമാറി ഇവിടെ ചുമതലക്കാരായി എത്തുന്നു ഇവിടത്തെ ആദ്യാംഗങ്ങൾ മദർ സൈബാറും സിസ്റ്റർ ദഖിയായും സിസ്റ്റർ സുഗുണയുമാണ്.

**2. നാലാഞ്ചിറ പ്രകൃതിചികിത്സാ കേന്ദ്രം**

ബഥനി പ്രകൃതിചികിത്സാലയം, നാലാഞ്ചിറ പി.ഒ., തിരുവനന്തപുരം - 695 015

തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ മേക്കോണം എന്ന ഗ്രാമപ്രദേശത്ത് ബഥനി ആശ്രമം വക ഒരു പ്രകൃതി ചികിത്സാലയം (Nature Cure Centre) ഉണ്ട്. പ്രകൃതി ചികിത്സയ്ക്കായി ധാരാളം പേർ എത്തുന്ന ഈ സ്ഥാപനത്തിന്റെ ഡയറക്ടർ ബ. ഡോക്ടർ ഫിലിപ്പ് നേരി ഒ.ഐ.സി. അച്ചനാണ്. സെന്ററിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാനായി നാലാഞ്ചിറ മഠത്തിൽ നിന്നും രണ്ടു സിസ്റ്റേഴ്സു വീതം 1975 മുതൽ നിയോഗിക്കപ്പെട്ടിരുന്നു. മദർ വിജയ പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്നകാലത്ത് ബ. ഡയറക്ടറച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് മദർ സിസ്റ്റേഴ്സിനെ അവിടേയ്ക്കയച്ചിരുന്നു. സിസ്റ്റേഴ്സ് സിറിൽ, അഗത്താ എന്നിവർ ആദ്യകാലങ്ങളിൽ സേവനം ചെയ്തിരുന്നു. എന്നാൽ മേക്കോണത്ത് പ്രകൃതി ചികിത്സയ്ക്കു വേണ്ടി പ്രത്യേകം ആശുപത്രി ഉണ്ടായപ്പോൾ 1992 മുതൽ സിസ്റ്റേഴ്സ് അവിടെ സെന്ററിൽ താമസിച്ചുകൊണ്ട് സേവനം ആരംഭിച്ചു. സിസ്റ്റർ സന്തുഷ്ടയുടെ നേതൃത്വത്തിലാണ് ആരംഭം. മാറിമാറി സിസ്റ്റേഴ്സ് നിയോഗിക്കപ്പെടുന്നെങ്കിലും രണ്ടുപേരുടെ സാന്നിദ്ധ്യം എപ്പോഴും അവിടെയുണ്ട്.

**3. ചാല - സെന്റർ ഫോർ ലെപ്രസി കണ്ട്രോൾ**

റ്റി.സി. 39/1847, ചാല പി.ഒ., കാവേരി ഗാർഡൻ, തിരുവനന്തപുരം - 695 036

തിരുവനന്തപുരം ജില്ലയിൽ തെക്കുമാറി വിവിധതരം കടകമ്പോളങ്ങൾ കൊണ്ടു നിറഞ്ഞ് സദാ തിരക്കേറിയ ഒരു സ്ഥലമാണ് ചാല. ചാലക്കമ്പോളം



എന്നപേരിലാണ് ഇത് അറിയപ്പെടുന്നത്. തിരുവനന്തപുരം അതിരൂപതവക പിരപ്പൻകോട്ടുള്ള കുഷ്ഠരോഗാശുപത്രിയുടെ ഒരു ക്ലിനിക്കാണ് ചാലയിലുള്ളത്

ചാലയ്ക്കടുത്ത് മണക്കാടെന്ന സ്ഥലത്ത് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് 1979 ജനുവരി 23 മുതൽ സിസ്റ്റേഴ്സ് അവിടെ താമസിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ചു. പിരപ്പൻകോട് ആശുപത്രിയുടെ ഡയറക്ടറായിരുന്ന ബ. ലോറൻസ് ജെ. തോട്ടം അച്ചനാണ് (പിന്നീട് ലോറൻസ് മാർ അപ്രേം) ഈ ക്ലിനിക് ചാലയിൽ ആരംഭിച്ചത്. ബ. അച്ചന്റെ ആവശ്യപ്രകാരം അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ വിജയ സിസ്റ്റേഴ്സ് ഇമൽഡ, ക്ലാരിസ്സ എന്നിവരെ സേവനത്തിനായി അവിടേയ്ക്കയച്ചു.

ചാല, അമ്പിലികോണം, തിരുവനന്തപുരം, മുട്ടത്തറ എന്നിവിടങ്ങളിലായി നാലായിരത്തിൽപരം കുഷ്ഠരോഗികളെയാണ് കണ്ടുപിടിച്ച് ചികിത്സയ്ക്കായി പേരു രജിസ്റ്റർ ചെയ്തത്. കമ്മ്യൂണിറ്റി ആരോഗ്യപദ്ധതി (Community Health Programme) ഹെൽത്ത് - ഒ - മില്യൻ (Health 'O' Million), ഹെൽപ് എ. ചൈൽഡ് പ്രോഗ്രാം (Help a Child Programme) എന്നിങ്ങനെ വിവിധ പരിപാടികൾ സിസ്റ്റേഴ്സിന്റെ പ്രവർത്തനമേഖലകളാണ്.

അതിരൂപതയുടെ ചാലയിലുള്ള 14 സെന്റ് സ്ഥലത്ത് ഡാമിയൻ ഫൗണ്ടേഷന്റെ സഹായത്തോടെ ഒരു കെട്ടിടം നിർമ്മിച്ച് 1985 ഓഗസ്റ്റ് 23-നു കൂദാശ നടത്തി സിസ്റ്റേഴ്സിനു താമസിക്കുന്നതിനും ലെപ്രസി ക്ലിനിക്കിനുമായി ഉപയോഗിക്കുന്നതാണ് ചാലയിലെ ഈ സ്ഥാപനം.

**4. ക്ലേർജി ഹോം, കേശവദാസപുരം**

കേശവദാസപുരം പി.ഒ., മാർ ഇവാനിയോസ് നഗർ, തിരുവനന്തപുരം - 695 004

തിരുവനന്തപുരം അതിരൂപതയിലെ പ്രായമായവരും വിശ്രമം ആവശ്യമായവരുമായ ബ. വൈദികർക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്ന ഒരു സ്ഥാപനമാണ് ക്ലേർജിഹോം. തിരുവനന്തപുരം സിറ്റിയിലേക്കുള്ള എം.സി. റോഡ് സൈഡിൽ നാലാഞ്ചിറയ്ക്കും കേശവദാസപുരത്തിനുമിടയ്ക്ക്, മഹാത്മാഗാന്ധി കോളജിനടുത്ത് മാർ ഈവാനിയോസ് നഗറിലാണ് ഈ ഭവനം സ്ഥിതി ചെയ്യുന്നത്.

ഇവിടെ വിശ്രമത്തിനെത്തുന്ന ബ. അച്ചന്മാരെ ശുശ്രൂഷിക്കുന്നതിനും അവർക്ക് ഭക്ഷണം, മരുന്ന്, ഇവയൊക്കെയും കൃത്യമായി നല്കുന്നതിനും മറ്റുമായി സിസ്റ്റേഴ്സിന്റെ സഹായം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ

www.malankaralibrary.com



ഫെലിസിറ്റായോട് ആവശ്യപ്പെട്ടു. അതനുസരിച്ച് 1986 മുതൽ നാലാഞ്ചിറ മഠത്തിൽ നിന്നും രണ്ടു സിസ്റ്റേഴ്സിനെ വീതം ക്ലേർജിഹോമിൽ സേവനത്തിനായി നിയോഗിച്ചുവരുന്നു. സിസ്റ്റേഴ്സിനു താമസസൗകര്യങ്ങളും ചാപ്പലും എല്ലാം അവിടെത്തന്നെ ക്രമീകരിച്ചിട്ടുണ്ട്. സിസ്റ്റേഴ്സ് ഗായിയ, യുഫ്രസീന, കാതറൈൻ എന്നിവരാണ് ഇവിടെ സേവനത്തിനായി നിയോഗിക്കപ്പെട്ട ആദ്യാംഗങ്ങൾ.

**5. നാലാഞ്ചിറ - മേജർ സെമിനാരി**

സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, നാലാഞ്ചിറ പി.ഒ.,
തിരുവനന്തപുരം - 695 015

തിരുവനന്തപുരം ജില്ലയിൽ നാലാഞ്ചിറ ബഥനിക്കുന്നിൽ മലങ്കര കത്തോലിക്കാസഭയുടെ ഹൃദയവും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ മഹത്വപ്രതീകവുമായ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി നിലകൊള്ളുന്നു. സെമിനാരിയുടെ മെസ്സ് മാനേജ്മെന്റ് ബഥനി സിസ്റ്റേഴ്സിനെ ഏല്പിക്കുന്നതിനാഗ്രഹിച്ച അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ഫെലിസിറ്റായെ വിവരമറിയിച്ചു. അതിൽപ്രകാരം 1983 ജൂൺ 13 മുതൽ സിസ്റ്റർ നീഹായുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് അവിടെ സേവനം ആരംഭിച്ചു. സിസ്റ്റേഴ്സിനു താമസിക്കുന്നതിനുള്ള സൗകര്യവും ചാപ്പലും എല്ലാം അവിടെത്തന്നെ ക്രമീകരിച്ചിട്ടുണ്ട്. ആവശ്യാനുസരണം സിസ്റ്റേഴ്സ് മാറി വരാറുണ്ടെങ്കിലും രണ്ടുപേർവീതം ഇന്നുവരെ മുടങ്ങാതെ സേവനം അനുഷ്ഠിക്കുന്നു.

**6. വൃദ്ധ മന്ദിരങ്ങൾ**

1. ജർമ്മനി:- ജർമ്മനിയിൽ മാൻഹൈമിൽ, റയ്നാവിൽ മരിയ ഷേറർ ഹൗസ് (Maria Scherer House) എന്ന പേരിലുള്ള വൃദ്ധമന്ദിരത്തിൽ സിസ്റ്റേഴ്സ് 1999 മുതൽ സേവനം അനുഷ്ഠിച്ചിരുന്നു. ഇത് കാരിത്താസ് ജർമ്മനിയുടെ നടത്തിപ്പിലുള്ളതാണ്. റെയ്നാവിൽ തിരുവനന്തപുരം പ്രൊവിൻസിന്റെ എട്ടു സിസ്റ്റേഴ്സ് സേവനം ചെയ്യുന്നു.

ജർമ്മനിയിൽ സ്റ്റുട്ട്ഗാർട്ട് റോട്ടിലും, മർട്ടീആസിലുമായി രണ്ടു മന്ദിരങ്ങൾ ജനറലേറ്റു നേരിട്ടു നടത്തുന്ന സ്ഥാപനങ്ങളിലും തിരുവനന്തപുരം പ്രൊവിൻസിൽ നിന്നും ഈരണ്ടു സിസ്റ്റേഴ്സ് സേവനത്തിനുണ്ട്. കൂടാതെ ജർമ്മനിയിൽത്തന്നെ കാരിത്താസിന്റെ വേറൊരു ഭവനത്തിൽ സിസ്റ്റർ ബനഡികറ്റ് സേവനമനുഷ്ഠിക്കുന്നു. വൃദ്ധമന്ദിരങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിനെ സംബന്ധിച്ച സേവനവ്യവസ്ഥകളും കാലാവധിയുമെല്ലാം കാരിത്താസുമായി ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ് ക്രമീകരിച്ചിട്ടുണ്ട്.



2. ഇറ്റലി:- മിലാനിൽ റേജിയോ എമിലിയായിൽ, മൊണ്ടേക്കിയോ ഗ്രാമത്തിൽ കാസ്സാ ഡെല്ല കാരിത്ത (Cassa Della Carita) എന്നറിയപ്പെടുന്ന വൃദ്ധമന്ദിരത്തിൽ മിലാൻ ബിഷപ്പിന്റെ അപേക്ഷപ്രകാരം പ്രൊവിൻഷ്യൽ സുപ്പീരിയൽ മദർ റഹമ്മാസാണ് സിസ്റ്റേഴ്സിനെ അയച്ചത്. 2000 ഒക്ടോബർ 14 മുതൽ സിസ്റ്റേഴ്സ് ഉദയ, ഉഷസ്സ് എന്നിവർ സേവനം ആരംഭിച്ചു.

ഇറ്റലിയിൽ മിലാൻ, മൊണ്ടേക്കിയോ ഗ്രാമത്തിൽ നിന്നും ഏകദേശം അഞ്ചുകിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന ബിബിയാനോ എന്ന സ്ഥലത്ത് കാസ്സാകാരിത്ത (Cassa Carita) എന്ന വൃദ്ധമന്ദിരത്തിലേക്ക് 2001 ജൂൺ മുതൽ സിസ്റ്റേഴ്സ് കരുണ, ലോറ എന്നിവരെ അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ലൂമിന അയയ്ക്കുകയുണ്ടായി.

വൃദ്ധമന്ദിരങ്ങളിൽ സിസ്റ്റേഴ്സ് നല്കുന്ന നിസ്വാർത്ഥസേവനശുശ്രൂഷകൾ പ്രായാധിക്യത്താൽ ക്ഷീണിതരും അവശരുമായ മന്ദിരവാസികൾക്ക് ആശ്വാസവും ശാന്തമായി വിശ്രമിക്കുന്നതിനുള്ള അവസരവും നല്കുന്നു.

www.malankaralibrary.com



ബഥനി ജനറലേറ്റ് സാരഥികൾ

ജനറലേറ്റ് മന്ദിരം



www.malankaralibrary.com

## തിരുവല്ല പ്രൊവിൻസ്

### മന്ദിരങ്ങളും സ്ഥാപനങ്ങളും സ്ഥാപനക്രമമനുസരിച്ച്

| | | |
|---|---|---|
| | പ്രൊവിൻഷ്യൽമന്ദിരം, തിരുമൂലപുരം | 21-09-1925 |
| 1. | പിറവം | 18-05-1942 |
| 2. | കുന്നംകുളം | 15-01-1947 |
| 3. | ചെങ്ങരൂർ | 26-05-1953 |
| 4. | അഞ്ചൽപെട്ടി | 02-02-1956 |
| 5. | പുഷ്പഗിരി | 15-08-1959 |
| 6. | മാന്നാർ | 03-06-1961 |
| 7. | വെണ്ണിക്കുളം | 15-06-1961 |
| 8. | ചുങ്കപ്പാറ | 03-04-1967 |
| 9. | വെളിയനാട് | 18-06-1967 |
| 10. | കുന്നക്കുരുടി | 22-01-1968 |
| 11. | കുമളി | 18-04-1970 |
| 12. | പീച്ചി | 15-08-1970 |
| 13. | ചെറുകുളഞ്ഞി | 05-07-1979 |
| 14. | ചേറ്റുകുഴി | 22-12-1980 |
| 15. | കോലഞ്ചേരി | 31-05-1981 |
| 16. | മണർകാട് | 30-05-1982 |
| 17. | വടവാതൂർ | 19-05-1984 |
| 18. | മുളകരമേട് | 25-10-1984 |
| 19. | പൂന, കലേവാടി | 22-05-1988 |
| 20. | പഴവങ്ങാടി | 29-05-1989 |
| 21. | വളകോട് | 07-12-1989 |
| 22. | കട്ടിളപ്പൂവം | 10-02-1990 |
| 23. | ചക്കുപള്ളം | 09-08-1990 |
| 24. | കട്ടപ്പന | 30-05-1991 |
| 25. | ഫരീദാബാദ് | 23-05-1993 |
| 26. | ബഥാനിയ | 22-08-1993 |
| 27. | മല്ലപ്പള്ളി (ഹോസ്റ്റൽ) | 22-04-1996 |
| 28. | ഉത്തംനഗർ, ഡൽഹി | 27-07-1996 |
| 29. | പഴയരിക്കണ്ടം | 15-05-1997 |
| 30. | ബംഗ്ളൂർ | 25-03-1999 |
| 31. | കടമാൻകുളം | 25-05-1999 |
| 32. | പൂന, ദേഹൂറോഡ് | 06-06-2001 |
| 33. | കല്ലാർ | 03-07-2001 |
| 34. | കരിമ്പ | 21-07-2001 |
| 35. | ബത്തോള, ഫരീദാബാദ് | 13-11-2001 |

www.malankaralibrary.com



## സ്ഥാപനങ്ങൾ

സെന്റ് തോമസ് ഹോസ്റ്റൽ

1. ബാലഭവൻ, പുത്തനങ്ങാടി ........ 29-01-1951
2. ക്ലേർജി ഹോം, പുഷ്പഗിരി ........ 01-06-1975
3. ഗുഡ് സമാരീറ്റൻ ഹോം, കോട്ടയം ........ 12-07-1987
4. റെക്ലിംഗ് ഹൗസൻ ........ 1988
5. സീറി, കോട്ടയം ........ 01-06-1992
6. ബോധന, തിരുവല്ല ........ 09-05-1996
7. മുത്തൂർ അഭയഭവൻ, തിരുവല്ല ........ 31-05-1996
8. വെള്ളൂർ സാൻ ജോസ് ഹോസ്റ്റൽ, കോട്ടയം ........ 15-08-1996
9. മേരിഗിരി, തിരുവല്ല ........ 19-12-1998
10. J.L. ഹോസ്റ്റൽ, ചെങ്ങരൂർ ........ 25-05-2000
11. M.C.A. ഹോസ്റ്റൽ, തിരുവല്ല ........ 01-11-2001

## 1956 മുതലുള്ള തിരുവല്ല പ്രൊവിൻസ് ഭാരവാഹികൾ

**1956**

മദർ ഹൂബ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ വെറോനിക്ക - കൗൺസിലർ
2. സിസ്റ്റർ ദബഹ - കൗൺസിലർ & സെക്രട്ടറി
സിസ്റ്റർ തെയോഫിൻ - പ്രൊക്കുറേറ്റർ

**1960**

മദർ ദബഹ - മദർ പ്രൊവിൻഷ്യൽ
1. മദർ ഹൂബ - കൗൺസിലർ
2. സിസ്റ്റർ ഫിലോമിന - കൗൺസിലർ
സിസ്റ്റർ സ്തനിസ്ലാവ്സ് - സെക്രട്ടറി
സിസ്റ്റർ തെയോഫിൻ - പ്രൊക്കുറേറ്റർ

**1962**

മദർ ദബഹ - മദർ പ്രൊവിൻഷ്യൽ
1. മദർ ഹൂബ - കൗൺസിലർ
2. സിസ്റ്റർ ഫിലോമിന - കൗൺസിലർ
സിസ്റ്റർ ലീസ - സെക്രട്ടറി
സിസ്റ്റർ മേരി ദേവസഹായം - പ്രൊക്കുറേറ്റർ



**1965**

മദർ മക്രീന - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ ഹെലൻ - കൗൺസിലർ
2. സിസ്റ്റർ ഫിലോമിന - കൗൺസിലർ
സിസ്റ്റർ ലീസ - സെക്രട്ടറി
സിസ്റ്റർ മേരി ദേവസഹായം - പ്രൊക്കുറേറ്റർ

**1968**

മദർ മേരിമാഗ്ദലിൻ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ തെയോഫിൻ - കൗൺസിലർ
2. സിസ്റ്റർ ജയിൻ - കൗൺസിലർ
സിസ്റ്റർ ക്രിസ്റ്റീന - സെക്രട്ടറി
സിസ്റ്റർ മേരി ഗത്രൂദ് - പ്രൊക്കുറേറ്റർ

**1971**

മദർ മോനിക്ക - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ മക്രീന - കൗൺസിലർ
2. സിസ്റ്റർ തെയോഫിൻ - കൗൺസിലർ
3. സിസ്റ്റർ റീത്താ മേരി - കൗൺസിലർ
4. സിസ്റ്റർ ജയിൻ - കൗൺസിലർ
സിസ്റ്റർ തീസ - പ്രൊക്കുറേറ്റർ

**1974**

മദർ മോനിക്ക - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ റോസ് - കൗൺസിലർ
2. സിസ്റ്റർ ലൂസി - കൗൺസിലർ
3. സിസ്റ്റർ അനൻസിയേറ്റ - കൗൺസിലർ
4. സിസ്റ്റർ തെയോഫിൻ - കൗൺസിലർ
സിസ്റ്റർ മെലാനി - സെക്രട്ടറി
സിസ്റ്റർ തീസാ - പ്രൊക്കുറേറ്റർ

**1977**

മദർ ജയിൻ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ റോസ - കൗൺസിലർ
2. സിസ്റ്റർ അനൻസിയേറ്റ - കൗൺസിലർ
3. സിസ്റ്റർ മോനിക്ക - കൗൺസിലർ
4. സിസ്റ്റർ റീത്താ മേരി - കൗൺസിലർ & സെക്രട്ടറി
സിസ്റ്റർ മേരി സേവ്യർ - പ്രൊക്കുറേറ്റർ

www.malankaralibrary.com



**1980**

മദർ അനൻസിയേറ്റ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ ജയിൻ - കൗൺസിലർ
2. സിസ്റ്റർ അഞ്ചല - കൗൺസിലർ
3. സിസ്റ്റർ ലൂസി - കൗൺസിലർ
4. സിസ്റ്റർ ഫബിയോള - കൗൺസിലർ

സിസ്റ്റർ മരിയറ്റ - പ്രൊക്കുറേറ്റർ

**1983**

മദർ പേഷ്യൻസ് - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ ജയിൻ - കൗൺസിലർ
2. സിസ്റ്റർ ഡൽഫീന - കൗൺസിലർ
3. സിസ്റ്റർ ആഞ്ചല - കൗൺസിലർ
4. സിസ്റ്റർ ബഞ്ചമിൻ - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ മരിയറ്റ - പ്രൊക്കുറേറ്റർ

**1986**

മദർ പേഷ്യൻസ് - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ ബഞ്ചമിൻ - കൗൺസിലർ
2. സിസ്റ്റർ അപ്പൊളേനിയ - കൗൺസിലർ
3. സിസ്റ്റർ ലൂസി - കൗൺസിലർ
4. സിസ്റ്റർ ഡൽഫീന - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ മരിയറ്റ - പ്രൊക്കുറേറ്റർ

**1989**

മദർ ജയിൻ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ പേഷ്യൻസ് - കൗൺസിലർ
2. സിസ്റ്റർ മോനിക്ക - കൗൺസിലർ
3. സിസ്റ്ററ് ആഞ്ചല - കൗൺസിലർ
4. സിസ്റ്റർ ജിയോവാനി - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ മരിയറ്റ - പ്രൊക്കുറേറ്റർ

**1992**

മദർ ജയിൻ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ അനൻസിയേറ്റ - കൗൺസിലർ
2. സിസ്റ്റർ ലാളിത്യ - കൗൺസിലർ
3. സിസ്റ്റർ ഡൽഫീന - കൗൺസിലർ & സെക്രട്ടറി
4. സിസ്റ്റർ സെറീന - കൗൺസിലർ

സിസ്റ്റർ അലീഷ്യ - പ്രൊക്കുറേറ്റർ



**1995**

മദർ അനൻഷ്യേറ്റ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ ജയിൻ - കൗൺസിലർ
2. സിസ്റ്റർ സെറീന - കൗൺസിലർ
3. സിസ്റ്റർ ഫബിയോള - കൗൺസിലർ
4. സിസ്റ്റർ ലിറ്റിൽഫ്ളവർ - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ അലീഷ്യ - പ്രൊക്കുറേറ്റർ

**1998**

മദർ സെറീന - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ ലിറ്റിൽഫ്ളവർ - കൗൺസിലർ
2. സിസ്റ്റർ ലാളിത്യ - കൗൺസിലർ
3. സിസ്റ്റർ ഡൽഫീന - കൗൺസിലർ
4. സിസ്റ്റർ ലിറ്റിൽതെരേസ് - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ അലീഷ്യ - പ്രൊക്കുറേറ്റർ

**2001**

മദർ ബഞ്ചമിൻ - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ സെറീന - കൗൺസിലർ
2. സിസ്റ്റർ ശാന്തി - കൗൺസിലർ
3. സിസ്റ്റർ സേവന - കൗൺസിലർ
4. സിസ്റ്റർ ആഞ്ചല - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ഹിലാരിയ - പ്രൊക്കുറേറ്റർ

### തിരുവല്ലയിൽ ബഥനി

1925 സെപ്റ്റംബർ 8 ന് സിസ്റ്റർ ശൈന, സിസ്റ്റർ ഹൂബ, സിസ്റ്റർ ദനഹ എന്നിവരുടെ സന്ന്യാസ പ്രതിഷ്ഠാകർമ്മത്തോടുകൂടി ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിന്റെ ഔദ്യോഗികാരംഭം തിരുവല്ലയിൽ തിരുമൂലപുരം മഠത്തിൽ ആയിരുന്നു. അന്നുമുതൽ 1936 ജൂൺ വരെയുള്ള ബഥനിയുടെ ചരിത്രം ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്.

### തിരുവല്ലയിൽ 'ബഥനി' ഡയോസിസൻ സമൂഹമാകുന്നു.

1936 ഏപ്രിൽ മുതൽ ജൂൺ വരെ ഏകദേശം രണ്ടുമാസത്തോളം പൂട്ടികിടന്ന തിരുവല്ലയിലെ ആദ്യഭവനം ജൂൺ 16 മുതൽ തുറന്ന് സജീവമായി. സിസ്റ്റർ ഹൂബ, സിസ്റ്റർ ബ്രുക്സാ എന്നിവരായിരുന്നു ആദ്യം എത്തിയതെങ്കിലും താമസിയാതെ സിസ്റ്റർ തൈബൂസും തുടർന്ന് സിസ്റ്റർ ത്രിസൂസും മറ്റാംഗങ്ങളായി തിരുവല്ലയിലെത്തി. സിസ്റ്റർ ത്രിസൂസ് എത്തിയതോടുകൂടി

www.malankaralibrary.com



സിസ്റ്റർ ബ്രൂക്സ തിരുവനന്തപുരത്തേക്ക് വിളിക്കപ്പെടുകയായിരുന്നു. അംഗങ്ങളായിത്തീർന്ന മൂന്നുപേരിൽ മുതിർന്നയാൾ സിസ്റ്റർ ഹൂബ ആയിരുന്നതിനാൽ സിസ്റ്ററിനെ മദർ സുപ്പീരിയറായി നിയമിച്ചു. അങ്ങനെ മദർ ഹൂബ, സിസ്റ്റർ തൈബൂസ് സിസ്റ്റർ ത്രിസൂസ് എന്നിവർ 1936 മുതൽ തിരുവല്ലയിൽ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു.

അനാരോഗ്യം കാരണം രൂപതാഭരണം അസാദ്ധ്യമായിത്തീർന്ന അഭിവന്ദ്യ തെയോഫിലോസ് തിരുമേനിക്കുപകരം 1937 നവംബർ മാസത്തിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട അഭിവന്ദ്യ മാർ സെവേറിയോസ് തിരുമേനി തിരുവല്ല രൂപതാദ്ധ്യക്ഷനായി നിയോഗിതനായി. ബഥനിയുടെ സമഗ്രവളർച്ചയിൽ അഭിവന്ദ്യപിതാവും ബ. അച്ചന്മാരും അതീവശ്രദ്ധാലുക്കളായിരുന്നു. തിരുവല്ലയിൽ ബഥനിയുടെ സുപ്പീരിയർ ജനറൽ എന്ന നിലയിലായിരുന്നു തിരുമേനിയെ സിസ്റ്റേഴ്സും കരുതിയിരുന്നത്. രൂപതാവൈദികരും ദൈവജനവും സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയും പ്രവർത്തനങ്ങളും ആദരവോടെ മതിച്ചിരുന്നു എന്നതും മറക്കാവതല്ല.

1936 മുതൽ 56 വരെ വരെയും ബഥനി സിസ്റ്റേഴ്സ് രണ്ടു രൂപതകളിലായി അതാതു രൂപതകളിലെ മേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിലും നിയന്ത്രണത്തിലുമാണ് വളർന്നത്. എന്നാൽ സ്ഥാപകപിതാവായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി നല്കിയിരുന്ന വിശുദ്ധ നിയമസംഹിതയും പിതാവിന്റെ അവസരോചിതമായ നിർദ്ദേശങ്ങളും സിസ്റ്റേഴ്സിനു വഴികാട്ടിയായിരുന്നു. ഒരു സമൂഹത്തിന്റെ വളർച്ചയുടെ അതിപ്രധാനമായ ഘടകമാണ് സമൂഹത്തിലേക്കു അംഗങ്ങളായിവരുന്നവരുടെ പരിശീലനഘട്ടങ്ങൾ. ഇതിനകം മൂന്നു യുവതികൾ സന്ന്യാസാർത്ഥിനികളായി തിരുവല്ല ബഥനിയിലെത്തി. അവരുടെ പ്രാരംഭപരിശീലനം മദർ ഹൂബാ തന്നെ നിർവഹിച്ചെങ്കിലും നവശിഷ്യപരിശീലനം തിരുവനന്തപുരത്ത് നാലാഞ്ചിറവച്ചായിരുന്നു. മദർ മാക്സായുടെ നേതൃത്വത്തിൽ പരിശീലനം പൂർത്തിയാക്കിയ സാറാമ്മ, ത്രേസ്യാമ്മ, ശോശാമ്മ എന്നീ നവശിഷ്യകളുടെ ആദ്യവ്രതവാഗ്ദാനം 1940 ജൂലായ് 14 ന് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നാലാഞ്ചിറ വച്ചു നടന്നു. യഥാക്രമം ആഗ്നസ്, ത്രിസ്ത, മക്രീന എന്ന സന്യാസനാമങ്ങൾ അവർക്കു നല്കപ്പെട്ടു. 1938 ൽ ഏഴു യുവതികൾ അർത്ഥിനികളായെത്തി. അവരുടെയും പ്രാരംഭപരിശീലനം - ആയതപദവും അർത്ഥിനിപദവും-തിരുമൂലപുരത്ത് മദർ ഹൂബയുടെ നേതൃത്വത്തിലായിരുന്നു. നവശിഷ്യപരിശീലനവും തിരുവല്ലയിൽ വച്ചാണു നടന്നതെങ്കിലും നവശിഷ്യഗുരുനാഥയായി തിരുവനന്തപുരത്തുനിന്നും സിസ്റ്റർ ഹഫീത്തയെ തിരുവല്ലയിലേക്കു വരുത്തുകയായിരുന്നു. 1942 മെയ് മാസം 12 ന് ഈ ഏഴുപേരു



ടെയും ആദ്യവ്രതവാഗ്ദാനം അഭിവന്ദ്യ സെവേറിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ തിരുമലപുരം ചാപ്പലിൽ വച്ചു നടന്നു. റോസ്, ജോസഫിൻ, ആൻ, വെറോനിക്ക, എലിസബത്ത്, മേരി, ത്രേസ്യ - എന്നിങ്ങനെ സന്യാസനാമം അവർക്കു ലഭിച്ചു. പിന്നീടുള്ള വർഷങ്ങളിൽ അർത്ഥിനികളുടെ എണ്ണം കുറഞ്ഞും കൂടിയും വന്നിട്ടുണ്ടെങ്കിലും പരിശീലനവേദി സജീവമായിരുന്നു.

സമൂഹത്തിൽ അംഗങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ശാഖാമന്ദിരങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. തിരുവല്ല ബഥനിയുടെ ആദ്യത്തെ ശാഖാമന്ദിരം 1942-ൽ ആരംഭിച്ച പിറവം ബഥനിമഠമാണ്. ശാഖാമന്ദിരങ്ങൾ ഓരോന്നിനെക്കുറിച്ചും അടുത്ത അദ്ധ്യായങ്ങളിൽ എഴുതുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. 1936 ജൂൺ മാസത്തിൽ മൂന്നംഗങ്ങളുമായി പുനഃപ്രവർത്തനം ആരംഭിച്ച തിരുവല്ല ബഥനിയുടെ വളർച്ച ദ്രുതഗതിയിലായിരുന്നു. 1936 മുതൽ 56 വരെയും ഒരു ഡയോസ്സിസൻ സമൂഹമായി വളർന്നുകൊണ്ടിരുന്ന തിരുവല്ല ബഥനിയുടെ സുപ്പീരിയർ ജനറൽ മദർ ഹൂബാ തന്നെയായിരുന്നു. മലങ്കര സഭയിൽ ജന്മംകൊണ്ട ബഥനിക്ക് ആദ്ധ്യാത്മികോന്നമനം ലക്ഷ്യമാക്കി നിഷ്ഠാജീവിതത്തിനു പ്രാധാന്യം നല്കികൊണ്ടുള്ള ഒരു നിയമസംഹിത 'സംക്ഷിപ്ത വിശുദ്ധനിയമം' എന്ന സംജ്ഞയിൽ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് നല്കിയിരുന്നു. ഈ അടിസ്ഥാനത്തിൽ ഉറച്ചുനിന്നുകൊണ്ട് ആരംഭകാലത്ത് ബഥനി തിരുവല്ലയിൽ ചെയ്തിരുന്ന എല്ലാ പ്രവർത്തനപരിപാടികളും മദർ ഹൂബായുടെ നേതൃത്വത്തിൽ കാലാനുസൃതമായ വ്യതിയാനങ്ങളോടുകൂടി സിസ്റ്റേഴ്സ് നിർവഹിച്ചിരുന്നു.

## തിരുവല്ല 'ബഥനി' - ഒരു പ്രൊവിൻസായി മാറുന്നു

ഡയോസിസ്സൻ സമൂഹമായി വളർന്നുവന്ന ബഥനിയെ ദൈവപിതാവു തൃക്കൺപാർത്തിരുന്നു എന്നതിന്റെ വലിയ സാക്ഷ്യമാണ് 1956 ൽ നടന്ന സമൂഹസംയോജനവും തുടർന്നു ലഭിച്ച പൊന്തിഫിക്കൽ പദവിയും. കെട്ടിലും മട്ടിലും വളർച്ചയിലും കോട്ടം തട്ടാതെയും ഭാവഭേദം വരുത്താതെയും ബഥനിയെ ഒന്നാക്കിക്കൊണ്ട് ഒരു പൊതുഭരണസമിതിയുടെ കീഴിൽ രണ്ടു സ്വതന്ത്രപ്രോവിൻസുകളാക്കുകയായിരുന്നു 1956 ഓഗസ്റ്റ് 21 ന് ചെങ്ങന്നൂർ ബഥനി മഠത്തിൽ വച്ചു നടന്ന സംയുക്തസമ്മേളനത്തിന്റെ ലക്ഷ്യം എന്നും ചരിത്രാദ്ദ്യഭാഗം വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെ തിരുസ്സഭാമാതാവിന്റെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെട്ട 'ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹ'ത്തിന്റെ ശക്തിയാർന്ന ഒരു ശാഖപ്രൊവിൻസായിത്തീർന്ന 'തിരുവല്ല ബഥനി' യുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുകയായിരുന്നു 1956 ൽ!

www.malankaralibrary.com



## പ്രൊവിൻസിലെ ആദ്യത്തെ തിരഞ്ഞെടുപ്പ്

1956 ഓഗസ്റ്റ് 22 ന് ചെങ്ങന്നൂർ മഠത്തിൽ വച്ചുതന്നെ വന്ദ്യനായ പ്രാസിഡ് സി. എം. ഐ. അച്ചന്റെ അദ്ധ്യക്ഷതയിലും മദർ ജനറൽ മദർ മാക്സയുടെ സാന്നിദ്ധ്യത്തിലുമാണ് തിരഞ്ഞെടുപ്പു നടന്നത്. മദർ ഹൂബ പ്രൊവിൻഷ്യൽ സുപ്പീര്യറായും മദർ വെറോനിക്ക, മദർ ദബഹ എന്നിവർ യഥാക്രമം ഒന്നും രണ്ടും കൗൺസിലേഴ്സായും സിസ്റ്റർ തെയോഫിൻ പ്രൊക്കുറേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു. മദർ ദബഹ സെക്രട്ടറി ജോലികൂടെ ചെയ്യാനും തീരുമാനമുണ്ടായി. തുടർന്നുള്ള ഓരോ മൂന്നു വർഷത്തിലും പ്രൊവിൻഷ്യൽ ചാപ്റ്ററും തിരഞ്ഞെടുപ്പും നടന്നിരുന്നു. ഇതഃപര്യന്തമുള്ള തിരഞ്ഞെടുപ്പിന്റെ ലിസ്റ്റ് അന്യഥാ ചേർക്കുന്നു.

സംയുക്ത സമ്മേളനത്തിലെ തീരുമാനമനുസരിച്ച് ആദ്യത്തെ ജനറലേറ്റ് തിരുവല്ലയിലായിരുന്നു. ബഥനിയുടെ ആരംഭകാല കെട്ടിടമായിരുന്നു ജനറലേറ്റായി 1975 ൽ കോട്ടയത്ത് ജനറലേറ്റ് ആരംഭിക്കുംവരെയും ഉപയോഗിച്ചത്.

1956 ലെ ജനറൽ സിനാക്സിസ് തീരുമാനപ്രകാരം അർത്ഥിനീപരിശീലനവും തിരുവല്ലയിൽ നടക്കണമായിരുന്നു. എന്നാൽ ക്രമേണ അർത്ഥിനികളുടെ എണ്ണം വർദ്ധിക്കുന്നതിനാലും മറ്റു ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും അർത്ഥിനി (postulant) പരിശീലനം അതാതു പ്രൊവിൻസിൽ നടത്തുന്നതാണ് നല്ലതും സൗകര്യവും എന്ന് 1962 ലെ ജനറൽ സിനാക്സിസ് തീരുമാനിച്ചു. അങ്ങനെ പരിശീലന ഘട്ടങ്ങളെല്ലാം തിരുവല്ലയുടേത് തിരുവല്ലയിൽ തന്നെ ആയിത്തീർന്നു.

ഇപ്പോഴത്തെ പരിശീലന ഘട്ടങ്ങളിൽ പ്രീനൊവിഷ്യേറ്റ് ജൂണിയേഴ്സ് (aspirants) തിരുവല്ലയിൽ പുഷ്പഗിരിക്കടുത്ത് ബഥനിയായിലും പ്രീനൊവിസസ് സീനിയേഴ്സും നോവിഷ്യേറ്റും തിരുമൂലപുരത്തുമാണ് നടക്കുന്നത്. തിരുവല്ല പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടക്കുന്ന പരിപാടികളിൽ പ്രധാനപ്പെട്ടവയാണ് വ്രതവാഗ്ദാനചടങ്ങുകൾ, സിസ്റ്റേഴ്സിന്റെ വർഷംതോറുമുള്ള കൂട്ടായ്മകൾ, സെമിനാറുകൾ, ക്ലാസ്സുകൾ, സുപ്പീരിയേഴ്സ് കോൺഫറൻസുകൾ, പ്രൊവിൻഷ്യൽ തലത്തിലുള്ള മീറ്റിംഗുകൾ, പേരന്റ്സ് ഡേ, ധ്യാനങ്ങൾ മുതലായവ.

പ്രൊവിൻസു നേരിട്ടു നടത്തുന്ന പ്രവർത്തനവേദികളും ശ്രദ്ധേയമാണ്. ബഥനിയുടെ ആരംഭകാലത്തു നടത്തിയിരുന്ന നല്ലിടയൻ സ്കൂൾ, തിരുമൂലവിലാസം എൽ. പി. സ്കൂളിനോടു സംയോജിപ്പിച്ച് ഇപ്പോഴും നടക്കുന്നു. പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന ഒരു ബോർഡിംഗുണ്ട്. ദളിത് കുട്ടി



കളെ അവിടെ സ്വീകരിച്ച് മറ്റു കുട്ടികളോടൊപ്പം വളരുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ മഠത്തോടനുബന്ധിച്ച് ഒരു ക്രഷ് (Day Care Centre) വിജയകരമായി നടത്തുന്നു. സ്ത്രീജനോദ്ധാരണഭാഗമായി ആദ്യകാലം മുതൽ നടത്തിയിരുന്ന തയ്യൽക്ലാസ്സ് ക്രമാനുഗതമായ വളർച്ചപ്രാപിച്ച് ഇന്ന് ഒരു ഗവൺമെന്റ് അംഗീകൃത സ്ഥാപനം (ഗേൾസ് ഇൻഡസ്ട്രിയൽ സ്കൂൾ) ആയി മാറിയിട്ടുണ്ട്. ഇവയ്ക്കു പുറമെ നഴ്സറിമുതൽ നാലാം ക്ലാസ്സ് വരെ ആയിട്ടുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ 'മാർ ദിയോസ്കോറോസ് മെമ്മോറിയൽ' എന്ന പേരിൽ നടത്തപ്പെടുന്നു.

1936 മുതൽ 1960 വരെയും തിരുവല്ല ബഥനിയുടെ സാരഥിയായിരുന്ന മദർ ഹൂബയും 1960 മുതൽ ഇന്നോളം ഓരോ ഗഡുക്കളിലായി പ്രൊവിൻഷ്യൽ സ്ഥാനംവഹിച്ച മദേഴ്സ്, അവരോടൊപ്പം സഹകരിച്ച കൗൺസിലേഴ്സ്, പ്രൊവിൻസിലുള്ള എല്ലാ സിസ്റ്റേഴ്സും ഇന്നു കാണുന്ന തിരുവല്ല പ്രൊവിൻസിന്റെ സമഗ്രവളർച്ചയുടെ പിന്നിൽ ആത്മാർത്ഥമായി പ്രവർത്തിച്ചവരും പ്രാർത്ഥിച്ചവരുമാണ്. ഇപ്പോഴത്തെ കെട്ടിട സമുച്ചയങ്ങൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ സെമിത്തേരി (ഉത്ഥാന്യോദ്യാനം) എന്നിവയെല്ലാം പ്രൊവിൻസിന്റെ വളർച്ച വിളിച്ചറിയിക്കുന്നു.

ബഥനിയുടെ ആദ്യഭവനമായിരുന്ന പഴയ പർണ്ണശാല, അതിനോടടുത്തുണ്ടായിരുന്ന ചാപ്പൽ എന്നിവ കാലപ്പഴക്കത്തിൽ പുതുക്കിപ്പണിയേണ്ടി വന്നു. 2000-ാമാണ്ടിൽ ബഥനിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ സെറീന കെട്ടിടം അതിന്റെ പഴമനിലനിറുത്തിക്കൊണ്ടുതന്നെ ബലവത്താക്കി പുതുക്കിപ്പണിയിക്കുകയായിരുന്നു. രണ്ടു നിലയിൽ പണി പൂർത്തിയാക്കിയ പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ കെട്ടിടം ഒരു ഭാഗം ഇന്ന് പ്രൊവിൻഷ്യൽ മന്ദിരമായി ഉപയോഗിക്കുന്നു. എന്നാൽ അന്ന് ബലിപീഠമായി ഉപയോഗിച്ചിരുന്ന സ്ഥലം ഹെറിറ്റേജ് റൂം (Heritage room) ആയി സൂക്ഷിച്ചിരിക്കയാണ്.

1956 നു മുമ്പും അതിനുശേഷവും പ്രൊവിൻഷ്യൽ ഹൗസിനു വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഓരോ കാലത്തും ആവശ്യാനുസരണം കെട്ടിടങ്ങൾക്കു മാറ്റം വരുത്തിയിട്ടുണ്ട്. ഇന്ന് തിരുമൂലപുരത്തു കാണുന്ന ചാപ്പൽ മൂന്നാം നിർമ്മിതിയാണ്. ഇപ്പോഴത്തെ ചാപ്പൽ നിർമ്മാണത്തിനു വേണ്ടി നേരത്തേ ആ സ്ഥാനത്തുണ്ടായിരുന്ന സന്ദർശനമന്ദിരം - മാർ ഈവാനിയോസ് പിതാവും മറ്റും ഉപയോഗിച്ചിരുന്നത് - അതേപടി മാറ്റി സ്ഥാപിച്ചിരിക്കുന്നതാണ് ഇന്നു കാണുന്ന 'ക്രിസ്താലയം' എന്ന പേരിലുള്ള കെട്ടിടം.

www.malankaralibrary.com



1962 ൽ മദർ ദബഹ പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന കാലങ്ങളിലാണ് ഇന്നു കാണുന്ന നൊവീഷ്യേറ്റു കെട്ടിടം ഇരുനിലയിൽ പൂർത്തിയായത്. കൂടാതെ ഇരുനിലയിൽ ഒരു സന്ദർശന മുറിയും ഇക്കാലത്തുണ്ടായതാണ്. സന്ദർശനമുറിയുടെ ഗ്രൗണ്ട് ഫ്ളോറിലാണ് ക്രഷ് (Creche) നടക്കുന്നത്. 1968 ൽ മദർ മക്രീന പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്നപ്പോൾ പണിയിച്ച ഇരുനില കെട്ടിടമാണ് ഇന്ന് ഭക്ഷണമുറി, ഉല്ലാസഹോൾ, ഓഫീസ്, സിസ്റ്റേഴ്സിനുള്ള സെല്ലുകൾ മുതലായവ. സിസ്റ്റേഴ്സിന്റെ താമസസൗകര്യം വിപുലപ്പെടുത്തുന്നതിനായി മദർ അനൻഷ്യേറ്റ പ്രൊവിൻഷ്യൽ സുപ്പീര്യർ ആയിരുന്ന കാലത്ത് 1980 നുശേഷം വിവിധ സെല്ലുകൾ ഉൾക്കൊള്ളിച്ച ഒരു ഇരുനില കെട്ടിടം നിർമ്മിക്കുകയുണ്ടായി. അതിന്റെ രണ്ടാം നിലയാണ് പ്രീനോവിസ്സസ്സ് സീനിയേഴ്സിനായി ഇന്നുപയോഗിക്കുന്നത്.

## ശാഖാമന്ദിരങ്ങൾ

**1. പിറവം ബഥനിമഠം (18-5-1942)**
ബഥനിമഠം, മൂവാറ്റുപുഴ - 686 664

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിൽ പിറവം എന്ന സ്ഥലത്താണ് ബഥനിയുടെ ഈ മഠം സ്ഥിതിചെയ്യുന്നത്. തിരുവല്ലരൂപതയുടെ 1940 ൽ സ്ഥാപിച്ച ഒരു ഹൈസ്കൂൾ ഇവിടെയുണ്ട്. യാക്കോബായ കുടുംബങ്ങൾ ധാരാളമുള്ള ഈ സ്ഥലത്ത് ഒരു മഠവും അതോടനുബന്ധിച്ച് പെൺകുട്ടികൾക്കായി ഒരു ബോർഡിംഗും ഉണ്ടായിരിക്കുന്നത് നല്ലതാണെന്ന് അഭിവന്ദ്യ സെവേറിയോസ് തിരുമേനി മദർ ഹുബായെ അറിയിക്കയും ആവശ്യപ്പെടുകയും ചെയ്തു. അതിൻപ്രകാരം മഠത്തിനും ബോർഡിംഗിനുംവേണ്ട കെട്ടിടങ്ങൾ നിർമിച്ചു. 1942 മെയ് മാസം 18 ന് സിസ്റ്റേഴ്സ് പിറവത്തെത്തി. അഭിവന്ദ്യ സെവേറിയോസ് പിതാവ്, അവിടെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ബ. ജോൺ കച്ചിറമറ്റം, ബ. ജയിക്കബ് തൈക്കാട്ടിൽ, അദ്ദേഹത്തിന്റെ പിതാവായിരുന്ന ബ. പൗലോസ് തൈക്കാട്ടിൽ എന്നീ അച്ചന്മാരുടെ സഹായത്തോടെ മഠം കൂദാശ നടത്തി സിസ്റ്റേഴ്സ് താമസമാരംഭിച്ചു. മദർ ത്രീസൂസ്, സിസ്റ്റർ മേരി, സിസ്റ്റർ ത്രേസ്യ എന്നിവരായിരുന്നു ആദ്യാംഗങ്ങൾ. അന്നുതന്നെ ബോർഡിംഗും ആരംഭിക്കുകയുണ്ടായി.

മഠത്തിൽനിന്ന് അല്പം അകലെയായി ആൺകുട്ടികൾക്കായി ഒരു ബോർഡിംഗ് ബ. അച്ചന്മാർ നടത്തിയിരുന്നു. ഇവിടെ കുട്ടികൾക്ക് ഭക്ഷണം നല്കിയിരുന്നത് മഠത്തിൽ നിന്നായിരുന്നു. 1950 ൽ സിസ്റ്റേഴ്സിനായി അവിടെ ഒരു എൽ. പി. സ്കൂൾ അനുവദിച്ചുകിട്ടി. അതുവരെയും സിസ്റ്റേഴ്സിനാവശ്യമായ സാമ്പത്തിക സഹായം വന്ദ്യപിതാവുതന്നെ നിർവഹിച്ചിരുന്നു.



എൽ. പി. സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ ഡോറത്തിയായിരുന്നു എന്നതും സ്മർത്തവ്യമാണ്. 1999 ൽ എൽ. പി. സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയുണ്ടായി. വളരെ ലളിതമായി ആരംഭം കുറിച്ച് ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്ന പ്രൈമറിസ്കൂൾ മൂവാറ്റുപുഴയിലെ ഉന്നത നിലവാരം പുലർത്തുന്ന ഒന്നാണ്. പിറവം ഇടവകയിലും അടുത്തുള്ള പെരുവ, ഓണക്കൂർ എന്നീ ഇടവകകളിലും സിസ്റ്റേഴ്സ് മിഷ്യൻ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഉത്സുകരാണ്. പിറവത്തുനിന്നും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട കളപ്പുരയ്ക്കൽ കുടുംബത്തിൽനിന്നും ആദ്യമായി തിരുമൂലമഠത്തിൽ അംഗത്വം സ്വീകരിച്ച് 1942 മെയ് 12 ന് ആദ്യ വ്രതവാഗ്ദാനം നടത്തി 'ആൻ' എന്ന സന്ന്യാസ നാമം സ്വീകരിച്ചയാളാണ് കളപ്പുരയ്ക്കൽ ഏലിയാമ്മ. 1957 നുശേഷം ബോർഡിംഗ് നിർത്തേണ്ടിവന്നെങ്കിലും പിറവം മഠവും സ്കൂളും നാട്ടുകാർക്ക് അത്താണിയാണ്.

**2. കുന്നംകുളം ബഥനിമഠം (15-1-1947)**
ബഥനിമഠം, കുന്നംകുളം തൃശൂർ - 680 503

തൃശൂർ ജില്ലയിൽപെട്ട കുന്നംകുളം ഒരു മലങ്കര യാക്കോബായ സെന്ററായിട്ടാണ് അറിയപ്പെടുന്നത്. 1930 ലെ ചരിത്രപ്രസിദ്ധമായ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭത്തിൽതന്നെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ കുന്നംകുളം സ്വദേശിയാണ്. ഇത് മലങ്കരകത്തോലിക്കാ സഭയ്ക്ക് വലിയ ഒരു പ്രചോദനവും കുന്നംകുളത്തിന് മലങ്കര കത്തോലിക്കാസഭാടിസ്ഥാനവുമായിരുന്നു. ഈ അടിസ്ഥാനത്തിൽ സഭയുടെ വളർച്ചയ്ക്കായി ബഥനിയുടെ ഒരു മന്ദിരവും സ്ഥാപനവും അവിടെ ഉണ്ടായിരിക്കേണ്ടതിന്റെ ഔചിത്യം മനസ്സിലാക്കിയ അഭിവന്ദ്യ സെവേറിയോസ് തിരുമേനി മദർ ഹൂബായുമായി ആലോചിച്ച് സിസ്റ്റേഴ്സിനു താമസിക്കുന്നതിനായി ഒരു ഇരുനിലകെട്ടിടം തയ്യാറാക്കി. 1947 ജനുവരി 15 ന് അഭിവന്ദ്യപിതാവു തിരുകുടുംബനാമത്തിൽ കെട്ടിടം കൂദാശ ചെയ്തു. അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ടു തിരുമേനി (തൃശൂർ ബിഷപ്പ്) മഠത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അന്നുതന്നെ സ്ഥലത്തെ ഒരു പ്രമുഖനായിരുന്ന ശ്രീ പി. സി. വറുഗീസും കുടുംബവും കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടത് ശുഭസൂചകമായിരുന്നു എന്നുതന്നെ പറയാം. ഇദ്ദേഹത്തിന്റെ രണ്ടുപെൺമക്കൾ ഇട്ട്യന്നവും ഇളച്ചിയമ്മുവും ബഥനി മഠാംഗങ്ങളായിത്തീർന്നു. അവരാണ് സിസ്റ്റർ മേരിദേവസഹായവും സിസ്റ്റർ സ്തനിസ്ലാവ്സും എന്നത് പ്രസ്താവ്യമാണ്.

www.malankaralibrary.com



മഠത്തോടു ചേർന്ന് ഒരു ഹൈസ്കൂളും അനുവദിച്ചുകിട്ടിയിരുന്നു. മഠത്തിന്റെ സുപ്പീര്യറായി സിസ്റ്റർ മക്രീനയും സ്കൂൾ ഹെഡ്മിസ്ട്രസ്സായി സിസ്റ്റർ ദബഹായുമാണ് നിയമിക്കപ്പെട്ടത്. കൂടാതെ സിസ്റ്റേഴ്സ് ദഖിയ, നുഹ്റ എന്നിവർ അംഗങ്ങളായും അയയ്ക്കപ്പെട്ടിരുന്നു. അധികം താമസിയാതെ അടുത്തുണ്ടായിരുന്ന ഒരു എയ്ഡഡ് പ്രൈമറി സ്കൂൾ വിലയ്ക്കുവാങ്ങാനും കഴിഞ്ഞു. സിസ്റ്റർ ദഖിയായാണ് പ്രൈമറിസ്കൂൾ ഹെഡ്മിസ്ട്രസ്സായി നിയമിക്കപ്പെട്ടത്. ഒരു ബോർഡിംഗ് ഹൗസിന്റെ ആവശ്യം അവിടെ അനിവാര്യമായി വന്നപ്പോൾ 1947 മുതൽ തന്നെ കുട്ടികളെ അവിടെ സ്കൂളിൽ താമസിപ്പിച്ചുകൊണ്ട് ആരംഭമിട്ടു. 1975 ലാണ് സാമാന്യം സൗകര്യങ്ങളോടുകൂടി ഒരു ബോർഡിംഗ് മന്ദിരം പണിപൂർത്തിയായത്.

ആരംഭംമുതൽ കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും വിജയശതമാനത്തിലും എല്ലാം നല്ല നിലവാരം പുലർത്തുന്ന ഹൈസ്കൂൾ കുന്നംകുളം ദേശത്തിന് അഭിമാനമാണ്. ചില വർഷങ്ങളിൽ നൂറുശതമാനം വിജയം നേടിയതുകൂടാതെ 1994 ൽ S.S.L.C. യ്ക്ക് മൂന്നാം റാങ്കു നേടിയ മിസ് അഞ്ജലി വർമ്മ സ്കൂളിന്റെ വിജയകിരീടത്തിൽ ഒരു പൊൻതൂവൽ കൂടിചാർത്തുകയായിരുന്നു. 1953 ൽ ഇവിടെ ഒരു ട്രെയിനിംഗ് സ്കൂൾ (T.T.C.) ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചു. ഉടൻ തന്നെ ഒരു ഇരുനിലകെട്ടിടം പണിപൂർത്തിയാക്കി 1953 ജൂൺ 17 ന് ട്രെയിനിംഗ് സ്കൂൾ ഉദ്ഘാടനം ചെയ്തു. ശ്രീ സി. സി. മാത്യു ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പാൾ.

ഓലക്കെട്ടിടമായിരുന്ന പ്രൈമറിസ്കൂൾ കെട്ടിടത്തിന് 1955 ഒക്ടോബർ 13 ന് ഉണ്ടായ അഗ്നിബാധ കുന്നംകുളംമഠം നേരിടേണ്ടിവന്ന ഒരു പ്രതിസന്ധിയായിരുന്നു. നിശ്ശേഷം നശിച്ചകെട്ടിടം പുതുക്കിപ്പണിയുംവരെയും മഠത്തിലും അടുത്തപള്ളിക്കെട്ടിടത്തിലുമായി ക്ലാസുകൾ നടത്തേണ്ടിവന്നു. 1960 ജൂൺ മാസമായപ്പോഴേക്കും പ്രൈമറി സ്കൂൾ പുതിയ കെട്ടിടത്തിലേക്കു മാറ്റാൻ കഴിഞ്ഞു. 1960 ൽ തന്നെ മഠത്തിന്റെ കെട്ടിടം ഇരുനിലയാക്കി. 1970 ൽ ചാപ്പൽ ഇരുനിലയാക്കി രണ്ടാംനിലയിൽ സിസ്റ്റേഴ്സിനു കൂടുതൽ സെല്ലുകളുണ്ടാക്കി. 1972 ൽ മഠം, സ്കൂൾ എന്നിവയുടെ സിൽവർ ജൂബിലി ആഘോഷിച്ചു. ജൂബിലി സ്മാരകമായി പ്രൈമറിസ്കൂൾ ഗ്രൗണ്ടിൽ ഒരു ഓപ്പണെയാർസ്റ്റേജും നഴ്സറിസ്കൂൾ കെട്ടിടവും നിർമ്മിച്ചു. 1972 ൽ തന്നെ നഴ്സറിസ്കൂൾ ആരംഭിക്കുകയുണ്ടായി.

എൽ. പി. സ്കൂളിനോടു ചേർന്നു കിടന്നിരുന്ന സ്ഥലവും കെട്ടിടവും വിലയ്ക്കുവാങ്ങി അവിടെ ഒരു വർക്കിംഗ് വിമൻ (Working women) ഹോസ്റ്റൽ ആരംഭിച്ചു. 1992 ജൂൺ 6 ന് ബ. തോമസ് നീലംപിലാലിൽ അച്ചനാണ്



അതിന്റെ കൂദാശ നടത്തി ഹോസ്റ്റൽ ഉദ്ഘാടനം ചെയ്തത്. സിസ്റ്റേഴ്സ് മേരി ശലോമും ആനിയുമായിരുന്നു ആദ്യചുമതലക്കാർ. ഇപ്പോൾ റ്റീച്ചേഴ്സും പോളിടെക്നിക്ക് വിദ്യാർത്ഥിനികളുമായി 40-ഓളം പേർ അവിടെ താമസിക്കുന്നു. 1997-98 ൽ മഠം, ഹൈസ്കൂൾ ഇവയുടെ സുവർണ്ണ ജൂബിലിഘോഷിച്ചു. ജൂബിലിസ്മാരകമായി ഹൈസ്കൂളിന് കുറെക്കൂടെ സൗകര്യമുണ്ടാക്കാനായി അദ്ധ്യാപകരക്ഷാകർതൃസമിതിയുടെ സഹായത്തോടെ ഒരു രണ്ടുനിലകെട്ടിടം പണിപൂർത്തിയാക്കി. 2000-ാമാണ്ടിൽ മഠത്തിന്റെ അടുക്കള, ഭക്ഷണമുറി ഭാഗങ്ങൾ മേൽക്കൂരമാറ്റി വാർത്ത് കൂടുതൽ സുരക്ഷിതമാക്കി.

സിസ്റ്റേഴ്സ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാത്രമല്ല അടുത്തുള്ള ഇടവകകളിൽ മിഷ്യൻപ്രവർത്തനങ്ങളും സജീവമായി നിർവഹിക്കുന്നു. കൂടാതെ ഭവന സന്ദർശനം, രോഗീസന്ദർശനം ഇവയ്ക്കൊക്കെയും സമയം കണ്ടെത്തുന്നു.

**3. ചെങ്ങരൂർ ബഥനി മഠം (26-5-1953)**
ചെങ്ങരൂർ, കുന്നന്താനം, പി.ഒ., മല്ലപ്പള്ളി - 689 594

പത്തനംതിട്ട ജില്ലയിൽ കുന്നംതാനത്ത് ചെങ്ങരൂർ എന്ന സ്ഥലത്താണ് ബഥനിമഠം സ്ഥിതിചെയ്യുന്നത്. പുനരൈക്യപ്രസ്ഥാനത്തിന്റെ ഒരു ശക്തിസ്രോതസ്സാണ് ചെങ്ങരൂർ എന്നു പറയുന്നതിൽ അതിശയോക്തിയില്ല. വളരെ പെട്ടെന്നാണ് മലങ്കര കത്തോലിക്കാസഭയ്ക്ക് ചെങ്ങരൂരിൽ ഒരു ഇടവക സ്ഥാപിതമായത്. അവിടെ മഠവും ഹൈസ്കൂളും സ്ഥാപിതമാവുകയെന്നത് സഭയുടെയും ദൈവജനത്തിന്റെയും വളർച്ചയ്ക്ക് അത്യാവശ്യമെന്ന് അഭിവന്ദ്യ മാർ സെവേറിയോസ് തിരുമേനി മനസ്സിലാക്കി. ആദ്യം തന്നെ ഹൈസ്കൂളിനുള്ള അനുവാദം ലഭ്യമാക്കി. വന്ദ്യപിതാവിന്റെ നിർദ്ദേശാനുസാരം മദർ ഹൂബയും അതീവ താല്പര്യത്തോടെ അവിടേക്ക് സിസ്റ്റേഴ്സിനെ അയയ്ക്കാൻ തീരുമാനിച്ചു. അവിടെ മഠത്തിന് കെട്ടിടമൊന്നും ഇല്ലായിരുന്നു.

എന്നാൽ സിസ്റ്റേഴ്സിന് താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇടവകക്കാർ തന്നെ ക്രമീകരിക്കുകയായിരുന്നു. ബഥനി ആശ്രമസ്ഥനായ ബ. ജയിക്കബ്, ഒ.ഐ.സി. അച്ചന്റെ ജ്യേഷ്ഠസഹോദരനും പുനരൈക്യ പ്രസ്ഥാനത്തിന്റെ ഉറ്റസ്നേഹിതനുമായ പെരുമ്പ്രാൽ തെപ്പറമ്പിൽ വീട്ടിൽ ശ്രീ പി.റ്റി. എബ്രഹാം (കൊച്ചുപാപ്പി) തന്റെ സ്വന്തം ഭവനം സിസ്റ്റേഴ്സിനു താമസിക്കാനായി ക്രമീകരിച്ചുകൊണ്ട് അടുത്തൊരു ഷെഡ്ഡുകെട്ടി അദ്ദേഹം കുടുംബസമേതം അവിടേക്കു മാറിത്താമസിച്ചു. ഔദാര്യവാനായ ഈ സഭാസ്നേഹിയുടെ സഹോദരിയാണ് സിസ്റ്റർ ഫിലോമിന എന്നതും അദ്ദേഹത്തിന്റെ മക്കളാണ് പിന്നീട് ബഥനിമഠാംഗങ്ങളായിത്തീർന്ന

www.malankaralibrary.com



സിസ്റ്റേഴ്സ് തൈബൂസ്, മരിയ ഗോരേറ്റി എന്നിവരും എന്നതും ശ്രദ്ധേയമാണ്. അങ്ങനെ ബഥനിമഠമായിത്തീർന്ന തൈപ്പറമ്പിൽ വീട്ടിലേക്ക് 1953 മെയ് മാസം 26 ന് തിരുവല്ലയിൽനിന്നും സിസ്റ്റർ റോസിന്റെ നേതൃത്വത്തിൽ സിസ്റ്റർ വിൻസന്റ്, സിസ്റ്റർ ആഗ്നസ്, സിസ്റ്റർ ക്ലാര, സിസ്റ്റർ അഗസ്റ്റിൻ, സിസ്റ്റർ നയോമി ഫ്രാൻസിസ് എന്നിവർ എത്തി താമസമാരംഭിച്ചു.

ഇതിനകം മഠത്തിനും സ്കൂളിനുമുള്ള കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിക്കൊണ്ടിരുന്നു. കെട്ടിടനിർമ്മാണത്തിന് നേതൃത്വം നല്കുന്നതിന് നിയുക്തനായത് ചെങ്ങരൂർ സ്വദേശിതന്നെയായ ബ. വലിയകണ്ടത്തിലച്ചൻ ചെറിയാൻ പവ്വത്തിക്കുന്നേൽ ആയിരുന്നു.

1953 ജൂൺ 1 ന് സ്കൂൾ കെട്ടിടം പണിപൂർത്തിയായി അഭിവന്ദ്യ സെവേറിയോസ് തിരുമേനി അതിന്റെ കൂദാശാകർമ്മം നിർവഹിച്ചു. അന്നുതന്നെ സ്കൂളിന്റെ യു. പി. സെക്ഷൻ 5-ാം ക്ലാസ്സും ഹൈസ്കൂൾ സെക്ഷൻ 8-ാം ക്ലാസ്സും പ്രവർത്തനമാരംഭിച്ചു. സ്കൂളിന്റെ പ്രഥമ പ്രധാനാദ്ധ്യാപികയായി സിസ്റ്റർ റോസിനെയാണു നിയമിച്ചത്. 1953 നവംബർ ആയപ്പോഴേക്കും മഠത്തിന്റെ കെട്ടിടവും പണിപൂർത്തിയായി. 1-ാം തീയതി അഭിവന്ദ്യ പിതാവു തന്നെ കൂദാശ നടത്തി. അങ്ങനെ ആറുമാസം നീണ്ടുനിന്ന പെരുമ്പ്രാൽ ഭവനവാസത്തിനുശേഷം സിസ്റ്റേഴ്സ് മഠത്തിന്റെ പുതിയ കെട്ടിടത്തിലേക്ക് താമസം മാറ്റി.

പ്രതീക്ഷയിൽ കവിഞ്ഞ വളർച്ചയിലേക്കു നീങ്ങിക്കൊണ്ടിരുന്ന ചെങ്ങരൂർ മഠവും സ്കൂളും 1954 മാർച്ചു 18 ന് നടന്ന ഒരു വലിയ അത്യാഹിതത്തിന് സാക്ഷിനില്ക്കേണ്ടിവന്നു എന്നത് ചെങ്ങരൂർ ബഥനിമഠത്തിന്റെ ചരിത്രത്തിന് മായാത്ത ദുഃഖമുദ്രയാണ്. അഭിവന്ദ്യ ജോസഫ് മാർ സെവേറിയോസ് തിരുമേനിയുടെ നാമഹേതുക വിശുദ്ധന്റെ തിരുനാൾ 18-ാം തീയതി ഘോഷിക്കുകയായിരുന്നു. ആഘോഷങ്ങളെല്ലാം കഴിഞ്ഞ് വന്ദ്യപിതാവും മറ്റ് അതിഥികളും പോയിക്കഴിഞ്ഞു. സമയം ഏതാണ്ട് നാലുമണിയോടടുത്തു. പെട്ടെന്നാണ് അന്തരീക്ഷം കറുത്തിരുണ്ടത്. സിസ്റ്റേഴ്സ് നയോമി ഫ്രാൻസിസും ക്ലാരയും ചാപ്പലിലെത്തി പ്രാർത്ഥനാനിരതരായി. ശക്തമായ കാറ്റിന്റെയും മഴയുടെയും തുടർച്ചയെന്നവണ്ണം അതിശക്തമായ മിന്നലും ഇടിയും. മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചിരുന്ന സിസ്റ്റർ നയോമി ഫ്രാൻസിസും കതകടയ്ക്കുന്നതിന് എഴുന്നേറ്റ സിസ്റ്റർ ക്ലാരയും ഭയങ്കരമായ ഒരു ഇടിയുടെ ആഘാതത്തിൽ നിലംപൊത്തി. ഭയചകിതരായ മറ്റു സിസ്റ്റേഴ്സ് നിശ്ചലരായെങ്കിലും പരസ്പരം അന്വേഷിച്ചു. ചാപ്പലിൽ അന്വേഷിച്ചെത്തിയവർ വീണുകിടക്കുന്നവരെയാണ് കണ്ടത്. ഇതിനകം ഇടിയുടെ താണ്ഡവം നിലച്ചിരുന്നു. സിസ്റ്റർ നയോമി ഫ്രാൻസിസ് മരണത്തിന്റെ നിശ്ചലതയിലെത്തിയെന്നു മനസ്സിലായി. സുഹൃത്തുക്കളും നാട്ടുകാരും ഓടിയെത്തി വേണ്ട സഹായങ്ങളെല്ലാം ചെയ്തു. ചലനമറ്റ് കർതൃസന്നിധിയിൽ കിടന്നിരുന്ന സിസ്റ്റർ നയോമിയുടെ മൃതശരീരം ആ രാത്രിതന്നെ തിരുമൂല മഠത്തിലേക്കു കൊണ്ടുപോയി. 1954 മാർച്ച് 19 ന് തിരുമൂലപുരത്ത് സിസ്റ്റേഴ്സിനു വേണ്ടിയുള്ള സെമിത്തേരിയിൽ തയ്യാർ ചെയ്തിരുന്ന പ്രത്യേക കല്ലറയിൽ സംസ്കരിച്ചു. അഭിവന്ദ്യ ജോസഫ് മാർ സെവേറിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടന്ന സംസ്കാരശുശ്രൂഷയിൽ വലിയൊരു ജനാവലി സംബന്ധിച്ചിരുന്നു. ചെങ്ങരൂർ മഠം മൂന്നു മാസത്തോളം പ്രവർത്തനരഹിതമായിരുന്നെങ്കിലും ജൂൺ 7 ന് സ്കൂൾ തുറന്നതോടുകൂടി സിസ്റ്റർ ജോസഫിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് തിരികെ മഠത്തിലെത്തി പ്രവർത്തനം തുടർന്നു.



1955 ജനുവരി 18 ന് അഭിവന്ദ്യ സെവേറിയോസ് തിരുമേനിയുടെ ആകസ്മിക മരണം ബഥനിക്ക്, പ്രത്യേകിച്ച് ചെങ്ങരൂർ മഠത്തിന് മറ്റൊരു ആഘാതമായിരുന്നു. തിരുമേനിയുടെ ശക്തവും സ്നേഹമസൃണവുമായ നേതൃത്വം നഷ്ടപ്പെട്ടത് ചെങ്ങരൂർ മഠത്തിനും സ്കൂളിനും താങ്ങാവുന്നതായിരുന്നില്ല. അതുപോലെ 1959 ജൂൺ 11 മുതൽ വിദ്യാഭ്യാസബില്ലിനെതിരെ ക്രൈസ്തവ സമൂഹം രാജ്യവ്യാപകമായി നടത്തിയ പ്രക്ഷോഭണകാലത്ത് സ്കൂൾ അടച്ചിടേണ്ടിവന്നു. ഈ കാലയളവിൽ മഠത്തിന്റെയും സ്കൂളിന്റെയും സംരക്ഷണ ചുമതല നിർവഹിച്ചത് ചെങ്ങരൂർ ഇടവകാംഗങ്ങളായിരുന്നു എന്നത് മറക്കാവതല്ല. 1959 ജൂലായ് മാസത്തിൽത്തന്നെ സ്കൂൾ പ്രവർത്തനമാരംഭിച്ചു.

1959 നവംബറിൽ അഭിവന്ദ്യ അത്താനാസിയോസ് തിരുമേനിയുടെ നിർദ്ദേശനമുസരിച്ച് ഒരു പുതിയ ചാപ്പലിനും നഴ്സറിസ്കൂളിനും പണിയാരംഭിച്ചു. 1960 ജൂൺ ഒന്നിന് പണിപൂർത്തിയായ നഴ്സറി സ്കൂളിന്റെയും 1960 ജൂലായ് 23 ന് പുതിയ ചാപ്പലിന്റെയും കൂദാശ അഭിവന്ദ്യ തിരുമേനിതന്നെ നടത്തി. ഇതിനിടെ 1961 ഏപ്രിൽ 18 ന് വീണ്ടും വൈദ്യുതാഘാതം ഉണ്ടായെങ്കിലും അപകടമൊന്നുമുണ്ടായില്ല. എന്നാലും തുടർച്ചയായ ഇടിയും മിന്നലും കാരണം ഒരാഴ്ചത്തേക്ക് സിസ്റ്റേഴ്സ് തിരുമൂലമഠത്തിലേക്കു പോവുകയും ചെങ്ങരൂർ കെട്ടിടങ്ങൾക്കെല്ലാം കാന്തം വച്ച് സുരക്ഷിതമാക്കി സിസ്റ്റേഴ്സ് തിരിച്ചെത്തുകയുമായിരുന്നു.

1964 ൽ അന്ന് ചെങ്ങരൂരിൽ ഹെഡ്മിസ്ട്രസ്സായിരുന്ന സിസ്റ്റർ മേരി ജത്രൂദിന് സ്റ്റേറ്റ് അവാർഡു ലഭിച്ചതും 1965 ൽ യു. പി. സെക്ഷൻ 5-ാം ക്ലാസ്സിന് പാരലൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചതും നൂറു ശതമാനം വിജയത്തോടുകൂടി

www.malankaralibrary.com



1986 ൽ പത്തനംതിട്ട ജില്ലയിലെ ബസ്റ്റ് സ്കൂൾ എന്ന ബഹുമതി നേടിയതും പ്രത്യേകം പ്രസ്താവ്യമാണ്. 1989 ൽ പൗരസ്ത്യഭാഷ (ഹിന്ദി) അധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡ് സിസ്റ്റർ അനീറ്റയ്ക്കു ലഭിച്ചതും സ്കൂളിന്റെ സമഗ്രവളർച്ചയ്ക്ക് മാറ്റു കൂട്ടുന്നു. 1978 ൽ മഠത്തിന്റെയും സ്കൂളിന്റെയും രജതജൂബിലിയാഘോഷിക്കുകയുണ്ടായി. ജൂബിലി സ്മാരകമായി നിർമ്മിക്കപ്പെട്ട ഓപ്പണെയർ സ്റ്റേജ് സ്കൂൾ ബസ്സ് ക്രമീകരണം, മഠം കെട്ടിടത്തിന്റെ പുതുക്കിപ്പണി, ബയോഗ്യാസ് സിസ്റ്റം – എല്ലാമെല്ലാം മഠത്തിന്റെയും സ്ഥാപനങ്ങളുടെയും വളർച്ചയാണ് പ്രകടമാക്കുന്നത്.

തിരുവല്ല രൂപതയ്ക്ക് 1995 ൽ B.Ed. കോളജിന് അനുവാദം ലഭിച്ചപ്പോൾ 1996 ൽ കോളജിനു കെട്ടിടം പൂർത്തിയാകുംവരേയ്ക്കും ചെങ്ങരൂർ സ്കൂൾ കെട്ടിടത്തിലാണ് ക്ലാസ്സുകൾ നടത്തിയിരുന്നത്. 1998 ൽ പ്ലസ് ടു (+2) വിന് അനുവാദം ലഭിച്ചു എന്നു മാത്രമല്ല, പത്തനംതിട്ട ജില്ലയിലെ ബസ്റ്റ് പ്ലസ് ടു (Best +2)വിനുള്ള KPSHA അവാർഡ് ഹെഡ്മിസ്ട്രസ്സായിരുന്ന സിസ്റ്റർ ജിയോവാനിക്കു ലഭിച്ചതും 1998 മാർച്ചിലെ S.S.L.C. പരീക്ഷയിൽ ഒൻപതും പത്തും റാങ്കുകൾ നേടിയതും 2000-ാമാണ്ടിലെ സംസ്ഥാനയുവജനോത്സവത്തിലും 2002 ലെ +2 സംസ്ഥാനകലോത്സവത്തിലും ചെങ്ങരൂർ സ്കൂളിലെ വിദ്യാർത്ഥിനി അഞ്ജലി കൃഷ്ണനായിരുന്നു കലാതിലകപട്ടം ലഭിച്ചതെന്നുള്ളതും സ്കൂളിന് അഭിമാനഹേതുകമായിരുന്നു.

ചെങ്ങരൂരിൽ നേരത്തെയുണ്ടായിരുന്ന ഓഡിറ്റോറിയം അപര്യാപ്തമായതിനാൽ അതു പൊളിച്ചുമാറ്റി കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഓഡിറ്റോറിയം ഇരുനിലകെട്ടിടമായി നിർമ്മിക്കുകയുണ്ടായി. ഇതിന്റെ ഒരു ഭാഗം +2 കുട്ടികൾക്കുള്ള ബോർഡിംഗ് ഹൗസായും ക്രമീകരിച്ചു. 2000 ഫെബ്രുവരി 4 ന് അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി ഇതിന്റെ കൂദാശാകർമം നടത്തി.

വിദ്യാഭ്യാസകാര്യങ്ങളിൽ മാത്രമല്ല, ചെങ്ങരൂരും അടുത്ത ഇടവകകളിലും സിസ്റ്റേഴ്സ് മാതൃസമാജം, മതബോധനം, പ്രാർത്ഥനായോഗങ്ങൾ എന്നിവ സജീവമായി നടത്തുന്നതിനും ഭവനസന്ദർശനം നടത്തുന്നതിനും സമയം കണ്ടെത്തുന്നു.

**4. അഞ്ചൽപ്പെട്ടി ബഥനിമഠം (2-2-1956)**
അഞ്ചൽപെട്ടി, പി.ഒ., മൂവാറ്റുപുഴ – 686 667

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിലുള്ള അഞ്ചൽപെട്ടിയെന്ന സ്ഥലത്താണ് ബഥനിയുടെ ഈ മഠം സ്ഥിതിചെയ്യുന്നത്. അഞ്ചൽപെട്ടിയിൽ മലങ്കര കത്തോലിക്കാ സഭയുടെ അടിസ്ഥാനശിലകളായിരുന്നു പുനരൈക്യ



പ്പെട്ട ബ. ഏബ്രഹാം കോനാട്ടച്ചനും അദ്ദേഹത്തിന്റെ മരുമകൻ ബ. സഖറിയാസ് കുമ്പളക്കുന്നേലച്ചനും. അഭിവന്ദ്യ ജോസഫ് മാർ സെവേറിയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം ബ. കുമ്പളക്കുന്നേലച്ചൻ 1952 ൽ അവിടെ ഒരു എൽ. പി. സ്കൂളിനുള്ള അനുവാദം വാങ്ങി. സ്കൂൾ നടത്തിപ്പ് സിസ്റ്റേഴ്സിനെ ഏല്പിക്കണമെന്ന തിരുമേനിയുടെ ആഗ്രഹം മദർ ഹൂബയെ ഉത്സാഹഭരിതയാക്കി. 1952 ജൂൺ 11 ന് മദർ, സിസ്റ്റർ മേരിയെയും സിസ്റ്റർ ദഖിയായെയും അവിടേയ്ക്കു നിയോഗിച്ചു. അഞ്ചൽപെട്ടിയിൽ മഠത്തിനോ സ്കൂളിനോ കെട്ടിടമുണ്ടായിരുന്നില്ല. തന്മൂലം പള്ളിവകസ്ഥലത്ത് പ്രവർത്തനമില്ലാതെ ഒഴിഞ്ഞുകിടന്ന ഒരു നെയ്ത്തുശാല ക്രമീകരിച്ച് തത്ക്കാലക്ലാസ്സ്മുറികളാക്കി. സിസ്റ്റേഴ്സ് പിറവം മഠത്തിൽ താമസിച്ചുകൊണ്ട് അഞ്ചൽപെട്ടിയിൽ വന്ന് ക്ലാസ്സുകൾ ആരംഭിച്ചു.

ഇതിനകം ബ. അച്ചന്മാരുടെ സഹായത്തോടെ മഠത്തിനും സ്കൂളിനും വേണ്ട സ്ഥലം വാങ്ങി പണിയാരംഭിച്ചിരുന്നു. വിവിധ മതസ്ഥരായ നാട്ടുകാരുടെ സമ്പൂർണ്ണ സഹകരണത്തോടും ശ്രമദാനത്തോടും കൂടിയാണ് സ്കൂളിനാവശ്യമായ ഗ്രൗണ്ട് നിർമ്മിച്ചത്. 1956 ഫെബ്രുവരി 2 ന് മായൽത്തോദിനത്തിൽ കെട്ടിടങ്ങൾ കൂദാശ നടത്തി, സിസ്റ്റേഴ്സ് മഠത്തിൽ താമസം ആരംഭിച്ചു. ബ. മാത്യു നെടുങ്ങാട്ടച്ചനാണ് മഠത്തിന്റെ കൂദാശകർമം നിർവഹിച്ചത്. സിസ്റ്റർ മേരി സുപ്പീര്യറും സിസ്റ്റർ ദഖിയ പ്രഥമാദ്ധ്യാപികയും സിസ്റ്റർ പൗളിൻ, സിസ്റ്റർ കാർമൽ, സിസ്റ്റർ തൈബൂസ് എന്നിവർ അദ്ധ്യാപികമാരായും നിയമിക്കപ്പെട്ടു. 1957 ൽ സ്കൂളിനായി കുറെ സ്ഥലം കൂടെ വാങ്ങി, 1964 ജൂൺ ഒന്നുമുതൽ നഴ്സറിസ്കൂളും ബോർഡിംഗ് ഹൗസും ആരംഭിച്ചു. 1981 ൽ എൽ. പി. അപ്ഗ്രേഡ് ചെയ്യുന്നതിന് അനുവാദം ലഭിച്ചതിനാൽ ജൂൺ ഒന്നിനു തന്നെ യു. പി. സെക്ഷൻ ആരംഭിച്ചു. കൂടാതെ ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. യും കാര്യക്ഷമമായി ഇവിടെ നടത്തുന്നുണ്ട്. മനോഹരമായ ഓപ്പൺ എയർ സ്റ്റേജ് വലിയ ഒരാകർഷണമാണ്. 2002 മാർച്ച് 15 ന് സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയുണ്ടായി. ജൂബിലി സ്മാരകമായി ഒരു കമ്പ്യൂട്ടർ സെന്ററും ആരംഭിച്ചിട്ടുണ്ട്.

അഞ്ചൽപെട്ടി ഇടവകയിലും സമീപ ഇടവകകളിലും സിസ്റ്റേഴ്സ് മിഷ്യൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അടിസ്ഥാനത്തിൽ സെമിനാറുകൾ, കോഴ്സുകൾ, ക്ലാസ്സുകൾ എല്ലാം ഇവിടെവച്ചാണ് നടത്താറുള്ളത്.

www.malankaralibrary.com



**5. പുഷ്പഗിരി ബഥനിമഠം (15-8-1959)**
പുഷ്പഗിരി, പി.ഒ., തിരുവല്ല - 689 101

പത്തനംതിട്ട ജില്ലയിൽ തിരുവല്ലയിൽ പുഷ്പഗിരി ആശുപത്രിയോടനുബന്ധിച്ചാണ് പുഷ്പഗിരി ബഥനിമഠം. തിരുവല്ല അരമന വകയായിരുന്ന 'ചെറുപുഷ്പഗിരി' യിൽ ഒരു ആതുരാലയം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയതും ആരംഭം കുറിച്ചതും അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനിയാണ്. ആരംഭത്തിൽ ചുരുക്കം കിടക്കകളുള്ള ഒരു വാർഡുമാത്രമായിരുന്നു. രോഗികളെ പരിചരിക്കുന്നതിന് ആദ്യംതന്നെ സിസ്റ്റേഴ്സിനെ നിയോഗിച്ചതും തിരുമേനിയാണ്. 1959 ഓഗസ്റ്റ് 15 ന് ചെറുപുഷ്പഗിരി പഴയ അരമന കെട്ടിടത്തിലാണ് സിസ്റ്റേഴ്സ് താമസമാരംഭിച്ചത്. സിസ്റ്റർ ജോസഫീൻ (അഭിവന്ദ്യ അത്തനാസ്യോസ് തിരുമേനിയുടെ സഹോദരി) ആദ്യത്തെ സുപ്പീര്യറും സിസ്റ്റേഴ്സ് അലോഷ്യസ്, ജസീന്ത എന്നിവർ അംഗങ്ങളുമായിരുന്നു. ഹോസ്പിറ്റൽ സേവനത്തിനായി മൂന്നംഗങ്ങളുമായി ആരംഭിച്ച മഠത്തിൽ ഇന്ന് 23 സിസ്റ്റേഴ്സ് താമസിച്ച് സേവനമനുഷ്ഠിക്കുന്നു.

പുഷ്പഗിരി ആരംഭിച്ച് ഏതാണ്ട് 9 വർഷം പിന്നിട്ടപ്പോൾ നഴ്സിംഗ് സ്കൂളിന് ഗവ. അനുവാദം ലഭിച്ചു. 1968 ൽ A.N.M. കോഴ്സ് ആരംഭിച്ചു. അടുത്തവർഷംതന്നെ ജനറൽ നഴ്സിംഗും തുടങ്ങി. സിസ്റ്റർ റീത്ത മേരിയാണ് നഴ്സിംഗ് സൂപ്രണ്ടായി ആരംഭം മുതൽ നിയമിക്കപ്പെട്ടത്. നഴ്സിംഗ് സ്കൂളിന്റെ പ്രിൻസിപ്പാളായി സിസ്റ്റർ ലൂസിയും നിയമിതയായി. ആശുപത്രിയുടെ സുപ്രധാന വിഭാഗങ്ങളെല്ലാംതന്നെ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലായിരുന്നു. ആശുപത്രിയുടെ വിവിധ തസ്തികകളിൽ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാകുന്നതിനുവേണ്ടി ഹോളണ്ട്, ജർമ്മനി, അയർലാൻഡ് മുതലായ വിദേശരാജ്യങ്ങളിലേക്കും ഗുണ്ടൂർ, മംഗലാപുരം, ചണ്ഡിഗർ, വെല്ലൂർ, മണിപ്പാൽ മുതലായ സ്ഥലങ്ങളിലേക്കും ഉപരിപഠനത്തിനായി സിസ്റ്റേഴ്സിനെ അയയ്ക്കുകയും സ്തുത്യർഹമായ വിജയം വരിച്ച് അവർ തിരിച്ചെത്തുകയും ചെയ്തിട്ടുണ്ട്. സിസ്റ്റർ സ്കൊളാസ്റ്റിക്ക (ഡോക്ടർ), സിസ്റ്റർ ബർക്കുമാൻസ്, സിസ്റ്റർ ലൂസി, സിസ്റ്റർ ലയോ, സിസ്റ്റർ ജസീന്ത, സിസ്റ്റർ ജനവീവ്, സിസ്റ്റർ പേഷ്യൻസ്, സിസ്റ്റർ ലാളിത്യ തുടങ്ങിയവർ ഇക്കൂട്ടത്തിൽപെടുന്നവരാണ്.

മഠത്തിന്റെ ഇപ്പോഴത്തെ കെട്ടിടം ഹോസ്പിറ്റൽ ക്വാർട്ടേഴ്സായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇവിടെ അംഗങ്ങളായിരിക്കുന്ന സിസ്റ്റേഴ്സ് ആശുപത്രിസേവനമാണ് മുഖ്യമായും ചെയ്യുന്നതെങ്കിലും മതബോധനം



മഹിളാസമാജം, ഭവനസന്ദർശനങ്ങൾ, ഫാമിലി കൗൺസിലിംഗ് മുതലായ പ്രവർത്തനങ്ങൾക്കും സിസ്റ്റേഴ്സ് സമയം കണ്ടെത്തുന്നു. വളരെ എളിയ തോതിൽ ആരംഭമിട്ട് ഇന്നത്തെ നിലയിൽ ഒരു മെഡിക്കൽ കോളജ് പദവിയിൽ എത്തിച്ചേർന്നിരിക്കുന്ന പുഷ്പഗിരിയുടെ വളർച്ചയുടെ പിന്നിൽ ബഥനി സിസ്റ്റേഴ്സിന് വലിയ പങ്കുണ്ട്.

**6. മാന്നാർ ബഥനിമഠം (3-6-1961)**
കടപ്ര - മാന്നാർ പി.ഒ., പത്തനംതിട്ട - 689 630

പത്തനംതിട്ട ജില്ലയിൽ മാന്നാർ എന്ന സ്ഥലത്ത് നിരണം പള്ളി (മാർത്തോമ്മശ്ലീഹ നിർമ്മിച്ച ദേവാലയം) ക്കു സമീപത്താണ് മാന്നാർ ബഥനി മഠം സ്ഥിതിചെയ്യുന്നത്. പുനരൈക്യപരിശ്രമങ്ങൾക്കും സഭയുടെ വളർച്ചയ്ക്കും ഇവിടെ ഒരു മഠം ആവശ്യമെന്നുകണ്ട് ഇതിനു മുൻകൈയെടുത്ത് വേണ്ട സഹായങ്ങൾ ചെയ്തത് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടിരുന്ന മാന്നാർ സ്വദേശി ബ. കരുവേലിൽ അച്ചനാണ്. ബ. അച്ചന്റെ ആഗ്രഹമനുസരിച്ച് അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ദബഹ സിസ്റ്റേഴ്സിനെ അവിടേക്ക് അയയ്ക്കാൻ തീരുമാനിച്ചു.

1961 ൽ മഠത്തിനായി അവിടെ സ്ഥലംവാങ്ങിയെങ്കിലും കെട്ടിടം പണി നടന്നില്ല. തന്മൂലം പള്ളിക്കെട്ടിടത്തിൽ താമസിച്ച് മിഷ്യൻ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങളും അനുവാദവും അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി നല്കുകയുണ്ടായി. സിസ്റ്റർ ലീമായുടെ നേതൃത്വത്തിലാണ് സിസ്റ്റേഴ്സ് അവിടെ മിഷ്യൻ പ്രവർത്തനം ആരംഭിച്ചത്.

സിസ്റ്റേഴ്സ് രണ്ടുപേർ മോഴശ്ശേരി എൽ. പി.സ്കൂളിൽ (രൂപത വക) പഠിപ്പിച്ചിരുന്നു. മൂന്നു വർഷമായിട്ടും മഠം പണി നടക്കാത്തതിനാൽ സ്കൂളിനടുത്ത് ഒരു ഷെഡ്ഡുണ്ടാക്കി സിസ്റ്റേഴ്സ് അതിൽ താമസിച്ചു. രാത്രി അവർ ക്ലാസ്സ് മുറിയിൽ ഉറങ്ങിയിരുന്നു. 1964 ൽ മാന്നാറിൽ ഒരു യു. പി. സ്കൂൾ തുടങ്ങുന്നതിനുള്ള ഗവ. അനുവാദം ലഭ്യമായി. 1965 സെപ്റ്റംബർ 21 ന് മഠത്തിനും സ്കൂളിനുമുള്ള കെട്ടിടം പൂർത്തിയായി. അഭിവന്ദ്യ അത്തനാസ്യോസ് തിരുമേനി കൂദാശ നടത്തി. സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിക്കുകയും മാർ സെവേറിയോസ് മെമ്മോറിയൽ യു. പി. സ്കൂൾ എന്ന പേരിൽ സ്കൂൾ ആരംഭിക്കുകയും ചെയ്തു. ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ മേരി ലൂയിസ് ആയിരുന്നു. 1966 ൽ യു. പി. സ്കൂളിന്റെ 7-ാം സ്റ്റാൻഡേർഡ് വരെയായി. ധാരാളം കുട്ടികളുള്ള ഒരു നല്ല യു.പി. സ്കൂളായതിനാൽ ഒരു ഹൈസ്കൂളാക്കി മാറ്റുന്നതിന് ബ. വറുഗീസ് കിളിച്ചിമലയച്ചൻ പരിശ്രമിച്ചെങ്കിലും സാധിച്ചില്ല. 1994 ൽ ദളിത് കുട്ടികൾക്കായി ഇവിടെ ഒരു

www.malankaralibrary.com



ബോർഡിംഗ് ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി നിർദ്ദേശിച്ചതനുസരിച്ച് ആരംഭിച്ചു; ചെലവ് അഭിവന്ദ്യ പിതാവു വഹിക്കുന്നു. കൂടാതെ ഒരു നഴ്സറി സ്കൂളും ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളും 1994 ൽത്തന്നെ ആരംഭിക്കുകയുണ്ടായി. കുട്ടികൾക്ക് യാത്രാസൗകര്യത്തിനായി ഒരു ബസ്സും ഉണ്ട്. 1998 മുതൽ യു. പി. ക്ലാസ്സുകൾക്ക് സമാന്തരമായി ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും നടക്കുന്നുണ്ട്.

മതബോധനം, ബാലദീപം എന്നിവയിലൂടെയുള്ള മിഷ്യൻ പ്രവർത്തനങ്ങൾക്കുപുറമെ ഭവനസന്ദർശനംവഴിയുള്ള കുടുംബനവീകരണം ഒരു പ്രധാന പ്രേഷിതപ്രവർത്തനമായി സിസ്റ്റേഴ്സ് കരുതി അതിനു സമയം കണ്ടെത്തുന്നു.

**7. വെണ്ണിക്കുളം മഠം (15-6-1961)**

വെണ്ണിക്കുളം പി.ഒ., പത്തനംതിട്ട - 689 544

പത്തനംതിട്ട ജില്ലയിൽപെട്ട വെണ്ണിക്കുളം പുനരൈക്യപ്രസ്ഥാനവുമായി അഭേദ്യബന്ധമുള്ള ഒരു സ്ഥലമാണ്. സർവ്വസംഗപരിത്യാഗിയായി മുണ്ടൻമലയിറങ്ങിവന്ന ഋഷിവര്യനായ മാർ ഈവാനിയോസ് പിതാവിനും അനുഗാമികൾക്കും ആതിഥേയത്വം നൽകി ആദരിച്ച പുണ്യനാടാണ് വെണ്ണിക്കുളം. ഇവിടെ ബഥനിക്ക് ഒരു ആസ്ഥാനമുണ്ടാവുക ദൈവനിയോഗം തന്നെയാണ്.

വെണ്ണിക്കുളത്തെ ബഥനിമഠം ഇടവക വികാരിയായിരുന്ന ബ. ആൻഡ്രൂസ് പുതുപ്പറമ്പിലച്ചന്റെയും ഇടവക ജനങ്ങളുടെയും വലിയ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമാണ്. ബ. അച്ചൻ വെണ്ണിക്കുളത്ത് മേമല സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു. അവിടെ പഠിപ്പിക്കുന്നതിന് സിസ്റ്റേഴ്സിനെ അത്യാവശ്യമെന്ന് അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനിയെ ബോദ്ധ്യ പ്പെടുത്തുകയും അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ദബഹയെ പിതാവുവഴി അറിയിക്കുകയും ചെയ്തു. വന്ദ്യതിരുമേനിയുടെ നിർദ്ദേശാനുസാരം മദർ സിസ്റ്റേഴ് സിനെ അയയ്ക്കാൻ തീരുമാനിച്ചു.

മഠത്തിനുവേണ്ടി സ്ഥലം എഴുതിച്ചിരുന്നെങ്കിലും കെട്ടിടം ഉണ്ടായിരുന്നില്ല. തന്മൂലം ശ്രീ. മഞ്ഞളൂർ ബേബിയുടെ വീട് വാടകയ്ക്കെടുത്ത് 1961 ജൂൺ 15 ന് കൂദാശ നടത്തി സിസ്റ്റേഴ്സ് അവിടെ താമസമാരംഭിച്ചു. സിസ്റ്റർ എലിസബത്തും സിസ്റ്റർ സ്തനിസ്ലാവ്സും ആണ് ആദ്യാംഗങ്ങൾ. 1961 ജൂൺ 16 മുതൽ സിസ്റ്റേഴ്സ് അവർക്കായി ബ. അച്ചൻ നീക്കിവച്ചിരുന്ന രണ്ട് അദ്ധ്യാപകഒഴിവുകൾ ഉപയോഗിക്കുകയായിരുന്നു. ഇതിനകം അവിടെ പണിയാരംഭിച്ചിരുന്ന മഠത്തിനുള്ള കെട്ടിടം ബ. ആൻഡ്രൂസച്ചന്റെ



നേതൃത്വത്തിലും ശ്രീമാൻ കുട്ടിച്ചേട്ടൻ കളക്കുടിയുടെ സഹകരണത്തിലും 1962 ജൂൺ രണ്ടിന് പണിപൂർത്തിയാവുകയും അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി അതിന്റെ കൂദാശാകർമം നിർവഹിക്കുകയും ചെയ്തു. അന്നുതന്നെ സിസ്റ്റേഴ്സ് പുതിയ മഠത്തിലേക്കു താമസം മാറ്റി. 1969 ൽ മഠത്തിന്റെ സ്വീകരണമുറിയിൽ ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി ക്ലാസ് ആരംഭിച്ചു. സിസ്റ്റർ റോസ്ലിൻ ആയിരുന്നു പ്രഥമാദ്ധ്യാപിക. തിരുബാലസഖ്യത്തിന്റെ സാമ്പത്തികസഹായത്തോടെ നഴ്സറിസ്കൂളിന് ഒരു കെട്ടിടം നിർമിച്ച കൂട്ടത്തിൽ തയ്യൽ പരിശീലനത്തിനായി ഒരു ഹാളും നിർമ്മിച്ച് 1970-ൽ പ്രവർത്തനമാരംഭിച്ചു. 1977 ൽ സിസ്റ്റർ തെയോഫിന്റെ പരിശ്രമഫലമായി നഴ്സറിസ്കൂൾ ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളായും നേരത്തെയുണ്ടായിരുന്ന എൽ. പി. സ്കൂൾ 1998 ൽ യു. പി. സ്കൂളായും അംഗീകരിക്കപ്പെട്ടു. സ്കൂളിന്റെ വളർച്ചയിൽ സ്ഥലപരിമിതി അനുഭവപ്പെട്ടതിനാൽ 1982 ൽ തയ്യൽ ക്ലാസ്സ് നിർത്തേണ്ടിവന്നു. കൂടാതെ മഠത്തോടനുബന്ധിച്ച് പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് മന്ദിരം ഉണ്ടാക്കി പ്രവർത്തനമാരംഭിച്ചു.

1988 നുശേഷം സിസ്റ്റർ ഇഗ്നേഷ്യസ് പ്രധാനാദ്ധ്യാപികയായിരുന്നപ്പോൾ സ്കൂളിന്റെ പഴയ കെട്ടിടം മാറ്റി ആ സ്ഥാനത്ത് ഒരു ഇരുനിലകെട്ടിടം ഉണ്ടാക്കി സൗകര്യം വർദ്ധിപ്പിച്ചു. കൂടാതെ പി.റ്റി.എ. സഹായത്തോടെ പൈപ്പു കണക്ഷൻ ക്രമീകരിച്ചു എന്നതും പ്രസ്താവ്യമാണ്. 2002 ൽ സ്കൂളിന്റെ രജത ജൂബിലി നന്നായി ഘോഷിച്ചത് സിസ്റ്റർ ജയിൻ ഹെഡ്മിസ്ട്രസ്സായിരുന്നപ്പോഴാണ്. വെണ്ണിക്കുളം ഇടവകയിലും അടുത്ത ഇടവകകളിലും പ്രേഷിത വേലകളിൽ സിസ്റ്റേഴ്സ് ഉത്സുകരാണ്. വെണ്ണിക്കുളം മഠത്തിന്റെയും സ്കൂളിന്റെയും ഇന്നത്തെ വളർച്ചയ്ക്കു കാരണഭൂതരായ സുപ്പീരിയേഴ്സും സിസ്റ്റേഴ്സും അദ്ധ്യാപകരും കുട്ടികളും എല്ലാം അഭിനന്ദനം അർഹിക്കുന്നവരാണ്.

**8. ചുങ്കപ്പാറ ബഥനിമഠം (3-4-1967)**

ചുങ്കപ്പാറ, പി.ഒ., പത്തനംതിട്ട - 686 547

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ ചുങ്കപ്പാറ എന്ന സ്ഥലത്താണ് മഠം സ്ഥിതിചെയ്യുന്നത്. ഇവിടെ തിരുവല്ല രൂപതയുടെ ഒരു ഇടവകയും ഹൈസ്കൂളുമുണ്ട്. സ്കൂളിലും ഇടവകയിലും സേവനം ചെയ്യുന്നതിന് സിസ്റ്റേഴ്സിനെ ആവശ്യപ്പെട്ടുകൊണ്ട് അന്ന് ഹെഡ്മാസ്റ്ററായിരുന്ന ബ. തോമസ് പാഴൂരച്ചൻ അഭിവന്ദ്യ അത്തനാസ്യോസ് പിതാവിനെ സമീപിച്ചു. അന്നു പ്രൊവിൻഷ്യലായിരുന്ന മദർ മക്രീനയോട് സിസ്റ്റേഴ്സിനെ അയയ്ക്കുന്നതിന് വന്ദ്യപിതാവ് ആവശ്യപ്പെട്ടു. അതനുസരിച്ച് സിസ്റ്റേഴ്സിനെ അയയ്ക്കാൻ തീരുമാനിച്ചു.

www.malankaralibrary.com



മഠത്തിനുവേണ്ടി സ്ഥലം വാങ്ങിയെങ്കിലും കെട്ടിടം ഇല്ലാതിരുന്നതിനാൽ സ്ഥലവാസിയായിരുന്ന മുണ്ടാട്ടു ചുണ്ടയിൽ ശ്രീ ജോസഫ് ഒരു കെട്ടിടം തത്ക്കാല ഉപയോഗത്തിനായി വിട്ടുതന്നത് കൂദാശ നടത്തി 1967 ഏപ്രിൽ 3 ന് സിസ്റ്റേഴ്സ് അവിടെ താമസമാരംഭിച്ചു. സിസ്റ്റർ ജോസഫീൻ സുപ്പീര്യറായും സിസ്റ്റർ മരിയ ഗോരേറ്റിയും സിസ്റ്റർ യൗനോയും അദ്ധ്യാപികമാരായും സിസ്റ്റർ ക്ലമന്റീനാ അംഗമായും എത്തി. 1967 ഏപ്രിൽ 25 ന് മഠം കെട്ടിടത്തിനു കല്ലിട്ടു. 1967 സെപ്റ്റംബർ 3 ന് മഠം പണിപൂർത്തിയായി അഭിവന്ദ്യ അത്തനാസിയോസ് പിതാവ് കൂദാശാകർമം നിർവഹിച്ചു, അന്നു തന്നെ സിസ്റ്റേഴ്സ് പുതിയ മഠത്തിലേക്കു മാറിത്താമസിച്ചു.

1974 ൽ മഠത്തോടനുബന്ധിച്ച് ഒരു തയ്യൽ പരിശീലനക്ലാസ്സ് ആരംഭിച്ചു. സിസ്റ്റർ ലീമയായിരുന്നു അദ്ധ്യാപിക. വന്ദ്യപിതാവിന്റെ ആഗ്രഹമനുസരിച്ച് സ്ത്രീജനോദ്ധാരണം മുൻനിർത്തി ഒരു 'വനിതാബോധിനി സമാജ' ത്തിനു രൂപം നല്കിയത് ചുങ്കപ്പാറയിലായിരുന്നു. സിസ്റ്റർ ഡൽഫീനയുടെ നേതൃത്വത്തിൽ മറ്റ് ഇടവകകളിൽ അത് ആരംഭിച്ചു. 1978 ൽ മഠത്തിന്റെ വരാന്തയിൽ ഒരു നഴ്സറി ക്ലാസ്സ് ആരംഭിച്ചെങ്കിലും 1980 ൽ പള്ളിവക സ്കൂൾ തുടങ്ങിയപ്പോൾ ഈ നഴ്സറിയും അവിടേക്കു മാറ്റുകയായിരുന്നു. സിസ്റ്റർ ട്രീസമേരി ഇവിടെ ഹെഡ്മിസ്ട്രസ്സായി നിയമിക്കപ്പെട്ടു. മഠത്തോടനുബന്ധിച്ച് അദ്ധ്യാപികമാർക്കും കുട്ടികൾക്കുമായി ഒരു ബോർഡിംഗ് മന്ദിരം ഉണ്ടാക്കി പ്രവർത്തിച്ചിരുന്നു. ക്രമേണ ബോർഡിംഗ് ആവശ്യമില്ലാതായി വരികയും 2002 ൽ ആ കെട്ടിടം തിരുവല്ല പ്രൊവിൻസിന്റെ പ്രീ നോവിസ്സസ് ജൂണിയേഴ്സിനായി ക്രമീകരിക്കയും ചെയ്തു. രൂപതാതലത്തിൽ ദളിത് കുട്ടികൾക്കായി നടത്തുന്ന ഒരു ബോർഡിംഗുണ്ട്. കുട്ടികളുടെ ഭക്ഷണച്ചുമതല സിസ്റ്റേഴ്സ് ആണ് നിർവഹിക്കുന്നത്.

ചുങ്കപ്പാറയിലും അടുത്തുള്ള ഇടവകകളിലും സിസ്റ്റേഴ്സ് പ്രേഷിതപ്രവർത്തനങ്ങൾ നടത്തുന്നു. 2000-ാമാണ്ടിൽ ഈ മഠാംഗമായിരുന്ന സിസ്റ്റർ മേരിക്ക് ദീർഘനാളത്തെ മതപഠനാദ്ധ്യാപിക എന്ന നിലയിൽ പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ പ്രശംസാപത്രവും രൂപതയിൽനിന്ന് പൊന്നാടയും ലഭിച്ചു എന്നത് പ്രസ്താവ്യമാണ്.

**9. വെളിയനാട് ബഥനിമഠം (18-6-1967)**

ആരക്കുന്നം പി.ഒ., വെളിയനാട്, എറണാകുളം - 682 319

എറണാകുളം ജില്ലയിൽ വെളിയനാട് എന്ന സ്ഥലത്ത് രൂപതവക ഒരു ഹൈസ്കൂൾ - സെന്റ് പോൾസ് ഹൈസ്കൂൾ എന്ന പേരിൽ ഉണ്ട്. ഇടവകയുടെ വളർച്ചയ്ക്കും സ്കൂളിൽ അദ്ധ്യാപനത്തിനുമായി സിസ്റ്റേഴ്



സിനെ ആവശ്യമെന്നുള്ള ഇടവകക്കാരുടെ വലിയ ആഗ്രഹവും ആവശ്യവും കണക്കിലെടുത്ത് അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി അന്നു പ്രൊവിൻഷ്യലായിരുന്ന മദർ മക്രീനയോട് ഈ ആവശ്യം ഉന്നയിച്ചു. അതിൻപ്രകാരം അവിടെ ഒരു ചെറിയ വീട് വാടകയ്ക്കെടുത്ത് കൂദാശ ചെയ്തു. 1967 ജൂൺ 18 ന് സിസ്റ്റർ മേരി ലോറൻസിനെയും സിസ്റ്റർ ആഞ്ചലയെയും അവിടെ താമസിപ്പിച്ചു. രണ്ടുപേർക്കും സ്കൂളിൽ നിയമനവും നല്കി. മഠത്തിനുവേണ്ടി വാങ്ങിയ സ്ഥലത്ത് 1967 ഓഗസ്റ്റിൽ കെട്ടിടത്തിനു കല്ലിട്ടു. അഭിവന്ദ്യ യൂഹാനോൻ തിരുമേനിയുടെ പിതാവായ കൂട്ടപ്ലാക്കിൽ ശ്രീമാൻ കുഞ്ഞുവർക്കിയുടെ വിദഗ്ദ്ധമായ നേതൃത്വത്തിൽ മഠംപണി പെട്ടെന്നു പൂർത്തിയായി. 1968 ഫെബ്രുവരി 22 ന് അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി കൂദാശകർമ്മം നിർവഹിച്ചു. സിസ്റ്റേഴ്സ് അന്നു തന്നെ അവിടെ താമസം ആരംഭിച്ചു.

ഈ പ്രദേശത്ത് ഒരു ആശുപത്രിയുടെ ആവശ്യം വളരെ വലുതായിരുന്നു. ഇതു മനസ്സിലാക്കി തിരുമറയൂർ സൊസൈറ്റി വക ഒരു കെട്ടിടം വാടതയ്ക്കെടുത്തു. 1968 ഏപ്രിലിൽ ഡോക്ടർ സിസ്റ്റർ സ്കൊളാസ്റ്റിക്കായുടെ നേതൃത്വത്തിൽ ചെറിയ തോതിൽ പ്രവർത്തനം ആരംഭിച്ചു. നഴ്സായി സിസ്റ്റർ റജീനായും നിയമിതയായിരുന്നു. 1970 മെയ് 15 നാണ് ആശുപത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. താമസിയാതെ തന്നെ ആശുപത്രിക്കുവേണ്ടി കെട്ടിടം പണി ആരംഭിച്ചു. ഈ കെട്ടിടം പണിക്കും നേതൃത്വവും നിർദ്ദേശങ്ങളും എല്ലാം ശ്രീമാൻ കുഞ്ഞുവർക്കി തന്നെയാണ് നൽകിയത്. 1972 മാർച്ച് 20 ന് പണിപൂർത്തിയായ കെട്ടിടം കൂദാശ നടത്തി ആശുപത്രി പ്രവർത്തനം പുതിയ കെട്ടിടത്തിലേക്കു മാറ്റി. നാട്ടുകാർക്ക് വളരെ പ്രയോജനപ്രദമായി മുന്നോട്ടു നീങ്ങിയെങ്കിലും 1977 ആയപ്പോഴേക്കും ചില പ്രതികൂലസാഹചര്യങ്ങളാൽ ദുഷ്കരമായിത്തീരുകയും ഹോസ്പിറ്റൽ അടച്ചിടേണ്ടിവരികയും ചെയ്തു.

ഹോസ്പിറ്റൽ പുനരാരംഭം അസാദ്ധ്യമായതിനാൽ 1979 ൽ ആ കെട്ടിടത്തിൽ ഒരു നഴ്സറിസ്കൂളും തയ്യൽ ക്ലാസ്സും ആരംഭിച്ചു. സിസ്റ്റർ ട്രീസാമേരി നഴ്സറിക്കും സിസ്റ്റർ ക്ലമന്റീന തയ്യൽ ക്ലാസ്സിനും നേതൃത്വം നൽകി. 1989 ൽ തിരുവല്ല പ്രൊവിൻസിന്റെ പ്രീ നോവിസ്സസ് ജൂണിയേഴ്സ് 'ഒൻപതു' പേരുടെ പരിശീലനം ഒരു വർഷത്തേക്ക് സിസ്റ്റർ ബ്ളസ്സിയുടെ നേതൃത്വത്തിൽ ഇവിടെ വച്ചാണു നടന്നത്. ഇതിനിടെ ഇവിടെ നടത്തിയിരുന്ന നഴ്സറി സ്കൂളിന്റെ തുടർച്ചയായി സിസ്റ്റർ പൗളീന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് മീഡിയം എൽ. പി. ആരംഭിക്കുകയും അതിനായി ഒരു പുതിയ കെട്ടിടം നിർമിക്കയും ചെയ്തു. ഇന്ന് വെളിയനാട്ടെ ഒരു മെച്ചപ്പെട്ട പ്രൈമറിസ്കൂളാണ്

www.malankaralibrary.com



ഇത്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുപുറമെ ആരംഭകാലംമുതൽ തന്നെ സിസ്റ്റേഴ്സ് ഇടവക പ്രവർത്തനങ്ങളിൽ സഹകരിക്കയും ഭവനസന്ദർശനംമൂലം കുടുംബനവീകരണം സാധിക്കയും ചെയ്തുവരുന്നു.

**10. കുന്നക്കുരുടി (തൃക്കളത്തൂർ) ബഥനിമഠം (22-1-1968)**

തൃക്കളത്തൂർ പി.ഒ., കുന്നക്കുരുടി, കീഴില്ലം - 683 587

എറണാകുളം ജില്ലയിൽ, മൂവാറ്റുപുഴ താലൂക്കിൽ കുന്നക്കുരുടി എന്ന സ്ഥലത്ത് ഈ മഠം സ്ഥിതി ചെയ്യുന്നു. ഇവിടെ തിരുവല്ല രൂപതയുടെ ഇടവകയുണ്ട്. ഇടവകയിലും സമീപപ്രദേശങ്ങളിലും മിഷ്യൻ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചുകൊണ്ട് ബഥനിയുടെ ഒരു മഠം ഇവിടെ ആരംഭിക്കുന്നതിന് അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി അന്നത്തെ മദർ പ്രൊവിൻഷ്യൽ മദർ മേരി മാഗ്ദലീനുമായി ആലോചിച്ചു. സിസ്റ്റേഴ്സിനെ അയയ്ക്കുന്നതിന് മദർ തീരുമാനിച്ചെങ്കിലും അവിടെ മഠത്തിന് കെട്ടിടമുണ്ടായിരുന്നില്ല. മഠം പണിയാനുള്ള ഉദ്ദേശ്യത്തോടെ ആവശ്യമായ സ്ഥലവും കുറെ നിലവും വളരെ നേരത്തേ തന്നെ (1951 ൽ) അഭിവന്ദ്യ സെവേറിയോസ് പിതാവ് എഴുതിച്ചിരുന്നു. നിലം പാട്ടക്കാരെ ഏല്പിച്ചിട്ട് നെല്ല് പിറവം, അഞ്ചൽപെട്ടി മഠങ്ങൾക്കു നൽകാൻ നിബന്ധനയും ചെയ്തിരുന്നു. എന്നാൽ കാലക്രമേണ നിലം പാട്ടക്കാർ തന്നെ കൈവശമാക്കി. കൂടുതൽ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി 1968 ൽ കീഴില്ലം പള്ളിക്കെട്ടിടത്തിൽ സിസ്റ്റേഴ്സിനു താമസിക്കാൻ സൗകര്യപ്പെടുത്തി. സിസ്റ്റർ ബർക്കുമാൻസിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഡോറത്തി, ത്രേസ്യ എന്നിവരാണ് ആദ്യാംഗങ്ങളായെത്തിയത്. പള്ളിക്കെട്ടിടത്തിൽ ഒരു മുറിയിൽ ചെറിയ തോതിൽ ഒരു ഡിസ്പൻസറി സിസ്റ്റർ ബർക്കുമാൻസിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചു. ഇടവകപ്രവർത്തനങ്ങളിലാണ് സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിച്ചിരുന്നത്. ഈ സമയത്തുതന്നെ മഠം പണിയും ആരംഭിച്ചു.

മഠംപണി പൂർത്തിയായപ്പോൾ 1969 ജനുവരി 26ന് ബ. മാത്യു നെടുങ്ങാട്ടച്ചൻ കൂദാശകർമ്മം നിർവഹിച്ചു. അന്നുതന്നെ സിസ്റ്റേഴ്സ് പുതിയ കെട്ടിടത്തിൽ താമസമാരംഭിച്ചു. ഡിസ്പൻസറിയും പുതിയ കെട്ടിടത്തിലേക്കു മാറ്റി, സിസ്റ്റർ ബർക്കുമാൻസു തന്നെ പ്രവർത്തനം തുടർന്നു എങ്കിലും സിസ്റ്റർ സ്ഥലം മാറിപ്പോയതിനാൽ ക്രമേണ അതു നിന്നുപോവുകയായിരുന്നു. ഇതിനകം സിസ്റ്റർ ശൈനാ മേരിക്ക് പത്രമേനിയായി ലഭിച്ച പുരയിടം മഠത്തിന്റെ സ്ഥലത്തോടു ചേർന്നതായിരുന്നതിനാൽ അവിടെ ഒരു നഴ്സറി സ്കൂളും തയ്യൽ ക്ലാസ്സും ഫീഡിംഗ് സെന്ററും 1974 ൽ ആരംഭിച്ചു. ഏതാനും വർഷങ്ങൾ എല്ലാം നന്നായി നടന്നെങ്കിലും നിർത്തലാക്കേണ്ടിവന്നു.



ആരംഭകാലത്ത് 1951 ൽ വാങ്ങിയിരുന്ന മഠത്തിനുള്ള സ്ഥലം പത്തുപതിനേഴുവർഷത്തോളം ചുമതലക്കാരില്ലാതെ കിടന്നതിലാവാം മഠത്തിന്റെ പറമ്പിൽ ഒരു ആദിവാസി (മൂപ്പൻ) കുടിയേറിപാർത്തിരുന്നു. അദ്ദേഹത്തിന് വേറെ സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനുള്ള തുക നൽകി കുടി ഒഴിപ്പിക്കുകയായിരുന്നു. മഠത്തിന്റെ വസ്തുവിൽ നിന്നും റോഡ് സൈഡിലുള്ള രണ്ടു സെന്റ് സ്ഥലം ഇടവകപള്ളിക്ക് കുരിശടി പണിയാനും നല്കുകയുണ്ടായി.

1996 ൽ കുന്നക്കുരുടി മഠത്തിനും ബഥനിക്കു പൊതുവേയും അനുഭവിക്കേണ്ടിവന്ന ഒരു ദുഃഖസംഭവമായിരുന്നു കുന്നക്കുരുടിയിൽ സുപ്പീരിയറായിരുന്ന സിസ്റ്റർ മേരി ശലോമിന്റെ ആകസ്മികമരണം. 1996 ജനുവരിയിൽ തിരുവല്ല പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോൺഫറൻസിൽ സംബന്ധിച്ച ശേഷം മടക്കയാത്രയ്ക്ക് തിരുവല്ല ബസ്സ് സ്റ്റേഷനിലെത്തി. സിസ്റ്റർ ബസ്സിൽ കയറിയെങ്കിലും കൂടെയുണ്ടായിരുന്ന ആളിന് ബസ്സിലെ തിരക്കുകാരണം കയറാൻ കഴിഞ്ഞില്ലെന്നു കണ്ട് തിരിച്ചിറങ്ങാൻ ശ്രമിക്കവേ പുറത്തേക്കുവീണ് സാരമായ പരിക്കേറ്റു. ഉടൻ തന്നെ സിസ്റ്ററിനെ പുഷ്പഗിരി ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ എല്ലാ ചികിത്സകളും നല്കിയെങ്കിലും ജീവൻ നിലനിർത്താനായില്ല. 1996 ജനുവരി 27 ന് പുഷ്പഗിരി ആശുപത്രിയിൽ വച്ചുതന്നെ സിസ്റ്റർ ഈ ലോകത്തോടു എന്നേക്കുമായി വിട പറഞ്ഞു.

കാലപ്പഴക്കത്താൽ കുന്നക്കുരുടി മഠംകെട്ടിടം വാസയോഗ്യമല്ലാതായിത്തീർന്നതിനാൽ 2001 സെപ്റ്റംബർ 8 ന് പുതിയ കെട്ടിടത്തിന്റെ പണിയാരംഭിച്ചു. കൂടാതെ നേരത്തേ അവിടെയുണ്ടായിരുന്ന ഒരു നഴ്സറി കെട്ടിടം ഉപയോഗമില്ലാതെ കിടന്നിരുന്നത് ഒരു അഭയഭവനുവേണ്ടി പുതുക്കിപ്പണിയാനും ആരംഭിക്കുകയുണ്ടായി. അഭയഭവന്റെ പണിക്കുള്ള സാമ്പത്തികസഹായം ഗുണകാംക്ഷിയായ ശ്രീ സാബുവിന്റെയും കുടുംബത്തിന്റെയും ഔദാര്യപൂർവ്വമായ സംഭാവനയാണെന്നതും ശ്രദ്ധേയമാണ്. മഠത്തിന്റെയും അഗതിമന്ദിരത്തിന്റെയും കെട്ടിടത്തിന്റെ പണി പൂർത്തിയായപ്പോൾ 2002 മെയ് മാസം 10-ാം തീയതി അതിന്റെ കൂദാശകർമ്മം അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി നിർവഹിച്ചു. മദർ ഹൂബയുടെ ഓർമ്മ നിലനിർത്തിക്കൊണ്ട് അഗതിമന്ദിരത്തിന് 'ബഥനി സ്നേഹഭവൻ' എന്നാണ് പേരു നല്കിയിരിക്കുന്നത്. ഈ ഭവനത്തിൽ അഭയാർത്ഥികളായിവരുന്ന ഏവർക്കും പ്രായപരിധി കണക്കാക്കാതെ സ്ത്രീപുരുഷഭേദം കൂടാതെ പ്രവേശനം അനുവദിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം താമസസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശാന്തമായിരുന്ന് ദൈവാരാധന നടത്തുന്നതിനും പ്രാർത്ഥിക്കുന്നതിനുമായി ഒരു നല്ല ചാപ്പലും

www.malankaralibrary.com



ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതിനുള്ള ഒരു നല്ല ഹോളും ഈ ഭവന ത്തിലുണ്ട്. ഈ അഗതിമന്ദിരത്തിന്റെ ചുമതല സിസ്റ്റേഴ്സുതന്നെ വഹിക്കുന്നു. സിസ്റ്റേഴ്സ് പ്രിസില്ല, മേരി മാഗ്ദലിൻ, റെസ, റ്റോംസി, ഫിലോ എന്നിവരാണ് ഇപ്പോഴത്തെ അംഗങ്ങൾ. അഗതിമന്ദിരത്തിന്റെ ജോലികൾ മാത്രമല്ല അടുത്ത ഇടവകയിൽ മിഷ്യൻ പ്രവർത്തനത്തിനും സിസ്റ്റേഴ്സ് സമയം കണ്ടെത്തുന്നു.

**11. കുമളി ബഥനിമഠം (18-4-1970)**
ഫസ്റ്റ് മൈൽ പി.ഒ., കുമളി - 685 509

ഇടുക്കിജില്ലയിൽ കുമളി എന്ന സ്ഥലത്തുള്ള ബഥനിമഠം ഹൈറേഞ്ചിൽ ബഥനിയുടെ ഒന്നാമത്തെ മഠമാണ്. തിരുവല്ല രൂപതയുടെ പള്ളിയും ഇതര സ്ഥാപനങ്ങളും കുമളിയിലുണ്ട്. ഇവിടെ വികാരിയായിരുന്ന ബ. ജോൺ ഇരുമേടയച്ചനും ഇടവക ജനങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി അന്നു പ്രൊവിൻഷ്യലായിരുന്ന മദർ മേരി മാഗ്ദലീനോട് അഭിപ്രായം ആരാഞ്ഞു. അതിൻപ്രകാരം ഹൈറേഞ്ചിൽ സിസ്റ്റേഴ്സിനെ അയയ്ക്കാൻ മദർ തീരുമാനിച്ചു. മഠത്തിന് അവിടെ കെട്ടിടമൊന്നുമില്ലാത്തതിനാൽ കുമളി ഇടവകാംഗമായിരുന്ന ശ്രീമാൻ വടക്കേടത്തു ബേബിയുടെ വീട്ടിൽ താമസിച്ചുകൊണ്ട് 1970 ഏപ്രിൽ 18 ന് സിസ്റ്റേഴ്സ് പ്രവർത്തനമാരംഭിച്ചു സിസ്റ്റർ ത്രേസ്യയുടെ നേതൃത്വത്തിൽ സിസ്റ്റർ വിമല, സിസ്റ്റർ മേരി വിക്ടോറിയ, സിസ്റ്റർ ഡോമനിക്ക്, സിസ്റ്റർ ട്രീസാ മേരി എന്നിവരായിരുന്നു അവിടേക്ക് അയയ്ക്കപ്പെട്ടത്.

താമസത്തിനുകിട്ടിയ ഭവനത്തിൽ തന്നെ ഒരു പ്രിന്റിംഗ് പ്രസ്സും ഇടവക പള്ളിയുടെ സൈഡ്റൂമിൽ ഒരു നഴ്സറിയും ആരംഭിച്ചു. പ്രസ്സിന്റെ ചുമതല സിസ്റ്റർ മേരി വിക്ടോറിയും നഴ്സറി ചുമതല സിസ്റ്റർ ട്രീസാ മേരിക്കും ആയിരുന്നു. അധികം താമസിയാതെ മഠത്തിന് ഒരു കെട്ടിടമുണ്ടാക്കി സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിച്ചു. കൂടാതെ കുമളി വണ്ടൻമേടു ജംഗ്ഷനിൽ മഠത്തിനു സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിതു പ്രസ്സ് അവിടേക്കു മാറ്റി. 1975 ൽ പ്രസ്സ് കെട്ടിടം രണ്ടു നിലയാക്കി പള്ളിമുറി യിൽനിന്നും നഴ്സറി അവിടേക്കു മാറ്റി. ക്രമേണ പ്രസ്സിനു കൂടുതൽ സ്ഥലം ആവശ്യമായി വന്നതിനാൽ നഴ്സറിക്കു വേണ്ടി വേറൊരു കെട്ടിടം ഉണ്ടാക്കി. പ്രസ്സിൽ ആധുനിക സൗകര്യങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നു. 1999 ൽ ഓഫ്സെറ്റ് പ്രിന്റിംഗും 2001 ൽ DTP സൗകര്യവും ലഭ്യമാക്കി എന്നത് വളർച്ചയിലേക്കുള്ള നീക്കമാണ്.

മഠത്തിന്റെ ആദ്യകെട്ടിടം ദുർബലമായതിനെതുടർന്ന് 1998 ൽ അതുപൊളിച്ചുമാറ്റി പുതിയ കെട്ടിടം രണ്ടുനിലയായി അവിടെത്തന്നെ



പണിതു. മുകളിലത്തെ നില കോളജു വിദ്യാർത്ഥിനികൾക്കായുള്ള ഹോസ്റ്റ ലാക്കി ക്രമീകരിച്ചു. 2001 നവംബർ മുതൽ അവിടെ കുട്ടികളെ സ്വീകരിച്ചു തുടങ്ങി.

സിസ്റ്റേഴ്സ് അടുത്തുള്ള ഇടവകകളിൽ മിഷ്യൻ പ്രവർത്തനം നടത്തുന്ന തിൽ അതീവ തല്പരരാണ്.

**12. പീച്ചി ബഥനി മഠം (15-8-1970)**
വിളങ്ങന്നൂർ പി.ഒ., പീച്ചി - 680 653

തൃശൂർ ജില്ലയിൽ പീച്ചി എന്ന സ്ഥലത്താണ് ബഥനിയുടെ ഈ മഠം സ്ഥിതി ചെയ്യുന്നത്. ഇടവകപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ 1970 ഓഗസ്റ്റ് 15 നാണ് മഠം ആരംഭിച്ചത്. കുന്നംകുളം മഠത്തിൽ നിന്നും സിസ്റ്റേഴ്സ് പീച്ചി ഇടവകയിലും മറ്റും പോയി മതബോധനം, മറ്റു മിഷ്യൻ ജോലികൾ എന്നിവ നിർവഹിച്ചിരുന്നു. യാത്രയ്ക്കും മറ്റുമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പീച്ചിയിൽ ഒരു മഠം സ്ഥാപിക്കുക ഉചിതമെന്നു കരുതി അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ മേരി മാഗ്ദലീൻ എടുത്ത തീരുമാനമാണ് ഈ മഠം. മഠത്തിനായി ഇവിടെ സ്ഥലവും കെട്ടിടവും ഉണ്ടായിരുന്നു. സിസ്റ്റർ ആനിന്റെ നേതൃത്വത്തിൽ ആണ് സിസ്റ്റേഴ്സിനെ അയച്ചത്.

ഒരു നഴ്സറിസ്കൂൾ, എൽ. പി. സ്കൂൾ, തയ്യൽ പരിശീലന സെന്റർ എന്നിവയെല്ലാം ആരംഭിച്ച് നടത്തിയിരുന്നെങ്കിലും അവ ക്രമേണ നിന്നുപോവുകയായിരുന്നു. വെള്ളം ലഭിക്കാനുണ്ടായ ബുദ്ധിമുട്ട് പരാജയങ്ങൾക്കെല്ലാം മുഖ്യകാരണമായിരുന്നു. പീച്ചി ഡാം അടുത്താ യിരുന്നെങ്കിലും 1993 ഫെബ്രു വരി 7 മുതൽ മാത്രമെ വെള്ളം ലഭിച്ചുള്ളു. 1989 ൽ പെൺകുട്ടികൾക്കായി ഒരു തൊഴിലധിഷ്ഠിത പഠനസ്ഥാപനം 'ഗൃഹണിസ്കൂൾ' എന്ന പേരിൽ ആരംഭിച്ചു. തയ്യൽ, കൈവേലകൾ, ബുക്ക് ബയന്റിംഗ്, പച്ചക്കറിത്തോട്ടം, പശു, ആട്, കോഴി, മുയൽ എന്നിവയെ വളർത്താനുള്ള പരിശീലനം തുടങ്ങിയവ ഇവിടെ പഠനവിഷയങ്ങളാണ്.

1991 മുതൽ രൂപതവക കൊമ്പഴയിലുള്ള നഴ്സറിസ്കൂളിലും 1992 മുതൽ പീച്ചിയിലുള്ള രൂപതവക ദർശനസെന്ററിലും സിസ്റ്റേഴ്സ് സേവനം അനുഷ്ഠിക്കുന്നു. മതബോധനം, സ്ത്രീസമാജം, ഭവന സന്ദർശനം എന്നിവയെല്ലാം സിസ്റ്റേഴ്സിന്റെ പ്രവർത്തനപരിപാടികളിൽപെടുന്നു.

1989 ൽ മഠത്തിന്റെ പഴയ കെട്ടിടം പൊളിച്ചു മാറ്റി തൽസ്ഥാനത്ത് ഒരു രണ്ടുനിലകെട്ടിടം നിർമിച്ചു. രണ്ടാംനില 'ഗൃഹണി' സ്കൂൾകുട്ടികൾക്ക്

www.malankaralibrary.com



വാസയോഗ്യമാക്കി. കുട്ടികൾക്ക് പാചകപരിശീലനത്തിനുള്ള പ്രത്യേകം അടുക്കളയും ഗോബർ ഗ്യാസ് പ്ലാന്റും തയ്യാറാക്കിയിട്ടുണ്ട്.

**13. ചെറുകുളഞ്ഞി ബഥനിമഠം (5-7-1979)**
ചെറുകുളഞ്ഞി, പി.ഒ., റാന്നി - 689 672

പത്തനംതിട്ട ജില്ലയിൽ റാന്നിയിൽ ചെറുകുളഞ്ഞി എന്ന സ്ഥലത്ത് ബഥനി ആശ്രമം വക ഒരു ഹൈസ്കൂൾ ഉണ്ട്. ഇവിടെ ഒരു മഠം കൂടെയുണ്ടായാൽ പ്രേഷിതപ്രവർത്തനത്തിനും ആദ്ധ്യാത്മിക വളർച്ചയ്ക്കും അത് ഏറെ സഹായകമാകുമെന്ന ബോദ്ധ്യത്തിൽ ആശ്രമത്തിലെ ചുമതലക്കാരനായിരുന്ന ബ. മാത്യൂസ്, O.I.C. അച്ചനും ഇടവകക്കാരും കൂടി തിരുവല്ല പ്രൊവിൻസിനോട് ഒരു മഠം തുടങ്ങാൻ ആവശ്യപ്പെട്ടു. അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ജയിൻ അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ തിരുമേനിയുമായി ആലോചിച്ച് മഠം തുടങ്ങാൻ തീരുമാനിച്ചു.

ബ. മാത്യൂസ് അച്ചന്റെയും ഇടവകാംഗവും സ്ഥലത്തെ പ്രമുഖനുമായിരുന്ന കരിമ്പിനാമണ്ണിൽ ശ്രീ വി. കെ. ഏബ്രഹാമിന്റെയും പരിശ്രമഫലമായി ഒരു ചെറിയ ഭവനത്തോടുകൂടിയ സ്ഥലം മഠത്തിനായി വിലയ്ക്കു വാങ്ങി. ഈ വീട് അത്യാവശ്യക്രമീകരണങ്ങളോടുകൂടി മഠത്തിനായി സജ്ജീകരിച്ചു. 1979 ജനുവരി 5 ന് അഭിവന്ദ്യ യൂഹാനോൻ തിരുമേനി, അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി (അന്നു ബത്തേരി മെത്രാനായിരുന്നു), അതിഥിയായി എത്തിയിരുന്ന ദമാസ്ക്കസ് ആർച്ച് ബിഷപ് എന്നിവരുടെ കാർമ്മികത്വത്തിൽ കൂദാശകർമ്മം നടത്തി. പരിശുദ്ധ മാതാവിന്റെ നാമത്തിൽ കൂദാശ ചെയ്യപ്പെട്ട മഠം സെന്റ് മേരീസ് ബഥനിമഠം എന്ന പേരിലാണ് അറിയപ്പെടുന്നത്. സിസ്റ്റേഴ്സ് ജോസഫീൻ, മരിയ, ടെസ്സിമരിയ എന്നിവർ അന്നുതന്നെ മഠത്തിൽ താമസമാരംഭിച്ചു. ഇടവക പ്രവർത്തനങ്ങൾക്കും ഭവനസന്ദർശനത്തിനുമാണ് സിസ്റ്റേഴ്സ് കൂടുതൽ ശ്രദ്ധവച്ചത്.

ചെറുകുളഞ്ഞിയിൽ ആതുരാലയങ്ങൾ സമീപസ്ഥലങ്ങളിലൊന്നും ഇല്ലാതിരുന്നതിനാൽ അത്യാവശ്യ ശുശ്രൂഷാസൗകര്യങ്ങൾ ലഭ്യമാകത്തക്ക വിധം ഒരു ഹെൽത്ത് സെന്റർ ഉണ്ടാക്കുന്നതിനുള്ള ശ്രമം നടന്നു. മഠത്തിനടുത്ത് ജണ്ഡാജംഗ്ഷനിൽ പത്തുസെന്റു സ്ഥലം വാങ്ങി അവിടെയൊരു ചെറിയ കെട്ടിടം പണിത് ഹെൽത്ത് സെന്ററാക്കി. 1983 ഒക്ടോബർ 12 ന് അഭിവന്ദ്യ യൂഹാനോൻ തിരുമേനി അതിന്റെ കൂദാശകർമ്മം നിർവഹിച്ചു. സിസ്റ്റർ റോസ് മേരി (നഴ്സ്) യുടെ നേതൃത്വത്തിൽ ഹെൽത്ത് സെന്റർ പ്രവർത്തനമാരംഭിച്ചു. ഒരു ഡോക്ടറുടെ സഹായം കൂടെക്കൂടെ ലഭിച്ചിരുന്നു



എങ്കിലും കാലക്രമത്തിൽ ഡോക്ടേഴ്സിനെ കിട്ടാൻ ബുദ്ധിമുട്ടായി. പ്രഥമ ശുശ്രൂഷ, M.C.H. പ്രോഗ്രാം (മാതൃസംരക്ഷണപരിപാടി), ലഘുനിക്ഷേപ പദ്ധതികൾ എന്നിങ്ങനെയുള്ള സേവനപരിപാടികളിൽ സിസ്റ്റേഴ്സ് വ്യാപൃതരായിരുന്നു.

ഇതിനകം മഠംവക സ്ഥലത്ത് മഠത്തിനുവേണ്ടി ഒരു കെട്ടിടം പണി പൂർത്തിയായി 1986 മാർച്ച് 15 ന് അഭിവന്ദ്യ യൂഹാനോൻ തിരുമേനി അതിന്റെ കൂദാശ നടത്തി. സിസ്റ്റേഴ്സ് പുതിയ മഠത്തിലേക്കു താമസം മാറ്റി. ആശ്രമം വക ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടുന്ന സിസ്റ്റേഴ്സ് മഠത്തിൽ താമസിച്ചുകൊണ്ടാണ് പോയിരുന്നത്. 1987 മുതൽ മൂന്നു വർഷത്തേക്ക് സിസ്റ്റർ മേരി പോളും 1989 മുതൽ രണ്ടു വർഷത്തേക്ക് സിസ്റ്റർ മേരി ലോറൻസും ഇവിടെ പ്രഥമാദ്ധ്യാപകരായിരുന്നു. 1992 മുതൽ സിസ്റ്റർ സെറഫീനയും ആശ്രമസ്കൂളിൽ പ്രഥമാദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു.

1990 ൽ ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ നിർദ്ധനരായ കുഞ്ഞുങ്ങളെ പ്രധാനമായി ഉദ്ദേശിച്ചുകൊണ്ട് ഒരു നഴ്സറിസ്കൂൾ ആരംഭിച്ചു പ്രവർത്തിക്കുന്നു. സിസ്റ്റർ അലീഷ്യയായിരുന്നു ആദ്യഅദ്ധ്യാപിക.

ഇവിടെയുണ്ടായിരുന്ന ഹെൽത്ത് സെന്റർ നഴ്സിംഗിനു പഠിക്കുന്ന കുട്ടികൾക്ക് ഫീൽഡുവർക്കിനായി ഉപയോഗിക്കുന്നതിന് അംഗീകാരം ലഭിച്ചു.

1993 മാർച്ച് 15 മുതൽ പുഷ്പഗിരി ഹോസ്പിറ്റലിൽ നഴ്സിംഗിനു പഠിക്കുന്നവർ ബാച്ചുകളായി ഇവിടെ താമസിച്ച് പരിശീലനം നേടുന്നു. സിസ്റ്റർ മരിയ ഇതിന്റെ ചുമതല വഹിച്ചിരുന്നു എങ്കിലും ഇപ്പോൾ സിസ്റ്റർ മേരി അസ്സീസ്സിയുടെ നേതൃത്വത്തിൽ ആരോഗ്യസംരക്ഷണ പരിപാടികൾ, രോഗപ്രതിരോധമാർഗ്ഗ-ക്യാമ്പുകൾ എന്നിവമൂലം സ്ത്രീജനങ്ങളെ പ്രബുദ്ധരാക്കാൻ ശ്രമിക്കുകയാണ്. സിസ്റ്റേഴ്സ് ഇടവകയുമായി സഹകരിക്കുകയും സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുകയും ചെയ്യുന്നു.

**14. ചേറ്റുകുഴി ബഥനിമഠം (22-12-1980)**
കൊച്ചറ, പി.ഒ., ചേറ്റുകുഴി, വണ്ടൻമേട് - 685 551

ഹൈറേഞ്ചിൽ ഇടുക്കിജില്ലയിലാണ് ചേറ്റുകുഴി എന്ന സ്ഥലം. പുനരൈക്യ സുവർണ്ണജൂബിലി വർഷമായ 1980 ലാണ് ചേറ്റുകുഴിയിൽ ബഥനിമഠം സ്ഥാപിതമായത്. ചേറ്റുകുഴി പള്ളി വികാരിയായിരുന്ന ബ. കുരുവിള പാറേക്കടവിൽ അച്ചന്റെ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമാണ് ഈ മഠം എന്നു പറയാം. മഠസ്ഥാപനത്തെക്കുറിച്ച് അന്നു പ്രൊവിൻഷ്യലായിരുന്ന

www.malankaralibrary.com



മദർ അനൻഷ്യേറ്റായുമായി ബ. അച്ചൻ ആലോചിക്കുകയും അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ തിരുമേനിയുടെ സമ്മതത്തോടെ ആരംഭിക്കുകയുമായിരുന്നു.

ചേറ്റുകുഴിയിൽ ചിറയിൽ ശ്രീ തോമസ് ഈപ്പന്റെ വക സാമാന്യം നല്ല ഒരു കെട്ടിടം ഉൾപ്പെട്ട പുരയിടം ബ. അച്ചൻ തന്നെ മുൻകൈയെടുത്ത് വിലയ്ക്കുവാങ്ങി. 1980 ഡിസംബർ 22 ന് ബ. കുരുവിളയച്ചൻ ഇതിന്റെ കൂദാശ നടത്തി. സിസ്റ്റർ അലീഷ്യായുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് താമസമാരംഭിച്ചു. മദർ & ചൈൽഡ് പ്രോഗ്രാം (MCH), ഭവനസന്ദർശനം, ഇടവക ജോലികൾ എന്നിവകൂടാതെ ഒരു നഴ്സറിസ്കൂളും തയ്യൽ പരിശീലന പരിപാടിയും ഇവിടെ ആരംഭിച്ചു. 1987 ൽ സിസ്റ്റർ അപ്പൊളോനിയ ചേറ്റുകുഴിയിൽ എത്തിയതോടെ പുതിയ പദ്ധതികൾക്കു പ്രാരംഭമായി. 10-ാം ക്ലാസ്സിൽ തോല്വി സംഭവിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ കൊടുക്കാനുള്ള ക്രമീകരണമാണാദ്യമുണ്ടാക്കിയത്. ക്രമേണ ജയിക്കാൻ സാദ്ധ്യമല്ലെന്നു കരുതി പഠനം നിർത്തി നിരാശരായി കഴിഞ്ഞിരുന്ന ഏതാനും കുട്ടികൾക്കും ഈ ട്യൂഷൻ സ്ഥാപനം ഒരത്താണിയായി. രണ്ടുമൂന്നുവർഷങ്ങൾക്കകം ഈ എളിയ ആരംഭം ഒരു പാരലൽ കോളജിന്റെ രൂപംപൂണ്ടു. 1993 മുതൽ B.A. ക്ലാസ്സും ഉൾപ്പെട്ട ഒരു പാരലൽ കോളജിന്റെ നിലയിൽ എത്തിയിരിക്കുന്ന സ്ഥാപനം ചേറ്റുകുഴിക്ക് ഒരു തിലകക്കുറിയാണ് തോല്വിയുടെ അശാന്തിയിൽ നട്ടംതിരിഞ്ഞ അനേകം പെൺകുട്ടികളുടെ രക്ഷാസങ്കേതവുമാണ്

1994 ൽ പഴയമഠം പുതുക്കിപണിതു. ചാപ്പൽ, വിസിറ്റേഴ്സ് റൂം, ബോർഡിംഗ് ഹൗസ് എല്ലാം ക്രമീകരിച്ചു. മഠത്തോടുചേർന്ന് എതിർവശത്തായി കിടന്നിരുന്ന സ്ഥലവുംകൂടി വാങ്ങി ആവശ്യമായ കെട്ടിടങ്ങൾ ഉണ്ടാക്കി. ഒരു റൈറ്റ്പ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും കംപ്യൂട്ടർ സെന്ററും ആരംഭിച്ചിട്ടുണ്ട്. 'ബഥനി സെന്റർ' എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. പെൺകുട്ടികൾക്കു മാത്രമല്ല ചേറ്റുകുഴി ബഥനി സെന്ററും മഠവും അത്താണിയായിരിക്കുന്നത്, പ്രത്യുത വിദ്യാർത്ഥിനികളായ നമ്മുടെ സിസ്റ്റേഴ്സിനും ഇത് മാർഗ്ഗദീപമാണ്. ആരംഭംമുതൽ ഇന്നുവരെയും ഓരോ വിഭാഗത്തിലും പരീക്ഷയെഴുതുന്ന കുട്ടികളുടെ വിജയശതമാനം അദ്ഭുതകരമാംവിധം ഉയർന്നനിലവാരം പുലർത്തുന്നു എന്നഭിമാനിക്കാം.

**15. കോലഞ്ചേരി ബഥനി മഠം (31-5-1981)**
കോലഞ്ചേരി പി.ഒ., എറണാകുളം - 682 311

എറണാകുളം ജില്ലയിൽ കോലഞ്ചേരിയിൽ തിരുവല്ല രൂപതയുടെ ഒരിടവകയും അവിടത്തെ വികാരിയായിരുന്ന ബ. മാത്യു ചെരിപ്പുറത്തച്ചന്റെ



മാനേജ്മെന്റിൽ സെന്റ് പോൾസ് ജൂണിയർ സ്കൂൾ എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂളും ഉണ്ടായിരുന്നു. ഇടവക പ്രവർത്തനങ്ങൾക്കും സ്കൂൾ നടത്തിപ്പിനുമായി അന്നു പ്രൊവിൻഷ്യലായിരുന്ന മദർ അനൻഷ്യേറ്റായോട് ബ. അച്ചൻ സിസ്റ്റേഴ്സിനെ ആവശ്യപ്പെട്ടു. അതനുസരിച്ച് 1981 മെയ് 31 ന് സിസ്റ്റർ ദഖിയ, സിസ്റ്റർ സ്റ്റെല്ല എന്നിവരെ അയച്ചു. പള്ളിക്കെട്ടിടത്തിൽ താമസമാക്കിയ സിസ്റ്റേഴ്സ് സ്കൂളിന്റെ ചുമതല ഏറ്റെടുത്തു. സിസ്റ്റർ ദഖിയയെ ഹെഡ്മിസ്ട്രസ്സായി നിയമിക്കയും ചെയ്തു.

1982 ജൂൺ മാസത്തിൽ ഒരു ചെറിയ വീടോടുകൂടി സ്ഥലം മഠത്തിനായി വാങ്ങി. വീട് ക്രമീകരിച്ച് കൂദാശ നടത്തി സിസ്റ്റേഴ്സ് അവിടേക്ക് താമസം മാറ്റി. 1990 ൽ മഠത്തോടുചേർന്ന് ഒരു ചാപ്പലും ബോർഡിംഗ് ഹൗസും നിർമ്മിച്ച് ബ. മാത്യു ചെരിപ്പുറത്തച്ചൻ 1990 ജനുവരി 13 ന് കൂദാശ നടത്തി ബോർഡിംഗിനു തുടക്കം കുറിച്ചു. 1992 ൽ സ്കൂൾ തിരുവല്ല പ്രൊവിൻസ് വിലയ്ക്കുവാങ്ങുകയും സിസ്റ്റർ മേരി ലൂയിസ് ഹെഡ്മിസ്ട്രസ്സായി നിയമിതയാവുകയും ചെയ്തു. സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ പുതുതായി ഒരു നിലകൂടി പണിത് ക്ലാസ്സ്മുറികളാക്കിയതു കൂടാതെ സ്കൂളിനോടുചേർന്നു കിടന്ന സ്ഥലവും സ്കൂളിനായി എഴുതിച്ചു. പാഠ്യപാഠ്യേതരവിഷയങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്ന ഈ സ്കൂൾ മൂവാറ്റുപുഴ ജില്ലയിലെ മെച്ചപ്പെട്ട സ്കൂളുകളിൽ ഒന്നായി പരിഗണിക്കപ്പെടുന്നു. സ്കൂൾ ജോലിയിൽ മാത്രമല്ല മിഷ്യൻ പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് വളരെയധികം ശ്രദ്ധ ചെലുത്തുന്നു.

**16. മണർകാട് ബഥനിമഠം (30-5-1982)**
കോട്ടയം - 686 019

കോട്ടയം ജില്ലയിൽ മണർകാട് എന്ന സ്ഥലത്താണ് ബഥനിമഠം. ഇവിടെ പി.ഐ. ഇട്ടിമെമ്മോറിയൽ എന്ന പേരിൽ ഒരു ഹൈസ്കൂൾ നിലവിലുണ്ടായിരുന്നു. ഈ സ്കൂളിന്റെ മാനേജർ ആയിരുന്ന ശ്രീമതി ആണ്ടമ്മ ഇട്ടി ഈ സ്കൂൾ വില്ക്കാൻ ഒരുങ്ങുന്നു എന്നറിഞ്ഞ് തിരുവല്ല പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ അനൻഷ്യേറ്റ അതു വിലയ്ക്കുവാങ്ങാൻ തയ്യാറായി.

1982 മെയ് 30 ന് പെന്തിക്കുസ്താദിനത്തിൽ ഈ സ്കൂളിന് അടുത്തൊരു വീട് വാടകയ്ക്കെടുത്ത് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി (തിരുവനന്തപുരം ആർച്ചുബിഷപ്പ്) കൂദാശ ചെയ്തു. സിസ്റ്റേഴ്സ് അന്നു തന്നെ താമസമാരംഭിച്ചു. സിസ്റ്റർ ആഗന്റാ സുപ്പീരിയറായും സിസ്റ്റർ അപ്പൊളോനിയ ഹെഡ്മിസ്ട്രസ്സായും നിയമിക്കപ്പെട്ടിരുന്നു. ഈ സന്ദർഭത്തിൽതന്നെ സ്കൂൾ കോമ്പൗണ്ടിൽ മഠംപണി ആരംഭിച്ചിരുന്നു.

www.malankaralibrary.com



1982 ജൂലായ് 16 ന് വാടകകെട്ടിടത്തിലെ ഒരു മുറി അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ തിരുമേനി പരിശുദ്ധ മാതാവിന്റെ നാമത്തിൽ കൂദാശ ചെയ്ത് അവിടെ വിശുദ്ധ കുർബാന സ്ഥാപിച്ചു. മഠത്തിനുവേണ്ടി പണിതു കൊണ്ടിരുന്ന കെട്ടിടം പൂർത്തിയായി 1987 ജൂലായ് 29 ന് വന്ദ്യ മോൺസി ഞ്ഞോർ ജോർജ് ചുണ്ടേവാലേൽ അച്ചൻ (അഭിവന്ദ്യ മാർ തിമോത്തിയോസ് തിരുമേനി) കൂദാശകർമ്മം നിർവഹിച്ച് സിസ്റ്റേഴ്സ് പുതിയ മഠത്തിലേക്കു താമസം മാറ്റി. 1987 ൽ തന്നെ. 'പി. ഐ. ഇട്ടി മെമ്മോറിയൽ' എന്ന പേരു മാറ്റി 'ഇൻഫന്റ് ജീസ്സസ്സ് ബഥനി കോൺവന്റ് ഗേൾസ് ഹൈസ്കൂൾ' എന്നാക്കി. 1987 മുതൽ 'ബാലനഗർ' എന്ന പേരിൽ നിർദ്ധനരായ കുട്ടികളെ താമസിപ്പിച്ചു പഠിപ്പിക്കുന്നതിന് ഒരു സങ്കേതം ഉണ്ടാക്കി പ്രവർത്തിച്ചിരുന്നു. 1992 ൽ മഠത്തോടുചേർന്നു കിടന്നിരുന്ന 10 സെന്റ് സ്ഥലംകൂടി വാങ്ങി.

മണർകാട് മഠാംഗമായ സിസ്റ്റർ ജസ്റ്റിൻ അടുത്ത ഇടവകയായ 'മാല' ത്ത് രൂപതവക ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളിൽ ഹെഡ്മിസ്ട്ര സ്സായിരുന്നുകൊണ്ട് സ്തുത്യർഹമായ സേവനം ചെയ്യുന്നു. മണർകാട് ഹൈസ്കൂളിന്റെ ഒരു ഫീഡിംഗ് സ്കൂളായി നിലനില്ക്കുന്ന മാലം ഇംഗ്ലീഷ് മീഡിയം ഒരനുഗ്രഹമാണെന്നു പറയാം. സാമാന്യം നല്ലനിലവാരം പുലർ ത്തുന്ന ഇൻഫന്റ് ജീസ്സസ്സ് ഹൈസ്കൂൾ വിദ്യാർത്ഥിനി കെ. ആർ. ശ്രീവിദ്യ 2001 ലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് നാലാം റാങ്കു നേടി സ്കൂളിന്റെ യശസ്സു വർദ്ധിപ്പിച്ചു എന്നത് അഭിമാനകരമാണ്.

സ്കൂൾ ജോലികൾക്കുപുറമെ സിസ്റ്റേഴ്സ് മതബോധനം, മാതൃസമാജം, ബൈബിൾ ക്ലാസ്സുകൾ, യൂത്ത്പ്രോഗ്രാംസ് എന്നിങ്ങനെ മിഷ്യൻ പ്രവർത്ത നങ്ങളിലും സജീവ പങ്കാളികളാണ്.

**17. വടവാതൂർ ബഥനിമഠം (19-5-1984)**

സെന്റ് മേരീസ് ബഥനി മഠം. വടവാതൂർ പി.ഒ. കോട്ടയം - 686 010

കോട്ടയം ജില്ലയിൽ വിജയപുരം പഞ്ചായത്തിലുള്ള ഒരു കുന്നിൻ പ്രദേശമാണ് വടവാതൂർ. ബഥനി ആശ്രമം വക ഒരു നല്ല ഹൈസ്കൂൾ 'ഗിരി ദീപം' എന്ന പേരിൽ 1980 കളിൽ ഇവിടെ ആരംഭിച്ചിരുന്നു. ആശ്രമം വകയായി ആൺകുട്ടികൾക്കുള്ള ഒരു ബോർഡിംഗും ഉണ്ട്. പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് മന്ദിരം സിസ്റ്റേഴ്സ് ആരംഭിക്കുന്നത് ഉപകാരപ്രദമെന്ന ബ. അച്ച ന്മാരുടെ നിർദ്ദേശം കണക്കിലെടുത്ത് അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറാ യിരുന്ന മദർ പേഷ്യൻസ് ആരംഭിച്ചതാണ് ഈ സ്ഥാപനം. സ്കൂളിനടുത്ത് ഒരു വീടു വാടകയ്ക്കെടുത്ത് ഏതാനും കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കു കയും സിസ്റ്റർ മാർഗ്ഗരറ്റിനെ ബോർഡിംഗ് ചുമതല ഏല്പിക്കുകയും ചെയ്തു.



തുടർന്ന് സ്കൂൾ സ്ഥലത്തുനിന്നുതന്നെ കുറച്ചു സ്ഥലം ബോർഡിംഗ് മന്ദിരത്തിനായി വിലയ്ക്കുവാങ്ങി. അടുത്ത കുന്നിൽ നിന്നും മണ്ണുവെട്ടിയിട്ട് നിരത്തിയാണ് കെട്ടിടം പണിയാരംഭിച്ചത്. പണി പൂർത്തിയായ കെട്ടിടം 1984 മെയ് മാസം 19 ന് അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ തിരുമേനി കൂദാശ ചെയ്തു. കുട്ടികളും സിസ്റ്റേഴ്സും പുതിയ ബോർഡിംഗിലേക്കു താമസം മാറ്റി. ആരംഭകാലം മുതൽ 2000 വരെയും L.P. ക്ലാസ്സുകളിലുള്ള ആൺകുട്ടികൾക്കും താമസിക്കുവാൻ അനുവാദം കൊടുത്തിരുന്നു. ഗിരിദീപം സ്കൂൾ ഇപ്പോൾ ഹയർ സെക്കണ്ടറിസ്കൂൾ വരെ ആയതിനാൽ ധാരാളം കുട്ടികൾ താമസ ത്തിനെത്തുന്നു. മന്ദിരത്തിൽ സ്ഥലം കുറവായതിനാൽ 2001 മേയിൽ കെട്ടിട ത്തിന് ഒരു നില കൂടെ പണിയുകയുണ്ടായി. ഏതാനും അദ്ധ്യാപികമാരും 100-ഓളം പെൺകുട്ടികളും ഇവിടെ താമസിക്കുന്നുണ്ട്. സെന്റ് മേരീസ് ബഥനിമഠം എന്ന പേരിലാണ് ഈ മഠം അറിയപ്പെടുന്നത്.

ഇവിടെ താമസിക്കുന്ന സിസ്റ്റേഴ്സ് മിഷ്യൻ പ്രവർത്തനങ്ങളിലും ഉത്സുകരാണ്.

**18. മുളകരമേട് ബഥനിമഠം (25-10-1984)**

മുളകരമേട്, പി.ഒ., കട്ടപ്പന, ഇടുക്കി - 685 508

ഇടുക്കിജില്ലയിലെ ഒരു കുടിയേറ്റ പ്രദേശമാണ് മുളകരമേട്. തിരുവല്ല രൂപതവക ഒരു പള്ളി ഇവിടെയുണ്ട്. നിർദ്ധനരും വിദ്യാഭ്യാസം കാര്യമായി നേടിയിട്ടില്ലാത്തവരുമായിരുന്നു ഇവിടത്തെ ഭൂരിഭാഗം ജനങ്ങളും എന്നു പറയാം. ഈ സ്ഥിതിയിൽനിന്ന് ഇവരെ ഉദ്ധരിക്കുന്നതിനുള്ള മാർഗ്ഗമായി ഇവിടെ ഒരു മഠം ആരംഭിക്കുന്നതിനും സിസ്റ്റേഴ്സിന്റെ നിസ്വാർത്ഥ സേവനം ലഭ്യമാക്കുന്നതിനുമായി വികാരിയായിരുന്ന ബ. സ്റ്റീഫൻ തോട്ടത്തിലച്ചനാണ് പരിശ്രമം തുടങ്ങിയത്.

അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ പേഷ്യൻസ് ഇവിടെ ഒരു ചെറിയ വീട് വിലയ്ക്കുവാങ്ങി. 1984 ഒക്ടോബർ 25 ന് അഭിവന്ദ്യ യൂഹാനോൻ തിരുമേനി അതു കൂദാശ ചെയ്തു. അന്നുതന്നെ സിസ്റ്റർ സോഫിയയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഇവിടെ താമസമാരംഭിച്ചു. അടുത്തുണ്ടാക്കിയിരുന്ന ഒരു ഷെഡ്ഡിൽ ഞായറാഴ്ചതോറും വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. തിങ്കൾ മുതൽ വെള്ളി വരെ അത് സ്കൂളായും ഉപയോഗിച്ചിരുന്നു. 1984 ൽ തന്നെ സ്ത്രീജനോദ്ധാരണാർത്ഥം വനിതാ സമാജം ആരംഭിച്ചിരുന്നത് വളരെ നല്ല നിലയിൽ ഇന്നും തുടരുന്നു.

www.malankaralibrary.com



താമസിയാതെ മഠത്തിനായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു. 1989 -ൽ വന്ദ്യ മോൺ ജോർജ്ജ് ചുണ്ടേവാലേൽ (അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി) മഠത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. സിസ്റ്റേഴ്സ് പുതിയ കെട്ടിടത്തിലേക്കു താമസം മാറ്റി. സ്ത്രീസമാജത്തിനായും കുറച്ചു സ്ഥലം വാങ്ങി ബ്ലോക്കിന്റെ സഹായത്തോടെ അവിടെയൊരു കെട്ടിടം നിർമ്മിച്ച് ഒരു 'അംഗൻവാടി' ആരംഭിച്ചു. രണ്ടു സ്ത്രീകളെ ഗവൺമെന്റുതന്നെ നിയമിച്ചിട്ടുണ്ട്; ശമ്പളവും നല്കുന്നു.

ഇടവകയുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് സിസ്റ്റേഴ്സിന്റെ നേതൃത്വം വളരെയേറെ സഹായകമാണ്. മതബോധനം, ഭവന സന്ദർശനം, ബാലദീപം എന്നിങ്ങനെ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് ഉത്ഹാസത്തോടെ പങ്കുചേരുന്നു.

**19. പൂനാ, കലേവാടി ബഥനിറ്റം (22-5-1988)**

പിമ്പ്രി പി.ഒ., കലേവാടി, പൂന - 411 033

മലങ്കരസഭാമക്കൾ ധാരാളം അധിവസിക്കുന്ന മഹാരാഷ്ട്രയിലെ ഒരു പ്രദേശമാണ് 'പൂന'. പ്രസിദ്ധമായ പേപ്പൽ സെമിനാരിയും അതിനടുത്തായി ബഥനി ആശ്രമത്തിന്റെ ഒരു ഭവനവും സ്റ്റഡിസെന്ററും എല്ലാം വളരെക്കാലം മുമ്പുതന്നെ അവിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ബഥനിയുടെ ഒരു മഠം കൂടെ ഉണ്ടാകേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് ബോധ്യപ്പെടുത്തിയതനുസരിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ പേഷ്യൻസ് അവിടെ ഒരു മഠം ആരംഭിക്കുകയായിരുന്നു.

പൂനായിൽ പിമ്പ്രിയിലെ കലേവാടി എന്ന സ്ഥലത്ത് ബഥനി ആശ്രമത്തിന്റെ സ്കൂളിനടുത്ത് കുറച്ചുസ്ഥലം വാങ്ങാൻ കഴിഞ്ഞിരുന്നെങ്കിലും അവിടെ കെട്ടിടമൊന്നും ഉണ്ടായിരുന്നില്ല. തന്മൂലം ഒരു വീട് വാടകയ്ക്കെടുത്തു. ബത്തേരിരൂപതയുടെ വികാരി ജനറാളായിരുന്ന വന്ദ്യ മോൺസിഞ്ഞോർ തോമസ് താന്നിക്കാക്കുഴി ഭവനത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. സിസ്റ്റേഴ്സ് ദീപ്തി, സൗമ്യ എന്നിവർ അന്നുതന്നെ താമസവും ആരംഭിച്ചു. ആശ്രമത്തിലെ ബ. ഇഗ്നേഷ്യസ്, ഒ. ഐ. സി. തങ്ങളത്തിലച്ചനാണ് സിസ്റ്റേഴ്സിന് ആവശ്യമായ സഹായങ്ങൾ ആരംഭത്തിൽ ചെയ്തത്. മിഷ്യൻ പ്രവർത്തനങ്ങളിലാണ് സിസ്റ്റേഴ്സ് ശ്രദ്ധ പതിപ്പിച്ചതെങ്കിലും ആശ്രമ സ്കൂളിൽ അദ്ധ്യാപനവും അവർ തന്നെ നിർവഹിച്ചിരുന്നു. 1989 ൽ ഒരു ചെറിയ അപകടത്തെ തുടർന്ന് സിസ്റ്റർ സൗമ്യ തിരിച്ചുപോരേണ്ടിവരികയാൽ പകരം സിസ്റ്റർ ബഞ്ചമിൻ സുപ്പീരിയറായി നിയമിക്കപ്പെട്ടു. ഇതിനകം



സിസ്റ്റേഴ്സിന്റെ സ്ഥലത്ത് മഠം പൂർത്തിയായി, കൂദാശ നടത്തി 1991 മുതൽ സിസ്റ്റേഴ്സ് പുതിയ ഭവനത്തിൽ താമസമാരംഭിച്ചു.

സിസ്റ്റർ ബഞ്ചമിന്റെ പരിശ്രമഫലമായി സ്ത്രീകൾക്കായി ഒരു ഹോസ്റ്റൽ (Working Women Hostel) പ്രവർത്തനമാരംഭിച്ചു. ഈ സന്ദർഭത്തിൽ ആശ്രമം സ്കൂൾ ഹെഡ്മിസ്ട്രസ്സായി 1993 ൽ സിസ്റ്റർ മരിയ ഗൊരേറ്റി നിയമിതയായി. മഠത്തോടനുബന്ധിച്ച് ഒരു പ്രീനഴ്സറി വിഭാഗം സിസ്റ്റേഴ്സും നടത്തുന്നുണ്ട്. ആശ്രമ ഹൈസ്കൂൾ 10-ാം ക്ലാസ്സ് എത്തുംവരെയും - കുട്ടികളുടെ ആദ്യബാച്ച് S.S.L.C. പരീക്ഷ എഴുതുംവരെയും - സ്കൂളിന്റെ ചുമതല സ്തുത്യർഹമാം വിധം നിർവഹിച്ചിരുന്നത് സിസ്റ്റർ മരിയ ഗൊരേറ്റിയാണെന്നത് ഓർക്കേണ്ടതുണ്ട്.

പ്രാർത്ഥനാ ഗ്രൂപ്പുകൾ, മതബോധനം, ഭവനസന്ദർശനം എന്നിത്യാദി ദൈവജനത്തിന്റെ ആദ്ധ്യാത്മികോന്നമനത്തിനു സഹായിക്കുന്ന പ്രവർത്തനങ്ങൾക്ക് സിസ്റ്റേഴ്സിന്റെ നേതൃത്വം ഏറെ സഹായിക്കുന്നു.

**20. പഴവങ്ങാടി ബഥനിമഠം (29-5-1989)**

പഴവങ്ങാടി പി.ഒ., റാന്നി - 689 672

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പഴവങ്ങാടി എന്ന സ്ഥലത്താണ് ബഥനിയുടെ ഈ മന്ദിരം സ്ഥിതി ചെയ്യുന്നത്. റാന്നിയിൽ ഇട്ടിയപ്പാറ എന്ന സ്ഥലത്ത് തിരുവല്ല രൂപത ഒരു നഴ്സറി സ്കൂൾ ആരംഭിച്ച് ചുമതല സിസ്റ്റേഴ്സിനെ ഏല്പിച്ചു. ചെറുകുളഞ്ഞിമഠത്തിൽ താമസിച്ചുകൊണ്ട് ഇട്ടിയപ്പാറയിൽ എത്തിയാണ് സിസ്റ്റേഴ്സ് സ്കൂൾ നടത്തിയിരുന്നത്.

എന്നാൽ 1989 മെയ് മാസം 29 ന് പഴവങ്ങാടിയിൽ പണിത ഒരു പുതിയ കെട്ടിടത്തിലേക്ക് നഴ്സറിസ്കൂൾ മാറ്റിയെന്നു മാത്രമല്ല ഒരു എൽ. പി. സ്കൂളായി അതുയർത്തുകയും ചെയ്തു. സിസ്റ്റേഴ്സ് ചെറുകുളഞ്ഞിയിൽ നിന്നും പഴവങ്ങാടി പള്ളിവക കെട്ടിടത്തിൽ തത്കാലം താമസിച്ചുകൊണ്ട് സ്കൂൾ നടത്തി. സിസ്റ്റർ തീസ സുപ്പീരിയറും സിസ്റ്റർ മരീനാ സ്കൂൾ മേൽനോട്ടവും നിർവഹിച്ചു. 1992 മുതൽ 94 വരെ സിസ്റ്റർ മേരി ലോറൻസ് സ്കൂളിന്റെ പ്രഥമാദ്ധ്യാപികയായിരുന്നു.

6 വർഷങ്ങൾക്കുശേഷം 1995 ൽ മഠത്തിനും, അതോടുചേർന്നുള്ള ബോർഡിംഗിനും കെട്ടിടം പൂർത്തിയായി, ബ. ജോൺ ഇരുമേടയച്ചൻ കൂദാശ കർമ്മം നിർവഹിച്ചു. 1995 ജൂൺ 1 മുതൽ സിസ്റ്റേഴ്സും കുട്ടികളും പുതിയ കെട്ടിടത്തിലേക്കു മാറിത്താമസിച്ചു. 1996 ലും 1998 ലും ഈ പ്രദേശത്തുണ്ടായ വലിയ വെള്ളപ്പൊക്കം സ്കൂളിനെയും മഠത്തെയും ബാധിച്ചെങ്കിലും ദൈവകൃപയാൽ വലിയ നാശനഷ്ടങ്ങൾ ഒന്നുംതന്നെ ഉണ്ടായില്ല.

www.malankaralibrary.com



ഇവിടെ നടത്തുന്ന സ്കൂൾ C.B.S.E. ഹൈസ്കൂളായി ഉയർന്നപ്പോൾ സിസ്റ്റർ യൗനോ പ്രഥമാദ്ധ്യാപികയായിരുന്നു. സിസ്റ്റേഴ്സിന്റെ നിർല്ലോപമായ സേവനങ്ങൾ സ്കൂളിനും ഇടവകയ്ക്കും വലിയ അനുഗ്രഹവും ആശ്വാസവുമാണെന്നത് അഭിമാനമാണ്.

**21. വളകോട് ബഥനിമഠം (7-12-1989)**
മത്തായിപ്പാറ, പി.ഒ., ഉപ്പുതറ, വളകോട് - 685 505

ഇടുക്കിജില്ലയിൽ വളകോട് കോതപാറയിൽ തിരുവല്ല രൂപതയുടെ ഒരിടവകയും പള്ളിയുമുണ്ട്. ഇവിടത്തെ മിഷ്യനുകളിൽ സഹായിക്കാനും മതബോധനത്തിനും ആദ്ധ്യാത്മിക നവീകരണത്തിനും സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം ഏറെ ഉപകരിക്കും എന്നു മനസ്സിലാക്കിയ വികാരി ബ. ആന്റണി കാക്കനാട്ടച്ചനാണ് മഠസ്ഥാപനത്തിനുവേണ്ടി പരിശ്രമിച്ചത്. അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ജയിനിന്റെ സമ്മതത്തോടെ ബ. അച്ചൻ തന്നെ മഠത്തിനുള്ള സ്ഥലവും ആ സ്ഥലത്ത് ഒരു ചെറിയ മന്ദിരവും തയ്യാറാക്കി.

1989 ഡിസംബർ 7 ന് അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി അതിന്റെ കൂദാശകർമ്മം നിർവഹിച്ചു. സിസ്റ്റർ ബർക്കുമാൻസും സിസ്റ്റർ സൗമ്യയുമായിരുന്നു ആദ്യാംഗങ്ങൾ. മതബോധനത്തിലും മിഷ്യൻ ജോലികളിലുമായിരുന്നു ശ്രദ്ധ പതിച്ചതെങ്കിലും 1990 ൽ ഒരു നഴ്സറിക്ലാസ്സ് ആരംഭിച്ച് ഒരു എൽ. പി. സ്കൂൾ വരെയായിട്ടുണ്ട്.

മഠത്തിന്റെ ആദ്യകെട്ടിടം ജീർണാവസ്ഥയിലായതിനാൽ 1996 ൽ പുതിയ കെട്ടിടം നിർമ്മിച്ചു. പൂർത്തിയായ കെട്ടിടം 1997 ഓഗസ്റ്റ് 17 ന് കൂദാശ ചെയ്ത് സിസ്റ്റേഴ്സ് പുതിയ കെട്ടിടത്തിൽ താമസമാക്കി. സിസ്റ്റർ നവ്യയുടെ നേതൃത്വത്തിൽ ഇവിടെ ആരംഭിച്ച 'സഞ്ജീവനി' കോഴ്സും എം. സി. വൈ. എം, ബാലദീപം എന്നിവയെല്ലാം വളരെ സജീവമായി നടക്കുന്നു.

**22. കുട്ടിളപ്പുവം ബഥനിമഠം (9-8-1990)**
കട്ടിളപ്പുവം പി.ഒ., തൃശൂർ - 680 028

തൃശൂർ ജില്ലയിലുള്ള കട്ടിളപ്പുവത്ത് തിരുവല്ല രൂപതയുടെ ഒരു പള്ളിയുണ്ട്. താരതമ്യേന നിർദ്ധനരായ ആളുകളാണ് ഭൂരിപക്ഷവും. കുന്നംകുളത്തുനിന്നും സിസ്റ്റേഴ്സ്വന്ന് ഇവിടെ മിഷ്യനിൽ പ്രവർത്തിച്ചിരുന്നു. കാര്യക്ഷമമായ പുരോഗതി ഉണ്ടാകണമെങ്കിൽ ഇവിടെ ഒരു മഠം ഉണ്ടാകേണ്ടത് ആവശ്യമെന്നു കണ്ട് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ജയിൻ ഇവിടെ ഒരു ചെറിയ മഠം ഉണ്ടാക്കാൻ തീരുമാനിച്ചു. 1990 ഫെബ്രുവരി പത്തിന് സിസ്റ്റർ സൂസന്നയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സിനെ അയച്ചു. മഠത്തിന്റെ മന്ദിരത്തോടു ചേർത്ത് ഒരു നഴ്സറിസ്കൂളും ആരംഭിച്ചു.



അടുത്ത ഇടവകകളിലും മതബോധനം, ഭവനസന്ദർശനം, കൂദാശ സ്വീകരണഒരുക്കം മുതലായ പ്രേഷിതപ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുന്നു.

**23. ചക്കുപള്ളം ബഥനിമഠം (9-8-1990)**
ചക്കുപള്ളം പി.ഒ., കുമളി - 685 509

ഇടുക്കിജില്ലയിൽ കുമളിക്കടുത്തുള്ള ഒരു സ്ഥലമാണ് ചക്കുപള്ളം. ഇവിടെ തിരുവല്ല രൂപതയുടെ ഒരു ഇടവകയുണ്ട്. മതബോധനത്തിനും ഇടവകപ്രവർത്തനങ്ങൾക്കുമായി കുമളിയിൽ നിന്നും സിസ്റ്റേഴ്സ് ചക്കുപള്ളത്തു വന്നിരുന്നു. ഒരു മഠം ഇവിടെ സ്ഥാപിതമായാൽ മിഷ്യൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുമെന്ന് ബോദ്ധ്യമായ അന്നത്തെ വികാരി ബ. മാത്യു വാഴയിലച്ചൻ ഈ ആവശ്യം പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ജയിനിനെ അറിയിച്ചു. തന്നെയല്ല അച്ചന്റെ സഹായത്തോടെ മഠത്തിനായി സ്ഥലം അവിടെ വാങ്ങി തത്ക്കാലാവശ്യത്തിനായി പുല്ലുമേഞ്ഞ ഒരു കെട്ടിടവും നിർമിച്ചു. 1990 ഓഗസ്റ്റ് 9 ന് കെട്ടിടം അന്നു ഡിസ്ട്രിക്ട് വികാരിയായിരുന്ന ബ. വറുഗീസ് കാരിക്കോട്ടച്ചൻ കൂദാശ ചെയ്തു, സിസ്റ്റേഴ്സ് താമസവും ആരംഭിച്ചു. സിസ്റ്റർ മേരി വിക്ടോറിയ ആയിരുന്നു ആദ്യത്തെ സുപ്പീര്യർ.

1993 ൽ കുറെക്കൂടെ ബലവും സുരക്ഷിതത്വവുമുള്ള ഒരു പുതിയ കെട്ടിടം മഠത്തിനായി നിർമ്മിച്ചതുകൂടാതെ ഒരു നഴ്സറിസ്കൂളും ആരംഭിച്ചു. സിസ്റ്റേഴ്സ് ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. ഒരു തയ്യൽ പരിശീലനക്ലാസ്സും നടത്തുന്നുണ്ട്.

**24. കട്ടപ്പന ബഥനിമഠം (30-5-1991)**
സ്കൂൾ കവല, കട്ടപ്പന, പി.ഒ., ഇടുക്കി - 685 508

ഇടുക്കി ജില്ലയിൽ കട്ടപ്പന എന്ന സ്ഥലത്ത് "ജ്യോതിസ്" എന്ന പേരിൽ ഒരു പാസ്റ്ററൽ സെന്റർ നിലവിലുണ്ട്. ഇവിടെയടുത്ത് ഒരു മഠം ഉണ്ടെങ്കിൽ സിസ്റ്റേഴ്സിന്റെ സേവനം സംലഭ്യമെന്ന് മനസ്സിലാക്കിയ ബ. വർഗീസ് ഈശ്വരൻ കുടിയിലച്ചനാണ് മഠത്തിനുവേണ്ടി പരിശ്രമിച്ചത്. അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ ജയിൻ സമ്മതിച്ചതനുസരിച്ച് ബ. അച്ചൻ തന്നെ മഠത്തിനായി ഒരു വീട് സഹിതം കുറച്ചു പറമ്പു വിലയ്ക്കു വാങ്ങി. 1991 മെയ് മാസം 30 ന് കൂദാശ നടത്തിയ വീട്ടിൽ സിസ്റ്റർ ജമ്മയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് എത്തി താമസം ആരംഭിച്ചു. ജ്യോതിസ്സിലെ എല്ലാ കർമ്മ പരിപാടികൾക്കും സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം വലിയ സഹായകമായിരുന്നു. 1996 ആയപ്പോഴേക്കും സിസ്റ്റർ ലിയോ സുപ്പീര്യറായി. സിസ്റ്ററിന്

www.malankaralibrary.com



കട്ടപ്പനയിലുള്ള ഹോസ്പിറ്റൽ ചുമതലകൂടെ നിർവഹിക്കേണ്ടിവന്നു. കാലക്രമേണ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനിടയായി. സിസ്റ്റേഴ്സിന് സെന്ററിൽ കാര്യമായ ജോലികളും ഇല്ലാതായി. അങ്ങനെ 1998 ൽ തത്ക്കാലം ഈ മഠം നിർത്തൽ ചെയ്യുകയായിരുന്നു.

**25. ഫരീദാബാദ് ബഥനിമഠം (23-5-1993)**

ഹൗസ് നമ്പർ: 90, സെക്ടർ:29 ഫരീദാബാദ്, ഹരിയാന - 121 006

ഭാരതതലസ്ഥാനമായ ഡൽഹിയിൽ പല ഭാഗങ്ങളിലായി മലങ്കരമക്കൾ കുടുംബമായും ഉദ്യോഗസ്ഥരായും പാർക്കുന്നുണ്ട്. അവർക്കുവേണ്ടിയുള്ള മിഷ്യൻ കേന്ദ്രങ്ങളുമുണ്ട്. സിസ്റ്റേഴ്സിന്റെ സേവനം അവരുടെ സമഗ്രപുരോഗതിക്ക് അത്യാവശ്യമെന്നു ബോദ്ധ്യപ്പെട്ട് അവിടെ മഠം ഉണ്ടാക്കുന്നതിനും സിസ്റ്റേഴ്സിനെ വരുത്തുന്നതിനും ഏറെ പരിശ്രമിച്ചത് തിരുവല്ല രൂപതയുടെ വൈദികനായിരുന്ന ബ. തോമസ് (മാമ്മൻ) ചക്കാലപ്പടിക്കൽ അച്ചനാണ് (ഇപ്പോഴത്തെ മൂവാറ്റുപുഴ മെത്രാപ്പോലീത്ത തോമസ് മാർ കൂറിലോസ് തിരുമേനി). ബ. അച്ചൻ ഡൽഹിയിൽ മലങ്കര കത്തോലിക്കാ സഭയ്ക്കു വേണ്ടി ഒരു മിഷ്യൻ നടത്തുന്നുണ്ടായിരുന്നു.

ബ. അച്ചന്റെ സഹായത്തോടെ അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ജയിൻ 1991 ഡിസംബറിൽ ഹരിയാനയിൽ ഫരീദാബാദ് എന്ന സ്ഥലത്ത് 22 സെന്റ് സ്ഥലം കർമ്മലീത്ത സിസ്റ്റേഴ്സിൽ നിന്നും എഴുതിച്ചു. 1992 സെപ്റ്റംബറിൽ സിസ്റ്റേഴ്സ് മരീന, രമ്യ എന്നിവരെ അവിടേക്കയച്ചു. അവർക്ക് തത്ക്കാലം കർമ്മലീത്ത മഠത്തിൽത്തന്നെ താമസിക്കാൻ സൗകര്യം ലഭിച്ചു. 1992 ഒക്ടോബർ 26 ന് ഒരു വീട് വാടകയ്ക്ക് കിട്ടി. ഡൽഹി വികാരി ജനറാളായിരുന്ന ബ. വിൻസന്റ് അച്ചൻ കൂദാശ ചെയ്തു, അന്നു തന്നെ സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിച്ചു. മലങ്കരഭവനങ്ങൾ സന്ദർശിക്കുക, പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുക, മതബോധനം നടത്തുക മുതലായവയായിരുന്നു അവരുടെ പ്രധാന പ്രവർത്തനങ്ങൾ.

ആദ്യത്തെ സ്ഥലം താമസത്തിനു യോജിച്ചതല്ലാതിരുന്നതിനാൽ ആ സ്ഥലം വിറ്റു. പകരം 1993 ൽ ഒരു വീടും സ്ഥലവും കൂടി വാങ്ങി. 1993 ഫെബ്രുവരിയിൽ കൂദാശ നടത്തി സിസ്റ്റേഴ്സ് താമസമാരംഭിച്ചതോടൊപ്പം ഒരു നഴ്സറി സ്കൂളും ആരംഭിച്ചു. 1993 ജൂലായ് 2 ന് സിസ്റ്റർ ബഞ്ചമിൻ ഫരീദാബാദിൽ സുപ്പീര്യറായി നിയമിക്കപ്പെട്ടു. ഉപരിപഠനത്തിനായി സിസ്റ്റേഴ്സ് ഇവിടെ താമസിച്ചുകൊണ്ട് 'ജീസ്സസ് ആന്റ് മേരി' കോളജിൽ പഠനവും ആരംഭിച്ചു.

താമസിക്കുന്ന ഭവനത്തിൽ സ്കൂൾ നടത്തുക അനുവദനീയമല്ലെന്നു വന്ന സാഹചര്യത്തിൽ വേറെ സ്ഥലം സ്കൂളിനുവേണ്ടി കണ്ടെത്തേണ്ടി



വന്നു. മഠത്തിൽ നിന്നും അല്പമകലെ 'ബത്തോള' യെന്നസ്ഥലത്ത് മൂന്നേക്കർ സ്ഥലം വാങ്ങി അവിടെ ഒരു ഷെഡ്ഡ് തത്കാലമുണ്ടാക്കി അവിടേയ്ക്കു സ്കൂൾ മാറ്റി. നഴ്സറി നടത്തിയിരുന്ന ഫരീദാബാദിൽ ഒരു വർക്കിംഗ് വിമൻ ഹോസ്റ്റൽ ആരംഭിച്ചു. ഇതോടൊപ്പം തന്നെ ബത്തോളായിൽ സ്കൂൾ കെട്ടിടം പണിയാരംഭിച്ചിരുന്നു.

1999 ജനുവരി 4 ന് പൂർത്തിയായ കെട്ടിടം അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി കൂദാശ നടത്തി ക്ലാസ്സുകൾ അവിടേക്കു മാറ്റി. ഇന്ന് C.B.S.E. സിലബസ്സ് അനുസരിച്ചുള്ള സ്കൂൾ 8-ാം ക്ലാസ്സുവരെ എത്തിയിട്ടുണ്ട്.

**26. 'ബഥാനിയ' (22-8-1993)**

ബഥാനിയ, പുഷ്പഗിരി പി.ഒ., തിരുവല്ല - 689 101

ബഥനിയുടെ ശാഖാമന്ദിരങ്ങളിലൊന്നായി ഇതിനെ കണക്കാക്കുന്നു. എന്നാലും പ്രൊവിൻസിന്റെ അനുഗ്രഹസ്രോതസ്സായി, ആശ്വാസത്തിന്റെ ഭവനമായി 1994 ൽ നിർമ്മിക്കപ്പെട്ട ഒരു ശാന്തിമന്ദിരമാണ് 'ബഥാനിയ'. തിരുവല്ലയിൽ പുഷ്പഗിരിക്കടുത്ത് ചേനത്തറ കുടുംബത്തിന്റെ 34 1/2 സെന്റ് സ്ഥലവും അതിനടുത്തു തന്നെയുണ്ടായിരുന്ന മേടയിൽ കുടുംബത്തിന്റെ 60 സെന്റു സ്ഥലം ഒരു ചെറിയ ഭവനത്തോടുകൂടി വാങ്ങുന്നതിന് സൗകര്യം ലഭിച്ചു. മദർ ജയിൻ പ്രൊവിൻഷ്യൽ സുപ്പീര്യറായിരിക്കുമ്പോൾ 1990 ജനുവരിയിലും 1993 ഓഗസ്റ്റിലുമായിട്ടാണ് സ്ഥലം എഴുതിച്ചത്.

1993 ഓഗസ്റ്റ് 22 ന് മേടയിൽ കുടുംബ സ്ഥലത്തുണ്ടായിരുന്ന ഭവനം ബ. ഏബ്രഹാം കരിമ്പനാമണ്ണിലച്ചൻ കൂദാശ ചെയ്തു. സിസ്റ്റർ പേഷ്യൻസ്, സിസ്റ്റർ ടെരസിറ്റ, സിസ്റ്റർ റോസ്ലിറ്റ് എന്നിവർ ഇവിടെ താമസിച്ചുകൊണ്ട് ബഥാനിയായുടെ പണിയാരംഭിച്ചു. 1994 ൽ പണിപൂർത്തിയായ കെട്ടിടം അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി കൂദാശ ചെയ്തു. സിസ്റ്റർ വെർജീനിയ ആണ് ബഥാനിയായുടെ ആദ്യത്തെ സുപ്പീരിയർ. പ്രൊവിൻസിലെ പ്രായാധിക്യത്തിലെത്തിയവരും ചികിത്സാനന്തരവിശ്രമം ആവശ്യമായവരുമായ സിസ്റ്റേഴ്സിനു വിശ്രമിക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണ് 'ബഥാനിയാ' പുഷ്പഗിരി ഹോസ്പിറ്റലിൽ നിന്ന് പെട്ടെന്നുള്ള ചികിത്സാസഹായവും 'ബഥാനിയാ' അന്തേവാസികൾക്ക് അനുഗ്രഹമാണ്.

1994 ഓഗസ്റ്റ് 13-ാം തീയതി സിസ്റ്റർ മർട്ടീനായെ സിസ്റ്ററിന്റെ രോഗാവസ്ഥയിൽ (ക്യാൻസർ) ബഥാനിയായിലേക്കു കൊണ്ടുവന്നു. തീർത്തും അവശയായി ബഥാനിയായിൽ എത്തിയ ആദ്യത്തെ അംഗമാണ് സിസ്റ്റർ മർട്ടീന. 1994 സെപ്റ്റംബർ 4 ന് ബഥാനിയായിൽ നിന്നാണ് സിസ്റ്റർ സ്വർഗ്ഗയാത്ര നടത്തിയത്. വാർദ്ധ്യക്യത്താലോ രോഗത്താലോ ക്ഷീണിത

www.malankaralibrary.com



രാകുന്ന ഏതു സിസ്റ്ററിനും 'ബഥാനിയാ' അത്താണിയാണ്. ദിനംപ്രതി വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനും ആഗ്രഹിക്കുമ്പോഴെല്ലാം ശാന്തമായി പ്രാർത്ഥനാപൂർവം സമയം ചെലവഴിക്കുന്നതിനും സൗകര്യമുള്ള ഒരു ചാപ്പൽ ബഥാനിയായുടെ പ്രത്യേകതയാണ്. ക്ഷീണിതരായി വിശ്രമിക്കുന്ന സിസ്റ്റേഴ്സിനെ സ്നേഹപൂർവം ശുശ്രൂഷിക്കുന്നതിനായി സിസ്റ്റേഴ്സും നഴ്സിംഗ് പരിശീലനം സിദ്ധിച്ച രോഗീശുശ്രൂഷകരും ബഥാനിയായിൽ നിയോഗിതരാകുന്നു. അത്യാവശ്യസന്ദർഭങ്ങളിൽ പുഷ്പഗിരിയിൽനിന്നും ഡോക്ടേഴ്സും നഴ്സസും എത്താനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സദാ സമയവും സഹനം കാഴ്ചവച്ചുകൊണ്ട് ബഥാനിയായിൽ നിന്നുയരുന്ന പ്രാർത്ഥനയുടെ സുഗന്ധധൂപം തിരുവല്ല പ്രൊവിൻസിനെ മാത്രമല്ല, മിശിഹാനുകരണ സന്ന്യാസസന്ന്യാസിനീ സമൂഹത്തിനും മലങ്കര സഭയ്ക്കും തിരുസഭയ്ക്കു മൊത്തത്തിലും ലോകത്തിനു തന്നെയും ശക്തിയാണെന്നു പറയാം.

ബഥാനിയായോടടുത്തുള്ള മന്ദിരത്തിൽ 1993 മുതൽ തന്നെ പ്രൊവിൻസിന്റെ സന്ന്യാസ പരിശീലന ഘട്ടത്തിന്റെ ആദ്യവർഷ അർത്ഥിനികളുടെ (Pre Novices 1st year) പരിശീലനം നടക്കുന്നു. സിസ്റ്റർ ലിനറ്റ് ആദ്യത്തെ മിസ്ട്രസ്സും സിസ്റ്റർ സൂസന്ന ആദ്യത്തെ സുപ്പീരിയറും ആയിരുന്നു. പ്രീനോവിസ്സസ്സും സിസ്റ്റേഴ്സും വിശുദ്ധ കുർബാനയ്ക്കും യാമനമസ്കാരത്തിനും ബഥാനിയായിലെ ചാപ്പലിലാണ് എത്തുന്നത്. 2002 ജൂൺ മുതൽ പ്രീനോവിസ്സസ്സ് ആദ്യവർഷക്കാരുടെ പരിശീലനം ഇവിടെനിന്നും ചുങ്കപ്പാറയിലേക്കു മാറ്റുകയുണ്ടായി.

#### 27. മല്ലപ്പള്ളി - ബഥനിഹോസ്റ്റൽ (22-4-1996)

തിരുവല്ല രൂപത വകയായി മല്ലപ്പള്ളിയിൽ ഉണ്ടായിരുന്ന I.T.C. പുതിയ കോഴ്സ് ആരംഭിച്ചപ്പോൾ അവിടെ ഉദ്യോഗാർത്ഥം വരുന്ന സ്ത്രീകൾക്കും പഠനത്തിനെത്തുന്ന പെൺകുട്ടികൾക്കും താമസസൗകര്യം ഉണ്ടാക്കേണ്ട അത്യാവശ്യം നേരിട്ടു. ഈ സാഹചര്യത്തിൽ അന്ന് ഇടവകവികാരിയും ഐ.റ്റി.സി. പ്രിൻസിപ്പലുമായിരുന്ന ബ. ചെറിയാൻ രാമനാലിലച്ചൻ പ്രൊവിൻഷ്യലായിരുന്ന മദർ ജയിനിനോട് മല്ലപ്പള്ളിയിൽ ഒരു ഹോസ്റ്റൽ തുടങ്ങേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചു സംസാരിച്ചു. ബ. അച്ചൻ തന്നെ തത്ക്കാലത്തേക്ക് ഒരു വീടു കണ്ടുപിടിക്കാൻ പരിശ്രമിച്ചെങ്കിലും സാധിച്ചില്ല. എന്നാൽ മല്ലപ്പള്ളി മുശാരിക്കവലയ്ക്കു സമീപം സ്ഥലം കണ്ടുപിടിക്കുകയും മദർ ജയിൻ സ്ഥലം വാങ്ങുകയും ചെയ്തു. ഈ സമയത്തുതന്നെ രൂപതയ്ക്ക് മല്ലപ്പള്ളിയിൽ ഒരു ബി.എഡ്. കോളജിനുള്ള അനുവാദം ലഭിച്ചു. കോളജ് സ്റ്റുഡന്റ്സിനും താമസസൗകര്യം വേണ്ടിവരുമെന്നതിനാൽ സാമാന്യം വലിയ



ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനമുണ്ടായി. മദർ ജയിൻ പ്രൊവിൻഷ്യൽ സ്ഥാനത്തു നിന്നും മാറി പകരം മദർ അനൻഷ്യേറ്റ പ്രൊവിൻഷ്യലായ സമയമായിരുന്നു അത്. ഹോസ്റ്റൽ കെട്ടിടം പണി ആരംഭിച്ചു.

1996 ഏപ്രിൽ 22 ന് പണിതീർന്ന കെട്ടിടം അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി കൂദാശ ചെയ്ത് ഹോസ്റ്റൽ ആരംഭിച്ചു. സിസ്റ്റർ മേരി മാഗ്ദലീനും സിസ്റ്റർ തോമസ്സീനായുമാണ് ആദ്യനടത്തിപ്പുകാരായി എത്തിയത്. കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ സെവേറിയോസ് തിരുമേനിയുടെ സ്മാരകമെന്ന നിലയിൽ 'മാർ സെവേറിയോസ് മെമ്മോറിയൽ ബഥനി ഹോസ്റ്റൽ (M.S.M. ബഥനിഹോസ്റ്റൽ) എന്നാണ് ഇതറിയപ്പെടുന്നത്. മല്ലപ്പള്ളിയിൽ ആരംഭിച്ച B.Ed. കോളജിന് ഒരു ഹോസ്റ്റൽ അതിനോടനുബന്ധിച്ച് പണിതീരുംവരെ ബി. എഡ്. സ്റ്റുഡന്റ്സിന് ഇവിടെ മുൻഗണന നല്കിയിരുന്നു.

ഇവിടെ ചുമതലയുള്ള സിസ്റ്റേഴ്സ് ഹോസ്റ്റൽ പ്രവർത്തനത്തിൽ മാത്രമല്ല ശ്രദ്ധിക്കുന്നത്. അടുത്തുള്ള ഇടവകകളിൽ ആവശ്യമായ മിഷ്യൻ പ്രവർത്തനങ്ങൾ നടത്തുന്നതിലും ഉത്സുകരാണ്.

#### 28. ഉത്തംനഗർ - ബഥനിമഠം (27-7-1996)

Rz-40B, ഇന്ദിര പാർക്ക്, ഈസ്റ്റ് ഉത്തം നഗർ, ന്യൂഡൽഹി - 110 059

ന്യൂഡൽഹിയിലുള്ള ഒരു പ്രദേശമാണ് ഉത്തംനഗർ. ഡൽഹിയിലെ മലങ്കര മിഷ്യനുകൾക്കു സഹായമായും ഉപരിപഠനാർത്ഥം ഡൽഹിയിലെത്തുന്ന ബഥനി സിസ്റ്റേഴ്സിന്റെ സൗകര്യം കണക്കിലെടുത്തുമാണ് ഇവിടെ ഒരു മഠം സ്ഥാപിക്കാൻ ശ്രദ്ധിച്ചത്. മദർ അനൻഷ്യേറ്റ പ്രൊവിൻഷ്യലായിരിക്കുമ്പോഴാണ് സ്ഥലം വാങ്ങിയതും കെട്ടിടം പണിയിച്ചതും.

1996 ജൂലായ് 27 ന് ഡൽഹി ആർച്ചുബിഷപ്പായിരുന്ന റൈറ്റ് റവ. ഡോ. അലൻ ബയ്സിൽ ഡിയ ലാസ്റ്റിക്ക് ആണ് കൂദാശാകർമ്മം നിർവഹിച്ചത്. സിസ്റ്റർ ടെസ്സി മരിയയുടെ നേതൃത്വത്തിൽ നാലു സിസ്റ്റേഴ്സ് ആണ് ആദ്യാംഗങ്ങളായി എത്തിയത്. സിസ്റ്റേഴ്സ് നാലുപേരും പഠിക്കാനെത്തിയവരായിരുന്നു എങ്കിലും മിഷ്യൻ വേലകളിൽ അവർ അതീവശ്രദ്ധാലുക്കളായിരുന്നു.

മതബോധനം, പ്രാർത്ഥനായോഗങ്ങൾ, സ്ത്രീസമാജം, ഭവനസന്ദർശനം എന്നിവയ്ക്കെല്ലാം അവർ സമയം കണ്ടെത്തി. ഡൽഹിയിൽത്തന്നെ മലങ്കരമക്കൾക്കായുള്ള പതിമൂന്നു മിഷ്യൻ സെന്ററുകളിൽ സിസ്റ്റേഴ്സ് സേവനം അനുഷ്ഠിക്കുന്നു. സിസ്റ്റേഴ്സിന്റെ ചുമതലയിൽ ഒരു നഴ്സറി സ്കൂളും നടത്തുന്നു.

www.malankaralibrary.com



**29. പഴയരിക്കണ്ടം - ബഥനിമഠം (15-5-1997)**

കഞ്ഞിക്കുഴി പി.ഒ., പഴയരിക്കണ്ടം, ഇടുക്കി - 685 602

ഇടുക്കി ജില്ലയിലുള്ള ഒരു മലമ്പ്രദേശമാണ് പഴയരിക്കണ്ടം. ഇവിടെ ഒരു മഠം ഉണ്ടാകുന്നത് ഇടവകയുടെയും ദേശവാസികളുടെയും സമഗ്ര വളർച്ചയ്ക്ക് ഉതകുമെന്നു മനസ്സിലാക്കിയ ബ. സാബു മരുതൂർ അച്ചനാണ് ഇതിനു പ്രേരണയും പ്രോത്സാഹനവും നല്കിയത്. അന്നു പ്രൊവിൻഷ്യലായിരുന്ന മദർ അനൻഷ്യേറ്റ ബ. അച്ചന്റെ സഹായത്തോടെ 1996 ഡിസംബർ 23 ന് പഴയരിക്കണ്ടം സ്ഥലത്ത് ഒരേക്കർ ഭൂമിവാങ്ങി. കെട്ടിടം പണി ആരംഭിക്കും മുമ്പ് അവിടെയടുത്ത് ഒരു വീട് മഠത്തിനായി ക്രമീകരിച്ച് 1997 മെയ് 15 ന് ബ. വർഗീസ് മണലേലച്ചൻ അതു കൂദാശചെയ്ത് സിസ്റ്റേഴ്സ് താമസമാക്കി. സിസ്റ്റർ എൽസീന, സിസ്റ്റർ ജൂലിയ എന്നിവരായിരുന്നു ആദ്യാംഗങ്ങൾ. രൂപതവക ഇംഗ്ലീഷ് മീഡിയം സ്കൂളിലും ഇടവകയിലും സിസ്റ്റേഴ്സ് സേവനം അനുഷ്ഠിക്കുന്നു. ആദ്യം വാങ്ങിയ സ്ഥലം കെട്ടിടത്തിന് അപര്യാപ്ത മായിരുന്നതിനാൽ മദർ പ്രൊവിൻഷ്യൽ മദർ സെറീന 2001 -ൽ ഒരേക്കർ സ്ഥലം കൂടി വാങ്ങുകയുണ്ടായി.

**30. കടമാൻകുളം - ബഥനിമഠം (25-5-1999)**

കടമാൻകുളം പി.ഒ., കല്ലൂപ്പാറ - 689 603

പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറയ്ക്ക് അടുത്തുള്ള ഒരു സ്ഥലമാണ് കടമാൻകുളം. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മസ്ഥലം കൂടെയാണ് 'കടമാൻകുളം' എന്നത് ഒരു പ്രത്യേകതയാണ്. തന്റെ ജന്മസ്ഥലത്ത് ഒരു ബഥനിമഠം വേണമെന്ന് അഭിവന്ദ്യപിതാവ് ആഗ്രഹിക്കുന്നതായി മദേഴ്സിനോട് പലപ്പോഴും സൂചിപ്പിച്ചിരുന്നു. വന്ദ്യപിതാവിന്റെ ആഗ്രഹഫലപ്രാപ്തിയായിരുന്നു മദർ അനൻഷ്യേറ്റ പ്രൊവിൻഷ്യലായിരുന്ന കാലത്ത് 1997 ൽ മഠത്തിനുവേണ്ടിയുള്ള സ്ഥലം വാങ്ങൽ.

ബ. ഏബ്രഹാം കാക്കനാട്ടിലച്ചന്റെ സഹായത്തോടെ നാലേക്കർ തെങ്ങിൻതോപ്പ് കടമാൻ കുളത്ത് വാങ്ങാൻ കഴിഞ്ഞു. താമസിയാതെ കെട്ടിടം പണിയും ആരംഭിച്ചു. മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടിയുള്ള ഒരു സ്പെഷ്യൽ എഡ്യുക്കേഷൻ സ്ഥാപനം മഠത്തോടനുബന്ധിച്ചുണ്ടായിരിക്കണമെന്നു തീരുമാനിച്ചുകൊണ്ടാണ് കെട്ടിടം നിർമ്മിച്ചത്. മദർ അനൻഷ്യേറ്റ തുടങ്ങിവച്ചെങ്കിലും പണിപൂർത്തിയായത് മദർ സെറീന പ്രൊവിൻഷ്യലായ ശേഷം 1999 ലാണ്.



1999 മെയ് 24 ന് അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി മഠത്തിന്റെയും സ്ഥാപനത്തിന്റെയും കൂദാശാകർമ്മം നിർവഹിച്ചു. 'മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ബഥനി ശാന്തിഭവൻ' (M.G.M.B.S) എന്ന നാമധേയമാണ് നല്കിയത്. സിസ്റ്റർ പ്രിസില്ലായിരുന്നു ആദ്യത്തെ സുപ്പീരിയർ.

1999 മെയ് മാസം 25 ന് മന്ദബുദ്ധികളായ 14 പെൺകുട്ടികൾക്ക് പ്രവേശനം നല്കിക്കൊണ്ട് അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ശാന്തിഭവൻ ഉദ്ഘാടനം ചെയ്തു. ഈ രംഗത്ത് പ്രത്യേക പരിശീലനവും ബിരുദാനന്തര ബിരുദവും നേടിയെത്തിയ സിസ്റ്റർ മാഗിയാണ് ശാന്തിഭവന്റെ ആദ്യഡയറക്ടർ.

ഈ സ്ഥാപനം പെൺകുട്ടികൾക്കായുള്ളതാണെങ്കിലും ആൺകുട്ടികൾക്ക് പകൽപരിശീലനം (day scholars) നല്കുന്നുണ്ട്. മാനസികബൗദ്ധികതലങ്ങളിൽ വളർച്ചയില്ലാത്തവരും സാധാരണ കുട്ടികളോടൊപ്പം വിദ്യാഭ്യാസം അസാദ്ധ്യമായവരുമായ കുട്ടികൾക്കായിട്ടാണ് ഈ സ്ഥാപനം ഉദ്ദേശിച്ചിരിക്കുന്നത്. 1998 ലെ പ്രൊവിൻഷ്യൽ സിനാക്സിസ്സ് തീരുമാന പ്രകാരം മഠങ്ങളിൽ (ബഥനി) സ്ഥിരം ഹൗസ് മെയ്ഡ്സായി (House maids) വന്നിട്ടുള്ള സ്ത്രീകൾ പ്രായാധിക്യത്തിൽ ജോലി ചെയ്യാൻ അപ്രാപ്തരാകുമ്പോൾ അവരെ സുരക്ഷിതമായി താമസിപ്പിച്ച് ശുശ്രൂഷിക്കുന്നതിന് ഇവിടെ ഒരു സെക്ഷൻ വേർതിരിച്ചിട്ടുണ്ട്.

ചുറ്റും മതിൽകെട്ടി സുരക്ഷിതമാക്കിയിട്ടുള്ള ശാന്തിഭവൻ അന്തരീക്ഷത്തിൽ മന്ദബുദ്ധികളെങ്കിലും കുട്ടികൾ സുരക്ഷിതരും സ്വതന്ത്രരുമാണ്. പ്രാർത്ഥനയും കായികാഭ്യാസങ്ങളും വിനോദങ്ങളും കളികളും കുട്ടികളെ കൂടുതൽ ഉത്സാഹികളും സംസ്കാരസമ്പന്നരുമാക്കുന്നു.

**31. ബാംഗ്ളൂർ ബഥനി മഠം (25-3-1999)**

33/1 ഭാരതി ലേ ഔട്ട്, ഫസ്റ്റ് ക്രോസ് - ഫസ്റ്റ് മെയ്ൻ, എസ്. ജി. പാലയാർ, ധർമാരാം പി.ഒ., ബാഗ്ലൂർ - 560 029

ബാംഗ്ലൂരിൽ സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ സേവനത്തിനും പഠനത്തിനുമായി സിസ്റ്റേഴ്സിനു 1999 മുതൽ അവസരം ലഭിച്ചു എന്നതാണ് ഇവിടെയൊരു മഠം തുടങ്ങുന്നതിനു പ്രചോദനമായത്. അന്നു പ്രൊവിൻഷ്യലായിരുന്ന മദർ സെറീനയാണ് ഇതിനു മുൻകൈയെടുത്തത്. ഹോളി ഫാമിലി കോൺവെന്റ് സുപ്പീരിയറായിരുന്ന സിസ്റ്റർ സ്റ്റീഫൻ മേരിയുടെ സഹായത്തോടെ അവിടെ അടുത്തൊരു വീട് വിലയ്ക്കു വാങ്ങി. ബാംഗ്ളൂർ ആർച്ചുബിഷപ്പ് ഡോക്ടർ ഇഗ്നേഷ്യസ് പിന്റോ തിരുമേനിയിൽനിന്നും മഠം തുടങ്ങാനുള്ള രേഖാമൂലമായ അനുവാദവും ലഭ്യമായി.

www.malankaralibrary.com



1999 മാർച്ച് 25-ാം തീയതി ബ. സെബാസ്റ്റ്യൻ കീപ്പള്ളിയച്ചൻ (ബത്തേരി രൂപത) വീടു കൂദാശ ചെയ്തു. അന്നുമുതൽ സിസ്റ്റേഴ്സ് ഈവാനിയ, ദർശനാ മേരി, ദിവ്യ, അനറ്റ്, കൊച്ചുറാണി, റിജോയ്സ് എന്നിവർ അവിടെ താമസമായെങ്കിലും ജൂൺ മാസം 2-ാം തീയതിയാണ് സുപ്പീരിയറായി നിയമിക്കപ്പെട്ട സിസ്റ്റർ വിനീത എത്തിച്ചേർന്നത്.

കെട്ടിടത്തിന്റെ ഒരു മുറിയാണ് ചാപ്പലായി ഉപയോഗിക്കുന്നത്.

ഉദ്യോഗാർത്ഥം എത്തുന്ന സ്ത്രീകളുടെ സൗകര്യത്തിനായി മഠം കെട്ടിടത്തിന്റെ രണ്ടാംനില ക്രമീകരിക്കയും വർക്കിംഗ് വിമൻ ഹോസ്റ്റലാക്കുകയും ചെയ് തിട്ടുണ്ട്. 2000 ഏപ്രിൽ 6 ന് കെട്ടിടം കൂദാശ ചെയ്ത് താമസം ആരംഭിച്ചു. സിസ്റ്റേഴ്സ് ഇടവക പ്രവർത്തനങ്ങൾക്കും സഹായം നല്കുന്നു.

**32. പൂനാ ദേഹൂറോഡ് - ബഥനിമഠം (6-6-2001)**

മീന കോളനി, വികാസ് നഗർ, കിവാൾ, ഡൽഹി റോഡ്, പൂന - 412 113

പൂനാ ദേഹൂറോഡിൽ മീനാകോളനിയിൽ വികാസ് നഗറിലാണ് ബഥനിമഠം. ഇവിടെ തിരുവല്ല രൂപതയുടെ ഒരു പള്ളിയുണ്ട്. മഠത്തിനായി ഒരു കെട്ടിടവും പള്ളിക്കടുത്ത് കുറച്ചു സ്ഥലവും നേരത്തേതന്നെ വിലയ്ക്കു വാങ്ങിയിരുന്നു. പള്ളിയുടെ കൂദാശകർമ്മത്തിൽ സംബന്ധിക്കാനായി അന്നു പ്രൊവിൻഷ്യലായിരുന്ന മദർ സെറീന ദേഹൂറോഡിൽ എത്തിയിരുന്നു. ഈ സന്ദർഭത്തിൽ വികാരിയായിരുന്ന ബ. ആന്റണി പടിപ്പുരയ്ക്കൽ ഒ. ഐ. സി. അച്ചൻ അവിടെയൊരു സ്കൂൾ ആരംഭിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് മദറിനെ ബോദ്ധ്യപ്പെടുത്തി. തന്നെയല്ല പിറ്റെന്നാൾതന്നെ കൂടിയ ഇടവക യോഗത്തിൽ മദറിനെയും സിസ്റ്റർ ഹിലാരിയായെയും ക്ഷണിക്കുകയും സ്കൂൾ തുടങ്ങുന്നതിനുള്ള നടപടികൾ രൂപപ്പെടുത്തുകയും ചെയ്തു.

പള്ളിക്കെട്ടിടത്തിന്റെ ഗ്രൗണ്ട്ഫ്ളോർ തത്ക്കാലം LKG & UKG ക്ലാസ്സുകൾക്കായി ക്രമീകരിക്കുന്നതിന് സിസ്റ്റർ ഹിലാരിയായെ ഏല്പിക്കുകയായിരുന്നു. 2001 ൽ സിസ്റ്റർ ഹിലാരിയ പ്രൊവിൻഷ്യൽ പ്രൊക്കുറേറ്ററായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ സിസ്റ്റർ അമല അവിടെയെത്തുകയും ക്രമീകരണങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 2001 ജൂൺ 6 ന് മഠത്തിന്റെ കൂദാശ കർമ്മം നിർവഹിക്കപ്പെട്ടു. പുതിയ മദർ പ്രൊവിൻഷ്യൽ മദർ ബഞ്ചമിനാണ് പിന്നീട് മഠത്തിനു വേണ്ടതെല്ലാം ചെയ്തത്. സിസ്റ്റർ അമലയും സിസ്റ്റർ ബൻസിറ്റയുമാണ് ആദ്യമഠാംഗങ്ങൾ. സിസ്റ്റർ അമല സ്കൂൾ ഹെഡ് മിസ്ട്രസ്സുകൂടിയാണ്. അടുത്തുള്ള ഇടവക പ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുന്നു. ദേഹൂറോഡിൽതന്നെ കുറച്ചു സ്ഥലം കൂടി സ്കൂളിനു വേണ്ടി വാങ്ങുകയുണ്ടായി.



**33. കല്ലാർ ബഥനി മഠം (3-7-2001)**

കല്ലാർ, ചെമ്പിളാവ്, പി.ഒ., നെടുംകണ്ടം - 85 553

ഇടുക്കിജില്ലയിൽ നെടുങ്കണ്ടത്തുള്ള കല്ലാർ എന്ന സ്ഥലത്താണ് ഈ മഠം. കല്ലാറിൽ ബഥനി ആശ്രമത്തിന് ഒരു മന്ദിരമുണ്ട്. ഹൈറേഞ്ചു മേഖലകളിലുള്ള ഇടവകകളിൽ സിസ്റ്റേഴ്സ് നേരത്തേ മുതൽ ഭവനസന്ദർശനങ്ങൾ നടത്താറുണ്ടായിരുന്നു. കല്ലാറിൽ ഒരു മഠം കൂടെയുണ്ടെങ്കിൽ ഇടവകകളുടെ വളർച്ചയ്ക്ക് അതു വളരെ ഉപകരിക്കുമെന്ന് കല്ലാർ ആശ്രമസ്ഥരും ഇടവക ജനങ്ങളും മനസ്സിലാക്കി അന്നു പ്രൊവിൻഷ്യലായിരുന്ന മദർ സെറീനായോട് അഭ്യർത്ഥിച്ചതിന്റെ ഫലമായിട്ടാണ് ഒരു മഠം തുടങ്ങാൻ തീരുമാനമായത്. കല്ലാറിൽ അതിനായി ഒരേക്കർ സ്ഥലം വാങ്ങി. എത്രയും വേഗം സിസ്റ്റേഴ്സ് എത്തണമെന്ന ഇടവകക്കാരുടെ ആഗ്രഹപ്രകാരം സിസ്റ്റേഴ്സിനു വാങ്ങിയ സ്ഥലത്തോടു ചേർന്ന് പണിയപ്പെട്ടിരുന്ന പുതിയ വീട് മദർ വാടകയ്ക്കെടുത്തു. ബ. ജോർജ്ജ് തോമസച്ചൻ (ബഥനി സുപ്പീരിയർ ജനറൽ) ഒ. ഐ. സി. 2001 ജൂലായ് മാസം 3-ാം തീയതി വീട് കൂദാശ ചെയ്തു. സിസ്റ്റേഴ്സ് അലീഷ്യ, നിർമൽ എന്നിവരാണ് ആദ്യാംഗങ്ങൾ.

സിസ്റ്റേഴ്സ് ഇടവകജോലികളിൽ സദാ വ്യാപൃതരാണ് പ്രത്യേകിച്ച് മതബോധനം, പ്രാർത്ഥനായോഗങ്ങൾ, ഭവനസന്ദർശനം മുതലായവയിൽ ശ്രദ്ധിക്കുന്നു.

**34 കരിമ്പ - ബഥനിമഠം**

കരിമ്പ പി.ഒ., മച്ചാന്തോട്, പാലക്കാട് - 678 597

പാലക്കാട് ജില്ലയിൽ കരിമ്പ എന്ന സ്ഥലത്താണ് ബഥനിയുടെ ഈ മന്ദിരം സ്ഥിതി ചെയ്യുന്നത്. തിരുവല്ല രൂപതയുടെ ഒരു പള്ളി ഇവിടെയുണ്ട്. ഈ ഇടവകയിൽ സിസ്റ്റേഴ്സിന്റെ സേവനം ആവശ്യപ്പെട്ടുകൊണ്ട് വികാരിയച്ചൻ ബ. വിൽസൻ വേലിക്കകത്ത് അന്നു പ്രൊവിൻഷ്യലായിരുന്ന മദർ സെറീനായെ സമീപിച്ചു. പാലക്കാട്ടു പ്രദേശത്ത് ബഥനിക്കു സേവനരംഗങ്ങൾ ഇല്ലാത്തതിനാലും ഇടവകജനങ്ങളും ബ. വികാരിയച്ചനും നിർബന്ധിച്ചതിനാലും ഒരു മഠം തുടങ്ങാൻ നിശ്ചയിക്കുകയായിരുന്നു. അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയും വേണ്ട പ്രോത്സാഹനം നല്കുകയുണ്ടായി.

2000 മാർച്ചുമാസം 5-ാം തീയതി കരിമ്പ ഇടവകപ്പള്ളിയുടെ അടുത്ത് രണ്ട് ഏക്കർ സ്ഥലം വാങ്ങി. 2000 മെയ് അവസാനം മുതൽ പീച്ചി മഠത്തിൽ താമ സിച്ചുകൊണ്ട് കരിമ്പയിലെത്തി സിസ്റ്റേഴ്സ് അൽഫോൻസ് മരിയയും ലിൻഡയും കൂടി ഇടവക പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നു. ആഴ്ചയുടെ അവസാനത്തിൽ കരിമ്പയിലെത്തുന്ന സിസ്റ്റേഴ്സ് വള്ളിക്കാട്ട്

www.malankaralibrary.com



ഭവനത്തിൽ (ശ്രീ മോനിച്ചന്റെ വീട്) താമസിച്ചുകൊണ്ടാണ് ഇടവകയിൽ ജോലി ചെയ്തിരുന്നത്. സിസ്റ്റേഴ്സിന്റെ യാത്രാക്ലേശത്തിൽ അലിവു തോന്നിയ വള്ളിക്കാട്ടിൽ കുടുംബം അവരുടെ ഒരു ചെറിയ ഭവനം തത്ക്കാലത്തേക്ക് സിസ്റ്റേഴ്സിനു നല്കി. അപ്പോഴേക്കും 2001 ൽ പ്രൊവിൻഷ്യൽ സ്ഥാനത്തേക്കുമാറിവന്ന മദർ ബഞ്ചമിൻ കുറച്ചു സ്ഥലംകൂടി ആദ്യസ്ഥലത്തോടു ചേർന്നു കിടന്നത് വാങ്ങിയിരുന്നു, എങ്കിലും വള്ളിക്കാട്ടു കുടുംബം നല്കിയ വീട് ചില്ലറ അറ്റകുറ്റപ്പണികൾക്കുശേഷം സിസ്റ്റേഴ്സിന്റെ താമസത്തിനായി ഒരുക്കി. 2001 ജൂലായ് 21 ന് അവിടെ ഡിസ്ട്രിക്ട് വികാരിയായിരുന്ന ബ. ജോൺ തോമസ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വീടു കൂദാശ ചെയ്യുകയും സിസ്റ്റേഴ്സ് അവിടെ താമസമാക്കുകയും ചെയ്തു.

സിസ്റ്റേഴ്സ് കരിമ്പ, ചിറയ്ക്കപ്പടി, എന്നീ ഇടവകകളിൽ മതബോധനം, ഭവനസന്ദർശനം, പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയവ നടത്തുന്നു ഇവയ്ക്കു പുറമെ അയൽകൂട്ടങ്ങളെ സംഘടിപ്പിക്കുന്നതിനും അതീവ ശ്രദ്ധാലുക്കളാണ്.

**35. ബത്തോള - ഫരീദാബാദ് ബഥനിമഠം (13-11-2001)**

ബഥനി നഗർ, ബത്തോള, തിഗാവൺറോഡ്, ബാറൌളി പി.ഒ., ഫരീദാബാദ്
H.R. Dist - 121 004

ഫരീദാബാദിൽ 1993 ൽ മഠം തുടങ്ങിയിരുന്നതായി മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. മഠത്തോടനുബന്ധിച്ച് നഴ്സറി, എൽ. പി. സ്കൂളുകൾ നടത്തിയിരുന്നു. താമസിക്കുന്ന കെട്ടിടത്തിൽ തന്നെ സ്കൂൾ നടത്തുന്നത് നിയമസാധുതയില്ലാത്തതാണെന്ന് ബോദ്ധ്യമായതിനാൽ ഹരിയാനായിൽത്തന്നെ ബത്തോളായെന്ന സ്ഥലത്ത് കുറെ സ്ഥലം വാങ്ങിയിരുന്നു. അവിടെ സ്കൂൾ കെട്ടിടം ഉണ്ടാക്കിയെങ്കിലും മഠം ഉണ്ടായിരുന്നില്ല. സിസ്റ്റേഴ്സ് ഫരീദാബാദിൽ നിന്നും അവിടേക്കു പോയി ക്ലാസ്സുകൾ നടത്തുകയായിരുന്നു. ബത്തോളായിലേക്കു പോയിവന്നു പഠിപ്പിക്കുന്നത് സ്കൂളിന്റെ സുഗമമായ വളർച്ചയ്ക്കും നടത്തിപ്പിനും ബുദ്ധിമുട്ടായതിനാൽ ബത്തോളായിൽ സ്കൂളിനോടു ചേർന്നു കിടന്ന സ്ഥലത്ത് മഠത്തിനായി ഒരു ചെറിയ കെട്ടിടമുണ്ടാക്കി. 2001 നവംബർ 13 ന് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി (തിരുവനന്തപുരം സഹായമെത്രാൻ) അതിന്റെ കൂദാശകർമ്മം നിർവഹിച്ചു. സിസ്റ്റർ ഗ്ലാഡിസ്, സിസ്റ്റർ വന്ദന, സിസ്റ്റർ മരിയ തെരേസ് എന്നിവർ അവിടെ താമസമാരംഭിച്ചു. സിസ്റ്റർ ഗ്ലാഡിസ് സുപ്പീരിയറും സിസ്റ്റർ വന്ദന സ്കൂളിന്റെ ഹെഡ്മിട്രസ്സുമാണ്.

സ്കൂൾ ജോലി മാത്രമല്ല ഇടവക പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് ഉത്സുകരാണ്.



## പ്രൊവിൻസിന്റെ സ്ഥാപനങ്ങൾ

പ്രൊവിൻസിൽ മന്ദിരങ്ങളിൽ മാത്രമല്ല രൂപത വക സ്ഥാപനങ്ങളിലും സിസ്റ്റേഴ്സ് ചുമതല വഹിക്കുന്നുണ്ട്.

**1. പുത്തനങ്ങാടി - ഹോസ്റ്റൽ, ബാലഭവൻ (29-1-1951)**
പുത്തനങ്ങാടി, പി.ഒ., കോട്ടയം 686 001

അനാഥരാകുന്ന പെൺകുട്ടികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി തിരുവല്ല രൂപത പുത്തനങ്ങാടിയിൽ ഒരു കെട്ടിടം വാങ്ങിയിരുന്നു. കോട്ടയം ജില്ലയിൽ പുത്തനങ്ങാടി ചെറിയപള്ളിക്കടുത്താണ് ഈ സ്ഥാപനം. പെൺകുട്ടികളെ വളർത്തുന്നതിന് സിസ്റ്റേഴ്സാണ് ഉത്തമമെന്നു കരുതി അഭിവന്ദ്യ ജോസഫ് മാർ സെവേറിയോസ് തിരുമേനി അന്ന് തിരുവല്ലയിൽ ബഥനിയുടെ അദ്ധ്യക്ഷയായിരുന്ന മദർ ഹൂബയെ ആ ചുമതല ഏല്പിക്കുകയായിരുന്നു. 1951 ജനുവരി 29 ന് അഭിവന്ദ്യ പിതാവുതന്നെ ആ ഭവനം വി. യൗസേപ്പു പിതാവിന്റെ നാമത്തിൽ കൂദാശചെയ്ത് സിസ്റ്റേഴ്സിനെ ഏല്പിച്ചു. സിസ്റ്റർ ആൻ ആണ് ആദ്യത്തെ സുപ്പീരിയർ.

കഷ്ടപ്പെടുന്ന ജീവിതസാഹചര്യങ്ങളുള്ളവരും കുഞ്ഞുങ്ങൾക്ക് ആവശ്യമായ വിദ്യാഭ്യാസം നല്കാൻ വിഷമിക്കുന്നവരുമായ മാതാപിതാക്കളുടെ മക്കളെയാണ് ഇവിടത്തെ ബാലഭവനിൽ സ്വീകരിക്കുന്നത്. അടുത്തുള്ള സ്കൂളുകളിലയച്ച് കുട്ടികൾക്കു വിദ്യാഭ്യാസം നല്കുന്നതിലും മാനസികവും ശാരീരികവും ബൗദ്ധികവുമായ അവരുടെ വളർച്ചയിലും സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നു.

കോട്ടയത്തുള്ള വിവിധ കോളജുകൾ, ഇതര സ്ഥാപനങ്ങൾ ഇവിടെയെല്ലാം പഠനത്തിനായി എത്തുന്ന പെൺകുട്ടികൾക്കുകൂടി താമസ സൗകര്യം ആവശ്യപ്പെട്ടുകൊണ്ട് ധാരാളംപേർ എത്തിയതിന്റെ വെളിച്ചത്തിൽ അവിടെ ഒരു ഹോസ്റ്റൽ കൂടെ ആരംഭിക്കുന്നതിന് രൂപത നിർബന്ധിതമായി. താമസിയാതെ ഹോസ്റ്റലിനും, ബാലമന്ദിരത്തിനും പ്രത്യേകം പ്രത്യേകം കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടു. തന്നെയല്ല ഉപരിപഠനത്തിനെത്തുന്ന ബഥനിയിലെ സിസ്റ്റേഴ്സിനും ഈ സ്ഥാപനം ഒരത്താണിയാണ്. ഇവിടെ വാർദ്ധനായും പഠനത്തിനായും എത്തുന്ന സിസ്റ്റേഴ്സ് അടുത്ത ഇടവകകളിൽ സഹായിക്കുന്നതിലും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലും ഉത്സുകരാണ്.

**2. ക്ലേർജിഹോം (1-6-1975)**

പ്രായാധിക്യത്തിലും രോഗസൗഖ്യശേഷമുള്ള വിശ്രമത്തിനുമായി ബ. വൈദികർക്കുവേണ്ടി പുഷ്പഗിരി ആശുപത്രിക്കടുത്ത് സ്ഥാപിച്ചിട്ടുള്ള

www.malankaralibrary.com



വിശ്രമകേന്ദ്രമാണ് ക്ലേർജിഹോം. ഇവിടെ വിശ്രമത്തിനെത്തുന്ന ബ. വൈദി കർക്ക് ആവശ്യമായ ശുശ്രൂഷാസേവനത്തിനായി 1975 മുതൽ സിസ്റ്റേഴ്സ് നിയോഗിക്കപ്പെട്ടിരുന്നു. ആരംഭകാലത്ത് പുഷ്പഗിരി മഠത്തിൽ താമസിച്ചു കൊണ്ടാണ് ക്ലേർജിഹോമിൽ വന്ന് സ്നേഹശുശ്രൂഷയ്ക്ക് നിയോഗിക്ക പ്പെട്ടിരുന്നത്. മദർ മോനിയ്ക്ക പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്നപ്പോഴാണ് ഈ സേവനത്തിനാരംഭം കുറിച്ചത്.

1981 ൽ മദർ അനൻസിയേറ്റ പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്നപ്പോൾ മഠത്തിനായി ക്ലേർജിഹോമിന് തൊട്ടടുത്ത് ഒരു കെട്ടിടം നിർമ്മിച്ച് സിസ്റ്റേഴ്സ് അവിടെ താമസിച്ചുകൊണ്ട് ഈ സേവനം തുടരുന്നു.

**3. ഗുഡ് സമാരീറ്റൻ ഹോം (12-7-1987)**

ഗാന്ധിനഗർ പി.ഒ., കോട്ടയം - 686 008

കോട്ടയം ജില്ലയിൽ അർപ്പൂക്കര ഗാന്ധി നഗറിലാണ് ഈ സ്ഥാപനം. കോട്ടയം മെഡിക്കൽ കോളജിനടുത്ത് തിരുവല്ല രൂപതവകയായി കുറച്ചുസ്ഥലമുണ്ടായിരുന്നു. മെഡിക്കൽ കോളജ് ആശുപത്രിയിൽ രോഗികളായും രോഗീശുശ്രൂഷകരായും വരുന്ന ആളുകൾക്ക് ആവശ്യ മെങ്കിൽ താമസിക്കുന്നതിനുള്ള സൗകര്യം നല്കുക എന്ന കാരുണ്യത്തിന്റെ ലക്ഷ്യത്തോടെ ഇവിടെ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിന് അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനി തീരുമാനിക്കുകയായിരുന്നു. അതിനായി ഒരു കെട്ടിടം നിർമ്മിച്ച് 1987 ജൂലായ് 12-ാം തീയതി അഭിവന്ദ്യ തിരുമേനി തന്നെ അതിന്റെ കൂദാശ നടത്തി, ഗുഡ് സമാരീറ്റൻ ഹോം (Good Samaritan Home) എന്ന പേരും നല്കി അതിന്റെ നടത്തിപ്പിനായി അന്നു പ്രൊവിൻഷ്യലാ യിരുന്ന മദർ പേഷ്യൻസിനെ ഏല്പിക്കുകയായിരുന്നു.

സിസ്റ്റർ മേരി മാഗ്ദലീന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഗുഡ് സമാരീറ്റ നിൽ സേവനമാരംഭിച്ചു. കാലക്രമത്തിൽ ചില നിർബന്ധത്തിന്റെ പേരിൽ ഏതാനും മെഡിക്കൽ വിദ്യാർത്ഥികളെയും ഏതാനും ഡോക്ടേഴ്സിനെയും ഇവിടെ താമസിപ്പിക്കേണ്ടതായിവന്നു. ഇതേത്തുടർന്ന് ചില ഉദ്യോഗസ്ഥരും താമസത്തിനെത്തി. അങ്ങനെ ഗുഡ് സമാരീറ്റൻഹോം ഒരു ഹോസ്റ്റൽ രീതി യിലെത്തിയെന്നു പറയാം. എന്നാൽ ഹോമിന്റെ ലക്ഷ്യത്തിൽ തിരിച്ചെത്താ നുള്ള തീരുമാനത്തിൽ 1977 മുതൽ രോഗികൾക്കും രോഗീപരിചരണത്തിനെ ത്തുന്നവർക്കും മുൻഗണന നല്കിത്തുടങ്ങി. കൂടാതെ ലേഡീ ഡോക്ടേ ഴ്സിനും പെൺകുട്ടികൾക്കും മാത്രം അത്യാവശ്യമെങ്കിൽ പ്രവേശനം നല് കാനും തീരുമാനമായി. അങ്ങനെ ഗുഡ്സമാരീറ്റൻ ഹോം അതിന്റെ ലക്ഷ്യ ത്തിലെത്തി പ്രവർത്തനനിരതമായി ആവശ്യക്കാർക്ക് അത്താണിയായി മുന്നേറുന്നു.



ഇവിടെ അംഗങ്ങളായെത്തുന്ന സിസ്റ്റേഴ്സ് മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ രോഗീസന്ദർശനം, അടുത്ത ഇടവകകളിൽ മതബോധനം മുതലായ പ്രവർത്തനങ്ങളിലും ശ്രദ്ധ ചെലുത്തുന്നു.

**4. ജർമ്മനി**

ജർമ്മനിയിൽ ബെറ്റ്സ് ഡോർഫ് (Bets dorf) എന്ന സ്ഥലത്തുള്ള ഒരു പാരീഷ് ഹോസ്പിറ്റലിൽ സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമെന്ന് അവരുടെ ബിഷപ്പ്, അഭിവന്ദ്യ അത്തനാസിയോസ് തിരുമേനിയെ അറിയിക്കുക യുണ്ടായി. വിവരം അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ മേരി മാഗ്ദലീനെ അറിയിക്കുകയും അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശവും ക്രമീകരണ വുമനുസരിച്ച് 1971 മാർച്ചുമാസം 12-ാം തീയതി മദർ ജനറൽ മദർ ഫിലോമിന (TLA)യുടെ അനുവാദത്തോടെ സിസ്റ്റേഴ്സിനെ ജർമ്മനിയിലേക്ക് അയയ്ക്കുകയും ചെയ്തു. സിസ്റ്റർ ജസീന്ത, സിസ്റ്റർ ബർക്കുമാൻസ്, സിസ്റ്റർ ചെറുപുഷ്പ എന്നിവരാണ് ആദ്യം പോയ സിസ്റ്റേഴ്സ്. മൂന്നുവർഷമായിരുന്നു കാലാവധി. എന്നാൽ അസുഖം കാരണം കുറച്ചുകഴിഞ്ഞ് സിസ്റ്റർ ജസീന്ത മടങ്ങിപ്പോരികയുണ്ടായി. 1974 ഫെബ്രുവരി 14 ന് അടുത്ത മൂന്നു വർഷത്തേക്ക് സിസ്റ്റേഴ്സ് ഇന്നസൻസിയ, മരിയ എന്നി വരും പ്രസ്തുത ആശുപത്രിയിൽ തന്നെ സേവനം ചെയ്തു. മൂന്നുവർഷ കാലാവധിയിൽ 1977 ൽ സിസ്റ്റേഴ്സിനെ തിരികെ വിളിക്കുകയായിരുന്നു.

1983 ൽ ബഥനി സിസ്റ്റേഴ്സ് ജനറലേറ്റിന്റെ നേരിട്ടുള്ള ചുമതലയിൽ ജർമ്മനിയിൽ സ്റ്റുട്ട്ഗാർട്ട് എന്ന സ്ഥലത്ത് രണ്ടു വൃദ്ധമന്ദിരങ്ങൾ ആരംഭിച്ചു. കാരിത്താസ് ജർമ്മനിയുടെ വകയായ പ്രസ്തുത വൃദ്ധമന്ദിരങ്ങളിൽ - H.A.M. Guttenbrunn, Rottenburgh, Haus Martinus, Marian Strasse -തിരുവല്ല പ്രൊവിൻസിൽ നിന്നും 1983 ജനുവരി 3 മുതൽ സിസ്റ്റേഴ്സ് സേവനം അനുഷ്ഠിക്കുന്നു. സിസ്റ്റേഴ്സ് ആവശ്യാനുസരണം മാറിയെത്തുന്നു എങ്കിലും സേവനം തുടരുകയാണ്. ഇപ്പോൾ അഞ്ചു സിസ്റ്റേഴ്സ് അവിടെയുണ്ട്.

കൂടാതെ ജർമ്മനിയിൽതന്നെ റക്ലിംഗ് ഹൗസനിൽ (Reckling Housne) കാരിത്താസിന്റെ വകയായുള്ള വൃദ്ധമന്ദിരത്തിൽ 1988 മുതൽ തിരുവല്ല പ്രൊവിൻസിന്റെ തന്നെ ചുമതലയിൽ എട്ടു സിസ്റ്റേഴ്സ് സേവനം അനു ഷ്ഠിക്കുന്നു. പ്രായാധിക്യത്താൽ ക്ഷീണിതരും പരസഹായം അത്യാവ ശ്യമായവരുമായ ആളുകളുടെ സങ്കേതമായ വൃദ്ധമന്ദിരങ്ങളിൽ സിസ്റ്റേഴ്സ് ചെയ്യുന്ന സേവനം അത്യുത്കൃഷ്ടവും ജീവകാരുണ്യപരവുമാണെന്നതിൽ സംശയമില്ല.

www.malankaralibrary.com



തന്നെയല്ല പ്രൊവിൻസിന്റെ സാമ്പത്തികനിലയെ സഹായിക്കുന്നതിൽ ഒരു നല്ല പങ്ക് ജർമ്മനിയിലെ ഈ കർമ്മപരിപാടികൾക്കുണ്ട് എന്നതും മറക്കാവതല്ല.

**5. SEERI സെന്റ് എഫ്രേംസ് എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (1-6-1992)**
ബേക്കർ ഹിൽസ് പി.ഒ., കോട്ടയം -686 001

കോട്ടയം ജില്ലയിൽ ബേക്കൽഹിൽ എന്ന സ്ഥലത്തുള്ള തിരുവല്ല രൂപതയുടെ ഒരു സ്ഥാപനമാണ് 'സീരി' എന്ന പേരിലറിയപ്പെടുന്ന സെന്റ് എഫ്രേംസ് എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. 1992 ജൂൺ ഒന്നാം തീയതി മുതലാണ് തിരുവല്ല പ്രൊവിൻസിൽ നിന്നുള്ള സിസ്റ്റേഴ്സ് ഇവിടെ സേവനം ആരംഭിച്ചത്. സിസ്റ്റർ സെറാഫിയ ആയിരുന്നു ഇവിടെ ആദ്യം നിയമിക്കപ്പെട്ടത്. ഹൗസ് മാനേജ്മെന്റ്, ലൈബ്രറി, ചാപ്പൽ എന്നിവയാണ് സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലുള്ളത്. സിസ്റ്റേഴ്സിനു താമസത്തിനുള്ള പ്രത്യേക കെട്ടിടം ക്രമീകരിച്ചിട്ടുണ്ട്. സിസ്റ്റേഴ്സ് മാറിമാറി ഇവിടെ നിയോഗിക്കപ്പെടാറുണ്ട്. ഇപ്പോൾ ഇതിന്റെ ചുമതല സിസ്റ്റർ ഫെലിക്സ് നിർവഹിക്കുന്നു. സിസ്റ്ററിനെ കൂടാതെ സിസ്റ്ററിന്റെ സഹായത്തിനായും ഉപരിപഠനത്തിനായി സീരിയ്ക്കടുത്തുള്ള കോളജുകളിലേക്കയക്കപ്പെടുന്ന ചില സിസ്റ്റേഴ്സും ഇവിടെ താമസിക്കാറുണ്ട്. ഓരോ വർഷവും രണ്ടുപേരെങ്കിലും ഇവിടെ ഉണ്ടായിരിക്കും.

**6. ബോധന**
തുകലശ്ശേരി പി.ഒ., തിരുവല്ല - 689 101

തിരുവല്ല രൂപതയുടെ സാമൂഹ്യസേവന പരിശീലനകേന്ദ്രമായ 'ബോധന' തിരുവല്ലയിൽ തുകലശ്ശേരി എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ഇതിലെ വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഹോം നഴ്സസ് പരിശീലനം. ഈ പരിശീലന വിഭാഗത്തിന്റെ ചുമതലയാണ് ബഥനി സിസ്റ്റേഴ്സിനുള്ളത്. 1996 മെയ് മാസം 9-ാം തീയതി 'ബോധന' കെട്ടിടം അഭിവന്ദ്യ മാർ ഗീവറുഗീസ് തിമോത്തിയോസ് തിരുമേനി കൂദാശ ചെയ്തു. അതോടൊപ്പം ഹോം നഴ്സസ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയും സിസ്റ്റർ ഫബിയോളായെ അതിന്റെ നേതൃത്വം ഏല്പിക്കുകയും ചെയ്തു. ആശുപത്രികളിലോ ഭവനങ്ങളിലോ രോഗികളായോ അവശരായോ കിടക്കുന്നവർക്ക് ആവശ്യമായ ശുശ്രൂഷ സ്നേഹപൂർവ്വം ചെയ്തുകൊടുക്കാനായി യുവതികളെ പരിശീലിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സാമാന്യവിദ്യാഭ്യാസശേഷം ഉപരിപഠനം അസാദ്ധ്യമായിത്തീരുന്ന



യുവതികൾക്ക് സേവനരംഗവും അവരുടെ ഭാവിപരിപാടികൾക്കായുള്ള ധനസമ്പാദനമാർഗ്ഗവും തുറന്നുകൊടുക്കുന്ന ശ്രേഷ്ഠമായ ഒരു പ്രോഗ്രാമാണ് ഹോം നഴ്സിംഗ് പരിശീലനം.

പരിശീലനം പൂർത്തിയാക്കുന്നവരെ രോഗീപരിചരണം അത്യാവശ്യമായിവരുന്ന രോഗികളുടെ ഭവനങ്ങളിൽ അവരാവശ്യപ്പെടുന്നതനുസരിച്ച് ബോധനയിൽ നിന്നുതന്നെ നിയമനം ശരിയാക്കുന്നു. രോഗികൾക്കുവേണ്ടി മാത്രമാണ് ഇവർ നിയോഗിക്കപ്പെടുന്നത്. വർഷംതോറും 50 ൽപരം പെൺകുട്ടികൾ പരിശീലനം കഴിഞ്ഞ് ഭവനങ്ങളിലും ആശുപത്രികളിലുമായി സേവനം അനുഷ്ഠിക്കുന്നു. സിസ്റ്റർ എമിലിയാണ് ഇപ്പോൾ രൂപതയുടെ വിമൻസ് സെക്ഷൻ കോ-ഓർഡിനേറ്ററായി നിയമിക്കപ്പെട്ടിരിക്കുന്നത്.

**7. മുത്തൂർ അഭയഭവൻ (31-5-1996)**
മുത്തൂർ പി.ഒ., തിരുവല്ല - 689 107

തിരുവല്ലായിൽ മുത്തൂർ എന്ന സ്ഥലത്താണ് ഈ സ്ഥാപനം. വിവിധ ക്രൈസ്തവ സഭാസമൂഹങ്ങൾ ഒന്നിച്ചുചേർന്നുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് ഇങ്ങനെയൊരു പദ്ധതിക്ക് രൂപം കൊടുത്തത്. 25 സ്ഥിരാംഗങ്ങളുള്ള ഈ സൊസൈറ്റി 1992 ഓഗസ്റ്റ് 12-ാം തീയതി റജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ സൊസൈറ്റി മെംബേഴ്സ് തിരുവല്ല രൂപതാ മെത്രാൻ അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയെ കണ്ട് അവരുടെ സംരംഭത്തെക്കുറിച്ച് വിശദീകരിക്കയും ബഥനി സിസ്റ്റേഴ്സിന്റെ സേവനം അഭ്യർത്ഥിക്കയും ചെയ്തു. അതിൻപ്രകാരം അഭിവന്ദ്യപിതാവ് അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ജയിനിനെ വിവരം ധരിപ്പിക്കുകയും പുഷ്പഗിരി ഹോസ്പിറ്റൽ സിസ്റ്റേഴ്സുമായി ആലോചിച്ച് തീരുമാനമെടുക്കുകയും ചെയ്തു. സാധുജനസേവന തല്പരയും അന്ന് നഴ്സിംഗ് പ്രിൻസിപ്പാളുമായിരുന്ന സിസ്റ്റർ ലൂസി ഔദാര്യ പൂർവ്വം സന്നദ്ധത പ്രകടിപ്പിച്ചു. കൂടാതെ മദ്രാസിൽ 'നവനിർമ്മാണ' ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നേടിയശേഷം തിരുവല്ല രൂപതാ സോഷ്യൽ സർവീസ് പ്രവർത്തനങ്ങളിൽ വിശിഷ്ടസേവനം അർപ്പിച്ചിരുന്ന സിസ്റ്റർ ക്ലാരയും ഈ അഭയഭവനിൽ സേവനമനുഷ്ഠിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. മദർ പ്രൊവിൻഷ്യൽ സന്തോഷത്തോടെ രണ്ടുപേരെയും അതിനനുവദിച്ചു എന്നു മാത്രമല്ല വേണ്ട സഹായമെല്ലാം ചെയ്യാൻ തയ്യാറാവുകയും ചെയ്തു.

2000-ാമാണ്ടിൽ പുഷ്പഗിരി ആശുപത്രിയിൽ നിന്നും വിരമിക്കുംവരെയും സിസ്റ്റർ ലൂസി പുഷ്പഗിരിയിൽ നിന്നുവന്ന് സിസ്റ്റർ ക്ലാരയൊന്നിച്ച് ജോലി ചെയ്തിരുന്നു. ഒരു നല്ല തുടക്കം കുറിച്ച അഭയഭവൻ വിളംബംവിനാ

www.malankaralibrary.com



പൊതു ജനശ്രദ്ധ പിടിച്ചുപറ്റിയെന്നത് ദൈവനിയോഗംതന്നെ എന്നുപറയാം. തിരുവല്ല പട്ടണത്തിൽ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന യാചകരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി തിരുവല്ല Y.M.C.A. യുടെ നേതൃത്വത്തിൽ ആരംഭിച്ചിരുന്ന പദ്ധതികൾക്ക് സഹായഹസ്തം നീട്ടിക്കൊടുത്തിരുന്ന സിസ്റ്റർ ലൂസിയുടെയും സിസ്റ്റർ ക്ലാരയുടെയും പുതിയ കർമ്മവേദിക്കു കൂടുതൽ അംഗീകാരവും സഹായവും ലഭ്യമായി. സ്ഥലപരിമിതിയും ഒരു പ്രാർത്ഥനാലയത്തിന്റെ അഭാവവും ഇതിന്റെ പുരോഗതിക്ക് തടസ്സമായിരുന്നു. ഇതു മനസ്സിലാക്കിയ അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി ആവശ്യമായ സാമ്പത്തിക സഹായം നല്കി അതു പരിഹരിച്ചു. അഭയഭവനിൽ എത്തുന്നവർക്കും സിസ്റ്റേഴ്സിനും താമസിക്കുന്നതിനുള്ള സാമാന്യം സൗകര്യങ്ങളോടുകൂടി ഒരു കെട്ടിടം കമ്മിറ്റിയുടെ നേതൃത്വത്തിൽ പണിതീർത്തു.

നിരാശ്രയരായ വൃദ്ധജനങ്ങൾ, അവഗണിക്കപ്പെടുന്ന രോഗികൾ, അഗതികളായ കുട്ടികൾ, നിന്ദിതരും നിരാശരുമായ വ്യക്തികൾ എന്നിങ്ങനെ അലഞ്ഞുതിരിഞ്ഞുനടന്നിരുന്ന 'ആകാശപറവകളാണ്' അഭയഭവനിലെ ഇന്നത്തെ അന്തേവാസികൾ. ആബാലവൃദ്ധം അന്തേവാസികളും 'മക്കൾ' എന്നാണ് സംബോധന ചെയ്യപ്പെടുന്നത്. അനാഥരെന്നു ലോകം കണ്ടിരുന്ന അമ്പതിലേറെ അംഗങ്ങൾ ഇന്നിവിടെ 'മക്കളായി' സന്തോഷമായി കഴിയുന്നു. ഇവർക്കുള്ള ഭക്ഷണം, വസ്ത്രം, ചികിത്സ എന്നിവയെല്ലാം മുടക്കംകൂടാതെ നടക്കുന്നു എന്നത് ദൈവപരിപാലയുടെ സവിശേഷസാക്ഷ്യമാണ്. സ്വദേശത്തും വിദേശത്തുമുള്ള ഉദാരനിധികളായ വ്യക്തികൾ കണ്ടും കേട്ടുമറിഞ്ഞ് പണമായും സാധനങ്ങളുമായും ആവശ്യമുള്ളവയെല്ലാം എത്തിക്കുന്നു.

കുട്ടികൾക്കായുള്ള ഒരു ഡേ കെയർ സെന്റർ, ഹെൽത്ത് സെന്റർ, തയ്യൽ ക്ലാസ്സ് എന്നിവയും അന്തേവാസികൾക്കും അടുത്തുള്ള നിർദ്ധനർക്കുമായി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. ആഴ്ചതോറും ഇതിന്റെ കമ്മറ്റിയംഗങ്ങൾ ഒന്നിച്ചു കൂടുകയും പ്രാർത്ഥനാപൂർവ്വമായ വിചിന്തനം നടത്തി ഈ സംരംഭത്തെ കൂടുതൽ കൂടുതൽ വളർച്ചയിലേക്കു നയിക്കുകയും ചെയ്യുന്നു.

അഭയഭവനിലെ ശുശ്രൂഷകൾക്കു കുറവു വരുത്താതെതന്നെ അടുത്ത പ്രദേശങ്ങളിൽ നാലു ക്രഷുകൾകൂടി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. കൂടാതെ അടുത്ത ഇടവകയിൽ വേദപാഠക്ലാസ്സുകൾ നടത്തുന്നതിനുള്ള സമയവും സിസ്റ്റേഴ്സ് കണ്ടെത്തുന്നു.



### 8. വെള്ളൂർ ഹോസ്റ്റൽ

സാൻ ജോസ് ഹോസ്റ്റൽ, വെള്ളൂർ, പാമ്പാടി പി.ഒ., കോട്ടയം - 686 502

കോട്ടയം ജില്ലയിൽ പാമ്പാടിയിൽ വെള്ളൂർ എന്ന സ്ഥലത്തുള്ള തിരുവല്ല രൂപത വക ഒരു ലേഡീസ് ഹോസ്റ്റലാണ് സാൻ ജോസ് ഹോസ്റ്റൽ എന്നറിയപ്പെടുന്നത്. ഇവിടെ ഒരു ഗവൺമെന്റു എൻജിനീയറിംഗ് കോളജും മറ്റു സ്ഥാപനങ്ങളുമുണ്ട്. കോളജ് ആരംഭകാലത്ത് ഇവിടെ പഠനത്തിനെത്തുന്ന യുവവിദ്യാർത്ഥിനികൾക്ക് സുരക്ഷിതമായ താമസസ്ഥലം അനിവാര്യമായതാണ് ഹോസ്റ്റൽ ആരംഭത്തിനു കാരണം.

അന്ന് പാമ്പാടി വികാരിയായിരുന്ന ബ. ജോൺ ചുണ്ടേവാലേൽ അച്ചനാണ് ഇതിനു നേതൃത്വം നൽകിയത്. സിസ്റ്റർ വിയാനിയായിരുന്നു ആദ്യത്തെ ഹോസ്റ്റൽ വാർഡൻ. 1996 ഓഗസ്റ്റ് 15 ന് കൂദാശ കഴിഞ്ഞ ഹോസ്റ്റൽ സിസ്റ്റേഴ്സാണ് നടത്തുന്നത്. ഹോസ്റ്റലിൽ സിസ്റ്റേഴ്സിനു താമസിക്കുന്ന തിനുള്ള സൗകര്യങ്ങളും ചാപ്പലും ഏർപ്പെടുത്തിയിട്ടുണ്ട്. സിസ്റ്റേഴ്സ് ഇവിടെ താമസമായതോടെ പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന വെള്ളൂർ ഇടവകപ്പള്ളി വീണ്ടും തുടങ്ങി എന്നതും പ്രസ്താവ്യമാണ്. സിസ്റ്റർ പങ്ക്രേഷ്യ ഇപ്പോഴത്തെ വാർഡനാണ്. സിസ്റ്റർ മേഴ്സിലിറ്റ് ഇവിടെ താമസിച്ച് തിരുവല്ല രൂപതയുടെ അടുത്തുള്ള ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. യിൽ പഠിപ്പിക്കുന്നു; ഇടവകപ്രവർത്തനങ്ങളിലും ഏർപ്പെടുന്നു.

### 9. മേരിഗിരി (19-12-1998)

തിരുവല്ല മെത്രാസന അരമന 'മേരിഗിരി' എന്ന പേരിലാണറിയപ്പെടുന്നത്. അരമനയിൽ മെസ്സ് മാനേജ്മെന്റിനായും മറ്റും കാലാകാലങ്ങളിൽ ഇതര കോൺഗ്രിഗേഷനിൽപെട്ട സിസ്റ്റേഴ്സ് നിയോഗിക്കപ്പെട്ടിരുന്നു. അങ്ങനെ നിയോഗിക്കപ്പെട്ടിരുന്ന സെന്റ് മാർത്താസ് സിസ്റ്റേഴ്സ് 1998 ഡിസംബറിൽ പിന്മാറുകയുണ്ടായി. തത്സമയം അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി പ്രൊവിൻഷ്യൽ സുപ്പീര്യർ മദർ സെറിനായോട് സിസ്റ്റേഴ്സിനെ അയയ്ക്കാൻ നിർദ്ദേശിച്ചതനുസരിച്ച് 1998 ഡിസംബർ 19-ാം തീയതി സിസ്റ്റർ മേരി ആൻ, സിസ്റ്റർ പ്രീതി എന്നിവരെ മദർ അരമനയിലേക്ക് അയയ്ക്കുകയുണ്ടായി. സിസ്റ്റർ പ്രീതി അരമനയിൽ ഓഫീസ് വർക്കിലും കൂടി സഹായിക്കുന്നു. സിസ്റ്റേഴ്സിന് താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com



**10. ചെങ്ങരൂർ മഹാജൂബിലി മെമ്മോറിയൽ ഹോസ്റ്റൽ (25-5-2000)**
J.L. ഹോസ്റ്റൽ, ചെങ്ങരൂർ പി.ഒ., മല്ലപ്പള്ളി - 689 594

തിരുവല്ല രൂപതവക ബി. എഡ്. കോളജ് മല്ലപ്പള്ളിയിൽ ചെങ്ങരൂർ എന്ന സ്ഥലത്തുണ്ട്. ബഥനിയുടെ പത്തനംതിട്ട പ്രൊവിൻസ് അംഗമായിരുന്ന സിസ്റ്റർ സ്തനിസ്ലാവ്സ് ആയിരുന്നു ഈ കോളജിലെ ആദ്യ പ്രിൻസിപ്പാൾ. ഇവിടെയൊരു ലേഡീസ് ഹോസ്റ്റൽ അത്യാവശ്യമെന്നു മനസ്സിലാക്കിയ രൂപതാ സ്കൂൾ കോർപ്പറേറ്റ് മാനേജരും ഇടവകവികാരിയുമായിരുന്ന ബ. എബ്രഹാം കാക്കനാട്ടിലച്ചന്റെ പരിശ്രമഫലമാണ് ഈ ഹോസ്റ്റൽ. ലോകമൊട്ടുക്ക് രക്ഷകനായ യേശുവിന്റെ മഹാജൂബിലി കൊണ്ടാടിയ വർഷമായ 2000-ാമാണ്ടിൽ പണിയാരംഭിച്ച ഹോസ്റ്റലിന് മഹാജൂബിലി മെമ്മോറിയൽ ഹോസ്റ്റൽ (JLM) എന്നാണ് നാമകരണം ചെയ്തത്. കെട്ടിടം പണിപൂർത്തിയായപ്പോൾ അതിന്റെ നടത്തിപ്പിനായി സിസ്റ്റേഴ്സിനെ അയയ്ക്കണമെന്ന് അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ സെറീനായോട് ബ. അച്ചൻ ആവശ്യപ്പെടുകയുണ്ടായി. 2000 മെയ് 25 ന് ഹോസ്റ്റൽ കെട്ടിടം കൂദാശ ചെയ്തു. അന്നുതന്നെ സിസ്റ്റേഴ്സ് ആഞ്ചല, ശാലീന എന്നിവരെ അവിടേക്കയച്ചു. ബി. എഡ്. കോളജ് ലൈബ്രേറിയനായി ജോലി ചെയ്തിരുന്ന സിസ്റ്റർ ഷെറിനും ഹോസ്റ്റലിൽ താമസത്തിനെത്തി.

ബി. എഡ്. കോളജ് പ്രിൻസിപ്പലായിരുന്ന സിസ്റ്റർ സ്തനിസ്ലാവ്സ് ഇതിനകം ചരമം പ്രാപിച്ചതിനാൽ പകരം പാലായിൽ നിന്ന് സേക്രഡ് ഹാർട്ട് (S.H.) കോൺഗ്രിഗേഷനിൽപെട്ട സിസ്റ്റർ ജത്രുദാണ് നിയമിക്കപ്പെട്ടത്. ഈ സിസ്റ്ററും ഹോസ്റ്റൽ അന്തേവാസിയായി. എന്നാൽ സിസ്റ്റർ ജത്രുദ് രാജിവച്ച് പോയതിനാൽ ബഥനിയുടെ പത്തനംതിട്ട പ്രൊവിൻസിൽപെട്ട സിസ്റ്റർ ശ്ബീഹ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു. സിസ്റ്ററും ഈ ഹോസ്റ്റലിൽ തന്നെ താമസിക്കുന്നു.

ദൂരെ സ്ഥലങ്ങളിൽ നിന്നും B.Ed. ന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥിനികൾക്കും പഠനത്തിനായെത്തുന്ന സിസ്റ്റേഴ്സിനും ഈ ഹോസ്റ്റൽ അത്താണിയാണ്.

**11. M.C.A ഹോസ്റ്റൽ (11-0-2001)**
തുകലശ്ശേരി പി.ഒ., തിരുവല്ല - 689 101

തിരുവല്ലയിൽ തുകലശ്ശേരി എന്ന സ്ഥലത്ത് രൂപതവകയായി സ്ഥാപിക്കപ്പെട്ട ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ് 'മാർ അത്തനാസിയോസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (Mar Athanaios College for Advanced Studies). 2001 നവംബറിലാണ് ഇതാരംഭിച്ചത്. ഇതോടനുബന്ധിച്ച് ഒരു ലേഡീസ് ഹോസ്റ്റലും ആരംഭിക്കുകയുണ്ടായി. പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ബഞ്ചമിൻ അഭിവന്ദ്യ മാർ തിമോത്തിയോസ് തിരുമേനിയുടെ ആവശ്യപ്രകാരം രണ്ടു സിസ്റ്റേഴ്സിനെ ഇതിന്റെ നടത്തിപ്പിനായി നിയോഗിച്ചു. സിസ്റ്റർ ഫ്ളാവിയായും സിസ്റ്റർ ഗ്രയ്സിലിനും ആണ് താമസത്തിനെത്തിയ ആദ്യാംഗങ്ങൾ. ഹോസ്റ്റൽ ചുമതല സിസ്റ്റർ ഫ്ളാവിയ നിർവഹിക്കുന്നു.

www.malankaralibrary.com



ബത്തേരി പ്രോവിൻസ് സാരഥികൾ

പ്രൊവിൻഷ്യൽ മന്ദിരം



www.malankaralibrary.com

## ബത്തേരി പ്രൊവിൻസ്

മന്ദിരങ്ങളും സ്ഥാപനങ്ങളും സ്ഥാപനക്രമമനുസരിച്ച്

1. കുപ്പാടി ........ 01-06-1961
2. വേളംകോട് ........ 28-05-1984
3. ഉപ്പട്ടി ........ 25-05-1978
4. നാരങ്ങാത്തോട് ........ 09-01-1976
5. പുളിയ്ക്കലോടി ........ 19-04-1976
6. നടുവിൽ ........ 10-08-1979
7. കേളകം ........ 10-08-1979
8. ശശിമല ........ 18-10-1981
9. ചെറുപുഴ ........ 01-06-1982
10. മാമാങ്കര ........ 01-06-1982
11. മുലങ്കാവ് ........ 04-04-1983
12. കല്ലിച്ചാൽ ........ 09-07-1985
13. നെല്ലിയാടി ........ 01-11-1986
14. പുൽപ്പള്ളി ........ 23-05-1987
15. അയ്യൻകൊല്ലി ........ 19-08-1989
16. ബഥനി ഹോം ........ 26-08-1989
17. ലക്കിടി ........ 15-06-1990
18. ബാംഗ്ളൂർ ........ 1990
19. ഷിമോഗ ........ 15-11-1991
20. മുതിരേരി ........ 07-06-1993
21. കോഴിക്കോട് ........ 1997
22. ബത്തേരി പ്രൊ. ഹൗസ് ........ 02-02-1998
23. ഊട്ടി ........ 03-07-1998
24. എടുക്കര ........ 29-07-1998
25. ഉപ്പട ........ 22-04-1999
26. പാലാന്തടം ........ 28-07-2000
27. ഇച്ചിലംപാടി ........ 23-05-2002

www.malankaralibrary.com



**സ്ഥാപനങ്ങൾ**

1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ബത്തേരി....... 1982
2. സ്റ്റാട്ട്ലോൺ, ജർമ്മനി....... 06-03-1982
3. ഹെർണേ, ജർമ്മനി....... 1983
4. ഇസ്രായേൽ, സെന്റ് ജോസഫ് ഹോം....... 07-03-1995
5. മിലാൻ, ഇറ്റലി....... 01-01-2001
6. ഡുൾമെൻ ജർമ്മനി....... 01-03-2001

**ബത്തേരി പ്രോവിൻസിൽ ഇന്നുവരെയുണ്ടായിട്ടുള്ള പ്രൊവിൻഷ്യൽ ഭരണസമിതികൾ**

**1980**

പ്രൊവിൻഷ്യൽ സിനാക്സ്സിസ് - (വൈസ് പ്രോവിൻസ്)

മദർ നിർമ്മല - വൈസ് പ്രൊവിൻഷ്യൽ
1. സിസ്റ്റർ സ്തനിസ്ലാവ്സ് - കൗൺസിലർ
2. സിസ്റ്റർ പ്രിസ്ക - കൗൺസിലർ

സിസ്റ്റർ ആഗസ് - പ്രൊക്കുറേറ്റർ

**1983**

സിനാക്സിസ് നടന്നില്ല

**1985**

മദർ ഹെലേന - വൈസ് പ്രൊവിൻഷ്യൽ
1. സിസ്റ്റർ സ്കൊളാസ്റ്റിക്ക - കൗൺസിലർ
2. സിസ്റ്റർ പവിത്ര - കൗൺസിലർ

സിസ്റ്റർ സ്തനിസ്ലാവ്സ് - പ്രൊക്കുറേറ്റർ

**1986**

1st പ്രൊവിൻഷ്യൽ സിനാക്സിസ് (പ്രൊവിൻസ് പദവിയിലേക്കുയർത്തി)

മദർ ഹെലേന - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ സ്കൊളാസ്റ്റിക്ക - കൗൺസിലർ
2. സിസ്റ്റർ നിർമല - കൗൺസിലർ
3. സിസ്റ്റർ റോസറ്റ - കൗൺസിലർ
4. സിസ്റ്റർ ജോസറ്റ - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ട്രീസ - പ്രൊക്കുറേറ്റർ



**1989**

മദർ സ്കൊളാസ്റ്റിക്ക - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ നിർമ്മല - കൗൺസിലർ
2. സിസ്റ്റർ പ്രശാന്ത - കൗൺസിലർ
3. സിസ്റ്റർ ഗീത - കൗൺസിലർ
4. സിസ്റ്റർ ജോസറ്റ - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ട്രീസ - പ്രൊക്കുറേറ്റർ

**1992**

മദർ സ്കൊളാസ്റ്റിക്ക - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ റോസറ്റ - കൗൺസിലർ
2. സിസ്റ്റർ ജോയ്സ് - കൗൺസിലർ
3. സിസ്റ്റർ ഗീത - കൗൺസിലർ
4. സിസ്റ്റർ താര - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ട്രീസ - പ്രൊക്കുറേറ്റർ

**1995**

മദർ നിർമ്മല - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ റോസറ്റ - കൗൺസിലർ
2. സിസ്റ്റർ ജോയ്സ് - കൗൺസിലർ
3. സിസ്റ്റർ ത്രേസി - കൗൺസിലർ
4. സിസ്റ്റർ കുസുമം - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ട്രീസ - പ്രൊക്കുറേറ്റർ

**1998**

മദർ നിർമ്മല - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ ഫെലീഷ്യ - കൗൺസിലർ
2. സിസ്റ്റർ തബീത്ത - കൗൺസിലർ
3. സിസ്റ്റർസെവേറിയ - കൗൺസിലർ
4. സിസ്റ്റർ ഗീത - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ട്രീസ - പ്രൊക്കുറേറ്റർ

**2001**

മദർ തബീത്ത . - മദർ പ്രൊവിൻഷ്യൽ
1. സിസ്റ്റർ സ്കൊളാസ്റ്റിക്ക - കൗൺസിലർ
2. സിസ്റ്റർ തേജസ് - കൗൺസിലർ
3. സിസ്റ്റർ മെർലിറ്റ് - കൗൺസിലർ
4. സിസ്റ്റർ പ്രിസ്ക - കൗൺസിലർ & സെക്രട്ടറി

സിസ്റ്റർ ഗീത - പ്രൊക്കുറേറ്റർ

www.malankaralibrary.com



## ബത്തേരി പ്രൊവിൻസ്

സന്ന്യാസസമർപ്പണജീവിതത്തിന്റെ പൊതുവും പ്രത്യേകവുമായ ലക്ഷ്യങ്ങളെ മുൻനിർത്തി ഭാരതസഭയുടെയും പ്രത്യേകിച്ച് മലങ്കര കത്തോലിക്കാസഭയുടെയും ആദ്ധ്യാത്മിക നവീകരണം ഫലപ്രാപ്തിയിലെത്തിക്കുന്നതിന് 'ബഥനി' ശാഖകളും ഉപശാഖകളുമായി വളർന്നു വികസിക്കേണ്ടിയിരിക്കുന്നു. സ്ഥലകാലസാഹചര്യങ്ങൾ, നവീകരണത്തിന്റെയും വളർച്ചയുടെയും അനിവാര്യത എന്നിങ്ങനെ വിവിധങ്ങളായ ഘടകങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് സുവിശേഷ പ്രഘോഷണം ആവശ്യപ്പെടുന്ന ഇടങ്ങൾ കണ്ടുപിടിക്കാനും അവിടെ ക്രിസ്തുസാക്ഷ്യം നല്കാനും ബഥനി ഉത്സുകയായിരുന്നു. അങ്ങനെ വയനാടൻ മാമലകളെ ലക്ഷ്യമാക്കി തിരുവല്ല പ്രൊവിൻസ് നീങ്ങിയിരുന്നു. ഈ പുത്തൻപാത തുറക്കുന്നതിനുള്ള പ്രചോദനം ബഥനിക്കു ലഭിച്ചത് തിരുവല്ല രൂപതയിൽ നിന്നാണെന്നുള്ളത് മറക്കാവതല്ല.

1979 ൽ തിരുവല്ല രൂപത വിഭജിച്ചുണ്ടായതാണ് സുൽത്താൻ ബത്തേരി കേന്ദ്രമാക്കിക്കൊണ്ട് വയനാട്ടിൽ ജന്മമെടുത്ത 'ബത്തേരി രൂപത'. ഈ നവജാതശിശുവിനെ പരിപാലിച്ചു വളർത്തുന്നതിനു നിയുക്തനായത് 1979 ഡിസംബറിൽ മെത്രാൻ പദവിയിലേക്കു വാഴിക്കപ്പെട്ട അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ്, ഒ. ഐ. സി. തിരുമേനിയായിരുന്നു. തിരുവല്ല രൂപതയുടെ ഏതാനും പള്ളികളും തിരുവല്ല ബഥനിപ്രൊവിൻസിന്റെ അഞ്ചു മഠങ്ങളുമാണ് പുതിയ രൂപതാതിർത്തിയിലുണ്ടായിരുന്നത്. എങ്കിലും ബഥനിക്ക് വയനാട്ടിൽ ഒരു പ്രൊവിൻസുണ്ടാകുന്നത് സൗകര്യപ്രദവും അഭിലഷണീയവുമാണ് എന്ന ചിന്തയ്ക്കു ശക്തിയേറി. വർഷത്തിലൊരിക്കലെങ്കിലും മലബാറിലുള്ള മന്ദിരങ്ങൾ സന്ദർശിക്കുന്നതിനും വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സ്ഥലകാലദൈർഘ്യം വിലങ്ങുതടിയായിരുന്നു. തന്മൂലം മലബാറിലുള്ള മന്ദിരങ്ങളുടെ കൂട്ടായ്മ അവിടെത്തന്നെ ഉറപ്പിക്കുക അത്യാവശ്യമെന്നു ബോദ്ധ്യപ്പെട്ട 1980 ലെ ബഥനിയുടെ ജനറൽ സിനാക്സിസ് ഒരു തീരുമാനത്തിലെത്തിയതിന്റെ ഫലമായാണ് ബത്തേരി കേന്ദ്രമാക്കി ഒരു വൈസ് പ്രൊവിൻസിനു രൂപം നല്കിയത്. വയനാട്ടിൽ തത്ക്കാലമുള്ള അഞ്ചു മന്ദിരങ്ങളും അതിനുതകുന്ന അംഗസംഖ്യയും കണക്കാക്കിയാണ് സ്വയംഭരണാവകാശമുള്ളതെങ്കിലും ഒരു വൈസ് പ്രൊവിൻസ് എന്ന നിലയിൽ പ്രൊവിൻസ് എത്തിനില്ക്കാൻ കാരണം.

ബത്തേരി വൈസ് പ്രൊവിൻസ് അതിർത്തി കേരള സംസ്ഥാനത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല. വയനാട്ടിൽ ബത്തേരിയിൽ കുപ്പാടി മഠം, മലപ്പുറത്ത് നിലമ്പൂരിൽ പുളിക്കലോടി മഠം, കോഴിക്കോട് വേളംകോട്



നാരങ്ങാത്തോട് മഠങ്ങൾ, ഗൂഢല്ലൂർ നീലഗിരിയിൽ ഉപ്പട്ടി മഠം ഇങ്ങനെ അഞ്ചു മഠങ്ങളും അവ സ്ഥിതിചെയ്തിരുന്ന സ്ഥലവും ബത്തേരി വൈസ് പ്രൊവിൻസിന് എന്നായിരുന്നു തീരുമാനം.

മുൻപറഞ്ഞിരുന്ന മഠങ്ങളിൽ ജോലി ചെയ്തിരുന്ന സിസ്റ്റേഴ്സിനും ആ പ്രദേശങ്ങളിൽ ജനിച്ചുവളർന്ന് തിരുവല്ല മഠത്തിൽ അംഗങ്ങളായി ത്തീർന്നിട്ടുള്ളവർക്കുമാണ് വൈസ്പ്രൊവിൻസിലേക്ക് ഓപ്ഷൻ നല്കിയത്. വേറെ ഏതെങ്കിലും സിസ്റ്റേഴ്സിന് പുതിയ വൈസ് പ്രൊവിൻസിലേക്കു മാറണമെന്നാഗ്രഹമുണ്ടെങ്കിൽ തിരുവല്ല പ്രൊവിൻഷ്യൽ സുപ്പീര്യറിന്റെ അനുവാദത്തോടെ സ്ഥലംമാറ്റം സ്വീകരിക്കാനും അനുവാദം നല്കിയിരുന്നു. അങ്ങനെ വൈസ് പ്രൊവിൻസിലേക്ക് അംഗങ്ങളായെത്തിയവർ:

| | | |
|---|---|---|
| നിത്യവ്രതസ്ഥർ | - | 33 |
| തത്ക്കാലവ്രതസ്ഥർ | - | 8 |
| നോവിസ്സസ്സ് | - | 2 |

നോവിസ്സസ്സ് അവരുടെ നൊവീഷ്യേറ്റ് തിരുവല്ലയിൽത്തന്നെ പൂർത്തിയാക്കിയെങ്കിലും ആദ്യവ്രതവാഗ്ദാനം ബത്തേരിയിൽ വച്ചായിരുന്നു. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വ്രതവാഗ്ദാനച്ചടങ്ങ് ബത്തേരി വൈസ് പ്രൊവിൻസിന്റെ പ്രഥമ പരിപാടിയായിരുന്നു. സിസ്റ്റർ പ്രസന്ന, സിസ്റ്റർ ലളിത എന്നിവർക്കാണ് അതിനുള്ള ഭാഗ്യം കൈവന്നത്.

വേളംകോട് സെന്റ് ജോർജ്ജ് യു. പി. സ്കൂൾ, പുളിക്കലോടി, കുപ്പാടി ഇവിടങ്ങളിൽ ഓരോ ചെറിയ ഹോസ്റ്റൽ എന്നിവയായിരുന്നു അന്നുണ്ടായിരുന്ന സ്ഥാപനങ്ങൾ. കൂടാതെ ഉപ്പട്ടിയിൽ രൂപത വക സ്കൂളിൽ രണ്ടു സിസ്റ്റേഴ്സ് പഠിപ്പിച്ചിരുന്നു. ആരംഭകാലത്ത് കടുത്ത സാമ്പത്തിക ഞെരുക്കം വൈസ് പ്രൊവിൻസ് അനുഭവിച്ചിരുന്നു എന്നത് വിസ്മരിക്കാവതല്ല.

#### വൈസ് പ്രൊവിൻസ് പ്രഥമ സിനാക്സിസ്

1980 ഏപ്രിൽ മാസത്തിൽ വൈസ് പ്രൊവിൻസ് പ്രഖ്യാപിക്കപ്പെട്ടെങ്കിലും 1980 ജൂൺ മാസത്തിൽ ഉപ്പട്ടിമഠത്തിൽ വച്ചു നടന്ന ആദ്യ പ്രൊവിൻഷ്യൽ സിനാക്സിസോടുകൂടിയാണ് അതിന് ആരംഭം കുറിക്കുന്നത്. 1980 ജൂൺ 27 വൈകിട്ട് വൈസ് പ്രൊവിൻസിന്റെ സിനാക്സിസ് പ്രതിനിധികളായ 18 പേരും ഉപ്പട്ടിമഠത്തിൽ ഒന്നിച്ചുകൂടി. ബഥനിയുടെ പതിവനുസരിച്ചു 28 ാം തീയതി ശാന്തിദിനമായി പ്രാർത്ഥനയിൽ ഉറ്റിരുന്നു. 29 ന് മദർ ജനറൽ

www.malankaralibrary.com



മദർ വിൻസെന്റിന്റെ അദ്ധ്യക്ഷതയിൽ രാവിലെ 10 മണിക്കു കൂടിയ സമ്മേളനത്തിൽ സിസ്റ്റർ നിർമ്മല വൈസ് പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പുകഴിഞ്ഞ ഉടൻ തന്നെ സിസ്റ്റേഴ്സെല്ലാവരും ചാപ്പലിൽ സമ്മേളിച്ച് തെദ്ദേവും (സ്തോത്രഗീതം) ആലപിച്ച് ബഥനിയുടെ ആചാര പ്രകാരം പുതിയ പ്രൊവിൻഷ്യലിന് കൈകസൂരി (സമാധാനചുംബനം) നല്കി വിധേയത്വം പ്രകടിപ്പിച്ചു. തുടർന്ന് ഇതര ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള സമ്മേളനം മദർ നിർമ്മലയുടെ അദ്ധ്യക്ഷതയിലാണ് നടന്നത്. സിസ്റ്റർ സ്തനിസ്ലാവ്സ്, സിസ്റ്റർ പ്രിസ്ക്ക എന്നിവർ യഥാക്രമം ഒന്നും, രണ്ടും കൗൺസിലേഴ്സായും സിസ്റ്റർ ആഗ്നസ് പ്രൊക്കുറേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**വൈസ് പ്രൊവിൻസ് ഉദ്ഘാടനം**

ഇലക്ഷൻ കഴിഞ്ഞ ഉടൻതന്നെ ഭാരവാഹികൾ ചുമതലകൾ ഏറ്റെടുത്തു എങ്കിലും പ്രൊവിൻസിന്റെ ഔപചാരിക ഉദ്ഘാടനം 1980 ജൂലായ് 25 നാണ് നടന്നത്. ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സെന്റ് ജോസഫസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ കൂടിയ സമ്മേളനത്തിൽ അഭിവന്ദ്യപിതാവുതന്നെ വൈസ് പ്രൊവിൻസ് ഉദ്ഘാടനം നിർവഹിച്ചു. സ്നേഹിതരും ഗുണകാംക്ഷികളും നാട്ടുകാരുമടങ്ങിയ ഒരു ജനസമൂഹം ബഥനിയുടെ ബത്തേരി ശാഖയ്ക്ക് ആശംസകളർപ്പിക്കാനെത്തിയിരുന്നു.

ഒരു ഉപശാഖയായതുകൊണ്ട് ശരിയായ മേൽനോട്ടവും പരിചരണവും ആവശ്യമായതിനാൽ അതിന്റെ വളർച്ചയെ സസൂക്ഷ്മം വീക്ഷിക്കുന്നതിനും കരുതുന്നതിനും ദൈവത്താൽ നിയോഗിതനായത് ബത്തേരി രൂപതാദ്ധ്യക്ഷനായ തിരുമേനിതന്നെയായിരുന്നു. അദ്ദേഹത്തിന്റെ സമർത്ഥവും അവസരോചിതവുമായ ശുശ്രൂഷ ഈ ഉപശാഖയുടെ ശക്തമായ വളർച്ചയ്ക്ക് ഹേതുവായി എന്നുപറയാം.

വയനാട്ടിൽ പുതുതായി രൂപംകൊണ്ടിരുന്ന ബത്തേരി മലങ്കര കത്തോലിക്ക രൂപതയിൽ അതിന്റെ രൂപവും ഭാവവും സംസ്കാരവും മലങ്കരത്തനിമയിൽ നിലനിർത്തുന്നതിനും വളർത്തുന്നതിനും ഏറ്റവുമധികം സാദ്ധ്യത മലങ്കരയുടെ ഹൃദയമായ ബഥനിക്കാണുള്ളതെന്ന യാഥാർത്ഥ്യം മറക്കാവതല്ല. ബഥനി അതിന്റെ ആദർശലക്ഷ്യങ്ങളിൽനിന്നു വ്യതിചലിക്കാതെ വയനാടൻ ഭൂപ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികവുമായ പ്രത്യേകതകളെ ഉൾക്കൊണ്ടുകൊണ്ട് മലയോരങ്ങളിലൂടെയും വനാന്തരങ്ങളിലൂടെയും പുത്തൻപാത വെട്ടിത്തുറക്കുകയായിരുന്നു.



മലങ്കരസഭയിൽ ശാശ്വത സമാധാനവും ഭാരതത്തിന്റെ ആദ്ധ്യാത്മിക നവോത്ഥാനവും സ്ത്രീജനോദ്ധാരണവും ലക്ഷ്യമാക്കിക്കൊണ്ടു മുന്നേറുന്ന 'ബഥനി'യുടെ മൂല്യങ്ങൾ ബത്തേരിയിൽ വളരാനാരംഭിച്ചിരിക്കുന്ന ശാഖയിലും നിറഞ്ഞുതുളുമ്പി നില്ക്കണമെന്ന് ഏവരും അഭിലഷിച്ചു. ബത്തേരി രൂപത സ്വീകരിച്ചിരിക്കുന്ന പ്രത്യേക പ്രേഷിതാരൂപിയും അപ്പൊസ്തോല പ്രവർത്തനങ്ങളും പുതിയ വൈസ് പ്രൊവിൻസിനും സ്വീകാര്യമായിരുന്നു.

മേലേരാജ്യം എന്നു വിളിക്കപ്പെടുന്ന മലയോരപ്രദേശങ്ങളുടെ കാലാവസ്ഥ, ജനജീവിതം എന്നിവയെല്ലാം വ്യത്യസ്തങ്ങളാണ്. കേരളം, തമിഴ്നാട്, കർണ്ണാടകം എന്നിങ്ങനെ ഒന്നിലധികം സംസ്ഥാനങ്ങളെ ഉൾക്കൊള്ളുന്ന ബത്തേരി രൂപതയുടെ പ്രവർത്തനമേഖലകളാണ് ബത്തേരി വൈസ് പ്രൊവിൻസിനുള്ളത്. അക്ഷരാഭ്യാസമില്ലാത്തവരും ആധുനിക ജീവിത ശൈലികളോ പരിഷ്കാരങ്ങളോ വശമില്ലാത്തവരുമായ കരിമ്പാലർ, പണിയർ, മൂപ്പർ, മുതുവർ, കുറിച്ചിയർ, കുറുമർ, കുശവർ, നായ്ക്കർ മുതലായ വിവിധ ഗ്രൂപ്പുകളിൽപെട്ട ആദിവാസികൾ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പലവിധ കാരണങ്ങളാൽ എത്തിച്ചേർന്നിട്ടുള്ള കുടിയേറ്റകുടുംബങ്ങൾ, ഉദ്യോഗസ്ഥർ, വിവിധ സ്ഥാപന ഉടമകൾ എന്നിങ്ങനെ വേഷ, ഭാഷ ആചാരങ്ങളിൽ വൈവിധ്യമാർന്ന ജനങ്ങളാണ് ഈ പ്രദേശങ്ങളിൽ വസിക്കുന്നവരെന്നുള്ളത് വലിയ പ്രത്യേകതയാണ്. തന്മൂലം ബത്തേരി വൈസ് പ്രൊവിൻസിന്റെ പ്രവർത്തനശൈലികൾ ബഥനി കോൺഗ്രിഗേഷന്റെ ഇതര പ്രൊവിൻസുകളുടെ പ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തി

1979 ൽ ബത്തേരി രൂപത വയനാടു കേന്ദ്രമാക്കി ആരംഭിച്ചപ്പോൾ തന്നെ (ബത്തേരിക്ക് ബഥനി പ്രൊവിൻസു തുടങ്ങും മുമ്പ്) തിരുവനന്തപുരം, തിരുവല്ല പ്രൊവിൻസുകളിൽനിന്നും ഏതാനും സിസ്റ്റേഴ്സ് വയനാട്ടിൽ പുതിയ ഡയോസിസ്സിൽ മിഷ്യൻ വേലയ്ക്കായി വോളണ്ടിയർ ചെയ്ത് അധികാരികളിൽനിന്നും ആവശ്യമായ അനുവാദത്തോടെ എത്തിയിരുന്നു.

കണ്ണൂർ ഡിസ്ട്രിക്ടിൽ നടുവിൽ എന്ന ഗ്രാമത്തിൽ സെന്റ് ജോസഫ്സ് മലങ്കര കത്തോലിക്കാ ഇടവകയോടനുബന്ധിച്ച് 'നവോദയ' എന്ന പേരിൽ ഒരു സോഷ്യൽ സർവീസ് സെന്ററിനു രൂപം കൊടുത്തുകൊണ്ട് നാലു സിസ്റ്റേഴ്സ് (സിസ്റ്റർ ഹെലേന, സിസ്റ്റർ ഫെലീഷ്യ, സിസ്റ്റർ തബീത്ത (തിരുവനന്തപുരം) സിസ്റ്റർ റജീന (തിരുവല്ല)നവോദയായിലും സിസ്റ്റേഴ്സ് ആഗ്നസ്സ്, സിൽവിയ എന്നിവർ കണ്ണൂരിൽതന്നെ കേളകം എന്ന സ്ഥലത്ത് രൂപതയുടെ കമ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാമിലുൾപ്പെടുത്തി ഒരു നഴ്സറി സ്കൂൾ നടത്താനായി കേളകത്തും താമസിച്ചു. കൂടാതെ ബത്തേരിയിൽ താമ

www.malankaralibrary.com



സിച്ചുകൊണ്ട് സിസ്റ്റേഴ്സ് സ്കൊളാസ്റ്റിക്ക, പവിത്ര, മീഖ എന്നിവർ രൂപതയുടെ സാമൂഹ്യസേവന പദ്ധതിയുടെ ഘടകമായ കമ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാമിലും സവിശേഷമായ സേവനങ്ങൾ കാഴ്ചവച്ചിരുന്നു. നടുവിൽ ഒരു ചെറിയ വാടകവീട്ടിലും കേളകത്ത് ഇടവകപള്ളിയോടുചേർന്ന ഒരു ചെറിയ കെട്ടിടത്തിലുമാണ് സിസ്റ്റേഴ്സ് താമസിച്ച് പ്രവർത്തനം ആരംഭിച്ചത്. ആരംഭപ്രാരാബ്ധങ്ങൾ രൂപതയ്ക്കെന്നപോലെ ബഥനിയുടെ പ്രവർത്തനങ്ങൾക്കും നേരിടേണ്ടിയിരുന്നു. എങ്കിലും നിഷ്കളങ്കരും കുടിയേറ്റ കർഷകരുമായ ഗ്രാമവാസികളുടെ നിർലോപമായ സഹായ സഹകരണങ്ങളും സിസ്റ്റേഴ്സിനോടുള്ള സ്നേഹാദരങ്ങളും ബഥനിയുടെ ഈ പുത്തൻ കാൽവയ്പിന് ശക്തി പകർന്നിരുന്നു. തദ്ദേശവാസികളായിരുന്ന ആദിവാസികളും സിസ്റ്റേഴ്സിനോട് സാഹോദര്യവും സൗഹൃദവും പുലർത്താൻ തുടങ്ങിയിരുന്നു.

1980 ൽ ബത്തേരി വൈസ് പ്രൊവിൻസ് രൂപം കൊണ്ടശേഷം 1983 – ൽ നടക്കേണ്ടതായ സാധാരണ പ്രൊവിൻഷ്യൽ ചാപ്റ്ററിനു മുമ്പായി തിരുവല്ല പ്രൊവിൻസിൽ നിന്നും ബത്തേരി രൂപതയിൽ സേവനം അനുഷ്ഠിച്ചിരുന്ന സിസ്റ്റേഴ്സ് സ്കൊളാസ്റ്റിക്ക, പവിത്ര, റജീന, മീഖ എന്നിവരും തിരുവനന്തപുരം പ്രൊവിൻസിൽ നിന്നുള്ള സിസ്റ്റർ തബീത്തായും വൈസ് പ്രൊവിൻസ് അംഗത്വം രേഖാമൂലം സ്വീകരിച്ചിരുന്നു. തിരുവനന്തപുരം പ്രൊവിൻസ് അംഗങ്ങളായിരുന്ന സിസ്റ്റർ ഹെലേന, സിസ്റ്റർ ഫെലീഷ്യ എന്നിവർ മൂന്നു വർഷത്തെ രൂപതാസേവന കാലാവധിയുടെ അവസാനത്തിൽ 1982 ഓഗസ്റ്റു മുതൽ അടുത്ത മൂന്നു വർഷത്തേക്കു കൂടി ബത്തേരി രൂപത സോഷ്യൽ സർവീസ് സെന്ററായിരുന്ന നടുവിൽ നവോദയത്തിൽ സേവനം തുടരുന്നതിന് രേഖാമൂലമായ അനുവാദം മദർ ജനറലിൽനിന്നും തിരുവനന്തപുരം മദർ പ്രൊവിൻഷ്യലിൽ നിന്നും വാങ്ങിയിരുന്നു.

എന്നാൽ 1983 ൽ നടക്കേണ്ടിയിരുന്ന സാധാരണ പ്രൊവിൻഷ്യൽ ചാപ്റ്ററിനുവേണ്ടി തയ്യാറാക്കിയ ബത്തേരി വൈസ് പ്രൊവിൻസിന്റെ വോട്ടേഴ്സ് ലിസ്റ്റിലുണ്ടായ അപാകത അവിടെ ചാപ്റ്റർ നടക്കാൻ തടസ്സമായിത്തീർന്നു. ഈ അപാകതകൾ വ്യക്തമാക്കുന്നതിനും പരിഹരിച്ചു കിട്ടുന്നതിനുമായി ജനറൽ കൗൺസിൽ പൗരസ്ത്യതിരുസംഘത്തിന്റെ സഹായം ആവശ്യപ്പെട്ടു. അതിൻപ്രകാരം തിരുസംഘത്തിൽനിന്നും ബാംഗ്ലൂർ ധർമ്മാരാം കോളജ് പ്രൊഫസറായിരുന്ന കാനനിസ്റ്റ് ബ. ബട്രാം സി. എം. ഐ. അച്ചനെ ഇതിലേക്കായി നിയോഗിച്ചു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലും നിർദ്ദേശങ്ങളിലും കാര്യങ്ങൾ മുന്നോട്ടു നീങ്ങി.



1985 മാർച്ച് അവസാനത്തിൽ തിരുവനന്തപുരം പ്രൊവിൻസ് അംഗങ്ങളായിരുന്ന സിസ്റ്റർ ഹെലേന, സിസ്റ്റർ ഫെലീഷ്യ എന്നിവർ ബത്തേരി വൈസ് പ്രൊവിൻസ് അംഗത്വം രേഖാമൂലം സ്വീകരിക്കേണ്ടിവന്നു. 1985 മെയ് മാസം 29 ന് മൂലങ്കാവ് ഫോർമേഷൻ മന്ദിരത്തിൽ വച്ച് വൈസ് പ്രൊവിൻസിന്റെ രണ്ടാമത്തെ സാധാരണ സിനാക്സിസ് നടന്നു. തിരഞ്ഞെടുപ്പിൽ വൈസ് പ്രൊവിൻഷ്യലായി സിസ്റ്റർ ഹെലേനയും ഒന്നും രണ്ടും കൗൺസിലേഴ്സായി യഥാക്രമം സിസ്റ്റർ സ്കൊളാസ്റ്റിക്ക, സിസ്റ്റർ പവിത്ര എന്നിവരും പ്രൊക്കുറേറ്ററായി സിസ്റ്റർ സ്തനിസ്ലാവ്സും തിരഞ്ഞെടുക്കപ്പെട്ടു.

**പ്രൊവിൻസ് പദവിയിലേക്ക്**

ബത്തേരി വൈസ് പ്രൊവിൻസ് സ്വതന്ത്ര ഭരണാവകാശമുള്ള ഒന്നായിരുന്നെങ്കിലും അതിന്റെ സമഗ്രമായ സുഗമ വളർച്ചയ്ക്ക് 'പ്രൊവിൻസ്' എന്ന പദവിയിൽ എത്തേണ്ടത് ആവശ്യമായിരുന്നു. ബഥനിയുടെ ഈ ചെറു ശിഖരം വളർന്നു വികസിക്കേണ്ടത് അതിന്റെ അംഗങ്ങളുടെയും അവരുടെ സാമീപ്യ സഹകരണങ്ങൾ വേണ്ടിയിരുന്ന ജനസമൂഹത്തിന്റെയും സഭാമക്കളുടെയും ആവശ്യവും ആഗ്രഹവുമായിരുന്നു.

1986 ലെ സാധാരണ ജനറൽ സിനാക്സിൽ ഇതു വിഷയമായി നീണ്ട ചർച്ചകളുടെയും പഠനത്തിന്റെയും അവസാനത്തിൽ ഒരു സ്വതന്ത്ര പ്രൊവിൻസിന്റെ പദവിയിലേക്ക് വൈസ് പ്രൊവിൻസിനെ ഉയർത്തുന്നതിന് ദൈവ പിതാവു മനസ്സാവുകയായിരുന്നു. 1986 ഏപ്രിൽ 15 ന് ജനറൽ സിനാക്സിസ് വൈസ് പ്രൊവിൻസിനെ 'പ്രൊവിൻസായി' പ്രഖ്യാപനം ചെയ്തു.

മറ്റു രണ്ടു പ്രൊവിൻസുകളിലും എന്ന പോലെ 1986 മെയ് മാസത്തിൽ മൂലങ്കാവു ഫോർമേഷൻ മന്ദിരത്തിൽ വച്ച് ബത്തേരി പ്രൊവിൻസിന്റെ പ്രഥമ സിനാക്സിസ് സമ്മേളിച്ചു. അന്ന് സുപ്പീരിയർ ജനറലായിരുന്ന മദർ വിൻസെന്റ് സ്ഥലത്തില്ലാതിരുന്നതിനാൽ മദറിന്റെ പ്രതിനിധിയായി അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ സിസ്റ്റർ ഫിലോമിന (തിരുവനന്തപുരം) യുടെ അദ്ധ്യക്ഷതയിൽ കൂടിയ സിനാക്സിസ് സമ്മേളനത്തിൽ വച്ച് തിരഞ്ഞെടുപ്പു നടന്നു. വൈസ് പ്രൊവിൻഷ്യലായിരുന്ന മദർ ഹെലേന തന്നെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ സ്കൊളാസ്റ്റിക്ക, സിസ്റ്റർ നിർമ്മല, സിസ്റ്റർ ജോസറ്റ, സിസ്റ്റർ റോസറ്റ എന്നിവർ യഥാക്രമം ഒന്നുമുതൽ നാലുവരെ കൗൺസിലേഴ്സായും സിസ്റ്റർ ട്രീസ പ്രൊക്കുറേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു. മൂന്നാം കൗൺസിലറായ സിസ്റ്റർ ജോസറ്റായാണ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത്. അങ്ങനെ 1986 മെയ് മാസത്തിൽ തന്നെ ബത്തേരി പ്രൊവിൻസിന്റെ പ്രഥമ പ്രൊവിൻഷ്യൽ ഭരണസമിതി നേതൃത്വം ഏറ്റെടുത്തു.

www.malankaralibrary.com



## ബത്തേരി പ്രൊവിൻസിലെ മന്ദിരങ്ങളും സ്ഥാപനങ്ങളും

**1. കുപ്പാടി ബഥനിമഠം (1-6-1961)**

കുപ്പാടി പി.ഒ., ബത്തേരി, വയനാട് - 673 592

വയനാടു ജില്ലയിൽ തിരുവല്ല പ്രൊവിൻസ് ആദ്യമായി സ്ഥാപിച്ച മഠമാണ് കുപ്പാടി ബഥനിമഠം. ബത്തേരിയിൽ കുപ്പാടി വനമേഖലാ തിർത്തിയിൽ ട്രാൻസ്പോർട്ട് സ്റ്റേഷനു അധികം അകലത്തല്ലാതെ സെന്റ് മേരീസ് കോളജിനടുത്താണ് മഠം സ്ഥിതിചെയ്യുന്നത്. തിരുവല്ല രൂപതയുടെ ഏതാനും പള്ളികൾ അന്ന് വയനാട്ടിൽ അവിടവിടെ ഉണ്ടായിരുന്നു. അതിലൊന്നാണ് ഇപ്പോഴത്തെ ബിഷപ്പ്സ് ഹൗസിനടുത്തുള്ള കത്തീഡ്രൽ ദേവാലയം. ജോസ്ഗിരി ഇടവകപ്പള്ളിയെന്ന് അന്ന് അതറിഞ്ഞിരുന്നു. സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും ഇടവകയ്ക്കും വയനാടിനും അത്യാവശ്യമെന്നു മനസ്സിലാക്കി അന്നു തിരുവല്ല ബിഷപ്പായിരുന്ന അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി, തിരുവല്ലയിൽ പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ദബഹായുമായി ആലോചിച്ച് 1960 ൽ മഠത്തിനായി ഒരു ചെറിയ വീട് വാടകയ്ക്കെടുത്തു. 1960 ജൂണിൽ ആണ് സിസ്റ്റേഴ്സ് എത്തിയത്. സിസ്റ്റർ ജോസഫീൻ, സിസ്റ്റർ മേരി ജത്രൂദ് എന്നിവർ വാടകവീട്ടിൽ താമസമാരംഭിച്ചു. ഇടവകയിൽ സഹായിക്കുകയായിരുന്നു സിസ്റ്റേഴ്സ് ആദ്യം ചെയ്തിരുന്നത്.

ഈയവസരത്തിൽ കുപ്പാടി സെന്റ് മേരീസ് കോളജിലേക്ക് പ്രവേശനം ലഭിച്ചുവരുന്ന പെൺകുട്ടികളെ താമസിപ്പിക്കുന്നതിനുള്ള സൗകര്യമന്വേഷിച്ച് രക്ഷാകർത്താക്കൾ സിസ്റ്റേഴ്സിനെ സമീപിക്കാൻ തുടങ്ങി. കൂടാതെ സിസ്റ്റേഴ്സിനും ചിലർക്ക് പഠനസൗകര്യം കോളജിൽ ലഭ്യമായി. തന്മൂലം കോളജിനടുത്ത് മഠത്തിനായി കുറച്ചു സ്ഥലം വാങ്ങി. അതിലുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടം മഠത്തിനായി ക്രമീകരിക്കയും പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കയും ചെയ്തു. 1961 ജൂൺ 1 മുതൽ സിസ്റ്റേഴ്സ് വാടകവീട്ടിൽ നിന്നും കുപ്പാടിയിലേക്ക് മാറിത്താമസിച്ചു 25-ഓളം കുട്ടികളോടുകൂടി ഹോസ്റ്റലും ആരംഭിച്ചു.

1979 ൽ കുപ്പാടി മഠത്തോടുചേർന്നു കിടന്നിരുന്ന 17 സെന്റ് സ്ഥലം വളരെ ചെറിയ ഒരു വീടോടുകൂടി വാങ്ങാൻ കഴിഞ്ഞിരുന്നു. 1980 ൽ ബത്തേരി വൈസ് പ്രൊവിൻസ് രൂപം കൊണ്ടപ്പോൾ വൈസ് പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട മദർ നിർമ്മലയും കൗൺസിലേഴ്സ് രണ്ടുപേരും പ്രൊക്കുറേറ്ററും ഈ ചെറുഭവനത്തിലാണ് താമസിച്ചിരുന്നത്. 1997 ൽ പുതിയ പ്രൊവിൻഷ്യൽ മന്ദിരം ബത്തേരിയിൽ ഉണ്ടാകുംവരെയും ഈ ചെറിയ ഭവനംതന്നെയാണ് പ്രൊവിൻഷ്യൽ മന്ദിരമായി ഉപയോഗിച്ചിരുന്നത്.



1990 ഓടുകൂടി കുപ്പാടി മഠത്തിന്റെ അടുക്കളപുതുക്കിപ്പണിയുകയും ഹോസ്റ്റൽ കെട്ടിടത്തിനും അടുക്കളയ്ക്കും രണ്ടാം നില പണിയുകയും ചെയ്തു. കൂടാതെ മഠത്തിന്റെ കെട്ടിടവും പുതുക്കി രണ്ടാം നിലയും പണിത്, ചാപ്പലും കൂടുതൽ സൗകര്യപ്രദമാക്കി. 1998 ൽ സ്ത്രീജനോദ്ധാരണാർത്ഥം തയ്യൽ പരിശീലനം ഉൾപ്പെടെ ഒരു തയ്യൽ ഉത്പാദന കേന്ദ്രം (Production Centre) സിസ്റ്റർ ഫെലീഷ്യയുടെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി. പള്ളികൾക്കാവശ്യമായ തിരുവസ്ത്രങ്ങളാണ് പ്രധാനമായും ഇവിടെ നിർമ്മിക്കുന്നത്. ഇതുകൂടാതെ ബത്തേരിയിൽ ബഥനി ആശ്രമത്തിന്റെ ഉടമസ്ഥതയിൽ നടത്തിയിരുന്ന ബുക്ക് സെന്റർ 2000-ാമാണ്ടിൽ മഠത്തിൽ നിന്നും ഏറ്റെടുത്ത് സിസ്റ്റർ ഫെലീഷ്യയുടെ നേതൃത്വത്തിൽ ബത്തേരി ബിഷപ്പ്സ് ഹൗസിനടുത്തുള്ള കാത്തലിക്ക് പ്രസ്സ് കെട്ടിടത്തിന്റെ ഒരു മുറിയിൽ നടത്തുന്നു.

1997 വരെയും പ്രൊവിൻഷ്യൽ ഹൗസായി ഉപയോഗിച്ചിരുന്ന പഴയ കെട്ടിടം ഒരു ബേക്കറിയായി ക്രമീകരിച്ച് കുറേപ്പേർക്ക് ജോലി സാദ്ധ്യതയുണ്ടാക്കാൻ ശ്രമിച്ചെങ്കിലും ഒരു വർഷത്തോളം ഭംഗിയായി നടത്തിയ ബേക്കറി ചില സാങ്കേതിക കാരണങ്ങളാൽ നിർത്തൽ ചെയ്യേണ്ടതായിവന്നു. എന്നാൽ ഈ കെട്ടിടം കുറെക്കൂടെ സൗകര്യമായി പുതുക്കിപ്പണിത് 'തൃപ്പാദം' എന്ന പേരിൽ 2001 ജൂൺ മുതൽ ഒരു അഭയഭവനമാക്കിത്തീർത്തു. അഭയം തേടിവരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഇതൊരു ആശ്വാസകേന്ദ്രമായി വളർന്നുകൊണ്ടിരിക്കുന്നു. സിസ്റ്റർ ഫെലീഷ്യയാണ് അഭയഭവന്റെയും ചുമതല വഹിക്കുന്നത്. കുപ്പാടി മഠത്തിന്റെ ആരംഭകാലംമുതൽ അവിടെ സുപ്പീരിയേഴ്സായും അംഗങ്ങളായും താമസിച്ചിട്ടുള്ള ഓരോ സിസ്റ്ററും അതിന്റെ ഇന്നത്തെ വളർച്ചയ്ക്ക് കാരണക്കാരാണ് എന്നത് മറക്കാവതല്ല. ബത്തേരിയിലെ ആദ്യത്തെ ബഥനിമന്ദിരമെന്ന നിലയിലും ആദ്യ പ്രൊവിൻഷ്യൽ മന്ദിരമെന്ന നിലയിലും ബത്തേരി പ്രൊവിൻസിന്റെ മാതൃഭവനമെന്നപോലെ ഇന്നും കുപ്പാടി ബഥനിമഠത്തെ സിസ്റ്റേഴ്സ് കാണുന്നു എന്നത് ശ്രദ്ധേയമാണ്. അടുത്തുള്ള ഇടവകകളിൽ മിഷ്യൻ പ്രവർത്തനം നടത്തുന്നതിലും സിസ്റ്റേഴ്സ് ഉത്സുകരാണ്.

www.malankaralibrary.com



**2. വേളംകോട് ബഥനി മഠം (28-5-1964)**
വേളം കോട് പി.ഒ., കോഴിക്കോട് - 673 580

കോഴിക്കോടു ജില്ലയിൽ കോടഞ്ചേരിക്കടുത്തുള്ള ഒരു ഗ്രാമപ്രദേശമാണ് വേളംകോട്. വേളംകോടിനടുത്ത് മൈക്കാവ് എന്ന സ്ഥലത്ത് തിരുവല്ല രൂപതയുടെ ഒരു പള്ളിയും ഒരു എൽ. പി., യു. പി. സ്കൂളുകളും ഉണ്ടായിരുന്നു. അടുത്തുള്ള ഇടവകകളിൽ സഹായിക്കുന്നതിനും സ്കൂളിന്റെ ചുമതല ഏറ്റെടുത്തുനടത്തുന്നതിനും സിസ്റ്റേഴ്സിനെ അവിടെ കൊണ്ടുവരുന്നത് നല്ലതാണെന്ന അഭിപ്രായത്തിൽ അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ദബഹായോട് ആവശ്യപ്പെട്ടു. അതിന്റെ നടത്തിപ്പ് അന്നു വികാരിയായിരുന്ന ബ. ഈപ്പൻ നെച്ചിക്കാട്ടിലച്ചനെ ഭാരമേല്പിക്കുകയുണ്ടായി. അദ്ദേഹം സിസ്റ്റേഴ്സിനു താമസിക്കാനായി തല്ക്കാലം പള്ളിക്കെട്ടിടം തന്നെ ക്രമീകരിച്ചു.

1964 മെയ് 28 ന് സിസ്റ്റേഴ്സ് ആൻ, ക്രിസ്റ്റീന, ക്രിസ്റ്റഫർ, മേരി ശലോം, ജമ്മ, ക്ലമന്റീന എന്നിവർ മൈക്കാവിലെത്തി താമസമാരംഭിച്ചു. ഇതിനകം ബ. അച്ചന്റെ സഹായത്തോടെ വേളംകോടു സ്ഥലവാസിയായിരുന്ന പൂവള്ളി ശ്രീ വർക്കിയോട് ഒരു ചെറിയ വീടുൾപ്പെടെ കുറെ സ്ഥലം വാങ്ങി. ഈ വീട് മഠത്തിനായി ക്രമീകരിച്ച് 1965 മെയ് മാസത്തിൽ ബ. നെച്ചിക്കാട്ടിലച്ചൻ തന്നെ അതിന്റെ കൂദാശ നടത്തി സിസ്റ്റേഴ്സിനെ അവിടേക്കു മാറ്റി താമസിപ്പിച്ചു. അന്നു മുതൽ സിസ്റ്റേഴ്സിനെ സ്കൂൾ അധ്യാപകരായും നിയമിച്ചു. 1980 ൽ ബത്തേരി വൈസ് പ്രൊവിൻസ് രൂപം കൊണ്ടപ്പോൾ സ്കൂൾ ബത്തേരി വൈസ് പ്രൊവിൻസിന്റേതായിത്തീർന്നു. 1983 ൽ വേളംകോട് യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള അനുമതി ലഭിച്ചു. ബത്തേരി വൈസ് പ്രൊവിൻസിന് സ്കൂൾ കെട്ടിടം പണിയുന്നതിനുള്ള സാമ്പത്തിക ശക്തിയില്ലാഞ്ഞതിനാൽ ബത്തേരി രൂപതയിൽ നിന്നും ഹൈസ്കൂൾ കെട്ടിടം നിർമ്മിച്ച് 1983 ജൂണിൽത്തന്നെ ഹൈസ്കൂൾ ആരംഭിച്ചു. എന്നാൽ 1985 ജൂൺ മാസത്തിൽ സ്കൂൾ കെട്ടിടത്തിന്റെ ചെലവു സ്വീകരിച്ചുകൊണ്ട് സ്കൂൾ മൊത്തമായി മാനേജുമെന്റ് സഹിതം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി സിസ്റ്റേഴ്സിനു നല്കുകയുണ്ടായി.

1994 ൽ വേളംകോട് മഠത്തോടനുബന്ധിച്ച് 25 ഓളം പെൺകുട്ടികൾക്കു താമസിക്കാൻ സൗകര്യമുള്ള ഒരു ബോർഡിംഗ് മന്ദിരം നിർമിച്ച് ചെറിയതോതിൽ ബോർഡിംഗ് നടത്തിയിരുന്നെങ്കിലും 2000 ഓടുകൂടി അതു ബാലഭവനാക്കി മാറ്റിയിട്ടുണ്ട്. നഴ്സറി ക്ലാസ്സു മുതൽ ഹൈസ്കൂൾ വരെ വേളംകോടു സ്കൂൾ വളർന്ന് ഇന്നത്തെ നിലയിൽ എത്തിച്ചേർന്നതിന്റെ



പിന്നിൽ സ്കൂളുമായി ബന്ധപ്പെട്ടിട്ടുള്ള സുപ്പീരിയേഴ്സും സിസ്റ്റേഴ്സും അഭിനന്ദനാർഹരാണ്. ആരംഭകാലം മുതൽ മഠവും സ്കൂളും നേരിടേണ്ടിവന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും വളരെയധികമായിരുന്നു എന്നത് നിഷേധിക്കാവുന്നതല്ല. സിസ്റ്റേഴ്സ് സ്കൂൾ പ്രവർത്തനങ്ങളിൽ മാത്രമല്ല അടുത്തുള്ള ഇടവകകളിൽ മിഷ്യൻ പ്രവർത്തനങ്ങളിലും അതീവ തല്പരരാണ്.

**3. ഉപ്പട്ടി ബഥനിമഠം (15-8-1968)**
ഉപ്പട്ടി പി.ഒ., നീലഗിരി, തമിഴ്നാട് - 643 241

തമിഴ്നാട്ടിൽ നീലഗിരി മലമ്പ്രദേശത്ത് ഉപ്പട്ടി എന്ന സ്ഥലത്ത് പച്ചപ്പാർന്ന തേയിലത്തോട്ടത്തിനു മദ്ധ്യേസ്ഥിതി ചെയ്യുന്ന ലളിതസുന്ദരമായ ഒരു കൊച്ചു ഭവനമാണ് ഉപ്പട്ടി ബഥനിമഠം. തിരുവല്ല രൂപത വക ഒരിടവകപ്പള്ളിയും അതിനോടനുബന്ധിച്ച ഒരു പള്ളിക്കൂടവും ഇവിടെയുണ്ട്. ഇടവകയിലും സമീപപ്രദേശങ്ങളിലും മിഷ്യൻ പ്രവർത്തനങ്ങൾക്കായി ഒരു മഠം തുടങ്ങണമെന്ന് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ മേരി മാഗ്ദലീനോട് ആവശ്യപ്പെടുകയുണ്ടായി. സിസ്റ്റേഴ്സിനു തത്കാലതാമസത്തിനായി പള്ളിവക കെട്ടിടം നല്കി യതിനുംപുറമെ രൂപതവക സ്ഥലത്തുനിന്നും ഒന്നരയേക്കർ സ്ഥലം കൂടി നല്കുകയുണ്ടായി. 1968 ഓഗസ്റ്റ് 15 ന് സിസ്റ്റേഴ്സ് സ്റ്റെല്ല, മേരി ശലോം, ഗ്രാസ്സിയ എന്നിവർ ഉപ്പട്ടിയിലെത്തി താമസമാരംഭിച്ചു. ഇവരിൽ രണ്ടുപേർക്ക് സ്കൂളിൽ നിയമനവും നല്കി.

വന്ദ്യപിതാവു നല്കിയ സ്ഥലത്ത് ഉടനെതന്നെ മഠത്തിനായി കെട്ടിടം പണിയാരംഭിച്ചതുമാത്രമല്ല ബാക്കിയുള്ള സ്ഥലത്ത് തേയില നട്ടുപിടിപ്പിക്കുന്നതിനും ആരംഭിച്ചു. 1968 ഡിസംബറിൽ പണിപൂർത്തിയായ കെട്ടിടം കൂദാശ നടത്തി സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിച്ചു. 1981 ൽ മഠത്തിന് അധികം അകലത്തല്ലാതെ ഒരു ഏക്കർ 40 സെന്റ് സ്ഥലം കൂടെ വാങ്ങി, അവിടെ ഒരു കെട്ടിടം നിർമ്മിച്ച് ബാങ്കു നടത്തുന്നതിനായി വാടകയ്ക്കു നല്കിയത് ഒരു വരുമാനമാർഗ്ഗമായി ഇന്നും തുടരുന്നു. 1980 ൽ ബത്തേരി പ്രൊവിൻസിന്റെ മന്ദിരമായിത്തീർന്ന ഉപ്പട്ടി ബഥനിമഠത്തോടനുബന്ധിച്ച് കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാമിന്റെ യൂണിറ്റായി ഒരു ക്ലിനിക്ക് ആരംഭിച്ചു. ചുറ്റുപാടുമുള്ള സാധുക്കൾക്ക് സൗജന്യ ചികിത്സയോടൊപ്പം ആരോഗ്യ പരിപാലനവിധികൾ പഠിപ്പിക്കയും ചെയ്തിരുന്നത് വലിയ അനുഗ്രഹമായിരുന്നു. 1990 ഡിസംബർ വരെയും വളരെ വിജയകരമായ രീതിയിൽ ഈ ക്ലിനിക് പ്രവർത്തിച്ചിരുന്നെങ്കിലും തുടരാൻ കഴിഞ്ഞില്ല.

1980 മുതൽ രൂപത വക സ്ഥലത്ത് ഒരു കെട്ടിടമുണ്ടാക്കി അവിടെ നഴ്സറി സ്കൂൾ ആരംഭിച്ച് വിജയകരമായി നടത്തിയിരുന്നു. എന്നാൽ 2001 ൽ

www.malankaralibrary.com



പ്രസ്തുത നഴ്സറി സ്കൂളും സ്ഥലവും രൂപത തിരിച്ചെടുത്തു. ഇപ്പോൾ രൂപത യാണ് സ്കൂൾ നടത്തുന്നത്. രൂപതവക സ്കൂളിന്റെ സുവർണ്ണ ജൂബിലി 1999 ഏപ്രിൽ 22 ന് സമുചിതമായി ആഘോഷിച്ചു. സ്കൂളിൽ സിസ്റ്റേഴ്സിന്റെ സേവനം ഇപ്പോഴും തുടരുന്നു. കൂടാതെ ഇടവകയിലെ മിഷ്യൻ പ്രവർത്തനങ്ങളും ജാതിമതഭേദം കൂടാതെയുള്ള ഭവനസന്ദർശന പരിപാടികളും ഉപ്പട്ടി നാട്ടുകാർക്ക് ആശ്വാസദായകവും ഫലപ്രദവുമാണ്.

**4. നാരങ്ങാത്തോട് ബഥനിമഠം (9-1-19760)**

മീമുട്ടി പി.ഒ., നാരങ്ങതോട്, കോടഞ്ചേരി, കോഴിക്കോട് - 673 580

കോഴിക്കോടു ജില്ലയിൽ കോടഞ്ചേരിക്കും വേളംകോടിനും അടുത്തുള്ള ഒരു മലമ്പ്രദേശമാണ് നാരങ്ങാത്തോട്. അക്ഷരാഭ്യാസമില്ലാത്തവരും അല്പവസ്ത്രധാരികളുമായ ഒരു പ്രത്യേക വർഗം ആദിവാസികൾ അവിടവിടെയായി പാർക്കുന്ന കാടുകൾ നിറഞ്ഞ മലമ്പ്രദേശം കൂടെയായിരുന്നു നാരങ്ങാത്തോട്. തിരുവല്ല രൂപതയുടെ ഒരിടവക പള്ളി ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്നു. കുടിയേറ്റക്കാരായ ക്രൈസ്തവ കുടുംബങ്ങളും ഇവിടെ ധാരാളമുണ്ടായിരുന്നു. ഇടവകപ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്കായി ഇവിടെ ഒരു മഠം ഉണ്ടാകണമെന്ന് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ മോനിക്കയോട് ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് സിസ്റ്റർ മേരിമാഗ്ദലീന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സിനെ അവിടേക്കയച്ചു. മഠത്തിനു സ്വന്തമായി സ്ഥലമോ കെട്ടിടമോ ഒന്നുമില്ലാഞ്ഞതിനാൽ ഇടവക പള്ളിക്കായി വാങ്ങിയ സ്ഥലത്തുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടം മഠത്തിനായി ക്രമീകരിച്ചു. 1976 ജനുവരി 9 ന് സിസ്റ്റേഴ്സ് അവിടെ താമസമാരംഭിച്ചു. ഇടവക പ്രവർത്തനങ്ങളിലാണ് ആദ്യം ശ്രദ്ധ ചെലുത്തിയതെങ്കിലും ആദിവാസി കുടുംബങ്ങളുടെ സമഗ്രവളർച്ച പ്രധാനപ്രവർത്തനവേദിയായി കരുതിയിരുന്നു. ഭയത്തോടും സംശയത്തോടുമാണ് സിസ്റ്റേഴ്സിനെ ആദ്യവസരങ്ങളിൽ അവർ വീക്ഷിച്ചിരുന്നത്. അടുത്തു വരുന്നതിനോ അവരുടെ സമീപത്തേക്കു ചെല്ലുന്നതിനോ അവർ കൂട്ടാക്കിയിരുന്നില്ല, ഭാഷയും പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ക്രമേണ കാടുകളിൽ നിന്നും വിറകു കെട്ടുകളുമായി ഇറങ്ങിവന്നിരുന്ന ചില ആദിവാസി പുരുഷന്മാരിൽനിന്ന് വിറകു വാങ്ങാനുള്ള സന്ദർഭങ്ങളുണ്ടാക്കാൻ കഴിഞ്ഞു. എങ്കിലും സ്ത്രീകളെ കണ്ടുമുട്ടുക ബുദ്ധിമുട്ടായിരുന്നു.

ഇതിനിടെ സിസ്റ്റേഴ്സിനു സ്വന്തമായി വസ്തുവാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും കഴിഞ്ഞിരുന്നു. മഠത്തോടനുബന്ധിച്ച് ഒരു നഴ്സറി



സ്കൂളും ഉണ്ടാക്കി. പുതിയ കെട്ടിടത്തിലേക്കു സിസ്റ്റേഴ്സ് താമസം മാറി. ബത്തേരി രൂപതയുടെ സാമൂഹ്യക്ഷേമ പദ്ധതികളുമായി ബന്ധപ്പെടുത്തി ചുറ്റുപാടുമുള്ള കുടുംബങ്ങളും ആദിവാസികോളനികളും ഉൾപ്പെടുത്തി മാതൃശിശുസംരക്ഷണ പരിപാടികൾ (MCH Programme) നടപ്പാക്കിയത് ആദിവാസികളെ ക്രമേണ ആകർഷിക്കാൻ സഹായമായി. 1980 മുതൽ തന്നെ നഴ്സറി ക്ലാസ്സുകളിൽ ആദിവാസി കുട്ടികൾക്കും പ്രവേശനം നല്കുന്നതിനും അവരുമായി സൗഹൃദം പുലർത്തുന്നതിനും സാദ്ധ്യമായിത്തുടങ്ങി.

ആദിവാസി കുടുംബങ്ങളുടെ സാംസ്കാരികവും മാനസികവും ബൗദ്ധികവുമായ വളർച്ച കണക്കാക്കിയുള്ള ബോധവത്ക്കരണ ക്ലാസ്സുകളും ഭവന സന്ദർശന പരിപാടികളും അവരുടെ വികസനത്തിന് സഹായകമായി എന്നതിന് വലിയ തെളിവാണ് ഇന്നു നാരങ്ങാത്തോട്ടിൽ വളർന്നുവരുന്ന നഴ്സറി, എൽ. പി., യു. പി. സ്കൂളുകളും ക്ലാസ്സുകളിൽ മറ്റു കുട്ടികളോടൊപ്പം പഠിക്കുന്ന ആദിവാസി കുട്ടികളും. വസ്ത്രധാരണത്തിലും ദിനചര്യകളിലും കുടുംബ സംവിധാനങ്ങളിലും വന്നിട്ടുള്ള മാറ്റങ്ങൾ വളരെ ശ്രദ്ധാർഹമാണ്.

സിസ്റ്റേഴ്സ് ഇവിടെ സ്കൂൾ പ്രവർത്തനങ്ങളിൽ മാത്രമല്ല ശ്രദ്ധിക്കുന്നത് പ്രത്യുത ഇടവക പ്രവർത്തനങ്ങളിലും വളരെയധികം താല്പര്യത്തോടെ ഏർപ്പെടുന്നു. രണ്ടു സിസ്റ്റേഴ്സ് വേളംകോട്ട് ഹൈസ്കൂളിൽ പോയി പഠിപ്പിക്കുന്നുണ്ട്. മഠത്തിനടുത്തുകൂടി ഒരു നല്ല പുഴ ഒഴുകുന്നത് മഠത്തിന്റെ കൃഷിസ്ഥലങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു എന്നതും ദൈവകൃപയാണ്.

**5. പുളിക്കലോടി ബഥനി മഠം (19-7-1976)**

വടപുറം പി.ഒ., പുളിക്കലോടി, മലപ്പുറം - 676 542

മലപ്പുറം ജില്ലയിൽ നിലമ്പൂർ ടൗണിന്റെ ബഹളങ്ങളിൽ നിന്ന് അല്പമകന്ന് പുളിക്കലോടിയിൽ വഴിക്കടവ്, മൈസൂർ റോഡ് സൈഡിൽ ആണ് പുളിക്കലോടി ബഥനിമഠം സ്ഥിതി ചെയ്യുന്നത്. തികഞ്ഞ മിഷ്യനറിയും, സാധുജനസ്നേഹിയുമായിരുന്ന ബ. കത്ബർട്ട് ഒ എഫ്. എം. (Cap) അച്ചന്റെ മിഷ്യൻ ആഭിമുഖ്യത്തിന്റെയും ഔദാര്യത്തിന്റെയും ഫലമായി രൂപം പ്രാപിച്ചതാണ് പുളിക്കലോടിയിലെ ഈ ബഥനിമഠം.

ഒരു മുസ്ലീം സഹോദരന്റെ ഒരേക്കറോളം വരുന്ന സ്ഥലവും വീടും സൗകര്യമായി ലഭിച്ചത് ബ. അച്ചൻ വിലയ്ക്കുവാങ്ങി. തിരുവല്ല രൂപതയുടെ ഇടവകപ്പള്ളിയായിരുന്ന ജോസ് ഗിരി ഇവിടെ നിന്ന് അധികം അകലത്തല്ല. ഈ ഇടവകയുടെ മിഷ്യൻ പ്രവർത്തനങ്ങൾക്കായും ഒരു ലേഡീസ് ഹോസ്റ്റൽ നടത്തിപ്പിനായും ബഥനി സിസ്റ്റേഴ്സിന്റെ ഒരു മഠം അവിടെ ഉണ്ടായിരി

www.malankaralibrary.com



ക്കണമെന്ന് ബ. അച്ചൻ ആഗ്രഹിച്ചു. വിവരം അന്നു പ്രൊവിൻഷ്യലായിരുന്ന മദർ മോനിക്കയെ ധരിപ്പിച്ചു. ബ. അച്ചന്റെ ആവശ്യപ്രകാരം സിസ്റ്റർ മേരി ദേവസഹായത്തിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് പയസ്, പങ്ക്രേഷ്യ, സാലസ് എന്നിവരെ മദർ നിലമ്പൂരേക്കയച്ചു. പുതുതായി വാങ്ങിയ കെട്ടിടം സൗകര്യപ്രദമാകുംവരെ സിസ്റ്റേഴ്സിനെ ജോസ്ഗിരി പള്ളിക്കെട്ടിടത്തിൽ താമസിപ്പിച്ചു. കെട്ടിടം എല്ലാം ക്രമീകരിച്ച ശേഷം 1976 ഏപ്രിൽ 20 ന് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി കെട്ടിടം കൂദാശ ചെയ്തു, അന്നു മുതൽ സിസ്റ്റേഴ്സ് അവിടെ താമസവുമാക്കി. മഠത്തിന്റെ ഒരു മുറി ചാപ്പലാക്കി പ്രതിഷ്ഠിച്ച് വിശുദ്ധ കുർബാനയും സ്ഥാപിച്ചു. മഠത്തിൽ നിന്നും അല്പം അകലെയായി ഒരു സ്കൂളും ബ. അച്ചൻ വാങ്ങിയിരുന്നു. സിസ്റ്റേഴ്സ് പയസ്സ്, പങ്ക്റേഷ്യ, സാലസ്സ് എന്നിവരെ അവിടെ അദ്ധ്യാപകരായും നിയമിച്ചു.

ബത്തേരി കേന്ദ്രമാക്കി പുതിയ രൂപത 1979 ൽ രൂപമെടുത്തശേഷം നിലമ്പൂർ ഡിസ്ട്രിക്ടിൽ കൂടുതൽ മിഷ്യൻ കേന്ദ്രങ്ങൾ ഉണ്ടായിത്തുടങ്ങി. നിലമ്പൂർ, ചോക്കാട്, എരുമമുണ്ട, മൂത്തേടം എന്നീ മിഷ്യൻ സ്ഥലങ്ങളെല്ലാം ഇതിലുൾപ്പെടുന്നു. മതപഠനം, സ്ത്രീസമാജം, ഭവനസന്ദർശനം ഇവയ്ക്കെല്ലാം പുറമെ വയോജന വിദ്യാഭ്യാസ പരിപാടിയും നടത്തിയിരുന്നു. വയോജനവിദ്യാഭ്യാസാർത്ഥം ബ്ളോക്കു തലത്തിലും സിസ്റ്റേഴ്സിനെ ക്ഷണിച്ചിരുന്നു.

മലങ്കര സഭയുടേതല്ലെങ്കിലും അടുത്തുള്ള കോളജുകളിൽ പഠനത്തിനെത്തുന്ന പെൺകുട്ടികൾക്ക് സുരക്ഷിതമായ ഒരു താമസസ്ഥലം ഉണ്ടാകേണ്ടതിന്റെ അത്യാവശ്യം മനസ്സിലാക്കിയ ബ. കത്ബർട്ടച്ചൻ മഠത്തോടനുബന്ധിച്ച് ഒരു ഹോസ്റ്റൽ കൂടെ നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കി. ഇരുപതോളം കുട്ടികൾക്ക് താമസിക്കാവുന്ന ഈ ഹോസ്റ്റൽ ദൂരെ നിന്നെത്തുന്ന കുട്ടികൾക്ക് ഇന്നും ഒരാശ്രയമാണ്.

1979 ഫെബ്രുവരിയിൽ മഠത്തിനായി ഒരേക്കറോളംവരുന്ന തെങ്ങിൻ തോപ്പും 25 സെന്റ് നിലവും കൂടി ബ. കത്ബർട്ടച്ചൻ എഴുതിക്കുകയുണ്ടായി. ജലക്ഷാമം തീർക്കാനായി പുതിയ പറമ്പിൽ ഒരു നല്ല കുളം നിർമ്മിച്ച് കല്ലു കെട്ടി വൃത്തിയാക്കിയിട്ടുണ്ട്. ഒരിക്കലും വറ്റാത്ത നീരുറവയായി ഇന്നും അത് തെങ്ങിൻതോപ്പിനെ ഐശ്വര്യപൂർണ്ണമാക്കുന്നതുകൂടാതെ മഠത്തിലേക്കും ഹോസ്റ്റലിലേക്കും ആവശ്യമായ ജലം മോട്ടോർ വഴി എത്തിക്കുകയും ചെയ്യുന്നു.



1980 ൽ ബത്തേരി പ്രൊവിൻസിന്റെ മന്ദിരമായി പുളിക്കലോടി മഠം ഗണിക്കപ്പെട്ടു. മഠത്തിൽ ഒരു നല്ല ചാപ്പൽ ആരംഭിച്ചിരിക്കുന്നതിന്റെ പണിപൂർത്തിയാക്കി 1980 ഏപ്രിൽ 14 ന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി കൂദാശ നടത്തി, വിശുദ്ധ കുർബാന അർപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്തു. മഠത്തോടനുബന്ധിച്ച് ആരംഭകാലംമുതൽ ഒരു നഴ്സറിസ്കൂൾ നടത്തിയിരുന്നെങ്കിലും ചില പ്രത്യേക സാഹചര്യങ്ങൾ കാരണം അതു നിലനിന്നില്ല. എന്നാൽ 1986 ജൂൺ 1 മുതൽ വീണ്ടും നഴ്സറിസ്കൂൾ ആരംഭിക്കുകയുണ്ടായി. എന്നാൽ 1990 ൽ കുട്ടികളുടെ കുറവു കാരണം അതു നിർത്തൽ ചെയ്യുകയായിരുന്നു.

പുളിക്കലോടിമഠം തുടങ്ങുന്നതിനുള്ള പ്രചോദനഹേതുക്കളിൽ ഒന്ന് അതിനടുത്ത് ബ. കത്ബർട്ടച്ചന്റെ വകയായുണ്ടായിരുന്ന എറികാട് യു. പി. സ്കൂളായിരുന്നു. എന്നാൽ 1990 നു ശേഷം ബ. അച്ചൻ തന്നെ അത് മുസ്ലീം മാനേജ്മെന്റിനു വില്ക്കേണ്ടതായി വന്നു. എങ്കിലും 1976 മുതൽ തുടർച്ചയായി അവിടെ അദ്ധ്യാപികയായിരുന്ന സിസ്റ്റർ പയസ്സ് 2000-ാമാണ്ടിൽ വിരമിക്കുംവരെയും അവിടെ പഠിപ്പിച്ചിരുന്നു. ബത്തേരി രൂപത വക ജോസ്ഗിരി ഇടവകപ്പള്ളി പുളിക്കലോടിയിൽനിന്നും അല്പം അകലെയാണെങ്കിലും അവിടെ വികാരിമാരായെത്തുന്ന ബ. വൈദികരെല്ലാം ആരംഭം മുതൽ തന്നെ സിസ്റ്റേഴ്സിന്റെയും ഹോസ്റ്റൽ അന്തേവാസികളുടെയും ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുന്നതിന് എത്തുകയും ചെയ്തിരുന്നു. ഇന്നും ഈ സഹായം തുടരുന്നു. എണ്ണത്തിൽ സിസ്റ്റേഴ്സ് ഈ മന്ദിരത്തിൽ കുറവെങ്കിലും അടുത്തുള്ള ഇടവകകളിലെ എല്ലാ പ്രവർത്തനങ്ങളിലും അതീവശുഷ്കാന്തിയോടെ ഏർപ്പെടുന്നു.

**6. നടുവിൽ ബഥനിമഠം (10-8-1979)**

നടുവിൽ പി.ഒ., കണ്ണൂർ - 670 582

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിൽനിന്നും ഏകദേശം 10 കിലോമീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് നടുവിൽ ഗ്രാമം. ചുറ്റും ഉയർന്ന മലകൾകൊണ്ട് കോട്ട കെട്ടിയിരിക്കുംപോലെയും നടുക്ക് വളരെ വിസ്തൃതമായ ഒരു തട്ടുപോലെയും സ്ഥിതി ചെയ്യുന്ന നിരപ്പായ സ്ഥലമായതിനാലായിരിക്കും 'നടുവിൽത്തട്ട്' എന്ന് ഈ പ്രദേശത്തെ വിളിക്കാറുള്ളത്. മല്ലപ്പള്ളി, മുക്കൂർ, കാഞ്ഞിരപ്പള്ളി, പാല ഭാഗങ്ങളിൽ നിന്നും കുടിയേറിപ്പാർത്തിട്ടുള്ള കുറെയധികം ക്രൈസ്തവ, ഹിന്ദു, മുസ്ലീം കുടുംബങ്ങൾ ഇവിടെ അധിവസിക്കുന്നു. കൂടാതെ നമ്പ്യാർ വംശജരായ ഏതാനും ജന്മികളും ഇവിടത്തെ അവകാശികളാണ്. നടുവിൽത്തട്ടിലെ ആദിവാസികളെന്നു

www.malankaralibrary.com



കരുതപ്പെടുന്ന 'കരിമ്പാല' വംശജർ അക്ഷരാഭ്യാസമില്ലാത്തവരും അസംസ്കൃതരും ആണെങ്കിലും അദ്ധ്വാനശീലരും നല്ലകൃഷിക്കാരുമാണ്. മനോഹരമായ കുരുമുളകു തോട്ടങ്ങൾ വലുതും ചെറുതും ഇവർക്കു സ്വന്തമായിരുന്നു. എന്നാൽ കുടിയേറ്റക്കാരുടെയും ജന്മികളുടെയും സമ്മർദ്ദംമൂലം വളരെ കുറഞ്ഞ വിലയ്ക്കുവിറ്റും പണയം വച്ചും മറ്റും തോട്ടങ്ങളും സ്വന്തസ്ഥലങ്ങളും അന്യാധീനപ്പെട്ട് ഗത്യന്തരമില്ലാതെ മലകളിലേക്കും കുന്നുകളിലേക്കും മാറി കുടിലുകൾ കെട്ടി താമസിക്കുന്നവരാണ് ഇന്നുള്ളവരിൽ അധികവും.

1979 ൽ ബത്തേരി മലങ്കര കത്തോലിക്കാ രൂപത രൂപംകൊള്ളും മുമ്പുതന്നെ നടുവിൽതട്ടിൽ 'സെന്റ് ജോസഫ്സ് മലങ്കരപ്പള്ളി' എന്ന പേരിൽ, തിരുവല്ല രൂപതയുടെ ഒരു പള്ളി ഉണ്ടായിരുന്നു. പുതിയ രൂപതയെ മിഷ്യൻ പ്രവർത്തനങ്ങളിലും സാമൂഹ്യസേവന പ്രവർത്തനങ്ങളിലും സഹായിക്കാനായി തിരുവനന്തപുരം, തിരുവല്ല പ്രൊവിൻസുകളിൽ നിന്ന് ഏതാനും സിസ്റ്റേഴ്സ് തയ്യാറായി. അവശ്യം വേണ്ട രേഖാമൂലമായ അനുവാദത്തോടെയും പുതിയ രൂപതയുടെ മെത്രാനായിരുന്ന സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ അനുഗ്രഹാശീർവാദങ്ങളോടെയും തിരുവനന്തപുരം പ്രൊവിൻസിൽനിന്നും സിസ്റ്റേഴ്സ് ഹെലേന, ഫെലീഷ്യ, തബീത്ത എന്നിവരും തിരുവല്ല പ്രൊവിൻസിൽനിന്നും സിസ്റ്റർ റജീനയും 1979 ഓഗസ്റ്റ് 9 ന് നടുവിൽത്തട്ടിലെത്തി. അന്ന് നടുവിൽ പള്ളിവികാരിയായിരുന്ന ബ. തോമസ് മണലേൽ അച്ചൻ സിസ്റ്റേഴ്സ് എത്തുംമുമ്പുതന്നെ പള്ളിയിൽ നിന്നും വളരെയകലത്തല്ലാതെ ഒരു ചെറിയ വീട് വാടകയ്ക്കെടുത്ത് സിസ്റ്റേഴ്സിനു താമസിക്കാനായി സൗകര്യപ്പെടുത്തിയിരുന്നു. ബ. അച്ചൻ സന്തോഷത്തോടെ സിസ്റ്റേഴ്സിനെ വാടകവീട്ടിലേക്ക് സ്വീകരിച്ചു. അങ്ങനെ ബത്തേരി പ്രൊവിൻസ് രൂപം കൊള്ളുംമുമ്പുതന്നെ ബഥനിയുടെ നാലു സിസ്റ്റേഴ്സ് പുതിയ രൂപതയുടെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാമിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനായി നടുവിൽ താമസമാരംഭിച്ചു.

നടുവിൽ ആരംഭിച്ച ഈ മൂന്നുവർഷത്തേക്കുള്ള പ്രവർത്തന പരിപാടികളുടെ കരടുരൂപം (പ്രോജക്റ്റ്) തയ്യാറാക്കി അഭിവന്ദ്യപിതാവിനും (ബത്തേരിബിഷപ്പ്) മദർ ജനറൽ മദർ സെമഹായ്ക്കും നല്കിയിരുന്നു. വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടിയ ചെറിയ മണ്ണുവീട്ടിലെ താമസം 'ബഥനി' യുടെ ലാളിത്യത്തെ വിളിച്ചോതുന്നതായിരുന്നു. 1979 ഓഗസ്റ്റ് 11 മുതൽതന്നെ നടുവിൽ ഗ്രാമത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി തയ്യാറാക്കിയിരുന്ന പദ്ധതിയുടെ പ്രവർത്തനത്തിനു തുടക്കം കുറിച്ചു. ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസം കൂടാതെയുള്ള ഭവനസന്ദർശനം നടത്തി 'സ്റ്റാറ്റിസ്റ്റിക്സ്' തയ്യാറാക്കുകയായിരുന്നു ആദ്യപടി. കമ്മ്യൂണിറ്റി ഹെൽത്ത്



പ്രോഗ്രാമും ഇതിൽ ഉൾപ്പെട്ടിരുന്നു. അതിനായി തിരുവല്ലയിൽ നിന്നും സിസ്റ്റർ (ഡോക്ടർ) സ്കൊളാസ്റ്റിക്ക, നഴ്സുമാരായിരുന്ന സിസ്റ്റർ പവിത്ര, സിസ്റ്റർ മീഖ എന്നിവരും ബത്തേരിയിൽ താമസിച്ചുകൊണ്ട് നടുവിൽ നവോദയത്തിലെത്തി സേവനം അനുഷ്ഠിച്ചിരുന്നു.

കുട്ടികൾക്കായി സ്നേഹസേന, യുവജനങ്ങൾക്കായി നവജ്യോതി, സ്ത്രീകൾക്കായി നവധാര, പിതൃസംഘടന, ഇടവകയിൽ പ്രാർത്ഥനഗ്രൂപ്പ് എന്നിങ്ങനെ കുടുംബങ്ങളിലുള്ള എല്ലാവരും പഠിതാക്കളും പ്രവർത്തകരും ആയിത്തീരുന്നതിനുള്ള വേദിയൊരുക്കി. ആദിവാസികോളനികളിൽ ഷെഡ്ഡുകൾ നിർമ്മിച്ച് വയോജന വിദ്യാഭ്യാസത്തിനും മറ്റു പരിപാടികൾക്കുമായി അവരെ ഒന്നിച്ചുകൂട്ടി ബോധവത്ക്കരണം നടത്തിയിരുന്നത് വളരെയധികം ഫലപ്രദമായി. ആദിവാസികുട്ടികളെ അടുത്തുള്ള സ്കൂളുകളിൽ ചേർത്തുപഠിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ അവരുടെ മാതാപിതാക്കൾക്ക് ഒരുക്കിക്കൊടുത്തിരുന്നതും ഫലപ്രദമായിരുന്നു. രൂപതവഴിവന്നിരുന്ന C.R.S. ഫുഡ്പ്രോഗ്രാം വഴി മാസത്തിൽ രണ്ടു പ്രാവശ്യം വീതം നടത്തിയിരുന്ന ഭക്ഷണവിതരണം നടുവിലും അടുത്ത പ്രദേശങ്ങളിലുമായി 500- ഓളം കുടുംബങ്ങൾക്ക് കടുത്ത ക്ഷാമത്തിൽ നിന്നുള്ള വിടുതലായിരുന്നു. ഭവനനിർമ്മാണം, കുടിലുകളുടെ നവീകരണം, ആടുമാടു വിതരണം, മിച്ച നിക്ഷേപ പദ്ധതി എന്നിങ്ങനെ സ്വപ്രയത്നം കൊണ്ട് ജീവസന്ധാരണം സുഗമമാക്കാനുള്ള പരിശീലനം കുടുംബങ്ങൾക്ക് നല്കിയിരുന്നു. രൂപതയിലെ ഫുഡ് ഫോർ വർക്ക് പരിപാടിവഴി റോഡു നിർമ്മാണം, കയ്യാലകെട്ടൽ, അറ്റകുറ്റപ്പണികൾ എന്നിങ്ങനെ പലതും വിജയപ്രദമായി നടന്നു. മിഷ്യൻ പ്രവർത്തനവും വളരെ സജീവമായിരുന്നു.

ഇതിനകം 1981 ൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി മൂന്നേക്കർ സ്ഥലം നടുവിൽ സിസ്റ്റേഴ്സിന് ഇഷ്ടദാനമായി നല്കിയതിൽ നവോദയത്തിന് ഒരു സെന്ററും സിസ്റ്റേഴ്സിനു താമസിക്കുന്നതിനുള്ള കെട്ടിടവും നിർമ്മിച്ചു. വാടക വീട്ടിൽനിന്നും സിസ്റ്റേഴ്സ് നവോദയത്തിന്റെ പുതിയ കെട്ടിടത്തിലേക്കു മാറിത്താമസിച്ചു. 1980 ൽ ബഥനിയുടെ ബത്തേരി വൈസ് പ്രൊവിൻസ് രൂപം പ്രാപിച്ചു. സ്ത്രീ ജനോദ്ധാരണാർത്ഥം നവോദയം സെന്ററിൽ തയ്യൽ പരിശീല് പരിപാടിയും തയ്യൽ പ്രൊഡക്ഷൻ പരിപാടിയും ആരംഭിക്കുകയുണ്ടായി. പ്രൊഡക്ഷൻ പരിപാടികളുടെ നടത്തിപ്പിനായി ബത്തേരി വൈസ്പ്രൊവിൻസ് അംഗമായിരുന്ന സിസ്റ്റർ ശൈന മേരി നിയോഗിക്കപ്പെട്ടു.

ഇതിനകം 1982 ൽ സ്കൂൾ സംബന്ധമായ ചില സൗകര്യങ്ങളെ പ്രതി സിസ്റ്റർ തബീത്ത (Tvm) യും 1983 ഓടുകൂടി സിസ്റ്റേഴ്സ് സ്കൊളാസ്റ്റിക്ക, റജീന പവിത്ര, മീഖ എന്നിവരും ബത്തേരി വൈസ് പ്രൊവിൻസ് അംഗത്വം

www.malankaralibrary.com



രേഖാമൂലം സ്വീകരിച്ചെങ്കിലും സിസ്റ്റേഴ്സ് ഹെലേന, ഫെലീഷ്യ എന്നിവർ മൂന്നു വർഷത്തേക്കുകൂടി (1985 ഓഗസ്റ്റ് വരേയ്ക്ക്) രൂപതാ സെന്ററിൽ ത്തന്നെ പ്രവർത്തനം തുടരാൻ (തിരുവനന്തപുരം പ്രൊവിൻസ് അംഗത്വം നിലനിർത്തിക്കൊണ്ടുതന്നെ) രേഖാമൂലം മദർ ജനറലിന്റെ അനുവാദം വാങ്ങിയിരുന്നു. എന്നാൽ ചില സാഹചര്യങ്ങൾമൂലം പ്രൊവിൻസ് മാറേണ്ടിവന്ന സാഹചര്യത്തിൽ 1985 മെയ് മാസത്തിൽ സിസ്റ്റർ ഹെലേനയും സിസ്റ്റർ ഫെലീഷ്യയും ബത്തേരി വൈസ് പ്രൊവിൻസ് അംഗങ്ങളായി.

1985 മേയിൽ നടന്ന വൈസ് പ്രൊവിൻഷ്യൽ സിനാക്സിസിൽ സിസ്റ്റർ ഹെലേന വൈസ് പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെടുകയും 1989 ൽ സിസ്റ്റർ ഫെലീഷ്യ നവോദയത്തിൽ നിന്നു സ്ഥലം മാറിപ്പോകയും ചെയ്യേണ്ടി വന്ന സാഹചര്യത്തിൽ അതുവരെ നടുവിൽ നടന്നിരുന്ന പ്രവർത്തന ശൈലികൾക്കു മാറ്റം സംഭവിക്കുകയായിരുന്നു. 1983 ൽ നവോദയത്തോടു ചേർത്ത് ഒരു വൃദ്ധമന്ദിരത്തിന് ആവശ്യമായ കെട്ടിടം നിർമിച്ചെങ്കിലും സ്ഥാപനം ആരംഭിക്കാൻ കഴിഞ്ഞില്ല. കെട്ടിടനിർമാണത്തിനായി ഒരു ചെറിയ സഹായം ഗുണകാംക്ഷിയായ ശ്രീമതി ചിന്നമ്മ വർഗ്ഗീസ് കാവിൽ നിന്നു ലഭിച്ചിരുന്നു.

1985–1989 വർഷങ്ങളിൽ മുൻ സിസ്റ്റേഴ്സെല്ലാം ബത്തേരിയിലേക്കു പോയെങ്കിലും ഇടവകയിലെ മിഷ്യൻ പ്രവർത്തനങ്ങൾ അഭംഗുരം നടന്നിരുന്നു. 1990 ൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി നവോദയം സോഷ്യൽ സെന്റർ ബത്തേരി പ്രൊവിൻസിനു നല്കിയതു മുതൽ അത് ബഥനി മഠം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇപ്പോൾ അവിടെ ഒരു നഴ്സറി, എൽ. പി. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നടക്കുന്നു. വൃദ്ധ മന്ദിരത്തിനുണ്ടാക്കിയ കെട്ടിടം തത്ക്കാലം സ്കൂളായി ഉപയോഗിക്കുന്നതു കൂടാതെ പഴയ കെട്ടിടത്തിന് രണ്ടാംനിലകൂടെ പണിത് ക്ലാസ്സ് മുറികൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

**7. കേളകം ബഥനി മഠം (10–8–1979)**

**കേളകം പി.ഒ., കണ്ണൂർ – 670 674**

കണ്ണൂർ ജില്ലയിൽ തലശ്ശേരി – കൊട്ടിയൂർ റൂട്ടിൽ ഉള്ള ഒരു മലമ്പ്രദേശമാണ് കേളകം. ബത്തേരി രൂപതയുടെ സ്ഥലവും ഒരു ഇടവക പള്ളിയും ഇവിടെയുണ്ട്. കുടിയേറ്റ കുടുംബങ്ങളും ഹിന്ദു, മുസ്ലീം കുടുംബങ്ങളും വിവിധ വംശങ്ങളിൽപെട്ട ആദിവാസികുടുംബങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. ബത്തേരിയിൽ ബഥനിയുടെ പ്രൊവിൻസ് തുടങ്ങും മുമ്പുതന്നെ പുതുതായി രൂപം കൊണ്ട ബത്തേരി രൂപതയുടെ മിഷ്യൻ മേഖലകളിലും ഇടവകകളിലും സഹായിക്കുന്നതിനായി തിരുവല്ല പ്രൊവിൻസിൽ നിന്നും



അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ജയിൻ സിസ്റ്റർ ആഗ്നസ്, സിസ്റ്റർ സിൽവിയ എന്നിവരെ കേളകത്തേക്കയച്ചു.

1979 ഓഗസ്റ്റ് 10 ന് അവർ പള്ളിവക കെട്ടിടത്തിൽ താമസിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചു. ഇടവകയുടേതായി ഒരു നഴ്സറി സ്കൂളിനു തുടക്കമിട്ടുകൊണ്ടാണ് മിഷ്യൻ പ്രവർത്തനം തുടങ്ങിയത്. 1980 ൽ ബത്തേരി വൈസ് പ്രൊവിൻസ് ആരംഭിച്ചശേഷം അധികം താമസിയാതെ 76 സെന്റ് സ്ഥലം മഠത്തിനായി വാങ്ങി. കൂടാതെ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി ഒന്നരയേക്കർ സ്ഥലം ഇഷ്ടദാനവും നല്കി. അധികം വൈകാതെ അവിടെ ഒരു ചെറിയ ഭവനമുണ്ടാക്കി സിസ്റ്റേഴ്സ് പള്ളിക്കെട്ടിടത്തിൽ നിന്നും അവിടേക്കു മാറിയെങ്കിലും കെട്ടിടം അത്ര ബലവത്തായിരുന്നില്ല.

ഇടവകക്കാരുടെയും നാട്ടുകാരുടെയും ആഗ്രഹപ്രകാരവും അപേക്ഷയനുസരിച്ചും ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ ഇടവക നഴ്സറി കെട്ടിടത്തിന്റെ രണ്ടാംനിലയിൽ തുടങ്ങുകയുണ്ടായി. ഗവ. അംഗീകാരത്തിനുവേണ്ടി വളരെയധികം പരിശ്രമിച്ചെങ്കിലും 1986 നുശേഷമേ അംഗീകാരം ലഭിച്ചുള്ളൂ. ക്രമേണ അത് ഗവ. അംഗീകാരമുള്ള ഒരു യു. പി. സ്കൂളായി ഉയർത്താൻ കഴിഞ്ഞു. 1986 ൽ മഠത്തിന്റെ കെട്ടിടം താമസത്തിന് അപര്യാപ്തമായിത്തീർന്നതിനാൽ ഒരു പുതിയ കെട്ടിടം നിർമ്മിച്ച് സിസ്റ്റേഴ്സ് അവിടേക്കു മാറി. ഇടവകയുടെ നഴ്സറിസ്കൂളും എൽ. പി., യു. പി. സ്കൂളുകളും എല്ലാം കൂടെ അസൗകര്യമായതിനാൽ എൽ. പി., യു. പി. സെക്ഷനുകൾക്കായി ഒരു പുതിയ കെട്ടിടം നിർമ്മിച്ച് യു. പി. സ്കൂൾ അവിടേക്കു മാറ്റി. ഇതിനകം ഇടവകപ്പള്ളി പണിപൂർത്തിയാക്കാൻ വേണ്ടി സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം പള്ളിയാക്കി ഒരു വർഷത്തോളം ഉപയോഗിക്കേണ്ടി വന്നു. പള്ളിപണി പൂർത്തിയായപ്പോൾ എൽ. പി. സെക്ഷൻ അവിടേക്കു മാറ്റി. പഴയ രണ്ടുനില കെട്ടിടം രൂപതയ്ക്കായി വിട്ടുകൊടുത്തു. അവിടെ രൂപതയിൽ നിന്നും ഐ.റ്റി.സി. കോഴ്സ് നടത്തുന്നു.

സ്കൂളിന്റെ അംഗീകാരത്തിനുവേണ്ടിയും മറ്റും വളരെയധികം ബുദ്ധിമുട്ടേണ്ടിവന്നു എങ്കിലും ഇന്ന് കേളകം ഇംഗ്ലീഷ് മീഡിയം യു. പി. സ്കൂൾ നല്ല നിലവാരം പുലർത്തുന്ന ഒന്നായിത്തീർന്നിട്ടുണ്ട്.

**8. ശശിമല ബഥനിമഠം (18–10–1981)**

**ശശിമല പി.ഒ., പുൽപ്പള്ളി, വയനാട് – 673579**

വയനാടു ജില്ലയിൽ കേരളത്തിന്റെ ദുബായ് എന്നു വിശേഷിപ്പിക്കപ്പെടുന്ന പുൽപ്പള്ളി എന്ന പ്രദേശത്തോടടുത്തുകിടക്കുന്ന ഒരു ഉയരം കൂടിയ മലയും അതിന്റെ താഴ്വരയുമുൾപ്പെടുന്ന പ്രദേശമാണ് ശശിമല. ശിശുമല

www.malankaralibrary.com



എന്നും ഇതിനെ വിളിക്കാറുണ്ട്. ബത്തേരി രൂപതയുടെ ഒരു പള്ളി ഈ സ്ഥലത്തുണ്ട്. കുടിയേറ്റ കർഷകരും ആദിവാസികളും ഈ താഴ്‌വരകളിലും മലകളിലുമായി താമസിച്ച് കുരുമുളക്, കാപ്പി എന്നീ കൃഷികളിലും ഇതര ജോലികളിലും വ്യാപൃതരായി ജീവിക്കുന്നു.

ശശിമല ഇടവകയുടെ മിഷ്യൻ പ്രവർത്തനങ്ങളും ഈ പ്രദേശത്തിന്റെ സമഗ്രവളർച്ചയും കണക്കിലെടുത്ത ഒരു സുവിശേഷവേല മാത്രമാണ് ഇവിടെ ഒരു മഠം സ്ഥാപിക്കണമെന്ന ഉദ്ദേശ്യത്തിനുപിന്നിൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിനുണ്ടായിരുന്നത്. ഈ ഉദ്ദേശ്യം അന്നു വൈസ് പ്രൊവിൻഷ്യലായിരുന്ന മദർ നിർമ്മലയെ ബോദ്ധ്യപ്പെടുത്തി. 1981 ൽ ഏകദേശം 12-ഓളം ഏക്കർ സ്ഥലം – മലയുൾപ്പെടെ പ്രൊവിൻസിനായി വാങ്ങി. 10 ഏക്കറോളം കുരുമുളകുനട്ടിരുന്നതും കയറിപ്പറ്റാൻ അല്പം പ്രയാസമുള്ളതുമായ മലയായിരുന്നു. അജിത എന്നു പേരുകേട്ട നക്സലൈറ്റ് ഒളിത്താവളമാക്കിയിരുന്ന ഒരു വലിയ ഗുഹ ഈ മലയിൽ ഇന്നും കാണുന്നുണ്ട്.

മലയുടെ അടിവാരത്തായി റോഡ് സൈഡിൽ ഒരു ചായക്കട നടത്തിയിരുന്ന ഒരു ചെറിയ പുല്ലുമേഞ്ഞ കെട്ടിടം ഉണ്ടായിരുന്നത് അല്പമൊന്നു പരിഷ്കരിച്ചെടുത്ത് സിസ്റ്റേഴ്സിനു തത്ക്കാല താമസസൗകര്യമുണ്ടാക്കി. കോടമഞ്ഞും കുളിർകാറ്റും ശശിമലയുടെ വലിയ പ്രത്യേകതയായിരുന്നു. എന്നാൽ കരിയും ചാണകവും ചേർത്തുമെഴുകിയ തറയിൽ എന്തിട്ടാലും അതിവേഗം അതു ചിതൽക്കൂടാകുന്ന വിശേഷതയും അതിന്റെ പ്രത്യേകത തന്നെ. തന്മൂലം കുടിലിന്റെ ഉൾത്തൂണുകളിൽ മുളയും കാട്ടുകമ്പുകളും കെട്ടിവച്ച് തറയിൽനിന്നും രണ്ടുമൂന്നടി ഉയരത്തിൽ കട്ടിലുകൾ മാതിരി കെട്ടി കിടക്കയായി ഉപയോഗിച്ചിരുന്നു

1981 ഒക്ടോബർ 18 ന് വന്ദ്യ മോൺസിഞ്ഞോർ മാത്യു നെടുങ്ങാട്ടച്ചനും ബ. ഫാദർ വറുഗീസ് പുളിക്കനുംകൂടി ലാളിത്യ പ്രതീകമായിരുന്ന ഭവനം കൂദാശ ചെയ്തു. അന്നു തന്നെ സിസ്റ്റേഴ്സ് ഫെലീഷ്യ, റോസി എന്നിവരും ഒരർത്ഥിനിയും കൂടെ അവിടെ താമസമാരംഭിച്ചു. ജാതി മതഭേദം കൂടാതെ ശശിമലവാസികളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ഉദ്ധാരണ പദ്ധതികൾ ബത്തേരി രൂപതയുടെ സാമൂഹ്യക്ഷേമ പദ്ധതികളുമായി സഹകരിച്ച് സിസ്റ്റേഴ്സ് നിർവഹിച്ചു. ഇടവക കേന്ദ്രമാക്കിക്കൊണ്ടുള്ള ആദ്ധ്യാത്മിക നവീകരണ പരിപാടികളിലും സിസ്റ്റേഴ്സ് അതീവശ്രദ്ധാലുക്കളായിരുന്നു. കുടുംബ നവീകരണാർത്ഥം സ്ത്രീജനങ്ങളെ പ്രബുദ്ധരാക്കുന്നതിനുള്ള സ്ത്രീ സമാജം സംഘടിപ്പിച്ചതുകൂടാതെ ഒരു നഴ്സറി സ്കൂളും താമസിയാതെ ആരംഭിച്ചു.



മാതൃശിശു സംരക്ഷണാർത്ഥമുള്ള രൂപതയുടെ C.R.S. ഭക്ഷണ വിതരണവും കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാമിന്റെ ക്ലിനിക്കൽ പരിപാടികളും ഇവിടത്തെ സാധുക്കളായ ആളുകൾക്ക് അനുഗ്രഹകരമായിരുന്നു. ആഴ്ചയിലൊരിക്കൽ സിസ്റ്റർ ഡോക്ടർ സ്കൊളാസ്റ്റിക്ക ഇവിടെയെത്തി സൗജന്യ ചികിത്സ നടത്തുകയും രോഗികളെ പരിശോധിച്ച് നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. സിസ്റ്റർ ഫെലീഷ്യയുടെ നേതൃത്വത്തിൽ നടന്നിരുന്ന ഫുഡ് ഫോർ വർക്കിലൂടെ റോഡു നന്നാക്കൽ, ഭവന നിർമാണം, കിണറു കുഴിക്കൽ, കൃഷിവികസനം, മുതലായ നിർമ്മാണ പരിപാടികളും വിജയകരമായി നടന്നിരുന്നു.

സിസ്റ്റേഴ്സു താമസിച്ചിരുന്ന ഭവനം പ്രവർത്തനങ്ങളുടെ വിപുലതയിൽ അപര്യാപ്തമെന്നു ബോദ്ധ്യമായതിനാൽ 1987 ൽ മഠത്തിനായി ഒരു പുതിയ കെട്ടിടം നിർമ്മിച്ച് സിസ്റ്റേഴ്സ് അവിടേക്കു മാറി. അതോടുകൂടി ഒരു ചെറിയ ചാപ്പലും സജ്ജീകരിച്ചു. സിസ്റ്റേഴ്സിന്റെ സ്ഥലംമാറ്റവും അംഗങ്ങളുടെ കുറവും കാരണം ചെയ്തിരുന്ന പ്രവർത്തനങ്ങളിൽ വ്യത്യാസങ്ങൾ വന്നിട്ടുണ്ടെങ്കിലും എല്ലാം നിലനില്ക്കുന്നു എന്നു തന്നെ പറയാം. ശശിമലയിലെ കുരുമുളകു തോട്ടത്തോടു ചേർന്നു കിടന്ന കുറച്ചു സ്ഥലംകൂടെ വിലയ്ക്കു വാങ്ങി അവിടെയും കുരുമുളകു പിടിപ്പിച്ചിട്ടുണ്ട്. ഇന്ന് ബത്തേരി പ്രൊവിൻസിന്റെ വരുമാന മാർഗ്ഗങ്ങളിൽ ഒന്നായി ശശിമല മഠം തീർന്നിട്ടുണ്ട്.

**9. ചെറുപുഴ ബഥനിമഠം (1-6-1981)**

ചെറുപുഴ പി.ഒ., കണ്ണൂർ – 670 511

കണ്ണൂർ ജില്ലയിൽ പയ്യന്നൂരിൽ നിന്നും അധികം അകലത്തല്ലാതെ അല്പം ഉള്ളിലേക്കു മാറി സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമപ്രദേശമാണ് ചെറുപുഴ. ഇതും ഒരു കുടിയേറ്റ മേഖലയാണ്. ബത്തേരി രൂപതയുടെ ഒരു പള്ളിയും അവിടെ വികാരിയായിരുന്ന ബ. സഖറിയാസ് കോട്ടയിലച്ചൻ നടത്തിയിരുന്ന നഴ്സറിസ്കൂളും ഇവിടെയുണ്ടായിരുന്നു. ഇടവക പ്രവർത്തനത്തിനും സ്കൂൾ നടത്തിപ്പിനുമായി സിസ്റ്റേഴ്സിനെ ബ. അച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് അന്നു പ്രൊവിൻഷ്യലായിരുന്ന മദർ നിർമ്മല സിസ്റ്റേഴ്സ് ട്രീസ, റേജീസ് എന്നിവരെ ചെറുപുഴയിലേക്കയയ്ക്കുകയുണ്ടായി. അവിടെ പള്ളിവക കെട്ടിടത്തിൽ താമസിച്ചുകൊണ്ട് അവർ പ്രവർത്തനം ആരംഭിച്ചു. അധികം താമസിയാതെ പള്ളിയോടടുത്ത് ഒന്നര ഏക്കർ സ്ഥലം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി സിസ്റ്റേഴ്സിനു നല്കി. ഈ സ്ഥലത്ത് ഒരു ചെറിയ കെട്ടിടം ബ. സഖറിയാസച്ചൻ പണിയിച്ചിരുന്നു. കെട്ടിടത്തിന്റെ വില ബ. അച്ചനു നല്കി സിസ്റ്റേഴ്സ് അതു സ്വന്തമാക്കി, ബ. അച്ചൻ തന്നെ അതു

www.malankaralibrary.com



കൂദാശ ചെയ്തു, 1982 ജൂൺ ഒന്നിന് സിസ്റ്റേഴ്സ് അവിടേക്കു മാറി ത്താമസിച്ചു. കൂടാതെ ബ. അച്ചൻ നടത്തിയിരുന്ന നഴ്സറി സ്കൂളും 1983 ൽ സിസ്റ്റേഴ്സു വിലയ്ക്കുവാങ്ങുകയുണ്ടായി. 1983 ൽ ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളിനും ആവശ്യമായ കെട്ടിടം പൂർത്തിയാക്കി. വികാരിയച്ച ന്റെയും നാട്ടുകാരുടെയും താല്പര്യപ്രകാരമാണ് സ്കൂൾ ആരംഭിക്കാൻ തയ്യാറായത്. 1983 ജൂണിൽത്തന്നെ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം എൽ. പി. ആരംഭിച്ചു. രക്ഷാകർത്താക്കളും നാട്ടുകാരും സിസ്റ്റേഴ്സും സ്കൂളി ന്റെ അംഗീകാരത്തിനായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഫല മായി അംഗീകാരം ലഭിച്ചു എന്നു മാത്രമല്ല 1995 ജൂൺ 17 ന് ഒരു ഹൈസ് കൂളിനും കൂടെ അംഗീകാരം ലഭിക്കുകയുണ്ടായി. ഇതിനകം മഠത്തിന് കെട്ടിടം പൂർത്തിയായി 1995 ഫെബ്രുവരി 9 ന് കൂദാശ നടത്തി സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിച്ചു.

2000-ാമാണ്ട് മാർച്ചിലാണ് ഇവിടെ ആദ്യത്തെ S.S.L.C. പരീക്ഷ നടക്കു ന്നത്. നൂറുശതമാനം വിജയംവരിക്കാൻ ദൈവം കൃപചെയ്തു എന്നു മാത്ര മല്ല 2001-ലും 2002-ലും നടന്ന പരീക്ഷകളിലും നൂറുശതമാനം തന്നെ നില നിർത്തി. 2002 ൽ ഹൈസ്കൂൾ ഹയർ സെക്കണ്ടറി ആക്കാനുള്ള അനു വാദവും ലഭിക്കുകയാൽ അതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കി ക്കൊണ്ട് ക്ലാസ്സ് ആരംഭിച്ചു. ചെറുപുഴ 'ബഥനി' ഇവിടത്തെ നാട്ടുകാർക്ക് ആശ്വാസഭവനമായി മുന്നേറുന്നു.

**10. മാമാങ്കര ബഥനിമഠം (1-6-1982)**
കമ്പളകല്ല് പി.ഒ., മാമാങ്കര, മലപ്പുറം - 679 333

മലപ്പുറം ജില്ലയിൽ നിലമ്പൂരിൽ മാമാങ്കര എന്ന മലമ്പ്രദേശത്താണ് ബഥനി മഠം സ്ഥിതി ചെയ്യുന്നത്. സാമാന്യം നല്ല ഒരു വനപ്രദേശ അതിർത്തി കൂടെയാണ് ഈ പ്രദേശം. ചെന്നായുടെയും കാട്ടുപന്നിയുടെയും ആക്രമണം കൂടെക്കൂടെ ഇവിടെയുള്ള കുടിയേറ്റ കുടുംബങ്ങളെ ഭയപ്പെടുത്തിയിരുന്നു. ബത്തേരിരൂപതയുടെ ഒരു പള്ളിയും അതോനനുബന്ധിച്ച ഒരു യു. പി. സ്കൂളും ഇവിടെയുണ്ട്. സ്കൂൾ നടത്തിപ്പിനും ഇടവകയിലെ മിഷ്യൻ പ്രവർ ത്തനങ്ങൾക്കുമായി സിസ്റ്റേഴ്സിന്റെ സേവനം അഭികാമ്യമെന്നു കണ്ട് സ്കൂ ളിൽ സിസ്റ്റേഴ്സിനെ നിയമിക്കുന്നതിന് അഭിവന്ദ്യ സിറിൽ മാർ ബസേലി യോസ് തിരുമേനി ആവശ്യപ്പെട്ടു. അതനുസരിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീര്യറായിരുന്ന മദർ നിർമ്മല സിസ്റ്റേഴ്സിനെ അയയ്ക്കാൻ തീരുമാനിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ്സായി സിസ്റ്റർ തബീത്തയ്ക്കും അദ്ധ്യാപികയായി സിസ്റ്റർ റൊസാലിയയ്ക്കുമാണ് നിയമനം ലഭിച്ചത്. സിസ്റ്റേഴ്സിനു താമസി ക്കുന്നതിനായി പള്ളിവക ഒരു ചെറിയ കെട്ടിടമുണ്ടായിരുന്നത് ക്രമീകരി



ച്ചിരുന്നു. 1982 മെയ് അവസാനത്തിൽ അതിന്റെ കൂദാശ നടത്തി ജൂൺ ഒന്നു മുതൽ സിസ്റ്റേഴ്സ് അവിടെ താമസമാരംഭിച്ച് സ്കൂളിലും ഇടവകയിലും സേവനമനുഷ്ഠിച്ചു.

ഇതിനകം പള്ളിക്കടുത്തുതന്നെ മഠത്തിനായി 85 സെന്റ് സ്ഥലം വാങ്ങി അതിലുണ്ടായിരുന്ന ഒരു ചെറിയ വീട് പുതുക്കിപ്പണിത് 1986 ൽ സിസ്റ്റേഴ്സ് താമസം അവിടേക്കു മാറ്റി. 1988 ൽ പള്ളിപ്പറമ്പിനോടടുത്തുണ്ടായിരുന്ന ഒരു വയൽ പ്രദേശം വിലയ്ക്കുവാങ്ങി കുറെക്കൂടെ സൗകര്യമായി മഠത്തിനു വേണ്ടി ഒരു കെട്ടിടം പണിതു. 1989 ൽ പണി പൂർത്തിയായ കെട്ടിടം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി കൂദാശ ചെയ്ത് സിസ്റ്റേഴ്സ് അവി ടേക്കു മാറിത്താമസിച്ചു. മഠത്തോടനുബന്ധിച്ച് ഒരു നഴ്സറി ക്ലാസ്സും അരം ഭിച്ചു. 1998 ൽ സിസ്റ്റർ ഇൻഫന്റ് മേരിയുടെ നേതൃത്വത്തിൽ അവിടെ ഒരു എൽ. പി. ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ച് സേവനരംഗം വിപുലീകരി ക്കയുണ്ടായി.

മാമാങ്കര മഠത്തിലേക്കും സ്കൂളിലേക്കും സുപ്പീരിയേഴ്സായും ഹെഡ്മി സ്ട്രസ്സായും ആദ്ധ്യാപികമാരായും മാറി മാറി വന്നിട്ടുള്ള സിസ്റ്റേഴ്സ് എല്ലാ വരും സ്കൂളിന്റെ അഭിവൃദ്ധിക്കും ഇടവകയുടെ പുരോഗതിക്കും വേണ്ടി അക്ഷീണം യത്നിച്ചവരാണ്. ഇന്നത്തെ രീതിയിൽ മാമാങ്കര പുരോഗമിച്ച തിന്റെ പിന്നിൽ സിസ്റ്റേഴ്സിന്റെ നിസ്വാർത്ഥസേവനം എടുത്തുപറയാ വുന്നതാണ്.

**11. മൂലങ്കാവ് ബഥനിമഠം (4-4-1983)**
ഫോർമേഷൻ ഹൗസ്, മൂലങ്കാവ് പി.ഒ., ബത്തേരി, വയനാട് -673 592

വയനാടു ജില്ലയിൽ ബത്തേരി മൈസൂർ റൂട്ടിൽ N.H. 212-ൽ മൂലങ്കാവ് എന്ന സ്ഥലത്താണ് ബഥനിയുടെ ഈ മഠം സ്ഥിതി ചെയ്യുന്നത്. ഇത് ബഥനി-ബത്തേരി പ്രൊവിൻസിന്റെ ഫോർമേഷൻ മന്ദിരമാണെന്നതാണ് ഇതിന്റെ സവിശേഷത. ഒരു വൈസ് പ്രൊവിൻസായി രൂപം കൊണ്ട ബത്തേരി ബഥനിക്ക് ആവശ്യമായ കെട്ടിടങ്ങളോ സ്ഥാപനങ്ങളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെങ്കിലും ആദ്യഘട്ടത്തിൽതന്നെ ശ്രദ്ധ കേന്ദ്രീകരിച്ചത് ഒരു ഫോർമേഷൻ മന്ദിരം ഉണ്ടാക്കുന്നതിനാണ്. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ ദീർഘവീക്ഷണവും ഔദാര്യവും ഇതിനു പ്രേരകമായി എന്നത് ശ്രദ്ധേയമാണ്.

വന്ദ്യപിതാവിന്റെ ശക്തമായ ശുപാർശ കാരണം ഫോർമേഷൻ മന്ദിരത്തിനുവേണ്ടി 'കോൺഗ്രിഗേഷൻ ഫോർ ദ ഓറിയന്റൽ ചർച്ചസിൽ നിന്നും ഒരു തുക ലഭ്യമായത് അന്നത്തെ സാഹചര്യത്തിൽ വലിയ സഹായ

www.malankaralibrary.com



മായിരുന്നു എന്ന് എടുത്തുപറയേണ്ടതുണ്ട്. അങ്ങനെ മൂലങ്കാവിൽ പ്രൊവിൻസിനു വേണ്ടി നേരത്തെ വാങ്ങിയിരുന്ന സ്ഥലത്ത് കെട്ടിടം പണിയാരംഭിച്ചു. തത്ക്കാലം ഒരു ഭാഗം പണിപൂർത്തിയാക്കി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി അത് ആശീർവദിച്ചു. 1983 ഏപ്രിൽ 4 ന് സിസ്റ്റർ റജീനയും സിസ്റ്റർ ട്രീസയും 9 നോവിസ്സസ്സും താമസമാരംഭിച്ചു. സിസ്റ്റർ ട്രീസയായിരുന്നു അവിടെ നിയോഗിക്കപ്പെട്ട ആദ്യത്തെ നോവിസ്സ് മിസ്ട്രസ്സ്. കെട്ടിടത്തിന്റെ ഒരു ഹാൾ പണിതീർന്നിടത്ത് ചാപ്പലും ക്രമീകരിച്ചു. നാലഞ്ചുമാസങ്ങൾക്കകം ഗ്രൗണ്ട് ഫ്ളോർ പണിപൂർത്തിയായി.

1985 ൽ രണ്ടാംനില പള്ളിയുൾപ്പെടെ പണിയാരംഭിച്ചു. 1986 ജനുവരി 16 ന് ചാപ്പലിന്റെയും പണിപൂർത്തിയായ ബാക്കി കെട്ടിടത്തിന്റെയും കൂദാശകർമ്മം അഭിവന്ദ്യ സിറിൽ തിരുമേനിതന്നെ നിർവഹിച്ചു. ഫോർമേഷൻ വിവിധഘട്ടങ്ങളിൽപെട്ട എല്ലാവർക്കും കൂടെ സ്ഥലം മതിയാകാഞ്ഞതിനാൽ 1990 ൽ നൊവീഷ്യേറ്റിനുവേണ്ടി രണ്ടുനിലയിൽ ഒരു കെട്ടിടം കൂടെയുണ്ടാക്കി പഴയ കെട്ടിടവുമായി യോജിപ്പിച്ചു. മുകളിലത്തെ നില നൊവീഷ്യേറ്റിനും ഗ്രൗണ്ട് ഫ്ളോർ സിസ്റ്റേഴ്സിനും പ്രീനോവിസ്സസിനും വേണ്ടി തയ്യാറാക്കി. കൂടുതൽ അംഗങ്ങൾ വ്രതവാഗ്ദാനത്തിനും മറ്റുമുള്ളപ്പോൾ ഫോർമേഷൻ മന്ദിരത്തിന്റെ ചാപ്പൽ പര്യാപ്തമായിരുന്നില്ല തന്മൂലം ആദ്യവർഷങ്ങളിൽ ബത്തേരി രൂപതാ കത്തീഡ്രലിൽ വച്ചാണ് ചടങ്ങുകൾ നടത്തിയിരുന്നത്. എന്നാൽ 2001-ാമാണ്ടു മുതൽ മൂലങ്കാവിൽ മഠത്തോടടുത്തുള്ള ഇടവകപ്പള്ളി വലുതാക്കി പണിതീർത്തതിനാൽ അവിടെ വച്ചാണ് 'പ്രൊഫഷൻ' നടത്തുന്നത്.

പ്രൊവിൻഷ്യൽ കൗൺസിലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലായിരിക്കുന്ന ഈ ഭവനത്തിന്റെ ചെലവുകളെല്ലാം പ്രൊവിൻസിൽ നിന്ന് നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഈ ഭവനം സാമ്പത്തികമായി സ്വയം പര്യാപ്തതയിലെത്തിയിട്ടുണ്ട്. പ്രധാനമായും ഇവിടെയുള്ള വരുമാനം കാപ്പി കൃഷിയിൽ നിന്നാണ്. ഇവിടെ താമസിക്കുന്ന സിസ്റ്റേഴ്സും പ്രീനോവിസ്സസും അടുത്ത ഇടവകകളിലെല്ലാം മിഷ്യൻ പ്രവർത്തനത്തിനായി പോകുന്നുണ്ട്. പ്രൊവിൻസിന്റെ മാത്രമല്ല, ബഥനി കോൺഗ്രിഗേഷന്റെയും മലങ്കര കത്തോലിക്കാസഭയുടെയും ആഗോള കത്തോലിക്കാസഭയുടെയും ആദ്ധ്യാത്മിക വിശുദ്ധിക്കും പുരോഗമനത്തിനും വേണ്ടി പ്രാർത്ഥിക്കുന്ന ഒരു ശക്തി സ്രോതസ്സാണ് ഈ ഫോർമേഷൻ മന്ദിരം.

മന്ദിരത്തിനടുത്തുതന്നെ ബത്തേരി പ്രൊവിൻസിന്റെ സെമിത്തേരിക്കുവേണ്ടി സെല്ലുകളടങ്ങിയ ഒരു ചെറിയ കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്.



**12. കല്ലിച്ചാൽ ബഥനിമഠം (9-7-1985)**

മൂന്നനാട് പി.ഒ., നീലഗിരി, തമിഴ്നാട് - 643 239

തമിഴ്നാട് നീലഗിരിയിൽ മൂന്നനാട് എന്ന സ്ഥലത്തുള്ള ഒരു ഗ്രാമപ്രദേശമാണ് കല്ലിച്ചാൽ. പ്രധാനമായും ആദിവാസികളുടെയും തമിഴ് കുടുംബങ്ങളുടെയും അധിവാസ കേന്ദ്രമാണെങ്കിലും കുടിയേറ്റക്കാരായ ധാരാളം മലയാളി കുടുംബങ്ങളും ഇവിടെയുണ്ട്. തേയിലത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളും ഈ നീലഗിരി പ്രദേശങ്ങളെ സുന്ദരമാക്കുന്നു. വരുമാനമാർഗ്ഗമൊന്നുമില്ലാത്ത അർദ്ധപ്പട്ടിണിക്കാരായിരുന്നു ഇവിടെ അധികവും. തോട്ട ഉടമകളും വലിയ ജന്മിമാരും കമ്പനി ഉദ്യോഗസ്ഥരും ചെറുകിട കർഷകരെയും തൊഴിലാളികളെയും ശ്രദ്ധിച്ചിരുന്നില്ല. ബത്തേരി രൂപതയുടെ ശ്രദ്ധപതിഞ്ഞ ഈ സ്ഥലത്ത് രൂപതവക ഒരു ദേവാലയമുണ്ടായി. ബ. ഡേവിഡ് ഇല്ലിരിക്കനച്ചനായിരുന്നു വികാരി.

ബ. അച്ചൻ ഇടവകയിൽ മിഷ്യൻ പ്രവർത്തനത്തിനും സാമൂഹ്യസേവനം നടത്തുന്നതിനുമായി അന്ന് വൈസ് പ്രൊവിൻഷ്യലായിരുന്ന മദർ ഹെലേനയോട് സിസ്റ്റേഴ്സിനെ ആവശ്യപ്പെട്ടതനുസരിച്ച് 1985 ൽ സിസ്റ്റേഴ്സിനെ ഇവിടേക്കയയ്ക്കാൻ തീരുമാനിച്ചു. മഠം തുടങ്ങുംമുമ്പുതന്നെ ഡോക്ടർ സ്കൊളാസ്റ്റിക്കായുടെ നേതൃത്വത്തിൽ ഒരു സൗജന്യ ചികിത്സ ക്ലിനിക്ക് ഇവിടെയാരംഭിച്ചു പ്രവർത്തിച്ചിരുന്നു. 1985 ജൂലായ് 9 ന് സിസ്റ്റേഴ്സ് റജീന, മെർലിറ്റ്, റീന എന്നിവർ കല്ലിച്ചാലിൽ താമസത്തിനെത്തി. ഗ്രാമോദ്ധാരണാർത്ഥം നടത്തിയിരുന്ന പ്രൈമറി ഹെൽത്ത് സെന്റർ കൂടാതെ ഒരു നഴ്സറി സ്കൂളും ആരംഭിച്ചു. ആഴ്ചയിലൊരിക്കൽ ഡോക്ടർ സിസ്റ്റർ അവിടെയെത്തി രോഗപരിശോധന നടത്തുകയും നിർദ്ദേശങ്ങളും മരുന്നും നല്കുകയും ചെയ്തിരുന്നത് അടുത്തെങ്ങും ആശുപത്രിയൊന്നുമില്ലാതിരുന്ന കല്ലിച്ചാൽ നിവാസികൾക്ക് ആശ്വാസമായിരുന്നു. തന്നെയല്ല താമസത്തിനെത്തിയ സിസ്റ്റർ റജീന ഒരു നല്ല നഴ്സുകൂടിയായിരുന്നു എന്നതും ആശ്വാസപ്രദമായിരുന്നു.

കല്ലിച്ചാലിനടുത്ത് അയ്യൻകൊല്ലി എന്ന സ്ഥലത്ത് സിസ്റ്റേഴ്സിന്റെ ചുമതലയിൽ ഒരു സ്കൂൾ ആരംഭിച്ചതോടെ കല്ലിച്ചാലിലെ നഴ്സറി നിർത്തലായി. ഹെൽത്ത് സെന്റർ പ്രവർത്തനവും നിലനിന്നില്ല. 1987 ൽ കല്ലിച്ചാലിൽ സിസ്റ്റേഴ്സിനു താമസിക്കാനായി ഒരു കെട്ടിടം പൂർത്തിയായി, 1988 ൽ സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിച്ചു. കല്ലിച്ചാൽ മഠം ഒരു മിഷ്യൻ സെന്ററായിമാത്രം ഇപ്പോൾ തുടരുന്നു, ഇടവക ജോലികളിൽ സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നു. വരുമാനമാർഗ്ഗമായി ഒരു ചെറിയ തേയിലത്തോട്ടം സിസ്റ്റേഴ്സുതന്നെ നിർമ്മിച്ചിട്ടുണ്ട്. ബത്തേരി പ്രൊവിൻസിന്റെ ഒന്നാം വർഷപ്രീനോവിസ്സസ്സും അയ്യൻകൊല്ലി

www.malankaralibrary.com



ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന പ്രീനോവിസ്സസ്സും കല്ലിച്ചാലിൽ താമസിച്ചുകൊണ്ട് അയ്യൻകൊല്ലിയിൽ പോയി പഠിക്കുന്നു.

**13. നെല്ലിയാടി ബഥനിമഠം (1-11-1986)**
നെല്ലിയാടി. പി.ഒ., സൗത്ത് കാനറ, കർണ്ണാടക - 574 229

കർണ്ണാടക സംസ്ഥാനത്തിൽ സൗത്ത് കാനറ എന്ന സ്ഥലത്ത് മംഗലാപുരം-ബാംഗ്ലൂർ ഹൈവേയിൽ നെല്ലിയാടി ഗ്രാമത്തിലാണ് ബഥനിയുടെ ഈ മന്ദിരം. മിഷ്യൻ പ്രവർത്തനം ലക്ഷ്യമാക്കി കർണ്ണാടകയിൽ ആദ്യമായി സ്ഥാപിച്ച മഠമാണ് ഇത്. മഠത്തിന്റെ എതിർദിശയിൽ ഹൈവേയുടെ മറുഭാഗത്തായി ബഥനി ആശ്രമവും ഒരു ഹൈസ്കൂളും ഉണ്ട്.

കേരളത്തിൽനിന്നും കുടിയേറിപ്പാർത്ത ധാരാളം കുടുംബങ്ങൾ നെല്ലിയാടിയിലുണ്ട്. കൂടാതെ തദ്ദേശവാസികളായ ഗൗഢവംശജരും ഇവിടെയുണ്ട്. ബത്തേരിരൂപതവക ഒരു പള്ളി ആശ്രമസ്ഥരുടെ നേതൃത്വത്തിൽ ഇവിടെ സ്ഥാപിതമായിട്ടുണ്ട്. ഇടവകയുടെ പുരോഗതിക്കായും സ്കൂൾ ജോലികളിൽ സഹായത്തിനായും ഇവിടെ ഒരു മഠമുണ്ടായിരിക്കുന്നത് നല്ലതെന്നു മനസ്സിലാക്കി ആശ്രമസ്ഥർ സിസ്റ്റേഴ്സിനെ ആവശ്യപ്പെട്ടിരുന്നു. 1984 ൽ മഠത്തിനായി അവിടെ കുറച്ചുസ്ഥലം വാങ്ങിയിരുന്നു. അന്ന് വൈസ് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ഹെലേന, സിസ്റ്റേഴ്സ് നിർമ്മല, റൊസാലിയ എന്നിവരെ അവിടേക്കയച്ചു. ഒരു വാടക വീട്ടിൽ താമസിച്ചു കൊണ്ട് സിസ്റ്റേഴ്സ് മിഷ്യൻ ജോലികൾ ആരംഭിച്ചു. കൂടാതെ 1985 ൽ നെല്ലിയാടിയിൽ വാങ്ങിയിരുന്ന സ്ഥലത്ത് മഠം പണിയും തുടങ്ങി. പണിപൂർത്തിയായ കെട്ടിടം 1986 നവംബറിൽ കൂദാശ ചെയ്ത് സിസ്റ്റേഴ്സ് പുതിയ കെട്ടിടത്തിലേക്കു മാറിത്താമസിച്ചു.

1995 ൽ പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ്, ആശ്രമം സ്കൂൾ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് ആരംഭിക്കുകയുണ്ടായി. കൂടുതൽ കുട്ടികൾ പ്രവേശനം ആവശ്യപ്പെട്ട സാഹചര്യത്തിൽ 1996 ൽ മഠം കെട്ടിടത്തിന് പകുതി ഭാഗം രണ്ടാംനില പണിത് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തി. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് മഠത്തിനുണ്ടായിരുന്ന സ്ഥലത്തിൽ നിന്ന് ഹൈവേയ്ക്കു സമീപം 50 സെന്റ് സ്ഥലം ഇടവകപ്പള്ളിക്കുവേണ്ടി 1986 ൽ ഇഷ്ടദാനം നല്കുകയുണ്ടായി. ബാക്കിസ്ഥലത്ത് റബർ മരങ്ങൾ പിടിപ്പിച്ചിട്ടുള്ളത് ഇപ്പോൾ മഠത്തിന്റെ വരുമാനമാർഗ്ഗമാണ്.



**14. പുൽപ്പള്ളി ബഥനിമഠം (23-5-1987)**
പുൽപ്പള്ളി പി.ഒ., വയനാട് - 673 579

വയനാട്ടിൽ ശശിമലയോടടുത്തു സ്ഥിതിചെയ്യുന്ന സുപ്രസിദ്ധമായ ഒരു പ്രദേശമാണ് പുൽപ്പള്ളി. 'കറുത്ത പൊന്നു' വിളയുന്ന 'വയനാടിന്റെ ദുബായ്' എന്ന് ഈ സ്ഥലത്തെ വിശേഷിപ്പിക്കാറുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു കുടിയേറി, കുരുമുളകു തോട്ടങ്ങൾ നിർമ്മിച്ചു വളർന്നവരും തോട്ടവിള വരവിൽ അമിതാഹ്ളാദത്താൽ അധഃപതിച്ചവരുമായ ക്രൈസ്തവ കുടുംബങ്ങളും ഹിന്ദു മുസ്ലീം കുടുംബങ്ങളും കൂട്ടംകൂട്ടമായി അവിടവിടെ പാർക്കുന്ന ആദിവാസി കോളനികളും ധാരാളമുള്ള ഒരു പ്രദേശമാണ് പുൽപ്പള്ളി. ബത്തേരി രൂപതയ്ക്ക് ഇവിടെ ഒരു പള്ളിയും അതിനോടനുബന്ധിച്ച് ഒരു യു. പി. സ്കൂളും ഉണ്ട്. സ്കൂളിന്റെ നടത്തിപ്പിനായി സിസ്റ്റേഴ്സിനെ അയയ്ക്കണമെന്ന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് ആവശ്യപ്പെട്ടു.

1984 ജൂലായ് 24 ന് സിസ്റ്റർ റോസറ്റായെ സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സായി നിയമിച്ചു. സിസ്റ്ററിനു താമസിക്കാൻ മറ്റു സൗകര്യങ്ങളില്ലാത്തതിനാൽ വിമലാലയം സിസ്റ്റേഴ്സിന്റെ മഠത്തിൽ താമസിച്ചുകൊണ്ട് സ്കൂൾ ജോലി ചെയ്തു. 1985 ഡിസംബറിൽ സിസ്റ്റർ ഗീതയ്ക്കും കൂടി സ്കൂളിൽ നിയമനമായി. തന്മൂലം വിമലാലയം ആശുപത്രിക്കടുത്തുണ്ടായിരുന്ന ഡോക്ടേഴ്സ് ക്വാർട്ടേഴ്സിൽ രണ്ടുപേർക്കും കൂടി താമസിക്കാൻ സൗകര്യം കിട്ടി. ഇതിനകം സ്കൂളിന് അല്പം അകലെയായി ഒന്നര ഏക്കർ സ്ഥലം പുല്പള്ളിക്കാരൻ ചാക്കോച്ചേട്ടന്റെ സ്വന്തമായുണ്ടായിരുന്നത് ബത്തേരി പ്രൊവിൻസ് വിലയ്ക്കു വാങ്ങി. ഈ സ്ഥലത്ത് കെട്ടിടം പണി ആരംഭിച്ചു. പണിതീരുംമുമ്പു തന്നെ സിസ്റ്റേഴ്സ് താമസിച്ചിരുന്ന ക്വാർട്ടേഴ്സ് വിട്ടുകൊടുക്കേണ്ടിവന്നതിനാൽ തത്ക്കാലം പള്ളിക്കെട്ടിടത്തിലേക്ക് താമസം മാറ്റി.

പണിപൂർത്തിയായ പുതിയ കെട്ടിടം 1987 ജനുവരി 26-ാം തീയതി മഠത്തിനായി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി കൂദാശകർമ്മം നിർവഹിച്ചു. അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ഹെലേന പാൽ കാച്ചുകർമ്മം നടത്തി. സിസ്റ്റേഴ്സ് റോസറ്റ, ക്രിസ്താനന്ദ എന്നിവർ താമസമാരംഭിച്ചു. 1999 ൽ ക്രിസ്തുജയന്തി (മഹാജൂബിലി) മെമ്മോറിയലായി ഒരു ബാലഭവൻ അന്നു സുപ്പീരിയറായിരുന്ന സിസ്റ്റർ ഗീത ആരംഭിക്കുകയുണ്ടായി. കൂടാതെ 2001 ൽ ഒരു ഡേകെയർ സെന്ററും (Creche) ആരംഭിച്ചു. ബാലഭവനുവേണ്ടി സ്ഥലം ക്രമീകരിക്കാനായി മഠത്തിന് രണ്ടാംനില പണിയിച്ചു. താഴെ ഹോളിൽ ആയിരുന്ന ചാപ്പൽ ഒന്നാം നിലയിലാക്കി.

www.malankaralibrary.com



മഠത്തോടുചേർത്ത് സാമാന്യം വലുപ്പത്തിൽ ഒരു ചാർത്തുണ്ടാക്കി അവിടേക്ക് ക്രഷ് മാറ്റുകയുണ്ടായി. ആറുമാസം പ്രായം മുതൽ 4 വയസ്സുവരെയുള്ള 17 കുഞ്ഞുങ്ങൾക്കാണ് ഡേ കെയർ സെന്ററിൽ ആദ്യം പ്രവേശനം നല്കിയത്. രൂപതവക സെന്റ് ജോർജ് യു. പി. സ്കൂളിൽ സിസ്റ്റേഴ്സ് ഇന്നും സേവന മനുഷ്ഠിക്കുന്നു. മഠത്തോടനു ബന്ധിച്ചുള്ള കുരുമുളകുതോട്ടം വരുമാന മാർഗ്ഗമാണ്.

**15. അയ്യംകൊല്ലി ബഥനിമഠം**
മുന്നനാട് പി.ഒ., അയ്യൻകൊല്ലി, നീലഗിരി, തമിഴ്നാട് - 643 239

തമിഴ്നാട്, നീലഗിരി, മുന്നനാടുദേശത്ത് കല്ലിച്ചാലിനോടടുത്തുള്ള ഗ്രാമപ്രദേശമാണ് അയ്യംകൊല്ലി. ബത്തേരി രൂപതയുടെ ഒരിടവകയും ഇടവക നടത്തിയിരുന്ന നഴ്സറിക്ലാസ്സു മുതൽ മൂന്നാം ക്ലാസ്സു വരെ എത്തിയിരുന്ന ഒരു എൽ. പി. സ്കൂളും ഇവിടെയുണ്ടായിരുന്നു. തമിഴ്നാടാണ് സ്ഥലമെ ങ്കിലും ധാരാളം മലയാളി കുടുംബങ്ങൾ ഇവിടെ പാർക്കുന്നുണ്ട്. ഇടവകയുടെ വളർച്ചയ്ക്കും സ്കൂളിന്റെ നടത്തിപ്പിനുമായി സിസ്റ്റേഴ്സിനെ ആവശ്യമെന്ന് അന്നവിടെ വികാരിയായിരുന്ന ബ. ഡേവിഡ് ഇല്ലിരിക്കലച്ചൻ, അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ സ്കൊളാസ്റ്റിക്കയെ അറിയി ക്കയുണ്ടായി. ബ. അച്ചന്റെ സമ്മതപ്രകാരം ഇടവക നടത്തിയിരുന്ന സ്കൂളു കൾ - നഴ്സറിയും എൽ. പി. യും - ബത്തേരി പ്രൊവിൻസ് വിലക്കു വാങ്ങി. സിസ്റ്റർ നിർമ്മലയെയാണ് സ്കൂളിന്റെ ചുമതല ഏല്പിച്ചത്. സിസ്റ്റേഴ്സ് കല്ലിച്ചാൽ മഠത്തിൽ താമസിച്ചുകൊണ്ട് 1989 ഓഗസ്റ്റു മുതൽ അയ്യംകൊല്ലി സ്കൂളിൽ ജോലി ആരംഭിച്ചു.

1992 ൽ അയ്യം കൊല്ലി സ്കൂളിനടുത്ത സ്ഥലമായ നെല്ലിമാട്, ട്രൈബൽ ഗേൾസിനു വേണ്ടി ഒരു കെട്ടിടം സിസ്റ്റർ സ്കൊളാസ്റ്റിക്കായുടെ നേതൃത്വ ത്തിൽ ഉണ്ടാക്കി ഒരു സ്ഥാപനം ആരംഭിച്ചു. കൂടാതെ ഒരു ഹെൽത്ത് സെന്ററും ആരംഭിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ കല്ലിച്ചാലിൽ താമസിച്ചു കൊണ്ട് അയ്യംകൊല്ലിയിൽ പോയി പഠിപ്പിച്ചുകൊണ്ടിരുന്ന സിസ്റ്റേഴ്സും നെല്ലിമാടേക്കു താമസം മാറ്റി. ഇതിനകം മഠത്തിനുവേണ്ടി അയ്യംകൊല്ലിയിൽ വാങ്ങിയിരുന്ന സ്ഥലത്ത് മഠം പണിയാരംഭിച്ചു. കെട്ടിടത്തിന്റെ ഒരു ഭാഗം തീർത്ത് 1992 ജൂൺ 1 മുതൽ ക്ലാസ്സുകൾ അവിടേക്കു മാറ്റി. അതിന്റെ ഒരു ചെറിയ ഹാളിൽ സിസ്റ്റേഴ്സിനും താമസസൗകര്യം ഉണ്ടാക്കി. 1995 ൽ ചെറിയ തോതിൽ ഒരു ഹോസ്റ്റലും ആരംഭിച്ചു. മഠം പണിപൂർത്തിയായപ്പോൾ 1997 സെപ്റ്റംബർ 15 ന് അഭിവന്ദ്യ ദിവന്നാസ്യോസ് തിരുമേനി കെട്ടിടം കൂദാശ ചെയ്തു. സിസ്റ്റേഴ്സ് പുതിയ മഠത്തിലേക്കു താമസം മാറ്റിയതു കൂടാതെ മഠത്തിന്റെ ഒരു മുറി ഹോസ്റ്റലാക്കുകയും ചെയ്തു.



1994 ൽ തന്നെ സ്കൂളിനായി ഒരു മൂന്നു നിലകെട്ടിടം പണി പൂർത്തി യായി പ്രവർത്തനം ആരംഭിച്ചിരുന്നു. 1995 ൽ ഹയർ സെക്കണ്ടറി ക്ലാസ്സു കൾക്ക് അനുവാദം ലഭിച്ചിരുന്നു. ഇതിനകം ഒരു നല്ല ഓപ്പൺ എയർ സ്റ്റേജും ഉണ്ടാക്കാൻ കഴിഞ്ഞു. ഇപ്പോൾ അയ്യംകൊല്ലിയിൽ നഴ്സറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂൾ വളരെ വിജയകരമായി മുന്നോട്ടു പോകുന്നു. സ്കൂളിന്റെ റിസൽറ്റും അഭിനന്ദനാർഹം തന്നെ. ബത്തേരി പ്രൊവിൻസിലെ പഠിക്കാനുള്ള സിസ്റ്റേഴ്സും പ്രീ നോവിസ്സസും പഠനം പൂർത്തിയാക്കുന്നതും അയ്യംകൊല്ലി സ്കൂളിലാണ്. തുടക്കം മുതൽ ഇന്നു വരെയും സ്കൂളിന്റെ നാനാവിധമായ പുരോഗതിക്ക് അക്ഷീണം യത്നിച്ചത് സിസ്റ്റർ നിർമ്മലയാണ്. ഇന്നും സിസ്റ്റർ തന്നെ അതിന്റെ ചുക്കാൻ പിടിക്കുന്നു. സ്കൂളിലേക്കും മഠ ത്തിലേക്കും മാറി മാറി വന്നിട്ടുള്ള എല്ലാ സിസ്റ്റേഴ്സും സ്കൂളിന്റെ വളർച്ച യ്ക്കുവേണ്ടി പരിശ്രമിച്ചവരാണെന്നുള്ളത് മറക്കാവതല്ല.

**16. ബഥനി ഹോം (26-8-1989)**
ബത്തേരി പി.ഒ., വയനാട് -673 592

വയനാട് ജില്ലയിൽ ബത്തേരി രൂപത വക സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള ഒരു ബോർഡിംഗ് ഹൗസാണ് ബഥനി ഹോം. അല്പം അകലെയുള്ള സ്ഥലങ്ങളിൽ നിന്നും സെന്റ് ജോസഫ്സിൽ പഠിക്കാനാഗ്രഹിച്ചുവരുന്ന പെൺകുട്ടികൾക്കും അദ്ധ്യാപികമാർക്കും സുരക്ഷിതമായി താമസിക്കുന്നതിന് സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ ഒരു ബോർഡിംഗ് മന്ദിരം സ്കൂളിനോടടുത്തുണ്ടാകുന്നത് നല്ലതാണെന്നു അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ അഭിപ്രായത്തെ കണക്കിലെടുത്ത് ഒരു ബോർഡിംഗുണ്ടാക്കുന്നതിന് അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ഹെലേന മുൻകൈയെടുത്തു. സ്കൂൾ കോമ്പൗ ണ്ടിൽത്തന്നെ 50 സെന്റ് സ്ഥലം വന്ദ്യപിതാവ് ഇഷ്ടദാനമായി സിസ്റ്റേഴ്സിനു നല്കി. താമസിയാതെ തന്നെ പണിയാരംഭിച്ചു. 1989 ഓഗസ്റ്റ് 26 ന്, കെട്ടിടം അഭിവന്ദ്യപിതാവ് കൂദാശ ചെയ്തു. സിസ്റ്റർ ഹെലേന, സിസ്റ്റർ സെവേറിയ, സിസ്റ്റർ ത്രേസ്യ, സിസ്റ്റർ തുഷ്ടി, സിസ്റ്റർ സുധർമ്മ എന്നിവരായിരുന്നു ഇവിട ത്തെ ആദ്യാംഗങ്ങൾ. എൽ. പി. സെക്ഷനിലേക്കുള്ള ഏതാനും ആൺകുട്ടി കളുൾപ്പെടെ 40 കുട്ടികൾ ബഥനിഹോമിലെ ആദ്യ ബോർഡേഴ്സായിരുന്നു.

അടുത്ത ഇടവകകളിൽ മിഷ്യൻ പ്രവർത്തനങ്ങൾ നടത്തുന്നതിലും സിസ്റ്റേഴ്സ് അതീവ തല്പരരാണ്. കുട്ടികളുടെയും അദ്ധ്യാപികമാരുടെയും ആദ്ധ്യാത്മികവും ആരോഗ്യപരവും സാന്മാർഗ്ഗികവുമായ എല്ലാക്കാര്യങ്ങളും പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. നല്ല നിലവാരം പുലർത്തുന്ന ഒരു ബോർഡിം ഗായി ബഥനിഹോം മുന്നേറുന്നു.

www.malankaralibrary.com



**17. ലക്കിടി ബഥനിമഠം (15-6-1990)**
ലക്കിടി. പി.ഒ., വയനാട്

വയനാടു ജില്ലയിൽ കോഴിക്കോട്ട് അടിവാരം - ബത്തേരി റൂട്ടിൽ ചുരം കഴിഞ്ഞുള്ള ആദ്യ സ്ഥലമാണ് ലക്കിടി. ധാരാളം മഴ ലഭിക്കുന്ന വയനാട്ടിലെ ഈ മലമ്പ്രദേശത്തെ കേരളത്തിന്റെ 'ചിറാപൂഞ്ചി' എന്നു വിളിക്കാറുണ്ട്. ബത്തേരി രൂപത വക സ്ഥലവും ഒരു കെട്ടിടവും ലക്കിടിയിൽ നാഷണൽ ഹൈവേയിൽ ഉണ്ട്. അതിനടുത്തായി 6 ഏക്കർ സ്ഥലവും റോഡ് സൈഡിൽ ഒരു ബംഗ്ലാവും അഭിവന്ദ്യ മോൺസിഞ്ഞോർ തോമസ് താന്നിക്കുഴിയച്ചന്റെ സഹായത്തോടെ ബത്തേരി പ്രൊവിൻസിനു വാങ്ങാൻ കഴിഞ്ഞു. മദർ നിർമ്മല പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന 1984 കാലഘട്ടത്തിൽ ആണ് സ്ഥലം വാങ്ങിയത്.

1990 ൽ മദർ സ്കൊളാസ്റ്റിക്ക പ്രൊവിൻഷ്യൽ സുപ്പീരിയറായ ശേഷം ജൂൺ 15 ന് സിസ്റ്റർ പവിത്രയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ലക്കിടിയിൽ താമസമാരംഭിച്ചു. കെട്ടിടത്തിന്റെ ഒരു മുറി ചാപ്പലാക്കി ക്രമീകരിച്ച് വിശുദ്ധ കുർബാനയും സ്ഥാപിച്ചു. ആഴ്ചയിൽ ഒരിക്കൽ മാത്രമെ ഇവിടെ വിശുദ്ധ കുർബാന അർപ്പിക്കുന്നുള്ളു. മറ്റു ദിവസങ്ങളിൽ സിസ്റ്റേഴ്സ് അടുത്തുള്ള സി. എം. ഐ. ഫാദേഴ്സിന്റെ 'ചൈതന്യ' ആശ്രമചാപ്പലിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നു.

മഠം റോഡ് സൈഡിൽ നിരപ്പായ സ്ഥലത്താണെങ്കിലും മഠത്തിന്റെ പിന്നിലുള്ളത് സാമാന്യം വലിയ ഒരു മലയാണ്. സിസ്റ്റേഴ്സ് അവിടെ താമസമാക്കിയ ശേഷം ഈ മലതെളിച്ച് തേയില പിടിപ്പിക്കുകയായിരുന്നു. ഇപ്പോൾ സാമാന്യം നല്ല ഒരു തേയിലത്തോട്ടമായിട്ടുണ്ട്. 2001 ലാണ് ഇവിടെ വൈദ്യുതി ലഭ്യമായത്. താഴ്വരയിൽ ഒരു കുളം കുഴിപ്പിച്ച് അവിടെ നിന്നും മോട്ടോർ സഹായത്താൽ വെള്ളം മുകളിൽ എത്തിച്ച് തേയില നനയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും സൗകര്യമുണ്ടാക്കിയിട്ടുണ്ട്.

**18. ബാംഗ്ളൂർ ബഥനി മഠം (20-10-1990)**
വിദ്യഭവൻ, 25/27, 4th ക്രോസ് മാരുതി നഗർ, മാടിവള, ബാംഗ്ളൂർ - 560-068

കർണ്ണാടകസംസ്ഥാനത്തിന്റെ തലസ്ഥാനമായ ബാംഗ്ളൂരിൽ സെന്റ് ജോൺസ് മെഡിക്കൽ കോളജ്, ധർമ്മാരാംസ്ഥാപനം എന്നിങ്ങനെ മെഡിക്കൽ, ദൈവശാസ്ത്രം മുതലായ പഠനങ്ങൾക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് അവിടെയൊരു മഠം നിർമ്മിക്കാൻ പ്രേരണയുണ്ടാവുകയായിരുന്നു. ബാംഗ്ളൂരിലുള്ള ഇതരവിദ്യാഭ്യാസ



സ്ഥാപനങ്ങളിലും പഠനസൗകര്യം ലഭിക്കുന്നതിന് ഒരു മഠം അത്യാവശ്യമെന്ന് ബോദ്ധ്യമായി. തന്മൂലം മദർ സ്കൊളാസ്റ്റിക്ക പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന 1990 ഒക്ടോബർ 20 നാണ് മഠത്തിനാരംഭം കുറിച്ചത്. ഒരു മഠം എന്നതിലുപരി ഒരു സ്റ്റഡി സെന്റർ എന്ന നിലയ്ക്കാണ് ഇവിടെ നിർമ്മാണം നടന്നത്.

സിസ്റ്റർ റജീന, സിസ്റ്റർ പവിത്ര, സിസ്റ്റർ സ്വസ്തി എന്നിവരായിരുന്നു ഇവിടത്തെ ആദ്യാംഗങ്ങൾ. 1991 ജൂൺ മുതൽ ഒരു നഴ്സറി സ്കൂളും ഒരു ഹോസ്റ്റലും ഇവിടെ ആരംഭിച്ചു. ബാംഗ്ളൂർ കോളജുകളിൽ പഠനത്തിനു പ്രവേശനം ലഭിക്കുന്ന സിസ്റ്റേഴ്സ് ഇവിടെ താമസിക്കുന്നതുകൂടാതെ വിദേശയാത്രയ്ക്കു പോവുകയോ അവധി പ്രമാണിച്ചുവരികയോ ചെയ്യുന്ന സിസ്റ്റേഴ്സിനും ഈ ഭവനം അത്താണിയാണ്. ബാംഗ്ളൂരിൽ മത്തിക്കര എന്ന സ്ഥലത്ത് ബത്തേരി രൂപതവക ഒരിടവകപള്ളിയുണ്ട്. അവിടെ സഹായിക്കാനും സിസ്റ്റേഴ്സ് സമയം കണ്ടെത്തുന്നു.

**19. ഷിമോഗ ബഥനി മഠം (15-11-1991)**
കോട്ടങ്ങൂർ പി.ഒ., ത്യാവരക്കൊപ്പ, സാഗർ റോഡ്, ഷിമോഗ - 577 204

കർണ്ണാടക സംസ്ഥാനത്ത് ഷിമോഗായിൽ ബത്തേരി രൂപത വക പള്ളികളും മിഷ്യൻ കേന്ദ്രങ്ങളുമുണ്ട്. അവിടെ സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമെന്ന് വികാരിയായിരുന്ന ബ. കോശി കാക്കനാട്ടച്ചൻ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സ്കൊളാസ്റ്റിക്കയെ ബോദ്ധ്യപ്പെടുത്തി. അതനുസരിച്ച് 1989 ൽ ഷിമോഗയിൽ ഒരു വീടു വാടകയ്ക്കെടുത്ത് സിസ്റ്റേഴ്സ് നിർമ്മല, പവിത്ര, പാവന എന്നിവരെ അവിടേക്കയച്ചു. വാടകവീട്ടിൽ താമസിച്ചുകൊണ്ട് ഇടവക പ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് സേവനം ആരംഭിച്ചു. കൂടാതെ ബ. അച്ചൻ അവിടെ നടത്തിയിരുന്ന നഴ്സറിസ്കൂളിലും സിസ്റ്റേഴ്സ് പഠിപ്പിച്ചിരുന്നു. രണ്ടു വർഷത്തിനുശേഷം 1991 ൽ ഷിമോഗായിൽ 'ത്യാവരക്കൊപ്പ' എന്ന സ്ഥലത്ത് മഠത്തിനായി സ്ഥലം വാങ്ങി മഠം പണിയാരംഭിച്ചു.

1991 നവംബറിൽ പണിപൂർത്തിയായ മഠത്തിന്റെ കൂദാശ 15-ാം തീയതി നടത്തി സിസ്റ്റേഴ്സ് അവിടേക്കു മാറിത്താമസിച്ചു. മഠത്തിൽ നിന്നും അല്പമകലെ 'ഭദ്രാവതി' എന്ന സ്ഥലത്തുള്ള രൂപതവക നഴ്സറിയിൽ സിസ്റ്റേഴ്സ് അദ്ധ്യാപകരായി നിയമിതരായിരുന്നു. 1991 മുതൽ ഏഴു വർഷത്തോളം അവിടെ പഠിപ്പിച്ചിരുന്നെങ്കിലും തുടരാനായില്ല. എന്നാൽ 'ത്യാവരക്കൊപ്പ'യിൽ മഠത്തോടുചേർന്ന് ഒരു നഴ്സറിസ്കൂൾ സിസ്റ്റേഴ്സ് സ്വന്തമായി ആരംഭിച്ചു. വർഷംതോറും ഓരോ ക്ലാസ്സ് ക്രമത്തിൽ ചേർത്ത് ഒരു എൽ. പി. സ്കൂൾ വരെ അതായിട്ടുണ്ട്. ഇടവക പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് അതീവ തല്പരരാണ്.

www.malankaralibrary.com



**20. മുതിരേരി ബഥനിമഠം (7-6-1993)**
മുതിരേരി പി.ഒ., മാനന്തവാടി - 670-644

കണ്ണൂർ ജില്ലയിൽ മാനന്തവാടി പോരൂരിൽ തവിഞ്ഞാലുള്ള ഒരു മലമ്പ്രദേശമാണ് മുതിരേരി. ഇവിടെ 'നവോദയ' യു. പി. സ്കൂളിന്റെ മാനേജർ ശ്രീ രാമൻ നമ്പ്യാർ അതു വില്ക്കാൻ ആലോചിക്കുന്നതായി ബ. വറുഗീസ് പുളിക്കനച്ചൻ വഴി അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ സ്കൊളാസ്റ്റിക്ക അറിയാനിടയായി. ഒരു എയ്ഡഡ് സ്കൂൾ എന്ന നിലയ്ക്ക് അതുവാങ്ങുന്നത് നല്ലതെന്ന് മദറിനു ബോദ്ധ്യമായി. അങ്ങനെ 1990 ൽ സ്കൂളും അതോടു ചേർന്ന ഒന്നര ഏക്കർ സ്ഥലവും കൂടി ബ. അച്ചന്റെ സഹായത്തോടെ മദർ വാങ്ങി.

സിസ്റ്റർ എലൈസയെ അവിടെ സ്കൂളിൽ നിയമിച്ചു. സ്കൂളിനടുത്ത് കാട്ടിമൂല എന്ന സ്ഥലത്തുള്ള S.H. സിസ്റ്റേഴ്സിന്റെ കോൺവന്റിൽ താമസിച്ചു കൊണ്ട് സിസ്റ്റർ സ്കൂളിൽ പോയിരുന്നു. സ്കൂൾ കെട്ടിടം സാമാന്യം പഴക്കം ചെന്ന ഒരു ഓല ഷെഡ്ഡായിരുന്നു പൊളിഞ്ഞുതുടങ്ങിയതും ബലക്ഷയ മുള്ളതുമായിരുന്നതിനാൽ അതു പൊളിച്ചുമാറ്റി എട്ടു മുറികളോ ടുകൂടി ഒരു പുതിയ കെട്ടിടം നിർമ്മിച്ചു. ഇതിനകം 1993 ൽ അവിടെ പ്രഥമാ ദ്ധ്യാപകൻ വിരമിച്ചസ്ഥാനത്ത് സിസ്റ്റർ ജോസീന പ്രഥമാദ്ധ്യാപികയായി നിയമിക്കപ്പെട്ടു. 1993 ൽ പണിതീർന്ന സ്കൂൾ കെട്ടിടം ജൂൺ 7 ന് ബ. തോമസ് പടിയറയച്ചൻ കൂദാശ ചെയ്തു. കെട്ടിടത്തിന്റെ രണ്ടു മുറികൾ സിസ്റ്റേഴ്സിനു താമസി ക്കാനും, പ്രാർത്ഥിക്കാനും ക്രമപ്പെടുത്തി. സിസ്റ്റേഴ്സ് ജോസീന, എലൈസ എന്നിവർ താമസമാരംഭിച്ചു. ബാക്കി മുറികൾ ക്ലാസ്സ് മുറികളായും ഉപയോഗിക്കാൻ തുടങ്ങി. ഇവിടെ എയ്ഡഡ് സ്കൂൾ കൂടാതെ ഒരു നഴ്സറിയും ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി.യും ആരംഭിച്ചു. നഴ്സറിയുടെ ചുമതലയ്ക്ക് സിസ്റ്റർ ദയാനന്ദ നിയമിതയായി. എയിഡഡ് സ്കൂൾ കെട്ടിടത്തോടുചേർത്ത് അൺ എയ്ഡഡ് സ്കൂൾ അനുവദനീയമല്ലാത്ത തിനാൽ ഒന്നര ഏക്കർ സ്ഥലം വേറെ വാങ്ങി ഇംഗ്ലീഷ് മീഡിയത്തിന് കെട്ടിടം നിർമ്മിച്ച് അവിടേക്കു മാറ്റി. സിസ്റ്റേഴ്സ് സ്കൂൾ ജോലികൾക്കു പുറമെ അടുത്ത ഇടവകകളിൽ സജീവമായി മിഷൻ പ്രവർത്തനങ്ങളും നടത്തുന്നു. ഇടവകപ്പള്ളിയിൽതന്നെ എല്ലാ ദിവസവും വിശുദ്ധ കുർബാനയിലും സംബന്ധിക്കുന്നു.

**21. കോഴിക്കോട് ബഥനി മഠം (8-10-1997)**
സിവിൽസ്റ്റേഷൻ പി.ഒ., കോഴിക്കോട് - 673 020

കോഴിക്കോടു ജില്ലയിൽ സിവിൽ സ്റ്റേഷനു സമീപമാണ് ഈ മഠം. ബത്തേരി രൂപതയുടെ ഒരു പള്ളിയും 'മരിയഭവൻ' എന്ന പേരോടുകൂടിയ ഒരു ഭവനവും സിവിൽ സ്റ്റേഷന് തൊട്ടടുത്ത് എതിർഭാഗത്തായുണ്ട്. ബ. സെലസ്റ്റിൻ ഒ. ഐ. സി. അച്ചൻ ഇവിടെ വികാരിയായി മരിയഭവനിൽ താമസി ക്കുന്ന കാലത്ത് ഇടവക പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും മിഷ്യൻ പ്രവർത്തനങ്ങൾക്കുമായി ഒരു മഠം ഇവിടെയുണ്ടാകുന്നത് നല്ലതാണെന്ന് അന്ന് പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ നിർമ്മലയോട് അഭിപ്രാ യപ്പെട്ടു. അന്വേഷിച്ചതിൽ പള്ളിയോട് ഏകദേശം അടുത്ത് 5 സെന്റ് സ്ഥലവും പണിതീർന്നതെങ്കിലും അതുവരെ ആരും താമസിച്ചിട്ടില്ലാത്ത ഒരു കെട്ടിടവും കൂടെ മഠത്തിനായി വാങ്ങാൻ സൗകര്യം കിട്ടി. 1996 ൽ മദർ നിർമ്മല അതു വാങ്ങിയെങ്കിലും ഉടനെ താമസമാരംഭിക്കാൻ കഴിഞ്ഞില്ല. 1997 ഒക്ടോബർ 8 ന് കെട്ടിടം ബ. സെലസ്റ്റിനച്ചൻ കൂദാശ ചെയ്തു. സിസ്റ്റേഴ്സ് പെലാജിയ, ശുഭ എന്നിവരാണ് ഇവിടത്തെ ആദ്യാംഗങ്ങൾ. ഇടവക പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുകയായിരുന്നു സിസ്റ്റേഴ്സ് പ്രധാന മായും ചെയ്തത്. കോഴിക്കോടു മഠം റെയിൽവേ സ്റ്റേഷന് അടുത്താകയാൽ ദൂരയാത്രയ്ക്കു പോവുകയും വരികയും ചെയ്യുന്ന സിസ്റ്റേഴ്സിന് ഇതൊരു ഇടത്താവളമാണ്. മാത്രമല്ല ഉപരിപഠനത്തിന് പ്രവേശനം കിട്ടുന്ന ബത്തേരി പ്രൊവിൻസിലെ സിസ്റ്റേഴ്സിന് താമസിച്ചു പഠിക്കുന്നതിനുള്ള ഒരു സ്റ്റഡി സെന്ററായും ഈ ഭവനം ഉപകരിക്കുന്നു.



**22. ബത്തേരി പ്രൊവിൻഷ്യൽ മന്ദിരം**
ബത്തേരി പി.ഒ., ചീരാൽ റോഡ്, വയനാട് - 673 592

ഒരു വൈസ് പ്രൊവിൻസായി രൂപം കൊണ്ട ബത്തേരി പ്രൊവിൻസിന്റെ ആദ്യത്തെ വൈസ് പ്രൊവിൻഷ്യൽ മന്ദിരം കുപ്പാടിയിലെ ഒരു ആദിവാസി കുടിലായിരുന്നു എന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഏകദേശം 17 സെന്റു സ്ഥല ത്തോടുകൂടിയ ചെറുഭവനം ഏറെ അസൗകര്യങ്ങളും പരാധീനതകളും നിറഞ്ഞ ഒന്നായിരുന്നു. എന്നാലും അല്പം അറ്റകുറ്റപ്പണികൾക്കു ശേഷം കൂദാശ ചെയ്ത് പ്രൊവിൻഷ്യൽ മന്ദിരമായി ഉപയോഗിക്കുകയായിരുന്നു. വൈസ് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ നിർമ്മല, സിസ്റ്റേഴ്സ് സ്തനി സ്ലാവ്സ്, പ്രിസ്ക, ആഗ്നസ് എന്നിവർ 1980 മുതൽ ഇവിടെ താമസമാരംഭിച്ചു. പ്രാർത്ഥന, വിശുദ്ധ കുർബാന, ഭക്ഷണം ഇവയ്ക്കെല്ലാം തൊട്ടടുത്തുണ്ടാ യിരുന്ന കുപ്പാടി മഠത്തിലേക്കു പേകേണ്ടിയിരുന്നു.

കടുത്ത സാമ്പത്തിക ഞെരുക്കമനുഭവിച്ചിരുന്ന വൈസ് പ്രൊവിൻസിന് ആദ്യംതന്നെ ഒരു പ്രൊവിൻഷ്യൽ ഹൗസ് നിർമ്മിക്കുന്നതിനോ അതി നാവശ്യമായ സ്ഥലം വാങ്ങുന്നതിനോ സാദ്ധ്യമായിരുന്നില്ല. എന്നാൽ വൈസ് പ്രൊവിൻസിന്റെ ഏതാവശ്യങ്ങളിലും, ബത്തേരി ബിഷപ്പ് അഭിവന്ദ്യ സിറിൽ

www.malankaralibrary.com



മാർ ബസേലിയോസ് പിതാവു താങ്ങും തണലുമായിരുന്നു. വൈസ് പ്രൊവിൻസ് അംഗങ്ങളായിരുന്ന ആറു സിസ്റ്റേഴ്സിനെ ജർമ്മനിയിൽ സ്റ്റാട്ട്ലോൺ എന്ന സ്ഥലത്തുള്ള ഒരു വൃദ്ധമന്ദിരത്തിൽ സേവനം അനുഷ്ഠിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി 1982ൽ അവരെ അവിടേക്കയച്ചു. ഇത് വൈസ് പ്രൊവിൻസിനെ സാമ്പത്തിക ഞെരുക്കത്തിൽ നിന്നു മോചിതയാക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചു. അത്യാവശ്യ ഫോർമേഷൻ മന്ദിരം, സ്ഥലങ്ങൾ, മറ്റു മന്ദിരങ്ങൾ ഇവയിലൊക്കെയും ശ്രദ്ധ വയ്ക്കേണ്ടിയിരുന്നു.

ഇരുപതോളം വർഷത്തെ പരിശ്രമത്തിനും കാത്തിരിപ്പിനും ശേഷമാണ് ഇന്നു കാണുന്ന പ്രൊവിൻഷ്യൽ മന്ദിരം വാങ്ങാൻ കഴിഞ്ഞത്. ബ. മാത്യു നിലയ്ക്കലച്ചൻ ഒരു പ്രത്യേക സ്ഥാപനം മനസ്സിൽകണ്ട് നിർമ്മിച്ച കെട്ടിടവും അതിരിക്കുന്ന രണ്ടേക്കർ സ്ഥലവും കൂടെ വില്ക്കേണ്ടിവന്ന സാഹചര്യം ഒരു ദൈവനിയോഗംപോലെ ബഥനിക്കു ഫലപ്പെടുകയായിരുന്നു. ബത്തേരി പ്രൊവിൻസിനു കാര്യമായ കരുതൽ ധനം ഇല്ലാതിരിക്കെ 85 ലക്ഷത്തോളം വരുന്ന തുക എങ്ങനെ സ്വരൂപിക്കും എന്ന ആലോചനയ്ക്കും ദൈവം മാർഗ്ഗം തെളിച്ചു. ജർമ്മനി കാരിത്താസ് ഒരു നല്ല സംഖ്യ കടമായി തന്നുസഹായിച്ചതിനും പുറമെ ബാക്കി തുക ക്രമാനുഗതമായി സംഭരിക്കാൻ കഴിഞ്ഞതും ദൈവകൃപതന്നെ.

1998 ഫെബ്രുവരി 2 ാം തീയതിയാണ് കുപ്പാടിയിലെ കൊച്ചു ഭവനത്തിൽ നിന്ന് ബത്തേരി ബിഷപ്സ് ഹൗസിനടുത്ത് ചീരാൽ റോഡ് സൈഡിൽ പുതിയ പ്രൊവിൻഷ്യൽ മന്ദിരത്തിലേക്കു മാറിയത്. മദർ പ്രൊവിൻഷ്യൽ മദർ നിർമ്മല, കൗൺസിലേഴ്സ് സിസ്റ്റേഴ്സ് റോസറ്റ, ജോയ്സ്, ത്രേസി, കുസുമം, പ്രൊക്കുറേറ്റർ സിസ്റ്റർ സേർവിയ എന്നിവരായിരുന്നു പുതിയ പ്രൊവിൻഷ്യൽ മന്ദിരത്തില ആദ്യാംഗങ്ങൾ.

1998 ഏപ്രിലിൽ പുതിയ പ്രൊവിൻഷ്യൽ മന്ദിരത്തിൽവച്ച് ആദ്യമായി നടന്നത് പ്രൊവിൻസിന്റെ അഞ്ചാമതു സാധാരണ പ്രൊവിൻഷ്യൽ സിനാക്സിസാണ്. 29-ാം തീയതി നടന്ന തിരഞ്ഞെടുപ്പിൽ മദർ നിർമ്മല തന്നെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റേഴ്സ് ഫെലീഷ്യ, തബീത്ത, ഗീത, സേർവിയ എന്നിവർ കൗൺസിലേഴ്സായും സിസ്റ്റർ ട്രീസാ പ്രൊക്കുറേറ്ററായും തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ബത്തേരി രൂപതയുടെ സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രവർത്തനപരിപാടികളിലും - പ്രത്യേകിച്ച് രൂപതയുടെ മതബോധനരംഗം, സ്ത്രീജനോദ്ധാരണ പദ്ധതികൾ, ബാല-യുവജന



പ്രസ്ഥാനങ്ങൾ, അവധിക്കാല പ്രത്യേക പരിപാടികൾ ഇവയ്ക്കെല്ലാം നേതൃത്വം നല്കുകയും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതിനുള്ള പ്രോത്സാഹനം സിസ്റ്റേഴ്സിനു നല്കുന്നത് പ്രൊവിൻസിന്റെ കടമയും അവകാശവുമായി പരിഗണിച്ച് പ്രവർത്തിക്കുന്നു. അതുപോലെ തന്നെ ബത്തേരി പ്രൊവിൻസ് അംഗങ്ങൾക്കും മന്ദിരങ്ങൾക്കും സ്ഥാപനങ്ങൾക്കും എല്ലാം ആശ്വാസമായി ആശ്രയമായി മാതൃഭവനമെന്ന നിലയിലും ബഥനി സന്ന്യാസിനി സമൂഹത്തിന്റെ ഒരു സജീവ ഘടകമെന്ന നിലയിലും ബത്തേരി പ്രൊവിൻഷ്യൽ മന്ദിരം നിലകൊള്ളുന്നു.

**23. ഊട്ടി ബഥനി മഠം**
ഹൈലെവൽ റോഡ് പി.ഒ., ഊട്ടി -643 004

തമിഴ്നാട്, നീലഗിരി മലകളിൽ പെട്ട പ്രസിദ്ധിയാർജ്ജിച്ചതും പ്രകൃതി സൗന്ദര്യം ദൈവദത്തമായി ലഭിച്ചിരിക്കുന്നതുമായ ഒരു ശൈത്യപ്രദേശമാണ് ഊട്ടി. സ്വദേശികളും വിദേശികളുമായ ധാരാളം വിനോദയാത്രക്കാരെയും പഠിതാക്കളെയും ഹഠാദാകർഷിക്കുന്ന ബൊട്ടാണിക്കൽ ഗാർഡൻസ് ആണ് ഇതിന്റെ പ്രശസ്തിക്ക് മറ്റൊരു നിദാനം. ഇവിടെ നിന്നും അധിക ദൂരത്തല്ലാതെയാണ് ബഥനിയുടെ ഒരു മന്ദിരം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അഞ്ചു സെന്റ് സ്ഥലവും അതിലൊരു ചെറിയ ഭവനവുമായി 1998 ൽ അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ നിർമ്മലയുടെ കാലത്താണ് ഇതു വാങ്ങിയത്.

വീട് സിസ്റ്റേഴ്സിനു താമസയോഗ്യമാക്കിത്തീർത്തശേഷം 1998 ജൂലായ് മൂന്നിന് വി. തോമ്മാശ്ലീഹായുടെ ഓർമ്മദിനത്തിൽ അഭിവന്ദ്യ ദിവന്നാസിയോസ് തിരുമേനി ഭവനത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. അന്നുതന്നെ സിസ്റ്റേഴ്സ് സെവേറിയ, മെൽവിൻ, കിരൺ, വിദ്യ എന്നിവർ താമസമാരംഭിച്ചു. ഭവനത്തിന്റെ ഒരു ചെറിയ ഹാൾ ചാപ്പലായി ക്രമീകരിച്ചു. ഊട്ടി ബിഷപ്സ് ഹൗസിൽനിന്നും ബ. അച്ചന്മാർ മാറിമാറിവന്ന് വി. കുർബാന അർപ്പിക്കാറുണ്ട്. ഊട്ടി കോളജുകളിൽ പ്രവേശനം ലഭിക്കുന്ന സിസ്റ്റേഴ്സിനെ ഉദ്ദേശിച്ചുകൂടെയാണ് ഈ മഠസ്ഥാപനം. സിസ്റ്റേഴ്സ് മെൽവിൻ, കിരൺ, വിദ്യ എന്നിവർക്ക് ഊട്ടികോളജിൽ പ്രവേശനം കിട്ടിയിരുന്നു. കൂടാതെ സ്കൂൾ സംബന്ധമായ കാര്യങ്ങൾക്ക് അയ്യംകൊല്ലിയിൽ നിന്നും കോയമ്പത്തൂർക്ക് പോവുകയും വരികയും ചെയ്യുന്നവർക്കും ഊട്ടിയിൽ വിനോദയാത്രക്കെത്തുന്ന സിസ്റ്റേഴ്സിനും സ്കൂൾ കുട്ടികൾക്കും ഈ മഠം വലിയ ആശ്വാസമാണ്.

വെള്ളത്തിന്റെ ദൗർലഭ്യം മഠത്തിനുമാത്രമല്ല ഈ പ്രദേശത്തിനു പൊതുവേയുള്ള പ്രശ്നമാണ്. മുനിസിപ്പാലിറ്റി ജലം ശേഖരിച്ചിരിക്കുന്ന ടാങ്കുകളിൽ

www.malankaralibrary.com



നിന്നു കോരിചുമന്നു കൊണ്ടു വരേണ്ടിയിരിക്കുന്നു. ഭാവിയിൽ ജലക്ഷാമം പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷയോടെ ഒരു നല്ല സ്റ്റഡിസെന്ററായി ഊട്ടി മഠത്തെ സിസ്റ്റേഴ്സ് കരുതുകയാണ്. ഊട്ടി ലത്തീൻ രൂപതയിൽ ആവശ്യമായ സേവനങ്ങൾ ചെയ്യുന്നതിലും സിസ്റ്റേഴ്സ് ഉത്സുകരാണ്.

**24. എടക്കര ബഥനിമഠം (29-9-1998)**
എടക്കര പി.ഒ., മുപ്പിനി, മലപ്പുറം - 679 331

മലപ്പുറം ജില്ലയിൽ നിലമ്പൂർ ദേശത്തുള്ള ഒരു ഗ്രാമമാണ് എടക്കര. ബത്തേരി രൂപതയുടെ ഒരു പള്ളിയും എടക്കരയ്ക്കടുത്ത് മുപ്പിനി എന്ന സ്ഥലത്തുണ്ട്. പള്ളിയിൽ നിന്ന് അധിക ദൂരത്തല്ലാതെ 'ആറ്' ഏക്കർ സ്ഥലം വാങ്ങുന്നതിന് ബത്തേരി പ്രൊവിൻസിനു സൗകര്യമുണ്ടായി. 1984 ൽ മദർ നിർമ്മല വൈസ് പ്രൊവിൻഷ്യൽ സുപ്പീരിയറായിരിക്കുമ്പോഴാണ് വസ്തു എഴുതിച്ചത്. ബത്തേരി രൂപതയുടെ നിലമ്പൂരുള്ള ഇടവകകളിൽ മിഷ്യൻ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തോടെയാണ് ഇവിടെ മഠം സ്ഥാപിക്കാനുദ്ദേശിച്ചത്.

ഈ ഘട്ടത്തിൽ ബത്തേരി രൂപതയുടെ മതപഠന കാര്യാലയ ഓഫീസ് ഉൾപ്പെട്ട ഒരു സ്ഥാപനം നിലമ്പൂരിൽ ഉണ്ടാക്കുന്നതിനായി അഭിവന്ദ്യ മാർ ബസേലിയോസ് തിരുമേനി ആഗ്രഹിക്കുകയും വിവരം സൺഡേ സ്കൂൾ രൂപതാഡയറക്ടർ ബ. ചാക്കോ നരിമറ്റമച്ചൻ വഴി അന്നു പ്രൊവിൻഷ്യ ലായിരുന്ന മദർ ഹെലേനായോട് ആലോചിക്കയും ചെയ്തു. അതിൻപ്രകാരം ബത്തേരി പ്രൊവിൻസ് മഠത്തിനായി വാങ്ങിയിരുന്ന സ്ഥലത്തിൽ നിന്ന് ഒരേക്കർ ഇഷ്ടദാനമായി രൂപതയ്ക്കു നല്കി. അവിടെ 'സ്രോതസ്സ്' എന്ന പേരിൽ മതപഠനകേന്ദ്ര ഓഫീസ് സഹിതം ഒരു സ്ഥാപനം പ്രവർത്തന മാരംഭിച്ചു. സിസ്റ്റർ ഫെലീഷ്യായെയാണ് അതിന്റെ നേതൃത്വം ഏല്പിച്ചത്.

1990 ൽ സിസ്റ്റർ ഫെലീഷ്യാ ഓഫീസ് കെട്ടിടത്തിൽ താമസിച്ചുകൊണ്ട്, രൂപതയുടെ പൊതുമീറ്റിംഗുകൾ, മതപഠന സെമിനാറുകൾ, ക്യാമ്പുകൾ, രൂപതയിലെ ഇതര സംഘടനകളുടെ മീറ്റിംഗുകൾ, ക്ലാസ്സുകൾ, സമീപപ്രദേശ ങ്ങളിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഇവയെല്ലാം കാര്യക്ഷമമായി നടത്തിയിരുന്നു. മഠത്തിനുവേണ്ടിയുണ്ടായിരുന്ന ബാക്കി സ്ഥലത്ത് സിസ്റ്ററിന്റെ മേൽനോട്ടത്തിൽ റബ്ബർ പിടിപ്പിക്കയും ചെയ്തു.

1998 ലാണ് എടക്കരയിൽ മഠം പണിയാരംഭിച്ചത്. ഇതിനകം സ്രോതസ്സിൽ സേവനം ചെയ്തിരുന്ന സിസ്റ്റേഴ്സ് സ്ഥലം മാറിപ്പോയിരുന്നു. 1998 സെപ്റ്റംബർ മാസം 29 ന് മഠം കെട്ടിടം അഭിവന്ദ്യ ദിവന്നാസിയോസ് തിരുമേനി കൂദാശ നടത്തി സിസ്റ്റേഴ്സ് ജോസറ്റ, സുമ, റൈസ എന്നിവർ അവിടെ താമസമാരംഭിച്ചു. സ്രോതസ്സിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുകയും നിലമ്പൂരുള്ള ഇടവകകളിൽ മിഷ്യൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതിന് സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുന്നു.



**25. ഉപ്പട ബഥനിമഠം (22-4-1999)**
ഉപ്പട പി.ഒ., ചുങ്കത്തറ, മലപ്പുറം - 679 354

മലപ്പുറം ജില്ലയിൽ നിലമ്പൂർ ചെമ്പങ്കൊല്ലി റൂട്ടിലുള്ള ഒരു ഗ്രാമ പ്രദേശമാണ് ഉപ്പട. ഇവിടെ ബത്തേരി രൂപത വക ഒരു പള്ളിയുണ്ട്. ഇടവകയുടെ വളർച്ചയ്ക്കും ഗ്രാമത്തിന്റെ സാമൂഹ്യസേവനങ്ങൾക്കുമായി ഒരു മഠം ഇവിടെ ഉണ്ടായിരിക്കുന്നത് നല്ലതാണെന്ന് ബോദ്ധ്യപ്പെട്ട വികാരി ബ. ജോൺ പനച്ചിപ്പറമ്പിലച്ചന്റെ ആഗ്രഹവും നിർദ്ദേശവുമനുസരിച്ച് അന്നത്തെ മദർ പ്രൊവിൻഷ്യൽ മദർ നിർമ്മല സിസ്റ്റേഴ്സിനെ ഉപ്പടയിലേക്കയയ്ക്കുകയായിരുന്നു. മഠത്തിനുവേണ്ടി ഉപ്പട, പുലിപ്ര ജോസിന്റെ ഒരു ഏക്കർ 80 സെന്റ് സ്ഥലം വാങ്ങിയതിൽ വീടും ഉണ്ടായിരുന്നു.

1999 ഏപ്രിൽ 22 ന് മഠത്തിനായി പുതുക്കിയെടുത്ത കെട്ടിടം അഭിവന്ദ്യ ദിവന്നാസിയോസ് തിരുമേനി കൂദാശ ചെയ്ത് സിസ്റ്റേഴ്സ് അവിടെ താമസമാക്കി. സിസ്റ്റേഴ്സ് മംഗള, ജീവന, ഹൃദ്യ എന്നിവരായിരുന്നു ഇവിടത്തെ ആദ്യാംഗങ്ങൾ. മുഴുവൻ സമയവും ഇടവക ക്ഷേമപ്രവർത്തനങ്ങളും തദ്ദേശവാസികളുടെയിടയിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുമായി സിസ്റ്റേഴ്സ് മുന്നേറുന്നു.

**26. പാലാന്തടം ബഥനിമഠം (28-7-2000)**
വെസ്റ്റ് ഏലേരി, പാലാന്തടം, കാസർകോട് -670 314

കണ്ണൂർ ജില്ലയിൽ നീലേശ്വരത്തിനടുത്ത് വെസ്റ്റ് എലേരിയിൽ ഉള്ള മലമ്പ്രദേശമാണ് പാലാന്തടം. ബത്തേരി രൂപതയുടെ പള്ളിയും സാമാന്യം നല്ല ഒരു റബ്ബർ എസ്റ്റേറ്റും ഇവിടെയുണ്ട്. മലയിൽ അങ്ങിങ്ങായി താമസമാക്കിയിരിക്കുന്ന കുടുംബങ്ങളുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ വളർച്ചയ്ക്ക് അവരെ സഹായിക്കുന്നതിന് സിസ്റ്റേഴ്സ് വരുന്നതും ഇവിടെ ഒരു മഠമുണ്ടാക്കുന്നതും ആവശ്യമെന്ന് അന്നത്തെ വികാരി ബ. ജോർജ് കാലായിലച്ചൻ ആഗ്രഹിച്ചു. അതിൻപ്രകാരം അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ഹെലേനയെ ബോദ്ധ്യപ്പെടുത്തുകയും 1987 ൽ അവിടെ ഒരേക്കർ സ്ഥലം വാങ്ങുന്നതിന് മദറിനെ സഹായിക്കുകയും ചെയ്തു. എന്നാൽ യാത്രാസൗകര്യം ഇല്ലാതിരുന്നതിനാലും സിസ്റ്റേഴ്സിനു താമസിക്കുന്നതിന് ഒരു വാടകവീടുപോലും കിട്ടാനില്ലാത്തതിനാലും ഉടനെ മഠം

www.malankaralibrary.com



തുടങ്ങാൻ ബുദ്ധിമുട്ടായിത്തീർന്നു. മഠം തുടങ്ങുമ്പോഴേക്കും സിസ്റ്റേഴ്സിന്റെ ആവശ്യത്തിനായി ഒരേക്കർ റബ്ബർ തോട്ടം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി ഇഷ്ടദാനമായി വേർതിരിച്ചുതരികയും ചെയ്തിരുന്നു. മഠം തുടങ്ങാൻ താമസിച്ചതിനാൽ വാങ്ങിയിരുന്ന ഒരേക്കർ സ്ഥലത്തുകൂടി റബർ മരം പിടിപ്പിക്കുകയുണ്ടായി, തന്നെയല്ല ആ സ്ഥലം കെട്ടിടമുണ്ടാ ക്കാനും പര്യാപ്തമായിരുന്നില്ല.

2000–ാമാണ്ടിൽ മദർ നിർമ്മല പ്രൊവിൻഷ്യലായിരുന്നപ്പോൾ പാലാന്തടത്തുതന്നെ വെസ്റ്റ് എലേരിയിൽ ആദ്യത്തെ സ്ഥലത്തിന് എതിർവശത്തുള്ള മലയിൽ 50 സെന്റ് സ്ഥലം വാങ്ങാനുള്ള സൗകര്യം ലഭിച്ചു. ഈ സ്ഥലത്ത് ഒരു ചെറിയ ഭവനമുണ്ടായിരുന്നത് സിസ്റ്റേഴ്സിനു താമസയോഗ്യമാക്കി ക്രമീകരിച്ചു. 2000 ജൂലായ് 28 ന് അതിന്റെ കൂദാശ നടത്തി സിസ്റ്റേഴ്സ് ലളിത, പുഷ്പ എന്നിവർ അവിടെ താമസമാരംഭിച്ചു.

ഇടവകപ്രവർത്തനങ്ങളാണ് പ്രധാന ലക്ഷ്യമെങ്കിലും മലയിൽ ചിതറിത്താമസിക്കുന്ന കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ പഠനസൗകര്യം കണക്കിലെടുത്ത് 2000 ത്തിൽത്തന്നെ ഒരു നഴ്സറിക്ലാസ്സ് ആരംഭിച്ചു. സിസ്റ്റേഴ്സ് താമസിക്കുന്ന വീട് വളരെ ചെറുതാകയാൽ അടുത്തുതന്നെ രണ്ടു മുറിയിൽ ഒരു ചെറിയ കെട്ടിടമുണ്ടാക്കി ഒരു മുറി ചാപ്പലായും ചാപ്പലിന് ഒരു ചാർത്തുണ്ടാക്കി നഴ്സറി ക്ലാസ്സായും ഉപയോഗിക്കുന്നു.

**27. ഇച്ചിലാംപാടി ബഥനിമഠം (23–5–2002)**
ഇച്ചിലാംപാടി പി.ഒ., സൗത്ത് കാനറ, കർണ്ണാടക

കർണ്ണാടക സംസ്ഥാനത്ത് സൗത്ത് കാനറായിലുള്ള ഒരു ഗ്രാമപ്രദേശമാണ് ഇച്ചിലാംപാടി. ബത്തേരി രൂപതയുടെ ഒരു പള്ളി ഇവിടെയുണ്ട്, മാത്രമല്ല അഭിവന്ദ്യ ദിവന്നാസിയോസ് തിരുമേനിയുടെ ജന്മസ്ഥലവും കൂടിയാണ് ഇച്ചിലാംപാടി. മിഷ്യൻ പ്രവർത്തനങ്ങൾ മാത്രം ഉദ്ദേശിച്ച് ഇവിടെയൊരു മഠം സ്ഥാപിക്കണമെന്ന ആഗ്രഹത്തോടെ പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ തബീത്ത 2001 ഒക്ടോബർ 17 ന് ഇവിടെ ഒരു ഏക്കർ 39 സെന്റ് സ്ഥലം ഒരു ചെറിയ വീടോടുകൂടി വാങ്ങിയിരുന്നു. ഒരു മഠം തുടങ്ങണമെന്ന ആഗ്രഹം ഇടവകക്കാരും പ്രകടിപ്പിച്ചിരുന്നു.

വാങ്ങിയ സ്ഥലത്തുണ്ടായിരുന്ന വീട് മഠത്തിനായി ക്രമീകരിച്ചു. 2002 മെയ്മാസ് 23–ാം തീയതി അഭിവന്ദ്യ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി വീടുകൂദാശ നിർവഹിച്ചു. സിസ്റ്റേഴ്സ് ദയ, ദീന എന്നിവരാണ് ഇവിടത്തെ ആദ്യാംഗങ്ങൾ. ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ട് സിസ്റ്റേഴ്സ് അവരുടെ ദൗത്യനിർവഹണത്തിലേക്കു മുന്നേറുന്നു.



## സ്ഥാപനങ്ങൾ

**1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**
തൊടുവട്ടി പി.ഒ., ബത്തേരി, വയനാട് – 673 592

1980 ൽ ബത്തേരി പ്രൊവിൻസ് ആരംഭിക്കുന്നതിനു മുമ്പുതന്നെ ആരംഭം കുറിച്ച ഒരു സ്ഥാപനമാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. വയനാടു ജില്ലയിൽ ബ്ളോക്ക് ഓഫീസിനടുത്ത് ബത്തേരി രൂപതയ്ക്ക് കുറച്ചു സ്ഥലമുണ്ട്. ഇവിടെയാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്നത്. ബത്തേരി രൂപതയുടെ 'ശ്രേയസ്സ്' എന്നറിയപ്പെടുന്ന സാമൂഹ്യസേവന പദ്ധതിയുടെ ഒരു ഭാഗമാണ് കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം. ഈ പ്രോഗ്രാമിന്റെ കോഓർഡിനേറ്ററായി ഡോക്ടർ സിസ്റ്റർ സ്കൊളാസ്റ്റിക്കയാണ് നിയോഗിക്കപ്പെട്ടിരുന്നത്. സിസ്റ്റേഴ്സ് റജീന, പവിത്ര, മീഖ എന്നിവരും ഈ പ്രോഗ്രാമിൽ സേവനമനുഷ്ഠിക്കുന്നു. 1982 ൽ ഈ പ്രോഗ്രാമിന് ഓദ്യോഗികാരംഭം കുറിച്ചുകൊണ്ട് സിസ്റ്റേഴ്സ് സ്കൊളാസ്റ്റിക്ക, സിസ്റ്റർ റജീന എന്നിവർ രൂപതയുടെ മുൻപറഞ്ഞ സ്ഥലത്തുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടത്തിൽ താമസമാരംഭിച്ചു. ഈ സെന്ററിൽ ഒരു ക്ലിനിക്കിനു രൂപം കൊടുത്തതോടൊപ്പം രൂപതയുടെ വിവിധ ഭാഗങ്ങളിൽ ചെറിയ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. ബത്തേരിയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഒരു ബെയ്സിക്ക് ആശുപത്രി (Basic Hospital) ആക്കിക്കൊണ്ട് രൂപതയുടെ ആവശ്യപ്രദേശങ്ങളിലെല്ലാം ഹെൽത്ത് സെന്റേഴ്സ് ഏർപ്പെടുത്തണം എന്ന വലിയ ലക്ഷ്യമായിരുന്നു കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാമിനുണ്ടായിരുന്നത്.

ഉപ്പട്ടി, നടുവിൽ, കല്ലിച്ചാൽ, നെല്ലിമാട്, ചീരാൽ എന്നിങ്ങനെ ഓരോരോ സ്ഥലങ്ങളിലായി നടന്നിരുന്ന ഹെൽത്ത് ക്ലിനിക്കുകൾ നാട്ടുകാർക്ക്, പ്രത്യേകിച്ച് ആദിവാസികൾക്ക് ആശ്വാസമായിരുന്നു. കൂടാതെ പെൺകുട്ടികൾക്ക് 'ആരോഗ്യ പരിപാലന പരിശീലനം' നല്കുന്നതിനായി 'കമ്മ്യൂണിറ്റി ഹെൽത്ത് ട്രെയിനിംഗ് പ്രോഗ്രാം' എന്ന പേരിൽ ഒരു ത്രൈമാസ കോഴ്സ് ആരംഭിച്ചു നടത്തിയിരുന്നു. ക്ലിനിക്കിനും ട്രെയിനിംഗ് പ്രോഗ്രാമിനും അത്യാവശ്യസന്ദർഭങ്ങളിൽ കിടത്തി ചികിത്സിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾക്കും ആവശ്യമായ കെട്ടിടങ്ങൾ യഥാകാലം നിർമ്മിക്കപ്പെട്ടിരുന്നു. കെട്ടിടനിർമ്മാണത്തിനും മറ്റാവശ്യങ്ങൾക്കുമുള്ള സാമ്പത്തികസഹായം ഹോളണ്ടിൽനിന്നുള്ള വന്ദ്യനായ വാണ്ടർ ഫ്ളൂയ്ഗ് അച്ചൻ (Rev. Father Wander Flueg) ഡോക്ടർ സിസ്റ്റർ സ്കൊളാസ്റ്റിക്കാ വഴി നല്കിയതാണെന്ന് ഓർക്കേണ്ടതുണ്ട്.

www.malankaralibrary.com



ആരംഭകാലങ്ങളിൽ തുടർച്ചയായി നടന്നിരുന്ന സൗജന്യ പരിശീലന കോഴ്സുകൾ രൂപതയുടെ ഇടവകകളിൽ നിന്നും ബത്തേരി പ്രദേശങ്ങളിൽ നിന്നും പങ്കെടുത്തിരുന്ന പെൺകുട്ടികൾക്കും അവർ ജോലി ചെയ്തിരുന്ന ക്ലിനിക്കുകൾക്കും ഉപകാരപ്രദമായിരുന്നു. ഏതാനും വർഷങ്ങൾ ക്ലിനിക്കുകളും ട്രെയിനിംഗും പരിപാടികളും ഭംഗിയായി നടന്നിരുന്നെങ്കിലും ക്രമേണ അവയൊക്കെയും നിർജ്ജീവങ്ങളാവുകയായിരുന്നു.

എന്നാൽ 2000-ാമാണ്ടോടുകൂടി ഹെൽത്ത് സെന്ററിൽ ഡോക്ടർ സ്കൊളാസ്റ്റിക്കയുടെ നേതൃത്വത്തിൽ 'പാലിയേറ്റീവ് പ്രോഗ്രാം' എന്ന ഒരു പ്രത്യേക ആതുരശുശ്രൂഷാപരിപാടി ആരംഭിക്കുകയുണ്ടായി. ക്യാൻസർ രോഗം ബാധിച്ച് ജീവിതത്തിനും മരണത്തിനുമിടയിൽ നിസ്സഹായരാകുന്ന സഹോദരങ്ങൾക്ക് ആശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും സ്നേഹസ്പർശം നല്കുന്ന ജീവകാരുണ്യ പ്രവൃത്തിയാണ് പാലിയേറ്റീവ് പ്രോഗ്രാമിലൂടെ നടക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളജ് ക്യാൻസർ ചികിത്സാ വിഭാഗമായി യോജിച്ചുനടത്തുന്ന ഈ സേവനം ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസം കൂടാതെ വയനാട്ടിൽ നൂറുകണക്കിനു രോഗികൾക്ക് ആശ്വാസവും പ്രത്യാശയോടെ ജീവിതവിധി നേരിടാനുള്ള ധൈര്യവും പ്രദാനം ചെയ്യുന്നു എന്നത് അഭിനന്ദനാർഹമാണ്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നേതൃത്വം സിസ്റ്റേഴ്സിനാണെങ്കിലും കെട്ടിടമിരിക്കുന്ന സ്ഥലം രൂപതവകയായതിനാലും രൂപതയുടെ സോഷ്യൽ സർവീസ് ഫോറത്തിന്റെ ഒരു ഘടകമായി ആരംഭിച്ചതാകയാലും ബത്തേരി പ്രൊവിൻസിന്റെ ഒരു മന്ദിരമായി ഈ ഭവനം കണക്കാക്കുന്നില്ല. തന്മൂലം പ്രൊവിൻസിന്റെ ഒരു സ്ഥാപനവും പ്രവർത്തനമേഖലയുമായിമാത്രം ഇതിനെ പരിഗണിക്കുന്നു.

**2. ജർമ്മനിയിൽ ബത്തേരി**

സ്റ്റാട്ട്ലോൺ ആൾട്ടൻ ഹൈം, 2, 48703, സ്റ്റാട്ട് ലോൺ

ജർമ്മനിയിൽ നാലു സ്ഥാപനങ്ങളിലായി ബത്തേരി പ്രൊവിൻസിൽ നിന്നുള്ള സിസ്റ്റേഴ്സ് സേവനമനുഷ്ഠിക്കുന്നുണ്ട്.

1. ജർമ്മനിയുടെ വടക്കൻ പ്രവിശ്യയായ സ്റ്റാട്ട്ലോണിൽ മരിയൻ സ്ട്രാസ്സേയിലുള്ള ഒരു വൃദ്ധമന്ദിരമാണ് ആദ്യം പ്രവർത്തനരംഗമായത്. ബത്തേരി ബിഷപ്പായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയാണ് സിസ്റ്റേഴ്സിനെ ജർമ്മനിക്ക് അയയ്ക്കുന്നതിനുള്ള സൗകര്യം ക്രമീകരിച്ചത്. അങ്ങനെ 1982 ൽ ആറ് സിസ്റ്റേഴ്സിനെ അന്നു വൈസ്



പ്രൊവിൻഷ്യലായിരുന്ന മദർ നിർമ്മല മരിയൻ സ്ട്രാസ്സേയിലുള്ള സ്റ്റാട്ടലോൺ വൃദ്ധമന്ദിരത്തിൽ സേവനത്തിനായി അയച്ചു. വൃദ്ധമന്ദിരത്തോടു ചേർന്നുള്ള ക്വാർട്ടേഴ്സിൽ സിസ്റ്റേഴ്സിനു താമസിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്.

2. ജർമ്മനിയിൽ തന്നെ സ്റ്റാട്ട്ലോണിന് അധികം അകലത്തല്ലാതെ 'ഹെർണെ (Herne) എന്ന സ്ഥലത്ത് ഒരു വൃദ്ധമന്ദിരത്തിൽ അവിടത്തെ വികാരിയച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് 1983 ൽ രണ്ടു സിസ്റ്റേഴ്സിനെ മദർ നിർമ്മല അയയ്ക്കുകയുണ്ടായി.

3. ജർമ്മനിയിൽ സ്റ്റുട്ട്ഗാർട്ട് - റോട്ടിലും, മാർട്ടിനൂസിലുമായി ജനറലേറ്റിന്റെ നേരിട്ടുള്ള ചുമതലയിൽ നടത്തപ്പെടുന്ന വൃദ്ധമന്ദിരങ്ങളിലും രണ്ടുപേർ വീതം സേവനമനുഷ്ഠിക്കുന്നുണ്ട്.

**3. ഡുൾമെൻ - ജർമ്മനി**

ജർമ്മനിയിൽ മുൻസ്റ്ററിലെ (Munster) ഡുൾമെൻ എന്ന സ്ഥലത്തുള്ള രൂപതവക ഒരു ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സ് റോസി, ശുഭ എന്നിവർ 2001 മാർച്ചു മുതൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. മുൻസ്റ്റർ ബിഷപ്, ബത്തേരി രൂപതാ വൈദികനായ ബ. മാത്യു പഞ്ഞിക്കാട്ടിലച്ചൻ വഴി പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ നിർമ്മലയെ വിവരമറിയിച്ചതനുസരിച്ചാണ് സിസ്റ്റേഴ്സിനെ അവിടേക്കയെച്ചത്. ബിഷപ് ആവശ്യപ്പെട്ടതനുസരിച്ച് 2001 നവംബർ 1-ാം തീയതി സിസ്റ്റർ അനുരൂപയെക്കൂടെ അവിടേക്കയെച്ചു. അങ്ങനെ മൂന്നു സിസ്റ്റേഴ്സ് അവിടെ സേവനം തുടരുന്നു.

**4. ഇസ്രായേലിൽ**

ഇസ്രായേലിൽ ബേത്ലഹേം നേറ്റിവിറ്റി പള്ളി വികാരിയായിരുന്ന ആബൂന - ബ. പീറ്റർ അബ്ദൽ ആഹാദ് (ഇന്ന് അദ്ദേഹം ഇസ്രായേലിലെ അന്ത്യോക്യൻ സിറിയൻ ചർച്ചസിന്റെ പേട്രിയാർക്കാണ് - അന്തോനിയോസ്, പീറ്റർ അബ്ദൽ ആഹാദ് - എന്ന പേരിൽ) അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുമായുള്ള കൂടിക്കാഴ്ചയിൽ കേരളത്തിലുള്ള സിറിയൻ കാത്തലിക്ക് പള്ളികളെക്കുറിച്ചും സന്യാസ സമൂഹങ്ങളെക്കുറിച്ചും അറിയാനിടയായി. ബത്ലഹേമിലുള്ള സിറിയൻ ചർച്ച് വക, ടൂറിസ്റ്റ് ഹോം, സ്കൂൾ എന്നിവയുടെ മാനേജ്മെന്റിനായി സിസ്റ്റേഴ്സിനെ അയയ്ക്കുന്നതിന് അദ്ദേഹം സിറിൽ തിരുമേനിയോട് അപേക്ഷിച്ചതനുസരിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ സ്കൊളാസ്റ്റിക്കയുമായി വന്ദ്യ തിരുമേനി ആലോചിക്കുകയുണ്ടായി.

www.malankaralibrary.com



അതിൻപ്രകാരം 1995 മാർച്ചുമാസം 7 ന് സിസ്റ്റേഴ്സ് ഫെലീഷ്യ, സെവേറിയ, ക്രിസ്റ്റ, സുപ്രഭ എന്നിവരെ മദർ ഇസ്രായേലിലയക്കുകയായിരുന്നു. തീർത്ഥാടകരായ വിനോദയാത്രക്കാരായും മറ്റും വിശുദ്ധനാടു സന്ദർശിക്കാനെത്തുന്ന വിദേശികൾക്കും ഇൻഡ്യയിൽ നിന്നുള്ളവർക്കും ഈ ഭവനം ആശ്രയമാണ്. ബത്‌ലഹേമിനടുത്ത് ജറുശാലേമിലും ഇടവകവക ഒരു സ്കൂളിൽ സഹായിക്കുന്നതിനായി സിസ്റ്റർ സുപ്രഭ നിയമിക്കപ്പെടുകയുണ്ടായി. ഇപ്പോഴത്തെ യുദ്ധക്കെടുതികൾ ബുദ്ധിമുട്ടാണെങ്കിലും സിസ്റ്റേഴ്സ് അവിടെ സേവനം തുടരുന്നു.

**5. ഇറ്റലിയിലെ മിലാനിൽ**

ഇറ്റലിയിൽ മിലാനിലുള്ള ഒരു ഇടവകയിൽ സേവനം ചെയ്യാനായി രണ്ടു സിസ്റ്റേഴ്സിനെ കിട്ടിയാൽ ഉപകാരമെന്ന് മിലാൻ ബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി വഴി ബത്തേരി പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ നിർമ്മലയെ അറിയിക്കുകയുണ്ടായി. അതിൻപ്രകാരം 2000 ഡിസംബർ അവസാനം സിസ്റ്റേഴ്സ് കൃപ, സദാനന്ദ എന്നിവരെ മദർ മിലാനിലേക്കയച്ചു. അവിടെ സാൻ ജിയോവനി ബല്ലിസ്റ്റ (San Geovanni Ballista) ഇടവക കെട്ടിടത്തിൽ താമസത്തിനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തിരുന്നു.

2001 ജനുവരി 1 മുതൽ (1-1-2001) സിസ്റ്റേഴ്സ് ജോലിയിൽ പ്രവേശിച്ചു. വേദപാഠം, ലിറ്റർജി നേതൃത്വം, യുവതീയുവാക്കൾക്കായുള്ള ക്ലാസ്സുകൾ, സെമിനാറുകൾ എന്നിങ്ങനെ ഇടവകയുടെ നാനാവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ് സിസ്റ്റേഴ്സു ചെയ്യുന്നത്. ഇടവകയിലെ രോഗീ സന്ദർശനവും അവരുടെ പ്രവർത്തനപരിപാടിയിൽപെടുന്നു.

വിദേശങ്ങളിൽ സിസ്റ്റേഴ്സ് ത്യാഗബുദ്ധ്യാ അനുഷ്ഠിക്കുന്ന എല്ലാ സേവനവും തികഞ്ഞ പ്രേഷിത പ്രവർത്തനങ്ങൾ തന്നെ. അതുപോലെ തന്നെ പ്രൊവിൻസിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ശക്തമായ താങ്ങായിരിക്കുന്നു എന്നതും മറക്കാവതല്ല.



പത്തനംതിട്ട പ്രോവിൻസ് സാരഥികൾ

പ്രൊവിൻഷ്യൽ മന്ദിരം



www.malankaralibrary.com

## പത്തനംതിട്ട പ്രൊവിൻസ്

### മന്ദിരങ്ങളും സ്ഥാപനങ്ങളും സ്ഥാപനക്രമമനുസരിച്ച്

1. നങ്ങ്യാർകുളം ........ 18-05-1931
2. പാളയം ബഥനിഹോസ്റ്റൽ ........ 02-06-1941
3. പുത്തൻകാവ്, ചെങ്ങന്നൂർ ........ 13-11-1944
4. ഈരേഴ ........ 02-01-1951
5. ചന്ദനപ്പള്ളി ........ 16-09-1961
6. പുത്തൻപീടിക ........ 02-01-1962
7. കൈപ്പുഴ, പന്തളം ........ 24-05-1965
8. പെരുനാട് ........ 13-06-1968
9. വെൺമണി ........ 13-06-1974
10. മൈലപ്ര ........ 19-06-1977
11. ഇലന്തൂർ ........ 02-07-1978
12. വകയാർ ........ 16-03-1981
13. ആങ്ങമൂഴി ........ 25-07-1981
14. വടശ്ശേരിക്കര ........ 14-01-1984
15. പുലിയൂർ ........ 05-04-1985
16. ഭോപാൽ- സുഭാഷ്നഗർ ........ 18-05-1986
17. കൽക്കട്ട ........ 13-04-1993
18. കറ്റാനം ........ 29-06-1994
19. സീതത്തോട് ........ 28-05-1997
20. പുതിയകാവ് ........ 01-10-1998
21. നന്നുവക്കാട് - പ്രൊവിൻ ഹൗസ് ........ 18-02-1999
22. ഭോപ്പാൽ അയോദ്ധ്യാനഗർ ........ 18-07-1999

www.malankaralibrary.com



## പത്തനംതിട്ട പ്രൊവിൻസ്

**1998** പ്രഥമ സിനാക്സിസ്

| | |
|---|---|
| മദർ വിജയ | - മദർ പ്രൊവിൻഷ്യൽ |
| 1. സിസ്റ്റർ സ്തനിസ്ലാവ്സ് | - കൗൺസിലർ |
| 2. സിസ്റ്റർ വിനീത | - കൗൺസിലർ |
| 3. സിസ്റ്റർ പാസ്കൽ | - കൗൺസിലർ & സെക്രട്ടറി |
| 4. സിസ്റ്റർ ദീപ | - കൗൺസിലർ & സെക്രട്ടറി |
| സിസ്റ്റർ ഹുമിലീന | - പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ |

**2001**

| | |
|---|---|
| മദർ വിജയ | - മദർ പ്രൊവിൻഷ്യൽ |
| 1. സിസ്റ്റർ പാസ്കൽ | - കൗൺസിലർ |
| 2. സിസ്റ്റർ വിനീത | - കൗൺസിലർ |
| 3. സിസ്റ്റർ തമിം | - കൗൺസിലർ |
| 4. സിസ്റ്റർ ക്രിസ്റ്റിൻ | - കൗൺസിലർ |
| സിസ്റ്റർ വിക്ടിമ | - സെക്രട്ടറി |
| സിസ്റ്റർ തേജസ് | - പ്രൊക്കുറേറ്റർ |

**സ്ഥാപനങ്ങൾ**

1. ചീക്കനാൽ, പത്തനംതിട്ട........................14-05-1992

2. കാഫെർറ്റാൾ, ജർമ്മനി........................01-07-2000

**പത്തനംതിട്ട പ്രൊവിൻസ്**

ബഥനിമിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിന്റെ നാലാമതു പ്രൊവിൻസാണ് പത്തനംതിട്ട - ബഥനി. 1998 ലെ ജനറൽ സിനാക്സിസ്സിൽ രൂപംകൊണ്ട പത്തനംതിട്ട പ്രൊവിൻസ്, തിരുവനന്തപുരം പ്രൊവിൻസ് വിഭജിച്ചുണ്ടായതാണ്. 1998 വരെയുള്ള ചരിത്രം തിരുവനന്തപുരത്തിന്റേതുതന്നെയാണ്. ഭരണസൗകര്യവും സുഗമമായ വളർച്ചയും കണക്കാക്കി പ്രൊവിൻസിനെ ഭാഗിച്ചെങ്കിലും അതുവരെ മന്ദിരങ്ങൾക്കുണ്ടായിരുന്ന രൂപഭാവങ്ങൾക്കു മാറ്റമുണ്ടായിട്ടില്ല മാത്രമല്ല, എല്ലാ മന്ദിരങ്ങളും അവയുടെ പ്രവർത്തനശൈലികളും അംഗങ്ങൾക്ക് സുപരിചിതവുമായിരുന്നു.



സ്വയംഭരണാവകാശമുള്ള ഒരു പൂർണ്ണപ്രൊവിൻസായിട്ടാണ് പത്തനംതിട്ട പ്രൊവിൻസ് 1998 ഫെബ്രുവരി 22 ന് രൂപം കൊണ്ടതും 1998 ഏപ്രിൽ 15 ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടതും. പുതിയ ഭരണാധികാരികളെ തിരഞ്ഞെടുക്കുംവരെയുള്ള എല്ലാ നടപടികളും നടപ്പിൽ വരുത്തുന്നതിനുള്ള അധികാരാവകാശങ്ങൾ ജനറൽ സിനാക്സിസ് ജനറൽ ബോഡിക്ക് (മദർ ജനറൽ & കൗൺസിലേഴ്സ്) നല്കിയിരുന്നു. അവിഭക്ത തിരുവനന്തപുരം പ്രൊവിൻസിലെ വ്രതസ്ഥരായ എല്ലാ സിസ്റ്റേഴ്സിനും അന്നുണ്ടായിരുന്ന നോവിസ്സസ്സിനും, ഓപ്ഷൺ (പ്രൊവിൻസ് തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം) അനുവദിച്ചിരുന്നു.

ഓപ്ഷൻപ്രകാരം - 82 നിത്യവ്രതസ്ഥരും 32 തത്ക്കാല വ്രതസ്ഥരും ഉൾപ്പെടെ 114 സിസ്റ്റേഴ്സും 3 നോവിസ്സസ്സും പുതിയ പത്തനംതിട്ട പ്രൊവിൻസിന്റെ അംഗങ്ങളായി. പത്തനംതിട്ട പ്രൊവിൻസിന് തത്ക്കാലം നോവീഷ്യേറ്റ് ഇല്ലാഞ്ഞതിനാലും പരിശീലനത്തിന്റെ മദ്ധ്യഘട്ടമായിരുന്നതിനാലും നോവിസ്സസ്സ് മൂന്നു പേരും അവരുടെ പരിശീലനം തിരുവനന്തപുരത്തുതന്നെ തുടർന്നു.

മാവേലിക്കരയിൽ പുതിയകാവ്, ഏനാത്ത്, കടമനിട്ട, ചിറ്റാർ, കുളനട - എന്നിവിടങ്ങളിൽ മഠങ്ങൾ സ്ഥാപിച്ചിരുന്നില്ല. ഈ സ്ഥലങ്ങളും പത്തനംതിട്ട പ്രൊവിൻസിനായി മാറ്റിയിരുന്നു. കൂടാതെ വിദേശ മിഷനിൽ ജർമ്മനിയി ലുണ്ടായിരുന്ന കാഫെർറ്റാൾ (Kafertal) വൃദ്ധമന്ദിരവും പത്തനംതിട്ടയ്ക്കായി വേർതിരിച്ചിരുന്നു.

**പ്രഥമ പ്രൊവിൻഷ്യൽ സിനാക്സിസ്**

1998 മെയ് മാസം 25 ന് ശാന്തിദിനത്തോടുകൂടിയാരംഭിച്ച സിനാക്സിസ് 30-ാം തീയതി വരെ നീണ്ടുനിന്നു. ചെങ്ങന്നൂർ ബഥനി മഠത്തിൽ വച്ചു നടത്തിയ സിനാക്സിസ് മദർ ജനറൽ മദർ ഫിലോമിനയുടെ അദ്ധ്യക്ഷതയിലായിരുന്നു. പുതിയ പ്രൊവിൻസിന് ഭരണാധികാരികളെ തിരഞ്ഞെടുക്കുക, പ്രൊവിൻസിനെ ആദ്ധ്യാത്മികതലത്തിലേക്കുയർത്തുന്നതിനും ദൗത്യനിർവഹണത്തിലേക്കു നയിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കുക എന്നിവയായിരുന്നു സിനാക്സിസിന്റെ പ്രധാനലക്ഷ്യം. 1998 മെയ് 27 ന് മദർ ജനറലിന്റെ അദ്ധ്യക്ഷതയിൽ തിരഞ്ഞെടുപ്പു നടന്നു.

| | |
|---|---|
| മദർ വിജയ | - മദർ പ്രൊവിൻഷ്യൽ |
| സിസ്റ്റർ സ്തനിസ്ലാവ്സ് | - കൗൺസിലർ (അസി.പ്രൊവിൻഷ്യൽ) |
| സിസ്റ്റർ വിനീത | - കൗൺസിലർ |

www.malankaralibrary.com



| | |
|---|---|
| സിസ്റ്റർ പാസ്ക്കൽ | - കൗൺസിലർ |
| സിസ്റ്റർ ദീപ | - കൗൺസിലർ |
| സിസ്റ്റർ പാസ്ക്കൽ | - പ്രൊവിൻഷ്യൽ സെക്രട്ടറി |
| സിസ്റ്റർ ഹുമിലീന | - പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ |

അന്നുതന്നെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി പ്രൊവിൻസിന്റെ ഭരണം ഏറ്റെടുത്തു. തുടർന്നുള്ള സിനാക്സിസ് മീറ്റിംഗുകൾ തിരഞ്ഞെടുക്കപ്പെട്ട പുതിയ പ്രൊവിൻഷ്യൽ മദർ വിജയായുടെ അദ്ധ്യക്ഷതയിൽ നടന്നു.

**പ്രൊവിൻഷ്യൽ ഹൗസും, ഫോർമേഷൻ മന്ദിരങ്ങളും**

1998 ഫെബ്രുവരിയിൽ പ്രൊവിൻസു രൂപപ്പെട്ടെങ്കിലും പ്രത്യേകമായ ഒരു പ്രൊവിൻഷ്യൽ മന്ദിരം നിർദ്ദേശിക്കപ്പെട്ടിരുന്നില്ല. തന്മൂലം മൈലപ്രയിൽ മഠത്തിന്റെ ഒരു ഭാഗം തത്ക്കാലത്തേക്ക് പ്രൊവിൻഷ്യൽ മന്ദിരമായി ഉപയോഗിക്കാൻ തീരുമാനിച്ചു. മദർ പ്രൊവിൻഷ്യലും പ്രൊവിൻഷ്യൽ സെക്രട്ടറി സിസ്റ്റർ പാസ്കലും പ്രൊക്കുറേറ്റർ സിസ്റ്റർ ഹുമിലീനായും അവിടെ താമസിച്ചുകൊണ്ട് ബാക്കി കാര്യങ്ങൾ ക്രമീകരിച്ചു.

പ്രൊവിൻസിന് ആവശ്യം വേണ്ട ഫോർമേഷൻ മന്ദിരങ്ങളും തിരഞ്ഞെടുക്കേണ്ടിയിരുന്നു. 1998 ൽ തന്നെ അർത്ഥിനികളായി എത്തിയവരുടെ പരിശീലനത്തിനായി ചന്ദനപ്പള്ളി മഠം തിരഞ്ഞെടുത്ത് സിസ്റ്റർ തമിം മിസ്ട്രസ്സായി നിയോഗിക്കപ്പെട്ടു. അവരുടെ തുടർന്നുള്ള രണ്ടാം വർഷ പരിശീലനം കുടശ്ശനാട്ടു മഠത്തിൽ സിസ്റ്റർ ഗീതയുടെ മേൽനോട്ടത്തിൽ നടന്നു. അതേ തുടർന്ന് നോവീഷ്യേറ്റു പരിശീലനത്തിനു തെരഞ്ഞെടുക്കപ്പെട്ടത് ബഥനി സ്ഥാപകപിതാവായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ പാദസ്പർശമേറ്റു പുണ്യപ്പെട്ട പെരുനാട്ടിലുണ്ടായിരുന്ന ബഥനി മഠമാണെന്നുള്ളത് ഒരു ദൈവനിയോഗം തന്നെയാണ്.

നൊവീഷ്യേറ്റിനുവേണ്ട എല്ലാ സൗകര്യങ്ങളും ഇവിടെ ലഭ്യമല്ലായിരുന്നു എങ്കിലും 2000 മെയ് 2 ന് ആരംഭിച്ച നൊവിഷ്യേറ്റ് മന്ദിരത്തിന് ആവശ്യമായ സൗകര്യങ്ങൾ ക്രമേണ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഇതിനകം പ്രൊവിൻഷ്യൽ ഹൗസിനുവേണ്ടി 1999 ഫെബ്രുവരിയിൽ പത്തനംതിട്ട ഡിസ്ട്രിക്റ്റിൽ നന്നുവക്കാട് എന്ന സ്ഥലത്ത് ഒരു കെട്ടിടവും അതിരിക്കുന്ന 87 സെന്റ് സ്ഥലവും പ്രൊവിൻസു വാങ്ങി. 1999 ഫെബ്രുവരി 18 ന് കെട്ടിടം കൂദാശചെയ്ത് മൈലപ്രായിൽ നിന്നും പുതിയ പ്രൊവിൻഷ്യൽ മന്ദിരത്തിലേക്കു മാറ്റുകയായിരുന്നു. മദർ വിജയ, സിസ്റ്റർ പാസ്കൽ, സിസ്റ്റർ ഹുമിലീന എന്നിവരാണ് ഇവിടത്തെ ആദ്യത്തെ അന്തേവാസികൾ. വീടിന്റെ പ്രവേശനകവാടത്തിനടുത്ത മുറി ചാപ്പലായി ഉപയോഗിക്കുന്നതിനും തയ്യാറാക്കി.



2000 മാർച്ച് 20-ാം തീയതി സിസ്റ്റർ ശാലീത്തായുടെ മരണവും, 2000 ഡിസംബർ 30 ന് സിസ്റ്റർ സ്തനിസ്ലാവ്സിന്റെ മരണവും പ്രൊവിൻസിന് അപ്രതീക്ഷിതമായി വന്നുഭവിച്ച ദുഃഖസംഭവങ്ങളായിരുന്നു. രണ്ടുപേർക്കും ക്യാൻസർ ബാധിച്ചിരുന്നു എന്ന അറിവ് വൈകിയാണ് ബോദ്ധ്യപ്പെട്ടതെങ്കിലും തിരുവനന്തപുരം ക്യാൻസർ സെന്ററിലെ വിദഗ്ദ്ധമായ ചികിത്സ ലഭിച്ചിരുന്നു. "രോഗിയാകുന്ന ഒരു സിസ്റ്റർ താനംഗമായിരിക്കുന്ന സമൂഹത്തിന് ശക്തിസ്രോതസ്സും, സമ്പത്തുമാണെ"ന്നുള്ള ചൊല്ലുണ്ടെങ്കിലും അപ്രതീക്ഷിതമാകുമ്പോൾ ദുഃഖം ഇരട്ടിപ്പിക്കും. പത്തനംതിട്ട പ്രൊവിൻസിനെ സംബന്ധിച്ചിടത്തോളം രണ്ടുവർഷം തികയുംമുമ്പുണ്ടായ ഈ വേർപാട് ഏറെ ദുഃഖമുളവാക്കി. പ്രൊവിൻസിന് തനതായ ഒരു സെമിത്തേരി രൂപപ്പെട്ടിരുന്നില്ല. തന്മൂലം നന്നുവക്കാട് ഇടവകപ്പള്ളി സെമിത്തേരിയിലെ രണ്ടു സെല്ലുകളിലാണ് സിസ്റ്റേഴ്സിന്റെ മൃതദേഹങ്ങൾ സംസ്കരിച്ചത്. പത്തനംതിട്ട പ്രൊവിൻസിന് പ്രൊവിൻഷ്യൽ മന്ദിരം ഉൾപ്പെടെ ഇപ്പോൾ 23 മന്ദിരങ്ങളാണുള്ളത്. അവയുടെ ചരിത്രം ചുവടെ ചേർക്കുന്നു.

**1. നങ്ങ്യാർകുളം ബഥനിമഠം (18-5-1931)**

ബഥനി മഠം, നങ്ങ്യാർകുളം പി.ഒ., ആലപ്പുഴ -690 513

ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിന്റെ ആദ്യശാഖാമന്ദിരമാണ് നങ്ങ്യാർകുളം ബഥനിമഠം. ചരിത്രപശ്ചാത്തലം വളരെ വ്യക്തമായി പുസ്തകത്തിന്റെ ആദ്യഭാഗത്തുചേർത്തിട്ടുള്ളതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല. 1931 മെയ് മാസം 18 നു സ്കൂൾ കെട്ടിടത്തിനു കല്ലിട്ടു പണിയാരംഭിച്ചു 1932 മെയ് 17 ന് കൂദാശകർമ്മം നിർവഹിച്ച് സ്കൂൾ ആരംഭിക്കുകയായിരുന്നു. സിസ്റ്റേഴ്സിനു താമസിക്കുന്നതിനായി തത്ക്കാലത്തേക്ക് ഒരു ഓലക്കെട്ടിടമാണുണ്ടാക്കിയിരുന്നത്. പലകഭിത്തികൊണ്ടു വേർതിരിച്ച ഏതാനും മുറികളും അത്യാവശ്യ സൗകര്യങ്ങളും മാത്രമായിരുന്ന മഠം ലാളിത്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും പ്രതീകം തന്നെയായിരുന്നു. സിസ്റ്റേഴ്സിന്റെ പ്രധാന പ്രവർത്തനരംഗം സ്കൂളായിരുന്നെങ്കിലും അടുത്തുള്ള ഇടവകകളിൽ സൺഡേസ്കൂൾ, ലീജിയൻ ഓഫ് മേരി, സൊഡാലിറ്റി എന്നിങ്ങനെയുള്ള എല്ലാ മിഷ്യൻ പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് സജീവ നേതൃത്വം നല്കിയിരുന്നു.

സ്കൂൾ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം തികയും മുമ്പുതന്നെ വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി പെൺകുട്ടികൾക്കായി ഒരു ബോർ

www.malankaralibrary.com



ഡിംഗും ആരംഭിച്ചിരുന്നു. മഠത്തിനടുത്തു താമസിച്ചിരുന്ന കുടുംബങ്ങളെല്ലാം തന്നെ ഹൈന്ദവ കുടുംബങ്ങളായിരുന്നു; കൂടുതലും ഈഴവ സമുദായത്തിൽ പെട്ടവരും. മഠത്തിനോ സ്കൂളിനോ എന്താവശ്യം നേരിട്ടാലും ചുറ്റുപാടുമുള്ള എല്ലാ ആളുകളുടേയും സഹായസഹകരണങ്ങൾ ലഭിച്ചിരുന്നു.

മഠത്തിന്റെ എല്ലാ കാര്യങ്ങളും ശുഭമായിത്തന്നെ മുന്നേറി ഇന്നത്തെ നിലയിലെത്തിയെന്നു വിചാരിക്കാനാവില്ല. അതിർത്തിത്തർക്കങ്ങളും കൃഷിയിറക്കുബുദ്ധിമുട്ടുകളും മറ്റും ഉണ്ടായിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ വലംകൈയായി മുക്ത്യാർ എന്ന നിലയിൽ ജോലി ചെയ്തിരുന്ന പന്തളം മലഞ്ചരുവിൽ മത്തായിസാർ സഹായത്തിനെത്തിയിരുന്നു.  സാറിന്റെ സേവനം സഭയ്ക്കെന്നപോലെ ആരംഭകാലങ്ങളിൽ സന്ന്യാസ സമൂഹത്തിനും വലിയ അനുഗ്രഹമായിരുന്നു.

നങ്യാർകുളം മഠാംഗമായിരുന്ന സിസ്റ്റർ ശ്മൂനി 1953 ൽ പെട്ടെന്നുണ്ടായ ഒരസുഖത്തെ തുടർന്ന് രണ്ടു ദിനങ്ങൾക്കുള്ളിൽ മരണമടഞ്ഞു. വ്രതവാഗ്ദാനം കഴിഞ്ഞിട്ട് ഒന്നരവർഷം മാത്രം കഴിഞ്ഞപ്പോഴേക്കുമുണ്ടായ ആകസ്മിക വേർപാട് മഠാംഗങ്ങളെയും സ്കൂൾ കുട്ടികളെയും നാട്ടുകാരെയും വളരെയധികം ഖിന്നരാക്കി. 1952 ജൂണിൽ ഹിന്ദി അദ്ധ്യാപികയായി ബഥനി സ്കൂളിൽ എത്തിയ സിസ്റ്റർ ഒൻപത് മാസങ്ങൾ മാത്രമെ പഠിപ്പിച്ചുള്ളു എങ്കിലും ഏവരുടേയും പ്രശംസയും പ്രീതിയും സമ്പാദിച്ചിരുന്നു. നാലാഞ്ചിറ ബഥനിമഠത്തിന്റെ ശ്മശാനത്തിലെ കല്ലറയിലാണ് സിസ്റ്ററിനെ സംസ്കരിച്ചത്.

നങ്യാർകുളങ്ങര മഠവും സ്കൂളും അന്നും ഇന്നും പരസ്പരപൂരകങ്ങളാണ്. സ്കൂളിന്റെ വളർച്ചയനുസരിച്ച് മഠവും വിപുലമായിക്കൊണ്ടിരുന്നു. 1958 ൽ രണ്ടാംനിലയിൽ ഒരു കെട്ടിടം പഴയതിനോടു ചേർത്തുണ്ടാക്കിയതും 1965 ൽ മഠത്തിന്റെ പഴയ ഓലകെട്ടിടം മാറ്റി ഒരു രണ്ടുനിലക്കെട്ടിടം മഠത്തിനായി നിർമിച്ചതും 1992 ൽ പഴയ സ്കൂൾ കെട്ടിടം പുതുക്കി രണ്ടുനിലയാക്കിയതും സ്കൂളിന്റെ അഭിവൃദ്ധിയും മഠത്തിന്റെ വളർച്ചയും കാണിക്കുന്നു. കൂടാതെ 1964 ൽ ഒരു നഴ്സറി സ്കൂൾ ആരംഭിച്ചു. അടുത്തുണ്ടായിരുന്ന തേവരയ്യംപറമ്പ് ശൂലപാണി വാര്യരോട് വാങ്ങി ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളും ആരംഭിച്ചു. സിസ്റ്റർ ഈഡിത്തിന്റെ അപ്പച്ചൻ, രാമപുരത്ത് പനയ്ക്കപെടീറ്റതിൽ ശ്രീ തര്യതുവറുഗീസും അദ്ദേഹത്തിന്റെ മകൻ ശ്രീ ജോൺ സാറും സ്കൂളിന് കൂടുതൽ സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനുമെല്ലാം സഹായിച്ചിട്ടുള്ളവരാണ് എന്നത് മറക്കാവതല്ല. 1966 ൽ എൽ. പി. സ്കൂളിന് ഗവർമെന്റ് അംഗീകാരം ലഭിക്കുകയുണ്ടായി. 1974 ൽ



എൽ. പി. കെട്ടിടത്തിന് രണ്ടാംനിലനിർമ്മിച്ച് യു. പി. സെക്ഷനും അവിടേക്കുമാറ്റി. സ്കൂൾകുട്ടികളുടെ ആവശ്യത്തിനായി കിണറും പമ്പുസെറ്റും ബ്ളോക്ക് ഓഫീസ് വഴി ലഭ്യമായി. 1975 ൽ സാമാന്യം എല്ലാ സൗകര്യങ്ങളോടുംകൂടി ഒരു ബോർഡിംഗിനും അടുക്കളയ്ക്കുംവേണ്ടി രണ്ടുനിലക്കെട്ടിടം പൂർത്തിയാക്കി. ഈ സമയത്തുതന്നെ പഴയ സ്കൂളിനു മുൻവശത്തുണ്ടായിരുന്ന പറമ്പും നിലവും കൂടി വിലയ്ക്കുവാങ്ങി അവിടെ കളിസ്ഥലം (playground) തയ്യാറാക്കി. കളിസ്ഥലത്തിനു തൊട്ടുപടിഞ്ഞാറു ഭാഗത്ത് കോട്ടയ്ക്കാട്ടുവക്കീലിന്റെ സ്ഥലം എഴുതിച്ച് പുതിയ നഴ്സറി ക്കെട്ടിടമുണ്ടാക്കി, 1980 ൽ നഴ്സറിസ്കൂൾ അവിടേക്കു മാറ്റിയത് ഹൈസ്കൂളിന് കൂടുതൽ സൗകര്യമായി. 1992 ൽ സ്കൂളിന്റെ പഴയ കെട്ടിടം (1931 ൽ നിർമ്മിച്ചത്) പുതുക്കിപ്പണിത് കൂടുതൽ ബലവത്താക്കി അതിനു രണ്ടാം നിലയും പണിതു. ഇപ്പോൾ സ്കൂളിന് ഒരു ഓപ്പൺ സ്റ്റേജും സാമാന്യം വലിപ്പമുള്ള ഓഡിറ്റോറിയവും ഉണ്ട്.

പ്രിപ്പയാററ്ററി ക്ലാസ്സ് മുതൽ ആരംഭമിട്ടു വളർന്ന ബഥനി ബാലികാമഠം സ്കൂൾ ഇന്ന് നഴ്സറി ക്ലാസ്സുമുതൽ +2 വരെയുള്ള ഒരു വലിയ ഹയർ സെക്കണ്ടറി സ്കൂളായി കഴിഞ്ഞു. 2000 ൽപരം കുട്ടികളുള്ള സ്കൂളിന് ആലപ്പുഴ ഡിസ്ട്രിക്ടിലെ ബസ്റ്റ് സ്കൂളെന്ന ബഹുമതിയും ലഭിച്ചിട്ടുണ്ട്.

സമഗ്രവളർച്ചയോടുകൂടി സ്കൂളിനെ ഇന്നത്തെ നിലവാരത്തിൽ എത്തിച്ചതിന്റെ പുറകിൽ ഇതിന്റെ ആരംഭംമുതൽ ഇന്നോളം അക്ഷീണം യത്നിച്ചിട്ടുള്ള സിസ്റ്റേഴ്സും അദ്ധ്യാപകരും അനദ്ധ്യാപകരും  വിദ്യാർത്ഥിനികളും അനുമോദനാർഹരാണ്.

**2. തിരുവനന്തപുരം ലിറ്റിൽ ഫ്ളവർ ബഥനി മഠം  (4-6-1941)**

പുന്നൻ റോഡ്, പാളയം, തിരുവനന്തപുരം - 695 039

തിരുവനന്തപുരം നഗരാതിർത്തിയിൽ പുന്നൻ റോഡ് സൈഡിൽ സ്ഥിതി ചെയ്യുന്ന  മഠമാണ് എൽ.എഫ്. ബഥനിമഠം. ഹോസ്റ്റൽ നടത്തുന്നതിനു വേണ്ടിയുള്ള മഠമാകയാൽ ബഥനിഹോസ്റ്റൽ എന്ന പേരിലാണ് ഇതറിയപ്പെടുന്നത്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിദ്യാഭ്യാസത്തിനായും ഉദ്യോഗത്തിനായും പലരും തലസ്ഥാനമായ തിരുവനന്തപുരത്ത് എത്തിയിരുന്നു. ദൂരെ നിന്നും എത്തുന്നവർക്ക് താമസസൗകര്യം നന്നേ കുറവായിരുന്നു. പലരും അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനോട് ഒരു ഹോസ്റ്റൽ ആരംഭിക്കേണ്ടതിന്റെ ആവശ്യം അറിയിക്കുകയും നിർബന്ധിക്കുകയും ചെയ്തതാണ് ഈ മഠാരംഭകാരണം. ഈ ചുമതല വന്ദ്യപിതാവ് സിസ്റ്റേഴ്സിനെ

www.malankaralibrary.com



ഏല്പിച്ചു. തിരുവനന്തപുരത്ത് തൈക്കാട്ട് എന്ന സ്ഥലത്ത് ഒരു വീട് വാടകക്കെടുത്ത് 1940 ജൂൺ 4-ാം തീയതി 15 പെൺകുട്ടികളോടുകൂടി ഹോസ്റ്റലിനു തുടക്കം കുറിച്ചു. മദർ സൾഗ, മദർ സൈബാർ എന്നിവരാണ് ഹോസ്റ്റൽ നടത്തിപ്പിന് ആദ്യം നിയോഗിക്കപ്പെട്ടവർ. നാലാഞ്ചിറ ആശ്രമത്തിൽ നിന്നും ബ. ജോഷ്വാ, ഒ. ഐ. സി. അച്ചനായിരുന്നു സിസ്റ്റേഴ്സിന്റെയും കുട്ടികളുടെയും ആത്മീയകാര്യങ്ങൾക്കു സഹായിച്ചിരുന്നത്.

അധികം താമസിയാതെ ഹോസ്റ്റൽ ചുമതലയേറ്റിരുന്ന മദർ സൾഗ ചികിത്സാർത്ഥം മദനപ്പള്ളിക്കുപോകേണ്ടി വന്നത് ഹോസ്റ്റലിന്റെ സുഗമമായ നടത്തിപ്പിനു ബാധകമായി. എങ്കിലും മദർ തിരിച്ചെത്തുംവരെ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ സഹോദരി ശ്രീമതി കുഞ്ഞമ്മ സഹായത്തിനെത്തി. കൂടാതെ നാലാഞ്ചിറ മഠത്തിൽ നിന്ന് മൂന്നു കിലോമീറ്റർ ദൂരത്തിൽ അരുവിയോട് പ്രൈമറിസ്കൂളിൽ പഠിപ്പിച്ചിരുന്ന സിസ്റ്റേഴ്സ് ഹഫീത്ത, ഹനോനോ എന്നിവർ എല്ലാ വെള്ളിയാഴ്ചകളിലും ഹോസ്റ്റലിൽ സഹായത്തിനെത്തിയിരുന്നു. വാടകയ്ക്കെടുത്തിരുന്ന വീടിന് സ്ഥലസൗകര്യം വളരെ കുറവായിരുന്നു. തൻമൂലം മറ്റൊരു വീടു കണ്ടുപിടിക്കാനുള്ള ശ്രമത്തിനിടയിൽ തിരുവനന്തപുരം നഗരത്തിൽതന്നെ വാൻറോസ് എന്ന പേരിലുള്ള ഒരു ബംഗ്ലാവ് ശ്രദ്ധയിൽപെട്ടു. ഉടമസ്ഥൻ സിലോണിലായിരുന്നതിനാൽ സൗകര്യമായി ആ വലിയ കെട്ടിടം തന്നെ 1941 മാർച്ചിൽ ഒരു വർഷത്തേക്ക് വാടകയ്ക്കെടുത്തു. എന്നാൽ ഡിസംബർ ആയ പ്പോഴേക്കും കെട്ടിടം ഒഴിഞ്ഞു കൊടുക്കണമെന്ന് അറിയിപ്പുകിട്ടി. നാല്പതോളം കുട്ടികളും സിസ്റ്റേഴ്സും മറ്റു സജ്ജീകരണമൊന്നുമില്ലാതെ പെട്ടെന്നു മാറുക ബുദ്ധിമുട്ടായി. സിലോണിൽ നിന്നും തിരിച്ചെത്തിയ ഉടമസ്ഥന്റെ കർക്കശമായ പെരുമാറ്റത്തിൽ നാട്ടുകാരും കുപിതരായി. ഒരുപറ്റം റൗഡികൾ രാത്രി വാൻറോസിൽ അതിക്രമിച്ചു കയറി. വിവരമറിഞ്ഞ് വന്ദ്യപിതാവ് രാത്രി തന്നെ അരമന കാര്യസ്ഥനായിരുന്ന മത്തായിസാറിനെ വാൻറോസിലേക്കു പറഞ്ഞയച്ചു. അരമന മെസ്സ് മാനേജരായിരുന്ന ചാക്കോച്ചേട്ടനുമൊന്നിച്ച് മത്തായിസാർ വാൻറോസിലെത്തിയതും പോലീസ് എത്തിയതും ഒന്നിച്ചായിരുന്നു. പോലീസിനെ കണ്ട റൗഡികൾ യാതൊരു പ്രകോപനവും കൂടാതെ സ്ഥലം വിട്ടു.

മൂന്നു നാലു ദിവസത്തെ തിരച്ചിലിനുശേഷം ഒരു വീട് കണ്ടുപിടിച്ചെങ്കിലും അതു പര്യാപ്തമായിരുന്നില്ല. തന്മൂലം അടുത്തുതന്നെ മറ്റൊരു വീട് വാടകയ്ക്കെടുത്ത് അവിടേക്കു മാറുംവരെ മത്തായിസാർ വാൻറോസിൽ സിസ്റ്റേഴ്സിന്റെ സുരക്ഷയ്ക്കായുണ്ടായിരുന്നു. ഈ കാലയളവിൽ 1942 ൽ പുന്നൻ റോഡിൽ ഇപ്പോഴത്തെ ബഥനി ഹോസ്റ്റൽ ഇരിക്കുന്ന സ്ഥലം 45



ഓളം പേർക്കു താമസിക്കാവുന്ന ഒരു കെട്ടിടവുമായി വിലയ്ക്കു വാങ്ങുന്നതിന് മത്തായിസാർ തന്നെ സൗകര്യപ്പെടുത്തി. "ഒരു വഴിയടയുമ്പോൾ സുഗമമായ മറ്റൊരു വഴി ദൈവം തുറക്കുന്നു" എന്ന ചൊല്ല് അന്വർത്ഥമായി. ആരംഭകാലത്ത് ഹോസ്റ്റലിനുണ്ടായ പ്രശ്നങ്ങളും കഷ്ടപ്പാടുകളും നിരവധിയായിരുന്നു. രണ്ടാം ലോകമഹായുദ്ധക്കെടുതികൾ! നെല്ലരിക്കു പകരം ഗോതമ്പ്, ചോളം, ബജറ ഇവയൊക്കെ റേഷനായ കാലം! അരിയുപയോഗം മാത്രമറിയാവുന്ന മലയാളിക്ക് ഇതിനെക്കാൾ വലിയ ദുരിതം എന്താണ്? കഷ്ടിച്ചു കിട്ടുന്ന അരികൊണ്ട് കുട്ടികൾക്കു ചോറുകൊടുക്കുമായിരുന്നു. ബഥനിയുടെ ആരംഭകാലംമുതൽ പലവിധത്തിൽ അനുഭവിക്കേണ്ടിവന്നിട്ടുള്ള ദാരിദ്ര്യം പരിചയമായ സിസ്റ്റേഴ്സിന് ഇത് ഒട്ടും തന്നെ പുതുമയായിരുന്നില്ല. കുട്ടികളും സിസ്റ്റേഴ്സും ഒന്നുപോലെ ഈ പ്രയാസങ്ങളിലെല്ലാം ഒരു കൂട്ടുകുടുംബാന്തരീക്ഷത്തിലെ സന്തോഷത്തോടെ മുന്നേറി എന്നതാണു സത്യം.

1943 ൽ പുന്നൻ റോഡിൽ വാങ്ങിയ സ്ഥലത്തോടു ചേർന്നുള്ള കിഴക്കുവശത്തെ സ്ഥലവും അതിലുള്ള ഒരു കെട്ടിടവും കൂടി വിലയ്ക്കുവാങ്ങാൻ കഴിഞ്ഞു. ഇന്നത്തെ രീതിയിലുള്ള സെപ്റ്റിക്ക് റ്റാങ്കുകളോ കുറഞ്ഞപക്ഷം ബോർഹോൾ കക്കൂസുകളോ പോലും അന്നുണ്ടായിരുന്നില്ല. പട്ടണങ്ങളിൽ പരിമിതമായ സ്ഥലം മാത്രമുള്ള സ്ഥാപനങ്ങളിൽ കോർപ്പറേഷൻ ജോലികളിലുൾപ്പെടുന്ന ശുചീകരണക്കാർ (തോട്ടികൾ) വന്ന് ദിവസവും വൃത്തിയാക്കുംവിധം നിർമ്മാണം ചെയ്തിരുന്ന കക്കൂസുകളായിരുന്നു അന്നുണ്ടായിരുന്നത്. എന്നാൽ ഇന്ന് സാമാന്യം എല്ലാ സൗകര്യങ്ങളോടും കൂടിയ അടുക്കള, 200-ഓളം കുട്ടികൾക്കു താമസിക്കുന്നതിനും പഠിക്കുന്നതിനുമുള്ള കെട്ടിടസൗകര്യങ്ങൾ, നല്ല ചാപ്പൽ, അതിഥി സ്വീകരണമുറികൾ, എന്നിങ്ങനെ എല്ലാ സൗകര്യങ്ങളുമുള്ള ഒരു നല്ല ഹോസ്റ്റലായിത്തീർന്നിട്ടുണ്ട് ബഥനി ഹോസ്റ്റൽ.

**ഹോസ്റ്റൽ മഠമായി പ്രഖ്യാപിക്കപ്പെടുന്നു**

പുതിയ കെട്ടിടങ്ങൾക്ക് പ്ലാൻ തയ്യാറാക്കുകയും പണി നടത്തുകയും ചെയ്തതെല്ലാം ആശ്രമത്തിലെ ബ. സെറാഫിയോൻ, ഒ. ഐ. സി. അച്ചനായിരുന്നു. 1960 ൽ ഒരു പുതിയ കെട്ടിടത്തിനു പണിയാരംഭിച്ച് 1961 ഒക്ടോബർ മൂന്നിന് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി കൂദാശാകർമ്മം നിർവഹിച്ച് 'ബഥനിമഠം' എന്ന പ്രഖ്യാപനത്തോടെ ബഥനി ഹോസ്റ്റൽ നിലനിറുത്തിക്കൊണ്ടുതന്നെ ഒരു ശാഖാമന്ദിരമാക്കി. വിദ്യാഭ്യാസാർത്ഥവും തിരുവനന്തപുരത്ത് ഓഫീസ് സംബന്ധമായ കാര്യങ്ങൾക്കു വേണ്ടിയും വരുന്ന സിസ്റ്റേഴ്സിന് ഹോസ്റ്റലിൽ ഒരു പ്രത്യേക വിഭാഗം ക്രമീ

www.malankaralibrary.com



കരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് കത്തീഡ്രൽ ദേവാലയത്തിലെ ഇന്നു കാണുന്ന പ്രത്യേക പെയിന്റിംഗ് നടത്തുന്നതിന് ക്ഷണിക്കപ്പെട്ട വിദേശി മിസ്സ് ബാർബര ബഥനി ഹോസ്റ്റലിൽ താമസിച്ചുകൊണ്ടാണ് 1962 ൽ ആ ജോലി നിർവഹിച്ചത്.

1965 ജൂൺ 24 ന് ഹോസ്റ്റലിന്റെ രജത ജൂബിലി ആഘോഷിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ ഹോസ്റ്റൽ കെട്ടിടം മൂന്നു നിലയാക്കുകയും, രണ്ടാം നില വർക്കിംഗ് വിമൻ ഹോസ്റ്റലാക്കി (Working Women Hostel) മാറ്റുകയും ചെയ്തിരുന്നു. എന്നാൽ 1971 ൽ വർക്കിംഗ് വിമൻ ഹോസ്റ്റൽ നിർത്തലാക്കി പഠിക്കുന്ന കുട്ടികൾക്കുവേണ്ടി മാത്രമായി ഹോസ്റ്റൽ റജിസ്റ്റർ ചെയ്തു. 1975 ജനുവരി 14 ന് ഹോസ്റ്റലിന് യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ചു എന്നതും സ്മരണീയമാണ്. ആരംഭകാലങ്ങളിൽ വളരെയധികം ക്ലേശങ്ങൾ തരണം ചെയ്യേണ്ടിവന്നു എങ്കിലും ഇന്ന് ബഥനി ഹോസ്റ്റൽ സ്വയംപര്യാപ്തതയിൽ കഴിയുന്ന ഒരു വലിയ സ്ഥാപനമായിത്തീർന്നിട്ടുണ്ട്.

**3. പുത്തൻകാവ് ബഥനിമഠം (18-10-1945)**

ബഥനി മഠം, പുത്തൻകാവ് പി.ഒ., ചെങ്ങന്നൂർ - 689 123

കേരള സംസ്ഥാനത്തിന്റെ ഒരു തീരദേശ ജില്ലയായ ആലപ്പുഴയുടെ അതിർത്തിയിൽ മലയോരജില്ലയായ പത്തനംതിട്ടയിൽപെട്ട ഒരു ദേശമാണ് ചെങ്ങന്നൂർ. മലങ്കരയാക്കോബായ സഭാംഗങ്ങൾ തിങ്ങിപ്പാർത്തിരുന്ന ചെങ്ങന്നൂർ, അങ്ങാടിക്കൽ, പുത്തൻകാവ് എന്നീ പ്രദേശങ്ങളിൽ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ കത്തോലിക്കാപുനരൈക്യത്തെ നിശിതമായി വിമർശിക്കുന്നവരും വിരോധത്തോടെ പ്രതികരിക്കുന്നവരും ധാരാളമുണ്ടായിരുന്നു. ചെങ്ങന്നൂരിൽ അങ്ങാടിയ്ക്കൽ എന്ന സ്ഥലത്ത് തലക്കോടു കുടുംബം (ഓർത്തഡോക്സ്) വക ഒരു കശുവണ്ടി ഫാക്ടറി പ്രവർത്തന രഹിതമായി കിടന്നിരുന്നു. ഈ നെടുനീളൻ കെട്ടിടവും സ്ഥലവും അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയിൽപെട്ടിരുന്നതാണെങ്കിലും കത്തോലിക്ക സഭയുമായുള്ള പുനരൈക്യം ഇതു വാങ്ങുന്നതിന് തടസ്സമായിവന്നു എന്നതാണ് സത്യം. എന്നാൽ മലഞ്ചരുവിൽ മത്തായിസാറിന്റെ വിദഗ്ദ്ധമായ പ്രവർത്തന മുന്നേറ്റത്തിൽ അധികം താമസിയാതെ 1942 ഓടുകൂടി അണ്ടിയാപ്പീസും അതോടുചേർന്ന സ്ഥലവും തിരുവനന്തപുരം അതിരൂപതയ്ക്കു സ്വന്തമാക്കാൻ കഴിഞ്ഞു.

രണ്ടു തട്ടുകളായി കിടന്നിരുന്ന സ്ഥലത്ത് മുകൾ തട്ടിൽ പറങ്കിയണ്ടി സംസ്കരണത്തിനുവേണ്ടി നിർമ്മിച്ചിരുന്ന ഒരു നെടുങ്കൻ ഹാളും അവിടെ നിന്നും നല്ല വീതിയിൽ കെട്ടിയിട്ടുള്ള 32 കരിങ്കൽ പടികളിങ്ങിവരുമ്പോൾ എത്തുന്ന താഴത്തെ തട്ടിൽ ഏഴു വിശാലമായ മുറികളോടുകൂടിയ ഒരു നീളൻ കെട്ടിടവുമായിരുന്നു അന്നുണ്ടായിരുന്നത്. കെട്ടിടത്തിന്റെ പുറകുഭാഗത്ത് (റോഡ് സൈഡ്) ജനലുകളോ വാതിലുകളോ ഉണ്ടായിരുന്നില്ല. റോഡിൽ നിന്ന് കെട്ടിടത്തിലേക്കു പ്രവേശിക്കുന്നതിനും കെട്ടിടത്തിന്റെ മദ്ധ്യഭാഗത്ത് റോഡിൽനിന്നു മുറ്റത്തേക്കു കയറുന്നതിനുള്ള 20-ഓളം കരിങ്കൽപടികളും ഒരു കൂറ്റൻ ഗെയിറ്റുമുണ്ടായിരുന്നു.



കുശാഗ്രബുദ്ധിയും ദീർഘവീക്ഷണ പടുവുമായ അഭിവന്ദ്യ പിതാവ് ഇതൊരു നല്ല പെൺപള്ളിക്കൂടം ആക്കുന്നതിനെക്കുറിച്ചുള്ള പദ്ധതി തയ്യാറാക്കി കെട്ടിടത്തിന് ആവശ്യമായ മാറ്റങ്ങൾ വരുത്തിയെങ്കിലും സ്കൂളിന് അനുവാദം ലഭിക്കുക ബുദ്ധിമുട്ടായി. 1 1/2 കി. മീറ്റർ ദൂരത്തിലുള്ള ചെങ്ങന്നൂർ ഗവ. ഹൈസ്കൂളും രണ്ടു കിലോമീറ്റർ മാത്രം അകലത്തിലുള്ള പുത്തൻകാവ് യാക്കോബായ സമുദായം വക സ്കൂളുമാണ് ഈ തടസ്സത്തിനു പ്രധാന കാരണമായത്. ഒരു റസിഡൻഷ്യൽ സ്കൂളായി തുടങ്ങുന്നതിനു തടസ്സമില്ലെന്നു ഗ്രഹിച്ച പിതാവ് സിസ്റ്റേഴ്സിനെ വിളിച്ച് അക്കാര്യം ഭരമേല്പിച്ചു.

1945 ഒക്ടോബർ 18-ാം തീയതി മദർ ദനഹയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ബ്രൂക്സ, തോബ്സ, പത്രീസ് എന്നിവർ ചെങ്ങന്നൂരെത്തി. അഭിവന്ദ്യ പിതാവ് കെട്ടിടം ആശീർവദിച്ച് സിസ്റ്റേഴ്സിനെ പാർപ്പിച്ചു. കെട്ടിടത്തിന്റെ കിഴക്കെ അറ്റത്തെ രണ്ടു മുറികളാണ് സിസ്റ്റേഴ്സിനു താമസിക്കാനായി ക്രമീകരിച്ചത്. ഒരു മുറി ചാപ്പലും അടുത്ത മുറി താമസിക്കാനും. ബഥനി സിസ്റ്റേഴ്സിനെ സംബന്ധിച്ച് അസൗകര്യങ്ങളോ ഇല്ലായ്മകളോ എതിർപ്പുകളോ പ്രശ്നങ്ങളോ ഒന്നും പുത്തരിയല്ല എന്നു ചരിത്രത്തിന്റെ ആദ്യഭാഗം വ്യക്തമാക്കുന്നുണ്ടല്ലോ. ചെങ്ങന്നൂർ മഠത്തിന്റെ ആരംഭകാലങ്ങളും മുൻപറഞ്ഞതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. "തീയിൽ കുരുത്തത് വെയിലിൽ വാടില്ല" എന്ന ചൊല്ല് അന്വർത്ഥമാകുമാറ് സിസ്റ്റേഴ്സ് ദൈവാശ്രയത്തോടും സന്തോഷത്തോടുംകൂടി എല്ലാ ബുദ്ധിമുട്ടുകളും തരണം ചെയ്തു.

1945 നവംബർ 13-ാം തീയതി സ്കൂൾ ആരംഭിച്ചു. സ്കൂൾ വർഷത്തിന്റെ മദ്ധ്യത്തിൽ ഇങ്ങനെയൊരാരംഭം ഒരു ഭാഗ്യപരീക്ഷണം തന്നെ ആയിരുന്നു എന്നു പറയാം. വന്ദ്യപിതാവുമായി വളരെയടുത്ത സുഹൃത്ബന്ധം പുലർത്തിയിരുന്നവരും സഭാസ്നേഹികളുമായിരുന്ന ഏതാനും ആളുകളുടെ മക്കളെ മറ്റു സ്കൂളുകളിൽനിന്ന് വളരെ ബുദ്ധിമുട്ടി വിടുതൽ സർട്ടിഫിക്കറ്റുകൾ വാങ്ങി പുതിയ സ്കൂളിലേക്കു ചേർക്കുകയായിരുന്നു. അങ്ങനെ നവംബറിൽ സ്കൂളിലേക്കു ചേർക്കപ്പെട്ടവർ പത്തു പേരാണ്. സ്റ്റാൻഡേർഡ് V, VI, VII

www.malankaralibrary.com



എന്നീ ക്ലാസ്സുകളിൽ യഥാക്രമം 2,3,5 എന്നിങ്ങനെയായിരുന്നു കുട്ടികൾ. മുൻ സ്കൂളിൽ നിന്നും വിടുതൽ സർട്ടിഫിക്കറ്റു കിട്ടാത്തതിനാൽ അടുത്ത വർഷവും അതേ ക്ലാസ്സിൽ തന്നെ പഠിക്കേണ്ടതായി വന്ന ഒരു കുട്ടിയു മുണ്ടായിരുന്നു ഈ പത്തിന്റെ കൂട്ടത്തിൽ (സിസ്റ്റർ ബർക്കുമാൻസ് - മത്തായിസാറിന്റെ മകൾ).

മാതൃഭക്തനായ വന്ദ്യ പിതാവ്, പരിശുദ്ധ മാതാവിന്റെ അമ്മയുടെ പേരും തന്റെ സ്വന്തം അമ്മയുടെ പേരും മുൻനിർത്തി 'സെന്റ് ആൻസ്' എന്നാണ് സ്കൂളിനു പേരു നല്കിയത്. 10 കുട്ടികളിൽ ആദ്യത്തെ രണ്ടുപേരുടെ പേരു കൾ (കുഞ്ഞമ്മ, മറിയാമ്മ, ഇന്ന് രണ്ടു പേരും സിസ്റ്റേഴ്സ് - അഗസ്റ്റിൻ, ഹെ ലേന) പിതാവ് സ്വന്തം കൈപ്പടയിൽ റജിസ്റ്ററിൽ ചേർത്തുകൊണ്ട് ആരംഭം കുറിച്ചു. കുഞ്ഞമ്മ ഏനാത്ത് പുനരൈക്യപ്പെട്ട മത്തായി വൈദ്യരുടെ മകളും മറിയാമ്മ മലഞ്ചരുവിൽ മത്തായി സാറിന്റെ മകളുമായിരുന്നു. സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സും മഠത്തിന്റെ സുപ്പീരിയറുമായി മദർ ദനഹയാണ് നിയോഗിക്കപ്പെട്ടത്. സ്കൂളിന്റെ ആദ്യ രണ്ടുവർഷങ്ങൾ ഗുരുകുല വിദ്യാ ഭ്യാസം കണക്കെ സമയവും സൗകര്യവും കിട്ടുന്നതനുസരിച്ച് സൗകര്യ പ്രദമായ സ്ഥലങ്ങളിൽ കുട്ടികളെ വിളിച്ചിരുത്തി പാഠങ്ങൾ വ്യക്തമാക്കി ക്കൊടുക്കുന്നതിന് പ്രത്യേക ക്ലാസ്സുമുറികളോ പീഠീഡുകളോ ഉണ്ടായി രുന്നില്ല. പഠിച്ചും കളിച്ചും രസിച്ചും അദ്ധ്വാനിച്ചും പ്രാർത്ഥിച്ചും ഗുരുക്കന്മാ രോടൊന്നിച്ചു ജീവിച്ച 'ഗുരുകുല' കാലം ഈ ലേഖികയ്ക്ക് ഇന്നും മാഞ്ഞു പോകാത്ത പാവനസ്മരണയാണ്. അന്നത്തെ 10 പേരിൽ ആറ് പേരും ഇന്ന് ബഥനിയിൽ അംഗങ്ങളാണെന്ന വസ്തുത വിസ്മരിക്കാവതല്ല. സിസ്റ്റേഴ്സ് ഹെലേന, സ്ലീബ, ജോസഫിൻ, സ്കൊളാസ്റ്റിക്ക, അഗസ്റ്റിൻ, ബർക്കുമാൻസ് എന്നിവരാണ് അവർ. തുടർന്നുള്ള വർഷങ്ങളിൽ പഠിച്ചിരുന്നവരിൽ നിന്നും ബഥനിയിലേക്ക് ദൈവവിളി ലഭിച്ചിട്ടുള്ളവർ ഉണ്ടെന്നുള്ളതും സന്തോഷ കരമാണ്.

ചെങ്ങന്നൂർ മഠത്തിന്റെ ഏറ്റം പ്രധാനപ്പെട്ട പ്രേഷിതരംഗം സെന്റ് ആൻസ് സ്കൂളായിരുന്നു. മഠത്തോടൊപ്പം സ്കൂളും വളരുകയായിരുന്നെ ങ്കിലും സ്കൂളിന് വലിയ പ്രതിസന്ധികൾ നേരിടേണ്ടിവന്നു എന്നത് മറക്കാനാവില്ല. ചെങ്ങന്നൂർ ഗവ. ഹൈസ്കൂളിന്റെയും പുത്തൻകാവ് യാക്കോ ബായ സമുദായം വക സ്കൂളിന്റെയും മദ്ധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന സെന്റ് ആൻസ് 1948 മുതൽ ഹൈസ്കൂളായി മാറിയെങ്കിലും കുട്ടികളുടെ എണ്ണം വളരെ പരിമിതമായിരുന്നു. ഇതിനകം എയ്ഡഡ് സ്കൂളായി അംഗീ കാരം ലഭിച്ച സ്കൂളിൽ പുറത്തുനിന്നും കുട്ടികളെ എടുക്കാനുള്ള അനു വാദവും ലഭ്യമായി. എന്നാൽ മലങ്കര കത്തോലിക്കാ സ്ഥാപനത്തോടുള്ള



അവജ്ഞയും മുൻവിധിയും മാർ ഈവാനിയോസിനോടുള്ള വൈരാഗ്യവും കാരണം പരിസരപ്രദേശങ്ങളിൽനിന്ന് കുട്ടികളെ ലഭിക്കാതെ ക്ലേശി ക്കേണ്ടിവന്നു. തന്മൂലം ഉള്ള സൗകര്യത്തിൽ ഒരു ബോർഡിംഗ് നടത്തി യിരുന്നു. മലങ്കര കത്തോലിക്കാ ഇടവകകളിൽ നിന്നും ഈരേഴ, കുണ്ടറ ബാലഭവനുകളിൽനിന്നും കുട്ടികളെ കൊണ്ടുവന്ന് താമസിപ്പിച്ച് സ്കൂളിന്റെ നിലനില്പ് സാധിച്ച വർഷങ്ങളുമുണ്ട്. കൂടാതെ 1966 ൽ അഞ്ചാം സ്റ്റാൻ ഡേർഡു മുതൽ (U.P.) ആൺകുട്ടികളെ ചേർത്ത് ഇംഗ്ലീഷ് മീഡിയം തുടങ്ങിക്കൊണ്ട് ബുദ്ധിമുട്ട് പരിഹരിക്കാനായി അന്നത്തെ കറസ്പോണ്ടന്റ് ഫാദർ ഇ. എസ്. ജോൺ അനുവാദം വാങ്ങി. അങ്ങനെ അഞ്ചാം ക്ലാസ്സിൽ 23 ആൺകുട്ടികൾക്ക് പ്രവേശനം നല്കി. ചേർത്ത കുട്ടികളെ T.C. നല്കി ഉടൻ പറഞ്ഞയക്കണമെന്നുള്ള ശാസനവുമായി 1 1/2 മാസത്തിനുശേഷം ഒരു ഗവ. ഓർഡർ സ്കൂളിലെത്തിയത് ഒരു വലിയ വിഷമഘട്ടമായിരുന്നു. അന്ന് ഗവ. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സായിരുന്ന ഒരു ലേഡി ടീച്ചർ 23 കുട്ടി കളുടെയും T.C. വാങ്ങി അവരെ ആ സ്കൂളിൽ ചേർക്കുകയും രക്ഷാ കർത്താക്കളുടെ സഹകരണത്തോടെ നടത്തുകയും ചെയ്തത് ദൈവ കൃപകൊണ്ടു മാത്രമാണെന്നേ പറയാനുള്ളൂ. മൂന്നു നാലു മാസത്തെ നിരന്തര പരിശ്രമഫലമായി ഗവ. സ്കൂളിലേക്കയച്ച കുട്ടികളെ T.C.സഹിതം വിളംബമെന്യേ തിരിച്ചെടുക്കുന്നതിനും മിഡിൽ സ്കൂൾ ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുന്നതിനുമുള്ള അനുവാദവും ലഭ്യമായി. ഇതിനകം ഉപയോഗശൂന്യമായി കിടന്നിരുന്ന മുകളിലത്തെ കെട്ടിടം (അണ്ടിയാപ്പീസിന്റെ ഭാഗം) പുതുക്കി മുറികൾ തിരിച്ച് ബോർഡിംഗിലുള്ള കുട്ടികളെ താമസിപ്പിക്കുന്നതിനും രണ്ടു മുറികൾ നഴ്സറിക്ലാസ്സുകൾക്കും ഉപയോഗിച്ചിരുന്നു. അല്പം അകലെയുള്ള കുട്ടികൾക്ക് യാത്രാസൗകര്യ മുണ്ടാക്കാനായി കുണ്ടറ സ്കൂളിൽ ഉപയോഗിച്ചിരുന്ന ഒരു വാൻ വിലയ്ക്കു വാങ്ങി ഉപയോഗിക്കാനും തുടങ്ങി.

സ്കൂൾ പ്രശ്നങ്ങൾ ഇങ്ങനെ ചങ്ങല കണക്കെ ഒന്നിനൊന്നു നേരിട്ട് മുന്നോട്ടുപോകുന്ന അവസരത്തിൽ 1962 ൽ ഒരു വലിയ ആപത്തിനെ നേരി ടേണ്ടി വന്നു. 1962 മേയ് മാസം 5 ന് പതിവുപോലെ പറമ്പിൽ ജോലി ചെയ്തു കൊണ്ടിരുന്ന ഒരു യുവാവ് - പാപ്പൻ - മഴ വരുന്നത് കണ്ട് മഠത്തിന്റെ വരാന്ത യിൽ കയറിനിന്നു. പെട്ടെന്നുണ്ടായ ഇടിയിൽ പാപ്പൻ അവിടെത്തന്നെ വീണു മരിച്ചു. സിസ്റ്റേഴ്സിനുണ്ടായ ഒരു വലിയ ആഘാതമായിരുന്നു ആകസ്മിക മായുണ്ടായ ഈ മരണം. അതുപോലെതന്നെ മഠത്തിൽ ആരംഭകാലം മുതൽ സഹായിക്കുകയും സ്കൂളിലെ പ്യൂണായി ജോലി ചെയ്യുകയും ചെയ്തിരുന്ന കുഞ്ഞമ്മ 1983 ൽ മഠത്തിൽവച്ച് ഹൃദയസ്തംഭനംമൂലം മരിക്കാനിടയായതും ദുഃഖഹേതുക്കളായിരുന്നു.

www.malankaralibrary.com



1945 മുതൽ എതിർപ്പിന്റെയും സാമ്പത്തികപരാധീനതകളുടെയും ജലക്ഷാമത്തിന്റെയും വഴികളിലൂടെ പതറാതെ തളരാതെ ദൈവാശ്രയത്തോടെ മുന്നേറിയതിന്റെ സമ്മാനമെന്നവണ്ണം 1970 മുതൽ വിജയപാതയിൽ ദൈവം സിസ്റ്റേഴ്സിനെ എത്തിച്ചു എന്നു പറയാം. 1958 ൽ മഠത്തിനായി ഒരു കെട്ടിടം പണിതിരുന്നു എങ്കിലും ഒരു നല്ല ചാപ്പൽ ഉണ്ടായിരുന്നില്ല. 1971 ൽ മഠത്തിന്റെയും സ്കൂളിന്റെയും രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് ജൂബിലി സ്മാരകമായി ഒരു ഓപ്പൺ എയർ സ്റ്റേജ് പൂർത്തിയാക്കുകയും ചാപ്പലിന്റെ പണി ആരംഭിക്കുകയും ചെയ്തു. 1972 ൽ ചാപ്പൽ പൂർത്തിയായി. സ്കൂളിന്റെ അഭിവൃദ്ധിക്ക് ഒരു എൽ. പി. സ്കൂൾ നല്ലതെന്നു കണ്ടു. ഇതിനായി 1979 ൽ തലക്കോട്ട് ശ്രീ ജോർജ് അദ്ദേഹത്തിന്റെ വക ഒരു നല്ല കെട്ടിടം സ്കൂളിന് ഒരു കെട്ടിടമുണ്ടാകുംവരേയ്ക്ക് വാടക കൂടാതെ നല്കിയെന്നത് ഒരു ദൈവനിയോഗം തന്നെയായിരുന്നു. കുട്ടികളുടെ വർദ്ധനവു കണക്കാക്കി പഴയതിനോടു ചേർത്ത് ഒരു മൂന്നു നിലകെട്ടിടം സ്കൂളിനു വേണ്ടിയും രണ്ടു നിലക്കെട്ടിടം ബോർഡിംഗിനുവേണ്ടിയും ഇതിനകം ഉണ്ടായിക്കഴിഞ്ഞു. കൂടാതെ കൂടുതൽ സിസ്റ്റേഴ്സിനു താമസിക്കുന്നതിനായി മഠത്തിന് 1988 ൽ ഒന്നാം നിലയുണ്ടാക്കി. 1983 ൽ എൽ. പി. സ്കൂളിന് (Eng. Medium)അംഗീകാരം ലഭിച്ചു. 1985 ൽ സ്കൂളിനുവേണ്ടി ഒന്നര ഏക്കർ സ്ഥലം വാങ്ങിയതുകൂടാതെ 1992 ൽ 50 സെന്റ് കൂടി വാങ്ങുകയുണ്ടായി.

1956 ൽ ശ്രീമതി മറിയം സി. ഇട്ടി ഐപ്പ് (18 വർഷം നങ്യാർകുളത്ത് ഹെഡ്മിസ്ട്രസ്സായിരുന്നു) സ്ഥലം മാറി ചെങ്ങന്നൂർ സെന്റ് ആൻസ് ഹെഡ്മിസ്ട്രസ്സായി വന്നുചേർന്നു. 19 വർഷം തുടർച്ചയായി ടീച്ചർ സെന്റ് ആൻസിൽ ഉണ്ടായിരുന്നതൊഴിച്ചാൽ ബാക്കി എല്ലാ വർഷങ്ങളിലും സിസ്റ്റേഴ്സു തന്നെയായിരുന്നു പ്രധാനാദ്ധ്യാപികമാരായിരുന്നത്. 1956 ൽ ജൂൺ മുതൽ ആറുമാസക്കാലത്തേക്ക് ഹെഡ്മിസ്ട്രസ്സ് പോസ്റ്റിലേക്ക് തിരുവല്ലയിൽ നിന്നും സിസ്റ്റർ ദബഹ നിയമിതയായിരുന്നു. ആരംഭകാലം മുതൽ സുപ്പീരിയേഴ്സായും ഹെഡ്മിസ്ട്രസ്സുമാരായും അദ്ധ്യാപകരായും അംഗങ്ങളായും വന്ന എല്ലാ സിസ്റ്റേഴ്സും അവരുടെ സഹായികളായി വന്നിട്ടുള്ള അദ്ധ്യാപകാനദ്ധ്യാപകരും എല്ലാം ചെങ്ങന്നൂർ മഠത്തിന്റെയും സ്കൂളിന്റെയും ഇന്നുവരെയുള്ള പുരോഗമനത്തിനു പങ്കാളികളും അഭിനന്ദനാർഹരുമാണ്. ഏതാണ്ട് 1969 വരെയും കുട്ടികളെകിട്ടാൻ വേണ്ടി പ്രാർത്ഥനാപൂർവ്വം കാത്തിരുന്നെങ്കിൽ ഇന്ന് സ്കൂളിൽ ഒരഡ്മിഷൻ കിട്ടാൻ കാത്തിരിക്കുന്നവരാണുള്ളത്. ആരംഭകാലങ്ങളിൽ സെന്റ് ആൻസ് സ്കൂളും ബഥനിമഠവും നാട്ടുകാർപോലും തള്ളിപ്പറഞ്ഞിരുന്നെങ്കിൽ ഇന്ന് ഡിസ്ട്രിക്ടിലെ ഒന്നാംകിട സ്കൂളുകളിൽ ഒന്നായി എല്ലായിടവും അത് അറിയപ്പെടുന്നു.



1970 ൽ രജതജൂബിലി കൊണ്ടാടിയ സെന്റ് ആൻസിന്റെ സുവർണ്ണ ജൂബിലിയുടെ ആരംഭം 1990 ൽ ആയിരുന്നു. സ്കൂളിനോടടുത്ത് ഡോക്ടർ ശങ്കറിന്റെ പറമ്പ് 28 സെന്റ് വിലയ്ക്കുവാങ്ങി. ജൂബിലി സ്മാരകമായി അവിടെ ഒരു ഇൻഡോർ സ്റ്റേഡിയം (Indoor Stadium) പണിയാരംഭിച്ചു. സിസ്റ്റർ ബർക്കുമാൻസിന്റെ നേതൃത്വത്തിൽ രക്ഷാകർതൃസമിതി (PTA) യുടെ പൂർണസഹകരണത്തോടെയാണ് ഓഡിറ്റോറിയം പണിതീർത്തത്. കലാ, കായിക, മേളകൾക്ക് ഉപകരിക്കത്തക്കവണ്ണം വളരെ മനോഹരമായി നിർമിച്ച ഓഡിറ്റോറിയത്തിന്റെ പണി 1995 ജനുവരിയിൽ പൂർത്തിയായി. 1995 ജനുവരി 23 മുതൽ ആരംഭിച്ച കനകജൂബിലിയുടെ അഞ്ചുദിവസങ്ങൾ ദീർഘിച്ച സമാപന സമ്മേളനം ഈ ഓഡിറ്റോറിയത്തിൽവച്ചാണ് നടന്നത്. അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി ആശീർവാദകർമ്മം നിർവഹിച്ച ഓഡിറ്റോറിയത്തിൽ ആദ്യം നടന്ന സമ്മേളനത്തിൽ ശ്രീമതി ശോഭനാ ജോർജ് എം. എൽ. എ. ആദ്ധ്യക്ഷ്യം വഹിച്ചു. പത്തു കുട്ടികളെക്കൊണ്ട് ആരംഭംകുറിച്ച സെന്റ് ആൻസ് അൻപതു വർഷം കഴിഞ്ഞപ്പോൾ ആയിരത്തിൽപരം പൂർവ്വവിദ്യാർത്ഥിനികളെയുൾപ്പെടുത്തി 1995 ജനുവരി 26 നു നടന്ന പൂർവ്വവിദ്യാർത്ഥിനി സമ്മേളനം ഏറ്റം ഹൃദ്യമായിരുന്നു. 27-ാം തീയതി സമാപന സമ്മേളനദിവസം രാവിലെ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് വിഭാവനം ചെയ്ത സമൂഹവിവാഹ പദ്ധതിയിൽ പെട്ട അൻപതു നവവധൂവരന്മാർക്ക് ഹൃദ്യമായ സ്വീകരണം നല്കി അവർക്കു വേണ്ടി വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്നു നടന്ന മീറ്റിംഗിൽ സമ്മാനങ്ങളും നല്കിയെന്നത് ശ്രദ്ധേയമാണ്.

കലാകായികരംഗത്തും പാഠ്യാനുബന്ധപ്രവർത്തനങ്ങളിലും എല്ലാറ്റിലുമുപരി സ്വഭാവസംസ്കരണത്തിലും സെന്റ് ആൻസ് ബഥനി ഇന്നു മുൻപന്തിയിലാണ്. ജലക്ഷാമം ചെങ്ങന്നൂർ മഠത്തിൽ നിലനില്ക്കുന്ന ഒരു കെടുതിയാണെങ്കിലും ആരംഭകാലങ്ങളെ അപേക്ഷിച്ച് വർഷംതോറും അല്പാല്പം അത് പരിഹരിക്കപ്പെട്ടുവരുന്നു എന്നതും പ്രസ്താവ്യമാണ്.

1998 ലെ ജനറൽ സിനാക്സിസിൽ രൂപപ്പെട്ട പത്തനംതിട്ട പ്രൊവിൻസിന്റെ പ്രഥമ പ്രൊവിൻഷ്യൽ സിനാക്സിസും തിരഞ്ഞെടുപ്പും നടന്നത് ചെങ്ങന്നൂർ ബഥനി മഠത്തിൽ വച്ചായിരുന്നു. വിദ്യാഭ്യാസ പരിപാടികളാണ് സിസ്റ്റേഴ്സിന്റെ പ്രധാന പ്രവർത്തനവേദിയെങ്കിലും മിഷ്യൻ പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കും അവർ വിദഗ്ദ്ധമായ മേൽനോട്ടം വഹിക്കുന്നുണ്ട്.

www.malankaralibrary.com



**4. ഈരേഴ ബഥനിമഠം (2-1-1951)**

ഈരേഴ സൗത്ത് പി.ഒ., മാവേലിക്കര

ആലപ്പുഴ ജില്ലയിൽ മാവേലിക്കരയ്ക്ക് നാലുകിലോമീറ്റർ തെക്കുമാറി സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് ഈരേഴ. ഇവിടെ തിരുവനന്തപുരം അതിരൂപത സെന്റ് മേരീസ് എന്ന പേരിൽ ഒരു യു.പി. സ്കൂൾ നടത്തിയിരുന്നു. കല്ലുമ്പ്രത്ത് കൊട്ടാരത്തിൽ ശ്രീ തോമസ് സാർ ആയിരുന്നു സ്കൂൾ ഹെഡ്മാസ്റ്റർ. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ നടപ്പിലാക്കിയ ഡിനോമിനേഷൻ (Denomination) നിയമമനുസരിച്ച് ചില സ്കൂളുകൾ നിർത്തലാക്കി. അക്കൂട്ടത്തിൽ ഈ സെന്റ് മേരീസ് സ്കൂളും നിർത്തലാക്കേണ്ടി വന്നു. സ്കൂൾ മാനേജരായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് ഈ സ്കൂൾ കെട്ടിടം ഒരു അനാഥാലയം ആക്കുന്നതിനും അത് ബഥനി സിസ്റ്റേഴ്സിനെ ഏല്പിക്കുന്നതിനും തീരുമാനിച്ചു.

1950 ൽ ബഥനി സന്ന്യാസിനീസമൂഹത്തിന്റെ രജതജൂബിലി സ്മാരകമായി ഒരു അനാഥശാല നാലാഞ്ചിറയിൽ സ്ഥാപിക്കുന്നതിന് മദർ ജനറൽ മദർ ബാസിമിന്റെ കൗൺസിൽ തീരുമാനമെടുക്കുകയും അതിനായി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് ഒരു കല്ല് ആശീർവദിക്കുകയും ചെയ്തിരുന്നു. ഈയവസരത്തിലാണ് ഈരേഴയിൽ സ്കൂൾ കെട്ടിടം സൗകര്യമായിത്തീർന്നത്. തന്മൂലം അനാഥാലയം ഈരേഴയിൽ സ്ഥാപിക്കാമെന്ന് തീരുമാനമായത് ദൈവനിയോഗം പോലെയായിരുന്നു. അഭിവന്ദ്യ പിതാവിന്റെ തീരുമാനം സിസ്റ്റേഴ്സ് സന്തോഷത്തോടെ സ്വീകരിക്കുകയും അന്നു മദർ ജനറലായിരുന്ന മദർ ബാസിമിന്റെ നേതൃത്വത്തിൽ സിസ്റ്റർ ബ്രുക്സ, സിസ്റ്റർ ഹഫീത്ത എന്നിവർ ഈരേഴയിൽ എത്തി, 1951 ജനുവരി 2-ാം തീയതി സ്കൂൾ കെട്ടിടത്തിൽ താമസമാരംഭിക്കുകയും ചെയ്തു.

1951 ജനുവരി 7-ാം തീയതി അഭിവന്ദ്യ പിതാവ് ഈരേഴയിലെത്തി കെട്ടിടം മഠത്തിനായി കൂദാശ ചെയ്തു. തദവസരത്തിൽ പിതാവ് ഒരു പ്രഖ്യാപനം നടത്തി: "പ്രാർത്ഥനാകേന്ദ്രമായി ഒരു കന്യാസ്ത്രീമഠവും ശുശ്രൂഷാകേന്ദ്രമായി ഒരനാഥാലയവും ഇവിടെ നാം സ്ഥാപിക്കുന്നു." കെട്ടിടത്തിന്റെ ഒരു ഭാഗം ചാപ്പലാക്കിക്കൊണ്ട് അവിടെ വിശുദ്ധ കുർബാന സ്ഥാപിച്ചു. വിശുദ്ധ കുർബാന അർപ്പിക്കുന്നതിനായി മാവേലിക്കര, പറമ്പിൽ ബ. തോമസ് പണിക്കരച്ചനെ വന്ദ്യപിതാവ് നിയോഗിച്ചു. മദർ ഹൈമന്നൂസിനെ മഠത്തിന്റെ സുപ്പീരിയറായും നിയോഗിച്ചു.

മൂന്ന് ആൺകുട്ടികളെ സ്വീകരിച്ചുകൊണ്ട് അനാഥാലയം ആരംഭിച്ചെങ്കിലും 1954 ൽ ആൺകുട്ടികളെ തിരുവനന്തപുരത്ത് ഫ്രാൻസിസ്കൻ ബ്രദേഴ്സ് ആരംഭിച്ച ജയമാതാ ബോയ്സ് ഹോമിലേക്ക് മാറ്റുകയും ഈരേഴ അനാഥാലയം പെൺകുട്ടികൾക്ക് മാത്രമാക്കിത്തീർക്കയും ചെയ്തു. വർഷംതോറും ബാലഭവനിൽ (അനാഥാലയം) കുട്ടികൾ വർദ്ധിച്ചുകൊണ്ടിരുന്നു. ആദ്യകാലങ്ങളിൽ പലവിധത്തിലും ഞെരുക്കങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ബാലഭവന്റെ ആവശ്യത്തിനുവേണ്ടി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് രണ്ട് ഏക്കർ 80 സെന്റ് സ്ഥലം വാങ്ങിത്തന്നിരുന്നു. മഠത്തിന്റെ കെട്ടിടവും ചാപ്പലും നിർമ്മിക്കുന്നതിനും വന്ദ്യപിതാവ് സഹായിച്ചിരുന്നു. പുന്നമൂടു പള്ളിയോടു ചേർന്നുകിടന്നിരുന്ന ഒരേക്കർ സ്ഥലം ബാലഭവനുവേണ്ടി മാർ ഈവാനിയോസ് പിതാവ് തന്നിരുന്നു. എന്നാൽ പിൽക്കാലത്ത് അതു പള്ളിയുടെ ആവശ്യത്തിനായിക്കൊടുത്തതിനു പകരമായി അതിരൂപത വക ആനയടിക്കാവിലുണ്ടായിരുന്ന 22 സെന്റ് സ്ഥലം ബാലഭവനുവേണ്ടി തരികയാണുണ്ടായത്.



1963 ൽ മഠത്തിനുവേണ്ടി 73 1/2 സെന്റ് സ്ഥലം എഴുതിച്ചത് കൃഷിക്ക് ഉപയുക്തമാണ്. ഇന്ന് കുട്ടികളുടെ ആവശ്യത്തിനുള്ള കൃഷി സാധനങ്ങൾ നെല്ല്, തേങ്ങ ഇത്യാദി ലഭിക്കുന്നു. കൂടാതെ 1961 മുതൽ കുട്ടികൾക്ക് ചെറിയ ഗ്രാന്റും ലഭിക്കുന്നുണ്ട്.

1956 ൽ ബാലഭവനിലെ കുട്ടികളെ ലക്ഷ്യമാക്കിത്തന്നെ ഒരു നഴ്സറിക്ലാസ്സ് ആരംഭിച്ചെങ്കിലും 1961 ൽ മാത്രമെ അതിനംഗീകാരം ലഭിച്ചുള്ളു. അംഗീകാരത്തിനും റേഷൻകാർഡു മുതലായവയുടെ അനുവാദത്തിനായും മറ്റും വളരെയധികം ബുദ്ധിമുട്ടേണ്ടി വന്നു. ബന്ധപ്പെട്ട മന്ത്രിമാരെവരെ ചെന്നു കണ്ട് അപേക്ഷ സമർപ്പിക്കുന്നതിനും, കാര്യങ്ങൾ സാധിപ്പിക്കുന്നതിനുമായി സിസ്റ്റേഴ്സിനെ സഹായിച്ചത് അന്ന് എം.എസ്.സി. സ്കൂളുകളുടെ മാനേജരായിരുന്ന ബ. ഈ എസ്. ജോണച്ചനും, വികാരിയായിരുന്ന ബ. ചാക്കോ മുണ്ടപ്പള്ളിയച്ചനും മിസ്റ്റർ ബേബി കുന്നേലും ആയിരുന്നു. ബ. അച്ചന്മാർ രണ്ടു പേരും ഇന്നില്ലെങ്കിലും മിസ്റ്റർ ബേബി ഇന്നും സഹായകനായിത്തന്നെ വർത്തിക്കുന്നു.

1963 ൽ ബാലഭവനുവേണ്ടി സാമാന്യം സൗകര്യമായ ഒരു കെട്ടിടവും 1972 ൽ, മഠം, ചാപ്പൽ, ബാലഭവന്റെ രണ്ടാംനില എന്നിവയും പണിപൂർത്തിയായി. 1974 ൽ അടുക്കളക്കെട്ടിടവും ഒരു നല്ല തൊഴുത്തും പണിപൂർത്തിയാക്കിയിട്ടുണ്ട്. S.S.L.C. തോല്ക്കുന്നവർക്കുവേണ്ടി 1978 ൽ കേന്ദ്ര വെൽഫെയർ ബോർഡിന്റെ ആനുകൂല്യത്തോടെഒരു കണ്ടൻസ്ഡ് കോഴ്സ് (Condenced Course) ആരംഭിച്ച് മൂന്നു ബാച്ചുവരെ നടത്തിയെങ്കിലും ഗ്രാന്റ് ലഭിക്കാഞ്ഞതിനാൽ അതു നിർത്തുകയായിരുന്നു. പുന്നമൂട് പള്ളിക്കെട്ടിടത്തിൽ വച്ചു നടത്തിയിരുന്ന എൽ. പി., നഴ്സറി സ്കൂളുകൾ

www.malankaralibrary.com



1985 മുതൽ മഠത്തോടനുബന്ധിച്ച കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിച്ചു. ഇന്ന് 'മാർ ഈവാനിയോസ് ഇൻസ്റ്റിറ്റ്യൂട്ട്' എന്ന പേരിൽ നടത്തിവരുന്ന പ്രിന്റിംഗ് പ്രസ്സ്, ടെയ്ലറിംഗ് സ്കൂൾ, ബുക്ക് ബയന്റിംഗ് സെക്ഷൻ എന്നിവയെല്ലാം തന്നെ ബാലഭവൻ കുട്ടികളുടെ പഠന പരിശീലനങ്ങൾക്കായിട്ടാണ് പ്രധാനമായും ഉദ്ദേശിച്ചിരിക്കുന്നത്.

സാമാന്യ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നല്കുന്നു. കൂടുതൽ പഠനാഭിമുഖ്യമുള്ള കുട്ടികളെ ഹയർ ക്ലാസ്സുകളിലും കോളജിലും മറ്റും പഠിപ്പിക്കുന്നതിനായി ബഥനിയുടെ തന്നെ ഇതര മന്ദിരങ്ങളിലേക്ക് അയയ്ക്കുന്നു. നഴ്സിംഗ് പഠനത്തിന് അഭിരുചിയുള്ള കുട്ടികളെ അതിനും അയയ്ക്കുന്നു. 1998 മുതൽ ഒരു ദളിത് യൂണിറ്റും ബാലഭവനുണ്ട്. ഇപ്പോൾ (2001) 30 കുട്ടികൾ എല്ലാവരോടുമൊപ്പം താമസിച്ച് പഠിക്കുകയും പരിശീലിക്കുകയും ചെയ്യുന്നു എന്നത് അഭിനന്ദനാർഹമാണ്. ദൂരെയുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നവർക്കും മറ്റാവശ്യങ്ങൾക്കുമായി ഒരു വാഹനം സ്വന്തമാക്കുവാനും കഴിഞ്ഞു. ഇന്ന് സ്കൂൾ റ്റീച്ചേഴ്സായും നഴ്സസായും പ്രസ്സ് ജോലിക്കാരായും തയ്യൽ ക്രാഫ്റ്റ് ജോലിക്കാരായും ബാലഭവനിൽ വളർന്നു വലുതായവർ പലരുണ്ട്. ഇതിനകം (2001) 23-പെൺകുട്ടികളെ വിവാഹം കഴിപ്പിച്ച് അയയ്ക്കാനും സാധിച്ചിട്ടുണ്ട്. സന്താനങ്ങളില്ലാതെ വേദനപ്പെടുന്ന ദമ്പതികൾ ആവശ്യപ്പെടുമ്പോൾ അവർക്കു കുഞ്ഞിനെ ദത്തെടുക്കുന്നതിനും സ്വന്തമക്കളായി വളർത്തുന്നതിനും ഗവ. നിയമനുസരിച്ച് കുട്ടികളെ നല്കിയിരുന്നു. 1985 നു ശേഷം വിദേശദമ്പതികൾക്ക് കുട്ടികളെ നല്കുന്നില്ല. എന്നാൽ ബാലഭവനോടനുബന്ധിച്ചുള്ള സെന്റ് മേരീസ് ഫൗണ്ടലിംഗ് ഹോമിൽ (St. Mary's foundling Home) നിന്നും കേരളത്തിലുള്ള ആവശ്യക്കാരായ ദമ്പതികൾക്ക് നിയമാനുസൃതമായി കുട്ടികളെ നല്കാറുണ്ട്. ഇതിനകം 27 കുഞ്ഞുങ്ങളെ വിവിധ കുടുംബങ്ങൾക്കായി നല്കിയിട്ടുണ്ട്. ആശുപത്രികളിലും തെരുവുകളിലും ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളെ ഈ ഫൗണ്ട്ലിംഗ് ഹോമിൽ സ്വീകരിച്ച് സ്നേഹപൂർവ്വം പരിചരിച്ച് നിയമാനുസൃതം ദത്തു നല്കുകയാണ് ചെയ്യുന്നത്.

ബാലഭവനോടനുബന്ധിച്ചുള്ള സ്ഥാപനങ്ങൾ വളരെ വിദഗ്ദ്ധമായി സിസ്റ്റേഴ്സ് കൈകാര്യം ചെയ്യുന്നതു കൂടാതെ ചെന്നെത്താവുന്ന എല്ലാ മിഷ്യനുകളിലും ഇടവകകളിലും ആവശ്യമായ സഹായങ്ങൾ സന്മനസ്സോടെ സിസ്റ്റേഴ്സ് നിർവഹിക്കുന്നു. ഭവനസന്ദർശനം, രോഗീസന്ദർശനം, അത്യാവശ്യ സാമ്പത്തിക സഹായങ്ങൾ, കുടുംബ നവീകരണ ക്ലാസ്സുകൾ എന്നിവയും നിർലോപം ചെയ്യുന്നതിന് സിസ്റ്റേഴ്സ് സമയം കണ്ടെത്തുന്നു.



**5. ചന്ദനപ്പള്ളി ബഥനി മഠം (16-11-1961)**

ചന്ദനപ്പള്ളി പി.ഒ., പത്തനംതിട്ട - 689 648

പത്തനംതിട്ട ജില്ലയിൽപെട്ട ഒരു ഗ്രാമപ്രദേശമാണ് ചന്ദനപ്പള്ളി. തിരുവനന്തപുരം അതിരൂപതയുടെ ഒരു നല്ല പള്ളി ഇവിടെയുണ്ട്. 1954 മുതൽ ഏതാനും വർഷങ്ങളിൽ ഇവിടെ വികാരിയായിരുന്നത് ബ. ആന്റണി കേളം പറമ്പിൽ അച്ചനായിരുന്നു. ഇടവകയുടെ നടത്തിപ്പിനും വളർച്ചയ്ക്കും സിസ്റ്റേഴ്സിന്റെ സഹായം ആവശ്യമെന്നു മനസ്സിലാക്കിയ അച്ചൻ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിനോടും അന്നത്തെ പ്രൊവിൻഷ്യലായിരുന്ന മദർ ശ്ലോമ്മോയോടും തന്റെ ആഗ്രഹം അറിയിക്കുകയും നിർബന്ധിക്കുകയും ചെയ്തതിന്റെ ഫലമായി അവിടെ ഒരു മഠം തുടങ്ങാൻ തീരുമാനിക്കുകയായിരുന്നു.

ഇടവകപള്ളിയോടു തൊട്ടടുത്തുണ്ടായിരുന്ന പള്ളിമേടയും ഒന്നര ഏക്കർ സ്ഥലവും സിസ്റ്റേഴ്സിനു വിട്ടുകൊടുക്കാൻ ബ. ആന്റണിയച്ചൻ തയ്യാറായി. അതിൻപ്രകാരം 1959 സെപ്റ്റംബർ 16-ാം തീയതി മദർ ദനഹായുടെ നേതൃത്വത്തിൽ മദർ സൈബാർ, സിസ്റ്റർ ബ്രൂക്സാ, സിസ്റ്റർ റീത്ത, സിസ്റ്റർ അഗാത്ത എന്നിവർ ചന്ദനപ്പള്ളിയിൽ താമസമാരംഭിച്ചു. മിഷ്യനിൽ ജോലി ചെയ്യുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. ചന്ദനപ്പള്ളി, അങ്ങാടിക്കൽ, കൈപ്പട്ടൂർ, കൊടുമൺ, പൂങ്കാവ്, നെടുമൺ വള്ളിക്കോടു കോട്ടയം എന്നിവിടങ്ങളിൽ സിസ്റ്റേഴ്സ് മിഷ്യൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൊടുമൺ എന്ന സ്ഥലത്തുണ്ടായിരുന്ന നഴ്സറി, എൽ. പി. സ്കൂളുകളിൽ സിസ്റ്റേഴ്സ് 2000-ാമാണ്ടുവരെയും പഠിപ്പിച്ചിരുന്നു. ചന്ദനപ്പള്ളിയിൽ ഒരു എൽ. പി. സ്കൂളും സിസ്റ്റേഴ്സ് നടത്തുന്നുണ്ട്.

1998 ൽ ആരംഭംകുറിച്ച പത്തനംതിട്ട പ്രൊവിൻസിലെ ഒന്നാംവർഷ അർത്ഥിനികളുടെ (Junior Prenovices) പരിശീലനം ചന്ദനപ്പള്ളി മഠത്തിൽ വച്ചാണു നടക്കുന്നത്. സിസ്റ്റർ തമിം ആണ് അവരുടെ മിസ്ട്രസ്സ്. ബ. ഗീവറുഗീസ് നെടിയത്തച്ചന്റെയും, ഇടവകാംഗങ്ങളുടെയും സഹായസഹകരണങ്ങൾ മഠത്തിനും, പ്രവർത്തനങ്ങൾക്കും ധാരാളമായി ലഭിച്ചിട്ടുണ്ട്.

**6. പുത്തൻപീടിക ബഥനിമഠം (2-1-1962)**

പുത്തൻപീടിക പി.ഒ., പത്തനംതിട്ട - 689 645

ക്രൈസ്തവ കുടുംബങ്ങൾ പ്രത്യേകിച്ചും മലങ്കര സഭാമക്കൾ ധാരാളം അധിവസിക്കുന്ന സുപ്രധാന ജില്ലകളിൽ ഒന്നാണ് പത്തനംതിട്ട. സന്ന്യാസ, വൈദിക ദൈവവിളിയാൽ അനുഗ്രഹിക്കപ്പെട്ട പത്തനംതിട്ട ജില്ലയിൽ ബഥ

www.malankaralibrary.com



നിക്ക് ഒരു മഠമുണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിവിധതലങ്ങളിൽ നിന്നുള്ള പ്രചോദനം 1962 ൽ നിവർത്തിക്കപ്പെടുകയായിരുന്നു. അവിടെ 98 സെന്റ് സ്ഥലം വാങ്ങി അതിലുണ്ടായിരുന്ന ഒരു ചെറിയ വീട് സൗകര്യപ്പെടുത്തി 1962 ജനുവരി 2 ന് ശനിയാഴ്ച അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി മഠത്തിനുവേണ്ടി അതു കൂദാശ ചെയ്തു. 'വിമല മാതാ ബഥനിമഠം' എന്നാണ് അഭിവന്ദ്യ പിതാവ് മഠത്തിനു നല്കിയ പേര്. സാഹചര്യങ്ങളുടെ അപര്യാപ്തതമൂലം അന്ന് വരാന്തയിലാണ് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചത്. മദർ ദനഹ, മദർ സൈബാർ, സിസ്റ്റർ ജൂലിത്തി എന്നിവരായിരുന്നു ആദ്യാംഗങ്ങൾ.

ആരംഭത്തിൽ അടുത്തുള്ള ഇടവക പ്രവർത്തനങ്ങളിലാണ് സിസ്റ്റേഴ്സ് ശ്രദ്ധിച്ചത്. എങ്കിലും പിന്നീട് രൂപതവക പുത്തൻപീടിക എൽ. പി. സ്കൂളിൽ രണ്ടു സിസ്റ്റേഴ്സിന് നിയമനം ലഭിക്കുകയുണ്ടായി. സിസ്റ്റേഴ്സ് മോനിക്ക, പൗളീൻ എന്നിവർക്കാണ് ആദ്യ നിയമനം ലഭിച്ചത്. മഠത്തോടനുബന്ധിച്ച് ഒരു ഹോസ്റ്റൽ അത്യാവശ്യമെന്നു കണ്ടതിനാൽ 1962 ൽ ത്തന്നെ ഹോസ്റ്റൽ കെട്ടിടം പണിയാരംഭിച്ചിരുന്നു. 1963 ജൂലായ് ആരംഭത്തിൽ തന്നെ 15 കോളജുവിദ്യാർത്ഥിനികൾക്ക് താമസസൗകര്യം നല്കിക്കൊണ്ട് ഹോസ്റ്റൽ ആരംഭിച്ചു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ കാരണം 1968 ൽ ഹോസ്റ്റൽ അടച്ചിടേണ്ടതായിവന്നു, എങ്കിലും 1976 ൽ വീണ്ടും പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞു.

ഇടവകപ്പള്ളിക്ക് ഒരു കുരിശടി പണിയുന്നതിനുവേണ്ടി ബ. വികാരിയച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് മഠത്തിന്റെ വക റോഡ് സൈഡിലുള്ള കുറച്ചു സ്ഥലം 1963 ൽ അതിനായി നല്കുകയുണ്ടായി. പുത്തൻപീടിക എൽ. പി. സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സായി സിസ്റ്റർ ഹനിയ നിയമിക്കപ്പെട്ടു. ഈയവസരത്തിൽ അടുത്ത സ്ഥലമായ നന്നുവക്കാട് ആരംഭിച്ച നഴ്സറി സ്കൂളിലേക്ക് സിസ്റ്റേഴ്സ് ബസ്മ, നൂഹോം എന്നിവരും അദ്ധ്യാപികമാരായി നിയമിക്കപ്പെട്ടു. സിസ്റ്റേഴ്സ് മൂന്നുപേരും പുത്തൻപീടിക മഠത്തിൽ താമസിച്ചുകൊണ്ടാണ് അതാതു സ്കൂളുകളിൽ പോയി പഠിപ്പിച്ചിരുന്നത്. മഠത്തിൽ സിസ്റ്റേഴ്സന്റെ എണ്ണം ഇങ്ങനെ വർദ്ധിച്ചതുകൊണ്ട് കൂടുതൽ മിഷ്യനുകളിൽ ജോലി ചെയ്യാനുള്ള സാദ്ധ്യത വർദ്ധിച്ചു. അങ്ങനെ കുടൽ, ചീക്കനാൽ, വലഞ്ചുഴി, വാഴമുട്ടം, നന്നുവക്കാട്, അതിരുങ്കൽ, ഊന്നുകല്ല്, കിഴവള്ളൂർ, ഓമല്ലൂർ എന്നിവിടങ്ങളിലെല്ലാം സിസ്റ്റേഴ്സിന്റെ ശ്രദ്ധ പതിക്കാൻ കഴിഞ്ഞു. മാതൃസമാജം, ബൈബിൾ ഓറിയന്റേഷൻ സെമിനാറുകൾ, ക്യാമ്പുകൾ, വേദപാഠക്ലാസ്സുകൾ എന്നിവയിലെല്ലാം സിസ്റ്റേഴ്സ് സജീവമായി പങ്കെടുത്തിരുന്നു.



1974 ൽ ഉണ്ടായ ഒരു ചുഴലിക്കാറ്റിൽ മഠം കെട്ടിടത്തിനു സാരമായ കേടുപാടുകൾ സംഭവിച്ചു എങ്കിലും സിസ്റ്റേഴ്സിന് ആർക്കും തന്നെ അപകടമൊന്നും സംഭവിച്ചില്ല എന്നത് ഒരു വലിയ ദൈവകൃപ എന്നുവേണം കരുതാൻ. അതുപോലെതന്നെ 1976 ൽ സംഭവിച്ച ഒരു വലിയ അത്യാഹിതമായിരുന്നു കറന്റ് മൂലമുണ്ടായ ഒരു അഗ്നിബാധ. മഠത്തിലേക്കു കണക്ഷൻ എടുത്തിരുന്ന പോസ്റ്റിൽ കമ്പികൂട്ടിയുരഞ്ഞാണ് പെട്ടെന്ന് മഠത്തിലേക്ക് അഗ്നി ബാധിക്കാൻ കാരണം. തീപടർന്നശേഷമേ സിസ്റ്റേഴ്സിന് വിവരം അറിയാൻ കഴിഞ്ഞുള്ളൂ. ദൈവസഹായത്താൽ പെട്ടെന്ന് മെയിൻ കണക്ഷൻ വിച്ഛേദിക്കാൻ കഴിഞ്ഞതുകാരണം വലിയ ആപത്തൊന്നും ഉണ്ടായില്ല, എങ്കിലും കുറെ നാശനഷ്ടങ്ങൾ ഉണ്ടാകാതിരുന്നില്ല. നാട്ടുകാരുടെയും അടുത്ത മഠങ്ങളുടെയും നിസ്വാർത്ഥമായ സഹായവും സഹകരണവും കൊണ്ട് അധികം താമസിയാതെ എല്ലാം പഴയ പടിയിലേക്ക് എത്തിക്കാൻ കഴിഞ്ഞു.

**7. കൈപ്പുഴ ബഥനിമഠം (25-4-1965)**

കൈപ്പുഴ, നോർത്ത് പി.ഒ., കുളനട, പന്തളം - 689 503

പത്തനംതിട്ട ജില്ലയിൽ പന്തളം വടക്കേക്കര പകുതിയിൽ കൈപ്പുഴ നോർത്ത് എന്ന സ്ഥലത്താണ് മഠം സ്ഥിതി ചെയ്യുന്നത്. തിരുവനന്തപുരം അതിരൂപതയുടെ ഒരു ഇടവകപ്പള്ളി ഇവിടെയുണ്ട്.

ഇടവകവികാരിയായിരുന്ന ബ. ജോർജ് കണ്ടത്തിൽ എസ്. ജെ. അച്ചന്റെ പരിശ്രമത്താലാണ് ഇവിടെയൊരു മഠം ഉണ്ടായത്. ഇടവകപള്ളിയിൽ നിന്നും അധികം അകലെയല്ലാതെ 80 സെന്റ് സ്ഥലവും അതിലുണ്ടായിരുന്ന ഒരു ചെറിയ വീടും അവിടെ നിന്നും അല്പം ദൂരത്തിൽ ഒരു ഏക്കർ 10 സെന്റ് റബ്ബർ തോട്ടവും ഒപ്പം 32 1/2 സെന്റ് നിലവും കൂടി പുളിനില്ക്കുന്ന കാലായിൽ ശ്രീ ഉണ്ണൂണ്ണിയിൽ നിന്നും എഴുതിവാങ്ങി. 1965 മാർച്ചിൽ സ്ഥലം എഴുതിച്ചെങ്കിലും മെയ് മാസം 24 നാണ് മഠത്തിന് ആരംഭം കുറിച്ചത്. 24 ന് മൂന്നുമണിക്ക് ബ. ജോർജ് കണ്ടത്തിൽ അച്ചൻ തന്നെ കൂദാശാകർമം നിർവഹിച്ചു. സിസ്റ്റേഴ്സ് ശ്ലോമ്മോ, ജൂലിത്തി, അസൂന്ത എന്നിവരായിരുന്നു ഇവിടത്തെ ആദ്യാംഗങ്ങൾ.

ഇവിടത്തെ റബർ തോട്ടത്തിന് ആരംഭകാലത്തുതന്നെ ഒരു അതിർത്തി ത്തർക്കമുണ്ടായെങ്കിലും ശ്രീ മലഞ്ചരുവിൽ മത്തായിസാർ ഇടപെട്ട് അവയെല്ലാം തീർത്ത് സ്ഥലം കൈവശമാക്കിത്തരികയായിരുന്നു. സോഷ്യൽ വർക്കായിരുന്നു ഇവിടത്തെ പ്രധാന പരിപാടി. ഒരു മാതൃകകോഴിവളർത്തൽ കേന്ദ്രം

www.malankaralibrary.com



1965 സെപ്റ്റംബറിൽത്തന്നെ തുടങ്ങി കോഴിവളർത്തലിൽ പരിശീലനം നേടിയിരുന്ന ഇന്നാട്ടുകാരനായ ശ്രീ കുഞ്ഞച്ചനെ അതിന്റെ നടത്തിപ്പ് ഏല്പിച്ചു. ചെങ്ങന്നൂർ ഗവ. ഹാച്ചറിയിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ കൊണ്ടുവന്നിരുന്നത്. 1967 ജൂലായ് മാസത്തിൽ മഠത്തോടുചേർത്ത് ഒരു ഡിസ്പെൻസറിക്കും തയ്യൽക്ലാസ്സിനും ആരംഭം കുറിച്ചു. തയ്യൽ പഠിപ്പിക്കാനായി സിസ്റ്റർ ബസിയായാണ് നിയമിതയായത്.

1967 ൽ സിസ്റ്റർ ശ്ലോമ്മോയ്ക്ക് ഓട്ടോയാത്രയിൽ ഒരപകടമുണ്ടായി കൈയൊടിഞ്ഞതിനാൽ തിരുവനന്തപുരത്തു ചികിത്സയിലായിരുന്നു. 1968 മാർച്ചിൽ സിസ്റ്റർ തിരിച്ചെത്തി ജൂൺ മാസം മുതൽ അടുത്തുള്ള സെന്റ് ജോൺസ് എൽ.പി.സ്കൂളിൽ അദ്ധ്യാപികയായി നിയമിതയാകുകയും ചെയ്തു.

ഇതിനകം ഇടവകപ്പള്ളിയിൽ ലിജിയൻ ഓഫ് മേരിയും മാതൃസമാജവും പ്രാർത്ഥനാഗ്രൂപ്പും മിച്ചനിക്ഷേപ പദ്ധതിയും ആരംഭിച്ചിരുന്നു. കാലാകാലങ്ങളിൽ മാറിവന്ന സിസ്റ്റേഴ്സ് വളരെ വിദഗ്ദ്ധമായ രീതിയിൽ എല്ലാം കൈകാര്യം ചെയ്തെങ്കിലും 1976 മുതൽ സിസ്റ്റർ ഫെലീഷ്യായുടെ നേതൃത്വത്തിൽ സോഷ്യൽവർക്ക് വിപുലമാവുകയും പുതിയ സെന്ററുകൾ ഉണ്ടാവുകയും ചെയ്തു. കുട്ടികൾക്കുവേണ്ടി അണ്ടർ ഫൈവ് പ്രോഗ്രാം (Under Five Programme), മദർ & ചൈൽഡ് കെയർ യൂണിറ്റ് (Mother and Child Care Unit) ബ്ളോക്ക് അടിസ്ഥാനത്തിൽ തയ്യൽ പരിശീലനം, വനിതാസമാജം, യൂത്ത് പ്രോഗ്രാം, ബ്ളോക്ക് കെയർ ഫുഡ് പ്രോഗ്രാം എന്നിവയ്ക്കു പുറമെ C.R.S. ന്റെ ഫുഡ് ഫോർ വർക്ക് (food for work) എന്നൊരു പദ്ധതിയും വളരെ സമർത്ഥമായ രീതിയിൽ നടന്നു. ഫുഡ് ഫോർ വർക്ക് പ്രോഗ്രാം ആരംഭിച്ചതോടുകൂടി അടുത്ത സ്ഥലങ്ങളിലെ 33 ഏക്കർ സ്ഥലത്ത് അവർതന്നെ കയ്യാല നിർമ്മിച്ച് കൃഷിവികസനം സാധിപ്പിച്ചു. കൂടാതെ വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുക, കിണറുകൾ കുഴിപ്പിക്കുക, റോഡു നന്നാക്കുക എന്നിങ്ങനെയുള്ള വികസന പരിപാടികളും സിസ്റ്ററിന്റെ മേൽനോട്ടത്തിൽ നടന്നു.

സിസ്റ്റേഴ്സ് താമസിച്ചിരുന്ന കെട്ടിടം വളരെ പഴക്കം ചെന്നതായിരുന്നതിനാലും നന്നാക്കാൻ കഴിയാത്ത വിധം കേടുപാടുകൾ ഉണ്ടായിരുന്നതിനാലും 1987 ൽ പുതിയകെട്ടിടത്തിനു പണിയാരംഭിച്ചു. പണിതീർന്ന ഇരുനില ക്കെട്ടിടം 1988 ഡിസംബർ 10 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ നടത്തി. സിസ്റ്റേഴ്സ് പുതിയ കെട്ടിടത്തിലേക്ക് മാറിത്താമസിച്ചു. മഠത്തോടുചേർന്ന് ഒരു പുതിയ ചാപ്പലും പണിതിരുന്നു.



ആരംഭം മുതൽ ഇന്നുവരെയും മാറിവരുന്ന സിസ്റ്റേഴ്സിൽ ഒരാൾ വീതം സെന്റ് ജോൺസ് എൽ. പി. സ്കൂളിൽ നിയമിതയാകുന്നു. തയ്യൽക്ലാസ്സ്, പോൾട്രിഫാം എന്നിവ 1977, 78 വർഷങ്ങളിൽ നിർത്തൽ ചെയ്യേണ്ടി വന്നു. കൈപ്പുഴ, രാമൻചിറ, പാണിൽ, മെഴുവേലി എന്നിങ്ങനെ ചെന്നെത്താവുന്ന എല്ലാ മിഷ്യനുകളിലും മിഷ്യൻ പ്രവർത്തനവും സാമൂഹ്യസേവന പരിപാടികളും നടത്തിയിരുന്നെങ്കിലും സിസ്റ്റേഴ്സിന്റെ പരിമിതിമൂലം ഇപ്പോൾ കൈപ്പുഴ, മെഴുവേലി, കുളനട ഇടവകകളിൽ മാത്രമെ പ്രവർത്തിക്കാൻ സാധിക്കുന്നുള്ളൂ.

**8. റാന്നി-പെരുനാട് ബഥനിമഠം (13-6-1968)**

മാംപാറ പി.ഒ., പെരുന്നാട് - 689 711

പത്തനംതിട്ട ജില്ലയിൽ റാന്നിയിലുള്ള ഒരു മലമ്പ്രദേശമാണ് പെരുനാട്. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമത്തിനായി തെരഞ്ഞെടുത്ത മുണ്ടൻമലയും മറ്റും സ്ഥിതിചെയ്യുന്ന പെരുനാട്ടിൽ ഒരു ബഥനിമഠം ഉണ്ടാവുകയെന്നത് ദൈവനിയോഗം തന്നെ. അഭിവന്ദ്യ പിതാവിന്റെ പാവനസ്മരണ നിലനിർത്തുന്നതിനായി ബഥനി മലയുടെ തെക്കെ കുന്നിൽ 1968 ജൂൺ 13 ന് 'മാർ ഈവാനിയോസ് ബഥനിമഠം' എന്ന പേരിൽ മഠം സ്ഥാപിതമായി. മദർ മാക്സ പ്രൊവിൻഷ്യലായിരിക്കുമ്പോഴാണ് മഠസ്ഥാപനം. തത്ക്കാലതാമസത്തിന് കരിമ്പിനാൽ കുടുംബം വക എസ്റ്റേറ്റിലുണ്ടായിരുന്ന ഒരു വീട് ക്രമീകരിച്ചു. അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി അതിന്റെ കൂദാശ 1968 ജൂൺ 13 ന് തിരുഹൃദയത്തിരുനാൾ ദിവസം നടത്തി, അന്നുതന്നെ സിസ്റ്റേഴ്സ് താമസവും ആരംഭിച്ചു. മദർ ഹൈമ്മനുസ്, സിസ്റ്റേഴ്സ് ഗ്രിഗോറിയ, ശാന്തി എന്നിവരാണ് മഠത്തിലെ ആദ്യാംഗങ്ങൾ. അന്ന് പെരുനാട് ഇടവകവികാരിയായിരുന്ന ബ. ഒ.കെ. വറുഗീസച്ചനും ഇടവക ജനങ്ങളും പെരുനാട്ടിലുണ്ടായിരുന്ന യാക്കോബായ സിസ്റ്റേഴ്സും ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും നല്കിയെന്നത് ഓർക്കേണ്ടതുണ്ട്. 1968 നവംബർ 15 ന് സിസ്റ്റർ സോഫിയായും 1969 ഫെബ്രുവരി 23 ന് സിസ്റ്റർ സ്റ്റേഫാനായും മഠത്തിനടുത്തുള്ള തിരുവനന്തപുരം അതിരൂപത വക സ്കൂളിലേക്ക് സ്ഥലം മാറ്റം കിട്ടി അദ്ധ്യാപകരായെത്തി, മഠത്തിൽ താമസിക്കുകയുണ്ടായി. ഇപ്പോൾ ഏതാനും വർഷങ്ങളായി സിസ്റ്റേഴ്സ് അവിടെ പഠിപ്പിക്കുന്നില്ല.

1969 മാർച്ചിൽ മഠത്തിനുവേണ്ടി പെരുനാട്ടിൽ ഇപ്പോൾ മഠം സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങി മെയ് മാസം 1-ാം തീയതി മഠം പണിയാരംഭിച്ചു. പണിയുടെ ചുമതല ബ. സെറാഫിയോനച്ചൻ തന്നെ നിർവഹിച്ചു. 1969

www.malankaralibrary.com



ഡിസംബർ 15 ന് പണിതീർന്ന കെട്ടിടം ബ. ഗീവറുഗീസ് മണ്ണിക്കരോട്ടച്ചനും - ഇന്ന് വന്ദ്യ കോർഎപ്പിസ്കോപ്പ - ബ. ജോർജ്ജ് പുറത്തൂട്ടച്ചനും കൂടി കൂദാശ നടത്തി, സിസ്റ്റേഴ്സ് പുതിയ മഠത്തിലേക്കു മാറിത്താമസിച്ചു. ചാപ്പലായി മാറ്റിയിരുന്ന മുറിയിൽ 1970 ഫെബ്രുവരി 15 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വിശുദ്ധ കുർബാനയർപ്പിച്ച് വിശുദ്ധ കുർബാന സ്ഥാപിച്ചു.

മഠം പണി ആരംഭിക്കുംമുമ്പു തന്നെ 1969 മാർച്ച് 24 ന് ശ്രീ യാക്കോബ് ഉപദേശി (മാർ ഈവാനിയോസ് പിതാവിന്റെ അനാഥബാലൻ) സ്ഥാനംകണ്ട് കിണർ കുഴിപ്പിച്ചിരുന്നു. കിണർ നിർമ്മാണത്തിനുള്ള സഹായം മദർ സൾഗ വഴി മിസ്സ് റൂത്ത് ഡേവീസ് എന്ന ഒരു വനിതയിൽ നിന്നും ലഭിച്ചതാകയാൽ 'റൂത്ത്സ് വെൽ' (Ruth's well) എന്ന് ഇന്നും ആ കിണർ അറിയപ്പെടുന്നു.

മഠത്തിന്റെ ഏകദേശം 25 കി. മീറ്റർ ചുറ്റളവിലുള്ള എല്ലാ മിഷ്യനുകളിലും സിസ്റ്റേഴ്സ് ആവശ്യാനുസരണം പോയി ജോലി ചെയ്തിരുന്നു. മണിയാർ, ചിറ്റാർ, വയ്യാറ്റുപുഴ, സീതത്തോട്, ആങ്ങംമൂഴി, വടശ്ശേരിക്കര തെക്കുംമല, കൊച്ചുകുളം, തോണിക്കടവ്, ളാഹ എന്നിവയാണ് അവ. സിസ്റ്റർ ക്രിസ്റ്റിന്റെ നേതൃത്വത്തിൽ ഇവിടെ നടന്ന സാമൂഹ്യസേവനങ്ങൾ എടുത്തുപറയേണ്ടതാണ്. ഭവനസന്ദർശനം, തയ്യൽക്ലാസ്സ്, മാതൃസമാജങ്ങൾ, മദർ & ചൈൽഡ് പ്രോഗ്രാം എന്നിവ പ്രാധാന്യമർഹിക്കുന്നു.

1990 മുതൽ സിസ്റ്റേഴ്സ് കുറവായതിനാൽ തുടങ്ങിവച്ച സാമൂഹ്യസേവന പ്രവർത്തനങ്ങൾ ഏറെക്കുറെ നടക്കാതെ വന്നു എന്നത് യാഥാർത്ഥ്യമാണ്. പെരുനാടിന്റെ പ്രാധാന്യം മുന്നിൽ കണ്ടുകൊണ്ട് ഇവിടം ഒരു തീർത്ഥാടന കേന്ദ്രമാക്കാനുള്ള ആഗ്രഹവും ശ്രമവും നടന്നു. അങ്ങനെ 1990 മുതൽ ഈ സ്ഥലം 'കുരിശുമല' തീർത്ഥാടനകേന്ദ്രം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ നിലനിർത്തിക്കൊണ്ട് ജൂലായ് 15 ന് തിരുവനന്തപുരത്ത് വന്ദ്യപിതാവിന്റെ കബറിടത്തിൽ ചെന്നെത്തക്കവണ്ണം ഒരു പദയാത്രാപ്രയാണം ഓരോ വർഷവും ഈ തീർത്ഥാടനകേന്ദ്രത്തിൽ നിന്നാരംഭിക്കുന്നു. നോമ്പുകാലങ്ങളിൽ ഇവിടെ സ്ഥാപിച്ചിട്ടുള്ള കുരിശിന്റെ വഴി നടത്തുന്നതിനും ധ്യാനം, പ്രാർത്ഥന ഇവയ്ക്കെല്ലാമായും തീർത്ഥാടകർ ഇവിടെ എത്താറുണ്ട്. സിസ്റ്റേഴ്സിന്റെ നിസ്വാർത്ഥ സഹകരണസഹായങ്ങൾ ഇടവകയ്ക്കും ഇവിടെ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഉണ്ട്. 2000 മെയ് 2 മുതൽ പത്തനംതിട്ട പ്രൊവിൻസിന്റെ നോവീഷ്യേറ്റു ഭവനം കൂടിയാണ് പെരുനാടു ബഥനിമഠം. സിസ്റ്റർ



പുഷ്പയാണ് നോവിസ് മിസ്ട്രസ്. നേരത്തെയുള്ള കെട്ടിടം അപര്യാപ്തമായതിനാൽ കെട്ടിടത്തിന് രണ്ടാംനില നിർമ്മിച്ച് കൂടുതൽ സൗകര്യപ്പെടുത്തി.

**9. കുടശ്ശനാടു ബഥനി മഠം (31-5-1970)**
കുടശനാട് പി.ഒ., പന്തളം - 689 512

പത്തനംതിട്ട ജില്ലയിൽ പന്തളത്തുള്ള ഒരു ഗ്രാമപ്രദേശമാണ് കുടശ്ശനാട്. ഇവിടെ തിരുവനന്തപുരം അതിരൂപതയ്ക്ക് ഒരു ഇടവകയുണ്ട്. വികാരിയായിരുന്ന ബ. തോമസ് തെക്കേടത്ത് അച്ചന്റെയും ഇടവകക്കാരുടെയും ആഗ്രഹവും അപേക്ഷയും അനുസരിച്ച് അന്നു പ്രൊവിൻഷ്യലായിരുന്ന മദർ മാക്സായാണ് മഠം തുടങ്ങിയത്. കുടശ്ശനാട്ടുള്ള ഒരു നായർ കുടുംബത്തിന്റെ വക ഭവനം വാടകയ്ക്ക് എടുത്താണ് മഠത്തിനു തുടക്കം കുറിച്ചത്.

1970 മെയ് മാസം 31-ാം തീയതി പരിശുദ്ധ മാതാവിന്റെ റാണിത്വത്തിരുനാളിൽ ബ. തോമസ് തെക്കേടത്തച്ചനും ബ. മത്തായി കല്ലടയച്ചനും കൂടി വീട് കൂദാശ ചെയ്തു, സിസ്റ്റേഴ്സ് താമസമായി. സിസ്റ്റർ ജൂലിത്തി, സിസ്റ്റർ അഗാപ്പെ, സിസ്റ്റർ ആഞ്ചലീന എന്നിവരായിരുന്നു ആദ്യ അംഗങ്ങൾ. 1971 ജൂൺ 12-ാം തീയതി ഈ വീട്ടിൽ തന്നെ നഴ്സറി ആരംഭിച്ചു. നഴ്സറിയുടെ ഉദ്ഘാടകന കർമ്മം നിർവഹിച്ചത് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവായിരുന്നു. പിതാവിനെ സ്വീകരിക്കുന്നതിന് അണിയിച്ച പുഷ്പഹാരം ഒരു കുട്ടിയുടെ കഴുത്തിലണിയിച്ചശേഷം ആ കുഞ്ഞിന്റെ പേര് പിതാവു തന്നെ രജിസ്റ്ററിൽ ചേർത്തുകൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്. എം. ജി. കോളജ് പ്രിൻസിപ്പാൾ ശ്രീ. M.P. മന്മഥൻ സാറും മറ്റു പല ഉന്നത വ്യക്തികളും ഇതിൽ പങ്കെടുത്തിരുന്നു.

1971 ജനുവരി 21 ന് മഠത്തിനുവേണ്ടി ഒരു ഏക്കർ സ്ഥലം എഴുതിച്ചു. സിസ്റ്റർ ജൂലിത്തിയുടെ പേരിലാണ് വസ്തു എഴുതിച്ചത്. വസ്തുവിൽ ഒരു കിണർ കുഴിക്കുകയായിരുന്നു ആദ്യം ചെയ്തത്. മാർ ഈവാനിയോസ് പിതാവിന്റെ അനാഥബാലൻ എന്നറിയപ്പെട്ടിരുന്ന ശ്രീ ജയിക്കബാണ് കിണറിനു സ്ഥാനം കണ്ടത്. 1971 മെയ് 13 ന് കിണറ്റിൽ വെള്ളം കണ്ടു. തന്മൂലം മെയ് 22 ന് സിസ്റ്റേഴ്സ് വാടക വീട് ഒഴിഞ്ഞു കൊടുത്തിട്ട് പള്ളിക്കെട്ടിടത്തിലേക്കു താമസം മാറ്റി. 1971 ജൂലായ് 8 ന് മഠം പണി ബ. സെറാഫിയോനച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ഒപ്പം നഴ്സറിസ്കൂളും.

1972 മെയ് ഒന്നാം തീയതി പണിപൂർത്തിയായ മഠത്തിന്റെയും സ്കൂളിന്റെയും കൂദാശ അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവു നിർവ്വഹിച്ചു. സിസ്റ്റേഴ്സ് താമസമാക്കി. പുതിയ മഠത്തിൽ സിസ്റ്റേഴ്സ് ഗ്ലാഡിസ്, സെബിയ,

www.malankaralibrary.com



ശാന്തി, അഗാപ്പെ, ആഞ്ചലീന എന്നിവരായിരുന്നു അംഗങ്ങൾ. 1970 ൽ ആരംഭിച്ച നഴ്സറി സ്കൂൾ ക്രമേണ എൽ. പി. സ്കൂളായി വളർന്നു. 1983 ൽ എൽ. പി. സ്കൂളിന് ഗവ. അംഗീകാരവും ലഭിച്ചു. ഇടവകയുടേതായി ഒരു പോൾട്രി ഫാമും കട്ടിംഗ് ആന്റ് ടെയ്ലറിംഗ് സ്കൂളും ഉണ്ടായിരുന്നതിന്റെയും ചുമതല 1970 മുതൽ സിസ്റ്റേഴ്സു തന്നെ വഹിച്ചിരുന്നു. 1995 മാർച്ചിൽ സ്കൂളുകളുടെ രജത ജൂബിലി ഭംഗിയായി ആഘോഷിക്കുകയുണ്ടായി. സിസ്റ്റേഴ്സ് സ്കൂൾ ജോലികൾക്കു പുറമെ കുടശ്ശനാട്, കുരമ്പാല, പൂഴിക്കാട്, നൂറനാട്, ഏനാത്ത് എന്നീ മിഷ്യനുകളിലും സേവനം അനുഷ്ഠിക്കുന്നു. പത്തനംതിട്ട പ്രൊവിൻസിലെ സീനിയർ പ്രീനോവിസ്സസ്സിന്റെ പരിശീലനം 1999 മെയ് മാസം 10 മുതൽ ഈ മഠത്തിൽ വച്ചു നടക്കുന്നു. 1999-2000 ൽ സിസ്റ്റർ ഗീത മിസ്ട്രസ്സായിരുന്നു. തുടർന്ന് സിസ്റ്റർ ശാലോമാണ് മിസ്ട്രസ്സ്.

സാമാന്യം നല്ല നിലവാരം പുലർത്തുന്ന സ്കൂളും സിസ്റ്റേഴ്സിന്റെ ഇതരപ്രവർത്തനങ്ങളും ഈ നാടിന് വലിയ അനുഗ്രഹമാണ്.

**10. വെണ്മണി - ബഥനി മഠം (13-6-1974)**

**വെൺമണി പി.ഒ., ചെങ്ങനൂർ - 689 094**

പത്തനംതിട്ട ജില്ലയിൽ ചെങ്ങന്നൂരിനും കോടുകുളഞ്ഞിക്കും മദ്ധ്യേ സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ് വെണ്മണി. തിരുവനന്തപുരം അതിരൂപത വക പള്ളി ഇവിടെയുണ്ട്. ബ. മാത്യു പൊൻമേലിൽ അച്ചൻ വികാരിയായിരിക്കുമ്പോൾ ഇടവകക്കാരുടെയും നാട്ടുകാരുടെയും പ്രേരണയാൽ വെണ്മണിയിൽ ഒരു മഠവും സ്കുളും വേണമെന്ന് അച്ചൻ അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ശ്ലോമ്മോയോട് ആവശ്യപ്പെടുകയുണ്ടായി. 1973 ഒക്ടോബർ മുതൽ ഇടവക പള്ളിമേടയിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ അച്ചൻ ആരംഭിച്ചിരുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം അവിടെ അടുത്ത് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് നഴ്സറി സ്കൂൾ അവിടേക്കു മാറ്റി സിസ്റ്റേഴ്സിനെ ഏൽപിച്ചു. സിസ്റ്റർ മരീനായാണ് ആദ്യം അദ്ധ്യാപികയായി നിയമിക്കപ്പെട്ടത്. സിസ്റ്റർ ചെങ്ങന്നൂർ മഠത്തിൽ താമസിച്ചുകൊണ്ട് വെൺമണിയിൽപോയി പഠിപ്പിച്ചിരുന്നു.

1974 ജനുവരിയിൽ വെണ്മണി മാർത്തോമാ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് നഴ്സറി സ്കൂളിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. ചെങ്ങന്നൂരിൽ നിന്നും ഓരോ ദിവസവും പോയി വരുന്നത് ബുദ്ധിമുട്ടായതിനാൽ 1974 ജൂൺ 13-ാം തീയതി 'വാലിൽ' വീട്ടുകാരുടെ ഒരു കെട്ടിടം വാടകയ്ക്കെടുത്ത് ബ. മാത്യു പൊന്മേലിലച്ചൻ അതു കൂദാശ ചെയ്ത് സിസ്റ്റേഴ്സ് അവിടെ താമസമാക്കി. സിസ്റ്റേഴ്സ് മരീന, ഗീത എന്നിവരായിരുന്നു ആദ്യാംഗങ്ങൾ. നഴ്സറിയും ഒന്നും രണ്ടും ക്ലാസ്സുകളും കൂടിയപ്പോൾ ഈ വാടകകെട്ടിടം മതിയാകാതെ വന്നു. തന്മൂലം അവിടെയടുത്ത് കളീക്കൽക്കാരുടെ ഒരു കെട്ടിടം വാടകയ്ക്കെടുത്ത് സിസ്റ്റേഴ്സ് അവിടേക്കു മാറി.



1975 നവംബർ 22 ന് സിസ്റ്റർ മരീനയുടെ പേരിൽ ഒരേക്കർ സ്ഥലം എഴുതിച്ചു. ഇതിന്റെ വിലയിൽ 12,500/- രൂപ ബ. കത്ബർട്ട് ഒ. എഫ്. എം. അച്ചന്റെ സംഭാവനയാണെന്ന് ഓർക്കേണ്ടതുണ്ട്. വാങ്ങിയ സ്ഥലത്ത് സ്കൂൾ കെട്ടിടത്തിനും ഒരു കിണറിനും പണിയാരംഭിച്ചു. ഇതിനകം സിസ്റ്റേഴ്സു താമസിച്ചിരുന്ന വാടകക്കെട്ടിടം മാറിക്കൊടുക്കേണ്ടി വന്നതിനാൽ അടുത്ത സ്ഥലമായ ചുട്ടിവട്ടത്ത് ഒരു വീടെടുത്ത് സ്കൂളും സിസ്റ്റേഴ്സിന്റെ താമസവും അവിടേക്കു മാറ്റി.

1976 ൽ സ്കൂൾ കെട്ടിടം പണിപൂർത്തിയായി. ഓഗസ്റ്റ് ഒന്നാംതീയതി അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് അതിന്റെ കൂദാശകർമം നിർവഹിച്ചു. അന്നുതന്നെ സ്കൂൾ അവിടേക്കു മാറ്റി. 1977 ഏപ്രിൽ 11 ന് മഠം പണി പൂർത്തിയായി ബ. മാത്യു പൊന്മേലിലച്ചൻ കൂദാശ നടത്തി സിസ്റ്റേഴ്സും പുതിയ മഠത്തിലേക്കു മാറിത്താമസിച്ചു. മേയ് മാസം 7-ാം തീയതി അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് പണിപൂർത്തിയായ ചാപ്പൽ കൂദാശ ചെയ്ത് അവിടെ വിശുദ്ധ കുർബാന അർപ്പിച്ചശേഷം വിശുദ്ധ കുർബാന സ്ഥാപിച്ചു. 1978 ജൂൺ 6 ന് സ്കൂൾ കെട്ടിടത്തിന്റെ രണ്ടാം നില പണി പൂർത്തിയായി. 1979 ഓഗസ്റ്റ് മുതൽ ബ. പൊന്മേലിലച്ചൻ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായി സ്വന്തം കാറ് സിസ്റ്റേഴ്സിനു വിട്ടുകൊടുത്തു. 1981 ൽ സ്കൂൾ ആവശ്യത്തിനായി ഒരു വാൻ വാങ്ങിയശേഷമാണ് അച്ചന്റെ കാർ തിരികെ കൊടുത്തത്.

1983 ൽ എൽ. പി. സ്കൂളിന് അംഗീകാരം കിട്ടിയെങ്കിലും നിർദ്ദിഷ്ട സ്ഥലം ഇല്ലാഞ്ഞതിനാൽ യു. പി. സെക്ഷന് അംഗീകാരം കിട്ടിയില്ല. തന്മൂലം ശ്രീ സാമുവേൽ സാറിന്റെ സ്ഥലം സ്കൂളിനോടു ചേർന്നു കിടന്നതിൽ നിന്നും 1/2 ഏക്കർ കൂടിവാങ്ങിയെങ്കിലും ഫലമുണ്ടായില്ല. തന്മൂലം 1987 ൽ അഞ്ചാം സ്റ്റാൻഡേർഡും അതിനടുത്തവർഷം ആറാം സ്റ്റാൻഡേർഡും നിർത്തൽ ചെയ്യേണ്ടിവന്നു. 1989 ൽ സ്കൂൾ ആവശ്യത്തിനായി ഒരു ബസ്സ് വാങ്ങി. 1992 ലെ ഒരു വലിയ സന്തോഷവാർത്തയായിരുന്നു യു. പി. സെക്ഷന് അംഗീകാരം ലഭിച്ചു എന്നത്. 1992 ജൂണിൽത്തന്നെ അഞ്ചാം സ്റ്റാൻഡേർഡ് ആരംഭിച്ചു. അടുത്തവർഷം ആറാംസ്റ്റാൻഡേർഡും, തുടർന്ന് ഏഴാം സ്റ്റാന്റേർഡും ആയിത്തീർന്നു.

www.malankaralibrary.com



അങ്ങനെ വെൺമണി നേഴ്സറി, എൽ. പി., യു. പി. സ്കൂളുകൾ നല്ല നിലവാരം പുലർത്തി മുന്നേറുന്നു. വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കുപുറമെ സിസ്റ്റേഴ്സ് അടുത്ത മിഷ്യനുകളിലും നിസ്വാർത്ഥസേവനം ചെയ്യുന്നു.

**11. മൈലപ്ര ബഥനിമഠം (19-6-1977)**

കുമ്പഴ, നോർത്ത് പി.ഒ., മൈലപ്ര

പത്തനംതിട്ട ജില്ലയിൽ കുമ്പഴയ്ക്കടുത്ത സ്ഥലമാണ് മൈലപ്ര. മൈലപ്രയിൽ ബഥനി ആശ്രമം വക 'മൗണ്ട് ബഥനി' എന്ന പേരിൽ പ്രസിദ്ധിയാർജിച്ച ഒരു ഹയർ സെക്കണ്ടറി സ്കൂൾ ഉണ്ട്. കൂടാതെ തിരുവനന്തപുരം അതിരൂപതയുടെ ഒരു പള്ളിയും (Sacred Heart Church) ഉണ്ട്. മൗണ്ട് ബഥനിയോടുചേർത്ത് ഒരു ബോർഡിംഗ് നടത്തുന്നതിനായി ബ. അച്ചന്മാർ സിസ്റ്റേഴ്സിനോടാവശ്യപ്പെട്ടു. അന്നത്തെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ശ്ലോമ്മോ 1977 ജൂൺ 19 ന് സിസ്റ്റേഴ്സ് ഗായ്യ, എസ്തേർ എന്നിവരെ മൈലപ്രയിലേക്ക് അയച്ചു. അവർ ബോർഡിംഗിൽ താമസിച്ചുകൊണ്ട് സേവനം ആരംഭിച്ചു. ഈ സമയത്തു തന്നെ പെൺകുട്ടികൾക്കായുള്ള ബോർഡിംഗിനു വേണ്ടി സ്കൂളിനടുത്തുതന്നെ 58 സെന്റ് സ്ഥലം എഴുതിച്ച് കെട്ടിടം പണി ആരംഭിച്ചിരുന്നു. പണിപൂർത്തിയായ കെട്ടിടത്തിന്റെ കൂദാശ 1985 ജൂൺ 1-ാം തീയതി ബ. ഡോമനിക്ക് ഓഡാലിൽ ഒ. ഐ. സി. അച്ചൻ നിർവഹിച്ചു. 'അമലമാതാ ബോർഡിംഗ്' എന്ന പേരോടുകൂടി കൂദാശ ചെയ്യപ്പെട്ട ഭവനത്തിൽ എൽ. കെ. ജി. മുതൽ പത്താം ക്ലാസ്സുവരെയുള്ള പെൺകുട്ടികൾക്കും നാലാം ക്ലാസ്സുവരെയുള്ള ആൺകുട്ടികൾക്കും അഡ്മിഷൻ നല്കി. പുതിയ ബോർഡിംഗിൽ സിസ്റ്റേഴ്സ് തെയോഫില, അസുന്ത, ദ്യോതിസ് എന്നിവരായിരുന്നു ആദ്യാംഗങ്ങൾ. 1985 ഒക്ടോബർ 25-ാം തീയതി അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് ചാപ്പലിന്റെ കൂദാശ നടത്തി വിശുദ്ധ കുർബാന സ്ഥാപിച്ചു.

1990 മുതൽ സിസ്റ്റർ സ്മിത മൗണ്ട് ബഥനി നഴ്സറിയിലും സിസ്റ്റർ റീഹ ഹൈസ്കൂളിൽ മലയാളം അദ്ധ്യാപികയായും സേവനം ആരംഭിച്ചു. മൗണ്ട് ബഥനിയിലെ കുട്ടികൾ കൂടാതെ റ്റീച്ചേഴ്സ് ട്രെയിനിംഗിനു വരുന്ന ബഥനി സിസ്റ്റേഴ്സും പെൺകുട്ടികളും ഇതര മഠങ്ങളിൽ നിന്നു വരുന്ന സിസ്റ്റേഴ്സും ഇവിടെ താമസിച്ച് പഠിച്ചു വരുന്നു.

സിസ്റ്റേഴ്സ് സ്കൂൾ ജോലിക്കും ബോർഡിംഗ് ജോലിക്കും പുറമെ അടുത്തുള്ള മിഷ്യനുകളിൽ ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കാൻ സമയം കണ്ടെത്തുന്നു.



1998 ൽ പത്തനംതിട്ട പ്രൊവിൻസ് രൂപം കൊണ്ടതുമുതൽ 1999 ഫെബ്രുവരി 18 വരെ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ മന്ദിരമായി മൈലപ്ര മഠമാണ് ഉപയോഗിച്ചിരുന്നത്.

**12. ഇലന്തൂർ ബഥനിമഠം (2-7-1978)**

ഇലന്തൂർ പി.ഒ., പത്തനംതിട്ട - 689 643

പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട കോഴഞ്ചേരി റൂട്ടിലുള്ള ഒരു പ്രദേശമാണ് ഇലന്തൂർ. തിരുവനന്തപുരം അതിരൂപതയുടെ ഒരു ഇടവകപള്ളി ഈ സ്ഥലത്തുണ്ട്. മലങ്കര കുടുംബങ്ങളും ധാരാളമുണ്ട്. ബ. ജയിക്കബ് ജോണച്ചൻ ഇവിടെ വികാരിയായിരിക്കുമ്പോൾ ഒരു മഠം അവിടെ ആരംഭിക്കുന്നതിനെക്കുറിച്ച് അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ശ്ലോമ്മോയുമായി ആലോചിച്ചു.

ഈ അവസരത്തിൽ തേവള്ളി കുടുംബംവക മൂന്നേക്കർ സ്ഥലവും ഒരു കെട്ടിടവും കൂടി അവർ വില്ക്കുന്നതിന് ആലോചിക്കുന്നതായി അച്ചൻ മനസ്സിലാക്കുകയും മദറിനെ അറിയിക്കുകയും ചെയ്തു. തേവള്ളികുടുംബത്തിൽ പെട്ട ഒരു സന്ന്യാസിനി (സിസ്റ്റർ) മരണമടഞ്ഞിരുന്നു. ആ സിസ്റ്ററിന്റെ ഓർമ നിലനിർത്തുന്നതിനായി ഈ സ്ഥലവും വീടും കൂടെ ഏതെങ്കിലും ഒരു മഠത്തിന് നല്കുന്നതിന് അവരാഗ്രഹിക്കുന്നതായും ബ. അച്ചൻ മദറിനെ അറിയിച്ചു. വസ്തു എഴുതിക്കുന്നതിന് തത്ക്കാലം മുഴുവൻ തുകയുമില്ലാഞ്ഞതിനാൽ ഗഡുക്കളായി കൊടുത്താൽ മതിയെന്നും ഉടമസ്ഥർ സമ്മതിച്ചിരുന്നു. വസ്തു എഴുതിക്കുന്നതിനും മറ്റുമുള്ള നടപടികളെല്ലാം ബ. ജയിക്കബ് ജോണച്ചൻ തന്നെ ചെയ്തു എന്നത് നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്.

1973 ഡിസംബർ 10 ന് സ്ഥലവും വീടും എഴുതിച്ചെങ്കിലും 1978 ജൂലായ് മാസം രണ്ടാംതീയതി മാത്രമേ കൂദാശ നടന്നുള്ളൂ. അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവ് മഠം വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമത്തിലാണ് കൂദാശ ചെയ്തത്. മിഷ്യൻ പ്രവർത്തനം ലക്ഷ്യമാക്കി ആരംഭിച്ച മഠത്തിലെ ആദ്യ അംഗങ്ങൾ സിസ്റ്റർ അംസായും സിസ്റ്റർ ക്ലേവറും ആയിരുന്നു.

ഇലന്തൂർ, കരിമ്പേക്കല്ല്, നാരങ്ങാനം എന്നീ ഇടവകകളിൽ വേദപാഠം, ഭവനസന്ദർശനം, മാതൃസംഘം, പ്രാർത്ഥനാഗ്രൂപ്പുകൾ ഇവയൊക്കെ സജീവമായി സിസ്റ്റേഴ്സ് നടത്തിയിരുന്നു. രോഗീസന്ദർശനം, ആദ്യ കുർബാനയ്ക്ക് ഒരുക്കം, വിവാഹ ഒരുക്കം ഇവയൊക്കെയും സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളിൽപ്പെട്ടവയാണ്. മിഷ്യൻ പ്രവർത്തനഭാഗമായിത്തന്നെ 1979

www.malankaralibrary.com



ജൂൺ 4 ന് ഇടവകപ്പള്ളിയുടെ പാരിഷ്ഹോളിൽ ഒരു നഴ്സറിസ്കൂളിന് ആരംഭമിട്ടു. ബ. ഡോമനിക്ക് സഖറിയാസച്ചൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു. അതുപോലെ മഠത്തിനടുത്തായി ഒരു കെട്ടിടം നിർമ്മിച്ച് എൽ. പി. സ്കൂളിനും ആരംഭം കുറിച്ചു. 1981 ജൂൺ 1-ാം തീയതി ഒന്നാംക്ലാസ്സ് ആരംഭിച്ചു. വർഷം തോറും ഓരോ ക്ലാസ്സ് ചേർത്ത് നാലാംക്ലാസ്സുവരെ എത്തിയിരുന്നു.

നാട്ടുകാരുടെ ആഗ്രഹവും ആവശ്യവും നിർബന്ധവും കാരണം നാലാം ക്ലാസ്സ് വരെ എത്തിയിരുന്ന എൽ. പി. സ്കൂൾ 1996 മുതൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആക്കിത്തീർക്കാനുള്ള ശ്രമം നടന്നു. എന്നാൽ സ്കൂളിന് അംഗീകാരം ലഭിക്കാഞ്ഞതിനാൽ ഓരോ ക്ലാസ്സു വീതം നിർത്തലാക്കേണ്ടി വന്നു. വിദ്യാർത്ഥികളുടെ എണ്ണം നന്നേ കുറയുകയും ചെയ്തു. 1999 ആയപ്പോഴേക്കും ബ. ജോഷ്വാ പീടികയിലച്ചൻ ഇലന്തൂർ ഇടവകയിൽവികാരിയായി എത്തി സ്കൂൾ നടത്തിപ്പിലും മിഷ്യൻ പ്രവർത്തനകാര്യങ്ങളിലും ബ. അച്ചൻ സിസ്റ്റേഴ്സിന് വലിയ സഹായവും പ്രചോദനവും നല്കിക്കൊണ്ട് സ്കൂൾ തുടർന്നു നടത്താൻ പ്രേരണ നല്കി. അങ്ങനെ സ്കൂൾ പ്രവർത്തനം പുനരാരംഭിച്ചു. മഠത്തിന്റെ കെട്ടിടം വളരെ പഴക്കം ചെന്നതും ബലക്ഷയവുമായതിനാൽ ഒരു പുതിയ കെട്ടിടത്തിന് ആരംഭം കുറിച്ചിരിക്കയാണ്.

1996 മെയ് മാസത്തിൽ ഇലന്തൂർ മഠത്തിനുണ്ടായ ഒരു വലിയ ആഘാതമായിരുന്നു മഠാംഗമായിരുന്ന സിസ്റ്റർ അർച്ചന (ബ. വർഗീസ് തറമുട്ടം OIC അച്ചന്റെ സഹോദരിയാണ് സിസ്റ്റർ) യുടെ പെട്ടെന്നുണ്ടായ മരണം. അസുഖത്തിന്റെ യാതൊരു ലക്ഷണവുമില്ലാതെ മെയ് മാസം മൂന്നാം തീയതി രാവിലെ വിശുദ്ധകുർബാനയിൽ സംബന്ധിച്ചശേഷം മഠത്തിലെത്തി ജോലിയിൽ പ്രവേശിച്ച സിസ്റ്റർ പെട്ടെന്നു കുഴഞ്ഞുവീഴുകയായിരുന്നു. ഉടനെ തന്നെ സിസ്റ്ററിനെ ആശുപത്രിയിലെത്തിക്കുന്നതിനും ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യുന്നതിനും സ്നേഹബുദ്ധ്യാ പരിശ്രമിച്ചത് അന്നത്തെ വികാരിയായിരുന്ന ബ. സഖറിയാസ് കുഴിപ്പറമ്പിലച്ചനായിരുന്നു. അതീവ ക്ഷീണിതയായിരുന്ന സിസ്റ്ററിന് പെട്ടെന്ന് തൈലാഭിഷേകം നല്കുന്നതിനും ബ. അച്ചൻ മറന്നില്ല. കോഴഞ്ചേരിയിലുള്ള മുത്തൂറ്റ് ആശുപത്രിയിൽ സിസ്റ്ററിന് വിദഗ്ദ്ധമായ ചികിത്സ ലഭിച്ചെങ്കിലും ജീവൻ നിലനിർത്താനായില്ല. മൂന്നുമണിയോടുകൂടി മരണമടഞ്ഞ സിസ്റ്ററിനെ ഇലന്തൂർ മഠത്തിൽ കൊണ്ടുവന്നശേഷം നാലാഞ്ചിറ മഠത്തിലേക്കു കൊണ്ടുപോയി, അവിടെ സിസ്റ്റേഴ്സിനുവേണ്ടിയുള്ള പ്രത്യേക കല്ലറയിൽ സംസ്കരിച്ചു.



**13. വകയാർ ബഥനിമഠം (16-3-1981)**
വാകയാർ പി.ഒ., കോന്നി - 689-698

പത്തനംതിട്ട ജില്ലയിൽ കോന്നിയിലുള്ള ഒരു പ്രദേശമാണ് വകയാർ. തിരുവനന്തപുരം അതിരൂപതയുടെ ഒരു ഇടവക ഇവിടെയുണ്ട്. ഇടവക വികാരിയായിരുന്ന ബ. കോശി ചക്കാലമണ്ണിലച്ചന്റെയും ഇടവക ജനങ്ങളുടെയും താല്പര്യപ്രകാരം തിരുവനന്തപുരം പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ വിജയയാണ് ഇവിടെ മഠം തുടങ്ങിയത്. മഠത്തിനായി സ്ഥലമോ കെട്ടിടമോ ഇല്ലായിരുന്നു. തന്മൂലം മേപ്പുറത്തു കുടുംബത്തിന്റെ ഒരു വീട് വാടകക്കെടുത്ത് 1981 മാർച്ചു മാസം 16 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ നടത്തി അന്നു തന്നെ സിസ്റ്റേഴ്സ് താമസവും ആരംഭിച്ചു. സിസ്റ്റേഴ്സ് ശാലീത്ത, ധന്യ, രഞ്ജന, ആർദ്ര എന്നിവരായിരുന്നു ഇവിടത്തെ ആദ്യ അംഗങ്ങൾ.

കോന്നിയിൽ മങ്ങാരംമുറിയിൽ വകയാർ എസ്റ്റേറ്റ് ബംഗ്ലാവിൽ ശ്രീ പി. ജെ. ജോസഫ് എക്സ് എം.എൽ.എ. വക ഒരു യു. പി. സ്കൂളും അതിനോടു ചേർന്ന 2 ഏക്കർ 72 സെന്റ് സ്ഥലവും കൂടി മഠത്തിനുവേണ്ടി വാങ്ങി. അഞ്ചുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ ഏഴ് ഡിവിഷനുകളിലായി 250 ഓളം കുട്ടികൾ അന്നവിടെ പഠിച്ചിരുന്നു. അവിടെ പഠിപ്പിച്ചിരുന്ന റ്റീച്ചേഴ്സ് കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളിലേക്ക് സ്ഥലംമാറ്റം ഇഷ്ടപ്പെട്ടിരുന്നില്ല. തന്മൂലം സിസ്റ്റേഴ്സിന് അവിടെ നിയമനം ബുദ്ധിമുട്ടായി എന്നുമാത്രമല്ല ഒരു ഇൻഡിവിഡുവൽ മാനേജുമെന്റായി (Individual Management) അതു തുടരേണ്ടിയും വന്നു. അന്നുണ്ടായിരുന്ന അദ്ധ്യാപകർ പെൻഷനായി പോയശേഷം മാത്രമെ സിസ്റ്റേഴ്സിനു അവിടെ നിയമനം ലഭിച്ചുള്ളൂ. 1990 ജൂലായ് 3 ന് സിസ്റ്റർ ദർശനയ്ക്ക് അവിടെ നിയമനം ലഭിക്കുകയുണ്ടായി. 2000-ാമാണ്ടിൽ അതു എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിൽ ആയിത്തീരുകയും ചെയ്തു.

വകയാറിലും അടുത്തുള്ള ഇടവകകളിലും മിഷ്യൻ പ്രവർത്തനമായിരുന്നു ഈ മഠം കൊണ്ടുദ്ദേശിച്ചിരുന്നത്. എങ്കിലും നാട്ടുകാരുടെ ആഗ്രഹം കണക്കിലെടുത്ത് 1981 ജൂണിൽ പാരിഷ്ഹോളിൽ ഒരു നഴ്സറി ക്ലാസ്സ് ആരംഭിച്ചു. സിസ്റ്റർ സെബിയായിരുന്നു അദ്ധ്യാപിക. വർഷംതോറും ഓരോ ക്ലാസ്സ് ക്രമത്തിൽ നാലാം ക്ലാസ്സുവരെയുള്ള ഒരു അൺ എയ്ഡഡ് പ്രൈമറി സ്കൂളായി അതുയർന്നു.

1983 മാർച്ചു മാസത്തിൽ യു. പി. സ്കൂളിനടുത്ത് മങ്ങാരത്ത് ബഥേൽ വീട്ടിൽ ശ്രീ മത്തായിയുടെ 47 സെന്റ് സ്ഥലം കൂടി വിലയ്ക്കുവാങ്ങാൻ

www.malankaralibrary.com



കഴിഞ്ഞു. അതിൽ ഒരു ചെറിയ വീടുണ്ടായിരുന്നത് അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കി. 1983 ഓഗസ്റ്റ് 27 ന് ബ. കോശി ചക്കാലമണ്ണിലച്ചൻ അതിന്റെ കൂദാശ നടത്തി സിസ്റ്റേഴ്സ് വാടകവീട്ടിൽ നിന്ന് ഇവിടേക്കു മാറിത്താമസിച്ചു. വിശുദ്ധ യൗസേപ്പുപിതാവിന്റെ നാമത്തിൽ കൂദാശ ചെയ്യപ്പെട്ട ഭവനത്തിൽ ആദ്യമായി താമസത്തിനെത്തിയത് സിസ്റ്റേഴ്സ് അംസ, അഭിഷിക്ത, പ്രേഷിത എന്നിവരായിരുന്നു.

1992 ആരംഭത്തിൽ യു. പി. സ്കൂളിനടുത്ത് രണ്ടുനിലയിൽ ഒരു കെട്ടിടം സ്കൂളിനുവേണ്ടി പൂർത്തിയാക്കി ഡിസംബർ 30 ന് കൂദാശ നടത്തി. പാരിഷ് ഹോളിൽ നടത്തിയിരുന്ന നഴ്സറി, എൽ. പി. സ്കൂളുകൾ അവിടേക്കുമാറ്റി. കൂടാതെ സിസ്റ്റേഴ്സ് താമസിച്ചിരുന്ന ചെറിയ വീട് താമസത്തിന് ഉപയുക്തമല്ലാത്തതായി തീർന്നതിനാൽ പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഒരു മുറിയിലേക്ക് സിസ്റ്റേഴ്സും താമസം മാറ്റി; മഠത്തിനു കെട്ടിടം പണിയും ആരംഭിച്ചു.

1993 മുതൽ ഒരു സിസ്റ്ററിനുംകൂടി യു. പി. സ്കൂളിൽ നിയമനം സാദ്ധ്യമായി. 1997 ഓഗസ്റ്റിൽ മഠത്തിന്റെ കെട്ടിടം പണി പൂർത്തിയായി. 15-ാം തീയതി കൂദാശ നടത്തി സിസ്റ്റേഴ്സ് താമസം പുതിയ മഠത്തിലേക്കു മാറ്റി. ബാലാരിഷ്ടതകളിലൂടെയും വിവിധങ്ങളായ പ്രശ്നങ്ങളിലൂടെയും ധൈര്യപൂർവം കടന്ന് ഇന്നത്തെ നിലയിൽ വകയാർ ബഥനിമഠത്തെയും സ്കൂളിനെയും എത്തിക്കുന്നതിന് ആരംഭം മുതൽ ഇന്നുവരെ മാറി മാറി നിയമിതരായ എല്ലാ സിസ്റ്റേഴ്സും ഭാരവാഹികളും പങ്കുവഹിച്ചിട്ടുണ്ട്.

**14. ആങ്ങമൂഴി- ബഥനിമഠം (25-7-1981)**

ആങ്ങമൂഴി പി.ഒ., ചായൽപ്പടി - 689 654

പത്തനംതിട്ട ജില്ലയിൽ, ശബരിമലയ്ക്കടുത്ത് കാടും മേടും കുന്നുംമലയുമായി സ്ഥിതിചെയ്യുന്ന ഒരു പരുക്കൻ പ്രദേശമാണ് ആങ്ങമൂഴി. തിരുവനന്തപുരം അതിരൂപതയുടെ പത്തനംതിട്ട വൈദികജില്ലാതിർത്തിയിലുള്ള ആങ്ങമൂഴി ഇടവക വികാരി ബ. ഫിലിപ്പോസ് നടമലയച്ചൻ. ആങ്ങമൂഴി നിവാസികളുടെ സമഗ്ര വികസനത്തിന് ഇവിടെയൊരു മഠം ഉണ്ടാകുന്നത് ഏറെ സഹായകമാകും എന്ന ബോദ്ധ്യത്തിൽ അന്നു പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ വിജയയെ സമീപിക്കുകയും നിർബന്ധിക്കുകയും ചെയ്തതിന്റെ പേരിൽ സിസ്റ്റേഴ്സിനെ അയക്കാൻ മദർ തീരുമാനിക്കുകയായിരുന്നു.

സിസ്റ്റേഴ്സ് അവിടെ എത്തുംമുമ്പുതന്നെ ഒന്നര ഏക്കർ സ്ഥലം മഠത്തിനായി ബ. അച്ചൻ എഴുതിച്ചിരുന്നു. ഈ സ്ഥലത്ത് പുല്ലുമേഞ്ഞ രണ്ടു



മുറിയിലുള്ള ഒരു ചെറുഭവനവും ഉണ്ടായിരുന്നു. തികച്ചും ദാരിദ്ര്യത്തിന്റെ പ്രതീകമായിരുന്ന ആ ഭവനം ആങ്ങമൂഴി വാസികളുടെ ജീവിതസാഹചര്യങ്ങളെ വിളിച്ചറിയിക്കുന്നതായിരുന്നു. 1981 ജൂലായ് മാസം 25-ാം തീയതി ബ. നടമലയച്ചനും ബ. ജോഷ്വാ പീടികയിലച്ചനും അവിടെയെത്തി ഇടവകാംഗങ്ങളുടെ സാന്നിദ്ധ്യസഹകരണത്തിൽ ഭവനം കൂദാശ ചെയ്തു. അന്നുമുതൽ സിസ്റ്റേഴ്സ് താമസവും ആരംഭിച്ചു. സിസ്റ്റേഴ്സ് എസ്തേറും അമൃതയുമായിരുന്നു ആദ്യ അംഗങ്ങൾ.

ബ. നടമലയച്ചന്റെ മേൽനോട്ടത്തിൽ നടത്തിയിരുന്ന ഒരു നഴ്സറി സ്കൂളും അതിരൂപത വക ഒരു ഹൈസ്കൂളുമായിരുന്നു ആങ്ങമൂഴിയിലെ ആകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. സിസ്റ്റേഴ്സിന് സ്കൂളിൽ 2000-ാമാണ്ടു മുതൽ നിയമനം ലഭിക്കുന്നുണ്ട്. കാട്ടുപ്രദേശത്ത് ഒട്ടും സുരക്ഷിതമല്ലാത്ത ചുറ്റുപാടുകൾ സിസ്റ്റേഴ്സിനു ബുദ്ധിമുട്ടുണ്ടാക്കിയതിൽ അദ്ഭുതമില്ല. പാമ്പ്, തേള്, ഒച്ച്, അട്ട, പഴുതാര, ചെവിപ്പാമ്പ് എന്നു വേണ്ട എല്ലാത്തരം ക്ഷുദ്രജീവികളുടെയും സാന്നിദ്ധ്യം ഈ കൊച്ചുവീട്ടിൽ അവർക്കനുഭവമായി. ഉറങ്ങാൻ സാധിക്കാത്ത രാത്രികളും കുറവല്ലായിരുന്നു എന്നാണ് അനുഭവസ്ഥർ സാക്ഷിക്കുന്നത്. യാത്രാസൗകര്യവും വളരെ പരിമിതമായിരുന്നു. വീടിന്റെ അറ്റകുറ്റപ്പണികൾ അത്യാവശ്യമായി വന്നതിനാൽ സിസ്റ്റേഴ്സ് 1981 ഡിസംബർ 18-ാം തീയതി തിരുവനന്തപുരത്തേക്കു തിരിച്ചുപോയി. ആറുമാസംകൊണ്ട് വീട് ഒരു മുറികൂടി കെട്ടിയുണ്ടാക്കി പുതിയ പുല്ലുമേഞ്ഞ് ശരിയാക്കി. 1982 ജൂൺ 5 ന് സിസ്റ്റേഴ്സ് ശാലീത്തയും അഭിഷിക്തയും താമസത്തിനെത്തി. ഭവനസന്ദർശനവും ഇടവക ജോലികളും സിസ്റ്റേഴ്സ് ആരംഭിച്ചു. കുടുംബനവീകരണം മുന്നിൽക്കണ്ട് സ്ത്രീകളെ അതിൽ ബോധവതികളാക്കുന്നതിനുള്ള മാതൃസംഘം ഏർപ്പെടുത്തി ക്ലാസ്സുകളും മറ്റു പരിപാടികളും സംഘടിപ്പിച്ചു.

1982 ൽ മഠത്തിൽ നിന്നും അധികം അകലത്തല്ലാതെ രണ്ടര ഏക്കർ സ്ഥലംകൂടി വാങ്ങി. തികച്ചും വനപ്രദേശമായിരുന്ന സ്ഥലം ബ. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകജനങ്ങൾ തന്നെ വെട്ടിത്തെളിച്ച് അധികം താമസിയാതെ റബർ നട്ടുപിടിപ്പിച്ചു. മഠത്തിന്റെ കെട്ടിടം അറ്റകുറ്റപ്പണികൾകൊണ്ട് നിലനിർത്താനാവാത്ത സ്ഥിതിയിലെത്തി. തന്മൂലം തൊഴുത്തിനുവേണ്ടിയുണ്ടാക്കിയിരുന്ന ഒരു ഷെഡ്ഡ് കെട്ടിയടച്ച് സിസ്റ്റേഴ്സ് അവിടെ താമസിച്ചുകൊണ്ട് 1990 ജനുവരിയിൽ പുതിയ കെട്ടിടത്തിനു പണിയാരംഭിച്ചു. ജൂലായ് മാസത്തിൽ പണിപൂർത്തിയായ കെട്ടിടം 3-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ ചെയ്തു. പിതാവായ

www.malankaralibrary.com



മാർ തോമ്മാശ്ലീഹായുടെ ഓർമ്മ നിലനിർത്തിക്കൊണ്ട് സെന്റ് തോമസ് ബഥനിമഠം എന്നാണ് പിതാവ് മഠത്തിന് നാമം നൽകിയത്. അതുവരെ മണ്ണെണ്ണ വിളക്ക് ആധാരമായിരുന്ന ആങ്ങമൂഴിയിൽ കറന്റ് എത്തി യതും ദൈവാനുഗ്രഹമായി. മഠത്തിനു മുമ്പിൽകൂടി ഒഴുകിയിരുന്ന ഒരു വലിയ തോട് പ്രകൃതിസൗന്ദര്യത്തിന്റെ കുളുർമ്മ നല്കിയിരുന്നെങ്കിലും യാത്ര ദുഷ്കര മാക്കിയിരുന്നു. പലപ്പോഴും യാത്രയ്ക്ക് വള്ളമുപയോഗിക്കേണ്ടിവന്നിരുന്നു. എന്നാലിപ്പോൾ ഒരു പാലം നിർമ്മിക്കപ്പെട്ടത് അനുഗ്രഹമായി.

1981 ൽ വെറും ഒരു പരുക്കൻ പ്രദേശമായി കണ്ട ആങ്ങമൂഴി അതിന്റെ സമഗ്രവളർച്ചയുടെ പാതയിൽ മുന്നേറിക്കൊണ്ടുതന്നെയിരിക്കുന്നു.

**15. വടശ്ശേരിക്കര ബഥനി മഠം (14-1-1984)**
വടശ്ശേരിക്കര പി.ഒ., പത്തനംതിട്ട - 689 662

പത്തനംതിട്ട ജില്ലയിലുള്ള ഒരു നല്ല മിഷ്യൻ സെന്ററാണ് വടശ്ശേരിക്കര. ഇവിടത്തെ വികാരിയായിരുന്ന ബ. എബ്രഹാം പാപ്പാടിയച്ചന്റെ ക്ഷണമനു സരിച്ച് അന്നത്തെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ഫെലിസിറ്റയാണ് ഇവിടെ മഠം ആരംഭിച്ചത്. 1983 ജൂലായ് മാസം സിസ്റ്റേഴ്സിനെ വടശ്ശേരിക്കര യ്ക്ക് അയച്ചെങ്കിലും താമസത്തിന് ഇടപാടുചെയ്തിരുന്ന വാടകവീട് ലഭിക്കുക സാദ്ധ്യമല്ലെന്നറിയാനിടയായി. തുടക്കത്തിൽത്തന്നെ അവഗണന സഹിക്കേണ്ടി വന്നെങ്കിലും പതറിപ്പോകാതെ സിസ്റ്റേഴ്സ് പെരുനാടു മഠത്തിൽ താമസിച്ചുകൊണ്ട് ജോലി ആരംഭിക്കാൻ ക്രമീകരണമുണ്ടായി. സിസ്റ്റേഴ്സ് ക്ഷേമയും സ്മിതയുമായിരുന്നു നിയോഗിക്കപ്പെട്ടത്. അവർ പെരുനാടു മഠത്തിൽനിന്ന് വടശ്ശേരിക്കര മണിയാറെന്ന സ്ഥലത്ത് ഒരു നഴ്സറി ആരംഭിച്ച് ക്ലാസ്സെടുക്കുകയും മിഷ്യനുകളിൽ സഹായിക്കുകയും ചെയ്തിരുന്നു.

ബ. വികാരിയച്ചനും ഇടവകക്കാരുമായി ആലോചിച്ച് പള്ളിക്കെട്ടിടം സിസ്റ്റേഴ്സിനു നല്കാനും മഠത്തിന് ആരംഭം കുറിക്കാനും തീരുമാനിച്ചു. അതിൻപ്രകാരം 1984 ജനുവരി 14 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറി യോസ് പിതാവ് കെട്ടിടം മഠത്തിനായി കൂദാശ ചെയ്തു. സിസ്റ്റേഴ്സ് അവിടെ താമസിച്ചുകൊണ്ട് അവരുടെ സേവനം തുടർന്നു. മഠത്തിന്റെ ഉദ്ദേശ്യം മിഷ്യ നിൽ സേവനം ചെയ്യുകയായിരുന്നതിനാൽ മിഷ്യൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുകയും ഒരു നഴ്സറിസ്കൂൾ ആരംഭിക്കുകയും ചെയ്തു.

1985 ജനുവരി 25 ന് വടശ്ശേരിക്കരയിൽ അതിരൂപതയ്ക്കുണ്ടായിരുന്ന സ്ഥലത്തിൽ നിന്നും 47 സെന്റ് സ്ഥലം മഠത്തിനായി എഴുതിച്ച് അവിടെ



മഠം പണി ആരംഭിച്ചു. 1988 ൽ പണിപൂർത്തിയായ കെട്ടിടം അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവു തന്നെ കൂദാശ ചെയ്യുകയും ഫെബ്രുവരി 9-ാം തീയതി സിസ്റ്റേഴ്സ് അവിടെ താമസമാരംഭിക്കുകയും ചെയ്തു. സെന്റ് ബനഡിക്ടിന്റെ നാമത്തിൽ കൂദാശ ചെയ്യപ്പെട്ട മഠത്തിലെ ആദ്യ അംഗങ്ങൾ സിസ്റ്റർ ബാപ്റ്റിസ്റ്റായും സിസ്റ്റർ സ്മിതയുമായിരുന്നു.

സ്വയംപര്യാപ്തതയിൽ എത്തിയിട്ടില്ലാതിരുന്ന വടശ്ശേരിക്കര മഠത്തിന് മണിയാർ നഴ്സറി കെട്ടിടത്തിന് മാസം തോറുമുള്ള വലിയ വാടകത്തുക ബുദ്ധിമുട്ടായതിനാൽ 1993 ൽ നഴ്സറിസ്കൂൾ നിർത്തൽ ചെയ്തു. കൂടാതെ വടശ്ശേരിക്കരയിൽ പള്ളിക്കെട്ടിടത്തിൽ നടത്തിയിരുന്ന നഴ്സറി പുതിയ മഠത്തോടുചേർന്നുള്ള ഹാളിലേക്കും മാറ്റി.

സിസ്റ്റേഴ്സ്, വടശ്ശേരിക്കര, കുമ്പളാം പോയ്ക, പുതുശ്ശേരിമല എന്നീ മിഷ്യനുകളിൽ സജീവമായി പ്രവർത്തനം നടത്തുന്നു.

**16. പുലിയൂർ ബഥനിമഠം (5-4-1985)**
പുലിയൂർ പി.ഒ., ചെങ്ങനൂർ - 689 510

പത്തനംതിട്ട ജില്ലയിൽ ചെങ്ങന്നൂരിനടുത്തുള്ള ഒരു കുന്നിൻ പ്രദേശ മാണ് പുലിയൂർ. അതിരൂപതയുടെ ഒരു പള്ളി പുലിയൂരിലുണ്ട്. ഇവിടെ വികാരിമാരായിരുന്ന ബ. ഗീവറുഗീസ് ചരുവിളയച്ചന്റെയും തുടർന്ന് ബ. അല ക്സ് കളപ്പിലയച്ചന്റെയും അപേക്ഷ കണക്കിലെടുത്താണ് ഇവിടെ മഠമുണ്ടാ ക്കിയത്. ഇവിടെ മഠമുണ്ടാകും മുമ്പുതന്നെ ചെങ്ങന്നൂർ മഠത്തിൽ നിന്നും സിസ്റ്റേഴ്സ് പുലിയൂർ ഇടവക സ്കൂളിലും നഴ്സറിയിലും ക്ലാസ്സുകൾ എടുക്കുകയും ഇടവകപ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്തിരുന്നു. ഇടവകജനങ്ങളുടെ വളർച്ചയ്ക്കും സ്കൂളിന്റെ സുഗമമായ നടത്തിപ്പിനും ഈ പ്രദേശത്തുതന്നെ ഒരു മഠം ഉണ്ടാകുന്നത് നല്ലതെന്ന് ബോദ്ധ്യമായതിനാൽ പുലിയൂരിൽ മഠം തുടങ്ങുന്നതിന് തീരുമാനിക്കുകയായിരുന്നു.

മഠത്തിനു സ്ഥലമോ കെട്ടിടമോ ഇല്ലാതിരുന്നതിനാൽ ഇടവകാംഗമായ കുളഞ്ഞിക്കൊമ്പിൽ ശ്രീ ജോർജ്ജ് അദ്ദേഹത്തിന്റെ വീട് മൂന്നുവർഷത്തേക്ക് വാടകയൊന്നും കൂടാതെ സിസ്റ്റേഴ്സിനു താമസത്തിനു നല്കി. 1985 ഏപ്രിൽ അഞ്ചിന് അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി വീടു കൂദാശ ചെയ്യുകയും സിസ്റ്റേഴ്സ് താമസമാരംഭിക്കുകയും ചെയ്തു. ജൂലായ് മൂന്നിന് ഒരു മുറി പ്രത്യേകം ഒരുക്കി അവിടെ വി. കുർബാന എഴുന്നെള്ളിച്ചുവച്ചു എങ്കിലും അവിടെ വിശുദ്ധ കുർബാന അർപ്പിക്കുന്നതിന് വീട്ടുടമസ്ഥൻ സമ്മതിച്ചിരു ന്നില്ല. തന്മൂലം ഒരു പ്രാർത്ഥനമുറിയായി അതുപയോഗിക്കുകയായിരുന്നു.

www.malankaralibrary.com



1958 ജൂലായ് മാസത്തിൽ ഇടവകപള്ളിയോടു ചേർന്നുകിടന്ന ഒരു ഏക്കർ 73 സെന്റ് സ്ഥലം സ്കൂളുകൾ ഉൾപ്പെടെ തിരുവനന്തപുരം ആർച്ചുബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മഠത്തിനുവേണ്ടി വിലയ്ക്കു നല്കി. ഇടവകയുടേതായിരുന്ന സ്നേഹഗിരി എൽ. പി., നഴ്സറി സ്കൂളുകൾ സിസ്റ്റേഴ്സ് അവിടെയെത്തിയ 1985 ഏപ്രിലിൽ തന്നെ സിസ്റ്റേഴ്സിനെ ഏല്പിച്ചിരുന്നതും വരുമാനം സിസ്റ്റേഴ്സിനു നല്കിയിരുന്നതുമാണ്. 1988 ജൂലായ് 9 ന് മഠം പണിയാരംഭിച്ചു. ഇതിനിടെ മൂന്നുവർഷത്തേക്കു ലഭിച്ചിരുന്ന ഭവനം ഉടമസ്ഥന് വില്ക്കേണ്ടിവന്നതിനാൽ 1988 ഡിസംബർ 15 ന് സിസ്റ്റേഴ്സ് തത്കാലം സ്കൂളിൽ ഒരു മുറിയിലേക്കു മാറിത്താമസിക്കേണ്ടിവന്നു. 1989 ജനുവരി 30 ന് മഠം പണിപൂർത്തിയായി. ബ. മാത്യു പൊന്മേലിലച്ചൻ വിശുദ്ധ യൗസേപ്പുപിതാവിന്റെ നാമത്തിൽ മഠം കൂദാശ ചെയ്തു. അന്നു തന്നെ സിസ്റ്റേഴ്സ് പുതിയ കെട്ടിടത്തിൽ താമസമാക്കി. മഠത്തിന്റെ ചാപ്പൽ 1989 ഫെബ്രുവരി 11 ന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് കൂദാശ ചെയ്യുകയും വി. കുർബാന സ്ഥാപിക്കുകയും ചെയ്തു. സ്കൂൾ ജോലിക്കുപുറമെ സിസ്റ്റേഴ്സ് മിഷ്യനിലും ജോലി ചെയ്യുന്നു. പുലിയൂർ, ചെറിയനാട്, ഇലഞ്ഞിമേൽ, കൊല്ലകടവ് എന്നീ ഇടവകകളിലും വേദപാഠം പഠിപ്പിക്കാനും ഭവനസന്ദർശനത്തിനും സിസ്റ്റേഴ്സ് സമയം കണ്ടെത്തുന്നുണ്ട്.

**17. ഭോപ്പാൽ - സുഭാഷ് നഗർ - ബഥനി മഠം (18-5-1986)**

എൻ.എച്ച്. ഐ.ജി. 49, സുഭാഷ് നഗർ, ഗോവിന്ദപുരം പി.ഒ., ഭോപ്പാൽ,
മദ്ധ്യപ്രദേശ് - 462 023

മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണവും ഭാരത സുവിശേഷീകരണവും പ്രധാന ലക്ഷ്യമാക്കിയിരിക്കുന്ന ബഥനിക്ക് ഒട്ടും അപ്രധാനമല്ലാത്ത പ്രവർത്തനവേദികളാണ് ബാഹ്യകേരളമിഷ്യനുകൾ. ബഥനിയുടെ കാലാകാലങ്ങളിലെ വളർച്ചയ്ക്കനുസരണമായി സഭാ സമൂഹത്തിൽ അതിന്റെ പ്രവർത്തനവേദികളും സ്നേഹശുശ്രൂഷകളും പടർന്നു പന്തലിക്കണമെന്നതാണ് ദൈവഹിതം. സ്ഥാപകപിതാവും അതാഗ്രഹിച്ചിരുന്നു. അദ്ദേഹമാണല്ലോ മലങ്കരസഭയിലെ ആദ്യത്തെ ബാഹ്യകേരള മിഷ്യനറി.

മദ്ധ്യപ്രദേശത്ത് (M.P.) ഭോപ്പാലിൽ 'ഗോവിന്ദപുര' എന്ന സ്ഥലത്ത് തിരുവനന്തപുരം അതിരൂപതയുടെ പള്ളിയും നഴ്സറിസ്കൂളും ആരംഭിച്ചിരുന്നു. അവിടെ ജോലിക്കായും മറ്റും എത്തിയിരുന്ന മലങ്കര കുടുംബങ്ങളുടെ ആദ്ധ്യാത്മിക നടത്തിപ്പിനായി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയാണ് മഠസ്ഥാപനത്തിനു മുൻകൈയെടുത്തത്. ഭോപ്പാൽ



ആർച്ചുബിഷപ്പ് അഭിവന്ദ്യ യൂജിൻ ഡിസ്സൂസ ഇതിനു സഹകരിച്ചിരുന്നു. ഇവിടെ മലങ്കര സഭയുടെ വളർച്ചയ്ക്കും പ്രവർത്തനത്തിനുമായി ബഥനിയുടെ സാന്നിദ്ധ്യം ഉത്തമമെന്നു മനസ്സിലാക്കിയ അഭിവന്ദ്യ പിതാവ് മാർ ഗ്രിഗോറിയോസ്, അന്നു പ്രൊവിൻഷ്യലായിരുന്ന മദർ ഫെലിസിറ്റായോട് ആവശ്യപ്പെട്ടതനുസരിച്ച് സിസ്റ്റേഴ്സിനെ അവിടേക്കയയ്ക്കാൻ തീരുമാനിക്കുകയായിരുന്നു.

സിസ്റ്റേഴ്സ് ഭോപ്പാലിൽ എത്തുംമുമ്പുതന്നെ അവിടെ വികാരിയായിരുന്ന ബ. ജോസഫ് കുരുമ്പിലേത്തച്ചൻ സുഭാഷ്നഗറിൽ ഒരു വീട് വാടകക്കെടുത്തിരുന്നു. 1986 മെയ് മാസം 16-ാം തീയതി പെന്തക്കുസ്താ ദിവസം സിസ്റ്റേഴ്സിനുവേണ്ടിയെടുത്തിരുന്ന വീട് ബ. ജോസഫ് കുരുമ്പിലേത്തച്ചൻ ആശീർവദിച്ചു. അന്നു തന്നെ സിസ്റ്റേഴ്സ് താമസവും ആരംഭിച്ചു. സിസ്റ്റേഴ്സ് തെക്ല, അഞ്ജലി, ദർശന എന്നിവരായിരുന്നു ആദ്യ അംഗങ്ങൾ. അവിടെ ആരംഭിച്ചിരുന്ന സെന്റ് തോമസ് സ്കൂളിന്റെ (നഴ്സറിയും കിന്റർ ഗാർട്ടനും) നടത്തിപ്പ് സിസ്റ്റേഴ്സിനെ ഏല്പിച്ചു. സിസ്റ്റർ തെക്ലായായിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്സ്. വർഷംതോറും ഓരോ ക്ലാസ്സ് ചേർത്ത് വളർന്നുകൊണ്ടിരുന്ന സെന്റ് തോമസ് സ്കൂൾ, സെന്റ് തോമസ് കോൺവന്റ് സ്കൂൾ എന്ന നാമധേയത്തിലാണ് അറിയപ്പെടുന്നത്. എട്ടാം സ്റ്റാൻഡേർഡ് (VIII) വരെയുള്ള ക്ലാസ്സുകൾ വിജയകരമായി നടത്തിവരുന്നു എന്നത് ഭോപ്പാലിൽ സഭയുടെ വളർച്ചയെ കുറിക്കുന്നു.

1990 ആയപ്പോഴേക്കും ഭോപ്പാലിൽ സാമാന്യം സൗകര്യമായ ഒരു വീട് വിലയ്ക്കുവാങ്ങുന്നതിനും അതിനോടുചേർത്ത് ഒരു ക്രഷ് (Day Care Centre) ആരംഭിക്കുന്നതിനും കഴിഞ്ഞു. സ്കൂളിന്റെ ഇന്നത്തെ വളർച്ചയിൽ മാറിമാറി വന്നു സേവനമനുഷ്ഠിച്ച എല്ലാ സിസ്റ്റേഴ്സിനും നിർണ്ണായകമായ പങ്കുണ്ടെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. ഇപ്പോഴത്തെ പ്രിൻസിപ്പാൾ സിസ്റ്റർ ഹാക്കിം നല്ല നിലയിൽ സ്കൂളിനെ മുമ്പോട്ടുനയിക്കുന്നു. ഇവിടെ മഠത്തിന്റെയും സ്കൂളിന്റെയും വളർച്ചയ്ക്കും അഭിവൃദ്ധിക്കും ആത്മാർത്ഥമായി സഹായിച്ചതും നേതൃത്വം നല്കിയതും ബ. ജോസഫ് കുരുമ്പിലേത്ത് അച്ചനാണെന്നത് നന്ദിയോടെ ഓർക്കുന്നു.

സുഭാഷ്നഗറിൽ അദ്ധ്യാപനം മാത്രമായിരുന്നില്ല സിസ്റ്റേഴ്സ് നിർവഹിച്ചിരുന്നത്. മലങ്കരസഭാപ്രവർത്തനങ്ങളിൽ വികാരിയച്ചന്മാരെ സഹായിക്കുകയും ഭോപ്പാൽ അതിരൂപതയോടും ഇതര സഭാവിഭാഗങ്ങളോടും സഹകരിക്കയും ആത്മീയവും സാംസ്കാരികവുമായ രംഗങ്ങളിൽ ആവും വിധം പങ്കെടുക്കുകയും ചെയ്യുന്നതിന് അവർ സമയം കണ്ടെത്തി

www.malankaralibrary.com



യിരുന്നു. സുഭാഷ് നഗറിൽ നടത്തിക്കൊണ്ടിരിക്കുന്ന നേഴ്സറി, കിന്റർഗാർട്ടൻ ഒന്നും രണ്ടും ക്ലാസ്സുകൾ 2000-ാമാണ്ടിൽ സിസ്റ്റേഴ്സിന്റേതായി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് വിട്ടുതന്നത് നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോൾ എല്ലാക്കാര്യത്തിനും സിസ്റ്റേഴ്സിന് നേതൃത്വം നൽകുന്നത് ബ. ജോൺ നെടുഞ്ചേരിയിൽ അച്ചനാണ്.

**18. കൽക്കട്ട - ബഥനിമഠം (13-4-1993)**

514/1 ഡി.എച്ച്. റോഡ്, ജേംസ് ലോഗ്, സറാനി, താക്കൂർ പുക്കൂർ പി.ഒ.,
കൊൽക്കത്ത - 700 063

'ബഥനി' യുടെ സ്ഥാപക പിതാവായ അഭിവന്ദ്യ മാർ ഈവാനിയോസ് ബഥനിയുടെ തനിമയിൽ ഭാരതസന്ന്യാസത്തിന് സ്വജീവിതത്തിലൂടെ ആരംഭം കുറിച്ചത് കൽക്കട്ടയിലെ സെറാപൂർ കോളജിന്റെ ചുറ്റുപാടിലായിരുന്നല്ലോ. അതുപോലെ മലങ്കരസഭയിൽ വളർന്നു വലുതായ സ്ത്രീസന്ന്യാസത്തിന്റെ വിത്തുപാകി മുളപ്പിച്ചതും കൽക്കട്ടയിലെ ബാരിസോളിലായിരുന്നു എന്നതും ഓർക്കേണ്ടതുണ്ട്. കൽക്കട്ടയിലുള്ള മിക്കവാറും എല്ലാ സന്ന്യാസാശ്രമങ്ങളും പ്രചോദനഹേതുക്കളും ആയിരുന്നു. ഇവിടെ ബഥനിക്കൊരു ഭവനമുണ്ടാകാൻ എന്തേ ഇത്രവൈകി എന്നതുമാത്രമേ ചോദ്യചിഹ്നമാകേണ്ടതുള്ളൂ.

1992 ൽ ബഥനി ആശ്രമത്തിന് കൽക്കട്ടയിൽ ഒരു ഭവനമുണ്ടായെങ്കിലും ബഥനി മഠം അവിടെ രൂപപ്പെടാൻ പിന്നെയും ഒരു വർഷം കൂടിയെടുത്തു. ബ. മരിയദാസ് ഒ. ഐ. സി. അച്ചൻ അവിടെ വികാരിയായിരിക്കുമ്പോൾ അന്നത്തെ പ്രൊവിൻഷ്യൽ മദർ റഹമ്മാസുമായി ആലോചിച്ച് അവിടെ മഠത്തിനായി 1992 ൽ 15 സെന്റ് സ്ഥലം (11 കട്ട) വാങ്ങി. സിസ്റ്റേഴ്സിനു താമസത്തിന് അതിലുണ്ടായിരുന്ന വീടും തയ്യാറാക്കി.

1993 ഏപ്രിൽ 13-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വീടിന്റെ കൂദാശാ കർമ്മം നിർവഹിച്ചു. സെന്റ് ജോസഫ് ബഥനി മഠം എന്ന നാമത്തിൽ കൂദാശ ചെയ്യപ്പെട്ട മഠത്തിൽ സിസ്റ്റർ സോഫിയ, സിസ്റ്റർ ജോസഫ, സിസ്റ്റർ കൃപ, സിസ്റ്റർ ജോയേൽ എന്നിവർ താമസത്തിനെത്തി. ആശ്രമം വകയായി ആരംഭിച്ചിരുന്ന നഴ്സറിയിൽ സിസ്റ്റേഴ്സ് സേവനം ചെയ്തതുകൂടാതെ ഇടവകയിലെ മിഷ്യൻ ജോലികളും ചെയ്യാൻ തുടങ്ങി.

ആദ്യത്തെ വീട് താമസത്തിന് അപര്യാപ്തവും യാത്ര ദുഷ്ക്കരവുമായതിനാൽ ആദ്യവർഷം മുതൽ മറ്റൊരു ഭവനവും സ്ഥലവും അന്വേഷിച്ചിരുന്നു. അങ്ങനെ 1992 ജൂലായ് രണ്ടിന് ആശ്രമത്തിനടുത്ത് 13 സെന്റ്



ഒൻപത്കട്ടസ്ഥലവും അതിൽ മൂന്നു നിലയിൽ ഒരു വീടും കൂടി വാങ്ങാൻ കഴിഞ്ഞു. ബ. മരിയദാസച്ചൻ ഇതിനകം സ്ഥലം മാറി പകരം ജയിക്കബ് വറുഗീസ്, ഒ. ഐ. സി. അച്ചൻ വന്നിരുന്നു. മഠത്തിനുള്ള സ്ഥലവും വീടും വാങ്ങാൻ പരിശ്രമിച്ചതും സഹായിച്ചതും ബ. അച്ചനാണ്. ബ. അച്ചൻ തന്നെ കെട്ടിടത്തിന്റെ കൂദാശകർമ്മവും നടത്തി. പുതിയ മന്ദിരത്തിൽ താമസത്തിനെത്തിയത് സിസ്റ്റേഴ്സ്, സ്മിത, പട്രീഷ്യഎത്സീന എന്നിവരായിരുന്നു.

മുൻഗാമികൾ ആരംഭിച്ചിരുന്ന എല്ലാമിഷ്യൻ പ്രവർത്തനങ്ങളും പുതിയ സിസ്റ്റേഴ്സ് തുടർന്നു. കൂടാതെ പെൺകുട്ടികൾക്കായി 'ബഥാനിയ' എന്ന പേരിൽ ഒരു ഹോസ്റ്റലും ആരംഭിച്ചു. കേരളത്തിൽ നിന്നും മറ്റും ജോലിക്കായി എത്തുന്ന പെൺകുട്ടികൾക്ക് ഈ ഹോസ്റ്റൽ ആശ്വാസമാണ്. വേദപഠനം, മാതൃസമാജം, എം. സി. വൈ. എം. എന്നിവയ്ക്കെല്ലാം സിസ്റ്റേഴ്സ് നേതൃത്വം നല്കുന്നു. ജാതിമതഭേദം കൂടാതെയുള്ള ഭവനസന്ദർശനവും സിസ്റ്റേഴ്സിന്റെ പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമാണ്. ബഥനി കൽക്കട്ടയിലെ ആശ്വാസ ഭവനമായി നിലകൊള്ളുന്നു.

**19. കറ്റാനം ബഥനിമഠം (29-6-1994)**

ഭരണിക്കാവ്, സൗത്ത് പി.ഒ., കറ്റാനം - 690 541

ആലപ്പുഴ ജില്ലയിൽ മാവേലിക്കരയ്ക്കടുത്തു ഭരണിക്കാവു സൗത്തിൽ കറ്റാനം എന്ന സ്ഥലത്ത് ജംഗ്ഷനിൽ നിന്നും ഒന്നര കിലോമീറ്റർ വടക്കുമാറിയാണ് ബഥനിമഠം സ്ഥിതി ചെയ്യുന്നത്. ബഥനിയുടെ ആദ്യ പ്രതിഭകളിൽ നാലാമത്തെ ആളായിരുന്ന മദർ സൾഗയുടെ ജന്മദേശമായ കറ്റാനത്ത് ബഥനിക്ക് ഒരു മന്ദിരമുണ്ടാകണമെന്ന് മദർ അത്യധികം ആഗ്രഹിച്ചിരുന്നു. അതിനായി 1943 ൽ മഠത്തിന് ആരംഭം കുറിച്ചെങ്കിലും അതുനിലനിർത്താനായില്ല.

പിന്നീട് 1993 ൽ മദർ റഹമ്മാസ് പ്രൊവിൻഷ്യലായിരിക്കുമ്പോഴാണ് മഠത്തിനുവേണ്ടി സ്ഥലം വാങ്ങിയത്. ഈ സ്ഥലം കെട്ടിടംപണിക്ക് യോജിച്ചതല്ലെന്നു മനസ്സിലായതിനാൽ അതിനോടുചേർന്നു കിടന്ന 53 സെന്റ് സ്ഥലം വാങ്ങാനുള്ള സൗകര്യം ലഭിച്ചു. ബഥനി ആശ്രമസ്ഥരായ ബ. അച്ചന്മാരുടെ സഹായം മഠസ്ഥാപനത്തിന് ഏറെ ഉണ്ടായിരുന്നു. അന്ന് ആശ്രമ ജനറാളായിരുന്ന ബ. ജറോം പീടികപ്പറമ്പിൽ O.I.C. അച്ചനാണ് മഠം കെട്ടിടത്തിനു കല്ലിട്ടത്. തുടർന്നുള്ള കെട്ടിടപ്പണിക്ക് നേതൃത്വം നല്കി പണിപൂർത്തിയാക്കുന്നതിന് ബ. ഫിലിപ്പ് ആന്നിയിൽ അച്ചൻ അക്ഷീണം യത്നിച്ചതും മറക്കാവതല്ല. കായംകുളം ബഥനിമഠത്തിൽ നിന്നാണ് ഈ

www.malankaralibrary.com



പണികൾക്കെല്ലാമുള്ള സാമ്പത്തികസഹായം എത്തിച്ചതെന്നും എടുത്തു പറയേണ്ടതാണ്. 1994 ജൂൺ 29-ാം തീയതി - ബഥനി പെരുനാൾ ദിവസം - അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി (അന്ന് തിരുവനന്തപുരം സഹായമെത്രാൻ) തിരുകുടുംബ നാമത്തിൽ കെട്ടിടം കൂദാശ ചെയ്തു. മാവേലിക്കര എം. എൽ. എ. ശ്രീ എം. മുരളി, അഡ്വക്കേറ്റ് ശ്രീ ജോൺസൺ, പഞ്ചായത്തുമെമ്പർ ശ്രീമതി സരസ്വതി അമ്മാൾ എന്നിവരും ഈ മംഗള കർമ്മത്തിൽ പങ്കെടുക്കുകയുണ്ടായി. ഗവർമ്മെന്റിൽ നിന്നും സ്പെഷ്യൽ ഓർഡർ സംഘടിപ്പിച്ച് മഠത്തിന്റെ മുൻവശത്തുകൂടെയുണ്ടായിരുന്ന റോഡ്റ്റാർ ചെയ്യുന്നതിനും ഉടൻ തന്നെ ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കുന്നതിനും ശ്രീ എം. മുരളി കാണിച്ച ഔദാര്യം ബഥനിമഠങ്ങളോട് അദ്ദേഹത്തിനുള്ള സൗഹൃദം വ്യക്തമാക്കുന്നു.

സിസ്റ്റേഴ്സ് അന്നു മുതൽ തന്നെ മഠത്തിൽ താമസമാരംഭിച്ചു. സിസ്റ്റർ ഹന്നാ സുപ്പീര്യറും സിസ്റ്റേഴ്സ് വിക്ടിമ, ചേതന എന്നിവർ അംഗങ്ങളുമായിരുന്നു. കെട്ടിടത്തിന്റെ ഒരു മുറി ചാപ്പലായി വേർതിരിച്ച് ക്രമീകരിച്ചിരുന്നു. ബഥനി ആശ്രമത്തിൽ നിന്നും ബ. അച്ചന്മാർ മാറി മാറി വന്ന് ആഴ്ചയിൽ ഞായറാഴ്ച ഒഴിച്ചുള്ള എല്ലാ ദിവസങ്ങളിലും വിശുദ്ധ കുർബാന അർപ്പിക്കുന്നുണ്ട്. സിസ്റ്റർ വിക്ടിമ കറ്റാനത്തുള്ള രൂപത വക ഹൈസ്കൂളിൽ അദ്ധ്യാപികയായി നിയമിക്കപ്പെട്ടു. കൂടാതെ മഠത്തോടനുബന്ധിച്ച് നഴ്സറി സ്കൂൾ ആരംഭിച്ചിരുന്നു. ഇന്നത് എൽ. പി. മൂന്നാം സ്റ്റാൻഡേർഡുവരെ ആയിട്ടുണ്ട്. കറ്റാനം, കോമല്ലൂർ, ചാരുംമൂട് എന്നീ ഇടവകകളിൽ സിസ്റ്റേഴ്സ് മതബോധനം, ഭവനസന്ദർശനം എന്നിവയും നിർവഹിക്കുന്നു.

പത്തനംതിട്ട പ്രൊവിൻസിൽ നിന്നും പ്ലസ് ടു (+2) വിനു പഠിക്കുന്ന അർത്ഥിനികൾ കറ്റാനത്തു മഠത്തിൽ താമസിച്ചുകൊണ്ട് പയസ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്നതിന് സൗകര്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റലും 2001 ൽ ആരംഭിച്ച് നടത്തിവരുന്നു.

**20. സീതത്തോട് ബഥനിമഠം (28-5-1987)**

കൊച്ചുകോയിക്കൽ പി.ഒ., സീതത്തോട്

പത്തനംതിട്ട ജില്ലയിലുള്ള ഒരു മലമ്പ്രദേശമാണ് സീതത്തോട്. കക്കാട്ടുപ്രോജക്ടിനടുത്ത് കക്കാട്ടാറിന്റെ തീരത്ത് ഒരു കുന്നിൻചരിവിലാണ് ബഥനി മഠം സ്ഥിതി ചെയ്യുന്നത്. സീതത്തോട് മലങ്കര കത്തോലിക്കാ ഇടവകയുടെയും തദ്ദേശവാസികളുടെയും സമഗ്രവളർച്ച ലക്ഷ്യമാക്കി അവിടെയൊരു മഠം ഉണ്ടായിരിക്കുന്നത് നല്ലതെന്ന അന്നത്തെ വികാരി ബ. ക്രിസ്റ്റി തേവള്ളി



ലച്ചന്റെ ആഗ്രഹവും പരിശ്രമവുമാണ് ഈ മഠം സ്ഥാപിക്കുന്നതിനു കാരണമായത്. മദർ അൽഫോൺസ പ്രൊവിൻഷ്യലായിരുന്നപ്പോൾ മഠത്തിനായി ഇവിടെ മൂന്നേക്കർ സ്ഥലവും അതിലുണ്ടായിരുന്ന ഒരു ചെറിയ വീടുംകൂടെ വിലക്കുവാങ്ങി. 1997 മെയ് 28 ന് വന്ദ്യ ജോഷ്വാ കോർ എപ്പിസ്കോപ്പ (അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി) കെട്ടിടം കൂദാശ ചെയ്ത് പരിശുദ്ധ കന്യക മറിയത്തിന്റെ നാമത്തിൽ അതൊരു മഠമാക്കി. സിസ്റ്റേഴ്സ് അഗാപ്പെ, നീത, ഐവാൻ എന്നിവരാണ് ഇവിടത്തെ ആദ്യാംഗങ്ങൾ.

ഇടവകയിൽ പാരിഷ്ഹോളിൽ നടത്തിയിരുന്ന നഴ്സറി സ്കൂൾ ബ. ക്രിസ്റ്റി തേവള്ളിലച്ചൻ മഠത്തിനു വിട്ടു കൊടുത്തു. മഠത്തിന്റെ വരാന്തയിൽ തുടർന്ന നഴ്സറി സ്കൂളിന്റെ ഉദ്ഘാടനവും ബ. ജോഷ്വാ കോർ എപ്പിസ്കോപ്പാതന്നെ നിർവഹിച്ചു. സിസ്റ്റേഴ്സ് സീതത്തോട്, ചിറ്റാർ, വയ്യാറ്റുപുഴ, ഗുരുനാഥൻ മണ്ണ് എന്നീ മിഷ്യൻ സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിക്കുകയാണ് ആദ്യം ചെയ്തത്.

1998 ജനുവരി 29 ന് ഒരു സ്കൂൾ കെട്ടിടത്തിനു പണിയാരംഭിച്ചു. 1999 മാർച്ച് 20 ന് പണിപൂർത്തിയായ സ്കൂൾ കെട്ടിടത്തിന്റെ കൂദാശയും സ്കൂൾ ഉദ്ഘാടനവും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി (തിരുവനന്തപുരം സഹായമെത്രാൻ) തന്നെ നിർവഹിച്ചു. ഒരു നഴ്സറി സ്കൂളായി ആരംഭിച്ച സ്കൂൾ ഇന്ന് നല്ല നിലവാരം പുലർത്തുന്ന ഒരു എൽ. പി. സ്കൂളായി വളർന്നിട്ടുണ്ട്. സാമ്പത്തികശേഷി കുറഞ്ഞവരും സമഗ്രവളർച്ച കാംക്ഷിക്കുന്നവരുമായ ഇവിടത്തെ ഗ്രാമീണർക്ക് ഈ മഠവും സ്കൂളും ഒരത്താണിയാണ്. ഭാവിയിൽ ഒരു ഹൈസ്കൂളോ അതിലുപരിയോ ആയിത്തീരുന്നതിന് നാട്ടുകാരും ഒപ്പം സിസ്റ്റേഴ്സും ആഗ്രഹിക്കുന്നു, പരിശ്രമിക്കുന്നു.

ഇതൊരു ആറ്റുതീരപ്രദേശമായതിനാൽ തോട്ടിലും ആറ്റിലും വെള്ളം വർദ്ധിക്കുമ്പോഴുണ്ടാകുന്ന മണ്ണിടിച്ചിലും മറ്റു നാശനഷ്ടങ്ങളും ഇവിടത്തെ ആളുകൾക്ക് ഭീഷണിയാകുംപോലെ മഠത്തെയും ബാധിക്കുന്നു. എന്നിരുന്നാലും ദൈവാനുഗ്രഹത്താൽ വളർച്ചയിലേക്കുതന്നെ സീതത്തോടുമഠം മുന്നേറുന്നു എന്നു പറയാം.

**21. പുതിയകാവ് ബഥനിമഠം (1-10-1998)**

പുതിയകാവ് പി.ഒ., മാവേലിക്കര - 690 1998

ചരിത്രപ്രസിദ്ധമായ മാവേലിക്കരയിലുള്ള ഒരു ഗ്രാമപ്രദേശമാണ് പുതിയകാവ്. മലങ്കര യാക്കോബായ സമുദായത്തിൽപെട്ട ധാരാളം കുടുംബ

www.malankaralibrary.com



ങ്ങൾ ഇവിടെയുണ്ട്. മാത്രമല്ല വളരെ പുരാതനമായ ഒരു പള്ളിയും ഇവിടെയുണ്ട്. ഇതൊരു കത്തോലിക്കാപള്ളിയായിരുന്നു എന്ന അഭ്യൂഹം നിലനില്ക്കുന്നു എന്നതാണ് വാസ്തവം. ബഥനിയെ സംബന്ധിച്ചിടത്തോളം ഈ സ്ഥലത്തിനുള്ള വലിയ പ്രത്യേകത സ്ഥാപകപിതാവായ മാർ ഈവാനിയോസിന്റെ ജന്മഗൃഹം ഈ സ്ഥലത്താണെന്നുള്ളതാണ്. ഇന്നും ആ തറവാട്ടു കുടുംബവീട് അതിന്റെ തനിമയിൽത്തന്നെ അവിടെ സ്ഥിതിചെയ്യുന്നുമുണ്ട്.

അഭിവന്ദ്യപിതാവിന്റെ വീടിനടുത്ത് 58 സെന്റ് സ്ഥലം വളരെക്കാലം മുമ്പുതന്നെ ബഥനി വിലയ്ക്കുവാങ്ങിയിരുന്നു. 1998 ലെ ജനറൽ സിനാക്സിസിൽ പത്തനംതിട്ട പ്രൊവിൻസു രൂപപ്പെട്ടപ്പോൾ ഈ സ്ഥലം പുതിയ പ്രൊവിൻസിനായി പരിഗണിക്കപ്പെട്ടു. ഈ സ്ഥലത്ത് ഒരു മഠവും അതോടനുബന്ധിച്ച് ഒരു വൃദ്ധമന്ദിരവും താമസസൗകര്യം അന്വേഷിച്ചു വരുന്ന ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് ഒരാസ്ഥാനവും ഉണ്ടാക്കാനുള്ള താല്പര്യത്തോടെ പത്തനംതിട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ വിജയ സിസ്റ്റേഴ്സിനെ അവിടേക്കു നിയോഗിക്കുകയായിരുന്നു. അടുത്ത് ഒരു വീട് വാടകയ്ക്കെടുത്ത് പുതിയകാവു മലങ്കരകത്തോലിക്കാ പള്ളി വികാരിയായിരുന്ന ബ. മാത്യു പള്ളത്തുമുറിയച്ചൻ അത് ആശീർവദിക്കയും സിസ്റ്റേഴ്സ് ലുറാന, ഹലിയൂസ്, ഫ്രാൻസീന എന്നിവർ 1998 സെപ്റ്റംബർ 8 മുതൽ അവിടെ താമസമാരംഭിക്കുകയും ചെയ്തു. 1998 ഒക്ടോബറിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി വീടിന്റെ ഒരു മുറി ചാപ്പലാക്കി പ്രത്യേകം ആശീർവദിച്ച് അവിടെ വിശുദ്ധ കുർബാനയർപ്പിക്കുകയും വിശുദ്ധ കുർബാന സ്ഥാപിക്കുകയും ചെയ്തു. സിസ്റ്റേഴ്സ് പുതിയകാവ് ഇടവക പള്ളിയിൽ മതപഠനം, മാതൃസമാജം മുതലായവയ്ക്കു നേതൃത്വം കൊടുക്കുന്നതുകൂടാതെ ഭവനസന്ദർശനവും നടത്തുന്നു.

2000 ജനുവരി 19 ന് മഠത്തിനുള്ള സ്ഥലത്ത് കെട്ടിടം പണിയാരംഭിച്ചു. സിസ്റ്റേഴ്സിനു താമസത്തിനുള്ള മുറികളും അടുക്കളയും പണിതീർത്ത് 2001 ജൂലായ് ആദ്യാഴ്ചയിൽ സിസ്റ്റേഴ്സ് വാടകവീട്ടിൽനിന്നും പുതിയ കെട്ടിടത്തിലേക്കു മാറിത്താമസിച്ചുകൊണ്ട് ബാക്കിപണികൾക്ക് നേതൃത്വം നൽകി. സിസ്റ്റേഴ്സ് ലുറാന, ഷാരോൺ, സ്നേഹ എന്നിവരാണ് പുതിയ കെട്ടിടത്തിലെ ആദ്യാംഗങ്ങൾ. 2002 ൽ പണിപൂർത്തിയായ കെട്ടിടത്തിന്റെ കൂദാശകർമ്മം അഭിവന്ദ്യ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനി നിർവഹിച്ചു.

നേരത്തെ നിശ്ചയിച്ചിരുന്നതനുസരിച്ച് 'മാർ ഈവാനിയോസ് ശാന്തി നികേതൻ' എന്ന പേരിൽ ഒരു വൃദ്ധമന്ദിരത്തിന് ക്രമീകരണങ്ങൾ ചെയ്തു. 45 വയസ്സിനു മുകളിലുള്ള ആവശ്യക്കാരായ സ്ത്രീകൾക്കാണ് ഇവിടെ



പ്രവേശനം അനുവദിക്കുന്നത്. ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുന്നതിനും, ശാന്തിയും സമാധാനവും ജീവിതത്തിൽ അന്വർത്ഥമാക്കുന്നതിനും വാർദ്ധക്യത്തിന്റെ അലോസരപ്പെടുത്തുന്ന ചിന്തകളും അനുഭവങ്ങളും മറന്ന് സംതൃപ്തിയും സന്തോഷവും അനുഭവവേദ്യമാക്കുന്നതിനും ഈ ഭവനം ഇവിടെ അന്തേവാസികളായിവരുന്ന സ്ത്രീകൾക്ക് അവസരം നല്കുമെന്നു പ്രതീക്ഷിക്കുന്നു.

**22. ഭോപ്പാൽ - അയോദ്ധ്യാ നഗർ - ബഥനിമഠം (18-7-1999)**

ജി. സെക്ടർ, പിപ്ലാനി, അയോദ്ധ്യനഗർ പി.ഒ., ഭോപ്പാൽ - 462 041

ഭോപ്പാലിൽ സുഭാഷ്നഗറിൽ നിന്നും അധികദൂരത്തല്ലാതെ മലങ്കര മക്കൾ ധാരാളമായി പാർക്കുന്ന ഒരു സ്ഥലമാണ് അയോദ്ധ്യാനഗർ. നേരത്തെ തന്നെ സുഭാഷ്നഗറിൽനിന്നും സിസ്റ്റേഴ്സ് അയോദ്ധ്യാനഗറിൽ പോയി സേവനം അനുഷ്ഠിച്ചിരുന്നു. ഇവിടെ ഒരു സ്കൂളിനുവേണ്ടി തിരുവനന്തപുരം അതിരൂപത നാല് ഏക്കർ സ്ഥലം വാങ്ങിയിരുന്നു. 1998 സെപ്റ്റംബർ 18 ന് സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി നിർവഹിച്ചു. 1999 ൽ കെട്ടിടം പൂർത്തിയായി. ജൂണിൽ തന്നെ കെട്ടിടം കൂദാശ ചെയ്ത് സ്കൂൾ ആരംഭിച്ചു. ഒന്നുമുതൽ ഒമ്പതുവരെ ആരംഭമിട്ട സ്കൂളിന് പ്രിൻസിപ്പാളായി സുഭാഷ് നഗറിൽ സേവനം ചെയ്തിരുന്ന സിസ്റ്റർ സുകൃത നിയമിതയായി. സുഭാഷ്നഗറിൽ നിന്നും സിസ്റ്റേഴ്സ് വന്നുപോകുന്നത് അസൗകര്യമായതിനാൽ അയോദ്ധ്യ നഗറിലും മഠത്തിനായി ഒരു കെട്ടിടം നിർമിക്കാൻ തീരുമാനിക്കുകയും ഉടനെ തന്നെ പണിയാരംഭിക്കുകയും ചെയ്തു. 1999 ജൂലായിൽ പണി പൂർത്തിയായ കെട്ടിടത്തിലേക്ക് ജൂലായ് 18 ന് മൂന്നു സിസ്റ്റേഴ്സ്, സിസ്റ്റേഴ്സ് സുകൃത, വിനയ, നിലീന എന്നിവർ മാറിത്താമസിച്ചു.

നഴ്സറി മുതൽ 12-ാം സ്റ്റാൻഡേർഡു വരെയുള്ള അയോദ്ധ്യാ നഗറിലെ സ്കൂൾ സെന്റ് തോമസ് കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. ഈ സ്കൂളിന് മദ്ധ്യപ്രദേശ് (M.P.) ഗവർമെന്റിന്റെ അംഗീകാരം ലഭിച്ചതാണെന്നുള്ളത് ഏറെ സന്തോഷത്തിനു വക നല്കുന്നു. ക്രൈസ്തവ സഭയുടെയും പ്രത്യേകിച്ച് മലങ്കര കത്തോലിക്കാ സഭയുടെയും വളർച്ചയാണ് ഇവിടെ സിസ്റ്റേഴ്സിന്റെ പ്രത്യേക ദൗത്യമായി അവർ കണക്കാക്കിയിരിക്കുന്നത്. രോഗീ സന്ദർശനം, ഭവനസന്ദർശനം, പ്രാർത്ഥന യോഗങ്ങൾ, മാതൃസമാജം, വേദപഠനം, കൂദാശസ്വീകരണഒരുക്കങ്ങൾ ഇവയിലെല്ലാം സിസ്റ്റേഴ്സിന്റെ ശ്രദ്ധ പതിയുന്നു. അവയ്ക്കെല്ലാം നേതൃത്വവും നല്കുന്നു.

www.malankaralibrary.com



**23. ചീക്കനാൽ - കൗൺസെലിംഗ് സെന്റർ (14-5-1992)**

ഓമല്ലൂർ പി.ഒ., ചീക്കനാൽ, പത്തനംതിട്ട - 689 647

പത്തനംതിട്ട ജില്ലയിൽ ഓമല്ലൂരിനടുത്തുള്ള ഒരു ഗ്രാമപ്രദേശമാണ് ചീക്കനാൽ. ഓമല്ലൂരിൽ കുഴിനാപ്പുറത്ത് ശ്രീ കെ. കെ. ജോണിന്റെ - (1930 സെപ്റ്റംബർ 20 ന് കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ട അഞ്ചു പേരിൽ ഒരാളായ ബ. ജോൺ ഒ. ഐ. സി. അച്ചന്റെ ജ്യേഷ്ഠ സഹോദര പുത്രനാണ് ശ്രീ കെ. കെ. ജോൺ) - സീമന്തപുതൻ ഫ്രാൻസിസ് (29) യാദൃച്ഛികമായി ഒരു ബൈക്കപകടത്തിൽ മരണമടഞ്ഞു. ഈ മകന്റെ ഓർമ്മ നിലനിർത്തുന്ന തിനുവേണ്ടി ചീക്കനാൽ മലങ്കര കത്തോലിക്കാ പള്ളിവക സ്ഥലത്ത് ഒരു കെട്ടിടം പണികഴിപ്പിച്ച് അതിരൂപതയ്ക്കു ദാനം ചെയ്തതാണ് ഈ കൗൺസിലിംഗ് സെന്ററും ഡിസ്പൻസറിയും.

യുവജനങ്ങൾക്ക് നേരായ മാർഗ്ഗനിർദ്ദേശം ലഭിക്കണമെന്നും സ്ഥല വാസികൾക്ക് അത്യാവശ്യവൈദ്യസഹായം താമസമെന്യേ സംലഭ്യമാകണ മെന്നുള്ള സദുദ്ദേശ്യമാണ് ഈ സ്ഥാപനങ്ങൾക്കുള്ള പ്രേരണ. 1992 ൽ പണിപൂർത്തിയായ കെട്ടിടം മെയ് മാസം 14 ന് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി വി. ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിൽ കൂദാശ ചെയ്തു. സെന്ററിന്റെ ചുമതല ബഥനി സിസ്റ്റേഴ്സിനെയാണ് ഏല്പിച്ചത്. അന്നു തിരുവനന്തപുരം പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ റഹമ്മാസ് സെന്റർ ഏറ്റെടുക്കുകയും സിസ്റ്റേഴ്സ് ഇമൽഡ, അനുഗ്രഹ എന്നിവരെ അവിടേക്ക് അയയ്ക്കുകയും ചെയ്തു.

കൗൺസിലിംഗ് സെന്ററിന്റെ ഉദ്ഘാടനം പത്തനംതിട്ട എം. എൽ. എ. ശ്രീ കെ. കെ. നായരും, ഡിസ്പെൻസറിയുടെ ഉദ്ഘാടനം ജില്ലാ കൗൺസിലർ ശ്രീ കുര്യൻ തലവടിയും നിർവഹിച്ചു. മെയ് 15 ന് അഭിവന്ദ്യ പിതാവ് ഇവിടെ വി. കുർബാന അർപ്പിച്ചുകൊണ്ട് സെന്ററിനു ദൈവാനുഗ്രഹം നേർന്നു.

വിവാഹഒരുക്ക സെമിനാറുകൾ, സൺഡേസ്കൂൾ സെമിനാറുകൾ, യുവജന സമ്മേളനങ്ങൾ, കോഴ്സുകൾ, കൗൺസിലിംഗ് ഇവയെല്ലാം നല്ല നിലയിൽ നടക്കുന്നു എങ്കിലും ഡിസ്പെൻസറി വേണ്ട വിധത്തിൽ പുരോഗമി ച്ചിട്ടില്ല. കൗൺസിലിംഗിനും സെമിനാറിനും മറ്റുമായി വരുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം താമസസൗകര്യങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്. സെന്ററിലെ ജോലികൾക്കും പുറമെ സിസ്റ്റേഴ്സ് ഇടവക പ്രവർത്തന ങ്ങളിലും സഹകരിക്കുകയും നേതൃത്വം നല്കുകയും ചെയ്യുന്നുണ്ട്.



**24. കാഫെർറ്റാൾ വൃദ്ധമന്ദിരം**

ഫ്രാൻസ് വാൾക്കർ ഹൗസ്, ഡർക്കമർ, സ്ട്രാസ്സെ -93, കഫെർറ്റാൾ - 68309, മാൻഹൈയിം, ജർമ്മനി

ജർമ്മനിയിൽ മാൻഹൈമിനടുത്ത് കാരിത്താസ് ജർമ്മനിയുടെ വക ഒരു വൃദ്ധമന്ദിരമാണ് കാഫെർറ്റാൾ ആൾട്ടൻ ഹൈം. തിരുവനന്തപുരം പ്രൊവിൻസ് നടത്തിക്കൊണ്ടിരുന്ന ഈ വൃദ്ധമന്ദിരം പ്രൊവിൻസ് വിഭജനത്തിനുശേഷം 2000-ാമാണ്ട് ജൂലായ് ഒന്നു മുതൽ പത്തനംതിട്ട പ്രൊവിൻസിനു കൈമാറുകയായിരുന്നു. സിസ്റ്റേഴ്സ് ഏഴുപേർ അവിടെ ജോലി ചെയ്യുന്നു. കൂടാതെ പത്തനംതിട്ട പ്രൊവിൻസിൽ നിന്നും രണ്ടു സിസ്റ്റേഴ്സ് ജനറലേറ്റിന്റെ നേരിട്ട ചുമതലയിലുള്ള സ്റ്റുട്ട്ഗാർട്ട് റോട്ടിലും (Stuttgart Rottenberg) മാർട്ടിനൂസിലും (Martinus) ഉള്ള വൃദ്ധമന്ദിരങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു.

www.malankaralibrary.com



## ഗ്രന്ഥസൂചിക


ഈവാനിയോസ്, മാർ - ഗിരിദീപം
ബഥനി പ്രിന്റിംഗ് ഹൗസ്,
തിരുവല്ല, (1929)

ഈവാനിയോസ്, മാർ - സന്ന്യാസ ജീവിതസഹായി
ബഥനി പബ്ലിഷേൻസ്
കോട്ടയം

ജോർജ് ഓണക്കൂർ  മാർ ഈവാനിയോസ് :
ആർഷജ്ഞാനത്തിന്റെ പ്രവാചകൻ
ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്
കോട്ടയം (1998)

തോമസ് ഇഞ്ചയ്ക്കലോടി, ഫാദർ - ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്
(രണ്ടു ഭാഗങ്ങൾ)
സെന്റ് മേരീസ് പ്രസ്, പട്ടം
തിരുവനന്തപുരം (1957, 1971)

ബഥനി പബ്ളിക്കേഷൻസ് - ആബോ, ഗീവറുഗീസ്
ബഥനി പബ്ലിക്കേഷൻസ്,
കോട്ടയം

മാക്സ, മദർ - ഓർമ്മക്കുറിപ്പുകൾ
(കൈയെഴുത്തു പ്രതി)

സൾഗ, മദർ  ഓർമ്മക്കുറിപ്പുകൾ
(കൈയെഴുത്തു പ്രതി)